# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായിരുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരെയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.


**വാല്യം 1**

**പാറശ്ശാല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

**പെരുങ്കടവിള ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

**അതിയന്നൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

**നേമം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

**കഴക്കൂട്ടം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

**വെള്ളനാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

**നെടുമങ്ങാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

**വാമനപുരം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

**കിളിമാനൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

**ചിറയിൻകീഴ് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

**വർക്കല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

**വാല്യം 28**

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

**വാല്യം 29**

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

**വാല്യം 30**

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

**വാല്യം 31**

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

**വാല്യം 32**

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

**വാല്യം 33**

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

**വാല്യം 34**

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

**വാല്യം 35**

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

**വാല്യം 36**

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

**വാല്യം 37**

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

**വാല്യം 38**

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

**വാല്യം 39**

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

**വാല്യം 40**

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

**വാല്യം 41**

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

**വാല്യം 42**

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

5

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

**വാല്യം 57**

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

**വാല്യം 58**

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

**വാല്യം 59**

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

**വാല്യം 60**

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

**വാല്യം 61**

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

**വാല്യം 62**

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

**വാല്യം 63**

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

**വാല്യം 64**

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

**വാല്യം 65**

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

**വാല്യം 66**

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

**വാല്യം 67**

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

**വാല്യം 68**

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

**വാല്യം 69**

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

**വാല്യം 70**

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

**വാല്യം 71**

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കാട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

**വാല്യം 85**

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

**വാല്യം 86**

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

**വാല്യം 87**

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

**വാല്യം 88**

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

**വാല്യം 89**

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

**വാല്യം 90**

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

**വാല്യം 91**

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

**വാല്യം 92**

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

**വാല്യം 93**

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

**വാല്യം 94**

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

**വാല്യം 95**

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

**വാല്യം 96**

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

**വാല്യം 97**

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

**വാല്യം 98**

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

**വാല്യം 99**

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

9

## വാല്യം 100

### ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

## വാല്യം 101

### ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

## വാല്യം 102

### മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

## വാല്യം 103

### അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

## വാല്യം 104

### പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

## വാല്യം 105

### കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

## വാല്യം 106

### ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

## വാല്യം 107

### കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

## വാല്യം 108

### നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

## വാല്യം 109

### ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

## വാല്യം 110

### മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

## വാല്യം 111

### നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മുത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

## വാല്യം 112

### കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

## വാല്യം 113

### വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

## വാല്യം 114

### അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

## വാല്യം 115

### മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

## വാല്യം 116

### പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

## വാല്യം 117

### മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

## വാല്യം 118

### കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

## വാല്യം 119

### വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

## വാല്യം 120

### തിരുരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

## വാല്യം 121

### താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

## വാല്യം 122

### തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

## വാല്യം 123

### പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

## വാല്യം 124

### പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

## വാല്യം 125

### വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

## വാല്യം 126

### തുണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തുണേരി
5. വളയം
6. വാണിമേൽ

## വാല്യം 127

### കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

12

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാനൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

**വാല്യം 153**

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

**വാല്യം 154**

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

**വാല്യം 155**

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

**വാല്യം 156**

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

**വാല്യം 157**

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

**വാല്യം 158**

## ഇടുക്കി ജില്ല

1. തൊടുപുഴ

**വാല്യം 159**

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

**വാല്യം 160**

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

**വാല്യം 161**

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

**വാല്യം 162**

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

**വാല്യം 163**

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

**വാല്യം 164**

## വയനാട് ജില്ല

1. കൽപ്പറ്റ

**വാല്യം 165**


## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

**വാല്യം 166**

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്




# അന്തിക്കാട് ഗ്രാമപഞ്ചായത്ത്

# വികസനരേഖ

## 1996

# ഒമ്പതാം പദ്ധതി

# ജനകീയ പദ്ധതി

## ജനകീയാസൂത്രണ പ്രസ്ഥാനം

## വികസന റിപ്പോർട്ട്

## തൃശൂർ ജില്ല

1996

# അന്തിക്കാട് ഗ്രാമ പഞ്ചായത്ത്
# വികസന റിപ്പോർട്ട് 1996

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : അന്തിക്കാട് ഗ്രാമപഞ്ചായത്ത് |
| ഉൾപെടുന്ന വില്ലേജുകൾ | : 1. അന്തിക്കാട് വില്ലേജ്<br>2. പടിയം വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : അന്തിക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് | : അന്തിക്കാട് |
| താലൂക്ക് | : തൃശൂർ |
| ജില്ല | : തൃശൂർ |
| അസംബ്ലി മണ്ഡലം | : മണലൂർ |
| ലോകസഭാമണ്ഡലം | : തൃശൂർ |
| വിസ്തീർണ്ണം | : 5.14 ച. മൈൽ |
| ജനസംഖ്യ | : 25,426 |
| ഗ്രേഡ് | : Ist |
| അതിരുകൾ | : പടിഞ്ഞാറ് -കനോലി കനാൽ<br>കിഴക്ക്-മനക്കൊടികായൽ നികത്തിയ നെൽപാടങ്ങൾ<br>തെക്ക് -താന്ന്യം പഞ്ചായത്ത്<br>വടക്ക്-മണലൂർ പഞ്ചായത്ത് |
| വാർഡുകൾ | : 10 |
| വനിതാ സംവരണ വാർഡുകൾ | : 1,3,4,8 |
| പട്ടികജാതി സംവരണ വാർഡ് | : 6 |
| പഞ്ചായത്ത് പ്രസിഡന്റ് | : ശ്രീ. വി. എ.മാത്യു |
| വൈസ് പ്രസിഡന്റ് | : ശ്രീ. സി. സി. മുകുന്ദൻ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | : ശ്രീ.സി.ആർ.ദാസൻ |

# മുൻകാല ഭരണസമതികൾ

1.4.8.19953 മുതൽ 31.12.19962വരെ പ്രസിഡന്റ്
: ശ്രീ. സി. പി. ഔസേപ്പ്
അംഗങ്ങൾ : ശ്രീ. പി. കെ. കുഞ്ഞയ്യപ്പൻ
: ശ്രീ. കല്ലാറ്റ് കുമാരൻ
: ശ്രീ. പണ്ടാരൻ കുട്ടൻ
: ശ്രീ. എൻ. വി. ഗോവിന്ദൻ
: ശ്രീ.വി.വി.രാവുണ്ണി ആചാരി
: ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ മാസ്റ്റർ
: ശ്രീ. സെയ്താലികുട്ടി

2.. M.P. കരുണാകരൻ പ്രസിഡന്റ്
1. 1. 1964 to 28. 9. 1979

M. കാർത്ത്യായനി അമ്മ
V. അഖിലേശ്വരൻ
P.C. അച്ചുതൻ
C.S. വാസു
K.R. വൈദ്യനാഥഅയ്യർ
T. R. കുഞ്ഞയ്യപ്പൻ
K. P. കുഞ്ഞുവറീത്
M. R. ദാമോധരൻ

3. C.G. രാമൻ പ്രസിഡന്റ്
29. 9. 1979 to 26. 10. 1984

T. K. മിനി
M. P. ജോസ്
K. S. വേലായുധൻ
C. M. വേലായുധൻ
A. A. ഖാദർ
P. K. രാഘവൻ
C. ബാസു മോഹൻദാസ്
M. V. വിശ്വംഭരൻ

4. K. K. വേലായുധൻ പ്രസിഡന്റ്
8. 2. 1988 to 3. 10. 1995

T. K. മാധവൻ
M. G. രാഘവൻ
T. V. സുഗതൻ
C. C. മുകുന്ദൻ
K. V. രമണി
N. P. അമ്മിണി
K. K. വിശ്വംഭരൻ
A. K. ശശിധരൻ
M. P. ജോസ്

5. V. A. മാത്യു പ്രസിഡന്റ്
4. 10. 1995 മുതൽ

C. C. മുകുന്ദൻ
C. R. ദാസൻ
T. K. മാധവൻ
A. K. രാവുണ്ണി
A. K. സുകുമാരൻ
ശാന്താ സുഗതൻ
ചിത്ര അശോകൻ
സുകുമാരി രാമനുണ്ണി
P. C. കുമുദം

വി. എ. മാത്യു പ്രസിഡന്റ്
10. 1995 മുതൽ

സി. സി. മുകുന്ദൻ
സി. ആർ. ദാസൻ
ടി. കെ. മാധവൻ
എ. കെ. രാവുണ്ണി
എ. കെ. സുകുമാരൻ
ശാന്താ സുഗതൻ
ചിത്ര അശോകൻ
സുകുമാരി രാമനുണ്ണി
പി. സി. കുമുദം

വികസന റിപ്പോർട്ടുകൾ
തയ്യാരാക്കിയവർ

സി. എ. റാഫേൽ.
വി. കെ. പ്രദീപ്
കെ. ജി. ഭൂവനൻ
വി. ഡി. അനിൽകുമാർ
സി. കെ. രാമചന്ദ്രൻ
പാടൂര് ബാലൻ
ടി. വി. സുഗതൻ
എൻ. ജി. രാഘവൻ
അനിത അഗ്രി. ഓഫീസർ
ഡോക്ടർ എ. എ. ജോർജ്.
കെ. വി. കുട്ടൻ
ടി. വി. രവീന്ദ്രൻ
സീന പവിത്രൻ
എം. കെ. ധർമ്മൻ
വി. ഉണ്ണികൃഷ്ണൻ
രാജൻ. വെട്ടിയാട്ടിൽ
രാജൻ വാത്തിയത്ത്
ടി. ആർ. പുഷ്പാംഗദൻ

പി. എസ്. ബാലൻ
പി. സത്യനാരായണൽ
എ. വി. ശ്രീവത്സൻ
ടി. ഐ. ചാക്കൊ
ടി. ആർ. ഗംഗാധരൻ
എ. കെ. സുബ്രമണ്യൻ മാസ്റ്റർ
എം. പി. ഭാസ്ക്കരൻ മാസ്റ്റർ
എം. കെ. സതീശൻ
പി. പത്മനാഭൻ
കെ. വി. പ്രദീപ്
പി. ആർ. രാജീവ്
ചിത്തരഞ്ജൻ
സി. വി. സാബു
പി. വി. പ്രദീപ്
രാജു. കെ. എ.
രാജേഷ് കെ. ആർ.
മുത്തു. കെ. വില്ലേജ്ഓഫീസർ
ഇ. ജി. വിദ്യാസാഗരൻ

# ഉള്ളടക്കം


1. ആമുഖം
2. ചരിത്ര പശ്ചാത്തലം
3. ഭൂപ്രകൃതി, കൃഷി, ജലസേചനം
4. മൃഗസംരക്ഷണം, മത്സ്യബന്ധനം
5. വ്യവസായം
6. ഊർജ്ജം, ഗതാഗതം
7. പൊതുജനാരോഗ്യം, കുടിവെള്ളം
8. വിദ്യാഭ്യാസം
9. സാമൂഹ്യക്ഷേമം, പാർപ്പിടം
10. വനിത ക്ഷേമം
11. സംസ്കാരം
12. സഹകരണ മേഖല
13. പട്ടിക ജാതി, പട്ടികവർഗ്ഗം
14. വിഭവ സമാഹരണം.

# ആമുഖം

ഒൻപതാം പഞ്ചവൽസര പദ്ധതിയിലേക്കുളള സംസ്ഥാന സർക്കാരിന്റെ സമീപനം ജനപങ്കാളിത്തതോടെയുളള ആസൂത്രണം എന്നതാണല്ലോ. ഇതിന്റെ ഭാഗമായി ഒൻപതാം പദ്ധതിയുടെ 35-40% പ്രാദേശിക തലത്തിൽ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക എന്നതാണ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ കാഴ്ചപ്പാട്. ഇതിനായി ജനകീയ ആസൂത്രണം എന്ന ഒരു പുതിയ രീതിശാസ്ത്ര ലോകത്തിൽ തന്നെ ആദ്യമായി നാം സ്വീകരിക്കുകയാണ്. ഈ പ്രസ്ഥാനത്തിന് ഓരോ പ്രദേശത്തിന്റെയും വികസന പ്രശ്നങ്ങളും അവയ്ക്കുളള പരിഹാരവും ജനങ്ങളിൽനിന്നുളള നിർദ്ദേശങ്ങളായി സ്വീകരിക്കുകയും പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ചും ജനകീയ ഇടപെടലുകളിലൂടെയും പ്രശ്നപരിഹാരത്തിന് ശ്രമിക്കുക എന്നതുമാണ് അടിസ്ഥാന തത്വം. ഇതിനായി വൻതോതിൽ ജനങ്ങളെ അണിനിരത്തുകയും പ്രായോഗിക തലത്തിൽ മാർഗ്ഗ നിർദ്ദേശം നൽകികൊണ്ട് മനുഷ്യ വിഭവശേഷിയെ ഉപയോഗപ്പെടുത്തുകയും ഈ വികസനസ്വപ്നം സാക്ഷാത്കരിക്കുകയും ലോകശ്രദ്ധ ആകർഷിക്കുന്ന ഒരു മഹാപ്രസ്ഥാനമായി ജനകീയ ആസൂത്രണ പ്രസ്ഥാനത്തെ വളർത്തിയെടുക്കുകയും ചെയ്യുക എന്ന നേതൃത്വപരമായ പങ്കാണ് പഞ്ചായത്ത് കമ്മറ്റികൾക്ക് നിർവ്വഹിക്കുവാനുളളത്.

ഇതോടനുബന്ധിച്ച് ജില്ലാതലപരിശീലനം സെപ്തംബർ 5, 6, 7 തീയതികളിൽ നടന്നു. പഞ്ചായത്ത്തല പരിശീലനം സെപ്തംബർ 16ന് സംഘടിപ്പിച്ചു. സെപ്തംബർ 29 മുതൽ ഒക്ടോബർ 13 വരെയുളള ദിവസങ്ങളിൽ 10 വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. ഈ ഗ്രാമസഭകളിൽ 1150 പുരുഷൻമാരും 749 സ്ത്രീകളും അടക്കം 1899 പേർ പങ്കെടുത്തു. രണ്ടാംഘട്ട ജില്ലാതല പരിശീലനം ഒക്ടോബർ 25, 26, 27 തീയതികളിലും പഞ്ചായത്ത് തല പരിശീലനം നവംബർ 4നും നടന്നു. പഠനപര്യടനം മൂന്നു ഗ്രൂപ്പുകളായാണ് നിർവ്വഹിച്ചത്. വികസന റിപ്പോർട്ട് ആമുഖം, പ്രാഥമികമഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിങ്ങനെ നാല് ഗ്രൂപ്പുകളായാണ് തയ്യാറാക്കിയത്. വികസനത്തെക്കുറിച്ച് പുതിയൊരു അവബോധം ജനങ്ങളിൽ ഉണ്ടാക്കുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഇതുവരെയുളള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വിശദമായ ചർച്ചക്കുശേഷം രൂപം നൽകുന്ന അന്തിമ വികസനരേഖ ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതു വഴി ജനങ്ങളുടെ വലിയൊരു പ്രതീക്ഷ സാർത്ഥകമാകുമെന്ന് പ്രത്യാശിക്കാം.

# അന്തിക്കാട് ഗ്രാമ പഞ്ചായത്ത്



വി. എ. മാത്യു
*പ്രസിഡൻറ്*



സി. സി. മുകുന്ദൻ
*വൈസ് പ്രസിഡണ്ട്*



സി. ആർ. ദാസൻ
*സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ*

---

## ചരിത്ര പശ്ചാത്തലം

തിരുകൊച്ചി സംസ്ഥാനത്തെ ആദ്യം രൂപം കൊണ്ട പഞ്ചായത്തുകളിലൊന്നാണ് അന്തിക്കാട് പഞ്ചായത്ത്. 1953 ലാണ് ഈ പഞ്ചായത്ത് രൂപീകൃതമായത്. പടിയം, അന്തിക്കാട്, പുള്ള് എന്നീ പ്രദേശങ്ങൾ ചേർന്നതായിരുന്നു ഈ പഞ്ചായത്ത്. രൂപീകരണത്തിനുശേഷം നടന്ന പുനക്രമീകരണത്തിൽ ഈ പഞ്ചായത്തിൽ അന്തിക്കാട്, പടിയം എന്നീ വില്ലേജുകൾ മാത്രമായി. അന്തിക്കാട് ശ്രീ. കാർത്ത്യായനി ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് ഈ സ്ഥലത്തിന് അന്തിക്കാട് എന്ന് പേർ വന്നതെന്നാണ് ഐതിഹ്യം. ഏകദേശം 1500 വർഷം പഴക്കമുള്ളതാണ് പ്രസിദ്ധമായ ഈ മൂകാംബിക ക്ഷേത്രം.

കൊച്ചി രാജാവിന്റെ കീഴിലുണ്ടായിരുന്ന തൃശൂർ താലൂക്കിന്റെ ഉപതാലൂക്കായിരുന്നു അന്തിക്കാട് ഫർക്ക. പടിഞ്ഞാറ് കനോലി കനാലും, കിഴക്ക് വിസ്തൃതമായ നെൽപ്പാടങ്ങളും, വടക്ക് ഏനാമാവ് പുഴയും അതിരിടുന്ന ഈ പ്രദേശത്തിന്റെ ഭൂപരമായ പ്രത്യേകതകൾകൊണ്ടുതന്നെ അന്തിക്കാട് ഒരു സു

രക്ഷിതമേഖലയായിരുന്നു. സർക്കാരിന്റെ മർദ്ദനമുറകൾ കാണുന്നതിനും അനുഭവിക്കുന്നതിനും കാര്യമായ അവസരങ്ങൾ ഇവിടുത്തെ ജനങ്ങൾക്ക് ഇല്ലാതിരുന്നതിനാലാകാം സംഘടിതമായ ബഹുജനമുന്നേറ്റങ്ങൾ ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഇവിടെ നിന്നും ഉയർന്നു വരാതിരുന്നത്. ഈ അവസ്ഥക്ക് ശ്രദ്ധേയമായ മാറ്റം സംഭവിച്ചത് ചെത്തു തൊഴിലാളി യൂണിയന്റെ രൂപീകരണത്തോടെയാണ്.

നിരക്ഷരരും സാമ്പത്തികമായി വളരെ പിന്നോക്കം നിന്നിരുന്നവരുമായ ഈ പ്രദേശത്തെ ഭൂരിഭാഗം പേരും ചെത്തു തൊഴിലാളികൾ, ചകിരി തൊഴിലാളികൾ, കർഷക തൊഴിലാളികളുംമായിരുന്നു. ചങ്ങരംകണ്ടത്ത് കൈമളുടെയും, ചേലൂർ, ചിറ്റൂർ, നമ്പൂതിരിമാരുടെയും ദേവസ്വങ്ങളുടെയും കൈവശമായിരുന്നു ഭൂമി മുഴുവനും. തൊഴിൽരംഗത്തും, സാംസ്കാരിക രംഗത്തും, പിന്നോക്കാവസ്ഥയിലായിരുന്നു അന്തിക്കാട്. വിദ്യാഭ്യാസത്തിന്റെ പൊതു നിലവാരവും മെച്ചമായിരുന്നില്ല.

സ്വാതന്ത്ര്യസമരത്തിന്റെ ആദ്യകാലത്ത് സംഘടിതമായ പ്രക്ഷോഭങ്ങൾ കാര്യമായി ഈ പ്രദേശത്ത് ഉണ്ടായില്ലെങ്കിലും കനോലി കനാലിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള പഴയ മലബാർ പ്രദേശത്ത് നടന്നിരുന്ന പ്രക്ഷോഭണത്തിൽ ഈ പ്രദേശത്തുനിന്നും കുറച്ചുപേർ പങ്കെടുത്തിരുന്നു. 1915ൽ മലബാറിലെ തളിക്കുളത്തു നടന്ന സത്യാഗ്രഹത്തിൽ അന്തിക്കാട് ഫർക്ക എന്നറിയപ്പെട്ടിരുന്ന ഈ പ്രദേശത്തുനിന്ന് പങ്കെടുത്തവർ ശ്രീ കെ. കെ. അയ്യപ്പൻ, ശ്രീ. കെ. ഈശൻ എന്നിവരാണ്.

## ചെത്തുതൊഴിലാളി സമരം

1941ൽ ശ്രീ കെ.കെ. രാമൻ പ്രസിഡന്റും, ശ്രീ കെ. ജി. ദാമോദരൻ സെക്രട്ടറിയുമായി രൂപം കൊണ്ട ഏനാമാവ് പെരിങ്ങോട്ടുകര ചെത്തുതൊഴിലാളിയൂണിയനാണ് ഈ പ്രദേശത്തെ പ്രഥമവും പ്രധാനവുമായ ബഹുജന പ്രസ്ഥാനം. 2000ത്തിൽ അധികം വരുന്ന ചെത്തു തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും ഉത്തരവാദഭരണത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി ഒന്നര ദശകത്തോളം നീണ്ടുനിന്ന ഐതിഹാസിക സമര ചരിത്രമാണ് ഈ യൂണിയനുള്ളത്. ജോലി സ്ഥിരതയ്ക്കും കൂലി കൂടുതലിനും കോൺട്രാക്ടർമാരുടേയും, എക്സൈസ് ഉദ്യോഗസ്ഥന്മാരുടേയും അനീതിക്കെതിരായി 1942 ജനുവരി 15 ന് ആരംഭിച്ച പണിമുടക്കോടെ നാട്ടിലെ പ്രബല ശക്തിയായി യൂണിയൻ അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. ജപ്പാൻ വിരുദ്ധ പ്രചാരണത്തിലും ഗാന്ധിജിയെ മോചിപ്പിക്കാനുള്ള പ്രക്ഷോഭത്തിലും മുൻനിരയിൽതന്നെ നിന്നുകൊണ്ട് സ്വാതന്ത്ര്യസമരത്തിലും യൂണിയൻ സജീവ പങ്കാളിയായി. ഒരുപാട് അനാചാരങ്ങളുടെ തടവറയിലായിരുന്ന ചെത്തുതൊഴിലാളികളെ ബോധവത്ക്കരിക്കുന്നതിനും സാംസ്ക്കാരികമായി ഉയർത്തികൊണ്ടു വരുന്നതിനും മഹിളാസംഘം, കർഷക സ,ംഘം, ബാലസംഘം എന്നീ പ്രസ്ഥാനങ്ങൾ ഈ കാലത്ത് രൂപം കൊണ്ടു. ഇവയുടെ പ്രവർത്തനഫലമായി ഒരുപാട് നിശാപാഠശാലകൾ ആരംഭിച്ചു.

കൊച്ചി സംസ്ഥാനത്ത് രാജവാഴ്ചക്കെതിരായി 1121 കർക്കിടകം 13 (1946 ജൂലായ് 30) ഉത്തരവാദഭരണദിനമായി ആചരിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി ചെത്തുതൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ ഹർത്താലും പൊതു പണിമുടക്കും നടന്നു.

1942 ലെ ഒത്തുതീർപ്പു വ്യവസ്ഥകളുടെ ലംഘനവും തൊഴിൽ നിഷേധവും ഷാപ്പുകളുടെ ലോക്കൗട്ടും വീണ്ടുമൊരു സമരത്തിന് കാരണമായി. 1946 ൽ ആരംഭിച്ച ഈ സമരം 108 ദിവസം നീണ്ടു നിന്നു. ഈ സമരത്തിന്റെ ഭാഗമായാണ് ചരിത്ര പ്രസിദ്ധമായ കുലമുറിസമരം അരങ്ങേറിയത്. സമരത്തെ അടിച്ചൊതുക്കുന്നതിന് മർദ്ദകവീരന്മാരായ പോലീസുദ്യോഗസ്ഥന്മാർ അന്തിക്കാട്ടേക്ക് നിയോഗിക്കപ്പെടുകയും ഈ പ്രദേശത്ത് കർഫ്യൂ പ്രഖ്യാപിക്കുകയും ചെയ്തു. ഇത് മൂന്നു മാസക്കാലം നീണ്ടു നിന്നു. ഇൻഡ്യയിൽതന്നെ ഏറ്റവും കൂടുതൽക്കാലം കർഫ്യൂ അയവില്ലാതെ നിലനിന്ന പ്രദേശം അന്തിക്കാടാണ്. 1947 ആഗസ്റ്റ് 15 ന് ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോൾ അന്തിക്കാട് കർഫ്യൂ ആയിരുന്നു. അഗസ്റ്റ് 20 നാണ് കർഫ്യൂ പിൻവലിച്ചത്. തൊഴിലാളികളുടെ വർഗ്ഗബോധവും സംഘട

നാശക്തിയും ഊട്ടിയുറപ്പിക്കാൻ കഴിഞ്ഞതായിരുന്നു ഈ ചരിത്ര പ്രസിദ്ധമായ സമരം.

## ചകിരി തൊഴിലാളി സമരം

അന്തിക്കാടിന്റെ പടിഞ്ഞാറ് തീരത്തു നടന്ന ചകിരിത്തൊഴിലാളികളുടെ സമരം അവകാശപ്പോരാട്ടങ്ങളുടെ മുന്നിൽത്തന്നെ നിൽക്കും. ഈ പ്രദേശത്തെ ചകിരിക്കളങ്ങളിൽ രണ്ടായിരത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്നു. ഭൂരിപക്ഷവും സ്ത്രീത്തൊഴിലാളികൾ. നിയമാനുസൃതം കിട്ടേണ്ട മിനിമം കൂലിയുടെ പകുതി മാത്രമാണ് ഉടമകൾ നൽകിയിരുന്നത്. നിഷേധിക്കപ്പെട്ട മിനിമം കൂലി ആവശ്യപ്പെട്ട് 1955 ഫിബ്രുവരിയിൽ തൊഴിലാളികൾ സമരം തുടങ്ങി. സമരം പ്രഖ്യാപിച്ചതോടെ ചകിരി കളങ്ങൾ ഉടമകൾ നിർത്തി. പകരം ദേശീയ ചകിരിക്കളങ്ങൾ തുറന്നു. ദേശീയ ചകിരിക്കളങ്ങൾ പിക്കറ്റ് ചെയ്യുക, ചകിരിക്കളത്തിൽ ഇറങ്ങി മൂടിയിട്ടിരുന്ന ചകിരിയെടുത്ത് തല്ലുക ഇതായിരുന്നു സമരരീതി. പോലീസും ഗുണ്ടകളും സമരത്തെ അതിക്രൂരമായി നേരിട്ടു. 60 വയസ്സിനുമേലുള്ള സ്ത്രീകളും 12,16 വയസ്സു പ്രായമുണ്ടായിരുന്ന പെൺകുട്ടികളും മർദ്ദനമേറ്റവരിൽ ഉൾപ്പെടുന്നു. മർദ്ദനം ഭയന്ന് പലരും നാടുവിട്ടു. പോലീസ് മർദ്ദനത്തിനിരയായ ടി. എ. ഗൗരി തങ്ങൾക്കേറ്റ കിരാത മർദ്ദനത്തെക്കുറിച്ച് അന്നത്തെ മുഖ്യമന്ത്രി പനമ്പിള്ളി ഗോവിന്ദമേനോന് തുറന്ന കത്തെഴുതിയത് കേരളം മുഴുവൻ ചർച്ച ചെയ്യപ്പെട്ടു.

അഞ്ചു മാസത്തോളം നീണ്ട ഈ സമരം തൃശൂർ രാമവർമ്മ തിയ്യേറ്ററിൽ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ ചർച്ചയെത്തുടർന്ന് അവസാനിച്ചു. സമരം നയിച്ച ചകിരിത്തൊഴിലാളി യൂണിയന്റെ അന്നത്തെ പ്രസിഡണ്ട് കെ. എ. ദേവസ്സിയും, സെക്രട്ടറി കെ. കെ. പുഷ്പാംഗദനുമായിരുന്നു.

## ബീഡിത്തൊഴിലാളി സമരം

അന്തിക്കാടിന്റെ പരിസര പ്രദേശങ്ങളായ കാഞ്ഞാണിയിലും പെരിങ്ങോട്ടുകരയിലുമാണ് ബീഡിത്തൊഴിലാളി സമരങ്ങൾ നടന്നത്. എന്നാൽ ഈ സമരങ്ങൾക്ക് നേതൃത്വം നൽകിയത് അന്തിക്കാട്ടുകാരായ നേതാക്കളായിരുന്നു. 1945ൽ കാഞ്ഞാണിയിലും, 1948ൽ പെരിങ്ങോട്ടുകരയിലും നടന്ന സമരങ്ങൾ നയിച്ചത് അന്തിക്കാട് ഫർക്ക ബീഡിത്തൊഴിലാളി യൂണിയനാണ്.

ബഹുജന സംഘടനകളുടെ പ്രവർത്തനങ്ങളാലും, സമരങ്ങളാലും ഏറെ ശ്രദ്ധിക്കപ്പെട്ട അന്തിക്കാട്, വികസനരംഗത്ത് ഇന്നും ഏറെ പുറകിലാണ്. കാർഷിക, വ്യാവസായിക രംഗത്തെ മുരടിപ്പും, തൊഴിലില്ലായ്മയുമാണ് ഈ പ്രദേശം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ.

# ഭൂപ്രകൃതി

**അവലംബം. വിഭവഭൂപടം, റവന്യൂ രേഖകൾ, കൃഷിഭവൻ രേഖകൾ, പാടശേഖരകമ്മിറ്റി രേഖകൾ, പഠനപര്യടനം.**

514 ചതുരശ്ര മൈൽ വിസ്തൃതിയിൽ തൃശൂർ താലൂക്കിലെ അന്തിക്കാട്, പടിയം എന്നീ രണ്ട് വില്ലേജുകളാണ്. കിഴക്ക് സമുദ്ര നിരപ്പിൽ നിന്ന് 2 മീറ്റർ കൂടുതൽ ആഴത്തിൽ വെള്ളം കെട്ടി കിടക്കുന്ന 20,000 ഏക്കർ വിസ്തൃതിയുള്ള മനക്കൊടി കായൽ (കോൾ നിലങ്ങൾ). പടിഞ്ഞാറ് അറബിക്കടലിലെ ചേറ്റുവ അഴിയിലേക്ക് മണലിയും കുറുമാലി പുഴയും ചേർന്നൊഴുകുന്ന കനോലി കനാൽ, തെക്ക് താന്ന്യം പഞ്ചായത്തിന്റെ വടക്കേ അതിർത്തി, തെക്കു കിഴക്കു ഭാഗത്ത് ചാഴൂർ പഞ്ചായത്തിന്റെ അതിർത്തി, വടക്ക് മണലൂർ പഞ്ചായത്തിന്റെ അതിർത്തി, എന്നിവയാണ് അതിരുകൾ.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിലെ ഭൂപ്രദേശത്തെ 5 മേഖലകളായി തിരിക്കാം.

1. കോൾ നിലങ്ങൾ.
2. ഉയർന്ന സമതലം.
3. പാടങ്ങൾ.
4. തീര സമതലം.
5. ചതുപ്പുനിലങ്ങൾ.

## 1. കോൾനിലങ്ങൾ.

പഞ്ചായത്തിന്റെ മൊത്തവിസ്തൃതിയിൽ 22% കോൾനിലം വരുന്നു. ഇത് പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള പറമ്പുകളുടെ (കരഭൂമി) കിഴക്കോട്ടു ചെരിഞ്ഞ് സമുദ്ര നിരപ്പിൽ നിന്ന് 2മീ. കൂടുതൽ ആഴത്തിൽ വെള്ളം കെട്ടികിടക്കുന്ന അന്തിക്കാട് വില്ലേജിലെ കിഴക്കേ അറ്റത്തെ സ്ഥലമാണ്. വളരെ മുൻകാലത്ത് ഇവിടം കാന്താർ വനമായിരുന്നുവത്രെ. 200ൽ കൂടുതൽ വർഷങ്ങൾക്ക് മുമ്പ് ഇവിടെ ഉപ്പുവെള്ളം കെട്ടിക്കിടന്നിരുന്ന ചതുപ്പു നിലങ്ങളായിരുന്നു. പിന്നീട് പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിൽനിന്നും 3 കി. മീ. വടക്കുള്ള ഏനാമാവിൽ കനോലി കനാലും കോൾപാടവും ചേരുന്ന സ്ഥലത്ത് ചെങ്കൽ (ലാറ്ററെയിറ്റ്) കെട്ടുണ്ടാക്കി കന്നി മാസത്തിൽ ഉപ്പു കയറുന്നതിനുമുമ്പ് അതു് അടച്ച് ഉപ്പുവെള്ളത്തെ തടഞ്ഞ് നിർത്തി കൃഷി ചെയ്യാൻ ഉപകരിക്കുന്ന പാടശേഖരങ്ങളാക്കി മാറ്റി. ഇവിടെ കളിമണ്ണും എക്കൽ മണ്ണും മണലും ചേർന്ന മണ്ണാണ് മേൽത്തട്ടിൽ. ഒരു മീറ്റർ താഴോട്ടുപോയാൽ കപ്പച്ചേടിയാണ്. അടിയിൽ പല ഭാഗത്തും വലിയ മരച്ചാഴിയും ദ്രവിക്കാതെ കിടക്കുന്നത് ഇന്നും കണ്ടുവരുന്നുണ്ട്. കുറെയേറെ വർഷങ്ങളോളമായി ഇവിടെ വെള്ളം വറ്റിച്ച് നെൽകൃഷി ചെയ്തു വരുന്നു.

## 2. ഉയർന്ന സമതലം

മൊത്ത വിസ്തൃതിയിൽ 18 ശതമാനമാണ് ഈ ഭാഗത്തിന്റെ വിസ്തൃതി. അന്തിക്കാട് വില്ലേജിൽ കോൾ നിലങ്ങൾക്ക് പടിഞ്ഞാറ് കരഭൂമിയായി കാഞ്ഞാണി, മണലൂർ പഞ്ചായത്തിലെ തൃപ്രയാർ റോഡിന് ഇരുവശത്തുമായി കിഴക്കും പടിഞ്ഞാറും ഉയർന്നു കിടക്കുന്ന പ്രദേശമാണിത്. ഇവിടം സമുദ്ര നിരപ്പിൽനിന്ന് 4 മീറ്ററോളം ഉയരത്തിൽ നിന്ന് 1.5 (ഒന്നര) മീറ്ററോളം ഉയരത്തിലേക്ക് കിഴക്കോട്ടും പടിഞ്ഞാറോട്ടും ചെരിവാണ്. ഏറ്റവും ഉയർന്ന പ്രദേശം 5,6,7,8 എന്നീ വാർഡുകളിലാണ്. കല്ലേട്ടുവഴി എന്നു പറയുന്ന പ്രദേശമാണ് ഏറ്റവും ഉയർന്ന സ്ഥലം. ഇവിടെ മേൽ ഭാഗത്തു തന്നെ വെട്ടുകൽ (ലാറ്ററെയിറ്റ്) കാണുന്നു. ബാക്കി പ്രദേശങ്ങളിലെല്ലാം മണലും കളിമണ്ണും ചേർന്ന ഫലഭൂയിഷ്ഠമായ മണ്ണാണ്. പ്രധാനമായും തെങ്ങ് ഇവിടെ വളരുന്നു.

3. പാടങ്ങൾ

മൊത്തം വിസ്തൃതിയിൽ അന്തിക്കാട് വില്ലേജിൽ 18%വും പടിയം വില്ലേജിൽ 16%വും അങ്ങിനെ 34% വട്ടൻ നിലം (വിരിപ്പ് മുണ്ടകൻ കൃഷി ചെയ്യുന്ന നെൽപ്പാടങ്ങൾ) സമുദ്ര നിരപ്പിൽ നിന്ന് ഒന്ന് മുതൽ ഒന്നര മീറ്റർ വരെ ഉയർന്നു സ്ഥിതിചെയ്യുന്ന സമതല പ്രദേശമാണിത്. പ്രധാന മണ്ണ് മണൽ കലർന്ന കളിമണ്ണ് തന്നെ കുറച്ചുതാഴ്ത്തിയാൽ കലംകൂട്ടി ചേടിയും (കളിമൺ പാത്രങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന മണ്ണ്). മറ്റു ചിലേടത്ത് ഇളം മഞ്ഞ കളിമണ്ണും കാണുന്നു. പടിഞ്ഞാറൻ തീരത്ത് താഴ്ത്തിയാൽ ഇത്തിൾ കക്ക നിക്ഷേപവും ധാരാളമുണ്ട്. ഈ രണ്ടു തരം മണ്ണിനും വെള്ളത്തെ തടഞ്ഞു നിർത്താൻ കഴിവുള്ളതുകൊണ്ട് മഴക്കാലത്ത് പാടങ്ങളിലെ വെള്ളം ഒരിക്കലും വറ്റാറില്ല. മഴയുടെ ഇടവേള നീണ്ടുപോയാൽ മാത്രമാണ് വെള്ളം വറ്റിപോകാറ്. പാടങ്ങൾ പ്രധാനമായും തെക്ക് വടക്ക് നീളത്തിലും കിഴക്കു പടിഞ്ഞാറ് വീതിയിലും 5 മേഖലകളായിട്ടാണ് കിടക്കുന്നത്.

1. a. അന്തിക്കാട് പുത്തൻ പീടിക മെയിൻ റോഡിന്റെ കിഴക്കു ഭാഗത്ത് പുത്തൻ പീടിക കൃസ്ത്യൻ പള്ളിയുടെ കിഴക്കു ഭാഗത്തായി കിടക്കുന്ന മാരൻ തോടിന് പടിഞ്ഞാറു വശത്തായി പരന്നു കിടക്കുന്ന പാടം.

   b. അന്തിക്കാട് പുത്തൻ പീടിക റോഡിന്റെ കിഴക്കു ഭാഗത്ത് കോളിന്റെ മേൽക്കരയിലുള്ള സമതല പാടങ്ങൾ.

2. മാത്തു തോടിന് ഇരുവശങ്ങളിലുമായി അന്തിക്കാട് ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ ജലസേചിത പ്രദേശമായ പാടങ്ങൾ.

3. പടിയം വില്ലേജിൽ കാരമുക്ക് അഞ്ചങ്ങാടി റോഡിന് (റോഡിന്റെ നീളം 2914 മീറ്റർ) ഇരുവശത്തായി മണലൂർ പഞ്ചായത്തിലെ കാരമുക്ക് വില്ലേജിന്റെ തെക്കേ അറ്റത്തുനിന്ന് താന്ന്യം പഞ്ചായത്തിലെ വടക്കുംമുറി വില്ലേജിന്റെ വടക്കേ അറ്റംവരെ തെക്കു വടക്ക് നീളത്തിൽ പരന്നു കിടക്കുന്ന സമതല പാടങ്ങൾ. ഇതിന്റെ ചരിവ് വടക്കു ഭാഗത്ത് പടിഞ്ഞാറുനിന്ന് കിഴക്കോട്ടും തെക്കുഭാഗത്ത് പടിഞ്ഞാറുനിന്ന് കിഴക്കോട്ടു മാത്തുതോട്ടിലേക്കാണ്. പ്രധാന ജലനിർഗ്ഗമന മാർഗ്ഗം മാത്തുതോടു തന്നെ

4. a. പടിയം വില്ലേജിന്റെ തെക്കേഅറ്റത്ത് വടക്കുമുറി വില്ലേജിൽ ശ്രീരാമൻ ചിറ എന്ന പേരിൽ അറിയുന്ന വിസ്തൃതമായ ഒരു താഴ്ന്ന പാടശേഖരമുണ്ട്. പാടശേഖരത്തിലേക്ക് പടിയം വില്ലേജിന്റെ മദ്ധ്യഭാഗത്തുകൂടി വടക്കു തെക്കായി തെക്കോട്ട് ഒഴുകുന്ന തോടിന് ശ്രീരാമൻചിറ തോടെന്ന് പറയുന്നു. ഈ തോടിന് ഇരുവശത്തും പരന്നു കിടക്കുന്ന വിശാലമായ പാടം.

   b. ശ്രീരാമൻ ചിറതോടിന്റെ വടക്കുഭാഗത്ത് താണാപാടത്തേക്ക് ഒഴുകുന്ന എടത്തിരി തോടിന്റെ ഇരുവശത്തുള്ള പാടം.

5. കണ്ടശ്ശാംകടവ് തൃപ്രയാർ റോഡിന്റെ പടിഞ്ഞാറ് കാനോലി കനാലിന്റെ കിഴക്കുള്ള തീരപ്രദേശത്തിന്റെ കിഴക്കുകിടക്കുന്ന പാടം. ഇതിൽ ചില സ്ഥലങ്ങളിൽ ഓരു (ഉപ്പ്) കയറുന്നുണ്ട്. ഓരു കയറുന്നതിനെ പുളിക്കെട്ടുകെട്ടി തടഞ്ഞു നിറുത്തുന്നുണ്ട്. മേൽ പറഞ്ഞ അഞ്ചു പാടശേഖരങ്ങളും നെൽകൃഷി ചെയ്യുന്നതാണ്.

4. തീരസമതലം

പടിയം വില്ലേജിന്റെ 40 ശതമാനവും അന്തിക്കാട് പഞ്ചായത്തിന്റെ മൊത്ത വിസ്തൃതിയുടെ 26 ശതമാനവും വരുന്നതും കനോലി കനാലിനും കിഴക്കുഭാഗത്തായി

കിടക്കുന്ന സമതലപ്രദേശമാണ് ഈ തീര സമതലം. ഇത് പ്രധാനമായും ഇടയിലുള്ള പാടശേഖരങ്ങൾ കാരണം അഞ്ചു മേഖല കളായി വേർപെട്ടു കിടക്കുന്നു. മണ്ണ് മണൽകലർന്ന കളിമണ്ണാണ്. തെങ്ങാണ് പ്രധാന കൃഷി. അങ്ങിങ്ങും മാവ്, പ്ലാവ്, കശുമാവ്, കവുങ്ങ് എന്നിവയുമുണ്ട്.

5. ചതുപ്പുനിലങ്ങൾ

കനോലി കനാലിന് കിഴക്കുഭാഗത്ത് കിടക്കുന്ന തീര സമതല പ്രദേശത്തിന്റെ ഇടയിൽ പഞ്ചായത്തിന്റെ 1, 2, 3 വാർഡു കളിലായി ഉപ്പുവെള്ളം കെട്ടികിടക്കുന്ന പ്രദേശമാണിത്. വേനൽകാലത്ത് ഉപ്പു വിളയുന്നത് കാണുന്നു. വേലിയേറ്റവും വേലിയിറക്കവും സ്ഥിരമായി അനുഭവ പ്പെടുന്നു. ഓരുകയറുന്നതിന് കൂടുതൽ ഭാഗത്തും പുളിക്കെട്ടു കെട്ടി തടഞ്ഞിട്ടുണ്ട്. അങ്ങിനെ ചിലയിടത്ത് നെൽകൃഷിയും മറ്റു ള്ളേടത്ത് ചകിരി മൂടലും ഉണ്ട്. പഠനപര്യ ടനത്തിൽനിന്നു കിട്ടിയ വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്ന പടങ്ങളിൽ കാണിച്ചിരിക്കുന്നത്.

ജലവിഭവങ്ങൾ

പ്രധാനമായും മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് അന്തിക്കാട് പഞ്ചായത്തിലുള്ളത്. കഴിഞ്ഞ പത്തുവർഷ മായി ശരാശരി വർഷത്തിൽ 2754.39 മി. മീ. മഴ ലഭിക്കുന്നുണ്ട് അതായത് പഞ്ചായത്തിന്റെ വിസ്തൃതിയിൽ ഒരു വർഷം 36.243 ക്യൂ. മീ. വെള്ളം കിട്ടുന്നു. വർഷപാതത്തിന്റെ 6 0% ലഭിക്കുന്നത് ജൂൺ, ജൂലായ്, ആഗസ്റ്റിലെ കാലവർഷത്തിലും 20% ഒക്ടോബർ നവംബറിലെ തുലാവർഷ ത്തിലും പലപ്പോഴായി കിട്ടുന്ന 20% വേനൽ മഴയുമായിട്ടാണ്. അടുത്തകാലത്തായി പ ല വർഷങ്ങളിലായി വേനൽ മഴ ലഭിക്കു ന്നില്ല. പഞ്ചായത്ത് അതിർത്തിയിൽ പെട്ട അന്തിക്കാട് കോൾ പാടശേഖരങ്ങളിൽ മൊത്തം 2000 ഏക്കർ കായൽനിലങ്ങളിൽ ശരാശരി 2 മീറ്റർ ആഴത്തിൽ വെള്ളം കെട്ടി കിടക്കുന്നു. കായലിലേക്ക് കുറുമാലി, മണ ലി, എന്നീ പുഴകൾ ചേർന്ന് ഒഴുകുന്ന കരു വന്നൂർ പുഴയുടെ വെള്ളത്തിന്റെ ഒരു ഭാഗം ഹെർബർട്ട് കനാൽ , ചിറയ്ക്കൽ തോട്, കാരാഞ്ചിറ തോട് വഴിയായി കോൾ നില ങ്ങളിൽ പ്രവേശിക്കുന്നു. അമിതമായി വരുന്ന വെള്ളം ഏനാമാവ് റെഗുലേറ്റർ വഴി കനോലി കനാൽ വഴി അറബിക്കടലിലേക്ക് ചേറ്റുവ അഴിമുഖത്തുകൂടി ഒഴുകി പോകു ന്നു. കരഭൂമികളും ഇടയിൽ കിടക്കുന്ന പാട ശേഖരങ്ങളിൽ (വട്ടനിലങ്ങളിൽ) മഴക്കാ ലത്ത് കരഭൂമികളിൽ നിന്ന് ഒഴുകിവരുന്ന വെള്ളം പ്രധാനമായും മാത്തു തോട്, ശ്രീ രാമൻചിറതോട് എന്നിവ വഴി തെക്കോട്ടും ഒഴുകി താന്ന്യം പഞ്ചായത്തിലെ കണ്ണൻ ചിറ വഴിയായും ശ്രീരാമൻചിറ വഴിയായും കാനോലി കനാലിൽ പ്രവേശിക്കുന്നു. പാന്തോടു് ഭാഗത്തുനിന്നുള്ള വെള്ളം വട ക്കോട്ട് ഒഴുകി കായലിലേക്ക് ചേരുന്നു. ഖാദർ മൈതാനത്തിന്റെ പരിസരത്തുള്ള വെള്ളം വടക്കോട്ട് ഒഴുകി മണലൂർ ലിഫ്റ്റ് ഇറിഗേഷന്റെ മാങ്ങാട്ടുകര ബ്രഞ്ചു കനാ ലിൽ കൂടി ഒഴുകി കനോലി കനാലിൽ ചേരുന്നു. 4,10 വാർഡുകളിലെ എടത്തിരി ഭാഗത്തുള്ള വെള്ളം വടക്കോട്ടു ഒഴുകി ക നോലി കനാലിൽ ചേരുന്നു. കൊച്ചിപ്പാട ത്തിന്റെ പരിസരത്തുള്ള വെള്ളം പുളികെ ട്ട് തോട് വഴി കനോലി കനാലിൽ ചേരു ന്നു. നായരങ്ങാടി പരിസരത്തുള്ള വെള്ളം കല്ലാറ്റു പുഴ തോടുവഴി കനോലി കനാ ലിൽ ചേരുന്നു. 7ാം വാർഡിലേയും 8ാം വാർഡിലേയും, ഭാഗികമായി 6ാം വാർഡിന്റെയും വടക്കു ഭാഗത്തുള്ള വെള്ളം പരപ്പൻചാൽ വഴി കോൾ നിലങ്ങളിലേക്ക് എത്തിച്ചേരുന്നു.

മറ്റു ജല ശ്രോതസ്സുകളിൽ 8ാം വാർഡി ലുള്ള അന്തിക്കാട് അമ്പലകുളവും (4 ഏക്കർ) ചെറിയൻകുളവും (12 ഏക്കർ) 7ാം വാർഡിലുള്ള തിയ്യാടി കുളം (1 ഏക്കർ)

ചിറമുഖത്ത് അയ്യപ്പൻ ക്ഷേത്ര കുളവും വാമനമൂർത്തി ക്ഷേത്രകുളം 6ാം വാർഡിൽ കുതിര കുളം, ഒമ്പതാം വാർഡിൽ മാങ്ങാട്ടുകര ക്ഷേത്രകുളം നാലാം വാർഡിലെ വാക്കര കുളം (ഒന്നര ഏക്കർ) ചടയൻകുളം (40സെന്റ്), പുത്തൻ കുളം (16സെന്റ്), അയ്യപ്പൻകാവ് ക്ഷേത്രകുളം (ഒന്നര ഏക്കർ), മൂന്നാം വാർഡിൽ വെടികുളം, കല്ലാറ്റുപുഴ ക്ഷേത്രകുളം, ഒന്നാം വാർഡിൽ പനക്കൽ കുളം, മടമ്പത്ത് കുളം, രണ്ടാം വാർഡിൽ പിണ്ഡാണികുളം, പത്താം വാർഡിൽ എട്ടുകുളം അതിനോട് തൊട്ടുളള മനകുളം, ചൂരക്കോട്ട് അമ്പലകുളം, തച്ചപ്പുള്ളി കുളം, അഞ്ചാം വാർഡിൽ മണ്ടികുളം, പൂത്തൻകുളം എന്നിവ പ്രധാനപ്പെട്ട കുളങ്ങളാകുന്നു. ഇതുകൂടാതെ അനേകം ചെറുകുളങ്ങളും പൊതുകിണറുകളും പ്രധാന ജലസ്രോതസ്സുകളാണ്. ഈ ജലസ്രോതസ്സുകളുടെ ജലം പതിവായി ചരിയൻ കുളം ഒഴികെ ജലസേചനത്തിന് ഉപയോഗിക്കുന്നില്ല. മുൻകാലങ്ങളിൽ മിക്ക പ്രദേശങ്ങളിലും ഏകദേശം 5, 6, മീറ്റർ താഴ്ത്തിയാൽ വേനൽകാലത്തുപോലും വെളളം സമൃതിയായി ലഭിച്ചിരുന്നു. എന്നാൽ അടുത്തകാലത്തായി ഇത്തരം കിണറുകളെല്ലാം വറ്റി പോകുന്നു. ഇപ്പോൾ 10 മുതൽ 12 മീറ്റർ ആഴത്തിൽ നിന്നാണ് വേനൽ കാലങ്ങളിൽ വെളളം ലഭിക്കുന്നത്. വേനൽ കാലത്ത് 7ാം വാർഡിൽ ജലലഭ്യത വളരെ കുറവാണ്. ഇതിന് പരിഹാരമായി 7ാം വാർഡിൽ ഉണ്ടാക്കിയ കുഴൽ കിണറിലെ വെളളം ഉപയോഗശൂന്യമാണ്. വേനൽ കാലത്ത് പൊതുവേ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.

മുൻകാലങ്ങളിൽ ശ്രീരാമൻ ചിറകെട്ട് (താന്ന്യം പഞ്ചായത്ത്) നിലവിലുണ്ടായിരുന്നതുകൊണ്ട് പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറു ഭാഗത്ത് ജലലഭ്യത കൂടുതലുണ്ടായിരുന്നു. എന്നാൽ 25 കൊല്ലാമായി ശ്രീരാമൻചിറകെട്ട് നിലവിലില്ലാത്തതും ജലക്ഷാമത്തിന് രൂക്ഷത വർദ്ധിച്ചിരിക്കുന്നതും പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലൊഴുകുന്ന കനോലി കനാലിൽ എല്ലാ കാലത്തും സമൃതിയായി വെള്ളം ഉണ്ടെങ്കിലും വേനൽകാലത്ത് ഓരു കയറി പുളി വെള്ളമായിരുന്നതിനാൽ കൃഷിക്ക് ഉപകരിക്കുന്നില്ല.

## കൃഷി

### അവലംബം

വിഭവ ഭൂപടങ്ങൾ, സെറ്റിൽമെന്റ് രജിസ്റ്റർ, കൃഷിഭവൻ രേഖകൾ.

അന്തിക്കാട് പഞ്ചായത്ത് ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ മുഴുവൻ പ്രദേശവും കാർഷിക മേഖലയായിരുന്നു. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 44% പുരയിടങ്ങൾ, (പറമ്പ്) ആകുന്നു. ബാക്കി 22% കായൽ നിലങ്ങളും 34% (വട്ടൻ) മുണ്ടകൻ, വിരിപ്പു നിലങ്ങളുമായിരുന്നു. പറമ്പുകളിൽ കൃഷി പ്രധാനമായും തെങ്ങ് ആണെങ്കിൽ തന്നെ ഇടവിളകളായി. എല്ലായിടത്തും വാഴ, മരച്ചീനി, പയർ, കഞ്ഞിപ്പുല്ല് (റാഗി), ചേമ്പ്, കാവിത്ത് കൂർക്ക എന്നീ കിഴങ്ങു വർഗ്ഗങ്ങൾ കൃഷി ചെയ്തിരുന്നു. തെങ്ങിനിടയിൽ കവുങ്ങുമുണ്ടായിരുന്നു. വേനൽകാലത്ത് വട്ടൻ നിലങ്ങളിൽ മുണ്ടകൻ വിളവെടുപ്പിനുശേഷം പച്ചക്കറി മത്ത, വെള്ളരി, പടവലം, കുമ്പളം, കൈപ്പയ്ക്ക, വെണ്ട, കുമ്മട്ടി, ചീര മുതലായ കൃഷികളുണ്ടായിരുന്നു. ഈ കൃഷികൾക്കുള്ള ജലസേചനം മനുഷ്യപ്രയത്നം കൊണ്ടു മാത്രമായിരുന്നു. അതായത് ഓരോ വീട്ടുകാരും മൺകുടം കൊണ്ടും, പാട്ടകാവ് ഉപയോഗിച്ചുമായിരുന്നു നനച്ചിരുന്നത്. 9ാം വാർഡിൽ വടക്കുകിഴക്കു ഭാഗം മുക്കാൽ പാടത്ത് കൂർക്കയായിരുന്നു പ്രധാന കൃഷി.

### ഭൂവുടമ ബന്ധങ്ങൾ

നൂറ്റാണ്ടിന്റെ ആരംഭത്തിൽ പഞ്ചായത്തിന്റെ മുഴുവൻ ഭൂമിയും വൻകിട

ജന്മിമാരുടെ (ചേലൂർ മന, ചെങ്ങഴി നെല്ലൂർ മന, ജ്ഞാനപ്പിള്ളി മന, പാതിരശ്ശേരി മന, കുളങ്ങാത്ത് മന, പഴങ്ങാ പറമ്പ് മന, പനന്തോൾ മന, ഉത്തരംമ്പുള്ളി മന) കൂടാതെ തൃപ്രയാർ, തൃപ്പൂണിത്തുറ, കൂടൽമാണിക്യം എന്നീ ദേവസ്വത്തിന്റെ ഉടമസ്ഥതയിലായിരുന്നു. ഇവരിൽനിന്ന് കൃഷിഭൂമി ഇടത്തട്ടുകാർ എടുത്ത് കർഷകർക്ക് കൈമാറി 4,5,6 എന്ന തോതിൽ പാട്ടം വസൂലാക്കിയിരുന്നു. പാട്ടത്തിന് പുറമേ കാഴ്ച്ച കുലകൾ കൊടുക്കുക എന്ന സമ്പ്രദായവും ഉണ്ടായിരുന്നു. കൃഷിക്കാരും കർഷകതൊഴിലാളികളും തമ്മിൽ വെണ്ണീർ കണ്ടം എന്ന സമ്പ്രദായവും ഉണ്ടായിരുന്നു. അക്കാലത്ത് ചിറ്റ്യാനി, ചീര, കൊടിയൻ, ആര്യൻ തുടങ്ങിയ നെൽവിത്തുകളായിരുന്നു ഉപയോഗിച്ചിരുന്നത്. വെള്ളക്കെട്ടു പ്രദേശങ്ങളിൽ കൊടിയൻ കൂട്ടുവിത ആയിരുന്നു. ഈ കാര്യങ്ങളിൽ കിട്ടിയിരുന്ന ഉത്പാദനം 6 മേനി മുതൽ 10 മേനി വരെ ആയിരുന്നു.

## മുൻകാല കോൾ കൃഷി

മനക്കൊടി കായൽ മുൻകാലത്ത് ഒരു വെള്ളം കയറികിടന്ന വെള്ളകെട്ടായിരുന്നു. ഈ നൂറ്റാണ്ടിന്റെ മുൻപുതന്നെ ഏനാമാക്കലിൽ വെട്ടുകല്ല് ഉപയോഗിച്ച് അണകെട്ടി ചീപ്പുകൾ സ്ഥാപിച്ച് ഉപ്പുവെള്ളം നിയന്ത്രിച്ചതിനു ശേഷമാണ് കോൾനിലങ്ങളിൽ കൃഷി ആരംഭിച്ചത്. അന്നത്തെ പ്രധാന തോടുകൾ പെരുമ്പുഴ തോട്, കടാതോട്, ചെമ്മീൻ ചാൽ, പുഴക്കൽ തോട് എന്നിവയാകുന്നു. പിന്നീടാണ് ശക്തൻ തമ്പുരാന്റെ കാലത്ത് കൊക്കാല തൊട്ട് പുത്തൻ തോട്, വല്ലൂർ ചാൽ തുടങ്ങിയവയും കോൾ പടവിനുള്ളിൽ ഉൾചാലുകളും ഉണ്ടാക്കിയതെന്നാണ് അറിവ്. അതോടുകൂടി പടവുകൾ തിരിച്ച് ഓലയും മുളയും ഉപയോഗിച്ച് മാട്ടം ഉണ്ടാക്കി ചേറ് ഇട്ട് വലിയ 41 ഇലവരെയുള്ള ചക്രങ്ങൾ ഉപയോഗിച്ച് വെള്ളം വറ്റിച്ച് കൃഷി ചെയ്യുവാൻ തുടങ്ങി. ഇതിന് പൂർണ്ണമായും മനുഷ്യാധ്വാനമായിരുന്നു. അന്ന് മുഴുവൻ പ്രദേശത്തും കൃഷി ചെയ്തിരുന്നില്ല. പടവു തിരിച്ച് തരിശിട്ട് കൃഷി ചെയ്യുന്ന സമ്പ്രദായമായിരുന്നു. കുറുമാലി, മണലി എന്നീ പുഴകളിൽനിന്നും ഒഴുകി എത്തുന്ന എക്കൽ മണ്ണും വളവും ധാരാളം വീണിരുന്നതുകൊണ്ട് കോൾ പാടങ്ങളിൽ ഒരു വളവും ഉപയോഗിക്കേണ്ടതില്ലായിരുന്നു. 1947 മുതൽ പഴയ ചക്രംചവുട്ടി വെള്ളം വറ്റിക്കുന്നതിനു പകരം ഓയിൽ എഞ്ചിനുകൾ, പെട്ടിയും പറയുമുപയോഗിച്ച് വെള്ളം വറ്റിക്കുന്ന സമ്പ്രദായം നിലവിൽ വന്നു. 1969 നു ശേഷം കൃഷിക്കാർക്ക് 18 ഇലക്ട്രിക്ക് മോട്ടോറുകളും ഉപകരണങ്ങളും സൗജന്യമായി സർക്കാരിൽ നിന്നും ലഭിക്കുകയുണ്ടായി. അതിനു മുമ്പുതന്നെ മോട്ടോറുകൾ ഉപയോഗിക്കാൻ തുടങ്ങിയിരുന്നു. 1950 വരെ വെള്ളം വറ്റിച്ച് പാടശേഖരം സംരക്ഷിച്ചിരുന്നത് സ്വകാര്യ വ്യക്തികളായ ഏ. സി. ആർ. മേനോൻ, സി. പി. പരമേശ്വരൻ നമ്പൂതിരി, വട്ടപ്പറമ്പത്ത് ഗോവിന്ദൻ നായർ മുതൽ പേരായിരുന്നു. ഇത് അന്ന് അവരുടെ ഒരു കുത്തക അവകാശമായിട്ടാണ് നടത്തിയിരുന്നത്. അവർ അതിന് അമിതമായ നിരക്കിൽ പണം വസൂലാക്കിയിരുന്നു. 1950ൽ കൃഷിക്കാർ സംഘടിച്ച് സഹകരണാടിസ്ഥാനത്തിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ടി. കെ. നാരായണ പിള്ളയുടെ നിർദ്ദേശമനുസരിച്ച് 8180ം നമ്പ്ര് കോൾ കൂട്ടു കൃഷി സഹകരണ സംഘം രൂപീകരിച്ച് കൃഷി നടത്താൻ ആരംഭിച്ചു. ഇതിനു മുൻപന്തിയിലുണ്ടായിരുന്നത് ടി. കെ. കുഞ്ഞയ്യപ്പൻ മാസ്റ്ററായിരുന്നു. അദ്ദേഹത്തോടൊപ്പം അഞ്ചെക്കാളൻ അയ്യപ്പൻ, പ്രഭാകര മേനോൻ, ചേർന്നോത്ത് കൃഷ്ണൻ, രാമൻ മേനോൻ, ഗോവിന്ദൻ മേനോൻ, കരിപ്പൂര് ശങ്കര മേനോൻ എന്നിവരായിരുന്നു. ഇത് ഇന്ത്യാ രാജ്യത്തിനു തന്നെ ഒരു പുതിയ മാതൃകാസ്ഥാപനമാകുകയും ചെയ്തു. 1968ൽ 8180ം നമ്പ്ര് സംഘം വിവിധോദ്ദേശ സർവ്വീസ് സഹക

രണ സംഘമായി മാറി. 1965, 66 മുതൽ സംഘം ഇരുപ്പൂ കൃഷി സമ്പ്രദായം നടപ്പിലാക്കി (മുണ്ടകൻ, പുഞ്ച). 1957 മുതൽ 1980 വരെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഒരു സുവർണ്ണ കാലഘട്ടമായിരുന്നു. വളരെയധികം വികസന പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ കോൾപടവുകളിൽ നടത്തിയിട്ടുണ്ട് കെ. എൽ. ഡി. സി മുഖേന സ്ഥിരം ബണ്ട് നിർമ്മാണം, ആധുനികരീതിയിലുള്ള കൃഷി സമ്പ്രദായം എന്നിവ നിലവിൽ വന്നു.

1986ൽ സംഘത്തിന് കൃഷിസംബന്ധമായ പ്രവർത്തികൾ ഏറ്റെടുത്തു നടത്തുവാൻ പറ്റാത്ത സാമ്പത്തിക തകർച്ചാ സാഹചര്യം ഉണ്ടായി. അതിനെ തുടർന്ന് എല്ലാ കൃഷിക്കാരും ചേർന്ന് അന്തികാട് കോൾപടവ് പാടശേഖരകമ്മിറ്റി രൂപികരിച്ച് പ്രവർത്തനം ആരംഭിക്കുകയും അന്നുമുതൽ കൃഷിസംബന്ധമായി എല്ലാ പ്രവർത്തികളും പാടശേഖരകമ്മിറ്റിയാണ്. നടത്തിവരുന്നത്.

### കെ. എൽ. ഡി. സി. എ. ഡി. എ. എന്നിവയുടെ പ്രവർത്തനം.

തൃശൂർ ജില്ലയിൽ കരുവന്നൂർ പുഴയുടെ വടക്കുഭാഗത്ത് കിടക്കുന്ന 20000 ഏക്കർ വരുന്ന മനക്കൊടി കായലും തെക്കുഭാഗത്തുള്ള ചെമ്മണ്ട കായൽ ഉൾപ്പെട്ട 10000 ഏക്കർ വരുന്ന വെള്ളക്കെട്ടു പ്രദേശമാണ് തൃശൂർ കോൾനിലങ്ങൾ എന്ന പേരിൽ അറിയുന്നത്. ഇതിൽ വടക്കുഭാഗത്തുള്ള മനക്കൊടി കായലിൽ വർഷാവർഷങ്ങളിൽ മുളയും ഓലയും ഉപയോഗിച്ച് മാടവരമ്പുണ്ടാക്കി ചേറുനിറച്ച് ബണ്ടുകൾ നിർമ്മിച്ചാണ് പടവുകൾ തിരിച്ച് വെള്ളം വറ്റിച്ച് കൃഷി നടത്തിയിരുന്നത്. ഒരു കാലഘട്ടം വന്നപ്പോൾ മുളയും മറ്റും കിട്ടാതായത്. ഈ കൃഷിക്കാർക്ക് ഭാരിച്ച ചിലവായി. അതും അല്ല അതിവർഷം വന്നാൽ ബണ്ടുപൊട്ടി കൃഷിനശിക്കുകയും പതിവായിരുന്നു. ഇതിൽനിന്ന് മോചനം കിട്ടാനാണ് സ്ഥിരം ബണ്ടുവേണ മെന്ന് കർഷകർ മുറവിളി കൂട്ടിയത്. അങ്ങനെയാണ് സ്ഥിരം ബണ്ടു നിർമ്മാണത്തിനായി കേരള ലാന്റ് ഡവലപ്മെന്റ് കോർപറേഷൻ 1976ൽ സർക്കാർ രൂപികരിച്ചത് (കെ. എൽ. ഡി. സി) കോർപറേഷൻ ഏറ്റെടുത്തത് ഏറ്റവും ആദ്യം ആരംഭിച്ചത് അന്തിക്കാട് പടവിന്റെ കിഴക്കുഭാഗത്തുകൂടി ഒഴുകുന്ന പെരുമ്പുഴ തോടിന്റെ പണിയാണ്. ഏറ്റവും ആദ്യം പൂർത്തിയാക്കിയതും ഈ ബണ്ടിന്റെ പണി തന്നെയാണ്. നബാഡിൽ നിന്നുള്ള ധന സഹായം കൊണ്ടായിരുന്നു കെഎൽഡിസിയുടെ പ്രവർത്തനം. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ നബാഡ് സാമ്പത്തിക സഹായം നിർത്തിയപ്പോൾ കെഎൽഡിസിയുടെ പ്രവർത്തനം സതംഭിച്ചു. പീന്നിട് കേരളസർക്കാർ തന്നെ മുന്നോട്ട് വന്ന് തൃശൂർ കോൾ വികസന ഏജൻസി (കെഡിഎ) 1992ൽ രൂപം കൊടുത്തു ഇതിൽ കൂടുതലും അനൗദ്യോദിക മെമ്പർ മാരാണ്. ഇവരിൽ മിക്കവരും തൃശൂർ ജില്ലാ കോൾ കർഷക സംഘത്തിന്റെ ഭാരവാഹികളാണ്. അതുകൊണ്ട് ഇപ്പോൾ പ്രവർത്തനം വളരെ കാര്യക്ഷമമായി നടന്നു വരുന്നു. സ്ഥിരം ബണ്ടുകളുടെയും , പാലങ്ങൾ, പെട്ടിക്കുഴികൾ മുതലായവയുടെ നിർമ്മാണപ്രവർത്തനങ്ങൾ 1997ൽ തന്നെ പൂർത്തിയാക്കണമെന്ന ലക്ഷ്യത്തോടെ ത്വരിതഗതിയിൽ പ്രവർത്തനം നടക്കുന്നുണ്ട്. ഇതെല്ലാം പൂർത്തികരിച്ചാൽ കർഷകർക്ക് വലിയൊരു അനുഗ്രഹമായിരിക്കും.

കമാന്റ് ഡവലപ്മെന്റ് അതോററ്റിയും പീച്ചി പദ്ധതിയുടെ ജലസേചിത പ്രദേശങ്ങൾ (കോൾനിലങ്ങളിൽ) പലവികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് അന്തിക്കാട് കോൾപടവിൽ തന്നെ പലഭാഗത്തും കോൺക്രീറ്റ് തോടുകൾ, ചെറിയ പാലങ്ങൾ നിർമ്മിച്ചതും കർഷകർക്ക് അനുഗ്രഹമായി.

## പീച്ചി ചിമ്മിണി.

ആദ്യകാലത്ത് കോളിൽ പടവുകൾ തരിശിട്ട് കൃഷിചെയ്യുന്ന സമ്പ്രദായമായിരുന്നു. എന്നാൽ എല്ലായിടത്തും കൃഷിചെയ്യാൻ തുടങ്ങിയപ്പോൾ വേനൽ മഴ പിഴച്ചാൽ കോൾകൃഷിയും പിഴക്കാറാണ് പതിവ്. ഇതിനു മോചനമായിട്ടാണ് പീച്ചി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. എന്നാൽ 1970 മുതൽ പീച്ചി വെള്ളം കൊണ്ടുമാത്രം കൃഷി നടത്താൻ നിവർത്തിയില്ലാത്ത സ്ഥതിവിശേഷം നിലവിൽ വന്നു. അപ്പോഴാണ് മുപ്പളി ചിമ്മിണി പദ്ധതിക്ക് മുറവിളി കൂട്ടിയത് അതിനുമുന്നിൽ നിന്നു പ്രവർത്തിച്ച ,തൃശൂർ ജില്ലാ കോൾ കർഷക സംഘത്തിന്റെ പ്രസിഡന്റ് ശ്രീ. എൻ. ഐ. ദേവസ്സികുട്ടിയും സെക്രട്ടറി ശ്രീ. കെ. പി. പ്രഭാകരനെയും ഈ അവസരത്തിൽ ഓർക്കാതിരിക്കാൻ വയ്യ. അവരുടെ സേവനം കോൾ കർഷകർ എന്നത്തേക്കും ഓർമ്മിക്കുന്നതാണ്. 1976ൽ ചിമ്മിണിക്ക് തറക്കല്ലിട്ടെങ്കിലും 1996ലാണ് പദ്ധതി രാഷ്ട്രത്തിന് സമർപ്പിച്ചത്. എന്നിരുന്നാലും 1994 മുതൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തതിനാൽ അന്നുമുതൽ കോൾനിലങ്ങളിൽ സമർദ്ധിയായി വെള്ളം കിട്ടികൊണ്ടിരിക്കുന്നുണ്ട്. അങ്ങനെ കോൾനിലങ്ങളിലെ ജല ദൗർബല്ല്യം ഇനിയെരുക്കാലത്തും ഉണ്ടാവില്ലെന്നാശിക്കാം.

## ഭൂപരിഷ്ക്കരണം.

1957ൽ മര്യാദ പാട്ടം നിജപ്പെടുത്തി ഒഴിപ്പിക്കൽ നിരോധന നിയമം നിലവിൽ വന്നു. അതു കൃഷിക്കാർക്ക് ഏറേ സുരക്ഷിതത്ത്വം നൽകി 1970 ജനുവരി ഒന്നുമുതൽ നിലവിൽ വന്ന ഭൂപരിഷ്ക്കരണ നിയമം മൂലം ജന്മിമാർക്ക് ചെറിയ നഷ്ട പരിഹാരം നൽകി കൃഷിക്കാർ ഭൂവുടമകളായി മാറി. ഇതിന്റെ ഫലമായി 1970ൽ അന്തിക്കാട് പടവിലെ കൃഷി 1400 പേരുടെ കൈയ്യിലായിരുന്നത് 1980 ആയപ്പോൾ 2200 പേരുടേതായി. കൂടാതെ കൃഷിക്കാർക്ക് കൃഷിയിൽ പുതിയ ഒരു ഉണർവ് ഉണ്ടാവുകയും അങ്ങനെ കാർഷിക മേഖല അഭിവൃദ്ധിപ്പെടുകയും ചെയ്തു. ഇതിന്റെ ഫലമായി കേരളത്തിനെ 33 ലക്ഷം കുടുംബങ്ങൾക്ക് നേട്ടമുണ്ടായി ഇത് കൃഷിക്കാരുടെയും കർഷകതൊഴിലാളികളുടെയും സാമ്പത്തിക നേട്ടങ്ങൾക്ക് വഴിയൊരുക്കി. മാത്രമല്ല സ്വാഭാവികമായും ഒരു സാമൂഹ്യമാറ്റത്തിന് ഒരു നാന്ദി കുറുക്കുകയും ചെയ്തു, എന്നാൽ സാമ്പത്തിക നേട്ടവും വികസനപ്രവർത്തനങ്ങളുടെ ആരംഭവും തൊഴിലാളികളെയും കർഷകരെയും മറ്റ് പല മേഖലകളിലേക്ക് കൂടുതൽ ആകർഷിച്ചു. തൽഫലമായി കർഷകർക്കും തൊഴിലാളികൾക്കും കൃഷിയോടുള്ള അഭിരുചി ഗണ്യമായി കുറഞ്ഞു. 1972 മുതൽ 80 വരെയുള്ള കാലഘട്ടങ്ങളിൽ ഉണ്ടായ പ്രകൃതിയിലെ അൽപം ചില മാറ്റങ്ങളും മുഞ്ഞ മുതലായ കീടങ്ങളുടെ ആക്രമണവും കീടനാശനികളുടെയും രാസവളങ്ങളുടെയും അമിതമായ ഉപയോഗവും എക്കൽ മണ്ണിന്റെ അഭാവവും മണ്ണിന്റെ ഘടനയേയും ജൈവ സ്വഭാവത്തെയും ഗണ്യമായി മാറ്റി. ഉല്പാദനക്ഷമത വളരെയധികം കുറയുന്നതിന് ഇത് കാരണമായി. കൃഷിക്കാർക്ക് ഉൽപ്പാദക ചെലവ് വളരെയധികം വർദ്ധിച്ചു അതേസമയം ഉൽപന്നത്തിനും ഉൽപാദക ചിലവ് അനുസരിച്ചുള്ള വില ലഭിക്കാതിരിക്കുകയും ചെയ്യുന്ന ഒരു അവസ്ഥ ഉളവായി.

മേൽപറഞ്ഞ കാരണങ്ങൾ കൊണ്ട് തൊഴിലാളികളുടെ ദൗർബല്യം കൊണ്ടും കർഷകർ കൃഷിയിൽ താൽപര്യം കുറക്കുകയും തന്മൂലം 1993 മുതൽ ഇരുപ്പുകൃഷിയിൽ നിന്നും ഒരു പൂവ് കൃഷി ചെയ്യുക എന്നതിലേക്ക് കൃഷിക്കാർ എത്തിച്ചേർന്നു. മുണ്ടകൻ കൃഷി ചില കാലങ്ങളിൽ തുലാവർഷത്തിലെ അമിതവെള്ളംകൊണ്ടും കരവെള്ളം ഇറങ്ങിയും നശിക്കുകയും പുഞ്ചകൃഷി വെള്ളം ലഭിക്കാതെ ഉണങ്ങി പോവു

കയും ചെയ്യാറുണ്ട്. ചിമ്മണിപദ്ധതി പ്രവർത്തനം ആരംഭിച്ചതു മൂലം പുഞ്ചകൃഷി പൂർണ്ണമായും ഉണക്കത്തിൽ നിന്ന് രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട് 1935നും 1995നും ഇടയിലുള്ള കൃഷിസംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ താഴെ കൊടുക്കുന്നു.

പട്ടിക

| വർഷം | 1935 | 1995 | വർധിച്ചത് |
|---|---|---|---|
| പുരുഷന്കൂലി | 4ണ | 100രൂ | 400 |
| സ്ത്രീ ക്ക് കൂലി | 2ണ | 45രൂ | 360 |

ചെലവിലും വരുമാനത്തിലുമുള്ള ഈ അന്തരമാണ് കർഷകനെ കൃഷിയിൽ നിന്നും പിൻമാറ്റിയത്. കൂടാതെ രാസവളങ്ങൾക്കും കീടനാശിനികൾക്കും വർഷാവർഷങ്ങളിൽ ക്രമാതീതമായി വില വർദ്ധിക്കുന്നുണ്ട്.

## വട്ടൻനിലങ്ങളിലെ നെൽകൃഷി

വട്ടൻനിലങ്ങൾ 60%വും മണ്ണിട്ട് നികത്തി തെങ്ങിൻ തോപ്പുകളും പുരയിടങ്ങളുമായിമാറി. മിക്ക ജലനിർഗമനചാലുകളും റോഡുകളായി മാറി. ഈ രണ്ടു കാരണങ്ങളാൽ ശേഷിക്കുന്ന വട്ടനിലങ്ങളിൽ പലഭാഗങ്ങളിലും വെള്ളകെട്ടാവുകയും അതേസമയം മറ്റുഭാഗങ്ങളിൽ വെള്ളം കിട്ടാതെ വരുന്നതു കൊണ്ട് മിക്കസ്ഥലങ്ങളിലും കൃഷിചെയ്യാൻ നിവർത്തിയില്ലാതെ വന്നിരിക്കുന്നു.

അന്തിക്കാട് ലിഫ്റ്റ് ഇറിഗേഷൻ 1974ൽ ആരംഭിച്ചത് അന്തിക്കാട് പടിയം വില്ലേജിലുള്ള 201.52 ഹെകൂർ വട്ടനിലങ്ങളിലേക്ക് ജലസേചനത്തിന് ഉദ്ദേശിച്ചുകൊണ്ടാണ് മുൻപറഞ്ഞ കാരണങ്ങളാൽ ഭൂരിഭാഗം സ്ഥലങ്ങളിലും ലിഫ്റ്റ് ഇറിഗേഷൻ കനാൽ പ്രവർത്തന ശേഷി ഉല്ലാത്തതായി ഇരിക്കുന്നു. യഥാർത്ഥത്തിൽ ഇന്നുവെറും 5% ഭാഗത്തു മാത്രമാണ് വട്ടൻ നിലം കൃഷി ചെയ്തു വരുന്നത് പലഭാഗത്തും സ്ഥലം തരിശായി കിടക്കുകയാണ്.

## തെങ്ങുകൃഷി

ഈ പഞ്ചായത്തിൽ നിലവിലുളള സ്ഥിതി വിവരകണക്ക് അനുസരിച്ച് 44% പുരയിടങ്ങളാണ്. പുരയിടങ്ങളിൽ വീട് നിൽക്കുന സ്ഥലങ്ങൾ ഒഴിച്ച് ബാക്കി മുഴുവൻ സ്ഥലങ്ങളും തെങ്ങ് കൃഷിയാണ്. വട്ടം നിലം നികത്തി പുരയിടമാക്കിയ സ്ഥലം കൂടി കണക്കാക്കിയാൽ മൊത്തം തെങ്ങുകൃഷി പഞ്ചായത്തിന്റെ വിസ്തൃതിയുടെ 59% വരുന്നതായി കാണുന്നു.

ആദ്യകാലങ്ങളിൽ പറമ്പുകളിൽ പ്രത്യേകിച്ചും വർഷകാലകത്ത് പയർ, ചേമ്പ് മുതലായ ഇടവിളകൾ ഉണ്ടായിരുന്നതുകൊണ്ടും ഇടവരമ്പുകളും ഉണ്ടായിരുന്നതിനാൽ മണ്ണൊലിപ് തടയുകയും മണ്ണിന്റെ ജൈവ സ്വഭാവം നിലനിർത്തിയിരുന്നതു കൊണ്ട് കൂടുതൽ വെള്ളം മണ്ണിലേക്ക് താഴ്ന്നു പോയിരുന്നു. അതുകൊണ്ടു മണ്ണിലെ ജല സംഭരണശേഷി വർദ്ധിച്ചിരുന്നു. കൂടാതെ മിക്കവീടുകളിലും ഉഴവുമാടുകളും കറവുമാടുകളും ഉണ്ടായിരുന്നതു കൊണ്ട് കാലിവളം സമൃദ്ധിയായി ഉപയോഗിക്കവാൻ സാധിച്ചിരുന്നു. ഇതിനു പുറമേ മിക്ക പറമ്പുകളിലും കാവുകൾ ഉണ്ടായിരുന്നു. അത് ഇന്ന് ഒരു കല്ലും മരവുമായി ശേഷിച്ചിരിക്കുന്നു. പമ്പുസെറ്റുകളുടെ ഉപയോഗം അന്ന് തീരെ ഉണ്ടായിരുന്നില്ല. അതുകൊണ്ട് കുളങ്ങളും കിണറുകളും വറ്റുക എന്ന സ്ഥിതി വിശേഷം ഉണ്ടായിരുന്നില്ല. ഈ കാരണങ്ങളെ കൊണ്ട് ഉല്പാദന ചിലവ് കുറവും ഉല്പാദനക്ഷമത കൂടുതൽ ആയിരുന്നു. ഒരു ഏക്കർ സ്ഥലത്ത് നിന്ന് ശരാശരി വർഷത്തിൽ 9,000 മുതൽ 10000 വരെ നാളികേരം കിട്ടിയിരുന്നു.

കാലാവസ്ഥയിൽ വന്ന മാറ്റവും പറമ്പുകളിലെ ഇടവിള കൃഷി നിന്നുപോയതു

കൊണ്ടും കാലിവളർത്തലിൽ വന്ന കുറവു കാരണം ഉല്പാദനക്ഷമത കുറഞ്ഞ് ഏക്കറിന് വർഷത്തിൽ ശരാശരി 4000 മുതൽ 4500 വരെ നാളികേരമാണ് ഇന്ന് കിട്ടികൊണ്ടിരിക്കുന്നത്. തെങ്ങുകളുടെ വർദ്ധനവും അതേസമയം തെങ്ങുകയറ്റ തൊഴിലാളികളുടെ അഭാവവും യഥാസമയം തെങ്ങു സംരക്ഷിക്കുന്നതിനും വിളവെടുപ്പിനും പ്രയാസമുണ്ടാക്കിയിട്ടുണ്ട്. യഥാസമയം തെങ്ങു കയറാത്തത് ഉല്പാദന ക്ഷമത കുറയുവാൻ ഒരു കാരണമാണ്. തെങ്ങിനെ സംരക്ഷിക്കുന്നരിൽ തൊഴിലാളികൾക്കും പ്രധാന പങ്കുണ്ട്. വിപണനരംഗത്ത് ഇടത്തട്ടുക്കാരുടെ ചൂഷണവും ഉല്പന്നത്തിന് ന്യായമായ വില ലഭിക്കാതെരിക്കുന്നതും കൃഷിക്കാരെ ഏറെ ബുദ്ധിമുട്ടിലാക്കിയിരിക്കുന്നു. ഉല്പാദന വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ ഉല്പന്നത്തിനു കിട്ടുന്നവില അപര്യാപ്തമാണ്. ഉദാഹരണമായി 1984ൽ ഒരു ക്വിന്റൽ വെളിച്ചെണ്ണക്ക് 5500 രൂപ വിലയുണ്ടായിരുന്നു. അതേസ്ഥാനത്ത് 1994, 1995, 1996ന്റെ മദ്ധ്യം വരെയും വില ക്വിന്റലിന് 4000ത്തിന് താഴെയായിരുന്നു. 1996 ജൂൺ മുതൽക്കാണ് 5000 രൂപക്കടുത്ത് വിലനിൽക്കുന്നത്. ഇത് എത്രത്തോളം തുടർന്ന് നിൽക്കുന്നു എന്ന് പറയാനും വയ്യ.

## ഭൂവിനിയോഗം




1. കോൾനിലം രണ്ടു പടവ് കൃഷി ചെയ്യാവുന്നത് 288.84ഹെക്ടർ
2. ഉയർന്ന സമതലം തെങ്ങിൻതോപ്പ് 214.00ഹെക്ടർ
3. തീരസമതലം 313.00 ഹെക്ടർ
4. നിലമായിരുന്നത് നികത്തിയത് 170.00 ഹെക്ടർ
5. കൃഷിസ്ഥലം കൃഷിചെയ്യാതെ തരിശായി കിടക്കുന്നത് 190.00 ഹെക്ടർ
6. പാടം നെൽകൃഷി ഇപ്പോൾ ചെയ്തുവരുന്നത് 47.00 ഹെക്ടർ
7. പുറംപോക്ക് (തോട്, തോട് നികത്തിയത്, കുളം മുതലായവ) 93.00 ഹെക്ടർ

ആകെ 1315.84 ഹെക്ടർ

## കൃഷിരീതി അന്നും ഇന്നും.

### വട്ടൻ പാടം

വർഷാവർഷങ്ങളിൽ പത്തേമാസം (ധനു 11നു) പൂരത്തിനു മുമ്പുതന്നെ വട്ടൻ പാടങ്ങളിലെ കൊയ്ത്തു കഴിഞ്ഞിരിക്കും (മുണ്ടകൻ കൊയ്ത്ത്) പത്തേമാസം എല്ലാവർക്കും ഒഴിവു ദിവസമാണ്. പത്തേമാസം മിക്കവർഷങ്ങളിലും അന്നു തന്നെയിരിക്കും ക്രിസ്തുമസ്സും. പത്തേമാസ ദിവസം കർഷകപ്പണികൾ (കൊയ്ത്തും പൂട്ടും) ഒന്നും തന്നെ ചെയ്യാൻ പാടില്ലെന്നതാണ് വിശ്വാസം. പൂരം കഴിഞ്ഞ് പിറ്റേ ദിവസം മുതൽ പാടത്ത് കന്നുകളെ കൊണ്ട് പൂട്ടാരംഭിക്കലായി. അര ഏക്കർ വട്ടൻപാടവും ഒരേക്കർ തെങ്ങിൻ പറമ്പും ഉളള മിക്ക കാർഷിക കുടുംബങ്ങളിലും അന്ന് പൂട്ടുന്നതിന് മൂരികളോ അല്ലങ്കിൽ പോത്തുകളോ ഉണ്ടായിരുന്നു. അവരെ നോക്കാനും പൂട്ടനും മാസ ശബളക്കാരും ഉണ്ടായിരുന്നു. മകരമാസം അവസാനം വരെ എന്നും പൂട്ടു തന്നെയാണ്. പതിനെട്ടു ചാലും മുട്ടിയും കോഴിമുട്ട വീണാൽ ഉടയരുതെന്നാണ് പറയാറ്.

മീനം 15നും വിഷുവിനും മുമ്പായി മിക്കവർഷങ്ങളിലും വേനൽമഴ കിട്ടാറുണ്ടായിരുന്നു. അങ്ങനെ മഴ കിട്ടുന്ന വർഷങ്ങളിൽ മീനം 25നോടടുത്തു തന്നെ വട്ടൻവിത തുടങ്ങും അല്ലെങ്കിൽ വിഷു പിറ്റേവിത തുടങ്ങും അന്ന് മിക്ക വീടുകളിലും പണിക്കർ (ജോത്സ്യർ) വിഷു ഫലം പറയുന്നതിന് എത്താറുണ്ട്. അപ്പോൾ എന്നാണ് പൊഴുതു വിതക്കേണ്ടതെന്ന നിർദ്ദേശവും തന്നിരുന്നു. അതനുസരിച്ചാണ്. മിക്കവരും വിത ആരംഭിക്കുക. വിതയ്ക്കുന്നതിനു മുമ്പായി ചാണപ്പൊടിയും വെണ്ണീറും കൂട്ടി കലർത്തിയത് വിതറും. മിക്ക കൃഷിക്കാരുടെ പറമ്പിലും കുടികിടപ്പുകാരുണ്ടായിരുന്നു. അവർ അവരുടെ വീട്ടിലുള്ള വെണ്ണീറ് മുതലാളിയുടെ വട്ടൻപാടത്തിടുന്നതിന് സൂക്ഷിച്ചുവെച്ചിരിക്കും. അതിടുന്ന കണ്ടം അവർക്ക് കൊയ്യാനുള്ളതാണ്. അതാണ് വെണ്ണീർകണ്ടം. അല്ലാത്ത കണ്ടങ്ങൾ മുതലാളിയുടെ വീട്ടുകാർ തന്നെയാണ് കൊയ്തു കെട്ടാറ്. വെണ്ണീർകണ്ടക്കാരൻ (കുടികിടപ്പുകാർ) കൊയ്ത്തിന് മുതലാളിയുടെ വീട്ടുകാരെ സഹായിക്കാറുണ്ട്. അതിനവർക്ക് ഭക്ഷണവും കൂലിയും കിട്ടും.

വിതച്ചുകൊത്തുകയോ അല്ലെങ്കിൽ വിത്തു വെയ്ക്കുകയോ ആണ് പതിവ്. വിത്തുവെയ്ക്കുന്നത് ഒന്നുകിൽ വിതച്ചു കൊത്തി കമഴ്ത്തുകയോ അല്ലെങ്കിൽ പൂട്ടുമ്പോൾ വരുന്ന പൊളിയിൽ വിത്തു വെയ്ക്കുകയോ ആണ് പതിവ്. ഈ വിത മഴ കിട്ടിയാലും കിട്ടിയില്ലങ്കിലും വിഷുപിറ്റേ ചെയ്തിരിക്കും മഴ കിട്ടുമ്പോൾ എല്ലാം മുളയ്ക്കുകയും ചെയ്യും. മുള വന്നതിന് ശേഷം എട്ടുപത്തു ദിവസം കഴിഞ്ഞാൽ പല്ലൻ മുട്ടികൊണ്ട് വലിക്കും. അതിന് കന്നുകാലിയെ ഉപയോഗിക്കാറില്ല. പല്ലൻമുട്ടിയിൻമേൽ ചെറിയ ഭാരം വെച്ച് (കല്ലു) ആൾക്കാർ തന്നെയാണ് വലിക്കാറ്. അതു മിക്കവാറും കർഷകനും അവന്റെ ശമ്പളക്കാരനും കൂടിയായിരുന്നു.

മേടം 30ാം ന്യൂതിയാകുമ്പോഴേക്കും മിക്ക വർഷങ്ങളിലും നല്ല മഴ കിട്ടാറുണ്ട്. അപ്പോൾ പാടത്ത് പുല്ലുപറി ആരംഭിക്കുകയായി. അത്ര അധികം പുല്ലൊന്നും ഉണ്ടാകാറില്ല. മുത്തങ്ങ, കവിട്ട, മഞ്ഞ്, ചൊവ്വരി എന്നിവയാണ് സാധരണകാണാറുള്ള പുല്ല്. പുല്ലുപറി കഴിഞ്ഞതും ചാണകം കുറച്ചു കൂടി വിതറും. അപ്പോഴെക്കും ഇടവപ്പാതിയുടെ വരവും നല്ല വർഷവുമായി മഴ എത്ര പെയ്താലും 24 മണിക്കൂറിൽ കൂടുതലൊന്നും പാടത്ത് വെള്ളം കെട്ടിനിൽക്കുകയില്ല. എത്ര വെള്ളംവന്നാലും ഒഴിഞ്ഞുപോകാനുള്ള ജലനിർഗമന തോടുകൾ ഉണ്ടായിരുന്നു. മാത്തുതോട്, പാന്തോട്, ശ്രീരാമൻചിറതോട്, എടത്തിരി തോട്, പരപ്പൻചാൽ എന്നിവയായിരുന്നു പ്രധാന തോടുകൾ. കൂടാതെ മരാത്ത് ഇടവഴി, കൊലയാംപറമ്പത്ത് ഇടവഴി, മേനോത്ത് ഇടവഴി, പണിക്കരുടെ ഇടവഴി, കൊച്ചത്തകായി ഇടവഴി എന്നിങ്ങനെ വളരെയധികം ഇടവഴികളുണ്ടായിരുന്നതും ജലനിർഗ്ഗമന മാർഗ്ഗങ്ങളായിരുന്നു. അതുകൊണ്ട് വെള്ളകെട്ടിന്റെ ശല്ല്യം മിക്ക പ്രദേശത്തും ഉണ്ടായിരുന്നില്ല. കനോലി കനാലിന്റെ സമീപ പ്രദേശത്തുമാത്രമാണ് കുറച്ചു വെള്ള ക്കെട്ടുണ്ടായിരുന്ന സ്ഥലം. പക്ഷേ അവിടെ കൊടിയൻ കൂട്ടി വിതയായിരുന്നതുകൊണ്ട് അത് കൃഷിയെ അത്ര ബാധിക്കാറുമില്ല. മറ്റുഭാഗങ്ങളിലെല്ലാം ചീര, വട്ടൻ, ചിറ്റേനി എന്നീ വിത്തുകളായിരുന്നു. വിതയ്ക്കാറ്.

കീടങ്ങളുടെ യാതൊരു ശല്ല്യവും അന്നില്ലായിരുന്നു. കർക്കിടകം 15നോടുകൂടി കൊയ്ത്താരംഭിക്കും. തലക്കും കാവിനും ആണ് കറ്റകെട്ടാറ്. മിക്ക കർഷക കുടുംബക്കാരും അന്ന് കൊയ്ത്തിന് ഏർപ്പെട്ടിരുന്നു. കൂട്ടത്തിൽ വെണ്ണീർ കണ്ടക്കാരും അന്ന് കൊയ്ത്തിന് പതമ്പ് അഞ്ച് കർഷകനും ഒന്ന് കൊയ്ത്തുകാർക്കും.

കൊയ്ത്തിനുമുമ്പ് കർഷക കുടുംബങ്ങളിൽ ചില പ്രത്യേക ചടങ്ങുകളും ഉണ്ടാ

യിരുന്നു. കർക്കിടകം 1 അതായത് കർക്കിക സംക്രാന്തിക്ക് തലേദിവസം തന്നെ വീടിന്റെ പരിസരമെല്ലാം ചെത്തി വൃത്തിയാക്കിയിരിക്കും മിഥുന മാസത്തിലെ അവസാന ദിവസം കർക്കിടക സംക്രന്തിക്ക് തലേനാൾ സന്ധ്യക്ക് മുറ്റമടിച്ച് ആ ചവറ് ഒരു പഴയ കലത്തിൽ വെച്ചിരിക്കും അതിൽ ഉപ്പും മുളകും മറ്റും ഇട്ടിരിക്കും. സംക്രന്തിനാൾ പുലർച്ചക്ക് വീട്ടിലെ ഗൃഹനായികയോ അല്ലെങ്കിൽ മുതിർന്ന പെൺമക്കളോ തലേദിവസം തയ്യാറാക്കി വച്ചിരുന്ന കലത്തിൽ ഒരു പന്തവും വെച്ച് അടുത്തുളള പാടത്തിന്റെ വരമ്പുകളുടെ മൂലയിൽ കൊണ്ടുവെയ്ക്കും. അത് അടുത്തുള്ള വീട്ടുകാരും കൂടി കൂട്ടമായിട്ടാണ് കൊണ്ടുപോകുക. കൊണ്ടുപോകുമ്പോൾ വീടിനെ മൂന്നു പ്രദിക്ഷണം ചെയ്ത് പൊട്ടീം മക്കളും പോ പോ ശ്രീ പാർവ്വതീം മക്കളും വാ വാ എന്നു പറഞ്ഞു കൊണ്ടായിരുന്നു പൊട്ടിയെ കളഞ്ഞതിനുശേഷം സ്ത്രീകൾ കൂട്ടമായിതന്നെ മടങ്ങി അടുത്തുളള കുളത്തിൽ കുളിച്ച് വീട്ടിൽ വന്ന് വീടിന്റെ കിഴക്കേ ഇറയത്ത് നടയിൽ വിളക്കു കത്തിച്ച് വെച്ച് മുക്കുറ്റി, ചണ്ണ, കുവ്വ, തുളസിയില, അത്തി, ഇത്തി, പേരാൽഇല, മറ്റുപുഷ്പങ്ങൾ എന്നിവ വെച്ച് ഒരു പൂജ നടത്തും. പൂജക്കു ശേഷം ചണ്ണയും കുവ്വയും പുരയുടെ മേൽകുരയുടെ പുറത്ത് നാലുഭാഗത്തും എറിയും. അന്ന് മിക്ക വിടുകളും ഓലപ്പുരകളായിരുന്നു.

കൊയ്ത്തിനു മുമ്പായി ഇല്ലം നിറയ്ക്കലും ചെയ്തിരിക്കണം, അതിനുശേഷമേ കറ്റ മുറ്റത്ത് ഇറക്കാവൂ എന്നായിരുന്നു വിശ്വാസം. ഇല്ലംനിറക്ക് നെൽകതിർകെട്ടും വെച്ച് വിടിന്റെ നടയിൽ ഒരു പൂജ നടത്തും. അതിനുശേഷം വീടിനുചുറ്റും നടന്ന് ഇല്ല നിറ നിറ വല്ലം നിറ നിറ പത്തായം നിറ, പെട്ടി നിറ എന്നു പറയും. ഇതു കഴിഞ്ഞ് വീടിന്റെ നടയുടെ മുകളിലെ കഴുക്കോലിൽ നെൽക്കതിർകെട്ടി വയറ എന്നു പറയുന്ന വള്ളികൊണ്ടും കെട്ടി ഞാത്തിയിടും. ഇത് അടുത്ത വർഷം ഇപ്രകാരം കെട്ടുമ്പോഴാണ് അഴിച്ചു കളയാറ്. ഇതുപോലെ പത്തായത്തിൻമേലും ഉരലിൻമേലും നെൽകതിർ ചാണകം കൊണ്ട് പതിച്ചു വെയ്ക്കും.

കൊയ്ത്തു കഴിഞ്ഞാലത്തെ ചടങ്ങ് പുത്തരി ഊണാണ്. അക്കാലത്തെ ഒന്നാം ക്ലാസിലെ പാഠപുസ്തകത്തിൽ തന്നെ ഈ വരികൾ കണാം.

കർക്കിടമാസേപുത്തരിയുണ്ണും
ചിങ്ങംവരവേ വരുമിങ്ങോണം
കന്നിവരുമ്പോൾ നവരാത്രിയും
തുലാംവരവെ ദീപാവലിയും

അതായത് പുത്തൻ നെല്ലിന്റെ അരിചോറുണ്ണുന്നതിന് മുമ്പ് ഈ ചടങ്ങു കഴിഞ്ഞിരിക്കണം എന്നതാണ് വിശ്വാസം. പുതിയ നെല്ലുകൊണ്ട് അവിൽ ഇടിച്ച് ശർക്കരയും നാളികേരവും ചേർത്തി കുഴച്ചതാണ് വിഭവം. ഇത് മരിച്ചുപോയ കാരണവന്മാർക്ക് വീതു വെച്ചതിനു ശേഷമാണ് വിട്ടിലുളളവർക്ക് കാരണവർ കൈയിൽ കൊടുക്കുന്നത്. അന്ന് വീട്ടിൽ പല വിഭവങ്ങളോടുകൂടിയ ഒരു സദ്യ തന്നയുണ്ടായിരിക്കും.

കൊയ്തും മെതിയും കഴിഞ്ഞാൽ വയക്കോലിന്റെ പണിയായി. വയ്ക്കോൽ തല്ലി തുറു ഇടണം. അന്ന് വയ്ക്കോൽ തല്ലുന്നതിന് അടുത്ത പ്രദേശമായ നാട്ടികയിൽ നിന്നുപോലും സ്ത്രീകൾ അന്തിക്കാട് വയ്ക്കോൽ തല്ലാനുണ്ടോ, വയ്ക്കോൽ തല്ലാനുണ്ടോ, എന്നു വിളിച്ചു ചോദിച്ചു കൊണ്ട് എത്തിയിരുന്നു. വയ്ക്കോൽ തല്ലി ഉണക്കി ചെറിയ തുറു ഇടുന്നത് അവരായിരുന്നു. അവർക്ക് ഉച്ചക്ക് കഞ്ഞി കൊടുക്കും. കൂടുതൽ നെല്ല് വയ്ക്കോലിൽ നിന്ന് കിട്ടിയെങ്കിൽ കുറച്ചു നെല്ല് വീട്ടുകാർ എടുക്കും.

തീരെ നെല്ലില്ലെങ്കിൽ കുറച്ചു നെല്ല് തല്ലു കാർക്ക് വീട്ടുകാർ കൊടുക്കുകയും ചെയ്യും. അതായത് ഒന്നര ഇടങ്ങഴി നെല്ല് ഒരു ദിവസം കൂലിയായി കിട്ടിയാൽ അന്ന് സ്ത്രീകൾ തൃപ്തരായിരുന്നു. വക്കോൽ തല്ലി കഴിയുന്ന ദിവസം തന്നെ വക്കോത്തുറു ഇടും. മിക്ക വീടുകളിലും അന്ന് വക്കോത്തുറു കാണാമായിരുന്നു.

വട്ടൻ (വിരിപ്പ്) വിളവെടുത്താൽ ഉടനെ മുണ്ടകൻ കൃഷി ഇറക്കാൻ ശ്രമിക്കും. കൊയ്ത്തു കഴിഞ്ഞതും പൂട്ടുന്നതാണ്. മൂന്നു നാലു ചാലെങ്കിലും പൂട്ടും. പലരും മാവിന്റെ തൂപ്പിറക്കി പൂട്ടുന്നതിന് കണ്ടത്തിൽ ഇടാറുണ്ട്. അതുപോലെ തന്നെ ചാണകവും. നിലം പാടായാൽ ഞാറ്റുവേല നോക്കി മിക്കവാറും ആയില്ല്യത്തിൽ തന്നെ കൃഷിയിറക്കും. അന്നൊരു ചൊല്ലുണ്ട്. "ആയില്ല്യക്കള്ളൻ അകത്തേയും പുറത്തേയും കളയും". അതായത് കൊയ്തു കൊണ്ട് വെച്ചതും പാടത്ത് വിതച്ചതും വെള്ളം കൊണ്ട് മുക്കി കളയും. കൂടുതൽ നിലമുള്ളവർ മിക്കവർക്കും ഞാറ്റു കണ്ടമുണ്ടായിരുന്നു. അതായത് അവരുടെ ഒരു ഉയർന്ന കണ്ടം. അതിൽ വിരിപ്പു വിതയ്ക്കാറില്ല. തിരുവാതിര ഞാറ്റുവേലയിൽ ഞാറിടാറാണ് പതിവ്. ഇത് പറിച്ച് ആയില്ല്യത്തിൽ അല്ലെങ്കിൽ മകത്തിൽ തന്നെ നടുന്നതാണ്. രാസവളങ്ങളൊ കീടനാശിനികളൊ ഒന്നും തന്നെ അക്കാലത്ത് ഇല്ലായിരുന്നു. ചാണകം തന്നെ അന്നത്തെ വളം. അപൂർവ്വം ചിലർ കപ്പലണ്ടി പിണ്ണാക്ക് ഇടാറുണ്ടായിരുന്നു. മുണ്ടകന് പുല്ലിന്റെ ശല്ല്യം അത്ര കണ്ട് ഉണ്ടാകാറുമില്ല. ഉണ്ടെങ്കിൽ തന്നെ അത് പറിപ്പിക്കും. ഈ കൃഷി തുലാം വർഷത്തെയും അതിജീവിച്ച് നല്ലൊരു വിള കിട്ടാറുണ്ട്. വെള്ളപ്പൊക്ക കെടുതി ഒരിക്കലും ഉണ്ടാകാറില്ല. തുലാം വർഷം ചില കാലങ്ങളിൽ പിഴയ്ക്കാറുണ്ട്. അങ്ങനെ പിഴച്ചാലും ചില സ്ഥലങ്ങളിൽ മാത്രമാണ് ഉണക്കം ബാധിക്കാറ്. അങ്ങനെ സംഭവിച്ചാൽ അടുത്തുള്ള കുളങ്ങളിൽ നിന്ന് പമ്പ് സെറ്റ് വെച്ച് വെള്ളം എടുത്ത് നനച്ച് രക്ഷപ്പെടുത്താറുണ്ട്. ഇതിനൊരു പരിഹാരമായിട്ടാണ് 1974ൽ അന്തിക്കാട് ലിഫ്റ്റ് ഇറിഗേഷൻ വന്നത്. മാത്തു തോടിനു ചുറ്റും 500 ഏക്കറിന് ഉദ്ദേശിച്ചുള്ളതാണ്. എന്നാൽ ലിഫ്റ്റ് പ്രവർത്തനത്തിൽ വരുന്നതിനു മുമ്പു തന്നെ പലരും നിലം നികത്തി തെങ്ങപ്പാക്കി തോടുകൾ തൂർത്ത് വെള്ളം കെട്ടിക്കിടന്നു. വെള്ളം കയറാത്തതുമായി. എന്നാൽ പിന്നീട് ഇതിനു പരിഹാരത്തിനായി കൃഷിക്കാരോ ഡിപ്പാർട്ടുമെന്റോ ഇന്നുവരെയും രംഗത്തിറങ്ങിയിട്ടില്ല.

ഈ വിളവിറക്കിയത് വൃശ്ചികം അവസാനത്തിലും ധനു ആദ്യവുമായി കൊയ്തു കഴിയും. ഇതായിരുന്നു മുൻ കാലത്തെ വട്ടൻ പാടത്തെ കൃഷി രീതി. അന്ന് 10 മേനി വിളഞ്ഞാൽ കർഷകൻ വളരെ സന്തുഷ്ടനായിരുന്നു. അപ്പോഴും അവന് നല്ലൊരു ലാഭവും അവന്റെ കുടുംബവും അതു കൊണ്ട് ജീവിച്ചിരുന്നു. ഇന്ന് കൃഷി രീതി പാടെ മാറി മറിഞ്ഞിരിക്കുന്നു. ഒന്നാമതായി മുണ്ടകൻ കൊയ്തു കഴിഞ്ഞാൽ നിലം പൂട്ടി പൊടിയാക്കുന്നതിന് കാളകളൊ പോത്തുകളൊ ഇല്ല. ടില്ലർ കൊണ്ടോ, ട്രാക്ടർ കൊണ്ടോ അങ്ങനെ പൊടിയാക്കാൻ എളുപ്പമല്ല. മീനമാസത്തിലെ മഴ കിട്ടിയാൽ ചിലർ നിലം ഒരു ചാൽ ടില്ലർ കൊണ്ട് ഉഴുതിടും. പിന്നെ നടീലിന്റെ അവസരത്തിലാണ് ഒന്നുകൂടി പൂട്ടുന്നത്. മഴ തീരെ ക്ളിപ്തമല്ലാത്തതിനാൽ എടവപ്പാതിയോടുകൂടി നടുന്നതിനാണ് മിക്കവരും ഞാറിടുന്നത്. ഇതു തന്നെ ചില വർഷങ്ങളിൽ മഴയില്ലാത്തതുകൊണ്ട് മുളയ്ക്കാറില്ല. മറ്റു ചില വർഷങ്ങളിൽ കൂടതൽ മഴ വന്ന് മുളച്ചത് ചീഞ്ഞു പോകുന്നു. അതിനു പ്രധാന കാരണം തോടുകൾ മൂടപ്പെട്ടതിനാൽ വെള്ളം ഒഴിഞ്ഞു പോകാത്തതു തന്നെ ഞാറു മൂന്നു നാലു ദിവസം മൂടിക്കിടന്നാൽ ചീഞ്ഞതുതന്നെ. പിന്നെ രണ്ടാ

മതും ഞാറിടുന്നത് എളുപ്പമല്ല. കാരണം അപ്പോഴേക്കും തിരുവാതിര ഞാറ്റുവേലയും മഴയുടെ ശല്ല്യവും കൂടുതലായി. അങ്ങനെ വന്നാൽ തരിശിടലു തന്നെ ഫലം. അതാണ് ഇന്ന് സംഭവിച്ചു കൊണ്ടിരിക്കുന്നത്.

മിക്കവാറും എടവ മാസം അവസാനത്തോടു കൂടിയാണ് ഇന്ന് നടീൽ കൊണ്ടുചെല്ലുന്നത്. അത് ജ്യോതി, ചുവന്ന ത്രിവേണി, കാഞ്ചന, ആതിര തുടങ്ങിയ പുതിയ വിത്തുകളാണ്. പലപ്പോഴും നടീൽ കഴിഞ്ഞാൽ ശക്തിയായ കാലവർഷം അനുഭവപ്പെടുന്നു. നാലുദിവസം വെള്ളം നിന്നാൽ നട്ടതും പോയി. പ്രധാന കാരണം ഒഴിഞ്ഞു പോകാത്തതു തന്നെ. അങ്ങനെ ചീഞ്ഞുപോയാൽ അവിടം തരിശായി കിടക്കുന്നു. ഇതു അടുത്ത മൂന്നു നാലു വർഷത്തെ അനുഭവമാണ്. അതുകൊണ്ട് ഈ കഴിഞ്ഞ രണ്ടാണ്ടുകളിലായി മാത്തുപാടത്തും അതുപോലെ ശ്രീരാമൻ ചിറ തോടിന്റെ ഇരുഭാഗത്തുള്ള പാടങ്ങളും ഇന്ന് തരിശാണ്.

ഇതുതന്നെയാണ് മുണ്ടകന്റെയും സ്ഥിതി. വളരെ കുറച്ചുപേർ മാത്രമാണ് പല ബുദ്ധിമുട്ടുകളും സഹിച്ച് മുണ്ടകൻ ഇറക്കുന്നത്. കൃഷിയെ രക്ഷപ്പെടുത്താൻ പഴയ കാലത്തെ മരചക്രം വെച്ചു വെള്ളം വറ്റിക്കേണ്ട ഗതികേടും ഉണ്ട്. ഇതുകൊണ്ടാണ്. നമ്മുടെ നെൽപാടത്തിന്റെ 5% മായി നെൽകൃഷി കുറഞ്ഞിരിക്കുന്നത്. ഇത് നമ്മുടെ പഞ്ചായത്തിലെ ഏറ്റവും ഗൗരവമായ ഒന്നാണ്. ഇതിന് പരിഹാരം യുദ്ധകാലാടിസ്ഥാനത്തിൽ കാണേണ്ടിയിരിക്കുന്നു. അതിൽ പ്രധാനം ജലനിർഗ്ഗമനവും ജലസേചനവും തന്നെ. ഒരിക്കലും ഇനി നിലംനികത്താൻ അനുവദിച്ചുകൂടാ. മറ്റൊരു് കാര്യം കൂലിയിൽ വന്ന വർദ്ധനവാണ്. അത് നെല്ലിന്റെ വിലയോട് യാതൊരു ബന്ധവുമില്ലാത്ത തരത്തിലാണ്. മറ്റൊന്നുള്ളത് തൊഴിലാളികളുടെ പ്രവർത്തനക്ഷമതയിൽ ഉണ്ടായ കുറവാണ്. ആദ്യകാലത്ത് ഒരു പറ നിലം പറിച്ചുനടാൻ രണ്ടു സ്ത്രീതൊഴിലാളിയായിരുന്നു കണക്ക്. ഇന്നത് നാലു തൊഴിലാളിയാണ്. കൂലിയിൽ വന്ന മാറ്റമാണ് താഴെ കൊടുത്തിരിക്കുന്നത്.

| വർഷം | 1930 | 1948 | 1952 | 1955 | 1985 | 1995 |
|---|---|---|---|---|---|---|
| പുരുഷൻ | 4ണ | 6ണ | 10ണ | 1രൂ | 20രൂ | 100രൂ |
| സ്ത്രീ | 2ണ | 3ണ | 4ണ | 10ണ | 10രൂ | 45രൂ |

ഇതുപോലെതന്നെ രാസവളങ്ങൾക്കും, കീടനാശിനികൾക്കും, കപ്പലണ്ടിപിണ്ണാക്ക് വേപ്പിൻപിണ്ണാക്ക്, ചാണകം എന്നിവക്കും ക്രമാതീതമായി വില വർദ്ധിച്ചിട്ടുണ്ട്. അതും കൃഷി ലാഭകരമല്ലാതാക്കാൻ ഒരു പ്രധാന കാരണം തന്നെ

## കോൾകൃഷി

### അന്നും ഇന്നും

കോളിൽ മകരം മൊക കഴിഞ്ഞാലാണ് ആദ്യകാലത്ത് വിതയ്ക്കാറ്. അന്ന് ചീര, ചിറ്റേനി എന്നിവയായിരുന്നു പ്രധാന വിത്തുകൾ. യാതൊരു വളവും ഇടാറില്ല. നടീലും ഇല്ല. വിത കഴിഞ്ഞ് ഒരു മാസമാകുമ്പോഴേക്കും ചില വർഷങ്ങളിൽ പുഴു വീഴുന്ന ഒരു കേടുണ്ടായിരുന്നു. അതായത് അന്തരീഷം മേഘാവൃതമാകുന്ന കാലങ്ങളിലാണ് ഇത് സംഭവിക്കാറ്. ഇതിന് അന്നത്തെ പരിഹാരം ചൂലുകൊണ്ട് മുറത്തിലേക്ക് അടിച്ചുവാരിയിട്ട് കൊട്ടയിലാക്കി വരമ്പത്തു തന്നെ കുഴിച്ചിടലായിരുന്നു. ഇതുകൂടാതെ മറ്റു യാതൊരു കേടുകളും വരാറില്ല. പുല്ലും ഇന്നത്തേപ്പോലെ ഉണ്ടായിരുന്നില്ല. പുല്ലുണ്ടായാൽ അത് ഇന്നത്തെപ്പോലെ തന്നെ ആളെ കൊണ്ടുപോയ് പറപ്പിക്കും. പുല്ലുപറി കഴിഞ്ഞുപോന്നാൽ പിന്നെ കൃഷിക്കാരൻ നെല്ലുകാണാൻ പോകുന്നുവെന്നല്ലാതെ മറ്റൊന്നും അവന് അവിടെ ചെയ്യേണ്ടതില്ല. വെള്ളം കൂട്ടലും കുറയ്ക്കലും തുടങ്ങിയ പണികൾ അതാതു പടവുകാവൽക്കാരൻ ചെയ്തുകൊള്ളും. കൊയ്യാറാകുമ്പോൾ

അതും കാവക്കാരൻ കൃഷിക്കാരന്റെ വീട്ടിൽ വന്ന് പറയുന്നതും പതിവാണ്.

അങ്ങിനെ കൃഷിക്കാരൻ വിഷുവിനു മുമ്പോ വിഷുപിറ്റേന്നോ കൊയ്ത്തിന് ആൾക്കാരെയും കൊണ്ടു പോയി കൊയ്യിക്കും. കൊയ്ത്തിന് ആൾക്കാർ വളരെ ധാരാളമായിരുന്നു. പുലർച്ചക്കു തന്നെ പോയി കൊയ്തു തുടങ്ങും. ഏറിയാൽ 10മണി വരെ കൊയ്തുള്ളു. പിന്നെ കറ്റ കെട്ടലായി. കറ്റതലയ്ക്കും കാവിനും ചുമന്ന് ഇടപ്പായയിൽ എത്തിക്കണം. കാരണം കൃഷിസ്ഥലവും കർഷകന്റെ വീടും തമ്മിൽ മൂന്നു നാലു കിലോമിറ്റർ നീളമുണ്ട്. ചിലർക്ക് ഒന്നും രണ്ടും ഇടപ്പായകൾ ഉണ്ടാകാറുണ്ട്. അങ്ങനെ സന്ധ്യവരെ കറ്റകെട്ടലു തന്നെ. രണ്ടു ദിവസം കൊയതത് മൂന്നാമത്തെദിവസം മെതിക്കും. അന്ന് പത്തുപതിനഞ്ച് ദിവസം കൊണ്ട് കൊയ്തു കഴിയും. അന്നും പതമ്പ് അഞ്ചുപറകൃഷിക്കാരനും ഒരുപറ കൊയ്യുന്നവർക്കും. കൊയ്തുകഴിഞ്ഞതും കന്നാലികളെക്കൊണ്ട് രണ്ടു ചാൽപൂട്ടി മൂട്ടിയിട്ടിരിക്കും. പിന്നെ അടുത്ത വർഷം കൃഷിയിറക്കുമ്പോൾ ചവട്ടിവീണ്ടി വലിക്കൽ മാത്രം.

ഇന്നു കൊയ്തുകഴിഞ്ഞാൽ പൂട്ടാൻ സൗകര്യപ്പെട്ടാറില്ല. ഒന്നാമതായി കന്നുകാലികളില്ല. രണ്ടാമതായി സമയത്തിന് ടില്ലറോ, ട്രാക്കടറോ കിട്ടുകയുമില്ല. കൃഷിയിറക്കുന്നതിന് വെള്ളം വറ്റിയാൽ കർഷകൻ നിലം പാകപ്പെടുത്തുന്നതിനുവേണ്ടി നെട്ടോട്ടമാണ്. അങ്ങനെ ചിലർ ടില്ലറുകൊണ്ട് ഉഴുതും മറ്റുചിലർ ഉഴുന്നതിനു തരപ്പെട്ടില്ലെങ്കിൽ വെറുതേയും വിതക്കേണ്ടിവരുന്നു. വിതക്ക് നിലം ഒരുക്കാൻ വരമ്പുവെക്കാനും, ആണിയും ചാലും തിരിച്ച് നിരത്താനും വിതക്കാനും വേണ്ട സമയത്ത് ആളെ കിട്ടുന്നതിനും ബുദ്ധിമുട്ടുണ്ട്. തിരക്കിട്ട് ഒരു വിധത്തിൽ കൃഷിയിറക്കുന്നു. നടീലിന് ഇന്ന് വളരെ ബുദ്ധിമുട്ടാണ്. ഒന്നാമത് ഞാറ്റടിയില്ല. രണ്ടാമതു നടീലിന് ആളില്ല. ഉള്ളവരുടെ പ്രവർത്തനക്ഷമത തന്നെ ആദ്യത്തതിന്റെ പകുതിമാത്രം

വിതകഴിഞ്ഞാൽ രാസവളം ഇടണം. അതിന് അമിതവിലയാണ്. വർഷാവർഷങ്ങളിൽ വിലകൂടികൊണ്ടിരിക്കുന്നു. 6 വർഷം മുമ്പ് 30 രൂപ 50 കിലോയുടെ ഒരു ചാക്ക് മസൂറിഫോസിന് ഉണ്ടായിരുന്നത് ഇന്ന് 110 രൂപയാണ്. അതുപോലെ തന്നെ മൂന്നും നാലിരട്ടിയാണ് പൊട്ടാഷിനും, യൂറിയക്കും, ഫാക്ടംഫോസിനും. പിന്നെ പുല്ലു പറിയാണ്. അതും ഇന്ന് ആദ്യത്തേക്കാൾ വളരെ കൂടുതൽ. പറക്ക് 4 കൂലിയോ 5 കൂലിയോ ചിലർക്ക് വരുന്നുണ്ട്. അതുകഴിഞ്ഞ് 2 ാം വളം ഇടുന്നു. ഇതിനിടയിൽ രണ്ടും മൂന്നും മരുന്നടി. മരുന്നുകൾക്ക് വില വളരെ കൂടുതൽ. അടുത്ത വർഷം വരെ പുഞ്ചക്ക് വെള്ളം കിട്ടാതെ വരൾച്ച ബാധിക്കാറുണ്ടായിരുന്നു. എന്നാൽ ചിമ്മിണി വന്നതോടുകൂടി വെള്ളക്ഷാമം തീർന്നു.

പുല്ലു പറിയും, വളമിടലും, മരുന്നടിയും കഴിഞ്ഞു. അടുത്തത് കൊയ്ത്താണ്. നെല്ലുവിളഞ്ഞാലും സമയത്തിന് കൊയ്യാൻ ആളില്ല. 10 വർഷം മുമ്പ് 80 പേരെകൊണ്ട് കൊയ്യിച്ചിരുന്ന സ്ഥലത്തേക്ക് ഇന്ന് എട്ടുപേരാണ് ഉള്ളത. പലർക്കും കൊയ്ത്തുകാരെ കാറിലോ ഓട്ടോയിലോ കൊണ്ടുപോകണം. അതും പാടത്ത് എത്തുമ്പോൾ 9 മണികഴിഞ്ഞിരിക്കും. കൊയ്ത്തുകാർക്ക് ചായയും പലഹാരവും കൊടുക്കണം. കറ്റ വീട്ടിലേക്ക് എത്തിക്കാൻ വണ്ടി വേണം. വണ്ടിയിൽ കയറ്റാൻ കയറ്റുതൊഴിലാളി വേണം. അങ്ങിനെ വീട്ടിൽ എത്തിച്ചു. മെതിക്കാൻ ഒരുങ്ങിയത് 8ഉം 10ഉം ദിവസം കഴിയണം. കാരണം അതിനിടക്ക് കൊയ്ത്തുകാർ മറ്റുള്ളവർക്ക് കൊയ്ത്തിനുപോയി. അങ്ങിനെ വയ്ക്കോൽനെല്ലു പോലെയായതായിരിക്കും മെതിച്ചുകിട്ടുന്ന നെല്ല് സമയത്ത് വിറ്റഴിക്കാനും പ്രയാസം. വയ്ക്കോൽ

മെതിക്കുമ്പോഴേക്കും തന്നെ കുറെയേറെ കേടുവന്നിരിക്കും. അതുതന്നെ തല്ലിയുണക്കാൻ ഇന്ന് ആരും വരാറില്ല. കർഷകൻ തന്നെ ഒരു വിധത്തിൽ ഉണക്കി എടുക്കുന്നു. അതിനിടയിൽ ചിലപ്പോൾ മഴയും വരുന്നു. അപ്പോൾ വയ്ക്കോലും പോയി. അതാണ് ഇന്നത്തെ കോൾകൃഷി. പണ്ട് "കിട്ടിയാൽ കോള് പോയാൽ കോള്". കാരണം മഴയെ മാത്രം ആശ്രയിച്ച കൃഷിയായിരുന്നു അന്ന്. ഇന്നത്തെ സ്ഥിതി അതല്ലല്ലോ. വരൾച്ചയെ ഭയപ്പെടേണ്ട മഴയെ മാത്രം ഭയപ്പെട്ടാൽ മതി. മുൻ കാലത്ത് കോളിൽ നിന്നു. 10 വിളവു കിട്ടിയാൽ കർഷകൻ സന്തുഷ്ടനായിരുന്നു. ഇന്ന് 20 വിളവ് കിട്ടിയാൽപോലും നഷ്ടം സംഭവിക്കുന്നതാണെന്ന് ഫാം ബഡ്ജറ്റിൽ നിന്ന് കാണാവുന്നതാണ്. സമയത്തിന് കൊയ്തെടുക്കാൻ സാധിക്കാതെ വന്നാൽ വട്ടൻ നിലങ്ങൾക്ക് ഇന്ന് സംഭവിച്ചതു തന്നെ കോൾ നിലങ്ങൾക്കും സംഭവിക്കുമെന്നുള്ളത് സംശയമില്ല. അതിന് പരിഹാരം ഉടനെ കാണേണ്ടതുണ്ട്.

കാർഷിക രംഗത്ത് പരിഹരിക്കേണ്ട പ്രധാന പ്രശ്നങ്ങൾ.

1. പാടങ്ങൾ നികത്തി തൈവെപ്പ് ആക്കുന്നത്.
2. ജലനിർഗ്ഗമന തോടുകൾ നികത്തി റോഡാക്കുന്നത്.
3. പാടങ്ങൾ പലയിടത്തും നികത്തിയതുകൊണ്ട് തുണ്ട് ഭൂമിയായിത്തീർന്നതിനാൽ ജലനിർഗ്ഗമന മാർഗ്ഗവും ജലസേചന മാർഗ്ഗവും തടസ്സപ്പെട്ടത്.
4. നെൽകൃഷി പ്രായേണ നഷ്ടമായത്
5. തേങ്ങയ്ക്ക് ഉൽപ്പാദന ചിലവിനനുസരിച്ചുള്ള വില കിട്ടാത്തത്.
6. പാടത്ത് വെള്ളം ഒഴിഞ്ഞുപോകാത്തതുകൊണ്ട് നെൽകൃഷി ചീഞ്ഞു നശിക്കാൻ ഇടയാക്കുന്നത്.
7. മണ്ണൊലിപ്പു കാരണം തെങ്ങു തടിയിൽ വേരുകൾ ഉണ്ടാകുന്നത്.
8. നല്ലയിനം നടീൽ വസ്തുക്കൾ ലഭിക്കാത്തത്.
9. കർഷക തൊഴിലാലികളെ വേണ്ടത്ര ആവശ്യ സമയത്ത് കിട്ടാത്തത്.
10. മണ്ണു പരിശോധനയുടെ കുറവ്.
11. ജൈവ വളങ്ങൾ (ചാണം, വെണ്ണീറ്, ഇല) കുറഞ്ഞുപോയത്.
12. വട്ടൻ പാടത്ത് ജലസേജന സൗകര്യങ്ങളുടെ കുറവ്.
13. കൃഷി പലർക്കും ഉപതൊഴിലായി തീർന്നത്.
14. കൃഷിയിലെ താല്പര്യക്കുറവ്.
15. വെള്ളക്കോളർ ജോലിക്കുള്ള ഓട്ടം.
16. തേങ്ങാ കച്ചവടത്തിലുള്ള ഇടത്തട്ടുകൾ.
17. തേങ്ങ കൊണ്ടുള്ള സംസ്കൃത വസ്തുക്കൾ ഉണ്ടാക്കുന്നതിന് പ്രദേശിക തലത്തിൽ സൗകര്യങ്ങളില്ലാത്തത്.
18. കൊയ്തു കഴിഞ്ഞാൽ ഉടൻ തന്നെ നെല്ല് വിൽക്കാൻ കഴിയാത്തത്.
19. നെല്ലില്ലും പച്ചക്കറി കൃഷിയിലും വ്യപകമായി കണ്ടുവരുന്ന കീടബാധ.
20. കൃഷി ഭവന്റെ പ്രവർത്തനം കാര്യക്ഷമമാകാത്തത്.
21. സമയത്തിന് നിലം പൂട്ടി ഒരുക്കാൻ കഴിയാത്തതും നടീലിനും കൊയ്ത്തിനും ആവശ്യമായ കാർഷിക തൊഴിലാളികൾ ഇല്ലാത്തത്.
22. ഞാറ്റടിക്ക് സ്ഥലമില്ലാത്തത്.

**നിർദ്ദേശങ്ങൾ.**

**കൃഷി.**

1. ഓരു ജലം തടയുന്നതിന് ഒരു സ്ഥിരം സംവിധാനമുണ്ടാക്കുക.
2. അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകുക.
3. ജൈവവളങ്ങളും രാസവളങ്ങളും കീടനാശിനികളും കുമ്മായവും സബ്സിഡി നിരക്കിൽ നൽകുക.
4. കാർഷികോൽപന്നങ്ങളായ നെല്ല്, നാളികേരം, അടക്ക, കശുവണ്ടി തുടങ്ങിയവക്ക് പൊതു സംഭരണ സവിധാനം ഏർപ്പെടുത്തുക, ഇവ സംസ്കരിക്കുന്നതിന് പൊതു സംവിധാനം ഉണ്ടാക്കുക.
5. പൂകൃഷി, കൂൺകൃഷി, ഔഷധ സസ്യങ്ങൾ, തീറ്റപുല്ല് കൃഷി എന്നിവക്ക് പ്രോൽസാഹനം നൽകുക.
6. കാർഷിക രംഗത്ത് യന്ത്രവൽക്കരണം എത്രയും വേഗം നടപ്പിലാക്കുക. നടീലിനും കൊയ്ത്തിനും.
7. പച്ചക്കറിയുടെ അടുക്കളത്തോട്ടം എല്ലാ വീട്ടിലും നിർബന്ധമായി നടപ്പിലാക്കുക.
8. മണ്ണുപരിശോധന കാര്യക്ഷമമാക്കുക
9. കൃഷിക്കാരനും കൃഷിഭവനും തമ്മിലുള്ള ആശയ വിനിമയം കാര്യക്ഷമമാക്കുക.
10. എല്ലാ വിടുകളിലും കമ്പോസ്റ്റു യൂണിറ്റുകളും, മണ്ണിര നിർമ്മാണവളം നിർബന്ധമായി നടപ്പിലാക്കുക
11. കാറ്റു വീഴ്ച്ച തുടങ്ങിയ തെങ്ങുരോഗങ്ങൾ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുക
12. ഗ്രൂപ്പ്ഫാമിങ്ങ് പൂർണ്ണമായും നടപ്പിലാക്കുക
13. ഒരു കൃഷി രണ്ടു പൂവാക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കുക.
14. സ്പ്രേയർ തുടങ്ങിയ ഉപകരണങ്ങളും നീറ്റുകക്ക, തൂരിക, മുതലായവയും സൗജന്യ നിരക്കിൽ നൽകുക.
15. കൃഷിഭവന് സ്വന്തമായ കെട്ടിടവും ഗോഡൗണും നിർമ്മിക്കുക.
16. വിള ഇൻഷുറൻസ് സൗജന്യനിരക്കിൽ നടപ്പിലാക്കുക.
17. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഗ്രൂപ്പടിസ്ഥാനത്തിൽ പച്ചക്കറികൃഷി നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
18. തെങ്ങുകൃഷിക്കാർക്ക് പ്രോത്സാഹനം എന്ന നിലക്ക് നാളികേരം ഒന്നിന് ഒരു രൂപവെച്ച് പ്രോത്സാഹന ബോണസ് നൽകുക.
19. തെങ്ങിന് കൂട്ടായി മരുന്നടിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
20. കർഷകർക്ക് യഥാസമയം വേണ്ട കാർഷികവായ്പ ലഭിക്കുന്നതിനുവേണ്ട പുതിയ സംവിധാനം ഉണ്ടാക്കുക.
21. ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ വെക്കുന്ന സഹായം നൽകുക.
22. പച്ചിലവളച്ചെടി കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് സഹായിക്കുക.
23. പഞ്ചായത്തു തലത്തിൽ ഒരു നല്ല നേഴ്സറി സ്ഥാപിക്കുക.
24. തെങ്ങിന് ചേറ് ഇടുന്നതിന് സബ്സിഡി ഏർപ്പെടുത്തുക.
25. കൊയ്ത്തു കാലത്ത് മറ്റു മേഖലകളിലെ പണികൾ നിർത്തി വെച്ച് കൃഷി മേഖലകളിൽ കൂടുതൽ തൊഴിലാളികളെ ലഭ്യമാക്കുന്നതിന് ബോധവൽക്കരണം നടത്തുക.
26. കോൾ കർഷകർക്ക് പമ്പിങ്ങ് സബ്സിഡി ഏക്കറിന് 300 രൂപയാക്കു

ക. അതു പോലെ ഇന്നു നൽകി വരുന്ന ഉൽപ്പാദന ബോണസും ഏക്കറിന് 250 രൂപയാക്കുക.

ജലസേചനം

1. പഞ്ചായത്തിൽ ഉള്ള പ്രധാന പുറമ്പോക്ക് തോടുകൾ അളന്നു് അതിർത്തി നിശ്ചയിച്ച് പരസ്പരം ബന്ധിപ്പിക്കുക.
2. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് കോൾ നിലത്തിലെ വെള്ളം പഞ്ചായത്തിലെ എല്ലാ ഭാഗത്തേക്കും ലിഫ്റ്റ് ഇറിഗേഷൻ വഴി ലഭ്യമാക്കുക.
3. എല്ലാ റോഡിലും കാന നിർമ്മിച്ച് കൃഷിക്ക് ദോഷകരമായ നീർക്കെട്ടുകൾ ഒഴിവാക്കുക.
4. ശ്രീരാമൻ ചിറയിൽ ചിറകെട്ടി ജലം സംഭരിക്കുക.
5. കുളങ്ങളും കിണറുകളും സംരക്ഷിക്കുക.
6. കനാലുകളിൽ കാലാകാലാങ്ങളിൽ അറ്റകുറ്റ പണികൾ നടത്തുക.
7. ചാഴൂർ കുഞ്ഞാലുക്കൽ മുതൽ ഏനാമാവ് വരെ ഒരു ഹൈലെവൽ കനാൽ നിർമ്മിക്കുകയും ഒരു വശം റോഡാക്കുകയും ചെയ്യുക.
8. കല്ലിടവഴി റോഡു മുതൽ അന്തിക്കാട് കിടവരെ കനാലിന്റെ ഒരു വശം കരിങ്കൽ കൊണ്ട് കെട്ടി സംരക്ഷിക്കുക.
9. കോളിൽ ആവശ്യമായ സ്ഥലങ്ങളിൽ ഫാം റോഡുകൾ നിർമ്മിക്കുക.
10. കോൾ പടവിലെ വെള്ളം വറ്റിക്കുന്നതിന് മോട്ടോർ സെറ്റും, പെട്ടി, പറ ഉപകരണങ്ങളും സൗജന്യമായി നൽകുക.
11. 7ാം വാർഡിലെ പരപ്പൻചാൽ പദ്ധതി പ്രദേശത്തേയ്ക്ക് ഒരു ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.
12. കൃഷി നിലങ്ങൾ മണ്ണിട്ടു നികത്തുന്നത് തടയുക.
13. ഒന്നാം വാർഡിന്റെ തെക്കു ഭാഗത്തുള്ള സമ്മർ ബണ്ട് സ്ഥിരം ബണ്ടാക്കണം. ഇവിടെ നിന്ന് വേനൽക്കാലം ആരംഭിക്കുന്നതിന് മുമ്പ് (പുളി വരുന്നതിനു മുമ്പ്) 25 എച്ച്. പി. യുടെ ഒരു മോട്ടോർ വെച്ച് ഒന്ന്, രണ്ട്, പത്ത് എന്നീ വാർഡുകളുടെ മദ്ധ്യത്തിൽ കിടക്കുന്ന കൊച്ചി പാടത്തേക്ക് ശുദ്ധജലം പമ്പുചെയ്തു നിർത്തുക.
13. കോളിലെ അന്തിക്കാടു കിടയിൽ നവീന രീതിയിൽ ഒരു സ്ളൂയിസ് നിർമ്മിച്ച് അവിടെ നിന്ന് മൈനർ ഇറിഗേഷൻ പമ്പ് ഹൗസ് വരെയുള്ള തോടിന്റെ ബണ്ട് ഉയർത്തി മെയിൻചാലിൽ നിന്ന് പമ്പ് ഹൗസ് വരെ വെള്ളം എത്തിക്കണം. ഈ വെള്ളം കോളിലേയ്ക്ക് കടക്കാതിരിക്കാൻ പമ്പ് ഹൗസിന് മുൻവശം ഒരു ക്രോസ് ബാർ നിർമ്മിക്കണം.
14. ആൽ കോൾ റോഡിന്റെ കിഴക്കേ അറ്റത്ത് ഹൈലെവൽ കനാലിൽ ഒരു പമ്പ് സെറ്റ് സ്ഥാപിച്ച് 8ാം വാർഡിൽ സമൃദ്ധിയായി വെള്ളം നൽകുക.
15. വാക്കര കുളത്തിൽ കോളിലെ വെള്ളം ശേഖരിച്ച് പടിയം മേഖലയിലെ എല്ലാ വാർഡുകളിലും വെള്ളം എത്തിക്കുക.
16. താഴെ പറയുന്ന സ്ഥലങ്ങളിൽ ക്രോസ്സ് ബാറുകൾ സ്ഥാപിക്കണം.
    1. പെരുമാടൻ പാലത്തിനു സമീപം.
    2. ചുരക്കോട്ട് അമ്പലത്തിന് കിഴക്കുഭാഗത്ത്.
    3. പാതിരിശ്ശേരി മനയുടെ കിഴക്കുഭാഗത്ത്.
    4. മുറ്റിച്ചൂർ അയ്യപ്പൻ കാവ് ക്ഷേത്രത്തിന്റെ കിഴക്കുഭാഗത്ത്.
    5. ആലയുടെ തെക്കുഭാഗത്തുള്ള തോട്ടിൽ.

6. പടിയം വില്ലജാഫീസിന് തെക്കുഭാഗത്ത് കുറ്റിമാവ് റോഡിലുള്ള പാലത്തിനു മുമ്പിൽ.

7. കുറ്റിമാവിനു വടക്കുള്ള പാലത്തിനു മുന്നിൽ.

8. പരപ്പൻ ചാലിൽ.

9. പുത്തൂർ പിള്ളിക്കാവ് അമ്പലം റോഡ് ക്രോസ്സ് ചെയ്യുന്ന തോട്ടിൽ.

17. പണി നടന്നു കൊണ്ടിരിക്കുന്ന അന്തിക്കാട് പടിയം പ്രോജക്ടിന്റെയും 6ാം വാർഡിലുള്ള വള്ളൂർച്ചാൽ പ്രോജക്ടിന്റേയും പ്രവർത്തന ക്ഷമത പരിശോധിച്ച് ലക്ഷ്യത്തിലെത്തിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുക. കോളിൽ ഒരു ഹെക്ടർ സ്ഥലത്ത് വിതച്ച് (ഒരു പൂവ്) കൊയ്യുന്നതിന്റെ വരവു ചിലവു കണക്കാണ് താഴെ കൊടുത്തിരിക്കുന്നത്. ഇന്നത്തെ ചെലവ് വെച്ച് നോക്കിയാൽ 20 മേനി വിളഞ്ഞാൽ തന്നെ കിട്ടുന്ന ഓരോ പറ നെല്ലിന്മേലും 4 രൂപ 10 പൈസ നഷ്ടം വരുന്നുണ്ടെന്ന് കാണാം. എന്നാൽ 22 മേനി വിളവുണ്ടായാൽ നഷ്ടമുണ്ടാകുന്നതല്ല. 22 മേനിയിൽ കൂടുതൽ വിളവു കിട്ടുന്നത് ചുരുക്കം പേർക്കു മാത്രമാണ്. ശരാശരി വിളവ് 20 മേനിക്കടുത്താണ്. അതുകൊണ്ടാണ് കൃഷി ഇന്ന് ലാഭകരമല്ലെന്ന് പറയുന്നതും കർഷകൻ മറ്റു മേഖലകളിലേക്ക് തിരിയുന്നതും.

## കോളിൽ ഒരു ഹെക്ടർ വയലിൽ വിതച്ചു കൊയ്യുന്നതിനുള്ള ബഡ്ജറ്റ്

നിലം പൂട്ടുന്നതിന് ഏഴര മണികൂർ മണിക്കൂറിന് 100 രൂപ — 750 രൂപ.

കന്നുകാലികളെക്കൊണ്ട് നിലം നിരപ്പാക്കാൻ ഏക്കറിന് 300 രൂപ തോതിൽ — 750 രൂപ.

വരമ്പു വെക്കാൻ 3 പുരുഷന് ഒരാൾക്ക് 100 രൂപ — 300 രൂപ.

ആണി തിരിച്ച് നിലം നിരപ്പാക്കാനും വിതക്കുന്നതിനും 3 പുരുഷന് ഒരാൾക്ക് 100 രൂപ 300 രൂപ.

വിത്തിന് വില 125 കിലോവിന് കിലോ 10 രൂപ — 1250 രൂപ

വിത്ത് പാടത്തേക്ക് എത്തിക്കുന്നതിന് വണ്ടി വാടക — 125 രൂപ.

കക്ക 500 കിലോവിന് കിലോ 2.80 രൂപ1400 രൂപ.

കക്ക പാടത്തേക്ക് എത്തിക്കുവാനും വിതറാനും മ — 150 രൂപ.

വളത്തിന്റെ വിലയും എത്തിക്കാനും വിതറാനും കൂടി — 1800, രൂപ.

കള വലിക്കുന്നതിന് 75 കൂലി ഒരു സ്ത്രീക്ക്45 രൂപ — 3375 രൂപ.

മരുന്നടിക്കുന്നതിന് (വിലയും കൂലിയും) 1500 രൂപ.

വെള്ളം വറ്റിക്കുന്നതിനും മറ്റും എഞ്ചിൻ കൂലി — 1250 രൂ.

കൊയ്തിനും മെതിക്കും 20 മേനിക്ക് 100 പത പിതമ്പ് 40 രൂപ നിരക്കിൽ — 4000 രൂപ.

കറ്റ വീട്ടിൽ കൊണ്ടുവരുന്നതിന് വണ്ടികൂലി 6 വാൻ 150 രൂപ നിരക്കിൽ — 900 രൂപ.

മറ്റു ചിലവുകൾ (പോക്കുവരവ്, ചായ, പലഹാരം കൊയ്ത്തുകാർക്ക്) — 500 രൂപ.

ആകെ — 18345 രൂപ.

14345 രൂപക്ക് 15% നിരക്കിൽ 6 മാസത്തേക്ക് പലിശ 1076 രൂപ.

7500 രൂപക്ക് (നിലത്തിന്റെ വില) 15% നിരക്കിൽ ഒരു വർഷത്തേക്ക് പലിശ — 11250 രൂപ.

ആകെ — 31671 രൂപ.

3750 കന്ന് വയ്ക്കോലിന് ഒന്നിന് 1.5 രൂപ5625 രൂപ.


ബാക്കി ചിലവ് — 26046 രൂപ

ഒരു പറ നെല്ലിന് വരുന്ന ചിലവ് 20 മേനി തോതിൽ 22046/500 = 44.10 രൂപ


ഇന്ന് ഒരു പറ നെല്ലിന് കിട്ടുന്ന മാർക്കറ്റ് വില — 40 രൂപ.

ഒരു പറ നെല്ലിന്മേൽ വരുന്ന നഷ്ടം 4.10 രൂപ.

# ട്രാൻസെക്റ്റ് -1



| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | കനോലി കനാൽ | തീര സമതലം | നെൽപാടം തരിശു നിലം | ഉയർന്ന സമതലം | നെൽപാടം | ഉയർന്ന സമതലം | നെൽപാടം | ഉയർന്ന സമതലം | നെൽപാടം | ഉയർന്ന സമതലം | കോൾ മേഖല |
| മൺതരം | ചേറ് | മണൽ കലർന്ന കളിമണ്ണ് | മണൽ കലർന്ന കളിമണ്ണ്, ചളി | മണൽ കലർന്ന കളിമണ്ണ് | മണൽ കലർന്ന കളിമണ്ണ് | മണൽ കലർന്ന കളിമണ്ണ് | മണൽ കലർന്ന കളിമണ്ണ് | മണൽ കലർന്ന കളിമണ്ണ് | മണൽ കലർന്ന കളിമണ്ണ് | മണൽ കലർന്ന കളിമണ്ണ്, ചെങ്കല്ല് | മണൽ കലർന്ന കളിമണ്ണ് |
| സസ്യ വിവരണം | വെള്ളം | തെങ്ങ് മറ്റു ഫലവൃക്ഷങ്ങൾ | നെല്ല് | തെങ്ങ് ഫലവൃക്ഷങ്ങൾ | നെല്ല് | തെങ്ങ് ഫലവൃക്ഷങ്ങൾ | നെല്ല് | തെങ്ങ് ഫലവൃക്ഷങ്ങൾ | നെല്ല് | തെങ്ങ് ഫലവൃക്ഷങ്ങൾ | കപ്പച്ചേടി മരച്ചാഴി |
| പരിസ്ഥിതി പ്രശ്നങ്ങൾ | [illegible] | ഓരുജലം കുടിവെള്ള ക്ഷാമം | വെള്ളക്കെട്ട് വേനലിൽ പുളി വെള്ളം | മണ്ണൊലിപ്പ് വരൾച്ച | വെള്ളക്കെട്ട് ജലസേചന സൗകര്യമില്ല | മണ്ണൊലിപ്പ് വരൾച്ച | വെള്ളക്കെട്ട് ജലസേചനമില്ല | മണ്ണൊലിപ്പ് വരൾച്ച | ജലസേചിത പ്രദേശം വെള്ളക്കെട്ട് | മണ്ണൊലിപ്പ് വരൾച്ച | വെള്ളക്കെട്ട് ജലസേചനം ഉണ്ട് |



## മാസംതോറുമുള്ളവർഷപാതം
## സ്ഥലം - ഏനാമാക്കൽ റെഗുലേറ്റർ

| മാസങ്ങൾ | 1985 മി.മീ. | 1986 മി.മീ. | 1987 മി.മീ. | 1988 മി.മീ. | 1989 മി.മീ. | 1990 മി.മീ. | 1991 മി.മീ. | 1992 മി.മീ. | 1993 മി.മീ. | 1994 മി.മീ. | 1995 മി.മീ. |
|---|---|---|---|---|---|---|---|---|---|---|---|
| ജനുവരി | 23.2 | 5.4 | | | | | | | | 66.4 | |
| ഫെബ്രുവരി | 0.0 | 3.2 | | 2.0 | | | | | 45.6 | 3.8 | |
| മാർച്ച് | 0.8 | 5.6 | | 40.0 | 10.0 | | 13.0 | | 42.0 | 20.8 | 25.4 |
| ഏപ്രിൽ | 23.7 | 171.0 | 8.0 | 153.0 | 45.0 | 24.0 | 88.0 | 55.0 | 21.8 | 78.8 | 116.2 |
| മെയ് | 24[illegible].7 | 127.6 | 8.0 | 230.0 | 173.0 | 618.0 | 111.0 | 277.0 | 284.0 | 70.0 | 474.60 |
| ജൂൺ | 923.2 | 725.4 | 938.0 | 715.0 | 720.0 | 490.0 | 1146.0 | 1016.0 | 903.4 | 1037.0 | 600.4 |
| ജൂലായ് | 419.8 | 284.4 | 290.0 | 499.0 | 500.0 | 622.0 | 763.0 | 753.0 | 810.2 | 898.6 | 722.4 |
| ആഗസ്റ്റ് | 361.0 | 346.2 | 464.0 | 546.0 | 258.0 | 225.0 | 467.0 | 344.0 | 148.6 | 502.0 | 427.4 |
| സെപ്റ്റംബർ | 86.3 | 400.8 | 165.0 | 503.0 | 150.0 | 61.0 | 26.0 | 212.0 | 91.6 | 252.0 | 329.4 |
| ഒക്ടോബർ | 215.0 | 125.4 | 419.0 | 40.0 | 535.0 | 410.0 | 265.0 | 270.0 | 483.6 | 366.8 | 165.4 |
| നവംബർ | 33.6 | 203.6 | 269.0 | 8.0 | 89.0 | 75.0 | 127.0 | 347.0 | 100.4 | 42.4 | 97.8 |
| ഡിസംബർ | 105.4 | 57.0 | 65.0 | 35.0 | | 7.0 | | | 7.6 | | |
| ആകെ | 2437.7 | 2455.6 | 2626.0 | 2771.0 | 2480.0 | 2532.0 | 3006.0 | 3274.0 | 2938.8 | 3338.6 | 2959.0 |

1985 മുതൽ 1995 വരെയുള്ള 10 വർഷക്കാലത്തെ ശരാശരി വർഷപാതം 2754.39

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയിൽ ഒരു വർഷത്തിൽ കിട്ടുന്ന വെള്ളം 36.243 ലക്ഷം ക്യു. മീറ്റർ.

## മൃഗസംരക്ഷണം

<u>അവലംബം ലൈവ്സ്റ്റോക് സെൻസസ്സ്</u>

### സാമൂഹ്യ സാമ്പത്തിക സർവ്വെ

കാർഷിക ഗ്രാമമായ അന്തിക്കാട് പഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്നു കന്നുകാലി വളർത്തൽ. ഉഴവുമാടുകളെന്ന നിലയിലും, വണ്ടി വലിക്കുന്നതിനും, കാളത്തേക്കിനും, പാലുൽപ്പാദിക്കുന്നതിനും,നാടൻ ചക്കാട്ടുന്നതിനും, പ്രത്യേകിച്ചും കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ, (ചാണം) മുഖ്യ സ്രോതസ്സായും കന്നുകാലികളെ ധാരാളം വളർത്തിയിരുന്നു. പശു, ആട്, എരുമ എന്നിവയെ വളർത്തി പാല്, നെയ്യ്, തൈര്, മോര് ഉണ്ടാക്കൽ മുഖ്യതൊഴിലാക്കിയ നിരവധി കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു. കോളിലെ കൊയ്ത്തു കഴിഞ്ഞാൽ പഞ്ചായത്തിലെ എല്ലാ ഭാഗത്തുനിന്നും കന്നുകാലികളെ കൂട്ടംകൂട്ടമായി മേയ്ക്കുന്നതിന് കൊണ്ടുപോകുക സർവ്വസാധാരണമായിരുന്നു.

വട്ടൻപാടത്തെ മുണ്ടകൻകൃഷി കൊയ്ത്തു കഴിഞ്ഞാൽ മേടമാസത്തെ വിരിപ്പു വിതക്കുന്നതുവരെ കാളകളെകൊണ്ടും പോത്തിനെകൊണ്ടും ഉഴുത് നിലം പൊടിയാക്കിയിടുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. "18 ചാലും മുട്ടിയും" എന്ന ഒരു ചൊല്ലുതന്നെയുണ്ട്. മിക്ക കൃഷിക്കാരുടെ വീടുകളിലും ഉഴവുമാടുകൾ ഉണ്ടായിരുന്നു. ഇവയെകൊണ്ടാണ് പാടവും പറമ്പും പൂട്ടിയിരുന്നത്. അന്ന് കറവിനും ഉഴവിനും ഉപയോഗിച്ചിരുന്നത് നാടൻ വർഗ്ഗമായിരുന്നു. മിക്ക വീടുകളിലും മാടിനെ നോക്കുന്നതിന്നും പൂട്ടുന്നതിന്നും മാസ ശമ്പളത്തിൽ തൊഴിലാളികളെ നിർത്തുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ഇന്ന് സ്ഥിതി ആകെ മാറി. ഉഴുവുമാടുകൾ നാമമാത്രമായി. ചക്കാട്ടുന്നതും, കാളത്തേക്കും പാടേ നിലച്ചു. വണ്ടിക്കാളകളും നാമമാത്രമായി. ഇന്ന് പഞ്ചായത്തിൽ അഞ്ചോ, ആറോ കാളവണ്ടികൾ മാത്രം. ഇപ്പോൾ പ്രധാനമായും അത്യുൽപാദനശേഷിയുള്ള സങ്കര വർഗ്ഗ പശുക്കളും എരുമകളും പാലുല്പാദനത്തിനു വേണ്ടി മാത്രമാണ് പരിരക്ഷിക്കപ്പെടുന്നത്. പ്രജനനത്തിന് വിത്തുകാളകളെ ഉപയോഗിക്കുന്നതും അപൂർവ്വമായിരിക്കുന്നു. 4 വിത്തുകാളകൾ മാത്രമാണ് ഇപ്പോൾ ഉള്ളത്. മൂരിക്കുട്ടികളേയും, പോത്തുകുട്ടികളേയും നന്നേ ചെറുപ്പത്തിൽതന്നെ മാംസത്തിന് ഉപയോഗിക്കുന്നു. വലുതാകാൻ അനുവദിക്കുന്നില്ല.

പഴയകാലത്ത് മൃഗസംരക്ഷണത്തിന് നാട്ടുവൈദ്യന്മാരുടെ ചികിത്സയായിരുന്നു. അതിൽ വിദഗ്ദരായ പല വൈദ്യന്മാരും ഉണ്ടായിരുന്നു. ഇന്ന് ആ സമ്പ്രദായം നിലവിലില്ല. ഈ പഞ്ചായത്തിൽ 1952 ൽ വെറ്ററിനറി സബ് സെന്റർ തുടങ്ങി.1962 ൽ മൃഗാസ്പത്രിയായി. കൂടാതെ 1983 ൽ പടിയത്തിൽ ഒരു കേമ്പ് ഡിസ്പൻസറിയും സ്ഥാപിച്ചിട്ടുണ്ട്.

അത്യുല്പാദനശേഷിയുള്ള പുതിയ വർഗ്ഗങ്ങൾ വന്നതോടുകൂടി നാടൻ ഇനങ്ങൾ അപ്രത്യക്ഷമായി. മാവ് പ്ലാവ് മുതലായ നാടൻ വൃക്ഷങ്ങൾ മിക്ക പറമ്പുകളിലും ഉണ്ടായിരുന്നു. ഇന്ന് വൃക്ഷങ്ങൾ വളരെ കുറഞ്ഞുപോയതുകൊണ്ട് ആടിനുള്ള തീറ്റ കുറയുകയും, ആട്ടിൻപാലിന്റെ വിപണനം ലാഭകരമല്ലാത്തതിനാലും ആടുവളർത്തൽ കുറഞ്ഞിരിക്കുന്നു, ഇന്ന് മുഖ്യമായും മാംസത്തിനുവേണ്ടിയാണ് ആടിനെ വളർത്തുന്നത്ആടിന്റെ മാംസത്തിന് 1940ൽ റാത്തലിന് 4 അണയുണ്ടായിരുന്നത് ഇന്ന് കിലോവിന് 90 രൂപയാണ്.

ഇപ്പോൾ നിലവിലുള്ള വളർത്തു മൃഗങ്ങളുടെ പട്ടികയാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| | | |
|---|---|---|
| കാള സങ്കരം | വംശവർദ്ധനവിന് | 4 എണ്ണം |
| " " | മറ്റാവശ്യത്തിന് | 108 എണ്ണം |
| പശു നാടൻ | | ഇല്ല. |
| " സങ്കരം | കറവുള്ളത് | 992 |
| " | കറവില്ലാത്തത് | 440 |
| എരുമ " | കറവുള്ളത് | 64 |
| " " | കറവില്ലാത്തത് | 50 |
| പോത്ത് | | 26 |
| ആട് | | 1192 |
| നായ | | 622 |
| കന്നുകുട്ടികൾ | 1/2 വയസ്സിനു താഴെ | 1051 |
| | ആകെ | -4549 |

ഇതു ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ 5 ആൾക്ക് ഒരു വളർത്തു മൃഗംപോലുമില്ല. ഈ കുറവ് പറമ്പിലേയും പാടങ്ങളിലേയും വളക്കൂറിനെ കാര്യമായി ബാധിച്ചിരിക്കുന്നു.

## താറാവ്, കോഴി വളർത്തൽ

ആദ്യകാലത്ത് പഞ്ചായത്തിലെ മിക്കവാറും വീടുകളിലും നാടൻ കോഴി വളർത്തൽ ഉണ്ടായിരുന്നു. അവരുടെ വരുമാനത്തിലെ പ്രധാന ഘടകം കൂടിയായിരുന്നു അത്. അന്ന് വീടുകളിൽ വന്ന് കച്ചവടക്കാർ കോഴിമുട്ടകൾ സംഭരിച്ച് അന്യ സംസ്ഥാനങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. 1930 1940 കാലഘട്ടങ്ങളിൽ ഒരു മുട്ടയ്ക്ക് ഒന്നരകാശായിരുന്നു വില. (6 കാശ് 1 അണ) നാട്ടിൽ നിന്നുതന്നെ കോഴികളെ വാങ്ങിച്ച് വിപണനവും നടത്തിയിരുന്നു. ഇന്ന് ഈ സമ്പ്രദായം നിലച്ചു. ആവശ്യത്തിന് കോഴി മുട്ടയും ഇറച്ചികോഴികളേയും അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു. ഒരാൾക്ക് ഒരു ദിവസത്തിൽ അരമുട്ട വേണമെന്നാണ് ശാസ്ത്ര നിഗമനം. അപ്പോൾ പഞ്ചായത്തിലെ ആവശ്യത്തിന് ഇന്നത്തെ ജനസംഖ്യ അനുസരിച്ച് ദിവസത്തിന് 12708 മുട്ടകൾ വേണം.

പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ താറാവു വളർത്തൽ പരിമിത തോതിൽ നടന്നുവരുന്നുണ്ട്. കോഴി, താറാവ് എന്നിവയുടെ സ്ഥിതി വിവരകണക്ക് താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പൂവ്വൻ കോഴി | | 8545 |
| പിടക്കോഴി | മുട്ടയിടുന്നത് | 11750 |
| " | മുട്ടയിടാത്തത് | 13120 |
| പൂവൻ താറാവ് | | 134 |
| പിട താറാവ് | | 239 |

പഞ്ചായത്തിൽ ഒരുകെട്ടുള്ള മൃഗസംരക്ഷണ സംവിധാനം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. അതിക്കൊട് വെറ്റനറി പോളിക്ലിനിക്കാണ്. മൃഗാസ്പത്രിയുടെ ആരംഭം മുതൽ സ്വകാര്യ വ്യക്തികളുടെ കെട്ടിടത്തിലായിരുന്നു' ഇതു പ്രവർത്തിച്ചിരുന്നത്. അടുത്ത കാലത്താണ് വില്ലേജാഫീസ്സിന്റെ കെട്ടിടത്തിലേയ്ക്ക് ഇതു മാറ്റിയത്. ഇതിന്റെ കീഴിൽ പടിയത്തിൽ തുടങ്ങിയിട്ടുള്ള കോമ്പ് ഡിസ്പൻസറി ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിൽ പൊതുവേ മൃഗങ്ങൾക്കു കണ്ടു വരുന്ന രോഗങ്ങൾ.

1. ദഹനസംബന്ധമായവ
2. ശ്വാസകോശസംബന്ധമായവ
3. ഉപാപചയതകരാർ രോഗങ്ങൾ
4. ധാതുലവണങ്ങളുടെ അഭാവം
5. പരാദ രോഗങ്ങൾ
6. പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ
7. വന്ധ്യത
8. അകിടു വീക്കം
9. മുടന്തൻപനി
10. കോഴി വസന്ത
11. കോഴികുരുപ്പ്
12. തൊണ്ടിവീക്കം
13. താറാവ് വസന്ത
14. പേ വിഷബാധ
15. കുളമ്പു രോഗം

ഇറച്ചികോഴിവളർത്തൽ കേന്ദ്രങ്ങൾ പല രും നല്ല രീതിയിൽ തുടങ്ങിയെങ്കിലും ഇട ക്കാലത്ത് അത് നിന്നു പോയിരിക്കുന്നു. ഇപ്പോൾ തമിഴ്നാട്ടിൽ നിന്നും ഇറച്ചികോഴികളെ കൊണ്ടു വന്ന് ചെറിയ തോതിൽ വില്പന നട ത്തുന്ന 5കേന്ദ്രങ്ങൾ ഉണ്ട് . അന്വേഷണത്തിൽ നിന്നും മനസ്സിലായത് അവർ കിലോവിന് 6ഉം 7ഉം രൂപ അധികം ഈടാക്കുന്നുണ്ട്. മുട്ടകോഴി വളർത്തൽ കേന്ദ്രം ഒന്നുപോലുമില്ല. മുട്ടയും തമിഴ്നാട്ടിൽ നിന്നും വരുന്നു.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളുടെ ശല്യം ഒരു പ്രശ്നമാണ്. അതു ഫലപ്രദമായി തടയണം. കാലിതീറ്റ നിർമ്മാണത്തിന് അന്തിക്കാട് പാൽസൊസൈറ്റിയുടെ കീഴിൽ പടിയത്തിൽ ഒരുയൂണിറ്റുണ്ട്. പഞ്ചായത്തിലെ പാൽ ഉല്പാദകരുടെ പാൽ വാങ്ങി വിതരണം ചെയ്യുന്നതും ഈ സൊസൈറ്റിയാണ്. പക്ഷെ വർഷക്കാലത്ത് മുഴുവൻ പാലും സംഭരിക്കാൻ അവർക്ക് കഴിയുന്നില്ല. സ്വകാര്യവ്യക്തികളും പാൽവാങ്ങി വിൽപന നടത്തുന്നുണ്ട്.

നിർദ്ദേശങ്ങൾ.

1. കാലിതീറ്റ ചെറിയ വിലയ്ക്ക് ലഭിക്കുന്നില്ല.
2. ക്ഷീരവിപണത്തിനുളള സൗകര്യങ്ങൾ പരിമിതമാണ്.
3. മൃഗാശുപത്രിക്ക് ലഭിച്ച സ്ഥലത്ത് അടിയന്തിരമായി കെട്ടിടം പണിയണം
4. മുട്ടകോഴിതീറ്റ ചെറിയ വിലയ്ക്ക് ലഭ്യമല്ലാത്തതിനാൽ മുട്ടകോഴികളെ ലാഭകരമായി വളർത്താൻ സാധിക്കുന്നില്ല
5. പടിയം മേഖലയിൽ സ്ഥിരമായി ഒരു മൃഗാശുപത്രി വേണം.
6. പാലിന് ന്യായമായ വില കിട്ടണം.
7. കന്നുകുട്ടികൾക്ക് സൗജന്യ നിരക്കിൽ സമീകൃത ആഹാരം ലഭ്യമാക്കണം.
8. ഓരോ മാസവും മൃഗസംരക്ഷണ സെമിനാറും പരിശീലനക്ലാസുകളും നടത്തണം.
9. എല്ലാ വീടുകളിലും ഇന്നുളളതിൽ കൂടുതൽ നാടൻ കോഴികളെ വളർത്താൻ പ്രോൽസാഹിപ്പിക്കണം.
10. പഞ്ചായത്തിൽ ഒരു മൃഗഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കണം.
11. നല്ലയിനം ആട്, എരുമ, പശുകുട്ടികളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യണം.
12. പന്നിവളർത്തൽ യൂണിറ്റുകളെ പ്രോൽസാഹിപ്പിക്കണം.
13. പഞ്ചായത്തു തലത്തിൽ ഇറച്ചികോഴി, മുട്ടകോഴി, ഫാം ഉണ്ടാക്കണം.
14. തൊഴുത്തുകളുടെ അടി കോൺക്രീറ്റ് ചെയ്യുവാൻ ധനസഹായം നൽകണം. ഇതുപല രോഗങ്ങളിൽനിന്നും മൃഗങ്ങളെ സംരക്ഷിക്കും.
15. ജില്ലാ തലത്തിൽ ഒരു പാൽപൊടി നിർമ്മാണവും, മറ്റു പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു ഫാക്ടറി നിർമ്മിക്കണം.
16. മൃഗഡോക്ടറുടെ മുഴുവൻ സമയ സേവനവും ലഭ്യമാക്കുന്നതിന് ആസ്പത്രിയോട് ചേർന്ന് കോർട്ടേഴ്സും നിർമ്മിക്കണം.
17. ബീജം സൂക്ഷിക്കുന്നതിനും മറ്റും ആസ്പത്രിയിൽ ഒരു ഫ്രിഡ്ജ് ആവശ്യമാണ്.
18. പുത്തൻ പീടികയിൽ ഒരു ആധുനിക അറവുശാല, മാംസസംസ്കരണ യൂണിറ്റ് സ്ഥാപിക്കണം.
19. മൃഗാശുപത്രിയിൽ നിന്ന് കൂടുതൽ മരുന്നുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കണം.
20. പേവിഷ ബാധക്കുളള മരുന്ന് ഏതുകാലത്തും സൗജന്യനിരക്കിൽ ലഭ്യമാക്കണം.
21. കോഴി, മുയൽ, പന്നി, എന്നിവയെ വ്യവസായ അടിസ്ഥാനത്തിൽ വളർത്തുന്നതിന് സഹായധനംനൽകി പ്രോൽസാഹിപ്പിക്കണം.
22. കന്നുകാലികൾക്ക് ഇൻഷൂറൻസ് സൗജന്യമാക്കണം.
23. ഓരോ വാർഡിലും മിനി ഡയറികൾക്ക് സഹായധനം നൽകണം.
24. കന്നുകാലികളെ വങ്ങാൻ ബാങ്ക് ലോൺ

കിട്ടാൻ എളുപ്പമാർഗ്ഗങ്ങൾ ഉണ്ടാക്കണം.

25. പഞ്ചായത്തിന്റെ കിഴക്കുഭാഗത്ത് കായലോരത്ത് താറാവ് വളർത്താൻ 25 യൂണിറ്റുകൾ ഉണ്ടാക്കുവാൻ സഹായധനം നൽകുക.

26. ദാരിദ്ര്യ രേഖയ്ക്കു താഴെയുളളവർക്ക് സൗജന്യനിരക്കിൽ പശുക്കളെയും, വെളളംകൊടുക്കുന്നതിനുളള തൊട്ടിയും കാലിതീറ്റയും നൽകുക. ഇവയെ സൗജന്യമായി ഇൻഷ്വൂറും ചെയ്തു കൊടുക്കുക.

27. വഴിയോരങ്ങളിൽ പാഴ്മരങ്ങൾ വെക്കുന്നതിന്പകരം പ്ലാവ് വെച്ച് ആടുകൾക്ക് തീറ്റ സുലഭമാക്കുക.

28. ഉന്നത ജനിതക മേന്മയുളള സങ്കരവർഗ്ഗ പശുക്കളുടെ വംശവർദ്ധനവിനായി ഭ്രൂണ മാറ്റ വിദ്യ നടപ്പിലാക്കുക.

29. എഗ്ഗർ ലെയർ നേഴ്സറികൾ പഞ്ചായത്തിലെ ഓരോ വാർഡിലും നടപ്പിലാക്കുക

30. സ്ക്കൂൾ പൗൾട്രി ക്ലബ്ബുകൾ പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലും നടപ്പിലാക്കുക

31. പഞ്ചായത്ത് തലത്തിൽ ഏറ്റവും നല്ല മൃഗസംരക്ഷണ പ്രവർത്തകന് അവാർഡ് നൽകണം.

32. യൂറിയ ചേർത്ത് വൈക്കോൽ സമ്പുഷ്ടമാക്കുന്ന പദ്ധതി ഒരോവാർഡിലും ആവശ്യക്കാർക്ക് കൊടുക്കണം.

33. കന്നുകുട്ടികൾക്ക് 4 മാസം വരെ സമഗ്ര ആരോഗ്യപരിപാലനം ഫലപ്രദമാക്കുന്ന മരുന്നു കിറ്റ് പദ്ധതി നടപ്പിലാക്കുക.

# മൽസ്യബന്ധനം

പഞ്ചായത്തിന്റെ വിസ്തൃതി 5.14 ചതുരശ്രമൈൽ ആകുന്നു. ഏറ്റവും ഒടുവിലത്തെ കണക്കുപ്രകാരം 25,426 ആണ് ജനസംഖ്യ. ഇന്ന് പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും മൽസ്യവും മാംസവും ഭക്ഷിക്കുന്നവരാണ്. ചുരുക്കി പറഞ്ഞാൽ ദിവസത്തിൽ ഒരു നേരമെങ്കിലും മൽസ്യം ഉപയോഗിക്കാത്തവർ വളരെ ചുരുക്കമാണ്.

മത്സ്യത്തിന് ഇന്ന് വളരെ ദൗർലഭ്യമില്ലെങ്കിലും മുൻകാലത്തേക്കാൾ വില വളരെ കൂടുതലാണ്. 1930കളിൽ 1 അണക്ക് 100 ചാള (മത്തി) കിട്ടിയിരുന്നെങ്കിലും ഇന്നു് 1 എണ്ണത്തിനു് 1 രൂപ വരെ വില വന്നിട്ടുണ്ട്. അതായത് വർദ്ധനവ് 1600 ഇരട്ടി.

പഞ്ചായത്തിലെ മൊത്തം വിസൃതിയുടെ 34% ഉൾനാട്ടിൽ കിടക്കുന്ന പാടശേഖരങ്ങളും അതിനോടു ചേർന്നു കിടക്കുന്ന ധാരാളം കുളങ്ങളും ആയിരുന്നു. ഇവിടെയെല്ലാം ധാരാളം നാടൻ മത്സങ്ങൾ വരാൽ, മുശു, കടു, പരൽ, കോലാൻ, കരിപ്പിടി, പള്ളത്തി, വയമ്പ് തുടങ്ങിയ മത്സ്യങ്ങൾ ഉണ്ടായിരുന്നു. ആദ്യകാലത്ത് മത്സ്യബന്ധനം മാത്രം തൊഴിലാക്കിയവർ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അത് ഒരു ഉപതൊഴിലായി ചുരുങ്ങിയിരിക്കുന്നു ആദ്യകാലത്ത് കായലിൽ നിന്നും കുളങ്ങളിൽ നിന്നും മൽസ്യം പിടിക്കാനുളള വീശൽ വലകൾ നൂലുകൊണ്ട് തൊഴിലാളികൾ തന്നെ തുന്നി നിർമ്മിക്കുകയായിരുന്നു. അതുപോലെ മത്സ്യം പിടിക്കുന്നതിന് ഒറ്റിൽ, കുരുത്തി, വടിവല, ചൂണ്ടൽ, ഓടയും ഊത്തുളളിയും വെട്ടുചൂണ്ടൽ തുടങ്ങിയ ഉപകരണങ്ങൾ സ്വയം ഉണ്ടാക്കിയാണ് മത്സ്യം പിടിച്ചിരുന്നത്.

മുൻകാലങ്ങളിൽ പാടങ്ങളിലും തോടുകളിലും കുളങ്ങളിലും ധാരാളം ആമ, തവള, ഞണ്ട്, ഞവനി മുതലായവയും ഉണ്ടായിരുന്നു. എന്നാൽ മനുഷ്യർ തവളയെ ഭക്ഷിച്ചിരുന്നില്ല. ആമ, ഞണ്ട്, ഞവനി എന്നിവയെ ഭക്ഷിച്ചിരുന്നു. അടുത്തകാലത്ത് തവളയെ ഭക്ഷിക്കാനും കയറ്റി അയക്കുവാനും തുടങ്ങി. ഇത് വൻതോതിൽ പിടിക്കപ്പെടുകയും കൃഷിക്ക് ഉപയോഗിക്കുന്ന കീടനാശിനി പ്രയോഗംമൂലം ഏതാണ്ട് വംശനാശത്തിന് അടുത്ത് നിൽക്കുന്നു. ഇപ്പോൾ തവളയെ അങ്ങിങ്ങായി കുറേശ്ശെ കണ്ടുവരുന്നു. ഇവ നെൽപ്പാടങ്ങളിലെ ശത്രു കീടങ്ങളെ നശിപ്പിക്കുന്നതിന് അത്യന്താപേക്ഷിതമായ ജീവികളാണെന്നുളളതും വളരെ ശ്രദ്ധേയമാണ്.

പഞ്ചായത്തിന് മത്സ്യ വിപണനത്തിന് അംഗീകൃത മാർക്കറ്റ് ഉണ്ടായിരുന്നുവെങ്കിലും ആത് ഇന്നില്ല. അന്തിക്കാട് വടക്കേ ആലിനു സമീപവും (ആൽകോൾ) പുത്തൻപീടിക സെന്ററിന് അടുത്തു വെച്ചും രാവിലെ സൈക്കിളിലും മറ്റു വാഹനങ്ങളിലും കൊണ്ടുവന്നു ചെറിയതോതിൽ വിൽക്കുന്നുണ്ട്. ഉൾനാടൻ പ്രദേശങ്ങളിൽ ആദ്യകാലത്ത് വലിയ മീൻകുട്ടകൾ കാവിൽ ചുമന്ന് വീടുകളിൽ കൊണ്ടുവന്നിട്ടായിരുന്നു വിപണനം നടത്തിയിരുന്നത്. ആ സമ്പ്രദായത്തിനു പകരം ഇന്ന് സൈക്കിൾ, സ്കൂട്ടർ എന്നീ വാഹനങ്ങളിൽ കൊണ്ടുവന്നു വിൽക്കുന്ന സമ്പ്രദായമാണ്.

അറബികടൽ പഞ്ചായത്തിന് വളരെ അടുത്തായതിനാൽ കടൽമത്സ്യത്തിന് ഒട്ടും ക്ഷാമമില്ല. കൂടാതെ പഞ്ചായത്തിന്റെ കിഴക്കുഭാഗത്ത് വർഷത്തിൽ ഏഴുമാസം വെളളം കെട്ടി നിൽക്കുന്ന വിശാലമായ മനക്കൊടി കായൽ ഉളളതിൽ 288 ഹെക്ടർ പഞ്ചായത്തിന്റെ പരിധിയിൽ പെട്ടതാണ്. പടിഞ്ഞാറെ അതിർത്തിയിൽ രണ്ടു കിലോമീറ്റർ നീളത്തിൽ കനോലി കനാലാണ്. ഇതിന്റെ വീതി 100 മീറ്ററിൽ കൂടുതലാണ്. ഇവിടെ കാലവർഷ സമയത്ത് ശുദ്ധജലവും വേനൽക്കാലത്ത് (നവംബർ.മെയ്) ഉപ്പുവെളളവുമാണ്. ഈ രണ്ടു മേഖലകളിലും പ്രകൃതിദത്തമായ മത്സ്യങ്ങളാണ് വളരുന്നത്. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലുളള നെല്പാടങ്ങളിൽ ധാരാളം തോടുകളും ഉണ്ട്. ഇവയിൽ മഴക്കാലത്തു മാത്രമേ വെളളം ഉണ്ടാവുകയുളളു അതുകൊണ്ട് സ്വാഭാവികമായി ഇതിൽ മത്സ്യങ്ങൾ സ്ഥിരമായി വളരുന്നില്ല. പക്ഷെ പഞ്ചായത്തിനുളളിൽ ഈ തോടുകളോടു ചേർന്ന് ധാരാളം കുളങ്ങൾ ഉണ്ട്. ക്ഷേത്ര കുളങ്ങളും പഞ്ചായത്തു കുളങ്ങളും

നിരവധി സ്വകാര്യ വ്യക്തികളുടെ കുളങ്ങളുമുണ്ട് അനാധികാലം മുതൽ ഇവിടെയൊക്കെ നാടൻ മത്സ്യങ്ങൾ ധാരാളം വളർന്നിരുന്നു. നിരവധി ആളുകൾ മത്സ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്നുണ്ട്. ഇവരിൽ പലർക്കും സ്വന്തമായി വള്ളം, വല എന്നീ ഉപകരണങ്ങൾ ഉള്ളവരാണ്.

നാട്ടിൽ സാധാരണ കണ്ടുവരുന്ന നാടൻമത്സ്യങ്ങൾ വരാൽ, മുശു, കടു, കരിമീൻ, വാള തുടങ്ങിയവയാണ് പഴയ കാലങ്ങളിൽ ധാരളമുണ്ടായിരുന്നത്. എന്നാൽ അടുത്തകാലത്ത് മത്സ്യത്തിന് കേടുകൾ വന്നതിനാൽ ഇവയുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. കനോലി കനാലിൽ പുളിവെള്ളം വരുന്ന സമയത്ത് ഇളമീൻ, കരിമീൻ, ചെമ്പല്ലി കണമ്പ് മുതലായവ ലഭിക്കുന്നു.

1993ൽ മത്സ്യങ്ങൾക്ക് രോഗം വന്നതുകൊണ്ട് നാട്ടിലെ മത്സ്യങ്ങൾ വളരേയേറെ ചത്തൊടുങ്ങി. രോഗകാരണവും പ്രതിവിധിയും ഇതുവരെ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ അന്നത്തെപോലെ കേടുകൾ കാണുന്നില്ല. എന്നാലും ചിലയിടങ്ങളിൽ കാണുന്നുണ്ട്.

ഉൾനാട്ടിലെ കുളങ്ങളിലെ വെള്ളം തെങ്ങുകൃഷിക്ക് പമ്പ്ചെയ്ത് എടുക്കുന്നതുകൊണ്ട് വേഗം വറ്റിപോകുന്നു. അതുകൊണ്ട് മത്സ്യം പൂർണ്ണവളർച്ച എത്തുന്നില്ല. കൂടെതെ പാടങ്ങളിൽ കൃഷിക്കുള്ള മരുന്നുതെളി, മത്സ്യം, തവള. ഞണ്ട്, ഞവനി എന്നിവയെ ദോഷകരമായി ബാധിക്കുന്നു.

ഉൾനാടൻ കുളങ്ങളിൽ ഇതുവരെ ആരും മത്സ്യകൃഷി വ്യാപാര അടിസ്ഥാനത്തിൽ ശാസ്ത്രീയമായി നടത്തിയിട്ടില്ല. കോൾ നിലങ്ങളിൽ വ്യാപാര അടിസ്ഥാനത്തിൽ മത്സ്യങ്ങളെ വളർത്തിയിട്ടില്ല. എന്നാൽ മത്സ്യം വളർത്താതെ തന്നെ 1600 ഏക്കറിൽ ഏകദേശം 2 1/2 ലക്ഷം രൂപയ്ക്കുള്ള മത്സ്യം സംഘടിതമായി പിടിച്ച് വിപണനം നടത്തുന്നതായി ഇപ്പോൾ സ്ഥീരികരിക്കപ്പെട്ടിട്ടുണ്ട്. കോളിൽ പ്രധാന മത്സ്യബന്ധനം കഴിഞ്ഞാൽ അനേകം മത്സ്യതൊഴിലാളികൾ വേനൽകാലം മുഴുവൻ കായലിൽ നിന്നും മത്സ്യംപിടച്ച് ഉപജീവനം കഴിക്കുന്നു. ഇതിൽ നിന്നും ഉൾനാടൻ മത്സ്യബന്ധനത്തിന്റെ വ്യാപ്തി മനസ്സിലാക്കാൻ കഴിയുമല്ലോ വികസന സാദ്ധ്യതകൾ ധാരളമുള്ള മേഖലകൂടിയാണിത്.

## നിർദ്ദേശങ്ങൾ

1. വാർഡുകളിലുള്ള സ്വകാര്യ കുളങ്ങളിൽ മത്സ്യം വളർത്താൻ സാധ്യുതയുള്ള കൃഷിക്കാർക്കു് ഡിപ്പാർട്ടുമെന്റിൽ നിന്നും ശാസ്ത്രീയമായ അറിവും സഹായവും എത്തിക്കുക.
2. മത്സ്യകൃഷി നടത്തുന്നതിൽ നിന്നും മത്സ്യബന്ധനത്തിനും മത്സ്യകൃഷിക്കാരുടെയും ബന്ധപ്പെട്ട തൊഴിലാളികളുടെയും സഹകരണസംഘം രൂപീകരിക്കുക.
3. ശ്രീരാമൻചിറയിൽ ഒരു പൂകൃഷി കഴിഞ്ഞാൽ ചിറകെട്ടി പാടങ്ങളിൽ ചെമ്മീൻ കൃഷിചെയ്യുന്നതിനും ശ്രമിക്കുക.
4. വള്ളവും വലയും സൗജന്യനിരക്കിൽ വിതരണം ചെയ്യുക
5. പഞ്ചായത്ത് കുളങ്ങളിൽ മത്സ്യകൃഷി നടത്തുവാൻ താൽപര്യമുള്ളവർക്ക് പാട്ടത്തിന് കൊടുക്കുക.
6. കോൾ നിലങ്ങളിൽ കൃഷിചെയ്തു കഴിഞ്ഞതിനു ശേഷം മത്സ്യകൃഷി നടത്തുക.
7. പരപ്പൻ ചാലിനോട് ബന്ധപ്പെട്ടുകിടക്കുന്ന ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുവാൻ സൗകര്യമുണ്ടാക്കുക.
8. മത്സ്യ വില്പനക്ക് ആധുനിക രീതിയിൽ ഒരു പൊതു മാർക്കറ്റ് സ്ഥാപിക്കുക.
9. കോളിൽ മത്സ്യം വളർത്തുന്നതിന് ഒരു പൈലറ്റ് പ്രോജക്റ്റ് തയ്യാറാക്കി പരീക്ഷണം നടത്തുക

## വ്യവസായം.

തൊഴിൽ മേഖല പരിശോധിച്ചാൽ വ്യവസായികമായി അന്തിക്കാട് പഞ്ചായത്തിന്റെ അവസ്ഥ ശോചനീയമാണ്. വേണ്ടത്ര വ്യവസായ സ്ഥാപനങ്ങളോ അതു നടത്തുന്നതിന് ആവശ്യമായ സംവിധാനങ്ങളോ ഈ പഞ്ചായത്തിന് ഇല്ല. ഈ ശോചനീയാവസ്ഥക്ക് ഒരു പരിധിവരെ കാരണം വൈദ്യുതിയുടെ കുറവാണ്. പഞ്ചായത്തിൽ വ്യാപകമായി നടക്കുന്ന ഏക പരമ്പരാഗത വ്യവസായം കളള് ചെത്താണ്. ഈ വ്യസായവുമായി ബന്ധപ്പെട്ട് ഏകദേശം അഞ്ഞൂറോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. മറ്റൊരു പരമ്പരാഗത വ്യവസായമായ ചകിരി വ്യവസായം കാര്യക്ഷമമായി നടക്കുന്നില്ല. നല്ല നിലയിൽ നടന്നിരുന്ന ചകിരി തൊഴിലാളി സഹകരണ സംഘം ഇപ്പോൾ പുരോഗതിയില്ലാതെയാണ് പ്രവർത്തിക്കുന്നത്. ആധുനിക യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് വിപുലീകരിച്ചാൽ സംഘം നല്ലനിലയിൽ പ്രവർത്തിക്കുകയും വളരെയേറെ തൊഴിൽസാധ്യതകൾ ഉണ്ടാവുകയും ചെയ്യും. ഇപ്പോൾ മുപ്പതോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട് പഞ്ചായത്തിന് പുറത്തുളള വ്യവസായ ശാലകളായ നാട്ടിക കോട്ടൺ മിൽ, കേരള ലക്ഷ്മി മിൽ, വനജ മിൽ തുടങ്ങിയവയിൽ കുറച്ചു പേർ ജോലി ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ രജ് സ്റ്റർ ചെയ്തിട്ടുളള കൈത്തറി സ്ഥാപനങ്ങളിൽ മൊത്തം 20 പേർ പണിയെടുക്കുന്നുണ്ട്.

| വ്യവസായം | തൊഴിലാളികളുടെ എണ്ണം | യൂണിറ്റുകൾ |
|---|---|---|
| ഭക്ഷ്യവസ്തു സംസ്ക്കരണം | 10 | 2 |
| എഞ്ചിനീയറിങ്ങ് | 8 | 3 |
| സോഡാഫാക്ടറി | 5 | 3 |
| വർക്ക്ഷോപ്പ് | 35 | 8 |
| എള്ള് ആട്ടുന്ന മിൽ | 6 | 3 |
| കാലിത്തീറ്റ ഫാക്ടറി | 4 | 1 |
| പ്രസ്സ് | 14 | 4 |
| ഓയിൽ മിൽ | 4 | 1 |
| റൈസ് മിൽ | 16 | 16 |
| പ്ലാസ്റ്റിക്ക് | 4 | 1 |

പരമ്പരാഗത വ്യവസായ മേഖലയിൽ പ്രമുഖം കൈത്തറിയാണെങ്കിലും പരിമിതമായ തൊഴിലാളികളെ ഇവിടെ ഈ രംഗത്ത് ജോലി ചെയ്യുന്നുളളൂ. കൈത്തറി തൊഴിലാളി സഹകരണസംഘം നിലവിലുണ്ട്. ഇരുപത് തൊഴിലാളികൾ ഈ രംഗത്ത് തൊഴിൽ ചെയ്യുന്നു. ഉന്നത നിലവാരം പുലർത്തുന്ന ഏറ്റവും ആധുനികമായ നെയ്ത്തിന് തയ്യാറുളള തൊഴിലാളികൾ ലഭ്യമാണ്. ആവശ്യമായ യന്ത്രങ്ങളും തൊഴിലാളികൾക്ക് പരിശീലനവും നൽകിയാൽ വളരെ പുരോഗമന സാധ്യതയുളള ഒരു മേഖലയാണിത്. നൂലിന്റെ വില വർദ്ധനവും ഏറ്റവും കുറഞ്ഞ കൂലി ലഭ്യതയും ഈ മേഖലയെ തളർത്തുന്നു. വിപണരംഗത്തെ മാൽസര്യവും ഈ മേഖല അഭിമുഖീകരിക്കുന്ന ഒരു പ്രതിസന്ധിയാണ്.

വനിതാ വ്യവസായം എന്ന പേരിൽ ഒരു സഹകരണ സംഘം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് പ്രസ്തുത സംഘത്തിൽ 25 സ്ത്രീ തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. അവിടെ മെഴുകുതിരി, സോപ്പ്, ചന്ദനത്തിരി, പലവ്യഞ്ജനങ്ങൾ പൊടിച്ച് പേക്കറ്റിലാക്കൽ, പ്ലാസ്റ്റിക്ക് കൊട്ട നെയ്ത്ത്, ഗാർമെന്റ്സ് ഉണ്ടാക്കൽ എന്നിവ ചെയ്യുന്നുണ്ട്. വിപണന രംഗം മൽസരങ്ങൾ നേരിടുന്നതിനാലും വിദഗ്ദമായ വിപണന മേഖലകളുടെ അഭാവം മൂലവും ഈ സംഘം പുരോഗതിയിലേക്കല്ല പോകുന്നത്. ഇവിടെ നൽകുന്ന കൂലി വളരെ കുറവാണ്. ഉൽപന്നത്തിന്റെ ഗുണം വർദ്ധിപ്പിച്ചും വിപണന മേഖല കാര്യക്ഷമമാക്കിയും ഈ വ്യവസായം വൻ പുരോഗതിയിൽ എത്തിക്കാവുന്നതാണ്.

വളരെ പണ്ടുകാലം മുതൽക്ക് നല്ലനിലയിൽ നടന്നു വരുന്ന ഒരു വ്യവസായമാണ് മൺപാത്ര വ്യവസായം. 1950 ൽ കാരമുക്ക് ആസ്ഥാനമായി ഒരു സഹകരണ സംഘം പ്രവർത്തിച്ചിരുന്നു. എന്നാൽ ഇപ്പോഴത് പ്രവർത്തനരഹിതമാണ്. മൺപാത്രവ്യവസായ

ത്തിന് ആവശ്യമായ കളിമണ്ണ് ലഭ്യമാണെങ്കിലും മണ്ണ് ലഭിക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഈ രംഗത്തെ തളർത്തുന്നു. പരിചയസമ്പന്ന രായ തൊഴിലാളികളുടെ കുറവും ഈ വ്യവ സായത്തെ നിശ്ചലാവസ്ഥയിലാക്കുന്നു. ആധു നിക രീതിയിലുള്ള പാത്രങ്ങൾ ഗാർഹിക മേഖല കൈപിടിയിൽ ഒതുക്കിയിരിക്കയാണെ ങ്കിലും കള്ള് ചെത്ത് വ്യവസായത്തിന് അത്യാ വശ്യമായ "മാട്ടം" ഇവിടെ അനിവാര്യമായതി നാൽ ഈ വ്യവസായത്തിന് വൻ സാദ്ധ്യത യുണ്ട്. പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വരുമാനം കുറഞ്ഞു വരികയാൽ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കു ന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്.

പരമ്പരാഗതമായി ഇവിടെ നടന്നു വരുന്ന ഓട്, സ്വർണ്ണം, ഇരുമ്പ് എന്നീ വ്യവസായങ്ങൾ ഇന്ന് ശോചനീയമായ അവസ്ഥയിലാണുള്ള ത്. ഈ രംഗം ശാസ്ത്രീയമായി പുനഃക്രമീക രിക്കാൻ നടപടിയുണ്ടാകണം. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു വൈരക്കല്ല് പോളീഷിംഗ് യൂണിറ്റ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കു ന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഇത്തരം യൂണിറ്റുകൾ തുടങ്ങാം.

കുടിൽ വ്യവസായമായി പായ നെയ്ത്ത്, പപ്പടം പണി, ചൂല് നിർമ്മാണം, നോട്ട് പുസ്ത കങ്ങൾ ഉണ്ടാക്കൽ, പലഹാരനിർമ്മാണം എന്നിവ നടത്തിവരുന്നുണ്ട്. പായ നെയ്ത്തിന് ആവശ്യമായ കൈതഓലയുടെ അഭാവം ഈ വ്യവസായത്തെ പുറകോട്ടാക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ ചകിരി നാര് കൊണ്ടുവന്ന് വീടുകളിൽ കുല ക്കയർ പിരിച്ചുണ്ടാക്കി വിൽപ്പന നടത്തുന്നു ണ്ട്. അതുപോലെ ചെറിയ പ്ലാസ്റ്റിക്ക് കുപ്പി കൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റുമുണ്ട്.

ഫർണീച്ചർ നിർമ്മാണം വൻപുരോഗതിക്ക് സാദ്ധ്യതയുള്ളതാണെങ്കിലും ആകെ മൂന്നു യൂണിറ്റികൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. എണ്ണയാട്ടു വ്യവസായം ഖാദി മേഖലയിൽ മൂന്നു യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. S.S.I യൂണിറ്റിൽ പ്രവർത്തിക്കുന്ന ചെറിയ ചെറിയ ഒറ്റപ്പെട്ട യൂണിറ്റുകൾ വേറെയും പ്രവർത്തി ക്കുന്നുണ്ട്.

അന്തിക്കാട് പാൽ വിതരണ സഹകരണ സംഘത്തിന്റെ കീഴിൽ ഒരു കാലിത്തീറ്റ ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. ഇതിനു വേണ്ട അസംസ്കൃത വസ്തുക്കൾ പുറമേ നിന്നു കൊ ണ്ടുവരികയാണ്. ഇത് ഇവിടെ ലഭ്യമാക്കാവു ന്നതും ഫാക്ടറി വിപുലീകരിക്കാവുന്നതുമാണ്. ഇവിടെ നാല് തൊഴിലാളികൾ മാത്രമാണ് പ്രവർത്തിക്കുന്നത്. ഈ ഫാക്ടറി വിപുലീകരി ക്കുവാൻ നാം നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ചെറിയ നാലു പ്രസ്സുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പത്തു തൊഴി ലാളികളുണ്ട്. വിപുലീകരിച്ച പ്രസ്സ് നടത്തുവാൻ ഇവിടെ സാദ്ധ്യതയുണ്ട്. ചുരുക്കം സോഡാ ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ട്.

കേരവൃക്ഷങ്ങൾ തിങ്ങി നിറഞ്ഞു നിൽക്കുന്ന പ്രദേശമാണ് ഈ ഗ്രാമം. ഇവിടെ നല്ല വിളവുതരുന്ന തെങ്ങുകളുണ്ട്. വൻ വ്യ വസായസാദ്ധ്യതയുള്ള ഈ രംഗം ഇന്ന് ചുരുക്കം ചില സ്വകാര്യ വ്യക്തികൾ മാത്രം കൈയ്യടക്കിയിരിക്കയാണ്. ന്യായമായ വില കർഷകർക്ക് ലഭിക്കാത്തതിനാൽ കൃഷിക്കാർ വിമുഖരാണ്. ഇവിടെ ഉൽപാദിപ്പിക്കുന്ന നാളി കേരം മുഴുവൻ ശേഖരിച്ചും കൊപ്ര, വെളി ച്ചെണ്ണ, ഇളനീർ, ചിരട്ട, മടൽ, തൊണ്ട് മുത ലായവ ഉപയോഗിച്ചും വിവിധ വ്യവസായങ്ങൾ നല്ലരീതിയിൽ നടത്താവുന്നതാണ്. വെളി ച്ചെണ്ണ എടുത്തതിന് ശേഷമുള്ള പിണ്ണാക്ക് കാലിത്തീറ്റ ഫാക്ടറിക്ക് ഉപയോഗിക്കാവുന്ന താണ്. വീണ്ടും ബാക്കി വരികയാണെങ്കിൽ ജൈവവളം നിർമ്മിക്കുവാനും സാധിക്കും. വർഷത്തിൽ ഏകദേശം 70 ലക്ഷം നാളികേരം ഇവിടെ ലഭ്യമാണ്. എന്നാൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന വെളിച്ചെണ്ണ മില്ലുകൾ ഇല്ല. കരിക്കൊടി കയർ സഹകരണ സംഘം വിപു ലീകരിച്ചാൽ ചകിരി ഉപയോഗിച്ച് വിവിധ തരം ഉൽപ്പന്നങ്ങൾ ഉണ്ടാക്കാവുന്നതാണ്.

ഈ ഗ്രാമം നെല്ലുല്പാദനത്തിൽ സ്വയം പര്യാപ്തമാണ്, എന്നാൽ ഈ നെല്ല് സംഭരിച്ച് അരിയാക്കി വിൽക്കുന്നത് ചുരുക്കം സ്വാകാ ര്യ വ്യക്തികളാണ്. ഇത് ഈ പഞ്ചായത്തിന് പുറത്തുമാണ്. ഇവിടുത്തെ നെല്ല് സംഭരിക്കുന്ന

ഒരു സഹകരണസംഘം അത്താണിയിൽ ഉണ്ട്. പക്ഷേ അവർ കർഷകരെ കഴിയാവുന്നിടത്തോളം ബുദ്ധിമുട്ടിക്കുന്ന ഒരു നയമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും ഈ സഹകരണ സംഘത്തിന് സംഭരിച്ച് അരിയാക്കി വിതരണം ചെയ്യാവുന്നതാണ്. നടത്തിപ്പുകാർ ശ്രദ്ധിച്ചാൽ ഇത് വിജയകരമാക്കാവുന്നതാണ്. അല്ലാത്ത പക്ഷം ബ്ലോക്ക് അടിസ്ഥാനത്തിൽ നെല്ല് സംഭരിച്ച് അരിയാക്കാനുള്ള ഒരു സംരംഭം തുടങ്ങണം. കന്നുകാലി വളർത്തൽ ഇവിടെ ധാരാളമായി നടക്കുന്നുണ്ട്. മിക്കവാറും വീടുകളിൽ പശുക്കളെ ഉപതൊഴിലായി വളർത്തുന്നുണ്ട്. നെൽകൃഷി ധാരാളമായി ഉള്ളതിനാൽ ഈ വൈക്കോൽ കൃഷിക്കാർക്ക് കാലിതീറ്റയായി ഉപയോഗിക്കാവുന്നത് ഒരു ഗുണപരമായ ഘടകമാണ്. എന്നാൽ ഇവിടെ ഉൽപാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കുവാൻ ഇവിടെ പ്രവർത്തിക്കുന്ന സഹകരണസംഘത്തിന് സാധിക്കുന്നില്ല. എന്നാൽ ഈ ജില്ലയിൽ ഉൽപാദിപ്പിക്കുന്നതും ഇന്ന് അധികമായി വരുന്നതുമായ പാൽ മുഴുവൻ ജില്ലാ അടിസ്ഥാനത്തിൽ സംഭരിച്ച് പാൽ ഉപയോഗിച്ച് പാലുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു വൻകിട ഫാക്ടറി ഉണ്ടാവുകയാണെങ്കിൽ അത് ഒരു വൻവിജയമാക്കാം.

നമ്മുടെ പഞ്ചായത്തിൽ കോഴിമുട്ട, ഇറച്ചികോഴി, മുതലായവ പുറത്തുനിന്ന് ഇറക്കുമതി ചെയ്യുകയാണ്. ഇവ ധാരാളമായി വിപണനം നടക്കുന്നുമുണ്ട്. വ്യാവസായിക അടിസ്ഥാനത്തിൽ ഇവിടെ തന്നെ ഇറച്ചികോഴി, മുട്ടകോഴി, കാടപക്ഷി, പന്നി എന്നിവയെ വളർത്താൻ കഴിയും. ഇവക്ക് ഇവിടെ വിപണന സാധ്യതയുള്ളതാണ്.

ആധുനിക വ്യവസായങ്ങൾ ഇവിടെ ഒന്നും കാര്യമായി പ്രവർത്തിക്കുന്നില്ല. പുതിയത് തുടങ്ങുകയാണെങ്കിൽ ഇവകൊണ്ട് കാര്യമായി പരിസര മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാവുന്നതല്ല. ശാസ്ത്രീയമായി മൽസ്യകൃഷി വ്യാവസായിക അടിസ്ഥാനത്തിൽ നടത്താവുന്നതാണ്. വളരെ പേർക്ക് വരുമാനം വർദ്ധിപ്പിക്കാനുള്ള ഒരു ഉപാധിയാണിത്. വലിയ നാടൻ മാവുകൾ മുഴുവനും നാട്ടിൽനിന്ന് അപ്രത്യക്ഷമായതുകൊണ്ട് ഇവിടെ നല്ല നിലയിൽ നടന്നിരുന്ന തേനീച്ച വളർത്തൽ ഇന്ന് വളരെ പരിമിതമായിരിക്കയാണ്. തേനീച്ചകൾക്ക് രോഗബാധ മറ്റൊരു കാരണമാണ്. ഇതിനെ പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രോൽസാഹിപ്പിച്ച് ശുദ്ധമായ തേൻ ലഭ്യമാക്കണം.

ഇ പഞ്ചായത്തിൽ മൂന്നു എഞ്ചിനീയറിങ്ങ് വർക്ക്ഷോപ്പുകൾ ഉണ്ട്. ഇലക്ട്രോണിക്ക് വ്യവസായങ്ങൾ നാമമാത്രമാണ്. ബീഡി വ്യാവസായം ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ നിലവിലില്ല. എന്നാൽ വീടുകളിൽ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുണ്ട്.

## നിർദ്ദേശങ്ങൾ

1. അന്തിക്കാട് പഞ്ചായത്തിലെ കൊപ്ര മുഴുവൻ സംഭരിക്കുന്നതിന് ഒരു സംഘം ഉണ്ടാക്കി അതിൽ ആധുനിക രീതിയിലുള്ള ഡ്രയർ, എക്സ്പെല്ലർ എന്നിവയുടെ സഹായത്താൽ ശുദ്ധമായ വെളിച്ചെണ്ണ എടുത്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കൾ, തേങ്ങാപൊടി, തേങ്ങാപ്പാൽ, തേങ്ങാവെള്ളം കൊണ്ടുള്ള പാനീയം എന്നിവ ഉണ്ടാക്കി വിപണനം ചെയ്യണം.

2. നെല്ല് സംഭരിച്ച് അരിയാക്കി വിതരണം നടത്തണം.

3. ആവശ്യമായ സോപ്പ്, ചന്ദനത്തിരി, മെഴുകുതിരി, എന്നിവ ഉണ്ടാക്കുന്നതിനുള്ള വനിതാ വ്യാവസായ യൂണിറ്റ് ഉണ്ടാക്കണം

4. അന്തിക്കാട് പഞ്ചായത്തിൽ പണ്ട് ഉണ്ടായിരുന്ന കൈത്തറി പരിശീലനകേന്ദ്രം അന്യാധീനപ്പെട്ടിരിക്കയാണ്. ഇത് വീണ്ടെടുത്ത് നൂതന രീതിയിലുള്ള നെയ്ത്ത് പരിശീലന കേന്ദ്രം പ്രവർത്തനം ആരംഭിക്കണം.

5. തേനീച്ച വളർത്തൽ പ്രോൽസാഹിപ്പിക്കണം

6. രണ്ടു വാർഡുകളിൽ രജിസ്ട്രേഷൻ ലഭിച്ച ചെരിപ്പ് നിർമ്മാണ യൂണിറ്റും ഹോമിയോ മരുന്നു കുപ്പികളുണ്ടാക്കുന്ന യൂണിറ്റും. പ്രവർത്തനക്ഷമമാക്കണം.

7. ഒരു ബ്രഡ് യൂണിറ്റ് തുടങ്ങണം.

8. കൃഷി ഉപകരണങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റ് ഉണ്ടാക്കണം.

9. പെയിന്റ് ഉൽപാദന യൂണിറ്റ് ഉണ്ടാക്കണം.

10 ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം.

11 പഴവർഗ്ഗങ്ങൾ സംസ്ക്കരിക്കുന്നതിനും സ്ക്വാഷ്, ജാം, അച്ചാറുകൾ എന്നിവ ഉണ്ടാക്കുന്നതിനും യൂണിറ്റ് വേണം.

12. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം പ്രോൽസാഹിപ്പിക്കണം.

13 കുട നിർമ്മാണത്തിന് ഒരു വനിതാ യൂണിറ്റിന് പരിശീലനം ലഭ്യമാക്കണം.

14. വ്യാവസായ സംരംഭകർക്ക് ആവശ്യമായ ലോൺ കൊടുക്കുന്നതിന് ബാങ്കുകാർ വിമുഖത കാണിക്കുന്നു. പലതവണ അധികാരികളുടെ ശ്രദ്ധയിൽ പെടുത്തിയിട്ടും ഇതുവരെ ഒരു പരിഹാരം ഉണ്ടായിട്ടില്ല.

15. പ്രാദേശികമായി ഇവിടെ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിന് ഒരു പൊതു മാർക്കറ്റ് ഉണ്ടാക്കണം.

16. വനിതകൾക്ക് പൊതുവെ തൊഴിലവസരങ്ങൾ കുറവാണ്.

17. പഞ്ചായത്തുതലത്തിൽ ഒരു തൊഴിൽപരിശീലനകേന്ദ്രം തുടങ്ങണം.

18. പച്ചക്കറി വിത്ത് വ്യാവസായികടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്ന യൂണിറ്റ് സ്ത്രീകൾക്കായി ഉണ്ടാക്കാം.

19 പഞ്ചായത്തിൽ ഒരു തീപ്പെട്ടി നിർമ്മാണ സഹകരണസംഘം പുലാമ്പുഴ കടവിൽ ഉണ്ടായിരുന്നു. അത് ഇന്ന് പ്രവർത്തന രഹിതമാണ് ഉപകരണങ്ങൾ കെട്ടിക്കിടക്കുന്നു. വളരെയധികം സ്ത്രീകൾക്കും കുട്ടികൾക്കും തൊഴിൽ ലഭിച്ചിരുന്നതാണ്.

20. പടിഞ്ഞാറൻ മേഖലയിൽ കക്ക നിക്ഷേപം ധാരളമുണ്ട് അതിന്റെ സംസ്കരണ കേന്ദ്രങ്ങൾ ഉണ്ടാക്കണം. ചെറിയ തോതിൽ കക്ക നീറ്റു കേന്ദ്രങ്ങൾ ഇന്നും നിലവിലുണ്ട്. കൃഷി ആവശ്യത്തിനും വെളള പൂശുന്നതിനും ഇത് ഉപകരിക്കും. ഈ വ്യവസായം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

21. ഒരു സോപ്പ് നിർമ്മാണ വ്യവസായസഹകരണസംഘം ഉണ്ടായിരുന്നത് ഇന്ന് പ്രവർത്തിക്കുന്നില്ല.

22. ഓട്ടോമൊബൈൽ വർക്ക് ഷാപ്പ്, സ്പ്രേപെയിന്റിംഗ്, സ്കാൻ സെന്റർ, അപ്ഹോൾസ്റ്ററി വർക്ക്, റബ്ബർ ഫ്ലാപ്പ്, ടയർ റിസോളിംഗ്, റെക്സിൻ ബേഗ്, സീറ്റ് കവർ, ടൂവീലേഴ്സ്, സ്റ്റൗ തിരികൾ, ബേക്കറി ഐറ്റംസ്, ഇറച്ചി-മീൻ പാക്ക് ചെയ്ത് വീടുകളിൽ എത്തിക്കുക എന്നീ ചെറുകിട വ്യാവസായിക യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകണം.

# ഊർജ്ജം

ഈ പഞ്ചായത്തിൽ ഇലക്ട്രിക്ക് സബ്സ്റ്റേഷനുകൾ(KSEB)ഒന്നും പ്രവർത്തിക്കുന്നില്ല. മണലൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 110 KV സബ്സ്റ്റേഷനിൽ നിന്നാണ് ഈ പഞ്ചായത്തിൽ വൈദ്യുതി ലഭ്യമാകുന്നത്. വൻ വ്യവസായശാലകൾ ആരംഭിക്കാൻ തയ്യാറായി നിൽക്കുന്ന ഈ പഞ്ചായത്തിൽ കാര്യശേഷിയോടുകൂടിയ വൈദ്യുതി വിതരണത്തിന് 110 KV സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഇപ്പോൾ വിതരണം ചെയ്യുന്നതിൽ 70% ഗാർഹിക ആവശ്യങ്ങൾക്കും കൃഷി ആവശ്യങ്ങൾക്കുമാണ് ഉപയോഗിക്കുന്നത്. ഇവിടെ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ അതിന്റെ നിശ്ചിതശേഷിയേക്കാൾ വളരെയധികം ലോഡ് വഹിക്കേണ്ടി വരുന്നതിനാൽ വോൾട്ടേജ് ക്ഷാമം ഈ പഞ്ചായത്തിൽ പരക്കെ അനുഭവപ്പെടുന്നു. വൈദ്യുതിയുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചു വരികയാണ്.

നെൽകൃഷി കൂടുതലുള്ള കോൾ പടവുകൾ ഉൾപ്പെടുന്ന ഗ്രാമമായതിനാലും പമ്പ് ചെയ്ത വെള്ളം വറ്റിച്ച് കൃഷി ചെയ്യേണ്ടതിനാലും ഈ രംഗത്ത് വൈദ്യുതി ധാരാളം ആവശ്യമായി വരുന്നു. ഈ ഗ്രാമത്തിലെ അധികം കർഷകരും വൈദ്യുത മോട്ടറും പമ്പും ഉപയോഗിച്ച് കൃഷി നടത്തുന്നവരാണ്. ധാരാളംചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് ആളുകൾ മുന്നോട്ടു വരുന്നതിനാൽ വൈദ്യുതിയുടെ ആവശ്യം വർദ്ധിച്ചുവരുന്നു. 5 ട്രാൻസ്ഫോർമറെങ്കിലും പുതിയതായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ടതാണ്. ആധുനികവൽക്കരണം മൂലം ഗാർഹിക ആവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ എടുക്കുമ്പോൾ ആവശ്യമായതിന്റെ ഇരട്ടി വൈദ്യുതി ഇന്ന് മിക്കവാറും വീടുകളിൽ ഉപയോഗിക്കുന്നു. ടിവി, ഫ്രിഡ്ജ്, മിക്സി, വാഷിംഗ് മെഷീൻ, ഗ്രൈന്റർ എന്നിവയുടെ ഉപയോഗം വർദ്ധിച്ചു വരുന്നു. പഞ്ചായത്തിൽ നിലവിലുള്ള റോഡുകളിൽ കുറഞ്ഞ വോൾട്ടേജിലും കത്താവുന്ന(C.F.L) ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കണം. റോഡുകളിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്ററുകൾ മാറ്റിസ്ഥാപിക്കണം. പാചകത്തിന് വൈദ്യുതി ഉപയോഗം കുറയക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

കേരവൃക്ഷങ്ങൾ ധാരളമായി ഉള്ളതിനാൽ പാചകത്തിന് ആവശ്യത്തിനുള്ള വിറകിന്റെ കാര്യത്തിൽ സ്വയം പര്യാപ്തമാണ് ഈ ഗ്രാമം. പഴയ രീതിയിലുള്ള അടുപ്പുകൾ ഉപയോഗിക്കുമ്പോൾ വളരെ കുറവ് ഊർജ്ജം മാത്രമേ കിട്ടുന്നുള്ളൂ. ആയതിനാൽ ദക്ഷത കൂടിയ അടുപ്പുകൾ ഏവർക്കും എത്തിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കന്നുകാലികൾ കൂടുതലുള്ളതിനാൽ ബയോഗ്യാസ് ഉൽപാദിപ്പിക്കുവാൻ സാദ്ധ്യതയുണ്ട്. പാചകഗ്യാസ് കൂടുതൽ ഉപയോഗിക്കുന്നുണ്ട്. ആവശ്യാനുസരണം ഗ്യാസ് സിലണ്ടറുകൾ എത്തിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. ആവശ്യത്തിന് വിറക് ലഭ്യമായതിനാൽ വനനശീകരണത്തിൽ ഈ ഗ്രാമം പങ്കാളിയല്ല. പാചകത്തിന് മണ്ണെണ്ണയും ഉപയോഗിക്കുന്നുണ്ട്. വൈദ്യുതീകരിക്കാത്ത വീടുകൾ മുഴുവനും വൈദ്യുതീകരിക്കണം.

| ഇലക്ട്രിസിറ്റി ഇല്ലാത്ത വീടുകൾ | ഇലക്ട്രിസിറ്റി ഉള്ള വീടുകൾ |
|---|---|
| 2393 | 3111 |

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി കപ്പാസിറ്റി കൂടിയത് സ്ഥാപിച്ച് വേൾട്ടേജ് ക്ഷാമം പരിഹരിക്കുക.
2. വൈദ്യതി ലൈനിൽ മുട്ടിനിൽക്കുന്ന വൃക്ഷലതാതികൾ യഥാസമയം മുറിച്ചുമാറ്റി ഊർജ്ജം ചോർന്നുപോകുന്നത് തടയുക.
3. പഞ്ചായത്തിന്റെ എല്ലാ റോഡുകളിലും ലൈൻ ഇട്ട് അവിടെ സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക
4. അപകട സാദ്ധ്യതയുള്ള എല്ലാ വളവുകളിലും ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.(C.F.L)
5. ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന എല്ലാ പോസ്റ്റുകളും സൈഡിലേക്കു മാറ്റി സ്ഥാപിക്കുക
6. അപ്രഖ്യാപിത പവർകട്ടുകൾ നിർത്തലാക്കണം
7. വൈദ്യുതി ദുരുപയോഗപ്പെടുത്തുന്നതിനെതിരായി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി ആലോചിച്ചു ഒരു ബോധവൽക്കരണ പരിപാടി നടത്തുക.
8. അപേക്ഷകർക്ക് എത്രയും വേഗം വൈദ്യുതി കണക്ഷൻ ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.
9. എല്ലാ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക.
10 വൈദ്യുതിക്ഷാമം ഉള്ളതുകൊണ്ടാണ് നമ്മുടെ നാട്ടിൽ ചെറുകിട വ്യവസായങ്ങൾ വളരാത്തത്. ജനങ്ങളുടെ തൊഴിലവസരങ്ങൾകൂടി നഷ്ടപ്പെടുന്നതുകൊണ്ട് ഇതൊരു വെല്ലുവിളിയായി ഏറ്റെടുത്ത് എത്രയും വേഗം വൈദ്യുതിക്ഷാമത്തിനുള്ള പരിഹാരം ഉണ്ടാക്കുക.
11. പാചകത്തിന് കഴിയുന്നതും വൈദ്യുതി ഉപയോഗിക്കാതിരിക്കുക.
12. ദക്ഷത കൂടിയ അടുപ്പുകൾ എല്ലാ വീടുകൾക്കും സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.
13. ഓരോ വീട്ടിലും സൗരോർജ്ജം ഉപയോഗിക്കുന്നത് മാതൃകയാക്കണം. വെളിച്ചം, ചൂടുവെള്ളം, റേഡിയോ, ടെലിവിഷൻ, പ്രവർത്തനങ്ങൾ ഇവയ്ക്കെല്ലാം സോളാർ എനർജി ഉപയോഗിക്കാം. ഇതിന് പ്രചരണം നൽകുകയും വേണം.
14. വൈദ്യുതി വിതരണത്തിലെ പ്രസരണ നഷ്ടം ഒഴിവാക്കി വിതരണം കാര്യക്ഷമമാക്കി വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. ആകെ 3111 വൈദ്യുതീകരിച്ചതും 2041 വൈദ്യുതീകരിക്കാത്തതുമായ വീടുകൾ ഉണ്ട്.

# ഗതാഗതം

## റോഡുകളും ജലമാർഗ്ഗങ്ങളും

പഞ്ചായത്തിന്റെ കിഴക്കേ അതിർത്തി കോളും പടിഞ്ഞാറതിർത്തി കനോലി കനാലുമായതിനാൽ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ ജലഗതാഗതത്തിനു് വളരെ സൗകര്യമുണ്ടായിരുന്നു. കനോലി കനാലിന്റെ പടിഞ്ഞാറതിർത്തി പഴയ മലബാർ പ്രദേശത്തിലെ നാട്ടിക ഫർക്കയായിരുന്നു. അതായത് ഇന്നത്തെ തൃശൂർ ജില്ലയിലെ തളികുളം പഞ്ചായത്തി. ഇവിടെയാണ് മുറ്റിച്ചൂർ കടവും പുലാമ്പുഴ കടവും സ്ഥിതിചെയ്യുന്നത്. ഈ രണ്ടു കടവിലും രണ്ടു കരക്കാർക്കുമായി സർക്കാർ ലേലം ചെയ്തു കൊടുത്തിരുന്ന കടത്തു വള്ളങ്ങൾ ഉണ്ടായിരുന്നു. ഒരാൾക്ക് കടത്തുകൂലി 1930 ൽ ഒന്നര കാശായിരുന്നു. (96 കാശു് ഒരു രൂപ). ഈ കടവുകൾ കേരളത്തിന്റെ തെക്കെ അറ്റത്തു തിരുവനന്തപുരത്തുള്ള വള്ലക്കടവാമായും വടക്കു കോഴിക്കോട്ടെ വള്ള ക്കടവുമായും ബന്ധപ്പെട്ടു കിടക്കുന്നതാണ്. അതുപോലെ പഞ്ചായത്തിലെ കിഴക്കെ അതിർത്തിയിൽ കോളിലുള്ള അന്തിക്കാട്ട് വള്ളക്കാവ് തൃശൂരിൽ കൊക്കാലയിൽ റെയിൽവേ സ്റ്റേഷന് പടിഞ്ഞാറു വശത്ത് കോൾ നിലങ്ങളുടെ കിഴക്കേ അറ്റത്തു സ്ഥിതി ചെയ്യുന്ന വള്ളക്കുളവുമായി പെരുമ്പുഴ തോടും കൊക്കാലതോടും വഴി ബന്ധപ്പെട്ടു കിടക്കുന്നു. ഈ കടവുകളിൽ നിന്ന് തൃശൂരിലേക്കും തിരുവന്തപുരം, കൊല്ലം, കോട്ടയം ചങ്ങനാശ്ശേരി, അമ്പലപ്പുഴ, ആലപ്പുഴ, ചേർത്തല, കൊച്ചി, എറണാകുളം, വൈപ്പിൻ, പറവൂർ, കൊടുങ്ങല്ലൂർ, എന്നീ തെക്കൻ ഭാഗങ്ങളിലേക്കും കണ്ടശ്ശാംകടവ്, പുളിക്കകടവ്, കോടമുക്ക്, ഏനാമാവ്, ചേറ്റുവ, ചാവക്കാട് ഗുരുവായൂർ തുടങ്ങി വടക്കേ കോഴിക്കോടു വരേയും വള്ളങ്ങളിൽ ചരക്കു കയറ്റി അയക്കുകയും ഇവിടേക്ക് കൊണ്ടുവരുകയും ചെയ്തിരുന്നതാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറെ ഭാഗത്ത് പടിയം വില്ലേജിൽ പെട്ട കാനോലി കനാലിന്റെ ഓരത്തെ പ്രധാന വ്യവസായമായിരുന്നു ചകിരി. ഇതു പ്രധാനമായും കൊച്ചിയിലേക്കും ആലപ്പുഴയിലേക്കും വള്ളത്തിലാണ് അയച്ചിരുന്നത്. അതുപോലെ ഈ പഞ്ചായത്തിനെ പ്രധാന തൊഴിൽ അന്നും ഇന്നും ചെത്താണ്. തൃശൂരിനും പരിസരത്തും ഉള്ള ഷാപ്പുകളിലേക്ക് ഉള്ള കള്ള് അന്തിക്കാട് കടവാരത്തു നിന്ന് വള്ളത്തിലാണ് കൊക്കാലക്ക് കൊണ്ടുപോയിരുന്നത്. അന്തിക്കാടും പടിയത്തിലുമുള്ള കള്ള് കാവിന് ചുമന്നാണ് അന്തിക്കാട് കടവോരത്ത് എത്തിച്ചിരുന്നത്. അന്ന് ഇന്നത്തെ പോലെ ലോറി തുടങ്ങിയ വാഹനങ്ങൾ ഉണ്ടായിരുന്നില്ലെന്നു തന്നെ പറയാം ജനങ്ങളുടെ മറ്റു സ്ഥലങ്ങളിലേക്കുള്ള യാത്രക്കും വള്ളങ്ങളാണ് ഉപയോഗിച്ചിരുന്നത് കൊടുങ്ങല്ലൂർ ഭരണി, തൃപ്രയാർ ഏകാദശി, ഗുരുവായൂർ ഏകാദശി എന്നീ ഉത്സവക്കാലത്തു കനോലി കനാൽ വള്ളങ്ങൾ കൊണ്ട് നിറഞ്ഞിരുന്നു. പൊന്നാനി-ആല-വഴി കൊച്ചിക്കു ബോട്ട് സർവ്വീസ് കാനോലി കനാലിൽ കൂടി ഉണ്ടായിരുന്നു. അന്നത്തെ പ്രധാന ഗതാഗത മാർഗ്ഗം ഇതായിരുന്നു. ഇന്നും കാനോലി കനാലിൽ ബോട്ടുചാൽ ഉണ്ട്.

റോഡുകൾ നൂറ്റാണ്ടിന്റെ ആരംഭത്തിൽ വളരെ ചുരുക്കം. തൃശൂരിൽ നിന്ന് തൃപ്രയാറിലേക്ക് കാഞ്ഞാണി വഴി അന്തിക്കാട് പെരിങ്ങോട്ടുകര കൂടി പോകുന്ന ഒരേ ഒരു റോഡാണ് പഞ്ചായത്തിലുണ്ടായിരുന്നത്. കാഞ്ഞാണിയിൽ നിന്ന് ഈ റോഡ് മണലൂർ പഞ്ചായത്തിനെ ഏനാമാവിലേക്കും ഉണ്ടായിരുന്നു. അതുപോലെ കാഞ്ഞാണിയിൽ നിന്ന് കണ്ടശ്ശാംകടവിലേക്കും ഈ റോഡുകളിൽ ഒരോ മണിക്കൂർ ഇടവിട്ട് ഓടുന്ന രണ്ടു ബസ്സുകളാണ് ആദ്യത്തിൽ ആരംഭിച്ചത്.

അന്തിക്കാട് സെന്ററിൽ നിന്ന് പഞ്ചായത്തിന്റെ വടക്കേ ഭാഗത്തുള്ള വെള്ളറക്കത്ത് മനയുടെ കിഴക്കേ പടിവരെ ഒരു പഞ്ചായത്ത് റോഡുണ്ടായിരുന്നു. അതിൽ മെറ്റൽ വിരിച്ചിരുന്നില്ല. ചെങ്കൽ വിരിച്ചതായിരുന്നു. ഈ രണ്ടു റോഡുകൾ കൂടാതെ മറ്റു റോഡുകൾ ഒന്നും തന്നെ സ്വതന്ത്ര ലബ്ദിക്ക് മുമ്പുണ്ടായിരുന്നില്ല. ഉൾപ്രദേശത്തെ യാത്ര മുഴുവനും പാടത്തെ നടവരമ്പത്തു കൂടിയും പറമ്പുകളുടെ ഇടയിലുള്ള ഇടവഴികളിൽ കൂടിയും മാത്രമായിരുന്നു. ഇടവഴികൾ മഴക്കാലത്ത്

വെള്ളം ഒഴിഞ്ഞു പോകാനുള്ള ജലം നിർഗ്ഗമന മാർഗ്ഗങ്ങളായിരുന്നു. ഇവയിലൊന്നും തന്നെ വാഹന ഗതാഗതങ്ങൾക്ക് ഉതകുന്നതല്ലായിരുന്നു. അന്ന് വാഹനങ്ങളും ഇല്ലായിരുന്നു. ഈ റോഡുകളിലും ഇടവഴികളിലും നടവരമ്പത്ത് അവർണ്ണർക്ക് നടക്കുന്നതിന് ചില പരിമിതികൾ ഉണ്ടായിരുന്നുവെന്ന് കേൾക്കുമ്പോൾ ഇന്നത്തെ തലമുറ അത്ഭുതപ്പെടുന്നുണ്ടായിരുക്കും അന്ന് തൊട്ടുകൂടാ, തീണ്ടികൂടാ കാലം ഉണ്ടായിരുന്നു. നമ്പൂതിരിമാർ വഴിയിൽ കൂടി നടക്കുമ്പോൾ താഴ്ന്ന ജാതിക്കാർക്ക് നടക്കാൻ പാടില്ലായിരുന്നു. ഇതിനെല്ലാം മാറ്റം വന്നത് ക്ഷേത്ര പ്രവേശന വിളംബരം 1936ൽ നവംബറിന് ശേഷമാണ്. അന്നു് കരമാർഗ്ഗത്തിൽ ചരക്കുകൾ കൊണ്ടുവരുന്നതിനും കൊണ്ടുപോകുന്നതിനും ഉപയോഗിച്ചിരുന്നത് കാളവണ്ടിയായിരുന്നു.

ഗാതാഗതത്തെ സംബന്ധിച്ചിടത്തോളം ദേശീയപാത ഈ പഞ്ചായത്തിൽകൂടി പോകുന്നില്ല. എന്നാൽ നല്ല രീതിയിലുള്ള ഒരു റോഡ് ശൃംഗല ഈ ഗ്രമത്തിലുണ്ട്. മൊത്തം റോഡുകളുടെ നീളം 55.25 കി. മീ. ആണ്. 25 കി. മീ. മാത്രമേ ടാറിട്ടിട്ടുള്ളൂ. പഞ്ചായത്തിന്റെ കീഴിൽ 42.25 കി. മീ. റോഡുണ്ട്. അത് ടാർ ചെയ്തത് 12 കി. മീറ്ററാണ്. ഈ പഞ്ചായത്തിൽ 6 P.W.D. റോഡുകളുണ്ട്. അവയുടെ നീളം ഏകദേശം 13 കി. മീറ്ററാണ്. എല്ലാ റോഡുകളുടേയും സ്ഥിതി മോശമാണ്. പ്ലാനിംഗ് ഇല്ലാത്തതിനാൽ റോഡിനിർമ്മാണം കഴിഞ്ഞാൽ വാട്ടർ അതോറിട്ടി, ടെലികമ്മ്യൂണിക്കേഷൻ, ഇലക്ട്രിസിറ്റി ബോർഡ് മുതലായവർ വിവിധ ആവശ്യങ്ങൾക്ക് പലപ്പോഴായി വെട്ടിപ്പൊളിക്കുന്നു.

യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കാത്തതിനാൽ ചെറിയ ചെറിയ കുഴികൾ പോലും വൻ ഗർത്തങ്ങളായതിന് ശേഷമേ അധികൃതർ തിരിഞ്ഞു നോക്കാറുള്ളൂ. മിക്കവാറും റോഡുകൾ സമീപ പ്രദേശങ്ങളേക്കാൾ താഴ്ന്നു കിടക്കുന്നതിനാൽ ജലനിർഗ്ഗമനം മുഴുവൻ റോഡിൽകൂടിയാണ്. എന്നാൽ റോഡുകളുടെ ഇരുവശങ്ങളിലും ജലനിർഗ്ഗമനചാലുകൾ നിർമ്മിച്ചിട്ടുമില്ല. റോഡുനിർമ്മാണത്തിന് ആവശ്യമായ സ്ഥലം സൗജന്യമായി വിട്ടുകിട്ടണമെന്നുള്ള വ്യവസ്ഥയുള്ളതിനാൽ പുറമ്പോക്കായി കിടക്കുന്ന ജലനിർഗ്ഗമനചാലുകളാണ് റോഡിനായി തിരഞ്ഞെടുക്കുന്നത്. സൗജന്യമായി ലഭിക്കുന്ന സ്ഥലം കുറവായതിനാൽ പുതിയ ജലനിർഗ്ഗമനചാലുകൾ നിർമ്മിക്കുന്നുമില്ല.

കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് പഞ്ചായത്ത് അഞ്ചര കിലോമീറ്റർ പുതിയ റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. മിക്കവാറും റോഡുകൾക്ക് ഓവുചാലുകളോ കൾവർട്ടുകളോ ഇല്ല. സമീപപ്രദേശങ്ങളിലെ ഭൂമി മണ്ണിട്ടു നികത്തിയാൽ കൾവർട്ടുകൾ ഉപയോഗയോഗ്യമല്ല. മഴക്കാലത്ത് മിക്കവാറും റോഡുകൾ സഞ്ചാരയോഗ്യമല്ല. ഈ ഗ്രാമങ്ങളിൽ റോഡിന്റെ ആവശ്യകത കൂടി വരികയാണ്. പാടശേഖരങ്ങളിൽ ഫാം റോഡുകൾ നിർമ്മിക്കാത്ത പക്ഷം കൃഷി മേഖല സ്തംഭനാവസ്ഥയിലേക്ക് എത്തുന്നതാണ്. പുതിയ റോഡു നിർമ്മാണത്തിനായി ജനങ്ങൾ പഞ്ചായത്തിനെ സമീപിച്ചു കൊണ്ടിരിക്കുകയാണ്.എന്നാൽ പുതിയ റോഡുകൾ ഉണ്ടാക്കുന്നതിന് പഴയതിനെ സംരക്ഷിക്കുന്നതിനും പഞ്ചയത്തിന്റെ സാമ്പത്തിക നില മോശമായതിനാൽ സാധിക്കുന്നില്ല.

അന്തിക്കാട് പഞ്ചായത്തിനേയും തളിക്കുളം പഞ്ചായത്തിനേയും വേർത്തിരിക്കുന്നത് കനോലി കനാലാണ്. കൊച്ചിയിൽ നിന്ന് പുതുപൊന്നാനിയിലേക്ക് പോകുന്ന ഈ കനാലിനു മുകളിൽ മുറ്റിച്ചൂർ കടവിൽ ഒരു പാലം അത്യാന്താപേക്ഷിതമാണ്. ഈ പാലം നിർമ്മിച്ചാൽ തളികുളം പഞ്ചായത്തിൽ കൂടി പോകുന്ന ദേശീയ പാത 17നെ വിവിധ പഞ്ചായത്തുളുമായി ബന്ധിക്കാവുന്നതാണ്. ഈ പാലം നിർമ്മിക്കാൻ വേണ്ട പ്രാരംഭ നടപടികൾ സർക്കാർ തുടങ്ങി കഴിഞ്ഞിട്ടുണ്ട് എന്നാൽ ഈ പാലം അടുത്ത ഒരു വർഷത്തിനകം ഒരു യാത്ഥാർത്യമാക്കാൻ സർക്കാർ നടപടിയെടുക്കണം.

NREP, RLEGP, VRMLP, JRY മുതലായ പദ്ധതികളിൽ നിർമ്മിച്ച ധാരാളം റോഡുകൾ അറ്റകുറ്റപണികൾ നടത്താൻ കഴിയാതെ ദുർഗതിയിലാണ്.

## നിർദ്ദേശങ്ങൾ

1. റോഡിന്റെ ഇരുവശങ്ങളിലും കാനകൾ ഇല്ല. ഇതുമൂലം ടാർറോഡുകളും മറ്റു റോഡുകളും നാശമാവുന്നു. അതുകൊണ്ട് എല്ലാ റോഡുകളിലും കാനകൾ നിർമ്മിക്കണം.

2. പഞ്ചായത്തിലെ എല്ലാറോഡുകളും ആവശ്യത്തിന് വീതി കൂട്ടി അറ്റകുറ്റ പണികൾ നടത്തി ഗതാഗത യോഗ്യമാക്കണം.

3. എല്ലാ ഗ്രാവൽ റോഡുകളും മെറ്റലിട്ട് ടാർ ചെയ്യണം.

4. നികന്ന പറമ്പുകളിലെ വെള്ളം റോഡിലേക്ക് ഒഴുക്കി വിടുന്നത് നിയമം മൂലം തടയണം.

5. എല്ലാ കോളനികളിലേക്കും വഴിയുണ്ടാക്കണം.

6. കൽവർട്ടുകളുടെ കുറവ് എല്ലാ ഭാഗത്തുമുണ്ട്.

7. അന്തിക്കാടിന്റെ പടിഞ്ഞാറൻ മേഖലയിൽ PWD റോഡുകൾ ഉണ്ടെങ്കിലും ബസ്സ്റൂട്ട് ഇല്ല. ഇവിടെനിന്ന് ആശുപത്രി, റജിസ്ട്രാഫീസ്, പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത് ഓഫീസ്, മൃഗാശുപത്രി എന്നീ സ്ഥാപനങ്ങളിലേക്ക് മൂന്നു കിലോമീറ്റർ നടന്നുവരണം. അല്ലെങ്കിൽ ഓട്ടോറിക്ഷയിൽ അമിത ചാർജ് കൊടുക്കേണ്ടിവരും. ബസ്സ് ഗതാഗതം ഉറപ്പുവരുത്തണം.

8. ജനങ്ങളുടെ ഏക ആശ്രയം ഓട്ടോറിക്ഷയാണ്. ഇതിന്റെ ചാർജ്ജ് നിജപെടുത്താൻ വേണ്ട നടപടികൾ എടുക്കണം.

9. വളരെയേറെ ജനങ്ങൾ കടക്കുന്ന മുറ്റിച്ചൂർ പാലം പണിത് ദേശീയപാത 17 ആയി ബന്ധിപ്പിക്കുക.

10 രണ്ടു പഞ്ചായത്തുകളുടെ ഇടയിൽ വരുന്ന റോഡുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് അഭിവൃദ്ധി പണികൾ നടത്തേണ്ടതാണ്.

11. പഞ്ചായത്ത് റോഡുകളുടെ അറ്റക്കുറ്റ പണികൾക്ക് 5000 രൂപയിൽ കൂടുതൽ അനുവദിക്കാൻ പാടില്ല എന്ന 1962 ലെ നിയമം എടുത്തുമാറ്റി ആവശ്യത്തിനുളള തുക അനുവദിക്കാനുളള നിയമം ഉണ്ടാക്കണം.

12. ATC റോഡിൽ കൂടി വർഷങ്ങൾക്ക് മുമ്പ് ബസ്സുകൾ ഓടിയിരുന്നു. അവിടേക്കും തൃപ്രയാർ മുറ്റൂച്ചൂർ ചൂരക്കോട്ടു നടകണ്ടശ്ശാംകടവ് വഴി തൃശൂരിലേക്ക് ബസ്സ് അനുവദിക്കണം.

13. വിവിധ ഗ്രാമസഭകൾ 35 ഓളം റോഡുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്താനും പുതിയവ നിർമ്മിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ആയവ മുൻഗണനാ ക്രമത്തിൽ നടത്തുവാൻ നടപടിയുണ്ടാക്കണം.

# പൊതുജനാരോഗ്യം

സമീപപ്രദേശങ്ങളെ അപേക്ഷിച്ച് അന്തിക്കാട് പഞ്ചായത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ വളരെ മുമ്പുതന്നെ ആരംഭിച്ചിട്ടുണ്ട്. ഏകദേശം 75 വർഷത്തോളം പഴക്കം വരുന്ന അന്തിക്കാട് ഗവൺമെന്റ് ആശുപത്രിയാണ് പഞ്ചായത്തിലെ ആദ്യത്തെ ആരോഗ്യ കേന്ദ്രം. ഒരു സ്വകാര്യ ആശുപത്രി അടക്കം പഞ്ചായത്തിൽ നാല് ആരോഗ്യ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നു. അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളിൽപ്പെട്ടവയാണ് ഇത്. ഈ സ്ഥാപനങ്ങൾക്ക് പുറമേ ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് കീഴിൽ പഞ്ചായത്തിൽ 4 ആരോഗ്യ ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

| നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം |
|---|---|---|---|---|---|
| 1 | ഗവ:ആശുപത്രി | സർക്കാർ | സ്വന്തം | 24 | - |
| 2 | ഗവ:ആയുർവ്വേദ ആശുപത്രി | സർക്കാർ | സ്വന്തം | 18 | 1970 |
| 3 | ഗവ:ഹോമിയോ ആശുപത്രി | സർക്കാർ | വാടക | 3 | 1980 |
| 4 | പാദുവാ മിഷൻ ആശുപത്രി | സ്വകാര്യം | സ്വന്തം | 13 | 1981 |
| 5 | പ്രാഥമിക ആരോഗ്യ ഉപകേന്ദ്രങ്ങൾ | | | | |
| | 1. അന്തിക്കാട് | സർക്കാർ | സ്വന്തം | 1 | - |
| | 2. പുത്തൻപീടിക | സർക്കാർ | വാടക | 1 | - |
| | 3. മുറ്റിച്ചൂർ | സർക്കാർ | സ്വന്തം | 1 | - |
| | 4. പടിയം | സർക്കാർ | വാടക | 1 | - |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഏകദേശം 25% വീടുകൾക്ക് സാനിറ്റേഷൻ സൗകര്യം ഇല്ല.
2. വീടുകളിലെ പരിസര ശുചീകരണ പ്രവർത്തനങ്ങൾ പൊതുവെ ഉയർന്നതാണെങ്കിലും കൂടുതൽ ശ്രദ്ധിക്കേണ്ടതും പകർച്ചവ്യാധികൾ പകരുന്നതിനെതിരെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുമാണ്.
3. പഞ്ചായത്തിന്റെ പലഭാഗങ്ങളിലും മലിന വസ്തുക്കൾ കെട്ടി കിടക്കുന്നുണ്ട്
4. ഹോട്ടൽ പരിസരങ്ങളിൽ മാലിന്യങ്ങൾ കെട്ടികിടക്കുന്നു.
5. പഞ്ചായത്തിൽ ഒരു മത്സ്യമാംസ മാർക്കറ്റ് ഇല്ല എന്നത് വളരെ രൂക്ഷമായ പ്രശ്നമാണ്.
6. അന്തിക്കാട് സെന്ററിൽ കംഫർട്ട് സ്റ്റേഷനില്ല.
7. പഞ്ചായത്തിലെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമല്ല
8. സ്ക്കൂൾ ആരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.
9. അന്തിക്കാട് ഗവൺമെന്റ് ആശുപത്രിയിൽ ലബോറട്ടറി സൗകര്യമോ എക്സ്റെ യൂണിറ്റോ ഇല്ല. ആശുപത്രിയിലുളള ആംബുലൻസിന് സ്ഥിരമായ ഡ്രൈവറില്ല. ഇവിടെ ഡോക്ടർമാരുടെ മുഴുവൻ സമയ സേവനം ലഭ്യമല്ല. മാത്രമല്ല ആശുപത്രിയിൽ ഫോണില്ല എന്നുളളതും പ്രധാന പ്രശനങ്ങളാണ്.
10. ആയുർവേദാശുപത്രിയിൽ ഫർണിച്ചർ, സ്ട്രച്ചർ, വീൽചെയർ, പാത്തി, ഫോൺ തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഡോക്ടർമാരുടെ ഉത്തരവാദിത്തമില്ലായ്മയും നിഴലിച്ചുകാണാം. ആവശ്യത്തിനുളള ജോലിക്കാരുടെ അഭാവം നിലവിലുളള ജോലിക്കാരുടെ ജോലിഭാരം വർദ്ധിച്ചിരിക്കുന്നു. I. P.ക്ക് വേണ്ടി രണ്ടു വാർഡുകൾ ഉണ്ടെങ്കിലും അതിലേക്ക് വേണ്ട ബഡ്, ബെഡ്ഷീറ്റ്, തലയിണ തുടങ്ങിയവയുടെ പോരായ്മയുണ്ട് കൂടാതെ തുണികൾ വൃത്തിയാക്കുന്നത് ആവശ്യമായ ജോലിക്കാരും മറ്റു സൗകര്യങ്ങളോ ഒന്നും തന്നെയില്ല. പുതിയ കെട്ടിടമാണെങ്കിലും അതിന്റെ സ്ഥിതി വളരെ ശോചനീയമാണ്. ഡോക്ടർമാർക്ക് ഇരുന്ന് ചികത്സിക്കാനുളള

സൗകര്യമില്ല.

11. ഹോമിയോ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കണം.

12. ആശുപത്രി വികസന സൗഹൃദ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

13. എല്ലാ ആശുപത്രികളിലും ആവിശ്യ മരുന്നുകളുടെ അഭാവം നിലനിൽക്കുന്നുണ്ട്.

14. സബ്സെന്ററുകൾക്ക് ആവിശ്യമായ കെട്ടിടവും മരുന്നുകളും ഇല്ലാത്തതു മൂലം ക്ലീനിംഗ് നടത്തുന്നതിന് വളരെ അധികം ബുദ്ധിമുട്ടുണ്ട്

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | പകർച്ച വ്യാധികൾ | വിഷ |
|---|---|---|---|---|
| 1993-94 | 1547 | 77465 | 2202 | |
| 1994-95 | 2451 | 73574 | 3006 | 13361 |
| 1995-96 | 2862 | 79368 | 3424 | 18158 |

| വർഷം | ചിക്കൻ പോക്സ് | മലേറിയ |
|---|---|---|
| 1993-94 | 3 | 11 |
| 1994-95 | 2 | 12 |
| 1995-96 | 12 | 14 |

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ കക്കൂസുകളില്ലാത്ത എല്ലാ വീടുകളിലും കക്കൂസ് ഉണ്ടാകുന്നതിനുളള സംവിധാനം ഉണ്ടാകണം. അതുനുളള ധന സഹായങ്ങൾ നൽകണം.

2. പരിസരശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും പകർച്ചവ്യാധികളിൽ നിന്ന് രക്ഷപ്പെടുന്നതിന് കൊതുക് നിവാരണത്തിനുളള നടപടികൾ എടുക്കുക.

3. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ തിരഞ്ഞുപിടിച്ച് നശിപ്പിക്കുക.

4. വീട്ടമ്മമാരുടെ ആരോഗ്യത്തിന് ഹാനികരമായ അടുപ്പുകൾ മാറ്റി പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം.

5. ശുദ്ധജല വിതരണ പദ്ധതി വിപുലപ്പെടുത്തുകയും പഞ്ചായത്തിന്റെ എല്ലാ സ്കൂളുകളിലും ശുദ്ധജലം എത്തിക്കാനുള്ള നടപടികൾ എടുക്കണം.

6. പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഹോട്ടലുകളുടെ പരിസരങ്ങളിലും കെട്ടികിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുളള മടപടികൾ ഉണ്ടാക്കണം.

7. അന്തിക്കാട് കമ്മ്യൂണിറ്റിഹാളിന് അടുത്തുളള മീൻ വിൽപ്പ പഞ്ചായത്ത് പുറം പോക്ക് സ്ഥലത്ത് പോതു മാർക്കറ്റ് ഉണ്ടാക്കി അവിടേക്ക് മാറ്റണം.

8. സ്കൂൾ ആരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

9. അന്തിക്കാട് സെന്ററിൽ ഒരു കംഫർട്ട് സ്റ്റേഷനുണ്ടാക്കണം.

10. സ്കൂളുകളിലെ കുട്ടികൾക്ക് ഫസ്റ്റ് എയ്ഡ് മരുന്നുകൾ പഞ്ചായത്തിൽ നിന്ന് നേരിട്ട് ലഭിക്കുമാറാകണം.

11. അന്തിക്കാട് ആശുപത്രിയിൽ ലബോറട്ടറി സൗകര്യവും, എക്സറേ യൂണിറ്റും, ഓപ്പറേഷൻ തിയ്യറ്ററിൽ ആധുനിക സജ്ജീകരണങ്ങളും, ഉണ്ടാക്കണം.

12. ആശുപത്രികളുടെ പ്രവർത്തനങ്ങളിൽ ശക്തമായി ഇടപെട്ടുകൊണ്ട് കാര്യക്ഷമമാക്കണം, ഉദ്യോഗസ്ഥൻമാരുടെ ഉത്തരവാദിത്തമില്ലാത്ത സ്വഭാവം ഇല്ലാതാക്കണം.

13. ആശുപത്രികളിൽ ആവശ്യമരുന്നുകൾ എത്തിക്കാനുളള നടപടികൾ ഉണ്ടാക്കണം.

14. ആയുർവേദ ആശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കണം. അവിടേക്ക് ആവിശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കണം.

15. ആശുപത്രിവികസന സൗഹൃദസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

16. പ്രാഥമിക ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക്

കെട്ടിടവും ആവശ്യം മരുന്നുകളും ലഭ്യമാക്കുക.

17. അന്തിക്കാട് ഗവ. ആശുപത്രിയിൽ സ്പെഷലിസ്റ്റ് ഡോക്ടർമാർ ഓപ്ത്താൽമിക്ക് അസിസ്റ്റന്റ് എന്നിവരുടെ സേവനം ലഭ്യക്കുക.

18. ഹോട്ടലുകളിലെ ഭക്ഷണപദാർത്ഥങ്ങൾ യഥാസമയം ഫുഡ് ഇൻസ്പെക്ടർ പരിശോധിക്കണം.

19. റോഡരികിലുളള മത്സ്യമാംസ വിൽപ്പന നിർത്തണം. പൊതുമാർക്കറ്റ് ഉണ്ടാക്കണം.

20. പകർച്ചവ്യാധികളേയും മറ്റുരോഗങ്ങളേയും കുറിച്ചും മറ്റും ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

## കുടിവെള്ളം

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ അന്തിക്കാട്പഞ്ചായത്തിന്റെ കിഴക്കുഭാഗം വിശാലമായ നെൽപ്പാടങ്ങളും പടിഞ്ഞാറുഭാഗം കനോലി കനാലുമാണ്. വർഷത്തിൽ ലഭിക്കുന്ന മഴവെളളത്തിന്റെ ഗണ്യമായഭാഗം പുഴയിലേക്കും കോൾനിലങ്ങളിലേക്കും ഒഴുകിപോകുന്നു. പഞ്ചായത്തിലെ 5152 വീടുകളിൽ 75% ത്തോളം കുടുംബങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളെയാണ്. മറ്റു കുടുംബങ്ങൾ പൊതുകിണറുകളേയും, ടാപ്പുകളേയും അയൽ വീടുകളിലെ കിണറുകളെയും ആശ്രയിക്കുന്നു. വേനൽകാലങ്ങളിൽ പഞ്ചായത്തിൽ പൊതുവേ കുടിവെളളക്ഷാമം അനുഭവപെടാറുണ്ട് I, II, III വാർഡുകളിൽ ലഭ്യമാകുന്ന കിണർ വെളളം പുളിരസമുളളതും VII,VIII, എന്നീ വാർഡുകളിൽ ലഭിക്കുന്ന കിണർ വെളളത്തിൽ ചുണ്ണാമ്പു കലർന്നതുമാണ്. മുൻകാലത്ത് തളികുളം, മണലൂർ, ശുദ്ധജലവിതരണ പദ്ധതി എന്നിവയിൽ നിന്നാണ് പടിയം മേഖലയിൽ കുടിവെളളം വിതരണം ചെയ്തിരുന്നത്. 1996 ൽ അന്തിക്കാട് ശുദ്ധജല വിതരണ പദ്ധതി ആരംഭിച്ചതു മുതൽ പഞ്ചായത്തിൽ ശുദ്ധജലം വിതരണം ചെയ്യുന്നത് ഈ പദ്ധതിക്ക് കീഴിലാണ്.

## നിർദ്ദേശങ്ങൾ

1. പടിയം സാമൂഹ്യജലസേചന പദ്ധതിയും ആറാം വാർഡ് സാമൂഹ്യ ജലസേചന പദ്ധതിയും പൂർണ്ണമായും നടപ്പിലാക്കുക.

2. പൊതുകുളങ്ങളും, കിണറുകളും ആഴം വർദ്ധിച്ച് മണ്ടകെട്ടി സംരക്ഷിക്കുക.

3. ഹൗസ് വാട്ടർകണക്ഷൻ പരമാവധി വീടുകളിലേക്ക് വ്യാപിപ്പിക്കണം.

4. പുളിരസമുളളതും, ചുണ്ണാമ്പ് കലർന്നതുമായ കിണർജലം രാസപരിശോധന നടത്തി ഉപയോഗയോഗ്യമാക്കുന്നതിനുളള സംവിധാനം ഉണ്ടാക്കണം.

5. പൊതു കിണറുകൾ കൂടുതലായി നിർമ്മിക്കുകയും നിലവിലുളളവ ശുദ്ധീകരിക്കുകയും ചെയ്യണം.

6. പൊതു ടേപ്പുകൾപഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കണം.

7. പഞ്ചായത്തിലെ എല്ലാ വീടുകളിലും കിണർ നിർമ്മിക്കുന്നതിനുളള പദ്ധതി ഉണ്ടാക്കണം.

8. 3-ാംവാർഡിലേയും 1ഉം, 2ഉം വാർഡ് യോജിക്കുന്ന കാനാലിൽ പുളികെട്ട് വേണ്ടസമയങ്ങളിൽ കെട്ടുകയും ഇറക്കുകയും ചെയ്യുന്നതിന് സ്ഥിരം സവിധാനം ഉണ്ടാക്കണം.

9. സ്ക്കൂളുകളിലേക്കും അംഗൻവാടികളിലേക്കും പൈപ്പ് കണക്ഷൻ നൽകണം.

10. പുഴയിലേക്കും കനാലിലേക്കുംഒഴുകിപോകുന്ന വെളളത്തിനെ കെട്ടിനിറുത്തി ഭൂഗർഭജലസംഭരണിവർദ്ധിപ്പിക്കാനുളള നടപടികൾ ഉണ്ടാകണം.

11. ശുദ്ധജലക്ഷാമത്തിന് പരിഹാരമായി നിർമ്മിച്ച VII-ാം വാർഡിലെ കുഴൽകിണറിലെ വെളളം ഉപയോഗ്യമാക്കുന്നതിനുളള നടപടികൾ എടുക്കണം.

# വിദ്യാഭ്യാസം

അന്തിക്കാട് മേഖലയിൽ സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെയും ബഹുജനപ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങൾ വളരെ മുമ്പുതന്നെ ആരംഭിച്ചിരുന്നുവെങ്കിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഈ പ്രദേശം വളരെ പിന്നോക്കാവസ്ഥയിലായിരുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഔപചാരിക വിദ്യാഭ്യാസം തുടങ്ങുന്നതിനു മുമ്പു കളരികളെ കേന്ദ്രികരിച്ച് വേദങ്ങളും ജോതിഷവും പഠിപ്പിച്ചിരുന്നു. കലണ്ടർ നിർമ്മാണത്തിന് ജോതിഷമാണല്ലോ അടിത്തറ. അന്തിക്കാട് പ്രദേശത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് ഗുരുകുല വിദ്യാഭ്യാസവും ക്ഷേത്രങ്ങളിലും മദ്രസ്സകളിലും മതപഠനവും ഉണ്ടായിരുന്നു. വായനശാലകളെ കേന്ദ്രീകരിച്ച് വയോജന വിദ്യാഭ്യാസവും നിശാപാഠശാലകളും ഉണ്ടായിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും ജനങ്ങളിൽ വിദ്യാഭ്യാസത്തിനുളള പ്രതിപത്തി തുലോം കുറവായിരുന്നു. അതിനുശേഷം വിദ്യകൊണ്ട് പ്രബുദ്ധരാകുക സംഘടനകൊണ്ട് ശക്തരാകുക എന്ന ശ്രീ നാരായണ സന്ദേശവും അതിനോടനുബന്ധിച്ചുളള സാമൂഹ്യപരിഷ്ക്കണ പ്രസ്ഥാനവും ജനങ്ങൾക്കിടയിൽ വിദ്യാഭ്യാസത്തെക്കുറിച്ച് പുതിയൊരു അവബോധം വളർത്തി. ഈ പശ്ചാതലത്തിലാണ് നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ ഔപചാരികമായ വിദ്യാഭ്യാസ സ്ഥാപനം നിലവിൽ വന്നത്

ഇപ്പോൾ അന്തിക്കാട് പഞ്ചായത്തിൽ എൽ. പി. യു. പി. ഹൈസ്കൂൾ വിഭാഗങ്ങളിലായി ഏഴ് സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിനുപുറമേ സാങ്കേതിക വിദ്യാഭ്യാസസ്ഥപനങ്ങളും റ്റ്യൂഷ്യൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്,. സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പഞ്ചായത്തിൽ പത്തൊൻപത് അംഗനവാടികൾ ഉണ്ട്. ജനങ്ങളിൽ 95% ത്തോളം വിദ്യാസമ്പന്നരാണ്. പഞ്ചായത്തിൽ ഇംഗ്ലീഷ് മാധ്യമ വിദ്യാലയങ്ങളില്ലെങ്കിലും അതിനോടുളള ഭ്രമം മൂലം കുട്ടികൾ ധാരാളമമൂ പഞ്ചായത്തിന് പുറത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് പഠിക്കാൻപോകുന്നുണ്ട് പഞ്ചായത്തിലെ അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. നിലവിലുള്ള വിദ്യാലയങ്ങളുടെയും സാങ്കേതിക വിദ്യാഭ്യസസ്ഥാപന ങ്ങളുടെയും വിവരം പട്ടിക നോക്കുക.

| സ്ക്കൂളിന്റെ പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| സെന്റ്ആന്റണീസ് ഹൈസ്കൂൾ പുത്തൻപീടിക | 86% | 71% | 61% | 79% | 83% |
| അന്തിക്കാട് ഹൈസ്കൂൾ | 34% | 31% | 12% | 21% | 25% |

## മറ്റു വിദ്യാഭ്യാസസ്ഥാപനങ്ങൾ

| | | |
|---|---|---|
| 1 | ട്യൂഷ്യൻ സെന്റർ | 3എണ്ണം |
| 2 | ടൈപ്പ്റൈറ്റിംഗ് സ്ഥാപനം | 1 |
| 3. | കംബ്യൂട്ടർ സെന്റർ | 1 |
| 4. | ഐ. ട്ടി. സി | 1 |

## പ്രശ്നങ്ങൾ

1. അന്തിക്കാട് ഹൈസ്കൂളിൽ എസ് എസ്.എൽ.സി.വിജയശതമാനം വളരെ കുറവാണ്.
2. ഈ സ്കൂളിൽ പഠന നിലവാരം മോശമായതുകൊണ്ട് കുട്ടികൾ അടുത്ത പഞ്ചായത്തിലെ കൂടുതൽ മെച്ചപ്പെട്ട സ്കൂളിലേക്ക് പോകുന്നു. ഇതിന്റെ ഫലമായി ഡിവിഷൻ കുറയുകയും ക്ലാസ്മുറികൾ ഒഴിഞ്ഞുകിടക്കുകയും ചെയ്യുന്നു.
3. അദ്ധ്യാപകർക്ക് ഇൻസർവീസ് കോഴ്സില്ല.
4. പഞ്ചായത്തിലെ പല സ്കൂളിലെ ഭൗതീക സാഹചര്യങ്ങൾ മോശമാണ് ഇക്കാര്യത്തിൽ അന്തിക്കാട് കെ. ജി. എം. എൽ. പി, സ്കൂളിന്റെ ശോച്യാവസ്ഥ പ്രത്യകം എടുത്തുപറയേണ്ടതുണ്ട്. ഇടചുമരുകളില്ലാത്ത ഓലമേഞ്ഞ കെട്ടിടത്തിലാണ്. ഈ സ്കൂൾ പ്രവർത്തിച്ചു വരുന്നത്.
5. എസ് എസ്.എൽ.സി. പഠനത്തിനുഷേഷം തുടർവിദ്യാഭ്യാസത്തിനുളള സാഹചര്യം പഞ്ചായത്തിലില്ല.

6. മാങ്ങാട്ടുകര, പടിയം, മുറ്റിച്ചൂർ ഭാഗത്തു ളള കുട്ടികൾ ഹൈസ്കൂൾ പഠനത്തിന് മൂന്നുകിലോമീറ്ററിൽ അധികം കഞ്ചരിക്കേണ്ടിയിരിക്കുന്നു.

7. മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കളി സ്ഥലമില്ല.

8. ലാബറട്ടറി സൗകര്യവും ലൈബ്രറിയും കാര്യക്ഷമമല്ല.

9. ശുദ്ധജലലഭ്യത സക്കൂളുകളിൽ കുറവാണ്

10. വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം കുറവാണ്.

11. പഞ്ചായത്തിൽ ഇംഗ്ലീഷ് മാധ്യമത്തോടുളള ഭ്രമം വർദ്ധിച്ചുവരുന്നു.

12. സാക്ഷരത പ്രസ്ഥാനത്തോട് ബന്ധപ്പെട്ട് തുടർവിദ്യാഭ്യാസ സൗകര്യങ്ങളില്ല.

13. സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത അംഗനവാടികൾ ഉണ്ട്.

14. എല്ലാ അംഗനവാടികളിലും ആവശ്യം വേണ്ട കളിപ്പാട്ടങ്ങളോ ബോധനോപകരണങ്ങളോ ഇല്ല.

15. അംഗനവാടികളിൽ കുട്ടികൾക്ക് അനുവദിച്ചിരിക്കുന്ന ഭക്ഷണത്തിന്റെ അളവ് വളരെ കുറവാണ്.

## സാധ്യതകൾ

1. എ. യു. പി. എസ്. മാങ്ങാട്ടുകര അപ്പ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കുക.

2. എ. എൽ. പി. എസ്. മുറ്റിച്ചൂർ അപ്പ്ഗ്രേഡ് ചെയ്ത് യു. പി. സ്ക്കൂളാക്കുക

3. എല്ലാ അദ്ധ്യപകർക്കും ഇൻസർവീസ് കോഴ്സ് പരിശീലനം നൽകുക.

4. എല്ലാ സ്ക്കൂളുകളിലും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് വാട്ടർ അതോറിട്ടിയുടെ പൈപ്പ് കണക്ഷൻ നൽകണം.

5. പുലാംപുഴയിൽ നിന്നും അന്തിക്കാട് വഴി ബസ്സ്സർവീസ് ആരംഭിരക്കണം

6. പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി ഉന്നത വിദ്യാഭ്യാസം നേടിയിട്ടുളള പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തണം.

7. സ്ക്കൂൾ കോംപ്ലക്സ് പരിപാടി പ്രയോഗികമാക്കണം ഇതിന്റെ ഭാഗമായി ഭൗതീക സാഹചര്യങ്ങൾ പഠനബോധന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും സ്ക്കൂൾ കോമ്പൗണ്ടുകളും, ക്ലാസ് മുറികളും സൗന്ദര്യവൽക്കരിക്കുകയും ചെയ്യണം.

8. സ്കൂൾ കോമ്പൗണ്ടിൽ ഫല വൃക്ഷങ്ങളും പൂന്തോട്ടങ്ങളും വെച്ചു പിടിപ്പിക്കണം.

9. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പ്രവർത്തനം കൂടുതൽ കാര്യക്ഷമാക്കുകയും ചെയ്യുക.

10. സ്ക്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ കൂടുതൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്. താഴെ പറയുന്ന ജനകീയ സമിതികൾ രൂപീകരിക്കുക.

    1. പി. ടി. എ.
    2. സ്കൂൾ തല വിദ്യാഭ്യാസസമിതി
    3. മാതൃസംഘം
    4. പഞ്ചായത്ത് തല വിദ്യാഭ്യാസസമിതി

11. അന്തിക്കാട് ഹൈസ്കൂളിന്റെയും കെ. ജി. എം. സ്കൂളിന്റെയും പഠന നിലവാരത്തകർച്ചയും മറ്റു പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഈ രണ്ട് സ്കൂളുകൾ ഗവണ്മെന്റ് ഏറ്റെടുക്കേണ്ടതാണ്. കെ. ജി. എം. എൽ. പി. സ്കൂൾ, ഹൈസ്കൂൾ കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കാവുന്നതാണ്. കെ. ജി. എം. സ്കൂൾ കെട്ടിടത്തിന്റെ സ്ഥാനത്ത് പുതിയ കെട്ടിടം നിർമ്മിച്ച് ഒരു സാംസ്കാരിക കേന്ദ്രം തുടങ്ങുവാൻ കഴിയും.

12. അന്തിക്കാട് ഹൈസ്കൂളിലും പുത്തൻപീടിക ഹൈസ്കൂളിലും വി. എച്ച്. എസ്. സി. പഠനം ആരംഭിക്കണം.

13. പഞ്ചായത്തുതലത്തിൽ സാങ്കേതിക വിദ്യാ

ഭ്യാസ സ്ഥാപനം ആരംഭിക്കണം.

14. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണം പഞ്ചായത്തുകളെ ഏൽപ്പിക്കണം.

13. അന്തിക്കാട് സ്ക്കൂളിന്റെയും കെ.ജി. എം. സ്ക്കൂളിന്റെയും പഠന നിലവാര തകർച്ചയും മറ്റുപ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഈ രണ്ടുസ്ക്കൂളുകൾ ഹവർമെന്റ് ഏറ്റെടുക്കേണ്ടതാണ്. കെ. ജി. എം. എൽ. പി. സ്ക്കൂൾ, പ്രവർത്തിക്കാവുന്നതാണ്. കെ. ജി. എം. സ്ക്കൂൾ കെട്ടിടത്തിന്റെ സ്ഥാനത്ത് പുതിയ കെട്ടിടം നിർമ്മിച്ച് ഒരു സാംസ്ക്കാരിക കേന്ദ്രം തുടങ്ങുവാൻ കഴിയും.

14. അന്തിക്കാട് ഹൈസ്ക്കൂളിലും പുത്തൻപീടിക ഹൈസ്ക്കൂളിലും വി. എച്ച്. എസ്. സി പഠനം ആരഭിക്കണം.

15. പഞ്ചായത്തിതലത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണം.

16. സ്വാകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണം പഞ്ചായത്തിനെ ഏൽപ്പിക്കണം.

## നിലവിലുള്ള വിദ്യാലയങ്ങളുടെയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വിവരം താഴെ കൊടുക്കുന്നു.

| സ്കൂളിൻെറ പേര് | മാനേജ്മെൻറ് | കുട്ടികളടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | സ്കൂൾ കാമ്പസിൻെറ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിൻെറ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | മൊത്തം | | | | |
| 1 ഹൈസ്കൂൾ അന്തിക്കാട് | എയ്ഡഡ് | 255 | 202 | 457 | 27 | 1 ഏക്കർ 35.5 സെൻറ് | ഇല്ല | 23.5 സെൻറ് |
| 2 സെൻറ് ആൻറണീസ് ഹൈസ്കൂൾ | എയ്ഡഡ് | 608 | 252 | 860 | 34 | 1.5 ഏക്കർ | 2 ഏക്കർ | ഇല്ല |
| 3 A.U.P.S മണ്ണാട്ടുകര L.P | എയ്ഡഡ് | 211 | 170 | 381 | 17 | 1.1 ഏക്കർ | ഇല്ല | ഇല്ല |
| 4 G.L.P.S പുത്തൻപീടിക | സർക്കാർ | 209 | 204 | 413 | 14 | 25 സെൻറ് | 28 സെൻറ് | ഇല്ല |
| 5 G.L.P.S അന്തിക്കാട് | സർക്കാർ | 131 | 125 | 256 | 8 | 57 സെൻറ് | ഇല്ല | ഇല്ല |
| 6 K.G.M.L.P.S അന്തിക്കാട് | എയ്ഡഡ് | 115 | 121 | 236 | 10 | 42.5 സെൻറ് | ഇല്ല | ഇല്ല |
| 7 A.L.P.S മുറ്റിച്ചൂർ | എയ്ഡഡ് | 151 | 134 | 285 | 9 | 28 സെൻറ് | ഇല്ല | ഇല്ല |

## സാമൂഹ്യക്ഷേമം

അവശതയനുഭവിക്കുന്ന വികലാംഗർ, അഗതികൾ, വിധവകൾ, പ്രായാധിക്യം വന്ന വ, അവശകലാകാരൻമാർ, അവശകായികതാരങ്ങൾ, ക്ഷയരോഗികൾ, കുഷ്ഠരോഗികൾ ക്യൻസർ രോഗികൾ അവശരായ കർഷക തൊഴിലാളികൾ എന്നിവരുടെ സംരക്ഷണതതിനായിട്ടാണ്. സാമൂഹ്യക്ഷേമപദ്ധതികൾ ഇപ്രകാരം ധനസഹായം ലഭിക്കുന്നവരയെട പട്ടിക താഴെ കൊടുകകുനനു.

| | |
|---|---|
| വിധവാ പെൻഷൻ | 116 |
| വികലാഗ പെൻഷൻ | 65 |
| വാർദ്ധക്യപെൽഷൻ | 88 |
| ക്യൻസർരോഗികൾക്ക് | 3 |

ഐ. ആർ. ഡി. പി പദ്ധതി പ്രകാരം 1815 കുടുംബങ്ങൾ.

വട്ടികജാതിക്കാ2ക്ക് 344

ബ്ലോക്ക് തലത്തിൽ വടപ്പാക്കി വരുന്ന വിവിദ പദ്ധികൾ താഴെ കൊടുക്കുന്നു.

ഐ. ആർ. ഡി. പി. സംയോജിത ഗ്രാമ വികസന പരിപാടി

ഇതിൽ സഹായധനവും വായ്പയും ഉൾപ്പെട്ടിട്ടുണ്ട്. വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പാക്കി കൊണ്ടിരിക്കുന്നത്. സമയാസമയങ്ങളിൽ വായ്പാധനം തിരിച്ചതച്ചില്ലെങ്കിൽ ധനസ്ഥാപനങ്ങളിൽ നിന്ന് ധനസഹായം കിട്ടുന്നതിന് ബുദ്ധിമുട്ടാണ്.

### ട്രൈസം

ഇതുപ്രകാരം ഓരോ വർഷവും 40 ഗുണബോക്താക്കളെ വിവിധ സ്ഥാപനങ്ങളിലേക്ക് തൊഴിൽ പരിശീലനത്തിന് അയക്കുന്നു. അവ2ക്ക് സ്റ്റൈഫന്റായും പഠിപ്പിക്കുന്ന സ്ഥാപനത്തിന് അലവൻസ് കൊടുക്കാറുണ്ട്. പരിശീലനം പൂർത്തിയാക്കുന്ന വർക്ക ഐ. ആർ. ഡി. പി. ധനസഹായം നൽകി കൊണ്ടിരിക്കുന്നു.

ഡി. ഡബ്ലിയു. സി. ആർ. എ.

ഗ്രാമീണവനിതാ ശിശു വികസന പരിപാടി കേന്ദ്ര ഗവൺ മെന്റോടും സംസ്ഥാന ഗവൺമെന്റോടും കൂട്ടായ സ്ത്രീകളുടേയും കൂട്ടികളുടേയും ഉന്നനനത്തുനായി നടപ്പാക്കികൊണ്ടിരുക്കുന്ന ഈ പദ്ധതി 10 മുതൽ 1ൽ5 വനിതകളെങ്കിലും ഒരു ഗ്രൂപ്പിൽ ഉണ്ടായിരിക്കണം. ഇവർക്ക് തൊവിൽ നെൽകുന്നതിന് 25000ക റിവോൾവിംങ്ഫ് ഫണ്ടായി അനുവദിക്കുന്നതാണ്.

സി. ആർ. എസ്. പി.

ദാരിദ്ര രേഖക്കു താഴെയുലള വർക്ക്ക ക്കൂസ് നിർമ്മിക്കുന്നതിളള സഹായ പദ്ധതിയാണ് ഇത്. ഒരാൾക്ക് ഈ സ്കീം അനുസരിച്ച് 2000എ സഹാടഘനം കിട്ടുന്നതാണ്.

വീടുവെക്കൽ പദ്ധതി

ദുർബന കുടുംബങ്ങൾക്ക് വിട് വെക്കുന്നതിന് ധനസഹായം നെൽകുന്നു. ഒരു കുടുംബത്തിന് വീട് വെക്കുന്നതിന് 22000രൂപ സൗജന്യമായി നൽകുന്നു സ്വന്തമായി 2 സെന്റു ഭൂമിയെങ്കുലും വേണം.

### പ്രശ്നങ്ങൾ

1. ബാങ്കിൽ നിന്ന് വായ്പ കിട്ടുന്നതിന് തടസ്സങ്ങൾ ഉണ്ട്.
2. അർഹതയുള്ള പലരും ആനുകല്ല്യം ലഭിക്കാതെ തല്ലപെടുന്നു.
3. സ്കീമിൽ പെടുന്നതിനുള്ള അപേഷകർക്ക് സഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

### നിർദ്ദേശങ്ങൾ

1. നിർദ്ധനരായ വിധവുകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം 2000 ത്തിൽ നിന്ന് 5000രൂപയാക്കുന്നു.

2. ബാങ്കിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കുക

3. ഐ. ആർ. ഡി. പി. സർവ്വെ നടത്തുന്നത് കാര്യക്ഷമമാക്കി അർഹകരായ എല്ലാവരെയും ലിസ്റ്റിൽ ഉർപ്പെടുത്തേണ്ട താകുന്നു.

4. അപേക്ഷകർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.

5. മിശ്രിത വിവാഹിതർക്കുള്ള ധനസഹായം 2000 രൂപയിൽ നിന്ന് 5000രൂപയാക്കണം.

6. അവശകലാക്കാരൻമാർക്ക് എല്ലാവർക്കും പെൻഷൻ നൽകണം.

7. നിർദ്ധനരും അനാഥരുമായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനായി ഒരു വൃദ്ധ സദനം പഞ്ചാതത്തി തനത്തിൽ സ്ഥാപിക്കണം.

8. അംഗൻ വാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി കുട്ടകൾക്കും അമ്മമാർക്കും ആരോഗ്യസംരക്ഷണം നെൽകുന്ന കേന്ദ്രങ്ങളാക്കി മാറ്റണം.

9. സ്ത്രീകളെ പൊതുധാരയിലേക്ക് കൊന്നു വരുന്നതിനായി മഹിളാ സമാജങ്ങൾ സ്ഥാമിക്കണ.

# പാർപ്പിടം

അന്തിക്കാട് പഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം മെച്ചപ്പെട്ടതാണ്. പണ്ടത്തെ വാസ്തുശിൽപ്പമാതൃകക്ക് മകുടോദാഹരണങ്ങളായ അപൂർവം ചില വീടുകൾ ഇന്നും നിലവിലുണ്ട്. മിക്ക വീടുകളും ഓട്, ഓല, വെട്ടുകല്ല്, മുള, കളിമണ്ണ്, തെങ്ങ്, മരം എന്നിവ ഉപയോഗിച്ച് നിർമ്മിച്ചവയായിരുന്നു. 70 കൾക്ക് ശേഷം ഗൾഫ് പണത്തിൻെറ സ്വാധീനം പാർപ്പിട മേഖലയിൽ വലിയമാറ്റങ്ങൾ ഉണ്ടാക്കി. പഞ്ചായത്തിൽ ആകെ 5504 വീടുകളുണ്ട്. അതിൽ 1482 വീടുകൾ കോൺക്രീറ്റ് വീടുകളാണ്. 2726 വീടുകൾ ഓടുമേഞ്ഞതും ബാക്കി ഓലമേഞ്ഞതുമാണ്. സ്വന്തമായി സ്ഥലമില്ലാത്ത ചുരുക്കം ചിലർ പുറം പോക്കുകളിൽ വീടുവെച്ചു താമസിക്കുന്നുമുണ്ട്.

കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ.

| കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|
| 15504 | 245 | 1482 | 2726 | 1215 | 81 |

1980 ൽ പ്രവർത്തനമാരംഭിച്ച ഒരു ഭവന നിർമ്മാണ സംഘം നിലവിലുണ്ട്. ധനാഗമ മാർഗ്ഗങ്ങളുടെ അപര്യാപ്തത മൂലം ആവശ്യമായ മുഴുവൻ ആളുകൾക്കും വീട് അനുവദിക്കാനായി ഈ സംഘത്തിന് കഴിഞ്ഞിട്ടില്ല. ബാങ്കിൽ നിന്നും ഭവനനിർമ്മാണ വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്. നിശ്ചിതമാസ വരുമാനമുള്ളവർക്ക് മാത്രമേ സംഘത്തിൽ നിന്ന് വീട് വയ്പ്പ ലഭിക്കുന്നുള്ളൂ. ലക്ഷം വീടു കോളനി, നാലുസെന്റ് കോളനി സെറ്റിൽമെന്റ് കോളനി എന്നിവ ഈ പഞ്ചായത്തിലുണ്ട്. അതിൽ മിക്ക വീടുകളുടെയും നിലവാരം വളരെ മോശമാണ്. കോളനികളിലേക്ക് വഴിയില്ലാത്തതുകൊണ്ട് വളരെ ബുദ്ധിമുട്ടുണ്ട്. ഇവിടെ ശുചിത്വം വളരെ മോശമാണ്. മിക്ക വീടുകളിലും പൊട്ടിയൊലിക്കുന്ന കക്കൂസുകളാണ്. ഇനിയും വൈദ്യുതി ലഭിക്കാത്ത വീടുകൾ കോളനികളിലുണ്ട്. സ്വന്തമായി സ്ഥലമുള്ള ദുർബല വിഭാഗങ്ങൾക്കും പഞ്ചായത്തിൽ നിന്ന് NREP, R L E G P, JRY, IAY, RMW എന്നീ വകുപ്പുകൾ മുഖേനെ വീടുകൾ ലഭിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ അല്ലാത്ത മറ്റു സമുദായത്തിലെ I R D P ലിസ്റ്റിൽ പെട്ട കുടുംബങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. വിവിധ വിഭാഗത്തിൽ പെട്ട ആളുകൾ ഇപ്പോഴും കുടിലുകളിൽ താമസിക്കുന്നു. ഭവന നിർമ്മാണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നാണ് പഞ്ചായത്തിലെ പഠനത്തിൽ നിന്ന് ലഭിച്ചിട്ടുള്ള അറിവ്. അതുകൊണ്ട് ഇതര വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി ഉണ്ടാക്കേണ്ടത് അനിവാര്യമാണ് അതുകൊണ്ട് ഭവന നിർമ്മാണരംഗത്ത് ഔദ്യോഗിക സംവിധാനത്തിനൊപ്പം തന്നെ ജനകീയ സംവിധാനം കൂടി രൂപപ്പെടുത്തി രണ്ടും ഒപ്പത്തിനൊപ്പം പ്രവർത്തിച്ചാൽ കൂടുതൽ ഫലപ്രദമാകും.

ദുർബല വിഭാഗക്കാർക്ക് വീട് നിർമ്മാണത്തിന് സർക്കാർ തലത്തിൽ പുനരധിവാസം ഒന്നാംഘട്ടം, രണ്ടാംഘട്ടം, കൈരളി രാജീവ് ദശലക്ഷം, മൈത്രി എന്നിങ്ങനെയുള്ള പദ്ധതികളുമുണ്ട്.

## പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണത്തിന് ആവശ്യമായ സാമഗ്രികൾ ഈ പഞ്ചായത്തിൽ ലഭ്യമല്ല.
2. കെട്ടിടനിർമ്മാണ വസ്തുക്കൾക്ക് അനിയന്ത്രിതമായി വില വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്.
3. നിർമ്മാണ തൊഴിലാളികളുടെ ലഭ്യത കുറവും വർദ്ധിച്ചവേതനവും ഈ രംഗത്തെ ദോഷകരമായി ബാധിക്കുന്നു.
4. കെട്ടിട നിർമ്മാണ വായ്പകൾ ലഭിക്കുന്നതിന് പല കടമ്പകളും കടക്കേണ്ടി വരുന്നു.
5. സ്ഥിരം വരുമാനമില്ലാത്തവർക്ക് ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നില്ല. വായ്പാ ചട്ടങ്ങൾ ലഘൂകരിക്കുക.

6. ദുർബല വിഭാഗങ്ങൾക്ക് പഞ്ചായത്തിൽ വീടുകൾ പണിയുന്നതിന് മിച്ചഭൂമിയോ പുറംമ്പോക്ക് സ്ഥലമോ ലഭ്യമല്ല.

7. ലക്ഷംവീട് കോളനികളിലെ അറ്റകുറ്റപണികൾ സമയാസമയങ്ങളിൽ ചെയ്യുക.

8. സ്വന്തമായി സ്ഥലമില്ലാത്ത ദുർബ്ബല വിഭാഗക്കാർക്ക് വീട്വെച്ച് കൊടുക്കുന്നതിനുളള പരിപാടി ഉണ്ടാക്കുക

9. പഞ്ചായത്തിലെ പുറംമ്പോക്കുകൾ അളന്നു തിട്ടപ്പടുത്തിയാൽ കുറേപേർക്ക് വീടു വെയ്ക്കുവാൻ സ്ഥലം കിട്ടുന്നതായിരിക്കും.

10. അർഹതയില്ലാത്തവരെ IRDP ലിസ്റ്റിൽനിന്ന് പുറത്താക്കുക.

11. ക്ഷേമപദ്ധികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുക.

12. ആധുനിക രീതിയിലുള്ള കക്കൂസ് നിർമ്മിച്ച് പാവങ്ങൾക്ക് നൽകുക.

## വനിതാ ക്ഷേമം

ഇന്ത്യൻ പ്ലാനിങ്ങിന്റെയും വികസന തന്ത്രത്തിന്റെയും ഒരു പ്രധാന ദൗർബല്യം ജനസംഖ്യയിൽ പകുതിയിൽ ഏറെവരുന്ന സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നതാണ്. ഇതുവരെയുള്ള കേരള മോഡൽ വികസനത്തിലും ഈ പ്രവണത പ്രകടമാണ്. രാജ്യത്തെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പുരോഗതിയിൽ സ്ത്രീകൾകൂടി അടങ്ങുന്ന മനുഷ്യവിഭവശേഷി എങ്ങനെ ഫലപ്രദമായി ഉപയോഗപ്പെടുത്താം എന്നതിനെപ്പറ്റി വ്യക്തമായ കാഴ്ചപാട് രൂപം നൽകുന്നവർക്കില്ലെന്നതാണ് സത്യം.

അന്തിക്കാട് പഞ്ചായത്തിൽ സ്ത്രീ ജനസംഖ്യ പുരുഷൻമാരുടെതിനേക്കാൾ കൂടുതലാണ്. മൊത്തം ജനസംഖ്യയിൽ സ്ത്രീകൾ 12408ഉം പുരുഷൻമാർ 11764ഉം വരുന്നു അതായത് ജനസംഖ്യയിൽ 51.33% സ്ത്രീകളാണ്. വിദ്യാഭ്യാസ ആരോഗ്യ കാര്യങ്ങളിൽ സ്ത്രീകളും പുരുഷൻമാരും ഏതാണ്ട് തുല്ല്യ നിലയിലാണ്. വിദ്യഭ്യാസമുണ്ടായിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും വരുമാനമുണ്ടാക്കുന്ന തൊഴിലുകളിൽ ഏർപെടുന്ന സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടേതിനേക്കാൾ കുറവാണ്. ഭൂരിഭാഗം സ്ത്രീകൾ വീട്ടമ്മമാരായി ജീവിതം തളളിനീക്കുകയാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കുറയുവാനുള്ള കാരണം ഈ പ്രവണതയാണ്. പഞ്ചായത്തിന്റെ വികസന കാര്യത്തിൽ പിന്നോക്കാവസ്ഥയിൽ ഈ പ്രവണത ഒരു പ്രതികൂല ഘടകമാണ്.

പുരുഷൻമാർ പ്രധാനമായും ചെത്ത്, കൃഷി, കെട്ടിട നിർമ്മാണം, കച്ചവടം എന്നീ തൊഴിൽ തുറകളിൽ പ്രവർത്തിക്കുന്നു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും വിദേശങ്ങളിലും ജോലിചെയ്യുന്നവരുണ്ട്.

അഭ്യസ്ഥവിദ്യരും അല്ലാത്തവരുമായ സ്ത്രീകളിൽ ഗണ്യമായ വിഭാഗം ഗൃഹഭരണത്തിൽ മുഴുകിയിരിക്കുകയാണെങ്കിലും അദ്ധ്യാപകരിൽ ഭൂരിഭാഗവും സത്രീകളാണ്. സർക്കാർ ഓഫീസുകൾ, ഹോസ്പിറ്റലുകൾ, സഹകരണ സ്ഥാപനങ്ങൾ, ചെറുകിട കച്ചവടസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ധാരാളം സ്ത്രീകൾ

ജോലി ചെയ്യുന്നുണ്ട്. കാർഷിക തൊഴിൽ കെട്ടിടനിർമ്മാണം, ചകിരിതൊഴിൽ എന്നീ മേഖലകളിലും ഗണ്യമായ വിഭാഗം സ്ത്രീകളാണ്. ഗൃഹഭരണ കാര്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീകൾ ആട്, കോഴി വളർത്തൽ, പച്ചക്കറികൃഷി എന്നിവയിൽ ഏർപ്പെടുന്നുണ്ടെങ്കിലും ഈ ജോലികളിൽനിന്ന് കാര്യമായ വരുമാനം ഉണ്ടാക്കാൻ അവർക്ക് കഴിയുന്നില്ല. പഞ്ചായത്തിൽ സ്ത്രീകൾമാത്രം ജോലി ചെയ്യുന്ന ഒരു വനിതാ വ്യവസായ സഹകരണ സംഘവും കൈത്തറി നെയ്ത്തു സംഘവും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്.

സ്ത്രീകളുടെ സാമൂഹ്യ പദവി വർദ്ധിപ്പിക്കുന്നതിനുള്ള പ്രധാനമായ രണ്ടു മാർഗ്ഗങ്ങൾ കുടുംബ വരുമാനത്തിൽ അവരുടെ പങ്ക് ഉയർത്തുകയും രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ അവരുടെ സജീവ പങ്കാളിത്തം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ്. എന്നാൽ പഞ്ചായത്തിലെ സ്ത്രീകളിൽ ബഹുഭൂരിപക്ഷവും പൊതുപ്രവർത്തന രംഗത്ത് വരാൻ വിമുഖത കാണിക്കുന്നു. ഇതിനു പ്രത്യേക കാരണങ്ങളൊന്നുമില്ലെങ്കിലും, ചില മുൻ ധാരണകളും, പാരമ്പര്യ ശീലങ്ങളും, ആചാരങ്ങളും ഈ നിസ്സംഗതയുടെ പിന്നിലുണ്ട്. ഈ പ്രവണത സാമൂഹ്യ സാംസ്ക്കാരിക പുരോഗതിക്ക് ഒരു തടസ്സമായി നിൽക്കുന്ന ഘടകമാണ്.

സ്ത്രീധനത്തിനെതിരായ ബോധവൽക്കരണം നടക്കുന്നുണ്ടെങ്കിലും ഇതുമൂലം കാര്യമായ മാറ്റം ആ രംഗത്ത് ഉണ്ടാവുന്നില്ല. സ്ത്രീധനം വാങ്ങൽ കൊടുക്കൽ പ്രവണത മത്സരാടിസ്ഥാനത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രശ്നം സാമൂഹ്യ സംഘടനകളും രാഷ്ട്രീയ പാർട്ടികളും ഏറ്റെടുക്കേണ്ടതാണ്. ആയിരക്കണക്കിന് രൂപ ചെലവു ചെയ്ത് കല്ല്യാണ അടിയന്തിര സദ്യ നടത്തുന്ന പ്രവണത വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ ഇത്തരം ദുർചെലവുകളിൽ പഞ്ചായത്ത് പ്രത്യേക നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്.

മദ്യനിരോധനം നടപ്പിലാക്കണമെന്ന് ചില ഗ്രാമസഭകളിൽനിന്ന് ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ.
2. ദാരിദ്ര്യ നിർമ്മാർജന പരിപാടികളിൽ സ്ത്രീകളോടുള്ള അവഗണന.
3. തൊഴിൽ ചെയ്യാൻ തയ്യാറാവാത്ത അവസ്ഥ.
4. ബോധവൽക്കരണത്തിന്റെ അഭാവം
5. കാർഷിക മേഖലയിൽ ജോലിചെയ്യാനുള്ള വിമുഖത.

### നിർദ്ദേശങ്ങൾ.

1. വിധവാ പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയവ അർഹരായ എല്ലാവർക്കും ലഭ്യമാക്കുന്നതിനും, കാലതാമസം ഒഴിവാക്കുന്നതിനും ഉള്ള നടപടികൾ ഉണ്ടാവണം.
2. പഞ്ചായത്തു തലത്തിൽ വിവിധ മേഖലകളിൽ ജോലിചെയ്യാൻ കഴിവും താത്പര്യവും അർഹതയുമുള്ള സ്ത്രീകളുടെ പട്ടിക തിരിച്ചുള്ള ഒരു ലിസ്റ്റ് (Employment register) പഞ്ചായത്ത് തയ്യാറാക്കണം.
3. നേഴ്സിംഗ്, നെയ്ത്ത്, പരമ്പരാഗത ചെറുകിടവ്യവസായങ്ങൾ എന്നിവയിൽ

സ്ത്രീകൾക്ക് പരിശീലനം നൽകണം.

4. ആട്, കോഴി, മാട്, മുയൽ, പന്നി, താറാവ് എന്നിവ വീടുകളിൽ വളർത്തി കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്ത്രീകൾക്ക് പരിശീലനവും സാമ്പത്തിക സഹായവും, അവർ ഉണ്ടാക്കുന്ന സാധനങ്ങൾക്ക് പഞ്ചായത്തിലും പുറത്തും വിപണന സൗകര്യങ്ങളും ഏർപ്പെടുത്തണം.

5. വനിതാ വ്യവസായ സഹകരണ സംഘം, കൈത്തറി നെയ്ത്ത് സഹകരണ സംഘം എന്നീ സംഘങ്ങളുടെ പ്രവർത്തന മേഖല വിപുലമാക്കി സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക.

6. സഹകര അടിസ്ഥാനത്തിൽ സ്ത്രീകൾ മാത്രം നടത്തുന്ന ഒരു റസ്റ്റോറണ്ടും ബേക്കറിയും നടത്തുക. ഇതിന്റെ യൂണിറ്റുകൾ വാർഡു തലത്തിലും നടത്താവുന്നതാണ്.

7. സ്ത്രീകളുടെ ചുമതലയിൽ അന്തിക്കാട് സെന്ററിൽ ഒരു കംഫർട്ട് സ്റ്റേഷൻ (കക്കൂസ്, മൂത്രപ്പുര, ക്ളോക്ക് റൂം) തുടങ്ങണം. പഞ്ചായത്ത് ഈ സ്ഥാപനം നിർമ്മിച്ച് സ്ത്രീകൾക്ക് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നൽകണം.

8. ഓട്ടോറിക്ഷ ഓടിക്കാനും സ്ത്രീകൾക്ക് പരിശീലനം നൽകണം.

9. അന്തിക്കാട് സെന്ററിൽ ഒരു സാംസ്ക്കാരിക കേന്ദ്രം തുടങ്ങുകയും അതിന്റെ കീഴിൽ സ്ത്രീകൾക്ക് മാത്രമായി കലാകായിക സ്പോർട്ട്സ് പരിശീലനവും കരാട്ടെ പരിശീലനവും നൽകണം. കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിലും, സ്ത്രീകളിൽ ആത്മവിശ്വാസം ഉണ്ടാക്കുന്നതിനും ഇത് സഹായകരമാവും.

10. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള വീടുകൾക്ക് പ്രത്യേക പരിഗണന നൽകണം.

11. അനാചാരങ്ങൾ, കുടിവെള്ളം ശുദ്ധീകരിക്കൽ, പരിസരശുദ്ധീകരണം, രോഗങ്ങൾ തടയാനുള്ള മാർഗ്ഗങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ സ്ത്രീകൾക്ക് ബോധവൽക്കരണം നൽകണം.

12. സ്ത്രീകൾക്ക് മാത്രമുള്ള രോഗങ്ങൾ തടയുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും മെഡിക്കൽ പരിശോധന പരിപാടികൾ പഞ്ചായത്ത് മുഖേന നടപ്പിലാക്കണം.

13. കാൻസർ, എയ്ഡ്സ് തുടങ്ങിയ മാരക രോഗങ്ങളെ തുടക്കത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം.

14. അംഗൻവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

15. വൃദ്ധസദനം തുടങ്ങണം.

സ്ത്രീകളുടെ സാമൂഹ്യ രാഷ്ട്രീയ പദവി ഉയർത്തുന്നതിനും കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും ഒമ്പതാം പദ്ധതിയിൽ മേൽപ്പറഞ്ഞ പരിപാടികൾക്ക് മുൻഗണന നൽകണം. പഞ്ചായത്ത് സംഘടിപ്പിക്കുന്ന വിവിധ സമിതികളിൽ സ്ത്രീകൾക്ക് അർഹമായ പ്രാധിനിധ്യം നൽകണം.

# സംസ്ക്കാരം

ഇന്ത്യയിൽ സ്വതന്ത്ര്യ ലബ്ധിക്കു മുമ്പ് അനേകം നാട്ടുരാജ്യങ്ങൾ ഉണ്ടായിരുന്ന ല്ലോ: അതിൽ തെക്കേയറ്റത്തെ രണ്ടു നാട്ടു രാജ്യങ്ങളായിരുന്നു. തിരുവിതാംകൂറും, കൊച്ചിയും. കൊച്ചി രാജ്യത്തിന്റെ വടക്കു പടിഞ്ഞാറുഭാഗത്ത് കാനോലി കനാലുമായി ചേർന്നു കിടക്കുന്ന മലബാറിലെ നാട്ടിക മണപ്പുറത്തിന് കിഴക്കു കിടക്കുന്ന പ്രദേശ മാണ് ഏനാമാവ്, പെരിങ്ങോട്ടുകര. ഏനാ മാവ് പെരിങ്ങോട്ടുകര യുടെ മദ്ധ്യത്തി ലാണ് അന്തിക്കാട് ഗ്രാമപഞ്ചായത്ത് .

സംസ്ക്കാരത്തെക്കുറിച്ചു പറയുമ്പോൾ പൊതുവിൽ ഭാരതീയർ, പഴയ സംസ്ഥാന തലത്തിലായാൽ തിരുകൊച്ചിക്കാർ. സംസ്ഥാനതലത്തിലായാൽ കേരളീയൻ. പ്രദേശിക തലത്തിലയാൽ ഏനാമാവ് പെരി ങ്ങോട്ടുകരക്കാർ. ഇനിയും ചുരുക്കിയാൽ അന്തിക്കാട്ടുക്കാരും, പടിയത്തുകാരും വീണ്ടും ചുരുക്കിയാൽ പുത്തൻ പീടിക, മുറ്റി ച്ചൂർ, ചൂരക്കോട്ടു, മാങ്ങാട്ടുകര ഇവ യൊക്കെ ഇവിടത്തെ പ്രാദേശിക പേരുക ളാണ്.

ഏതൊരു രാജ്യത്തിന്റെയും സംസ്ക്കാരം അവിടത്തെ ജനതയുടെ ഭാഷാ, മതം, ജാതി, ആരാധന സംമ്പ്രദായം, ജനനാന്തര ചടങ്ങുകൾ, മരണാനന്തരക്രി യകൾ, തൊഴിൽ വിവാഹം, സ്വത്തിൻമേ ലുള്ള പിന്തുടർച്ചാ അവകാശം വസ്ത്രധാ രണം, മുടിവെയ്ക്കൽ, പാട്ട്, കളി, മറ്റു വിവിധ കലകൾ തുടങ്ങിയവയോട് ബന്ധ പ്പെട്ടു നടക്കുന്നു. ഒറ്റ വാക്കിൽ പറഞ്ഞാൽ നാം എല്ലാവരും ഭാരതീയ സംസ്ക്കാരക്കാ രാണ്. ലോകത്തിൽ അറിയപ്പെടുന്ന രാഷ്ട്ര ങ്ങളിൽ പുരാതനമായതാണ് ഭാരതം. ഭാര തത്തിന്റെ തെക്കേയറ്റത്ത് കന്യകുമാരി മു തൽ വടക്ക് ഗോകർണ്ണം വരെ അറബികട ലിന്റെ തീരപ്രദേശമാണ് കൊച്ചുകേരളം. കിഴക്ക് പശ്ചിമഘട്ട മലനിരകളും അതു കൊണ്ട് മലനാട് എന്നും പേരുണ്ട്. കേരള ത്തിന്റെ മധ്യത്തിൽ കിടക്കുന്ന തെക്കൻ കാശിയെന്നു പറയുന്ന വടക്കുന്നാഥന്റെ ആസ്ഥാനമായ തൃശിവപേരുരിന്റെ പടിഞ്ഞാ റുള്ള ഒരു സമുദ്ര തീരതല പ്രദേശമാണ് അന്തിക്കാട് ഗ്രാമപഞ്ചായത്ത്.

ജനങ്ങളിൽ കൂടുതൽ പേരും ഹിന്ദു ക്കൾ അവരിൽ കൂടുതൽ പേരും ഈഴവർ പിന്നെ, നായർ, അതിൽ അവരിൽതന്നെ മേനോൻമാർ ഉണ്ട്. നമ്പ്യാർ, വാര്യർ, മരാർ, എന്നിവരും കൂടാതെ നാലു ഇല്ലങ്ങളും മന കളും അതിലെ നമ്പൂതിരിമാരും ഉണ്ട്. പിന്നെ മറ്റു വിഭാഗക്കാർ വേട്ടുവർ, പുല യർ, നായാടികൾ കൂടാതെ പാണൻമാർ, മണ്ണാൻ, കല്ലാശ്ശേരി, മരാശ്ശേരി, കരുവാൻ, മൂശ്ശാരി, തട്ടാൻ, കുറുപ്പ് തുടങ്ങി തൊഴി ലിന്റെ അടിസ്ഥാനത്തിൽ അറിയപ്പെട്ടിരുന്ന വരും ഉണ്ട്.

ഇതുകൂടാതെ ക്രിസ്ത്യനികളും , മുഹ മ്മദീയരും ജനസഖ്യയിൽ നല്ലൊരു ശതമാ നവും ഉണ്ട്. ഭാഷ കേരളത്തിലെ മുഖ്യഭാ ഷയായ മലയാളം തന്നെ. മഴയാളത്തിൽ തമിഴിനും സംകൃതത്തിനും സ്വാധീനം മറ ന്നുകൂടാ. അന്യഭാഷകൾ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ അറിഞ്ഞിരുന്നവർ വിര ലിൻമേൽ എണ്ണാൻ മാത്രമായിരുന്നു. ആദ്യത്തെ ഇംഗ്ലിഷ് പഠിപ്പിക്കുന്ന സ്കൂൾ സ്ഥാപിതമായത് പഞ്ചായത്തിൽ 1902ൽ ആണ് അത് ലോവർ പ്രൈമറി സ്കൂൾ ആയിരുന്നു. സ്വതന്ത്രലബ്ധിക്കു മുമ്പ് ഒരു ഹൈസ്കൂൾ പോലും ഇല്ലായിരുന്നു. പഞ്ചാ യത്തിൽ ഇന്ന് ഇംഗ്ലീഷ് ഹിന്ദിയും തമിഴും മറ്റു പല ഭാഷകളും അറിയുന്നവർ ധാരാളം ഉണ്ട് പ്രധാന തൊഴിൽ തെങ്ങിൻ പറമ്പി ലും, നെൽപാടത്തും തന്നെ. കള്ളുചെ ത്തൽ, ചെത്തി ചക്കരയുണ്ടാക്കൽ, തൊണ്ടു തല്ലൽ, തൊണ്ടു മൂടൽ കയർപി

രിക്കലും മര ചക്കാട്ടൽ എന്നീ വ്യവസായങ്ങൾ ആയിരുന്നു. നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒറ്റ ഈഴവൻ പോലും സർക്കാർ ഉദ്യോഗത്തിൽ ഉണ്ടായിരുന്നില്ല. നായന്മാരും ക്രിസ്ത്യാനികളും ആണ്, സർക്കാർ ഉദ്യോഗത്തിൽ ആദ്യം കയറുന്നത്. നായൻമാർക്ക് ക്ഷേത്രത്തോട് ബന്ധപ്പെട്ട തൊഴിലുകൾ ഉണ്ടായിരുന്നു. നായന്മാർക്കും, ഈഴവർക്കും നെയ്ത്തു ജോലി പതിവുണ്ടായിരുന്നു. ക്രിസ്ത്യാനികൾക്ക് കച്ചവടവും എണ്ണ ആട്ടലും മുഖ്യ തൊഴിലായിരുന്നു. മുഹമ്മദീയരും കച്ചവടത്തിൽ ഏർപ്പെട്ടിരുന്നു. ഈഴവരും, മുഹമ്മദീയരും പണ്ട് സിലോൺ, സിങ്കപ്പൂർ, മലയ, ബർമ്മ തുടങ്ങിയ വിദേശങ്ങളിൽ തൊഴിലെടുത്തിരുന്നു.

താഴ്ന്ന ജാതിക്കാർക്ക് കാർഷിക പണിയായിരുന്നു. അതിൽ പറയൻ മുളകൊണ്ട് മുറം, കുട്ട, കൂട, കോമ്പറം, പനമ്പ് മുതലായ ഗൃഹോപകരണങ്ങൾ ഉണ്ടാക്കിയിരുന്നു. രണ്ടാം ലോക മഹായുദ്ധം വന്നപ്പോൾ വളരെയധികം പേർ സർക്കാർ സർവ്വീസിൽ ചേർന്നിരുന്നു. താഴെക്കിടയിലുള്ളവർ വളരെയധികം പേർ ആസ്സാമിലും ബർമ്മയിലും കൂലി പണിക്കാരായി സേവനം അനുഷ്ഠിക്കാനായി പോയിരുന്നു.

യുദ്ധാവസാനത്തോടെ അവർ മടങ്ങിയെത്തുകയും ചെയ്തു. ഈ നൂറ്റാണ്ടിനു മുൻപും ആരംഭത്തിലും വിദ്യാഭ്യാസത്തിന് സർക്കാർ സ്ഥാപനങ്ങളൊന്നും ഉണ്ടായിരുന്നില്ല. എന്നാലും മലയാളവും സംസ്കൃതവും വേദാംഗമായ ജ്യോതിഷവും പഠിപ്പിക്കുന്നതിന് കളരികൾ (കുടിപ്പള്ളികൂടം) ഉണ്ടായിരുന്നു. അതിൽ പ്രധാനമായത് മുറ്റിച്ചൂർ കുഞ്ഞുരാവുണ്ണിപ്പണിക്കരുടേത്.

നമ്മുടെ നാട്ടിൽ നമ്പൂതിരിമാർ വേദങ്ങൾ പഠിച്ചിരുന്നു. അതുപോലെ മുഹമ്മദീയർ ഖുറാനും. പിന്നെ ഓത്ത് പഠിപ്പിക്കുക എന്ന പേരിൽ ആണ് ഇതറിഞ്ഞിരുന്നത്. മുഹമ്മദീയർക്ക് അന്തിക്കാട് കെ. ജി. എം. എൽ. പി. എസ്സിൽ സ്കൂളിന്റെ ആരംഭം മുതൽ ഓത്തു പഠിപ്പിച്ചിരുന്നു. അത് പഠിപ്പിച്ചിരുന്നവരെ മുസ്‌ലിയാർ എന്നാണ് പറഞ്ഞിരുന്നത്. എന്നലും ഭാരതത്തിന്റെ പൈതൃകമായ വേദം വേതാംഗം ദർശനം എന്നിവയുടെ പഠനം നമ്മുടെ സ്ക്കൂൾ കരിക്കുലത്തിൽ ഉണ്ടായാൽ മാത്രമേ പൂർണ്ണത കൈവരിക്കാൻ കഴിയുകയുള്ളൂ. ഇതിൽ എല്ലാം ഇന്ന് വിദേശികൾ കൂടുതൽ താത്പര്യം കാണിക്കുന്നുണ്ട്. യോഗാഭ്യാസം ആരോഗ്യത്തിനും അറിവിന്റെ വിജ്ഞാനം പ്രകാശിപ്പിക്കാനും അത്യന്താപേക്ഷിതമാണ്. യോഗ പഠനത്തിനും സ്ക്കൂൾ കരിക്കുലത്തിൽ സ്ഥാനം വേണം.

അതുപോലെ മരണാനന്തര ക്രിയകൾ ജനനാന്തര ചടങ്ങുകൾ ഹിന്തുക്കൾക്കും ക്രിസ്ത്യാനികൾക്കും വേറെ വേറെയാണ്. അന്നും ഇന്നും ചരടു കെട്ടൽ, കാതു കുത്തൽ, പൂണൂലിടൽ, എഴുത്തിനിരുത്തൽ, ഓത്ത് ഓതൽ സുന്നത്ത്, തെരണ്ടു കല്ല്യാണം, പുലക്കുളി, പതിനാറടിയന്തിരം, മാമോദീസ മുക്കൽ ഇതെല്ലാം വ്യത്യസ്ത മതക്കാരുടെ ഓരോ ചടങ്ങുകളാണ്. ആ സമ്പ്രദായങ്ങളെക്കുറിച്ച് വിസ്തരിക്കുന്നില്ല. സ്മരിക്കുവാനാണ് ഇവിടെ കുറിച്ചിരിക്കുന്നത്.

ഈഴവരുടെ പല സമ്പ്രദായങ്ങളും ശ്രീനാരായണ ഗുരുദേവന്റെ ആവിർഭാവത്തോടുകൂടി നിർബന്ധപൂർവ്വം നിർത്തലാക്കി എന്നുള്ളതും സ്മരിക്കേണ്ടതുണ്ട്. സാംസ്ക്കാരിക രംഗത്തെ അത്യജ്ജ്വലമായ ഒരു പ്രഭയായിരുന്നു ഗുരു ദേവൻ. നമ്മുടെ അയൽപ്പക്കത്തുള്ള കാരമുക്കിൽ ദീപ പ്രതിഷ്ഠ നടത്തിയതും പെരിങ്ങോട്ടുകരയിൽ സോമശേഖര ക്ഷേത്രത്തിൽ ശിവ പ്രതിഷ്ഠ നടത്തിയതും ശ്രീനാരായണ ഗുരുവായിരുന്നു. ഓരോ മതസ്ഥർക്കും അതിൽത്തന്നെ ഹിന്ദുമതത്തിലെ നാനാവിഭാഗക്കാർക്കും (ജാതി) ആരാധനാ സമ്പ്ര

ദായവും ഉത്സവങ്ങളും പഴയകാലത്തും ഇന്നും വ്യത്യസ്ഥമാണ്. ഹിന്ദുക്കളുടെ ആരാധനാ ക്ഷേത്രങ്ങൾ ക്രിസ്ത്യാനികളുടേതും, മുസ്ലീമുകളുടേതും പള്ളികൾ അതുപോലെ ഹിന്ദുക്കളുടെ പൂരങ്ങൾ (ഉൽസവങ്ങൾ) തോറ്റങ്ങൾ, പാട്ട് തുടങ്ങയവ. ഓണം, വിഷു, ദീപാവലി, ശിവരാത്രി, നവരാത്രി ഹിന്ദുക്കളുടെ ദേശീയ ഉത്സവമാണ്.

ഈസ്റ്റർ, ക്രിസ്തുമസ്സ് കിസ്ത്യാനികളുടേയും, മുഹറം, ബലി പെരുന്നാൾ, റംസാൻ മുഹമ്മദീയരുടേയും ദേശീയ ഉത്സവങ്ങളാണ് എന്നാൽ ഇന്ന് ഈ ഉത്സവങ്ങൾ എല്ലാ ജാതി മത ഭേതമന്യേ ആചരിക്കുന്നു. പഴനിക്കും ശബരിമലക്കും നോമ്പിടലും കാവി വസ്ത്രം ധരിച്ച് പീലിക്കാവടിയും ചുമന്ന് ഊര് ചുറ്റി പാട്ടും ഊട്ടും കഴിച്ച് പഴനിയിലെ സുബ്രമണ്യക്ഷേത്രത്തിൽ ദർശനം നടത്താനും, അതുപോലെ മാലയിട്ട് മണ്ഡലം നോമ്പ് നോറ്റ് കറുത്ത വസ്ത്രം ധരിച്ച് പാട്ടും വിളക്കും കഴിച്ച് ശബരിമല അയ്യപ്പക്ഷേത്രത്തിലേക്ക് ഉള്ള പോക്കിനും ഇവിടത്തെ ജനതയുടെ പഴക്കം തന്നെയുള്ള ഒരു ആചാരമാണ് അന്നും ഇന്നും. ഇന്ന് മണ്ഡലമാസത്തിൽ പുലർച്ചക്ക് സ്വാമിയേ ശരണമയ്യപ്പ എന്ന മന്ത്ര ധ്വനി കേട്ടു കൊണ്ടാണ് പരിസരം മുഴുവനും ഉണരുന്നതുതന്നെ. അത്രയും കൂടുതൽ ആളുകൾ ഇന്ന് മലക്ക് പോകുന്നവരായിട്ടുണ്ട്. വർഷം തോറും ഇത് കൂടിക്കൊണ്ടിരിക്കുന്നു. ശിവഗിരി തീർത്താടനത്തിനും അതുപോലെത്തന്നെ കൊടുങ്ങലൂർ ഭരണിക്കും പോകുന്നവരുമുണ്ട്. ക്രിസ്ത്യാനികൾ മലയാറ്റൂർക്കും, വേളാങ്കണ്ണിക്കും മുഹമ്മദീയർ ഹജ്ജിനും പോകുന്ന പതിവ് അന്നും ഇന്നും നിലനിൽക്കുന്നു. ഇതിൽ കൊടുങ്ങലൂർ ഭരണിക്കും ഒരു പ്രത്യേകത ഉണ്ട്. അടുത്ത കാലം വരെ വടിയിന്മേൽ കോഴികളേയും ഞാത്തിയിട്ട് തെറിപ്പാട്ടും പാടിയായിരുന്നു യാത്ര. കോഴികളെ അമ്പലത്തിന്റെ വടക്കേ വാതിൽക്കലുള്ള (ബലിക്കല്ലിൽ വെച്ച് വെട്ടി ചോര ഒഴുക്കുന്ന, (കരുതി) എന്ന ആചാരവും കാളിപ്രീതിക്കുവേണ്ടി നിലനിന്നിരുന്നു.

പഞ്ചായത്തിൽ ധാരാളം അമ്പലങ്ങളും, മുസ്ലീം പള്ളികളും, ക്രിസ്ത്യൻ പള്ളികളും ഉണ്ട്. മതസൗഹാർദ്ധത്തിന്റെ പ്രതീകമായി ഇവ നിലകൊള്ളുന്നു. 1936 ലെ ക്ഷേത്രപ്രവേശന വിളംബരത്തിനു മുമ്പ് അവർണ്ണർക്ക് സവർണ്ണരുടെ ക്ഷേത്രത്തിൽ പ്രവേശിക്കാനോ, ക്ഷേത്രപരിസരത്തുള്ള റോഡിൽ നടക്കുവാനോ ക്ഷേത്രക്കുളത്തിൽ കുളിക്കുവാനോ അന്ന് അവകാശമില്ലായിരുന്നു.

## വസ്ത്രധാരണം - വേഷം

ഇന്ന് വസ്ത്രധാരണം എല്ലാവർക്കും ഒരുപോലെയാണ്. എന്നാൽ അടുത്ത കാലം വരെ വസ്ത്രധാരണത്തിൽനിന്ന് ജാതി തിരിച്ചറിയാമായിരുന്നു. അതുമല്ല അവർണ്ണരായ ഈഴവൻ തുടങ്ങിയ താഴ്ന്ന ജാതിക്കാർക്ക് മാറ് മറക്കാൻ പോലും അവകാശം ഇല്ലായിരുന്നു. 1829 ൽ ക്രിസ്തുമതത്തിൽ മാർഗ്ഗം കൂടിയ ചാന്നാർ സ്ത്രീക്കു മാത്രമേ മേൽശീല ധരിക്കാൻ അധികാരമുണ്ടായിരുന്നത്. 1859 ൽ ഇതിനെതിരെ കലാപമുണ്ടായി. ശീലവഴക്ക് , മുലമാറാപ്പ് വഴക്ക് ചാന്നാർ ലഹള എന്നപേരിലാണ് അറിയപ്പെടുന്നത്. എന്നാൽ 1864ൽ സർക്കാർ എത്രയും മാനവിരോധം എന്ന ശീർഷത്തിലിറക്കിയ സർക്കുലറിലാണ് ഇതിനെല്ലാം വിരാമമിട്ടത്. അതിൽ പറയുന്നത് ശൂദ്ര ജാതികൾ വലിയ സ്ഥാനത്തിലുള്ള ആളുകളുടെ മുമ്പാകെയും ക്ഷേത്രം കൊട്ടാരം മുതലായ സ്ഥലങ്ങളിൽ പണിയെടുക്കുന്ന സമയവും ആചാരത്തിനായിട്ട് എന്നു വിചാരിച്ച് മേലിലെ വസ്ത്രം താഴ്ത്തുന്നത് എത്രയും മാനവിരോധമെന്ന് തീരുമനസ്സിലേക്ക് തോന്നിയരിക്കുന്നതാകകൊണ്ട് ഈ വിരുദ്ധമായുള്ള നടപ്പിനെ മേലാൽ ആചരിക്കുന്നത് ആവിശ്യമല്ലെന്ന് മേൽ പറഞ്ഞ ആളുകളെ

തെരിയപ്പെടുത്തുന്നതുമല്ലാതെ തീരുമന സിലെ നേറ്റീവ് കുടിയാൻ മാരുമായിട്ടുള്ള എല്ലാ ആളുകളേയും മര്യാദക്ക് പൂർണ്ണാനുസരണം ആവാസ തക്ക വിധത്തിൽ വസ്ത്രം ധരിക്കേണ്ട അവിഹിതമായിട്ടുള്ള തെന്ന ആ വക ആളുകളെ തെരിയപ്പെടുത്തേണ്ടതാകുന്നു. ഇത് തിരുവിതാംകൂർ മഹാരാജാവ് പുറപ്പെടുവിച്ചതാണെങ്കിലും അതിനുശേഷമാണ് കൊച്ചിയിലും ആചാരക്കാർ ക്രമേണ മാറിയത്.

പിന്നീടും കുറേകാലം ക്രിസ്താനികൾക്ക് ചട്ടയും റൗവക്കയും ഈഴവർക്ക് മുട്ടറിങ്ങാത്ത മുണ്ടും മേൽക്കട്ടിയും മുഹമ്മദീയർക്ക് പാദം വരെയുള്ള മുണ്ടും കൈനീണ്ട പ്രത്യേകതരത്തിലുള്ള കുപ്പായവും ആയിരുന്നു. അവർണ്ണർ തലയിൽ കുടുമ വെച്ചിരിക്കണം മീശ പാടില്ല. ക്രിസ്ത്യാനികളും മുഹമ്മദീയരും മുടിവളർത്താൻ പാടില്ല. ക്രിസ്ത്യാനി കൊന്ത കഴുത്തിലിടണം.

### പാട്ടും കലയും.

പാട്ടിലും കലകളിലും ഉണ്ടായിരുന്ന ജാതിക്കനുസരിച്ച് വ്യത്യാസം. അയ്യപ്പൻ പാട്ട്. ഉടുക്ക്കൊട്ട്പാട്ട്, നന്തുണിപാട്ട് കളമെഴുത്ത്പാട്ട്, കുറത്തിപാട്ട്, പുള്ളുവൻ കുടം പാട്ട് മാപ്പിള പാട്ട് തുടങ്ങിയ ജാതി തിരിച്ചുള്ള പാട്ടുകളാണ്. അതുപോലെതന്നെ കലകളും അയവർ നാടകം, പറയൻ കളി, പരിചമുട്ടു കളി കുറത്തി കളി ചവുട്ടു നാടകം. ധാരകനും കാളിയും, കണ്ടനും കാളിയും കൈകൊട്ട് കളിയും തിരുവാതിര കളി, തുമ്പി തുള്ളൽ കുമ്മാട്ടി കളി, പുലി കളി, വള്ളം കളി, കിളിമാസ്, തുടങ്ങിയവയും നാധസ്വര വായനയിലും തിമില കൊട്ടുന്നതിലും മദ്ദളം അടിക്കുന്നതിലും വിദഗ്ദൻമാരും പരിശീലന ക്ലാസുകൾ നടത്തിയുരുന്നതും പതിവായിരുന്നു അതുപോലെ തന്നെ ചെണ്ടയിലും

### പിൻതുടർച്ചാ അവകാശം.

മക്കത്തായമായിരുന്നു നമ്പൂതിരിമാർക്കും ക്രിസ്ത്യാനികൾക്കും മറ്റു താഴന്ന എല്ലാ ജാതിക്കാർക്കും എന്നാൽ നായൻമാർക്ക് മരുമക്കത്തായമായിരുന്നു.

### വിവാഹം

വിവാഹത്തിനും ഓരോ ജാതിക്കും പ്രത്യേകം പ്രത്യേകം ചടങ്ങുകൾ അന്നും ഇന്നും ഉണ്ട് ഹിന്ദുക്കൾക്കും മുഹമ്മദീയർക്കും മുൻകാലത്ത് അവരവരുടെ വീടുകളിൽ വെച്ചായിരുന്നു. നായന്മാരുടെ പുടവ കൊടുക്കലും. മുഹമ്മദീയരുടെ നിക്കാഹും രാത്രി കാലങ്ങളിലായിരുന്നു. നമ്പൂതിരിമാരും ബ്രാഹ്മണരും അഗ്നിയജ്ഞം ചെയ്തു കൊണ്ടായിരുന്നു. ക്രിസ്താനിക്ക് കെട്ട് പള്ളിയിലും, അന്ന് ഈഴവരുടെ കല്യാണത്തിന് പെണ്ണിനെ ഇറക്കുന്നതോടൊപ്പം ഓട്ടുപാത്രം കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. ഇന്നതല്ലാം പാടെ മാറീട്ടുണ്ട്. പക്ഷേ എല്ലാവരിലും സ്ത്രീധനം കൊടുക്കൽ ഒരു പരിധിവരെ തീർന്നിട്ടുണ്ടെങ്കിലും അതിനു പൂർണ്ണമായി വിരാമം ഇട്ടിട്ടില്ല. ഇന്ന് മിക്കവരും കല്യാണം നടത്തുന്നതിന് കല്ല്യാണ മണ്ഡപങ്ങളും ക്ഷേത്രങ്ങളുടേതായ ഹോളുകളും ഉപയോഗിക്കുന്നു. മുൻകാലത്തേതിൽ നിന്നും വളരെ ആർഭാടത്തോടെയാണ് ഇന്നത്തെ വിവാഹ സദ്യകൾ. ശ്രീ നാരായണ ഗുരുദേവൻ നിർദ്ദേശിച്ചിരുന്നത് കല്യാണത്തിനു വെറും എട്ടുപേരെയാണ്.

പുരാതന കാലത്ത് ശ്രുതികളും സ്മൃതികളും മാമൂലുകളുമായിട്ടാണ് അറിവനെ പിൻതലമുറകളിലേക്ക് എത്തിച്ചിരുന്നത്. അന്ന് എഴുതി വെച്ചിരുന്ന ഗ്രന്ഥങ്ങളൊന്നും ഇല്ലായിരുന്നു. പിന്നീട് എത്രയോ കാലങ്ങൾക്കു ശേഷമാണ് ഗ്രന്ഥങ്ങളെല്ലാം ഉണ്ടാകുന്നത്. അതുപോലെ തന്നെ മാസികകളും ആഴ്ച പതിപ്പുകളും കേരളത്തിലെ പ്രമുഖ പത്രങ്ങളും പ്രചാരണത്തിലുണ്ട്. ജനസംഖ്യയിൽ ഭൂരിപക്ഷവും പത്രം വായിക്കുന്നവരാണ്. സ്ത്രീകളും ഇതിൽ പിന്നിലല്ല.

ഇന്ന് റേഡിയോ ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളിലേക്കും എത്തിയിരിക്കുന്നു. ഇതിലൊന്നും അന്തിക്കാട് പഞ്ചായത്ത് പിന്നിലല്ല. ധാരാളം ടെലിവിഷൻ സെറ്റുകർ ഇന്ന് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ തന്നെ കലാ കായിക സാംസ്ക്കാരിക കേന്ദ്രങ്ങളും കുറേയേറെയുണ്ട്. വായനശാലകളുടെ പട്ടികയാണ് താഴെ കാണിച്ചിരിക്കുന്നത്.

വായനശാലകൾ.

1. മാങ്ങാട്ടുകര ഗ്രാമീണവായനശാല.
2. വി. ആർ. തിലകൻ മെമ്മോറിയൽ വായനശാല
3. നായരങ്ങാടി ഗ്രാമീണവായനശാല.
4. കെ. ജി. കേളൻ മെമ്മോറിയൽ വായനശാല.
5. പഞ്ചചായത്ത് വായനശാല.
6. ശ്രീകൃഷ്ണ വായനശാല

പ്രശ്നങ്ങൾ.

1: വായനശാലകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.
2. കായിക പ്രവവർത്തനങ്ങൾക്ക് ആവിശ്യമായ കളിസ്ഥലങ്ങളില്ല.
3. വേദങ്ങളും വേദാംഗങ്ങളും. ദർശനങ്ങളും പഠിക്കുന്നടിത്ത് ഇന്ന് യാതൊരു സൗകര്യങ്ങളുമില്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സാംസ്ക്കാരിക കേന്ദ്രം ഉണ്ടാക്കണം.
2. വാർഡുതലത്തിൽ ഇതിന്റെ യൂണിറ്റുകൾ ഉണ്ടാക്കണം.
3. വനിതകളെ കലാകായിക സാസ്കാരിക രംഗത്തേക്ക് ഉയർത്തി കൊണ്ടുവരുന്നതിന് ബോധപൂർവമായ ശ്രമമുണ്ടാകണം.
4. പഞ്ചായത്തിലെ രണ്ടു വില്ലേജുകളിലും എല്ലാ വിധ സൗകര്യങ്ങളോടു കൂടിയ കളിസ്ഥലം ആവശ്യമാണ്.
5. പഞ്ചായത്ത് സാംസ്കാരിക കേന്ദ്രത്തിന്റെ കീഴിൽ യുവതലമുറക്ക് യഥാർത്ഥ മൂല്യബോധം നൽകുന്ന രീതിയിലുള്ള സാംസ്ക്കാരിക നയം വെച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
6. സ്ക്കൂൾ യുവജനോൽസവങ്ങളിൽ നിന്നും പ്രതിഭകളെ കണ്ടെത്തുകയും അവരെ പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഉണ്ടാക്കണം.
7. പഞ്ചായത്ത് യുവജനോൽസവങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും മുഴുവൻ യുവതി യുവാക്കളുടേയും പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തണം.
8. വളർന്നു വരുന്ന പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും പഞ്ചായത്തുതലത്തിൽ സാംസ്കാരിക കേന്ദ്രത്തിന്റെ കീഴിൽ മിനി മാഗസിൻ മാസം തോറും ഇറക്കണം.
9. ഉപഭോഗ സംസ്ക്കാരത്തിന് എതിരെ ക്രിയാത്മകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഉണ്ടാക്കണം.
10. യോഗശാത്രത്തിൽ പരിശീലനവും ബോധവൽക്കരണവും വേണം.
11. ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ ലാഭേഛയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ മറ്റു ഭാഗ്യശക്തികളുടെ പ്രേരണമൂലവും യുവതലമുറയിൽ വളർന്നു വരുന്ന അക്രമ സ്വഭാവവും സാംസ്ക്കാരിക അധപതനത്തിന് എതിരെ പാരമ്പര്യ കലകൾക്കും ലളിതകലകൾക്കും മുൻതൂക്കം നൽകികൊണ്ടുള്ള ബോധപൂർവ പ്രവർത്തനങ്ങൾ ഉണ്ടാകണം.
12. പരമ്പര്യകലകളെ പ്രോൽസാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും കൃത്യമായ പ്രവർത്തനങ്ങൾ ഉണ്ടാകണം.
13. വി. ആർ. തിലകൻ മെമ്മോറിയൽ വായനശാലയിൽ പഞ്ചായത്തിൽ നിന്നും കൊടുത്ത ടി. വി. സെറ്റ് പ്രവർത്തിക്കാതിരിക്കുന്നത് ഉടനെ പ്രവർത്തിപ്പിക്കണം.

# സഹകരണമേഖല

പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക ജീവിതത്തിൽ പ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് സഹകരണസംഘങ്ങൾ. കൃഷി, കുടിൽവ്യവസായം, വായ്പാവിതരണം. പാർപ്പിടം, പാൽ, തുടങ്ങിയ ഒട്ടേറേ മേഖലകളിൽ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നതിനു് മുന്നിൽനിന്നു പ്രവർത്തിച്ചിട്ടുള്ളവരിൽ പ്രമുഖനാണ് ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ മാസ്റ്റർ. കാരമുക്ക് സർവ്വീസ് സഹകരണ ബാങ്ക്, അന്തിക്കാട് സർവ്വീസ് സഹകരണ സംഘം, തൃശൂർ താലൂക്ക് ചെത്തു തൊഴിലാളി സഹകരണ സംഘം എന്നീ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിന് മുൻനിന്ന് പ്രവർത്തിച്ച ഇദ്ദേഹം സഹകരണ സിദ്ധാന്തവും പ്രയോഗവും, സഹകരണം മറുനാട്ടിൽ എന്നീ വിഷയങ്ങളെ ആധാരമാക്കി രണ്ടു ഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഗ്രന്ഥങ്ങൾ സഹകരണ വിദ്യാഭാസത്തിനുള്ള അംഗീകൃത ഗ്രന്ഥങ്ങളാണ്. പ്രൊ. ജോസഫ് മുണ്ടശ്ശേരി എ. സി. ആർ. മേനോൻ, കരിപ്പൂര് ശങ്കരമേനോൻ, ടി. സി. ഗോപിമാസ്റ്റർ തുടങ്ങിയ പലരും അന്തിക്കാട് പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ സജീവ പങ്കു വഹിച്ചിട്ടുള്ളവരാണ്. പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം കൈത്തറി മേഖലയിലാണ് നിലവിൽ വന്നത്. മൊത്തം 8 സംഘങ്ങളാണ് നിലവിലുളളത്. കൂടാതെ പ്രവർത്തനമില്ലാതെ വെറും രേഖകളിൽ മാത്രമുള്ള ചില സംഘങ്ങളും ഉണ്ട്.

പ്രധാന സംഘങ്ങളെക്കുറിച്ച് താഴെ ചേർക്കുന്നു.

### 1. തൃശൂർ താലൂക്ക് ചെത്ത് തൊഴിലാളി വിവിധോദ്ദേശ സഹകരണ സംഘം. R4137

1957ൽ അന്നത്തെ ഗവൺമെന്റ് തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് ചെത്ത് വ്യവസായത്തെ മിനിമം വേജസ് ആക്ടിൽ ഉൾപെടുത്തുകയും വർക്ക്മെൻ, കോമ്പൻസേഷൻ നിയമം നടപ്പാക്കുകയും ചെയ്തു. ഇതിനെ തുടർന്ന് ഷാപ്പ് കോൺട്രാക്ടർമാർ ഷാപ്പ് ലേലം ബഹിഷ്കരിച്ചു. ഈ പ്രതിസന്ധി തരണം ചെയ്ത് തൊഴിലാളികളേയും വ്യവസായത്തേയും രക്ഷിക്കുന്നതിന് വേണ്ടിയാണ് ഈസംഘം നിലലിൽ വന്നത്. ഇപ്പോൾ 2 കോടിയിലേറേ പ്രവർത്തന മൂലധനമുളളതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ വിവിധോദ്ദേശ ബാങ്കിംഗ് സ്ഥാപനമാണ് ഇത്.

പ്രവർത്തനങ്ങൾ സാധാരണവായ്പ, വസ്തുപണയവായ്പ, പണ്ടംപണയപായ്പ, മറ്റു വായ്പകൾ, കുറികൾ, ന്യായമായ പലിശനിരക്കിൽ ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നു

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ക്രെഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1957 | 4059 | 22 | ക്രെഡിറ്റ് | ലാഭം | 1050000/ |

### 2 അന്തിക്കാട് പാൽവിതരണ സഹകരണസംഘം ക്ലൂ. No.R.255

ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന പാലിന് ന്യായമായവില ലഭ്യമാക്കുന്നതിനായി അന്തിക്കാട് മേഖലയിലെ ചില സാമൂഹികപ്രവർത്തകരുടെ പരിശ്രമഫലമായിട്ടാണ് ഈ സംഘം നിലവിൽ വന്നത്. വളരെ ഏളിയനിലയിൽ പ്രവർത്തം ആരംഭിച്ച സംഘത്തിന് സ്വന്തമായി 41 സെൻറ് സ്ഥലവും ഷോപ്പിംഗ് കോപ്ലക്സോടുകൂടിയ വലിയ ഇരുനില കെട്ടിടവും, പാല് കേടുകൂടാതെ സൂക്ഷിക്കുന്നതിന് ആവശ്യമായ ആധുനിക സജ്ജീകരണങ്ങളുമുണ്ട്. പാൽ സംഭരണവും വിതരണവും കൂടാതെ വിവിധതരം ക്ഷീരോൽപന്നങ്ങളും നിർമ്മിച്ച് വിപണനം നടത്തുന്നു. ഇതിനുപുറമേ ആംകോസ് എന്ന പേരിൽ കാലിത്തീറ്റ നിർമ്മിച്ച് ന്യായമായവിലക്ക് കർഷകർക്ക് നൽകി വരുന്നുണ്ട്. ഇതിനായി 16സെന്റ് സ്ഥലവും ഫാക്ടറിയും സ്വ

ന്തമായി ഉണ്ട്. ദിനം പ്രതി ഏകദേശം 3 ടൺ കാലിത്തീറ്റ ഉൽപാദിപ്പിക്കുന്നുണ്ട്.

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവന ക്കാരുടെ എണ്ണം | ക്രഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1964 | 1749 | 15 | നോൺ ക്രെഡിറ്റ് | ലാഭം | 210000/ |

## 3. 818 ാംനമ്പർ സർവീസ് സഹകരണസംഘം

അന്തിക്കാട് മേഖലയിലെ അഞ്ചു പടവുകളിലായി 1600 ൽ പരം ഏക്കർ കോൾ നിലം കേരളത്തിലെ ഒരു പ്രധാന നെൽകൃഷി പ്രദേശമാണ്. ഭൂഉടമകളിൽ നിന്നും ചെറുകിടകൃഷിക്കാർ പാട്ടത്തിനെടുത്ത് കൃഷി നടത്തിയിരുന്ന ഈ നിലങ്ങളിൽ ഭൂഉടമകളാണ് വെളളം വറ്റിച്ച് വരമ്പ് മാട്ടം നടത്തിയിരുന്നത്. ഇതിനായി സൂത്രകൂലി, മാട്ടകൂലി' എന്നി പേരുകളിൽ അക്രമ പിരിവുകൾ നടത്തിയിരുന്നു. ഭൂഉടമകളുടെ ഈ ചൂഷണത്തിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടിയാണ് 1950ൽ കൂട്ടുകൃഷി സ്ഥാപനമായി സംഘം ആരംഭിച്ചത് പീന്നിട് ബാങ്കിങ്ങ്. കുറി, പണ്ടം പണയം, വിവിധ ഇനം വായ്പകൾ എന്നീ ഇടപാടുകളുമായി ഈ സ്ഥാപനം സർവീസ്സഹകരണ സംഘമാക്കി മാറ്റി. വിപുലമായി വളം, കീടനാശിനി വിൽപ്പന കേന്ദ്രവും ഗോഡൗണും സംഘകത്തിന്റെ കീഴിലുണ്ട്. തൃശൂർ ജില്ലയിലെ ഏറ്റവും ഉയർന്ന സഹകരണ സ്ഥാപനങ്ങളിൽ ഒന്നായി സംഘം വളർന്നു. കേരള സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് സംഘം കേരള ഭൂവികസന കോർപറേഷനിൽ നിന്നും (K.L.D.C) കോൾ മേഖലയിൽ സ്ഥിരം ബണ്ടു നിർമ്മാണത്തിന്റെ ചുമതല ഏറ്റെടുത്ത് നടത്തുകയുണ്ടായി. ബണ്ടു നിർമ്മാണം പൂർത്തിയാക്കി K.L.D.C ക്ക് ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തു ഇതിന്റെ ഫലമായി കൃഷിക്കാർക്ക് ഗണ്യമായ നേട്ടം ഉണ്ടാവുകയും ചെയ്തു. എന്നാൽ ബണ്ടു നിർമ്മാണത്തിൽ സംഘത്തിന് 12 ലക്ഷം രൂപയോളം നഷ്ടം വന്നു. ഇത് മൂലം സംഘത്തിന്റെ പ്രവർത്തന മേഖലകൾ സ്തംഭനത്തിലായി. കൃഷിക്കാർക്ക് വായ്പകൾ നൽകാനോ ബാങ്കിംഗ്, കുറി, പണ്ടം പണയം തുടങ്ങിയ ഇടപാടുകൾ നടത്താനോ സംഘത്തിന് കഴിയാതായി. ഇതിന്റെ ഫലമായി ഉണ്ടായ സാമ്പത്തിക പ്രതിസന്ധിമൂലം ഇപ്പോൾ സംഘത്തിന് 40 ലക്ഷത്തിലേറെ കടബാദ്ധ്യതയുണ്ട്.

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവന ക്കാരുടെ എണ്ണം | ക്രഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1950 | 3390 | 3 | ക്രെഡിറ്റ് | ലാഭം | 2100000/ |

## 4. അന്തിക്കാട് കൈത്തറി നെയത്ത് (ഉൽപാദക വിക്രയ) സഹകരണസംഘം ക്ലിപ്തം നമ്പ്ര് 3458

കൈത്തറി നെയ്ത്ത് പ്രോൽസാഹിപ്പിച്ച് ജോലിയില്ലാത്തവർക്ക് പ്രത്യകിച്ച് സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിന് വേണ്ടിയാണ് സാമൂഹ്യപ്രവർത്തകരായ ചിലരുടെ പരിശ്രമഫലമായി ഈ സംഘം ആരംഭിച്ചത്.

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവന ക്കാരുടെ എണ്ണം | ക്രഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1954 | 69 | 2 | നോൺ ക്രെഡിറ്റ് | ലാഭം | 2,04939/ |

## 5.അന്തിക്കാട് ബ്ലോക്ക് ഹൗസിംഗ് സഹകരണസംഘം ക്ലിപ്തം നമ്പ്ര് R.687

അന്തിക്കാട് ചാഴൂർ, താന്ന്യം, മണലൂർ എന്നീ നാലുപഞ്ചായത്തുകളിലെ ജനങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി 1980ൽ ആണ് സംഘം രൂപീകരിച്ചത് സംഘത്തിന്റെ പ്രവർത്തനം കൂടുതൽ കേന്ദ്രീകരിച്ചിരിക്കുന്നത് അന്തിക്കാട് പഞ്ചായത്തിലാണ്. ഇതുവരെ 253 പേർക്ക് വായ്പ നൽകിയിട്ടുണ്ട്.

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ക്രഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1980 | 871 | 2 | നോൺ ക്രെഡിറ്റ് | ലാഭം | 4100000/ |

## പ്രവർത്തനങ്ങൾ

1. പുതിയ വീടുണ്ടാക്കുന്നതിനും റിപ്പയറിംഗിനും വായ്പകൾ
2. കുട്ടിപണിയുന്നതിനും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വായ്പകൊടുക്കുന്നു.
3. സിമന്റു വ്യാപാരം

## 6. അന്തിക്കാട് പഞ്ചായത്ത് വനിതാ ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി LTD R 231

പഞ്ചായത്തിലെ വനിതകൾക്ക് തൊഴിവലസരങ്ങൾ നൽകുന്നതിനുവേണ്ടി. 1976ലാണ് സംഘം രൂപീകരിച്ചത്. സംഘത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ മെഴുകുതിരി, സോപ്പ്, ചന്ദനത്തിരി, എന്നിവയുടെ നിർമ്മാണം പലവ്യജ്ഞന പൊടികൾ ഉണ്ടാക്കി വിൽപന, പ്ലാസ്റ്റിക്ക് കൊട്ടനെയ്ത്ത്, ഗാർമെന്റ്സ് നിർമ്മാണം, വിവിധതരം പലഹാരങ്ങൾ ഓർഡർ അനുസരിച്ച് ഉണ്ടാക്കികൊടുക്കൽ. മൊത്തം 25 വനിതകൾ ജോലി ചെയ്യുന്നുണ്ട്

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ക്രഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1976 | 85 | 25 | നോൺ ക്രെഡിറ്റ് | ലാഭം | 41300/ |

## 7. കരിക്കൊടി കയർ വ്യവസായ സഹകരണസംഘം നമ്പർ 485

അന്തിക്കാട് മണലൂർ പഞ്ചായത്തുകളിലെ പുഴയോര പ്രദേശങ്ങളിൽ തൊണ്ടു വ്യവസായം ഏതാനും മുതലാളിമാരുടെ കുത്തകയായിട്ടാണു നടന്നു വന്നിരുന്നത്. ജോലിസ്ഥിരത കൂലി എന്നിവ പരിപൂർണ്ണമായും മുതലാളിമാരുടെ താൽപര്യമനുസരിച്ചാണ് നിലനിന്നിരുന്നത് ഈ ചൂഷണങ്ങൾക്കെതിരേ ശക്തിയായ സമരങ്ങൾ നടന്നിട്ടുണ്ട്. തൊഴിലാളികളെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും ജോലിയും കൂലിയും സംരക്ഷിക്കുന്നതിനുവേണ്ടി ട്രെയ്ഡ് യൂണിയൻ നേതാക്കൾ തന്നെ മുൻകൈ എടുത്തുകൊണ്ടാണ് ഈ സംഘം രൂപീകരിച്ചത്.

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ക്രഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1965 | 305 | 1 | നോൺ ക്രെഡിറ്റ് | ലാഭം | 500,000/ |

## 8. കാരമുക്ക് സർവീസ് സഹകരണബാങ്ക് നമ്പർ 16

മണലൂർ പഞ്ചായത്തും അന്തിക്കാട് പഞ്ചായത്തിലെ ഒന്നാം വാർഡിലെ ഭൂരിഭാഗം പ്രദേശവും 9,10 എന്നീ വാർഡുകളുടെ ചില ഭാഗവും ഉൾപ്പെട്ടതാണ് പ്രവർത്തന പരിധി. ആകെ മെമ്പർമാരുടെ 5ൽ ഒരു ഭാഗം മാത്രമാണ് അന്തിക്കാട് പഞ്ചായത്തിൽ ഉള്ളത്. കൊച്ചി രാജ്യത്ത് സഹകരണ വകുപ്പിന് നിയമനിർമ്മാണം ഉണ്ടായ കാലത്ത് 1091 തുലാം 15 ന് (1916) സാമൂഹ്യ പ്രവർത്തകരായിരുന്ന ശ്രീ സി. വി. കുഞ്ഞയ്യപ്പൻ മുതൽ 10 പേരുടെ അപേക്ഷ അനുസരിച്ച് കാരമുക്ക് ഈഴവ പരസ്പര സംഘമെന്ന പേരിൽ രജിസ്റ്റർ ചെയ്തു. 1950ൽ ജാതി സംഘങ്ങൾക്ക് വിലക്ക് കൽപ്പിക്കുന്ന ഗവൺമെന്റ് നയം നടപ്പിലായപ്പോൾ ഈഴവ വിശേഷണം എടുത്തുമാറ്റി 29.4.1961 ൽ 160ാം നമ്പർ കാരമുക്ക് പരസ്പര സഹായ സംഘമായി പ്രവർത്തിക്കുകയും ചെയ്തു. 1976ൽ സംഘം സഹകരണ ബാങ്കായി ഉയർന്നു. 39415605 പ്രവർത്തന മൂലധനവും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സഹകരണസ്ഥാപനമാണിത്.

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ക്രെഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1916 | 9280 | 15 | ക്രെഡിറ്റ് | ലാഭം | 2100000/ |

## പ്രശ്നങ്ങളും സാദ്ധ്യതകളും

1. അന്തിക്കാട് പഞ്ചായത്തിലെ സാധാരണക്കാർക്കും കൃഷിക്കാർക്കും വായ്പാസൗകര്യങ്ങൾ ലഭിക്കുന്നതിന് അനുയോജ്യമായ വിധത്തിൽ പൊതുവായ സേവന അഭാവമുണ്ട്. 818 ാം നമ്പർ അന്തികാട് സർവ്വീസ് സഹകരണ സംഘത്തിന്റെ സാമ്പത്തിക പ്രതിസന്ധിയാണ് പ്രധാന കാരണം.
2. പഞ്ചായത്തിലുൾപ്പെട്ട 1,2,9,10 എന്നീ വാർഡുകൾ പൂർണ്ണമായും പതിനാറാം നമ്പർ കാരമുക്ക് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തുകയും ബാങ്കിന്റെ ഒരു ബ്രാഞ്ച് പടിയം മേഖലയിൽ ആരംഭിക്കുകയും ചെയ്യണം.
3. അന്തിക്കാട് സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ (818) പുനർജ്ജീവിപ്പിക്കുന്നതിനായിട്ടുള്ള നിർദ്ദേശങ്ങൾ.

   a. ജില്ലാ ബാങ്കിന് സംഘം നൽകാനുള്ള കട ബാദ്ധ്യതകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണം.

   b. സംഘത്തിന് ജില്ലാ ബാങ്ക് നൽകിയിരുന്ന വളം കീടനാശിനി ബിസിനസ്സ്, പണ്ടം പണയം, കൃഷിക്കാർക്കും മറ്റു വിഭാഗങ്ങൾക്കുമുള്ള വായ്പകളെന്നിവയ്ക്കുള്ള ഓവർ ഡ്രാഫ്റ്റ് സൗകര്യങ്ങൾ പുനസ്ഥാപിക്കണം.

   c. സംഘത്തിന് പഴയ മാട്ട വരമ്പിന്റെ വിലയായി ഗവർമെന്റിൽനിന്നും ലഭിക്കാനുള്ള 9 ലക്ഷത്തോളം രൂപ കിട്ടാനാവശ്യമായ നടപടികൾ ഉണ്ടാകണം.

   d. കൊപ്ര, നെല്ല് എന്നിവ സംഭരിച്ച് സംസ്ക്കരിക്കാനും വിപണനം ചെയ്യാനുമുള്ള സൗകര്യം സഹകരണ സംഘം വഴി ഉണ്ടാകണം.
4. അന്തിക്കാട് കൈത്തറി സംഘത്തിന്റെ കീഴിൽ തുണിയുൽപ്പാദനം വർദ്ധിപ്പിക്കാൻ സ്ത്രീകൾക്ക് പരിശീലനം നൽകാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കണം.
5. ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്നും വായ്പ ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കാല താമസം ഒഴിവാക്കാനുള്ള നടപടികൾ ഉണ്ടാകണം.
6. കേരോൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും, സംസ്ക്കരിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും വേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ സംഘം രൂപീകരിക്കണം.
7. വനിതാസഹകരണസംഘത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യണം.
8. കൺസ്യൂമർ സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യണം.
9. അന്തിക്കാട് പാൽ വിതരണ സഹകരണ സംഘത്തിൽ മിച്ചം വരുന്ന പാൽ പാൽപൊടിയാക്കി വിതരണം ചെയ്യാനുള്ള ഏർപ്പാടുണ്ടാക്കണം.
10. പഞ്ചായത്തടിസ്ഥാനത്തിൽ കോഴിവളർത്തലിനുള്ള സഹകരണ സംഘം രൂപീകരിക്കണം.
11. നിർജ്ജീവമായി കിടക്കുന്ന എല്ലാ സഹ

കരണ സംഘങ്ങളും പുനരുജ്ജീവിപ്പിക്കണം.

12. സഹകരണ ബോധവും വിജ്ഞാനവും ലഭ്യമാക്കുന്നതിനുവേണ്ടി സഹകരണ വിദ്യഭ്യാസ ക്ലാസുകൾ, ജില്ലാ സർക്കിൾ സഹകരണ യൂണിയൻ വഴി നടപ്പാക്കാനുളള നടപടിയുണ്ടാകണം.

13. ചെത്തു തൊഴിലാളി സഹകരണ സംഘത്തിൽനിന്നും ന്യായമായ പലിശക്ക് വായ്പ ലഭിക്കാനുളള സൗകര്യങ്ങൾ വിപുലപ്പെടുത്തണം.

14. വേനൽക്കാലത്തും വർഷക്കാലത്തും ഉണ്ടാകുന്ന മുഴുവൻ പാലും സഹകരണ സംഘം സംഭരിക്കാനും പാലുൽപാദകർക്ക് ന്യായമായ വില കിട്ടാനും ശ്രമിക്കണം.

15. 8180ം നമ്പർ സഹകരണ സംഘം പുനരുജ്ജീവിപ്പിക്കാൻ കഴിയാത്ത പക്ഷം ഒരു പുതിയ കർഷക ബാങ്ക് ഉണ്ടാക്കാൻ ശ്രമിക്കണം.

# പട്ടികജാതി പട്ടികവർഗ്ഗം

നൂറ്റാണ്ടുകളായി അടിമത്ത്വത്തിൽ കിടന്നിരുന്ന അവർണ്ണരിൽ ഏറ്റവും താഴെ പടിയിൽ പെട്ടവരാണ് ഇവിടത്തെ പട്ടികജാതിക്കാർ. ഇവരിൽ പ്രധാനമായും പഞ്ചായത്തിൽ ഉണ്ടായിരുന്നവർ താഴെപറയുന്നവരാണ് വേട്ടുവർ, പുലയർ, പറയർ, കണക്കർ, കാക്കാലൻ, നായാടി, പാണൻ, മണ്ണാൻ 1991ലെ സെൻസസ്സ് പ്രകാരം പഞ്ചായത്തിൽ ഉള്ളവരുടെ എണ്ണം 2337 ആണള്ള ഇത് ഇവിടുത്തെ ജനസംഖ്യയുടെ 8%ത്തോളം വരുന്നു.

ഇവർക്ക് ആദ്യകാലം മുതൽ സ്വന്തമായി ഭൂമിയോ, പുരയോ അടുത്തകാലം വരെ ഉണ്ടായിരുന്നില്ല. എല്ലാവരും മറ്റു സമുദായക്കാരുടെ പറമ്പിൽ കുടികിടപ്പുകാരായിരുന്നു. ഇവർ ഓരോ വിഭാഗക്കാരും പ്രത്യേകം പ്രത്യേകം തൊഴിലിൽ ഏർപ്പെട്ടാണ് ഉപജീവനം നടത്തിയിരുന്നത്. ഇവരിൽ വേട്ടുവരും പുലയരും പറമ്പിലേയും നെൽപാടത്തേയും കാർഷിക വൃത്തികളിൽ ഏർപ്പെട്ടിരുന്നു. കൂടാതെ പല വീടുകളിലും വീട്ടുപണിക്കും കന്നുകാലി മേയ്ക്കുന്നതിനും മറ്റു മാസ ശമ്പളക്കാരായും ഇവർ ജോലി ചെയ്തിരുന്നു. കാർഷിക പണികൾ ഇല്ലാത്തത് പ്രത്യേകിച്ചും പഞ്ഞ മാസങ്ങളായ മിഥുനം കർക്കിടകത്തിൽ, പായ, വട്ടി എന്നിവ നെയ്താണ് ഉപജീവനം കഴിച്ചിരുന്നത്. ഇതിൽനിന്നെല്ലാം കിട്ടുന്ന വരുമാനം വളരെ തുച്ഛമായിരുന്നു. അതുകൊണ്ട് ദിവസത്തിൽ ഒരിക്കൽ തന്നെ അടുപ്പിൽ പുക കാണുന്നത് വളരെ വിരളമായിരുന്നു. പറയ സമുദായത്തിൽ പെട്ടവരുടെ മുഖ്യ തൊഴിൽ മുളകൊണ്ട് മുറം, കുട്ട, തൊട്ടി, കൊമ്പോറം, കയിൽകൊട്ട എന്നിവ ഉണ്ടാക്കി വീടുകളിൽ കൊണ്ടുപോയി വിൽക്കലായിരുന്നു തൊഴിൽ. അന്ന് ഈ പ്രദേശങ്ങളിലെ എല്ലാ വീടുകളിലും ഈ ഗൃഹോപകരണങ്ങൾ ഉപയോഗിച്ചിരുന്നു. ഇന്ന് ഇതിന്റെ ഉപയോഗം വളരെ കുറഞ്ഞിട്ടുണ്ട്. അന്ന് ഇവർക്ക് സ്വന്തമായി വസ്ത്രം വാങ്ങാൻപോലും കഴിവില്ലായിരുന്നു. ഓരോ വീട്ടിൽ നിന്നും കിട്ടുന്ന പഴയ വസ്ത്രങ്ങളാണ് മിക്കവരും ധരിച്ചിരുന്നത്. പറയർ ഉത്സവങ്ങളോടനുബന്ധിച്ച് കളികളായ കണ്ടനും കാളിയും മൂക്കൻചാത്തൻ തുടങ്ങിയ നാടൻ കലാപരിപാടികൾ അവരുടെ ആവശ്യമായിരുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റത്തുള്ള കനോലികനാൽ തീരത്താണ് ഇവർ താമസിച്ചിരുന്നത്. ഇവരുടെ പ്രധാന തൊഴിൽ വഞ്ചി കുത്തലായിരുന്നു. അന്ന് ജലഗതാഗതം വളരെ കൂടുതലായിരുന്നത് കൊണ്ട് ഇവർക്ക് സാമാന്യം ഭേദപ്പെട്ട വരുമാനം ഉണ്ടായിരുന്നു.

കാക്കാലന്മാരുടെ തൊഴിൽ റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉണ്ടാക്കി വീടുകൾ തോറും നടന്ന് വില്പന നടത്തലായിരുന്നു. ഇവരുടെ സ്ത്രീകൾ കൈനോക്കി ഫലം പറയലും, തത്തകളെകൊണ്ട് ശീട്ട് എടുപ്പിച്ച് ഫലം പറച്ചിലും നടത്തി ജീവിച്ചിരുന്നു.

നായാടി വിഭാഗമാണ് ചകിരി ഞാരുകൊണ്ട് മാടുകൾക്കുള്ള കയർ, വട്ടകയർ, വീടുകളിൽ ഉപയോഗിച്ചിരുന്ന ഉറി മുതലായവ ഉണ്ടാക്കി ഉപജീവനം നടത്തിയിരുന്നത്.

ഒരോ ദേശത്തിനും പ്രത്യേകം പ്രത്യേകം പാണകുടുംബങ്ങൾ ഉണ്ടായിരുന്നു. അവരുടെ പ്രത്യേകതൊഴിൽ പൂരങ്ങൾക്കും കല്ല്യാണങ്ങൾക്കുമുള്ള ചെണ്ടകൊട്ട്, തകിലകൊട്ട്, നാദസ്വര വായന എന്നിവയായിരുന്നു. കൂടാതെ പഞ്ഞമാസങ്ങളിൽ കുറത്തികളി, മയുംപാട്ട് തുടങ്ങിയവ എല്ലാ വീടുകളിലും നടത്തിവന്നത് അവരുടെ അവകാശവും അവരുടെ വരുമാന മാർഗ്ഗവുമായിരുന്നു.

മണ്ണാൻമാരുടെ പ്രധാന തൊഴിൽ തുണിയലക്കായിരുന്നു. കൂടാതെ ഉത്സവങ്ങൾക്കുള്ള ചെണ്ടകൊട്ടലിലും ഇവർ ഏർപെട്ടിരുന്നു. പല വീടുകളിലെ അമ്പലങ്ങളിൽ കളമെഴുത്തുപാട്ടും, തിറ ഉത്സവങ്ങളും നടത്തുന്നത് ഇവരുടെ നേതൃത്വത്തിലാണ്. പഞ്ഞമാസങ്ങളിൽ വീടുവീടാന്തരം നടന്ന്

നന്തുണിയും ഉടുക്കും കൊട്ടിപാടി ജീവസന്ധാരണം നടത്തിയുരുന്നു. ഇവരിൽ നല്ല നാട്ടുവൈദ്യൻമാരുണ്ടായിരുന്നു.

ഇവർ പൊതുവേ വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും സാമ്പത്തികമായും ഏറ്റവും പിന്നിലായിരുന്നു. ഇവരെല്ലാവരും തന്നെ തൊട്ടുകൂടാത്തവരും തീണ്ടികൂടാത്തവരുമായ അയിത്ത ജാതിയിൽ പെട്ടവരായിരുന്നു. അടുത്തകാലത്ത് സർക്കാർതന്നെ വിദ്യാഭ്യാസത്തിനുളള പല ആനുകൂല്യങ്ങളും കൊടുത്തിരുന്നു എങ്കിലും അത് ഫലവത്തായി ഉപയോഗപ്പെടുത്തിയിരുന്നില്ല. പഞ്ചായത്തു തലത്തിൽ നോക്കിയാൽ ഇവർ വളരെ പിന്നിലാണ്. ഉന്നത വിദ്യാഭ്യാസം നേടിയവർ ഇന്നും വിരളമാണ്. ഇവരിൽ മുതിർന്നവർ കൂലിപണിക്കുപോകുന്നത് കൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിലും മറ്റും ശ്രദ്ധിക്കുവാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ഈ കുടുംബ സമ്പ്രദായം പൊതുവേ ഇവരുടെയിടയിൽ നിലനിന്നിരുന്നില്ല. അതുകൊണ്ട് മാതാപിതാക്കൾ ജോലിക്ക് പോയാൽ ഇളയകുട്ടികളെ നോക്കേണ്ട ചുമതല മൂത്തവർക്കായിരുന്നു. ഇവർക്ക് പൊതുകിണറുകളിൽ നിന്നോ സ്വകാര്യ വ്യക്തികളുടെ കിണറുകളിൽ നിന്നോ വെളളം കോരിയടുക്കുന്നതിന് അനുവാദമില്ലായിരുന്നു. സന്ധ്യയോടുകൂടി മാതാപിതാക്കൾ മടങ്ങിവരുന്നതിന് മുമ്പ് വെളളം കൊണ്ടുവന്ന് ഭക്ഷണം പാകം ചെയ്യേണ്ട ചുമതല മുതിർന്ന കുട്ടികൾക്കായിരുന്നു. ഈ വക കാര്യങ്ങളാണ് ഇവരുടെ വിദ്യാഭ്യാസത്തിന് തടസ്സം നിന്നിരുന്നത്. പഞ്ചായത്തിൽ വന്നിട്ടുള്ള സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെയും, രാഷ്ട്രീയസംഘടനകളുടേയും പ്രർത്തനഫലമായും ഭൂപരിഷ്ക്കരണം നടപടികൾ നടപ്പിലാക്കിയതിനാലും സംസ്ഥാനത്ത് മൊത്തത്തിലും അന്തിക്കാട് പഞ്ചായത്തിൽ പ്രത്യേകിച്ചും ഉണ്ടായിട്ടുള്ള രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രബുദ്ധതയുടേയും സാമ്പത്തിക മാറ്റങ്ങളുടേയും ഫലമായി പട്ടികജാതി ജനവിഭാഗങ്ങളുടെ ജീവിതത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. എങ്കിലും സമൂഹത്തിലെ മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് ഈ വിഭാഗം ഇപ്പോഴും താരതമ്യേന പിന്നോക്കാവസ്ഥയിൽ തന്നെയാണ്.

കേന്ദ്ര കേരള സർക്കാരുടെയും പട്ടികജാതിക്കാരുടെയും ഉന്നമനത്തിനായി പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ഉദാഹരണമായി ജെ. ആർ. വൈ. പദ്ധതിയിൽ ചില വാക്കുന്ന മൊത്തം തുകയുടെ 15% പട്ടിക ജാതി ക്ഷേമത്തിനായി നീക്കിവെക്കണമെന്നാണ് വ്യവസ്ഥ. കൂടാതെ പട്ടികജാതിക്കാർക്ക് മാത്രമായി പ്രത്യേക പറയത്തക്ക ഘടക പദ്ധതികളുമുണ്ട്. പട്ടികജാതിക്കാരുടെ സർവ്വതോന്മുഖ ഉന്നമന്നത്തിന് വേണ്ടി പട്ടിക ജാതി വികസന കോർപ്പറേഷനും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ബ്ലോക്കു തലത്തിൽ ഇവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ഇന്ദിരാ ആവാസ് യോജന പദ്ധതിയും നിലവിലുണ്ട്. സ്വന്തമായി 2 സെന്റ് ഭൂമിയുള്ള എല്ലാ കുടുംബങ്ങൾക്കും വീട് പണിയുവാൻ ധനസഹായം ലഭിക്കുന്നുണ്ട്.

അന്തിക്കാട് പഞ്ചായത്തിൽ ഒരു ഹരിജൻ കോളനി മാത്രമാണുള്ളത്. അവിടെ മണ്ണു സംരക്ഷണത്തിന് നടപ്പിലാക്കിയ പദ്ധതിയുടെ വിവരം കാണിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നത്.

പദ്ധതിയുടെ പേര് പദ്ധതി പ്രദേശ വിസ്ത്തീർണ്ണം, പദ്ധതി പ്രദേശത്തെ നീർചാലുകളുടെ നീളം, അടങ്കൽ തുക, മൊത്തം ഗുണഭോക്താക്കൾ ആരംഭിച്ച വർഷം, പൂർത്തിയാക്കിയ വർഷം, സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്ത്തീർണ്ണം, പ്രയോജനം ലഭിച്ച ഗുണഭോക്ക്താക്കൾ, ചിലവായ തുക

1 എച്ച്. ഡി. പി. കല്ലിട്ട വഴി ഹരിജൻ കോളനി 2.5257 ഹെക്ടർ

398000രൂപ 45 6.1.93 26.3.93 2 . 2 2

ഹെക്ടർ 43 348477രൂപ

ഇതു കൂടാതെ കൃഷിഭവൻ മുഖാന്തിരം ഇവർക്ക് ധാന്യ സംഭരണി, സ്പ്രേയർ, കാർഷികോപകരണങ്ങൾ, നടീൽ വസ്തുക്കൾ, തെങ്ങിൻ തൈകൾ എന്നിവ സൗജ

ന്യമായി നൽകിയിരുന്നു. കിണർ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.

പ്രശ്നങ്ങൾ

1. എല്ലാവർക്കും വീടില്ല.
2. എല്ലായിടത്തും കുടിവെള്ളമില്ല.
3. എല്ലാവർക്കും കക്കൂസ് ഇല്ല.
4. വയറിംഗ് കഴിച്ച വീടുകൾക്ക് ഇനിയും വൈദ്യുതി ലഭിച്ചിട്ടില്ല.
5. കോളനികളിലേക്ക് റോഡില്ല.
6. കാലാകാലങ്ങളിൽ പുര അറ്റകുറ്റ പണികൾ നടത്താൻ സാമ്പത്തിക ശേഷിയില്ല.
7. വിദ്യാഭ്യാസം കുറവാണ്.
8. സ്ഥിരമായ തൊഴിലോ വരുമാനമോ ഇല്ല.

നിർദ്ദേശങ്ങൾ

1. വീടില്ലാത്ത എല്ലാ പട്ടികജാതിക്കാർക്കും വീടുണ്ടാക്കി കൊടുക്കുക. കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവയ്ക്ക് മുൻഗണന നൽകുക.
2. പട്ടികജാതിക്കാർക്ക് ഒരു സഹകരണ സംഘം ബ്ലോക്കുതലത്തിൽ രൂപീകരിച്ച് തൊഴിൽ ഇല്ലാത്തവർക്ക് തൊഴിൽ നൽകുക.
3. പട്ടകജാതിക്കാർ താമസിക്കുന്ന കോളനികളിൽ ടി. വി. സെറ്റ് സ്ഥാപിക്കുക.
4. ജലധാരാ പദ്ധതിപ്രകാരം എല്ലാ കോളനികളിലും കുടി വെള്ളത്തിന്റെ പൈപ്പ് ലൈൻ സ്ഥാപിക്കുക.
5. റോഡില്ലാത്ത കോളനികളിലേക്ക് റോഡ് എത്തിക്കുക.
6. പട്ടയം ലഭിക്കാത്ത കോളനി നിവാസികൾക്ക് പട്ടയം നൽകുക.
7. അവശ വിഭാഗത്തിൽ പെടുന്നവരുടെ പെൻഷൻ കിട്ടാനുള്ള നടപടി സ്വീകരിക്കുക.
8. ഓടില്ലാത്ത വീടുകൾക്ക് ഓടിടുവാൻ സാമ്പത്തിക സഹായം നൽകുക.
9. പട്ടികജാതി കുട്ടികൾക്ക് പഠനോപകരണങ്ങൾ സ്ക്കൂൾ തലത്തിൽ നൽകുക.
10. പട്ടികജാതി സ്ത്രീകൾക്ക് മുളകൊണ്ടും ഈറ്റകൊണ്ടും ഉള്ള നെയ്തു പണി, തയ്യൽ പണി, വീടു നിർമ്മാണത്തിനാവശ്യമുള്ള കട്ടിള ജനൽ മറ്റലങ്കാര വസ്തുക്കൾ വാർക്കുന്നതിന് ലോൺ അനുവദിക്കുക.
11. പന്തൽ പണി, കിണർ പണി, കൊപ്ര വെട്ട്, വാർക്കസെറ്റ് എന്നീ പണികൾക്കാവശ്യമുള്ള തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് സഹായം നൽകുക.
12. പട്ടികജാതി കോളനികളിൽ ഒരു ലൈബ്രറി ഉണ്ടാക്കുക.
13. ആരോഗ്യ പരിപാലനത്തിന് കോളനികളിൽ ഒരു ഡോക്ടറുടെ സേവനം ഇടയ്ക്കിടയ്ക്ക് ലഭ്യമാക്കുക.
14. അകായ് കോളനിയിൽ അർഹതയില്ലാത്തവർക്ക് നൽകിയ മിച്ചഭൂമി വീണ്ടെടുത്ത് അർഹതയുള്ളവർക്ക് കൊടുക്കുക.
15. ഗൾഫ് രാജ്യങ്ങളിൽ പോകുന്നതിന് സാമ്പത്തിക സഹായം നൽകുക.
16. എല്ലാ വർഷവും ഓരോ വാർഡിൽ നിന്ന് 5 പേരെ വീതം എടുത്ത് സാങ്കേതിക പരിശീലനം നൽകുക.
17. പഞ്ചായത്തിൽ 10 സെന്റ് ഭൂമിയുള്ള പട്ടികജാതിക്കാർക്ക് കിണർ കുഴിക്കാൻ സഹായം നൽകുക.
18. പഞ്ചായത്തിലെ എല്ലാ പട്ടിക ജാതി കുടുംബങ്ങളേയും സാമൂഹ്യമായും സാമ്പത്തികമായും ഉയർത്തുന്നതിന് ഒരു വികസന കേന്ദ്രം സ്ഥാപിക്കുക.
19. കോളനികളിൽ മണ്ണൊലിപ്പു തടയുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.
20. ഭൂമി ഇല്ലാത്തവർക്ക് 4 സെന്റ് ഭൂമി വാങ്ങിക്കൊടുത്ത് പാർപ്പിട പ്രശ്നം പരിഹരിക്കുക.
21. എല്ലാ വാർഡിലും പട്ടികജാതി കുടുംബങ്ങൾ 5ൽ കൂടുതലുള്ള കോളനികൾ അംഗീകൃത ഹരിജൻ കോളനിയാക്കണം.
22. പട്ടികജാതിക്കാരുടെ എല്ലാ വീടുകളും വൈദ്യുതീകരിക്കണം.
23. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിയമനം നടത്തുമ്പോൾ പട്ടികജാതിക്കാരുടെ പ്രാധിനിത്യം ഉറപ്പു വരുത്തുക.

# വിഭവസമാഹരണം

എല്ലാ വികസന പ്രവർത്തനങ്ങളുടേയും ഒരു പ്രധാന വിഭവം പണമാണല്ലോ. എന്തു ചെയ്യുന്നതിനു മുമ്പായി അതിന്റെ സമ്പത്തിക വശം പരമപ്രധാനമായി അന്വേഷിക്കണം. അന്തിക്കാടിനെ സംബന്ധിച്ച് മറ്റൊരു പ്രധാന വിഭവം ഇവിടത്തെ ജനശക്തിയാണ്. ഈ രണ്ടു വിഭവങ്ങളെ കുറിച്ചുള്ള അന്വേഷണത്തിൽ നിന്നുവേണം വികസന പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത്. ഇതൊരു ദരിദ്ര പഞ്ചായത്താണ്. പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിൽ ഭൂരിഭാഗം വീട്ടു നികുതിയിൽ നിന്നും കിട്ടുന്നതാണ് തൊഴിൽ നികുതിയും, ലൈസൻസ് ഫീസ്, പഞ്ചായത്തിൻറ കൈവശമുള്ള ഫലവൃക്ഷങ്ങളുടെ വിളവ്, പുതുകുളങ്ങളിലെ മത്സ്യം ലേലം ചെയ്തു കിട്ടുന്ന പണം, കാലാകലങ്ങളിൽ സർക്കാരിൽനിന്നും ലഭിക്കുന്ന ഗ്രാന്റ് എന്നിവയാണ് മറ്റു വരുമാനങ്ങൾ. ഓരോ വർഷവും മൊത്തം വരുമാനത്തിന്റെ 6% വർദ്ധനവ് മാത്രമാണ് ഉള്ളത്. ഒന്നാം ഗ്രേഡിലാണ് അന്തിക്കാട് പഞ്ചായത്ത് പെടുന്നത്. കെട്ടിടനികുതി മൊത്തം വരുമാനത്തിന്റെ 20.16% വരും പഞ്ചായത്തിന്റെ മൊത്തതിലുള്ള വികസന പ്രവർത്തനത്തിന് സർക്കാരിന്റെ ഗ്രാൻറുകളാണ് പ്രധാനമായും ആശ്രയിക്കുന്നത്. 55.48% പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ മൂന്നു ബാങ്കുകൾ ചെത്തുതൊഴിലാളി സഹകരണ സംഘം. 10 ചിട്ടികമ്പിനികൾ എന്നിവയാണ്. ഗൾഫ്നാടുകളിൽ നിന്നുമുള്ള വരുമാനമാണ് മറ്റൊരു പ്രധാന വരുമാന ശ്രോതസ്സ്. 5.14 സ്ക്വയർ മെയിൻ കെട്ടിടങ്ങൾക്ക് ഉപോഗിച്ചു കഴിഞ്ഞു വരുന്ന ഭൂമിയിൽ തെങ്ങുകൃഷിയും നെൽകൃഷിയുമാണ് നടത്തിവരുന്നത്. കൃഷിഭൂമിയിൽ നിന്നും കിട്ടുന്ന നാളികേരം, നെല്ല് എന്നിവയും, പൊതുകുളങ്ങൾ, സ്വാകാര്യ കുളങ്ങൾ കനോലികനാൽ, കോൾനിലങ്ങൾ ഇവയെല്ലാം നമ്മുടെ സമ്പത്താണ്.

പഞ്ചായത്തിൽ 3 മീറ്റർ മഴയാണ് ലഭിക്കുന്നത്. അതിൽ ഭൂരിഭാഗവും കനോലി കനാൽ വഴി അറബികടലിലേക്ക് ഒഴുകി പോകുന്നു. ഈ വെള്ളം കെട്ടിനിർത്തി വേനൽകാലത്ത് പമ്പ് ചെയ്ത് ഉൾനാടൻ കുളങ്ങളും നിലങ്ങളും (27 ഹെക്ടർ) നിറച്ചാൽ അതു കൃഷിക്കും കുടിവെള്ളത്തിനും, മത്സ്യം വളർത്തുന്നതിനും ഒരു പരിധിവരെ ഉപയോഗപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിലെ പ്രധാന വിഭവങ്ങളിൽ ഒന്ന് മാനുഷികശേഷിയാണല്ലോ. സ്ഥിരമായ തൊഴിലില്ലാത്ത അഭ്യസ്ത വിദ്യരും അല്ലാത്തവരുമായി ധാരാളം പേരുണ്ട്. ഇവരുടെ സേവനം വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കപ്പെടണം.

**പ്രശ്നങ്ങൾ**

1. മറ്റു പഞ്ചായത്തുകളെപോലെ വിനോദ നികുതി കിട്ടുന്നതിന് ആവശ്യമായ സ്രോതസ്സുകൾ ഇല്ല.
2. പഞ്ചായത്തിന്റെ കീഴിലുള്ള സ്വത്തുക്കളുടെ കൃത്യമായ കണക്കുണ്ടാക്കണം. അവയുടെ സംരക്ഷണവും ഉണ്ടാക്കണം.
3. പഞ്ചായത്തിന്റെ കീഴിലുള്ള ചില സ്വത്തുക്കൾ സ്വാകാര്യ വ്യക്തികളുടെ അധീനത്തിലാണ്.
4. പഞ്ചായത്ത് അതിർത്തിയിലുള്ള ചില കച്ചവട സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.
5. സ്ട്രീറ്റ് ലൈറ്റുകൾ കത്തിയാലും കത്തിയില്ലെങ്കിലും പഞ്ചായത്ത് നിശ്ചിത തുക ഇലട്രിസിറ്റി ബോർഡിന് കൊടുക്കേണ്ടി വരുന്നു. ഇതുമൂലം വലിയൊരു തുക നഷ്ടമാകുന്നു.
6. മഴവെള്ളം ഉപയോഗശൂന്യമായി കടലിലേക്ക് ഒഴുകി പോകുന്നു.
7. ചകിരി, ഓല. ഇവ ഗാർഹിക ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കപ്പെടുന്നു.
8. കൃഷിയോഗ്യമായ ഭൂമി തരിശിടുന്നു.

9. പഞ്ചായത്തിലെ യുവജനങ്ങളുടെ അത്യ ധ്വാന ശേഷി ഉപയോഗിക്കപ്പെടുന്നില്ല.

നിർദ്ദേശങ്ങൾ

1. കമ്മ്യൂണിറ്റി ഇറിഗേഷൻ പഞ്ചായത്ത് ഏറ്റെടുത്തത് അതിന്റെ ഗുണഭോക്താക്കളിൽ നിന്ന് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ജല നികുതി പിരിക്കുക.
2. പഞ്ചായത്തതിർത്തിയിലുള്ള കനോലികനാലിന്റെ രണ്ടു കടവു (മുറ്റിച്ചൂർ, പുലാം പുഴ) കളുടെ കടത്തു കൂലിയിൽ നിന്ന് പകുതി പഞ്ചായത്തിന് ലഭ്യമാക്കണം. (ലേലത്തുകയുടെ)
3 .കനോലി കനാലിലെ മണ്ണുവരാൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നതുമൂലം നമ്മുടെ കായൽ വിഭവങ്ങൾ ശോഷിച്ചുകൊണ്ടിരിക്കുന്നു. മണ്ണുവാരൽ കർക്കശമായി നിരോധിക്കണം.
4. പൊതുകുളങ്ങൾ സംരക്ഷിക്കുകയും അവ ശാസ്ത്രീയമായി മത്സ്യ കൃഷിക്ക് പാട്ടത്തിന് കൊടുക്കുക
5. പഞ്ചായത്തിലെ മൊത്തം സ്ഥലത്തെ കുറിച്ച് റിസർവേ എത്രയും പെട്ടെന്ന് നടത്തണം.
6. പഞ്ചായത്തിലുള്ള എല്ലാ കച്ചവട വ്യാപാര സേവന തൊഴിൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസും തൊഴിൽ കരവും ഈടാക്കണം.
7. 5ലക്ഷം രൂപയിൽ കൂടുതൽ നിർമ്മാണ ചിലവ് വരുന്ന പുതിയ വീടുകൾക്ക് നിലവിലുള്ള നികുതിയുടെ പുറമെ സൂപ്പർ ടാക്സ് ഏർപ്പെടുത്തണം.
8. ഇപ്പോൾ പിരിക്കുന്ന നികുതികൾ തന്നെ കാര്യക്ഷമമായി പിരിക്കുക.
9. കൃഷിയോഗ്യമായ ഭൂമി തരിശിടുകയാണെങ്കിൽ പിഴ ഏർപ്പെടുത്തണം.
10. സ്ട്രീറ്റ് ലൈറ്റുകളിൽ ഉപയോഗിക്കുന്ന വൈദ്യുതി അളക്കുന്നതിന് മീറ്റർ സംവിധാനം ഉണ്ടാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് നൽകുന്നതിന് ആവശ്യമായ നടപടി ഉണ്ടാക്കണം.
11. പുറംപോക്ക് ഭൂമ കൾ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതാണ്.
12. ഓട്ടോറിക്ഷകൾക്കും ടാക്സികൾക്കും സ്റ്റാന്റ് നിർമ്മിച്ചു കൊടുത്ത് അവരിൽ നിന്ന് ഫീസ് ഈടാക്കാവുന്നതാണ്.
13. സ്വാകാര്യ പണമിടപാടുസ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസിനു പുറമേ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ബിസനസ് നികുതി പിരിക്കണം.
14. കോൾബണ്ടുകൾ, റോഡുകൾ എന്നിവയുടെ ഒഴിവുള്ള സൈഡു ഭാഗങ്ങളിൽ ഫല വൃഷങ്ങളും, തേക്കു മരങ്ങളും വെച്ചു പിടിപ്പിക്കുക. ഇതു ഭാവിയിൽ നല്ലൊരു വരുമാന മാർഗ്ഗമാകും.
15. മനുഷ്യ വിഭവശേഷി പൊതുനിർമ്മാണ പ്രവർത്തനങ്ങളിൽ പരമാവധി പ്രയോജനപ്പെടുത്തണം.
16. സ്വാകാര്യ വ്യക്തികളിൽ നിന്ന് സ്പോൺസർഷിപ്പോ ധനസഹായമോ കണ്ടെത്താവുന്നതാണ്.
17. സാങ്കേതികമായി നിർദ്ദേശങ്ങൾ ലഭിക്കാവുന്ന വ്യക്തികളുടെ സേവനം ഉപയോഗപ്പെടുത്തണം.
18. പഞ്ചായത്തിൽ നിന്നും മറ്റു ബാങ്കുകളിലേക്ക് പോകുന്ന പണം ബഹുജന പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങളിലേക്ക് സമാഹരിക്കാൻ നടപടികൾ ഉണ്ടാവണം.
19. നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് നിർബന്ധമാക്കണം
20 ഇരുചക്ര വാഹനങ്ങൾക്കും മൂന്നുചക്ര വാഹനങ്ങൾക്കും സർക്കാർ ചുമത്തുന്ന നികുതി കാര്യമായി വർദ്ധിപ്പിക്കണം.
21. പഞ്ചായത്തിൽ ഇന്നുള്ള എല്ലാ വീടുകൾക്കും നികുതി പുതുക്കി നിശ്ചയിക്കുക. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തണം.
22. ബഹു സദ്യകൾ നടത്തി അനാവശ്യ ചിലവുകൾ ചെയ്യുന്നവരിൽ നിന്നും സ്പെഷൽ നികുതി ചുമത്തേണ്ടതുമാണ്.

## വിഭവ സമാഹരണ പട്ടിക

| ഇനം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| കെട്ടിട നികുതി | 175549 | 178990 | 270930 | 287857 | 313023 |
| തൊഴിൽ നികുതി | 84783 | 94083 | 100350 | 121972 | 146445 |
| ലൈസൻസ് ഫീസ് | 4498 | 4493 | 4853 | 5269 | 6757 |
| മറ്റുള്ളവ | 28633 | 47243 | 39036 | 30176 | 57362 |
| ആകെ | 293463 | 325009 | 325169 | 445634 | 523587 |

## 95-96 വരവ്

| ഇനം | തുക | ശതമാനം |
|---|---|---|
| കെട്ടിടനികുതി | 313023.00 | 20.16 |
| ലൈസൻസ് നികുതി | 6757.00 | .44 |
| തൊഴിൽ നികുതി | 14644.00 | 9.43 |
| വസ്തുകൈമാറ്റം | 167843.00 | 10.80 |
| സർക്കാർ ഗ്രാന്റ് | 861593.00 | 55.84 |
| മറ്റുള്ളവ | 57362.00 | 3.69 |
| ആകെ | 1553023 | 100% |

## 95-96 ചെലവ്

| ഇനവിവരം | തുക | ശതമാനം |
|---|---|---|
| ഭരണം | 474041.70 | 38.89 |
| പൊതുമരാമത്ത് | 188579.00 | 15.47 |
| വിദ്യാഭ്യാസം | 19630.35 | 1.61 |
| ജലവിതരണം,ഓടകൾ | | |
| പൊതുജനാരോഗ്യം | 56285 | 4.62 |
| തെരുവുവിളക്കുകൾ കത്തിക്കുന്നതിന് | 58931 | 4.84 |
| മറ്റുള്ളവ | 421320.05 | 34.57 |
| ആകെ | 1218787 | 100% |

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി




# താന്ന്യം ഗ്രാമ പഞ്ചായത്ത്

## താന്ന്യം ഗ്രാമപഞ്ചായത്ത് ഭരണസമിതി

പ്രസിഡണ്ട്
**ശ്രീമതി ശശികലാധർമ്മരാജൻ**
(9-ാം വാർഡ്)

സെക്രട്ടറി
**സി.ചന്ദ്രിക**

വൈസ് പ്രസിഡണ്ട്
**എ.എസ്.ദിനകരൻ**
(8-ാം വാർഡ്)

സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ
**സി.കെ.വിശ്വംഭരൻ മാസ്റ്റർ**
(7-ാം വാർഡ്)

1-ാംവാർഡ് മെമ്പർ
**കെ.കെ.വത്സലടീച്ചർ**

2-ാം വാർഡ് മെമ്പർ
**ധർമ്മൻ കാരയിൽ**

3-ാം വാർഡ് മെമ്പർ
**സി.ഇ.കുഞ്ഞിപ്പാലു വൈദ്യർ**

4-ാം വാർഡ് മെമ്പർ
ശ്രീജ ടീച്ചർ


5-ാം വാർഡ് മെമ്പർ
**സി.വി.സുജ**

6-ാം വാർഡ് മെമ്പർ
**വി.കെ.ഇസ്മയിൽ**

10-ാം വാർഡ് മെമ്പർ
**വി.കെ.പ്രദീപ്**

11-ാം വാർഡ് മെമ്പർ
**കെ.കെ.കൃഷ്ണദാസ്**

Printed at West fort Offset Printers for Haritha, Puthenpeedika



# 1

# ആമുഖം ചരിത്ര പശ്ചാത്തലം

"അധികാരം ജനങ്ങളിലേക്ക്" എന്ന പുതിയ രാഷ്ട്രീയ മുദ്രാവാക്യം ഒമ്പതാം പദ്ധതി ജനകീയാസൂത്രണപദ്ധതിയായി സാക്ഷാത്ക്കരിക്കപ്പെടുമ്പോൾ നടപ്പിലാക്കാൻ പോവുകയാണ്. അങ്ങനെ അധികാരവികേന്ദ്രീകരണം നടപ്പിലാവുന്നു. ജനങ്ങൾക്ക് വികസന പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കാളികളാവാനും വികസനപ്രവർത്തനങ്ങളുടെ മുൻഗണന നിശ്ചയിക്കാനും അവസരം കിട്ടുന്നത് നിസ്സാരകാര്യമല്ല. പഞ്ചായത്തിലെ വിഭവങ്ങൾ പ്രകൃതിവിഭവങ്ങളും മനുഷ്യശേഷിയും ജനങ്ങളുടെ സാമ്പത്തിക സാംസ്ക്കാരിക അഭിവൃദ്ധിക്ക് സമാഹരിക്കാനും ഉല്പാദനപരമായി പ്രയോജനപ്പെടുത്താനും കഴിഞ്ഞാൽ നാട്ടിൽ സംഭവിക്കാൻ പോകുന്നത് അത്ഭുതകരമായ പരിവർത്തനമായിരിക്കും. ജനങ്ങൾ സ്വയം മുൻകൈയെടുത്ത് പ്രവർത്തിച്ചതിന്റെ ഫലമാണ് കല്യാശ്ശേരി പഞ്ചായത്തിൽ സംഭവിച്ചത്. അവിടെ ജനങ്ങളുടെ വികസന പങ്കാളിത്തമാണ് അത്ഭുതം സൃഷ്ടിച്ചത്. എന്നാൽ ഗ്രാമസഭക്ക് ഇപ്പോൾ കിട്ടിയ ഭരണഘടനാ ദത്തമായ അധികാരവും ഒൻപതാം പദ്ധതി ജനകീയാസൂത്രണമായി പുനരാവിഷ്ക്കരിച്ചതിന്റെ ഫലമായി ഗ്രാമസഭയിൽ വന്നുചേരുന്ന പദ്ധതിവിഹിതവും, ആ വിഹിതം ഗ്രാമസഭ നിശ്ചയിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും ഗ്രാമങ്ങളിൽ അത്ഭുതം സൃഷ്ടിക്കാൻ പോന്നതാണ്. ആ ലക്ഷ്യബോധമാണ് ജനങ്ങളിൽ നിന്ന് അകറ്റിനിർത്തിയിരുന്ന ഉദ്യോഗസ്ഥരെ അടുപ്പിച്ചത്. രാഷ്ട്രീയാധികാരകേന്ദ്രങ്ങളെ ജനാധികാരത്തിലേക്ക് കൈമാറിയത്. ഈ തിരിച്ചറിവ് അടിത്തറ മുതൽ മുകളറ്റം വരെ ഒരുപോലെ കോർത്തിണക്കണം. അതാണ് നമ്മുടെ വെല്ലുവിളികൾ!

ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി ഒന്നാം ഘട്ട പരിശീലനം സെപ്തംബർ 5,6,7 തിയ്യതികളിലായി കാഞ്ഞാണി ഇന്ദു കല്ല്യാണ മണ്ഡപത്തിൽവച്ച് നടന്നു. ഈ പരിശീലനത്തിൽ പഞ്ചായത്ത് പ്രസിഡണ്ട് ഉൾപ്പെടെ 11 മെമ്പർമാരും പഞ്ചായത്ത് സെക്രട്ടറിയും മറ്റ് വിദഗ്ധരും പങ്കെടുത്തു. ഗ്രാമസഭകളുടെ മുന്നോടിയായി പെരിങ്ങോട്ടുകര മോഡൽ ജി.എൽ.പി. സ്കൂളിൽ വെച്ച് 19-9-1996 ന് ഏകദിന പഞ്ചായത്ത് പരിശീലന ക്യാമ്പ് നടന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച് വൈകിട്ട് 6 മണിക്ക് അവസാനിച്ച ഈ പരിശീലനക്യാമ്പിൽ വിവിധ വാർഡുകളിൽനിന്നായി 136 പേർ പങ്കെടുത്തു. എല്ലാവാർഡുകളിലും സ്വാഗതസംഘങ്ങൾ വിളിച്ചുകൂട്ടി ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിനായി ചർച്ച ചെയ്യുകയും അതിൻപ്രകാരം ഗ്രാമസഭകൾ നടക്കുകയും ചെയ്തു. 28-9-96ന് ഉച്ചയ്ക്ക് 1-30ന് നമ്മുടെ ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ വിശേഷാൽ ഗ്രാമസഭ VII-ാം വാർഡിൽ ചെമ്മാപ്പിള്ളി എൽ.പി.സ്കൂളിൽ വെച്ച് ചേർന്നു. ഈ ഗ്രാമസഭയിൽ ഏകദേശം ഇരുനൂറിലേറെ ജനങ്ങൾ പങ്കെടുത്തു. തുടർന്ന് വിവിധ വാർഡുകളിൽ താഴെ പറയുന്ന തിയ്യതികളിലും സ്ഥലങ്ങളിലുമായി ഗ്രാമസഭകൾ നടന്നു.

342 പേർ പങ്കെടുത്ത 3-ാം വാർഡിലാണ് ഏറ്റവുമധികം ജനപങ്കാളിത്തം അനുഭവപ്പെട്ടത്. ഏറ്റവും കുറഞ്ഞ ജനപങ്കാളിത്തം 26-9-1996ന് താന്ന്യം ഗവൺമെന്റ് ഹൈസ്കൂളിൽവച്ച് നടന്ന VI-ാം വാർഡ് ഗ്രാമസഭയിലായിരുന്നു.

ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിലെ 4 ഹൈസ്കൂളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച്കൊണ്ട് 3-10-1996 ൽ പഞ്ചായത്ത് ഓഫീസിൽ വെച്ച് ഒരു പഞ്ചായത്ത് തല ക്വിസ് പ്രോഗ്രാം നടന്നു. ഇതിൽ 36 വിദ്യാർത്ഥികൾ പങ്കെടുത്തു. ഐ.വിജയൻ മാസ്ററാണ് ഈ പിരപാടിക്ക് നേതൃത്വം നൽകിയത്. ഈ ക്വിസ്പ്രോഗ്രാമിൽ പങ്കെടുത്തവരേയും വിജയിച്ചവരെയും പഞ്ചായത്ത് കമ്മിറ്റി അനുമോദിക്കുകയും സമ്മാനർഹരായ വിദ്യാർത്ഥികൾക്ക് 17-11- 96ൽ നടക്കുന്ന വികസനസെമിനാറിൽവച്ച് പാരിതോഷികം നൽകാമെന്നും തീരുമാനിച്ചു.

ഗ്രാമസഭകളിൽനിന്നുവന്ന റിപ്പോർട്ടുകളുടെ ക്രോഡീകരണത്തിനായി 19,20 തിയ്യതികളായി പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിദഗ്ധസംഘം ചേർന്ന് റിപ്പോർട്ട് ക്രോഡീകരണം നടത്തുകയുണ്ടായി. പഞ്ചായത്ത് മെമ്പർമാരടക്കം 36 പേർ ഈ വിദഗ്ധ സെമിനാറിൽ പങ്കെടുത്തു.

വികസനസെമിനാറിന്റെ രണ്ടാംഘട്ട പരിശീലനം ഒക്ടോബർ 25,26,27 തിയ്യതികളിൽ അന്തിക്കാട് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽവെച്ച് ചേർന്നു. ഇതിൽ 14 പേർ പങ്കെടുത്തു. തുടർന്ന് 31-10-96 10-30 AM ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഉദ്യോഗസ്ഥതലയോഗം ചേരുകയും റിവ്യൂ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

നമ്മുടെ പഞ്ചായത്തിന്റെ ചരിത്ര പഠനത്തിന്റെ ഭാഗമായി 4 ഗ്രൂപ്പുകളിലായി 15 ഓളം പേർ സെപ്തംബർ ആദ്യവാരത്തിൽ നമ്മുടെ പഞ്ചായത്തിലെ കാരണവൻമാരെ കണ്ട് പഞ്ചായത്തിന്റെ കഴിഞ്ഞ കാലഘട്ടങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

| | തിയ്യതി | വാർഡ് | സ്ഥലം | സമയം |
|---|---|---|---|---|
| 1. | 29-9-1996 | vi | ഗവ.എച്ച്.എസ്. താന്ന്യം | 1.30 pm |
| 2. | 2-10-1996 | ix | കുട്ടംകുളം അമ്പലപരിസരം | 1.30 pm |
| 3. | 5-10-1996 | i | S.N.A.L.P.S. കിഴുപ്പിള്ളിക്കര | 1.30 pm |
| 4. | 6-10-1996 | x | പെരിങ്ങോട്ടുകര ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ | 9. am |
| 5. | 6-10-1996 | ii | നളന്ദ ഹൈസ്കൂൾ, കുഴുപ്പിള്ളിക്കര | 1.30 pm |
| 6. | 6-10-1996 | iii | പെരിങ്ങോട്ടുകര മോഡൽ G.L.P.S. | 1.30 pm |
| 7. | 12-10-1996 | viii | T.D. പുഷ്ക്കരന്റെ വസതി | 1.30 pm |
| 8. | 12-10-1996 | xi | S.N.D.P. ഗുരുമന്ദിരം | 1.30 pm |
| 9. | 13-10-1996 | iv | പെരിങ്ങോട്ടുകര മോഡൽ G.L.P.S | 9 am |
| 10. | 13-10-1996 | v | ഗവ.H.S. താന്ന്യം | 1.30 pm |

4-11-1996 ന് നമ്മുടെ പഞ്ചായത്തിലെ പഠന പര്യടനം രാവിലെ 8 മണിക്ക് വാളമുക്കിൽനിന്ന് യാത്ര ആരംഭിച്ച് താന്ന്യം പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയായ തിരുത്തേക്കാട് കോളനിയിൽവച്ച് അവസാനിച്ചു. ആകെ 10 പേർ പങ്കെടുത്ത ഈ പഠനപര്യടന സംഘത്തെ 4 ഗ്രൂപ്പുകളാക്കി തിരിച്ച് നമ്മുടെ പഞ്ചായത്തിലെ ഭൂപ്രകൃതിയെക്കുറിച്ച് വിശദമായി പരിശോധിക്കുകയും അതിൻപ്രകാരം പഞ്ചായത്തിന്റെ വിഭവഭൂപടം തയ്യാറാക്കുകയും ചെയ്തു.

വികസനസെമിനാറിന്റെ മുന്നോടിയായി പഞ്ചായത്ത്തല ശില്പശാല 5- 11-1996 ൽ 9AM മുതൽ 5PM വരെ പെരിങ്ങോട്ടുകര മോഡൽ G.L.P സ്കൂളിൽവെച്ച് ചേർന്നു. ഇതിൽ 85 പേർ പങ്കെടുക്കുകയുണ്ടായി. ഇതിനുശേഷം 6,7,8,9,10 തിയ്യതികളിലായി പഞ്ചായത്ത് മെമ്പർമാർ അടക്കമുള്ള വിദഗ്ധസംഘം രാവിലെ 10 മുതൽ 6 വരെയുള്ള സമയത്ത് നമ്മുടെ പഞ്ചയാത്ത് ഓഫീസിൽ വച്ച് വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിൽ അതീവശ്രദ്ധയോടെ മുഴുകി. 11-11-1996 ന് 3 മണിക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ശശികലാ ധർമ്മരാജന്റെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് ഓഫീസിൽ വെച്ച് പഞ്ചായത്ത് വികസന- സെമിനാറിന്റെ സ്വാഗതസംഘ രൂപീകരണയോഗം നടക്കുകയും നമ്മുടെ പഞ്ചായത്തിന്റെ വികസനസെമിനാറിന്റെ വിജയത്തിനാവശ്യമായ കാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

തൃപ്രയാർ പുഴയോരം ചേർന്നുകിടക്കുന്ന ഗ്രാമങ്ങളാണ് താന്ന്യം ഗ്രാമപഞ്ചായത്തിന്റെ അധികാരവലയത്തിൽ വരുന്നത്. കിഴക്കുമുറി, വടക്കുമുറി, താന്ന്യം, കിഴുപ്പിള്ളിക്കര എന്നീ വില്ലേജുകൾ ഇതിൽ ഉൾപ്പെടുന്നു. മണലി, കുറുമാലിപ്പുഴകൾ അടിലക്കുഴിയിൽ സംഗമിച്ച് കരുവന്നൂർ പുഴയായി പരിണമിച്ചൊഴുകി താന്ന്യം ഗ്രാമപഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയായ കിഴുപ്പിള്ളിക്കര ഗ്രാമത്തെ തഴുകി തെക്കോട്ടൊഴുകി എടത്തിരുത്തി, കാട്ടൂർ പഞ്ചായത്തുകളെ സ്പർശിച്ച് താന്ന്യം വടക്കുംമുറി ഗ്രാമങ്ങളെ തഴുകിയൊഴുകുന്ന തൃപ്രയാർപുഴയെന്ന ഖ്യാതി നേടി (ഈ പുഴയെ കനോലികനാൽ എന്നും പറയും) ചേറ്റുവ അഴുമുഖത്ത് പതിക്കുന്നു. തിരുപുറൈൻ ആർ എന്ന രണ്ട് വാക്ക് ലോപിച്ചു കൂടിയാണ് തൃപ്രയാർ ആയത്. പൊറൈയൻ ചേര രാജാക്കന്മാരുടെ ബിരുദമാണ്. ചേര രാജാക്കൻമാരുടെ പഴമയെ സൂചിപ്പിക്കുന്ന തൃപ്രയാറ്റപ്പന്റെ ക്ഷേത്ര ഊരായ്മസ്ഥാനം ചേലൂർ, പുന്നപ്പുള്ളി, ഞാനപ്പിള്ളി എന്ന മൂന്ന് നമ്പൂതിരി ഇല്ലങ്ങൾക്കായിരുന്നു. ഈ മൂന്ന് ഇല്ലങ്ങളും സ്ഥിതിചെയ്യുന്നത് താന്ന്യം ഗ്രാമപഞ്ചായത്തിന്റെ അതൃർത്തിക്കുള്ളിലാണ്. ഈ മൂന്ന് മനകളുടെ ഊരായ്മസ്ഥാനം അവർതമ്മിലുള്ള മത്സരത്തിന്റെ ഫലമായി നഷ്ടപ്പെടുകയും ക്ഷേത്രഭരണം കൊച്ചിരാജാവ് ഏറ്റെടുക്കുകയും ചെയ്തു വെന്നാണ് ചരിത്രം. താന്ന്യം ഗ്രാമപഞ്ചയത്തിന്റെ നാലുവശങ്ങളിലേക്കും നീണ്ടുകിടക്കുന്ന തൃപ്രയാർ കാണം ഭൂമിയിലാണ് തൃപ്രയാർ തേവരുടെ സഞ്ചാരപാതകൾ. ആറാട്ടുപുഴപൂരത്തിന് പുറപ്പെടുന്ന തേവർ സ്വന്തം ഭൂമിയിൽ കൂടി മാത്രമാണ് സഞ്ചരിക്കാറുള്ളത്. തൃപ്രയാർ ക്ഷേത്രത്തിലെ പ്രതിഷ്ഠാവിഗ്രഹലക്ഷണം വിഷ്ണുവിന്റെ, ആറാട്ടുപുഴ പൂരത്തിന് എഴുന്നള്ളുന്നത് തേവരാണ്. അതായത് ശാസ്താവാണ്. ആര്യസംസ്ക്കാരത്തിന്റെയും ദ്രാവിഡ സംസ്ക്കാരത്തിന്റെയും വേരുകൾ ഈ പ്രദേശത്തിന്റെ പുരാതന സംസ്കൃതിയെ ധ്വനിപ്പിക്കുന്നുണ്ട്.

ജനകീയാസൂത്രണപ്രവർത്തകർ താന്ന്യം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെന്ന് നിരവധി വൃദ്ധ ജനങ്ങളെകണ്ട് നാടിന്റെ പഴയകാല ചരിത്രങ്ങൾ ആരായുകയുണ്ടായി. അവരിൽ രണ്ടുപേർ മുൻപഞ്ചായത്ത് പ്രസിഡന്റുമാരാണ്. അവരിൽനിന്നും ലഭിച്ച വിലപിടിച്ച വിവരങ്ങൾ പഞ്ചായത്തിന്റെ ചരിത്രം അറിയാൻ സഹായിച്ചിട്ടുണ്ട്.

1936 മുതൽ വിദ്യാർത്ഥി പ്രസ്ഥാനം സജീവമായി ദേശീയസ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിരുന്നു. കൊച്ചി പ്രജാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ നടന്നിരുന്നു. ഇന്ത്യയുടെ പലഭാഗത്തും നടന്നിട്ടുള്ള സ്വാതന്ത്ര്യസമരങ്ങളുടെ അലയൊലി താന്ന്യം ഗ്രാമ പഞ്ചായത്തിന്റെ ഉൾനാടുകളിൽ പ്രതികരണമുണ്ടാക്കിയിട്ടുണ്ട്. 1942 മുതൽ 43 വരെയുള്ള കാലത്ത് കാശ്മീരിൽ വച്ച് നെഹ്റുവിന്റെ നേരെ ആക്രമണമുണ്ടായപ്പോൾ സ്വാതന്ത്ര്യസമരത്തിൽ നേരിട്ട് പങ്കെടുക്കാത്തവർപോലും പ്രതിഷേധം പരസ്യമായി പ്രകടിപ്പിക്കാൻ മുതിർന്നിട്ടുണ്ട്. സുഭാഷ് ചന്ദ്രബോസിന്റെ ഇന്ത്യൻ നേഷണൽ ആർമിയിൽ ഇന്നാട്ടുകാർ പലരും അംഗങ്ങളാ

യിരുന്നു. ശ്രീ.കെ.ഈശൻ, പരേതനായ ഡി.ഗോപിമാസ്റ്റർ, ടി.എൻ നമ്പൂതിരി, കെ.ജി.ദാമോദരൻേ എന്നിവർക്ക് താമ്ര പത്രം ലഭിച്ചിട്ടുണ്ട്.

പ്രാതമിക വിദ്യാഭ്യാസത്തിന് മാനമാത്രമായ സൗകര്യ മെങ്കിലും പഞ്ചായത്തിൽ ഉണ്ടായിരുന്നുവെന്ന് പറയാം. പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന സർക്കാർ പ്രൈമറ് വിദ്യാലയ(ജി.എൽ.പി.എസ്സ്)ത്തിന് 106 വർഷത്തെ പഴക്ക മുണ്ട്. പിൽക്കാലത്ത് സോമശേഖരക്ഷേത്രപരിസരത്ത് ആരംഭിച്ച സംസ്കൃത വിദ്യാലയമാണ് മോഡൽ ജി.എൽ.പി.എസ്സ്. എന്നപേരിൽ അറിയപ്പെടാൻ തുടങ്ങി യത്. ഇന്ന് അമ്പലസ്കൂൾ എന്ന് അറിയപ്പെടുന്നത് ഈ വിദ്യാലയമാണ്. അന്ന് ചേർപ്പിലും തൃശൂരിലുമുള്ള ഹൈസ്കൂളുകളിൽപോയി പഠനം നടത്തിയ അപൂർവ്വം പേർ ഈ നാട്ടിൽ വിദ്യാഭ്യാസത്തിന്റെ പ്രകാശം എത്തി ക്കാൻ സഹായിച്ചവരാണ്. പിന്നോക്കക്കാരിൽ ആദ്യം ബിരുദം നേടിയത് തണ്ടാശ്ശേരി ശങ്കരൻമാസ്റ്ററും എ.ആർ.രാമനുമാണ്. ഇവർരണ്ടുപേരുമാണ് നമ്മുടെ പഞ്ചാ യത്തിലെ ആദ്യത്തെ സർക്കാർ ജീവനക്കാർ. അയിത്തം തുടങ്ങിയ അനാചാരങ്ങൾകൊടികുത്തിവാണ അക്കാലത്ത് അതിനെതിരെ പ്രതികരിക്കാനും ചില അവസരങ്ങളിൽ കായികമായിത്തന്നെ നേരിടാനും ആത്മബലം കാണിച്ച തൊപ്പിയിൽ ബാഹുലേയൻ, തൊപ്പിയിൽ ശങ്കരൻ, കാര യിൽ കുഞ്ഞിമാമ എന്നിവരെ ഈ സന്ദർഭത്തിൽ സ്മരി ക്കപ്പെടേണ്ടതാണ്. ശ്രീനാരായണ പ്രസ്ഥന(SNDP)ത്തിന്റെ ആശയങ്ങളാണ് അയിത്തത്തിനെതിരെ പോരാടാൻ അവരെ സഹായിച്ചത്. S.N.D.P യുടെ മൂന്നാമത്തെ അംഗ മായിച്ചേർന്ന പാർത്ത്യാർ എന്ന് നാട്ടിൽ അറിയപ്പെടുന്ന കാരാട്ടുപറമ്പിൽ കൃഷ്ണൻ ശ്രീനാരായണ പ്രസ്ഥാന ത്തിന് ജനങ്ങൾക്കിടയിൽ പ്രചാരം കൊടുക്കാൻ നേതൃത്വം നല്കിയ വ്യക്തിയാണ്. പാർത്ത്യാർക്ക് വില്ലേജാപ്പീസിൽ കിട്ടിയ ജോലി ചെയ്യാൻ സവർണ്ണർ അനുവദിക്കാത്തതു കൊണ്ട് തോക്കെടുക്കേണ്ടിവന്നുവെന്ന കഥ പ്രചാരത്തി ലുണ്ട്. വിദ്വാൻ പി.ശങ്കരൻമാസ്റ്റർ ശ്രീനാരായണ പ്രസ്ഥാ നത്തിന്റെ ശക്തനായ വക്താവയിരുന്നു. 1943 കാലത്ത് ശ്രീ.പി.ഗംഗാധരൻ പെരിങ്ങോട്ടുകരയിൽ താമസിച്ചാണ് S.N.D.Pയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത്. അക്കാലത്ത് സോമശേഖര ക്ഷേത്രത്തിനടുത്ത് താമസിച്ചി രുന്ന പട്ടികജാതിക്കാരനായ ചിറ്റൂർ ശങ്കരന്റെ വീട്ടിൽ പന്തി ഭോജനം നടത്തിയതിന്റെ പേരിൽ വീട്ടിൽനിന്നും പുറത്തു പോകേണ്ടിവന്ന പലരും അയിത്തത്തിനെതിരെ സമരം ചെയ്യാൻ ജനങ്ങളുടെ തോളോടു തോൾചേർന്ന് നിന്നവ രാണ്.

സാമൂഹ്യപരിഷ്ക്കാര ശ്രമങ്ങൾ നിർബാധം നടക്കുന്ന തിനിടക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ശക്ത മായ ചെത്തുതൊഴിലാളി പ്രസ്ഥാനം 1941 ൽ ആരംഭിച്ചുക ഴിഞ്ഞിരുന്നു. 1942 ജനുവരി 1ന് എം.എ.കാക്കു എന്ന പാർട്ടി പ്രവർത്തനകനാണ് ചെത്തുതൊഴിലാളി യൂണിയൻ ഉൽഘാടനം ചെയ്തത്. ഈ നാടിന്റെ ചരിത്രത്തിൽ അവി സ്മരണീയമായ മുഹൂർത്തങ്ങൾ സൃഷ്ടിച്ച ചെത്തുതൊ ഴിലാളിയൂണിയൻ പ്രവർത്തകർ നീതിക്കുവേണ്ടി എക്സൈസുമായി ഏറ്റുമുട്ടേണ്ടിവന്നിട്ടുണ്ട്. ചെത്തുതൊ ഴിലാളിയൂണിയൻ പ്രവർത്തകരായ 22 പേരുടെ പേരിൽ കേസ്സെടുത്തെങ്കിലും 17 പേരെ വിവിധ വകുപ്പുകളായി ശിക്ഷിച്ചു. ചെത്തുതൊഴിലാളിയൂണിയന്റേയും കമ്മ്യൂ ണിസ്റ്റ് പ്രസ്ഥാനത്തിന്റെയും പ്രവർത്തനം സമാന്തര സർക്കാർ പ്രവർത്തനമാണെന്നു പറഞ്ഞ് അന്നത്തെ സർക്കാർ, യൂണിയന്റേയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും പ്രവർത്തനം നിരോധിക്കുകയുണ്ടായി.

പിൽക്കാലത്ത് നടന്ന കുടികിടപ്പ് സമരത്തിന്ന് ആവേ ശംപകർന്നത് ഈ നാടിന്റെ മേൽപറഞ്ഞ സമരപശ്ചാത്ത ലമായിരുന്നു. അന്ന് ജന്മിയുടെ ഭൂമിയിൽ കുടിൽവച്ച് താമ സിക്കുന്നവർ ഭൂമിസംരക്ഷണവും വിളസംരക്ഷണവും ഒരു പോലെ മേൽനോട്ടം വഹിച്ചുകൊള്ളണമെന്നായിരുന്നു അലിഖിതനിയമം. ഈ പണിചെയ്യുന്നതിന് കുടിക്കിടപ്പുകാ രന് കിട്ടിയിരുന്നത് നാലോ അഞ്ചോ നാളികേരമാണ്. അതു തന്നെ തരുന്നത് ജന്മിയുടെ സന്മനസ്സുകൊണ്ടാണെന്ന് വിചാരിക്കുന്നവരാണ് എല്ലാദരിദ്രരും. പിന്നീട് ചില ജന്മി മാർ കുടിയാന്മാർക്ക് ഓരോ കെട്ടുതെങ്ങ് നല്കാൻ നിർബ്ബ ന്ധിതരായി. നീണ്ടുനിന്ന സമരത്തിന്റെ ഫലമായിരുന്നു അത്. ജന്മം, കാണം, പാട്ടം എന്നിങ്ങനെയായിന്നു ഭൂമി യിലെ അവകാശം. കുടികിടപ്പുകാരന്റെ ഭാഗത്തുനിന്ന് കാണുന്ന നിസ്സാരതെറ്റിന് വലിയ ശിക്ഷകൊടുക്കാൻ ജന്മിക്ക് മടിയുണ്ടായിരുന്നില്ല. ഭൂമിയിൽനിന്ന് പുറത്താ ക്കാൻ പ്രത്യേക കാരണം വേണ്ടതാനും. അതിനൊരറുതി വന്നത് കാർഷിക ബന്ധബില്ല് നടപ്പിലാക്കിയതോടുകൂടി യാണ്. 1970 ജനുവരി ഒന്നിന് കുടികിടപ്പുകാർ അവരുടെ പുരയിടത്തിനുചുറ്റും 10 സെന്റ് ഭൂമി വളച്ചുകെട്ടിക്കൊ ണ്ടാണ് സമരമാരംഭിച്ചത്. ഭൂ ഉടമകൾ തൊഴിലാളികൾ ഭൂമി കൈയേറി എന്നുപറഞ്ഞ് കേസ് കൊടുക്കാനിടയായി. കേസ് നടത്തി അവകാശം സ്ഥാപിച്ചത് കർഷകത്തൊഴി ലാളിയൂണിയന്റെ ചരിത്രത്തിൽ ഉജ്ജ്വല മുഹൂർത്തമായി കണക്കാക്കുന്നു. നൂറുകണക്കിന്, കുടികിടപ്പുകാർക്ക് (ഈ പഞ്ചായത്തിൽ) ഇതുമൂലം സ്വന്തമായി ഭൂമിലഭിക്കുകയു ണ്ടായി.

പണ്ടേ നാട്ടിൽ നടപ്പിലുണ്ടായരുന്നത് നാടൻ ചികിത്സാ രീതിയായിരുന്നു. ആയുർവേദമാണ് പഥ്യം. അന്തിക്കാട് ഒരു അലോപ്പതി ആസ്പത്രി ഉണ്ടായിരുന്നു. ഇന്നത്തെ ആയുർവേദ സർക്കാർ ആശുപത്രി താന്ന്യം പഞ്ചായ ത്തിന്റെ പടിഞ്ഞാറ് ഭാഗത്താണ് സ്ഥാപിച്ചത്.

1910 മുതൽ 1915 കാലത്ത് ലഘുവായ വസ്ത്രധാരണ മാണ് നിലവിലുണ്ടായിരുന്നത്. ആൺപെൺ വ്യത്യാസമി ല്ലാതെ മേൽവസ്ത്രമുണ്ടായിരുന്നില്ല. പുരുഷന്മാർ സിലോ ണിൽ പോയപ്പോഴാണ് ഷർട്ട് ധരിക്കാൻ തുടങ്ങിയ്ത്. ഷർട്ടും ജാക്കറ്റും ധരിക്കാത്ത വധൂവരന്മാരെ കണ്ട പഴമ ക്കാർ ഇന്നും നാട്ടിലുണ്ട്. ക്രിസ്ത്രീയ മതവിഭാഗത്തിലെ സ്ത്രീകൾ മേൽവസ്ത്രം ധരിച്ചുകഴിഞ്ഞതിനുശേഷമാണ് മറ്റുള്ളവർ ധരിച്ചു തുടങ്ങിയതത്രെ! അന്ന് മിക്കവാറും വീടു കൾ ഓലകൊണ്ടു മേഞ്ഞതായിരുന്നു. 80 കൊല്ലം മുമ്പു വരെ പകുതിമാത്രം മണ്ണുകൊണ്ടുനിർമ്മിച്ച വീടുകളാണ് ഉണ്ടായിരുന്നത്. ഭൂരിഭാഗം വീടുകളും ഓലമറച്ചതായി രുന്നു. ഓലമേഞ്ഞ ഇരുനില വീടുകൾ വളരെ അപൂർവ്വ മായി ഉണ്ടായിരുന്നു.

താന്ന്യം പഞ്ചായത്തിലുള്ളവർ ആദ്യം കണ്ട കാർ ഡോ: കുഞ്ഞൻമേനോന്റേതാണ്. ബസ് ഓടിത്തുടങ്ങിയത് പലരും ഓർക്കുന്നു. ഒരു ബസ്മാത്രം. ആദ്യം പെട്രോളാ യിരുന്നു ഇന്ധനം. ലോകമഹായുദ്ധം വന്നപ്പോൾ കരികൊ ണ്ടാണ് ബസ്സ് ഓടിച്ചിരുന്നത്. കാളവണ്ടികളും റിക്ഷാവ

ണ്ടികളുമാണ് അന്നത്തെ യാത്രാവാഹനം.

പണ്ട് രണ്ടുതരം പോസ്റ്റൽ സർവ്വീസ് ഉണ്ടായിരുന്നു. അഞ്ചലാപ്പീസും– പോസ്റ്റാഫീസും. അഞ്ചലാപ്പീസ് കൊച്ചി രാജ്യത്തിന്റെയും തപാലാപ്പീസ് ഇന്ത്യ ഗവൺമെന്റിന്റേതുമായിരുന്നു. അഞ്ചല ശിപായിമാർ തലയിലാണ് മെയിൽ കൊണ്ടുവന്നിരുന്നത്. താന്ന്യം ചന്തയുടെ സമീപത്താണ് അന്നത്തെ തപാലാപ്പീസ്. കമ്പിയാപ്പീസ് വലപ്പാടാണ് ഉണ്ടായിരുന്നത്.

നാട്ടിലെ മുഖ്യവിശേഷം പെരിങ്ങോട്ടുകര സോമശേഖരക്ഷേത്ര ഉത്സവമാണ്. കുറ്റിക്കാട്ട്, ഞാററുവെട്ടി ക്ഷേത്രങ്ങളിൽ പണ്ടുമുതലേ ആനയുള്ള ഉത്സവം ഉണ്ടായിരുന്നു. ആശാരിക്ഷേത്രം, കുട്ടുടുമാക്കൽക്ഷേത്രം, പുതുമനക്കര ക്ഷേത്രം, തിരുവാണിക്കാവ്, നാരായണംകുളങ്ങര, ആമലത്തുക്കുളങ്ങര, ആനേശ്വരം എന്നിവയും പുരാണക്ഷേത്രങ്ങളാണ്. ഇവയിലും പൂരങ്ങളും വേലയാഘോഷങ്ങളും നടത്തിയിരുന്നു. വടക്കുംമുറിയിലെ കാഞ്ഞിരചുവട് ക്ഷേത്രം പട്ടികജാതിക്കാരുടെ പുരാതന ക്ഷേത്രമാണ്. ഇവിടെയും ആഘോഷങ്ങൾ പതിവുണ്ട്.

1906 –ൽ സ്ഥാപിതമായ പെരിങ്ങോട്ടുകരിയിലെ ദേവാലയമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ ക്രിസ്ത്യൻ ദേവാലയം. പിന്നീട് താന്ന്യം പ്രദേശത്ത് സ്ഥാപിതമായ ക്രിസ്ത്യൻ ദേവാലയവും മതവിശ്വാസികളുടെ ആരാധന കേന്ദ്രമാണ്. ഈ രണ്ടു ദേവാലയങ്ങളും മതാചാരപ്രകാരമുള്ള പെരുന്നാളാഘോഷങ്ങൾക്ക് പേരുകേട്ടവയാണ്. ഇവിടങ്ങളിലെ ആഘോഷങ്ങളിൽ സർവ്വമതസ്ഥരുടേയും സാന്നിദ്ധ്യംതന്നെ തെളിയിക്കുന്നത് നമ്മുടെ പഞ്ചായത്തിലെ മതസൗഹർദ്ദത്തിന്റെ സൂചകമാണ്.

താന്ന്യം ഹൈസ്കൂളിന് വടക്കുവശത്ത് സ്ഥിതിചെയ്യുന്ന മുസ്ലീംപള്ളിക്ക് 200 വർഷക്കാലത്തെ പഴക്കമുണ്ട്. കിഴുപ്പിള്ളിക്കര, പൈനൂർ പ്രദേശങ്ങളിലും മുസ്ലീം ദേവാലയങ്ങൾ നിലവിലുണ്ട്. പഞ്ചായത്തിന്റെ മറ്റുചില മേഖലകളിലും ഇത്തരം ചെറിയ ആരാധനാലയങ്ങളുണ്ട്. ഇവിടങ്ങളിലെല്ലാം നബിദിനാഘോഷവും മതപ്രഭാഷണങ്ങളും നടത്തുക പതിവാണ്.

ജാതിമതത്തിനതീതമായി എല്ലാ മതസ്ഥരുടെയും ആഘോഷപരിപാടികളിലെ കൂട്ടായ്മയും പീഢിതരോടുള്ള സഹാനുഭൂതിയും മതസൗഹാർദ്ദത്തിന്റെയും പണിയെടുക്കുന്നവരുടെ ഏകീകരണത്തിന്റേയും സത്ഫലങ്ങളായി കാണാം.

ഈ പഞ്ചായത്ത് ചാത്തൻ ക്ഷേത്രങ്ങൾക്ക് പേരുകേട്ടതാണ്. ചില പ്രമാണിമാർ അവരുടെ വീടുകളിൽ കഥകളി വേഷക്കാരെ വരുത്തി കഥകളി കാണാൻ അവസരം ഒരുക്കിയിരുന്ന കാലമുണ്ടായിരുന്നു.

## താന്ന്യം ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് – 1996

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : താന്ന്യം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : കിഴക്കുംമുറി, വടക്കും മുറി, കിഴുപ്പിള്ളിക്കര, താന്ന്യം |
| ബ്ലോക്ക് പഞ്ചായത്ത് | : അന്തിക്കാട് |
| താലൂക്ക് | : തൃശൂർ |
| അസംബ്ലി മണ്ഡലം | : ചേർപ്പ് |
| വിസ്തീർണ്ണം | : 17.53 ചതുരശ്ര.കി.മി. |
| അതിരുകൾ | : വടക്ക് അന്തിക്കാട് പഞ്ചായത്ത്. കിഴക്ക് ചാഴൂർ പഞ്ചായത്ത്. തെക്കു പിടിഞ്ഞാറും കനോലി കനാൽ |
| ജനസംഖ്യ | : 27,265(1991 സെൻസസ് രേഖ) |
| വാർഡുകൾ | : 11 |
| പ്രസിഡന്റിന്റെ പേര് | : ശ്രീമതി. ശശികല ധർമ്മരാജൻ |
| വൈ.പ്രസിഡന്റിന്റെ പേര് | : ശ്രീ. ഏ.എസ്സ്. ദിനകരൻ. |

തൃശൂർ ജില്ലയിൽ ഉൾപ്പെട്ട താന്ന്യം ഗ്രാമപഞ്ചായത്ത് സാർവത്രിക ജനാധിപത്യ ഭരണക്രമമനുസരിച്ച് നിലവിൽവന്നത് 1953 ഒക്ടോബർ 2– ാം തിയ്യതിയാണ് അന്ന് പഞ്ചായത്തിൽ 8 വാർഡുകളും ഒമ്പത് സീറ്റുകളുമാണ്. രണ്ടാം വാർഡ് പട്ടികജാതിക്കാർക്ക് സംവരണം ചെയ്തിരുന്ന ദ്വയാംഗവാർഡായിരുന്നു. കമ്മ്യൂണിസ്റ്റ് – കോൺഗ്രസ്സ് എന്ന പാർട്ട് അടിസ്ഥാനത്തിലായിരുന്നു തിരഞ്ഞെടുപ്പ്. ആ തെരഞ്ഞെടുപ്പിൽ താഴെ പറയുന്നവർ വിജയിച്ചു.

വാർഡ്

1. ശ്രീ. കെ.വി.കുഞ്ചു(കോൺഗ്രസ്സ്)
   ശ്രീ. കെ.കെ. രാഘവൻ വൈദ്യർ (കോൺഗ്രസ്സ്)
2. പട്ടികജാതി : പി.സി. ചാത്തകുട്ടി (കമ്മ്യൂണിസ്റ്റ്)
3. കെ.കെ.കൃഷ്ണൻകുട്ടി(കോൺഗ്രസ്സ്)
4. എ.ഡി.പാവുണ്ണി(കോൺഗ്രസ്സ്)
5. ഇ.കൃഷ്ണമേനോൻ(കോൺഗ്രസ്സ്)
6. ഇ.രാമൻകുട്ടിമേനോൻ(കോൺഗ്രസ്സ്)
7. ടി.കെ.കുഞ്ഞികൃഷ്ണൻ(കമ്മ്യൂണിസ്റ്റ്–സ്വ) .
8. ടി.ഡി.ഗോപിമാസ്റ്റർ(കമ്മ്യൂണിസ്റ്റ്)

1953 ഒക്ടോബർ രണ്ടാംതിയ്യതി പഞ്ചായത്ത് ഭരണസമതി കൂടി ശ്രീ.കെ.വി.കുഞ്ചുവിനെ പ്രസിഡന്റായും ശ്രീ.കെ.കെ.കൃഷ്ണൻകുട്ടിയെ വൈസ് പ്രസിഡന്റായും തിരഞ്ഞെടുത്തു. ഈ ഭരണസമിതി 1964 ജനുവരി 1 വരെ അധികാരത്തിലിരുന്നു. ശ്രീ.കെ.കെ.കൃഷ്ണൻകുട്ടി അംഗത്വം രാജിവെച്ചതിനെതുടർന്നുണ്ടായ ഉപതെരഞ്ഞെടുപ്പിൽ ശ്രീ.ടി.വി.കുഞ്ഞിപ്പാപ്പു (കമ്മ്യൂണിസ്റ്റ്)വിനെ തെരഞ്ഞെടുത്തു. നാലാം വാർഡ് അംഗം എ.ഡി. പാവുണ്ണി അന്തിരിച്ചു. ഉപതെരഞ്ഞെടുപ്പ് ഉണ്ടായില്ല.

1963 ഡിസംബറിൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പും കോൺഗ്രസ്സ് – കമ്മ്യൂണിസ്റ്റ് പാർട്ടികൾ തമ്മിലായിരുന്നു. ഈ തെരഞ്ഞെടുപ്പിലും എട്ടുവാർഡും ഒമ്പത് സീറ്റുമാണ് ഉണ്ടായിരുന്നത്. തെരഞ്ഞെടുപ്പിൽ എല്ലാസീറ്റുകളും കമ്മ്യൂണിസ്റ്റ് പാർട്ടി നേടി.

വാർഡ്

1. ശ്രീ. വി.കെ.വേലായുധൻ മാസ്റ്റർ (കമ്മ്യൂണിസ്റ്റ്)
2. ശ്രീ. കെ.കെ.രാമനുണ്ണിവൈദ്യർ (കമ്മ്യൂണിസ്റ്റ്)
3. ശ്രീ. കെ.വി.ശങ്കരൻ(പട്ടികജാതി.റിസർ)
4. ശ്രീ. കെ.കെ.കൃഷ്ണൻകുട്ടി (കമ്മ്യൂ.സ്വ)
5. ശ്രീ. എൻ.സി.ശങ്കരൻ (കമ്മ്യൂ.)
6. എ.ആർ.വിശ്വനാഥൻ (കമ്മ്യൂ.സ്വ)
7. ഇ.ജി.ചന്ദ്രൻ(കമ്മ്യൂ.)
8. കെ.ഈശൻ (കമ്മ്യൂ.)
9. ടി.ഡി.ഗോപിമാസ്റ്റർ(കമ്മ്യൂ)

1964 ജനുവരി 1ന് ഭരമസമതി കൂടി. ശ്രീ.ടി.ഡി.ഗോപി മാസ്റ്ററെ പ്രസിഡന്റായും ശ്രീ.കെ.കെ.കൃഷ്ണൻകുട്ടിയെ വൈസ് പ്രസിഡന്റായും തെരഞ്ഞെടുത്തു. കുമാരി.ടി.എ.ഗൗരിയെ വനിതാംഗമായി നോമിനേറ്റ് ചെയ്തു. 1978 വരെ പഞ്ചായത്ത് ഭരണസമിതി തുടർന്നു. ഈ കാലയളവിൽ 1-ാം വാർഡ് അംഗമായിരുന്ന ശ്രീ.വി.കെ.വേലായുധൻ മാസ്റ്റർ അന്തരിച്ചു. ഉപതെരഞ്ഞെടുപ്പിൽ സ്വതന്ത്രനായ ശ്രീ.കുഞ്ഞുവറീത് എതിരില്ലാതെ തെരഞ്ഞെടുത്തു. മൂന്നാം വാർഡ് അംഗം ശ്രീ.കെ.കെ.കൃഷ്ണൻകുട്ടി അന്തരിച്ചപ്പോൾ നടന്ന ഉപതിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥി ശ്രീ.കെ.എം.ഗോപാലൻ ജയിച്ചു. അഞ്ചാം വാർഡ് സ്ഥാനാർത്ഥി ശ്രീ.എ.ആർ.വിശ്വനാഥൻ രാജിവച്ച് ഒഴിഞ്ഞപ്പോൾ ആ സീറ്റ് ഒഴിഞ്ഞുകിടന്നു.

ശ്രീ.ടി.സി. ഗോപിമാസ്റ്റർ അന്തരിച്ചപ്പോൾ ശ്രീ.കെ.ഈശനെ പ്രസിഡന്റായി എതിരില്ലാതെ തെരഞ്ഞെടുത്തു.

1979 സെപ്തംബരിൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ പഞ്ചായത്ത് പതിനൊന്ന് വാർഡുകളായി പുനഃസംഘടിപ്പിച്ചിരുന്നു. രണ്ടാംവാർഡ് പട്ടിക ജാതിറിസർവേഷനും ഏഴാംവാർഡ് വനിതാറിസർവേഷനുമായിരുന്നു. ഈ തെരഞ്ഞെടുപ്പ് മുന്നണികൾ തമ്മിലാണ് നടന്നത്. സി.പി.ഐ., കോൺഗ്രസ്സ്(ഐ), ജനതാപാർട്ടികൾ ഒരു മുന്നണിയിലും സി.പി.ഐ.(എം), കോൺഗ്രസ്(എ) മറ്റൊരു മുന്നണിയിലുമാണ് മത്സരംനടന്നത്.

താഴെപറയുന്നവർ കക്ഷി അടിസ്ഥാനത്തിൽ ജയിച്ചു.

വാർഡ്

1. ശ്രീ.കെ.കെ. പ്രഭാകരൻ(കോൺ.എ)
2. ശ്രീ.സി.എ.ഷൺമുഖൻ(കോൺ.ഐ., പട്ടിക ജാതി റിസർ)
3. ശ്രീ.സി.ഇ.കുഞ്ഞിപ്പാലുവൈദ്യർ(ജനത)
4. ശ്രീ.കെ.പുരുഷോത്തമപണിക്കർ(കോൺ.ഐ)
5. ശ്രീ.ടി.ആർ. ദാമോദരൻ(കോൺ.എ)
6. ശ്രീ.കെ.എ.ഹുസൈൻ(കോൺ.എ)
7. ശ്രീമതി. ടി.എ.ദേവകി(സി.പി.ഐ.എം.വനിതാ റിസർവേഷൻ)
8. ശ്രീ.കെ.ഈശൻ(സി.പി.ഐ.എം)
9. ശ്രീ.കെ.കെ.കൃഷ്ണദാസ്(സി.പി.ഐ)
10. ശ്രീ.കെ.ടി.ജോസ്മാസ്റ്റർ(കോൺ.ഐ)
11. ശ്രീ.ജി.കെ.കൃഷ്ണൻകുട്ടിമാസ്റ്റർ(കോൺ.എ)

1979 സെപ്തംബർ 28-ാം തിയതി ഭരണസമിതിയോഗം ചേർന്ന് ശ്രീ.കെ.ഈശനെ പ്രസിഡന്റായും ശ്രീ.ജി.കെ.കൃഷ്ണൻകുട്ടിമാസ്റ്ററെ വൈസ് പ്രസിഡന്റായും തെരഞ്ഞെടുത്തു. ഈ ഭരണസമതി 1984 ഒക്ടോബർ ഒന്നാംതിയ്യതിവരെ തുടർന്നു. രണ്ടരക്കൊല്ലത്തിനു ശേഷം പ്രസിഡന്റിന് എതിരായി കോൺഗ്രസിലെ എ-ഐ വിഭാഗങ്ങൾ യോജിച്ച് അവിശ്വാസപ്രമേയം കൊണ്ടുവന്നപ്പോൾ പ്രസിഡന്റ് ശ്രീ.കെ.ഈശ്വൻ രാജിവെക്കുകയും കോൺഗ്രസ് അംഗമായ ശ്രീ.ജി.കെ.കൃഷ്ണൻകുട്ടിമാസ്റ്റർ പ്രസിഡന്റായും ശ്രീ.സി.എ.ഷൺമുഖനെ വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കുകയും ചെയ്തു. പിന്നീട് ശ്രീ.ജി.കെ.കൃഷ്ണൻകുട്ടിമാസ്റ്റർ പ്രസിഡന്റ് സ്ഥാനം രാജിവെച്ചപ്പോൾ ശ്രീ.കെ.കെ.പുരുഷോത്തമപണിക്കർ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 1984 മുതൽ 1988 വരെയുള്ള 4 കൊല്ലക്കാലം ഉദ്യോഗസ്ഥ ഭരണമായിരുന്നു പഞ്ചായത്തുകളിൽ

അടുത്ത തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയും കോൺഗ്രസുമായിട്ടായിരുന്നു പ്രധാന മത്സരം. ചില വാർഡുകളിൽ ബി.ജെ.പി. സ്ഥാനാർത്ഥികളുണ്ടായിരുന്നു. തിരഞ്ഞെടുപ്പിൽ താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

വാർഡ്

1. ശ്രീ.സി.എൽ.ജോയ് (കോൺ.എസ്സ്)
2. ശ്രീ.പി.കെ.വേലായുധൻ(കോൺ.ഐ.പട്ടിക ജാതി.റിസർവ്)
3. ശ്രീ.സി.ഇ.കുഞ്ഞിപ്പാലുവൈദ്യർ(ജനതാദൾ)
4. ശ്രീ.സി.പി.ജോസ്(സി.പി.ഐ.എം)
5. ശ്രീ.ടി.ഡി.സുഭാഷ്(സി.പി.ഐ)
6. ശ്രീ.വി.കെ.ഇസ്മയിൽ(കോൺ.ഐ)
7. ശ്രീമതി.പി.ആർ.സുശീലടീച്ചർ(സി.പി.ഐ.എം. വനിതാറിസർവ്)
8. ശ്രീ.കെ.ഈശൻ (സി.പി.ഐ.എം)
9. ശ്രീ.കെ.കെ.കൃഷ്ണദാസ്(സി.പി.ഐ)
10. ശ്രീമതി. ടി.ബി.ശാന്തകുമാരി(കോൺ.ഐ)
11. ശ്രീ. എൻ.സി.ശങ്കരൻ(സി.പി.ഐ)

1988 ഫെബ്രുവരി രണ്ടാം തിയ്യതി പഞ്ചായത്ത് സമിതി യോഗം ചേർന്ന് ശ്രീ.എൻ.സി. ശങ്കരനെ പ്രസിഡന്റായും

ശ്രീ.സി.പി.ജോസിനെ.വൈസ് പ്രസിഡന്റായും തിരഞ്ഞെടുത്തു. 1995 ഒക്ടോബർവരെ ഈ ഭരണസമിതി അധികാരത്തിലിരുന്നു.


പഞ്ചായത്ത് രാജ് നിയമമനുസരിച്ച് 1995 സെപ്തംബർ 25-ാം തിയ്യതി തിരഞ്ഞെടുപ്പ് നടന്നു. പതിനൊന്ന് വാർഡുകളുള്ളതിൽ ഒന്നും നാലും ഒമ്പതും വാർഡുകൾ വനിതാ റിസർവേഷനും അഞ്ചാംവാർഡ് പട്ടികജാതിവനിതാറിസർവേഷനും ഏഴാംവാർഡ് പട്ടികജാതി റിസർവേഷനുമാണ്. ബാക്കി എല്ലാസീറ്റും ജനറൽ റിസർവേഷനാണ്.

ഈ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യമുന്നണിയും ഐക്യജനാധിപത്യമുന്നണിയും തമ്മിലാണ് പ്രധാനമത്സരം നടന്നത്. ചില വാർഡുകളിൽ ബി.ജെ.പി.സ്ഥാനാർത്ഥികൾ മത്സരരംഗത്തുണ്ടായിരുന്നു. 11-ാംവാർഡിൽ ബി.ജെ.പി.സ്ഥാനാർത്ഥിയാണ് രണ്ടാം സ്ഥാനത്ത് വന്നത്.

താഴെ പറയുന്ന സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പിൽ ജയിച്ചു.

1. ശ്രീമതി .കെ.കെ.വത്സലടീച്ചർ(കോൺ.എസ്സ്., വനിതാറിസർവേഷൻ)
2. ശ്രീ.കെ.കെ.ധർമ്മദാസ്(കോൺ.ഐ)
3. ശ്രീ.സി.ഈ.കുഞ്ഞിപ്പാലു വൈദ്യർ(ജനതാദൾ)
4. ശ്രീമതി.ശ്രീജടീച്ചർ (കോൺ.ഐ. വനിതാ റിസർ)
5. മിസ്സ്.സി.വി.സുജ (സി.പി.ഐ. വനിതാ പട്ടികജാതി റിസർവേഷൻ)
6. ശ്രീ. വി.കെ. ഇസ്മയിൽ (കോൺ.ഐ)
7. ശ്രീ. സി.കെ.വിശ്വംഭരൻ മാസ്റ്റർ(സി.പി.ഐ.എം., പട്ടികജാതി റിസർവേഷൻ)
8. ശ്രീ. എ.എസ്സ്.ദിനകരൻ(സി.പി.ഐ.എം)
9. ശ്രീമതി.ശശികല ധർമ്മരാജൻ (സി.പി.ഐ. വനിത റിസർവേഷൻ)
10. ശ്രീ. വി.കെ.പ്രദീപ്(കോൺ.ഐ)
11. ശ്രീ.കെ.കെ. കൃഷ്ണദാസ്(സി.പി.ഐ)

1995 ഒക്ടോബർ രണ്ടാംതീയതി പഞ്ചായത്ത് സമിതി യോഗം ചേർന്ന് ശ്രീമതി.ശശികല ധർമ്മരാജനെ പ്രസിഡന്റായും ശ്രീ. എ.എസ്സ്.ദിനകരനെ വൈസ് പ്രസിഡന്റായും തിരഞ്ഞെടുത്തു. പഞ്ചായത്ത് രാജ് നിയമമനുസരിച്ച് സ്റ്റാന്റിംഗ് കമ്മറ്റിയിലേക്ക് ശ്രീ.സി.കെ.വിശ്വംഭരൻമാസ്റ്റർ, ശ്രീ.കെ.കെ.കൃഷ്ണദാസ്, ശ്രീമതി. വത്സലടീച്ചർ, ശ്രീമതി ശ്രീജടീച്ചർ, ശ്രീ.വി.കെ.ഇസ്മയിൽ എന്നിവരെ തിരഞ്ഞെടുത്തു. പ്രസിഡന്റും, വൈസ് പ്രസിഡന്റും എക്സ്-ഒഫീഷ്യോ അംഗങ്ങളാണ്. ശ്രീ.സി.കെ.വിശ്വംഭരൻമാസ്റ്ററെ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനായി തെരഞ്ഞെടുത്തു.



# 2

## കൃഷി ജലസേചനം

കനോലി കനാലിന്റെ കിഴക്കു ഭാഗത്തായി സ്ഥിതിചെയ്യുന്ന താന്ന്യം പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. മിക്കവാറും നിരപായി കിടക്കുന്ന ഭൂപ്രദേശം കൂടിയാണിത്. തെങ്ങ്, നെല്ല് എന്നിവയാണ് പ്രധാന കൃഷി. ഇടവിളയായി ചിലയിടങ്ങളിൽ കവുങ്ങും വാഴയുമുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട തൊഴിൽ മേഖലയാണിത്.

പട്ടിക 1

| | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 1. ഒരു ഹെക്ടറിൽ താഴെ | 3302 |
| 2. ഒരു ഹെക്ടറിന്നു രണ്ടു ഹെക്ടറിന്നും ഇടയിൽ | 96 |
| 3. രണ്ടു ഹെക്ടറിന്ന് മുകളിൽ | 38 |

നമ്മുടെ പഞ്ചായത്തിൽ 220.3 ഹെക്ടർ നിലവും, 1600 ഹെക്ടർ പുരയിടവും, കൃഷിയോഗ്യമായ തരിശ് 20 ഹെക്ടറുമാണ്. ഇതിൽ കുറച്ച് ഉയർന്ന സ്ഥലം എന്ന് പറയാവുന്നത് പഞ്ചായത്തിന്റെ തെക്ക് ഭാഗത്തുള്ള ഒന്നും, രണ്ടും വാർഡുകളാണ്. തരിശ് ഭൂമി പഞ്ചായത്തിൽ ഇല്ല എന്നതാണ് വസ്തുത.

മഴയെമാത്രം ആശ്രിയിച്ചുള്ള കൃഷിയായിരുന്നു പഞ്ചായത്തിൽ നടത്തികൊണ്ടിരുന്നിരുന്നത്. കളുങ്ങളും, തോടുകളും പരസ്പര ധാരണയോടെ ഉപയോഗിച്ചിരുന്നു. ആകെ ഭൂമിയുടെ 12% നെൽകൃഷിയാണ്. പലസ്ഥലങ്ങളിലും ആര്യൻ, വട്ടൻ തവളകണ്ണൻ, നവര, ചീര, പൊക്കാളി

എന്നീ വിത്തിനങ്ങളാണ് ഉപയോഗിച്ചുകൊണ്ടിരുന്നത്. ഇന്ന് പഴയ വിത്തുകൾ പ്രയോഗത്തിലില്ല. പകരം പുതിയ വിത്തിനങ്ങളായ ജ്യോതി, കാഞ്ചന, ത്രിവേണി, അന്ന പൂർണ എന്നിവയാണ് ഉപയോഗിക്കുന്നത്.

മുൻ കലങ്ങളിൽ ചാണകം, ഇലകൾ, ചപ്പുചവറുകൾ എന്നിവയാണ് വളമായി ഉപയോഗിച്ചിരുന്നത്. പകരം ഇപ്പോൾ ഉപയോഗിക്കുന്നത് രാസവളങ്ങളാണ്.

മുൻകാലങ്ങളിൽ കൊയ്ത്തു കവിഞ്ഞൽ ഇടവിളകളായി മത്തൻ, കുമ്പളം, പടവലം, വെള്ളരി, കൂർക്ക എന്നിവ ഒറ്റയ്ക്കും കൂട്ടമായും കൃഷിചെയ്തിരുന്നു. ഇന്ന് ഇടവിളകൾ ഇല്ല എന്നുതന്നെ പറയാം. ജലസേചനത്തിനായി നെൽപാടങ്ങളിൽ കയറ്റുകുട്ടയും, ചക്രവും ഉപയോഗിച്ചിരുന്നു. എന്നാൽ ഇടവിളകൾക്ക് കുടങ്ങളിൽ വെള്ളം കൊണ്ടുപോയി നനക്കുകയായിരുന്നു പതിവ്.

പ്രധാനപ്പെട്ട വിള തെങ്ങായിരുന്നു എങ്കിലും വളപ്രയോഗത്തിന്റേയും പരിചരണത്തിന്റെയും കാര്യത്തിൽ തെങ്ങിനെ നാം അവഗണിക്കുകയായിരുന്നു. ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. തെങ്ങിനെ പരിചരിക്കുന്ന കാര്യത്തിൽ ഊന്നൽ നല്കുകയും നെൽകൃഷിയെ അവഗണിക്കുകയും ചെയ്യുന്നു. കാർഷിക ഉല്പന്നങ്ങളുടെ പ്രധാന വിപണ കേന്ദ്രം കൊച്ചിയായിരുന്നു. കനോലി കനാലിലൂടെ വള്ളങ്ങളിൽ ചരക്ക് നിറച്ച് കൊച്ചിയിലെത്തിക്കുകയായിരുന്നു പതിവ്.

ഭൂ നിയമ പരിഷ്കരണം നടപ്പിലായതോടെ സ്വന്തമായി കിട്ടിയ വയലുകൾ പലരും നികത്തുകയും തെങ്ങ് വെച്ച് പിടിപ്പിക്കുകയും ചെയ്തു. മറ്റു ചിലരാകട്ടെ വയൽ നികത്തി വീട് വയ്ക്കുന്ന പ്രവണതയും പ്രകടിപ്പിക്കുന്നു. നെൽകൃഷിലാഭകരമല്ലാതായതോടെ നെൽകൃഷിയിൽ ഏർപ്പെട്ട് ഉപജീവനം നടത്തിയിരുന്ന പലരും അതുപേക്ഷിച്ച് മറ്റ് ജോലികൾ തേടുന്നതിൽ വ്യാപൃതരായി. മുൻകാലങ്ങളിൽ കൃഷിക്കാരനുണ്ടായിരുന്ന മാന്യത നഷ്ടമായതും, പ്രകൃതിക്ഷോഭത്താലുണ്ടാകുന്ന വിളനാശവും, വിത്തിന്റേയും, വളത്തിന്റേയും വിലവർദ്ധനവും, കർഷകതൊഴിലാളികളുടെ ദൗർലഭ്യവും ഉൽപന്നങ്ങളുടെ വിലയിടിവും നെൽ കൃഷിക്കാരെ നിരാശയിലാഴ്ത്തി.

നെൽവയലുകൾ നികത്തിയതുമൂലം കാലകാലങ്ങളായി വെള്ളം ഒഴികിയിരുന്ന തോടുകൾ നികത്തപ്പെട്ടത് മറ്റുകൃഷിക്കാരെ ദോഷകരമായി ബാധിച്ചു എന്ന് മാത്രമല്ല അനാവശ്യമായ വെള്ള കെട്ടുകൾ ഉണ്ടാവുകയും ചെയ്തു. പരിതസ്ഥിതി പ്രശ്നത്തിൽ ഇത് വലിയ പ്രത്യാഗാതങ്ങളാണ് ഉണ്ടാക്കിയത്. പാടങ്ങളിൽ കൃഷിചെയ്തിരുന്ന ഇടവിളകൾ നിശ്ശേഷം നിന്നുപോയിരിക്കുന്നു. ഇന്ന് കൃഷിക്ക് ഉപയുക്തമാകുമായിരുന്ന സ്വകാര്യ കുളങ്ങൾ തൂർത്ത് വരുന്നതു പൊതുവായ തോടുകൾ മണ്ണിടിഞ്ഞ് തൂർന്ന് വരുന്നതും വലിയ വിനയായിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ഒരു പ്രധാന തോടായ മാത്യുതോടിന്റെ അവസ്ഥ ദയനീയ സ്ഥിതിയിലാണ്.

**ഭൂവിനിയോഗം**

പഞ്ചായത്തിന്റെ ആകെ വിസ്തീർണം 1840.3 ഹെക്ടർ ആണ്. തോടുകളും, കുളങ്ങളും, നെൽപാടങ്ങളും അടങ്ങിയതാണിത്. പഞ്ചായത്തിന്റെ ഒട്ടുമിക്ക ഭാഗങ്ങളും മണൽകലർന്ന മണ്ണാണ്. ഒന്നും രണ്ടും വാർഡുകളിൽ മാത്രം ചരൽ കലർന്ന ചെമ്മണ്ണ് കാണപ്പെടുന്നു. ആകെ വിസ്തൃതിയുടെ 87% തെങ്ങ് കൃഷിയാണുള്ളത്. ശരാശരി തെങ്ങ് ഒന്നിന് 30-35 നാളികേരമാണ് കിട്ടികൊണ്ടിരിക്കുന്നത്. ശാസ്ത്രീയമായി ജലവും, വളവും ലഭ്യമാക്കിയാൽ വിള ഇനിയും വർദ്ധിപ്പിക്കുവാൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല.

പട്ടിക 2

| ഭൂപ്രകൃതി | |
|---|---|
| 1. ഉയർന്ന പ്രദേശം | 3ച.കി.മീറ്റർ |
| 2. തുരുത്ത് | 10 ഹെക്ടർ |
| 3. പുഴ | 14 ഹെക്ടർ |
| 4. മാത്യുതോട് | 7 കി.മീറ്റർ |

പഞ്ചായത്തിന്റെ ഒന്നും രണ്ടും വാർഡുകളിൽ വാഴ ഇടവിളയായി കൃഷിചെയ്യുന്നുണ്ട്. മറ്റ് വാർഡുകളിൽ കവുങ്ങ്, കുരുമുളക് എന്നിവയും കൃഷി ചെയ്യുന്നു.

പട്ടിക 3

ഇടവിളകൾ

| വിള | വിസ്തീർണ്ണം ഹെക്ടറിൽ | ഉൽപാദനക്ഷമത |
|---|---|---|
| 1. പയർ | 2 ഹെക്ടർ | 850 Kg/ ഹെക്ടർ |
| 2. പച്ചക്കറി | 22 ഹെക്ടർ | 2500kg/ഹെക്ടർ |
| 3. വാഴ | 3.5 ഹെക്ടർ | 17500 kg/ഹെക്ടർ |
| 4. കുരുമുളക് | 5 ഹെക്ടർ | 300 kg/ഹെക്ടർ |
| 5. കവുങ്ങ് | 15 ഹെക്ടർ | 18600 Nuts/ ഹെക്ടർ |
| 6. തെങ്ങ് | 1492 ഹെക്ടർ | 10500 Nuts/ ഹെക്ടർ |

**നെൽകൃഷി**

നെൽകൃഷിയുടെ കാര്യത്തിൽ പഴയ വിത്തിനങ്ങൾ ആരുംതന്നെ ഉപയോഗിക്കുന്നില്ല സങ്കരയിനം വിത്തുകളാണ് ഉപയോഗിക്കുന്നത്. വെണ്ടര പാടത്ത് ഒറ്റപൂവ്വായിരുന്നത് രണ്ട് പൂവായി ഉയർന്നപ്പോൾ തോട്ടാൻ ചിറ പെരിങ്ങോട്ടുകര പാടം, കണ്ണൻചിറപാടം പോലുള്ള പാടശേഖരങ്ങളിൽ രണ്ട് പൂവുണ്ടായിരുന്നത് ഒരു പൂവായി ചുരുങ്ങി.

പട്ടിക 4

| വിള | വിസ്തിർണ്ണം |
|---|---|
| 1. നെല്ല് ഒന്നാം വിള | 130.3 ഹെക്ടർ |
| 2. നെല്ല് രണ്ടാം വിള | 210 ഹെക്ടർ |
| 3. നെല്ല് മൂന്നാം വിള | 70 ഹെക്ടർ |

## വളം

സഹകരണ മേഖലയിൽ രണ്ടിടങ്ങളിലായി 2 വളം വിപണനകേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. കൃഷിക്ക് ഉപയോഗിക്കുന്നത് 80% ത്തോളം രാസവളങ്ങളും 20% ജൈവവളങ്ങളുമാണ്. ശാസ്ത്രീയമായ രീതിയിലല്ല വളപ്രയോഗം നടത്തുന്നത്. അതുകൊണ്ട് ചിലവ് കൂടുകയും ചെയ്യുന്നു. മണ്ണ് പരിശോധിച്ച് ആവശ്യമായ വളപ്രയോഗരീതി നിലവിലില്ല. ജൈവവളങ്ങൾ വളരെ കുറച്ച് മാത്രമാണ് ഉപയോഗിക്കുന്നത്. ആവശ്യാനുസരണം ലഭ്യമല്ലാത്തതാണ് പ്രധാന കാരണം. രാസവളം വിൽപനയുടെ കണക്ക് താഴെ ചേർക്കുന്നു.

പട്ടിക 5

| വളത്തിന്റെ ഉപയോഗം | |
|---|---|
| 1993–94 | 10329 കി |
| 1994–95 | 77487 കി |
| 1995–96 | 75572 കി |

## കീടനാശിനികൾ

നെല്ല്, വാഴ എന്നിവക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിക്കുന്നത്. തെങ്ങിന് തീരെ ഉപയോഗിക്കുന്നില്ല എന്ന് പറയാം. കീടനാശിനികൾ ഉപയോഗിക്കുമ്പോൾ മുൻകരുതലെടുക്കാറില്ല. കൃഷിക്കാരുടെ അജ്ഞതയാണ് പ്രധാന കാരണം.

പട്ടിക 6

| കീടനാശിനിയുടെ ഉപയോഗം | | |
|---|---|---|
| 1993–94 | ദ്രവം | 182.600 ലി |
| | ഖരം | 736.100 കി. |
| 1994–95 | ദ്രവം | 115.050 ലി |
| | ഖരം | 525.35 കി |
| 1995–96 | ദ്രവം | 115.600 ലി |
| | ഖരം | 876.700 കി. |

## കാർഷികോപകരണങ്ങൾ

ഉഴവ് നടത്തുന്നത് ട്രില്ലറുകൾ ഉപയോഗിച്ചാണ്. അതുപോലെതന്നെ ആധുനികമായ സ്പ്രെയറുകളും ഉപയോഗിക്കുന്നു. കൃഷിഭവനിലൂടെ വിതരണം ചെയ്ത ഉപകരണങ്ങളുടെ കണക്ക് താഴെ ചേർക്കുന്നു.

പട്ടിക 7

| | |
|---|---|
| 1. ട്രാക്ടർ | 3 എണ്ണം |
| 2. ട്രില്ലർ | 7 എണ്ണം |
| 3. റോക്ക് സ്പ്രെയർ | 20 എണ്ണം |
| 4. നാപസ്റ്റാക്ക്സ്പ്രെയർ | 132 എണ്ണം |
| 5. തെങ്ങ്കയറ്റയന്ത്രം | 4 എണ്ണം |
| 6. പമ്പ് സെറ്റ് | 53 എണ്ണം |

## പാടശേഖര സമിതികൾ

പാടശേഖര സമിതിയായി 6 എണ്ണവും തെങ്ങ് കൃഷിക്കാരുടെതായി കേരവികസനസമിതിയും പ്രവർത്തിക്കുന്നു. ഇതിൽ ഒരു പാടശേഖര സമിതി മാത്രമാണ് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നത്.

പട്ടിക 7

പാടശേഖര സമിതിയും വിളക്രമങ്ങളും

| പാടശേഖരത്തിന്റെ പേര് | ഒന്നാംവിള | രണ്ടാംവിള | മൂന്നാംവിള |
|---|---|---|---|
| 1. വെണ്ടരപാടശേഖര സമിതി | 3975 കിന്റൽ | 147 കിന്റൽ | |
| 2. തോട്ടാൻചിറ പാടശേഖര സമിതി | | | |
| 3. ശ്രീരാമൻ ചിറ പാടശേഖര സമിതി | | | |
| 4. പെരിങ്ങോട്ടുകര പാടശേഖര സമിതി | | | |
| 5. കണ്ണൻ ചിറ പാടശേഖര സമിതി | | | |
| 6. മാത്യൂ പാടം പാടശേഖര സമിതി | | | |

## കൂലി നിരക്ക്

കാർഷിക മേഖലയിൽ കാർഷകതൊഴിലാളികളുടെ എണ്ണം കുറഞ്ഞ് വരുന്നു. കൃഷിക്കാരുടെ എണ്ണവും കുറഞ്ഞ് വരുന്നു. പുതിയ തലമുറക്ക് കൃഷിയിൽ ഒട്ടും താല്പര്യമില്ല. കൃഷിയെ മുഖ്യ ഉപജീവനമാർഗ്ഗമായികാണുന്നവർ വളരെ കുറവാണ്.

ഏകദേശം 4000 കർഷകതൊഴിലാളികലാണ് ഉള്ളത്. അതിൽ പലരും കെട്ടിടനിർമ്മാണതൊഴിലിലേക്കും മറ്റ് അനുബന്ധ മേഖലകളിലേക്കും തിരഞ്ഞുകൊണ്ടിരിക്കുന്നു. കർഷക തൊഴിലാളികളുടെ ശരാശരി കൂലിനിരക്ക് പുരഷന് 100 രൂപയും സ്ത്രീക്ക് 40 രൂപയുമാണ്. സ്വയം അദ്ധ്വാനിച്ച് കൃഷിചെയ്യുന്ന കർഷകർ കുറവാണ്. മാത്രമല്ല കർഷകരെ ഒരു വിധത്തിൽ സാമ്പത്തിക ഞെരുക്കത്തിൽനിന്ന കരകയറ്റുന്നത് സഹകരണസംഘങ്ങളിൽനിന്നും, ബാങ്കുകളിൽനിന്നും കിട്ടുന്ന വായ്പകളാണ്.

പട്ടിക 8

ബാങ്ക് വായ്പകളെ സംബന്ധിച്ച വിവരങ്ങൾ

| ബാങ്കുകൾ | വിതരണം ചെയ്ത സംഖ്യ |
|---|---|
| 1. താന്ന്യം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് R 387 | ST: 778116 രൂപ<br>MT: 217222 രൂപ |
| 2. പെരിങ്ങോട്ടുകര സർവ്വീസ് സഹകരണസംഘം | 54818 രൂപ |

പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തിവന്നിരുന്നുത്. എന്നാൽ ഇന്ന് വെള്ളം സംഭരിച്ച് നിറുത്തി കൃഷിചെയ്യാനുള്ള സംവിധാനങ്ങളുണ്ട്. പക്ഷേ ശരിക്കും പ്രയോജനപ്പെടുത്തുന്നില്ല.

### തോടുകൾ

പഞ്ചായത്തിലുള്ള പ്രധാനതോട് മാത്യു തോടാണ്. ശ്രീരാമൻചിറതോട്, പെരിങ്ങോട്ടുകര, കണ്ണൻ ചിറതോട്, അന്തിക്കാട് പഞ്ചായത്തിലും താന്ന്യം പഞ്ചായത്തിലുമായിട്ടാണ്. ഈ തോടുകളുടെ കിടപ്പ്. നമ്മുടെ പഞ്ചായത്തിൽ മാത്തുതോടിന്നും ശ്രീരാമൻ ചിറ കണ്ണൻ ചിറ തോടിന്നും 7കി.മീറ്റർ വീതം നീളം ഉണ്ട്. വെണ്ടരപാടം, മങ്ങാട്ടുപാലം തോട് 3 കി.മീറ്റർ വരും തുടർന്ന് വടക്കോട്ട് ഒന്നര കി.മീറ്റർ ദൂരം ഉണ്ട്. 2 കിലൊമീറ്ററോളം വലുപ്പമുള്ള മാക്കുറ്റ തോടും, കൊക്കാലകനാലും കൂടാതെ വലുതും ചെറുതുമായി അനവധി തോടുകൾ ഈ പഞ്ചായത്തിൽ ജലസേജനത്തിന്നായി ഉപയോഗിക്കുന്നുണ്ട്.

### കുളങ്ങൾ

പഞ്ചായത്തതിർത്തിയിൽ 600 കുളങ്ങളാണ് ആകെയുള്ളത്. 30 കുളങ്ങൾ പഞ്ചായത്തിന്റെ അധീനതയിലും 570 കുളങ്ങൾ സ്വകാര്യ വ്യക്തികളുടെതുമാണ്. ഈ കുളങ്ങളെല്ലാം കൃഷിക്ക് ഉപയോഗപ്പെടുത്തിയിരുന്നു. കുളങ്ങൾ സംരക്ഷിക്കപ്പെടാത്തതിന്റെ ഭാഗമായി തൂർന്ന് വരുന്നതായും കണ്ടുവരുന്നു. ഇതിൽ പ്രധാനപ്പെട്ട രണ്ട് കുളങ്ങളുണ്ട്. ഏകദേശം 1 ഏക്കർ 26 സെന്റ് ഉള്ള മലിലെട്ടും കുളവും 70-80 സെന്റ് ഉള്ള കരുവാൻകുളവും നെൽകൃഷിക്കും തെങ്ങ്കൃഷിക്കും ഈ കുളങ്ങളിലെ വെള്ളം ഉപയോഗിച്ച് വരുന്നു. മതിലെട്ടുംകുളം ജലസേചനത്തിന്നു ഉപയോഗിക്കാവുന്നതാണ്.

പട്ടിക 9

ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

| | എണ്ണം |
|---|---|
| 1 തോട് | 4 |
| 2. കുളം | 600 |
| 3. കുഴൽ കിണർ | 5 |
| 4. പൊതുകിണർ | 52 |
| 5. ക്രോസ് ബാർ | 13 |

### മണ്ണ് ജലസംരക്ഷണം

മഴപെയ്തു കിട്ടുന്ന ജലം പരമാവധി പ്രയോഗിക്കേണ്ടത് അനിവാര്യമാണ്. മുൻപൊക്കെ തെങ്ങിന്ന് തടം എടുക്കുക, വരമ്പുകളിടുക എന്നീ പണികൾ ചെയ്തിരുന്നു. ഇന്ന് നാമതി ശരിക്ക് ചെയ്യുന്നില്ല. ഭൂമി ചെറുകഷണങ്ങളായി ഭാഗിച്ചതു, മണ്ണ സംരക്ഷിക്കുന്നതിലെ അജ്ഞതയും മൂലം നാമിന്ന് മണ്ണിനേയും ജലത്തേയും സംരക്ഷിക്കുന്നില്ല.

### നഴ്സറികൾ

നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു നഴ്സറി നമ്മുടെ പഞ്ചായത്തിലില്ല. ഭാഗികമായി പ്രവർത്തിക്കുന്ന രണ്ട് നഴ്സറിയാണുള്ളത്. അവിടെ എല്ലാതരം ചെടികളും വൃക്ഷതൈകളും സുലഭമായി ലഭിക്കുന്നുമില്ല.

### കൃഷിഭവൻ

കൃഷിഭവന്റെ പ്രവർത്തനെ പരിമിതമായാണ് നടക്കുന്നത്. 3 കൃഷി അസിസ്റ്റന്റുമാരും, ഒരു കൃഷി ഓഫീസറും ജോലിക്കാരായുണ്ട്. കൃഷിഭവന്റെ പ്രവർത്തനം പരിപൂർണമായും താഴെതട്ടിലേക്ക് ഇറങ്ങിചെല്ലുന്നില്ല. മാത്രമല്ല നമ്മുടെ പഞ്ചായത്തിലെ പലർക്കും കൃഷിഭവനെപറ്റി അറിയില്ല എന്ന വസ്തുതകൂടി നിലനില്ക്കുന്നു.

### പ്രശ്നങ്ങൾ

കനാലിതോട് രണ്ടറ്റവും മുട്ടിനില്ക്കുന്നത് അറബിക്കടലിനോടാണ്. അതുകൊണ്ട്തന്നെ പുഴയിൽ കയറുന്ന ഉപ്പ് മൂന്ന് പാടശേഖരങ്ങളെ പ്രധാനമായി ബാധിക്കുന്നു. ഉൽപാദനത്തിൽവന്ന ചിലവ്, കാർഷിക തൊഴിലാളികളുടെ എണ്ണക്കുറവ്, അദ്ധ്വാനത്തിൽ കർഷകരുടെ താല്പര്യമില്ലായ്മ, ഉൽപന്നങ്ങൾക്ക് മതിയായ വില കിട്ടായ്ക, പ്രകൃതിയിൽവന്ന മാറ്റം മറച്ചിലുകൾ, പകൃതിക്ഷോഭത്താൽ വരുന്ന നാശനഷ്ടങ്ങൾ എന്നിവയൊക്കെ നെൽകൃഷിയെ സാരമായി ബാധിച്ചിരിക്കുന്നു. മുഖ്യ വിളയായ തെങ്ങാകട്ടെ ഉൽപാദനത്തിൽ മെച്ചപ്പെട്ടുനില്ക്കുന്നത് ചില സ്ഥലങ്ങളിൽ മാത്രമാണ്. ജലസേചനത്തിന്റെ കാര്യത്തിൽ തെങ്ങിനെ അവഗണിക്കുന്നതും ഉൽപാദനത്തിൽ കുറവ് വരുത്തുന്നു. നാളികേരത്തിന്റെ അടിക്കടിയുള്ള വിലക്കുറവ്, നല്ലയിനം തെങ്ങിൻ തൈക്കൾ ലഭിക്കായിക, രോഗബാധയും കാറ്റ് വീഴ്ചയും തെങ്ങ് കൃഷിക്കാരന്റെ പ്രശ്നങ്ങളാണ്.

മൊത്തം വളപ്രയോഗത്തിന്റെ ഭൂരിഭാഗവും രാസവളങ്ങളാണ്. എന്നാൽ വളപ്രയോഗം സമയാസമയത്തല്ല നടത്തുന്നത്. ജൈവവളപ്രയോഗം നന്നേകുറവാണ്. ഉപയോഗിക്കുന്നവരാകട്ടെ ചാണകംമാത്രമാണ് പ്രയോജനപ്പെടുത്തുന്നത്. മണ്ണ പരിശോധിച്ച് കർഷകനെ ബോദ്ധ്യപ്പെടുത്തി വളെ പ്രയോഗം നടത്തുന്നതിന്ന് ബോധവൽക്കരണം അനിവാര്യമാണ്. മണ്ണ് പരിശോധനക്കയച്ച്, അതിന്റെ ഫലം വരുവാനുള്ള കാലതാമസം കൃഷിക്കാരെ നിരാശപ്പെടുത്തുന്നതാണ്.

നെൽപാടങ്ങളിൽ ഇടവിളയായി ചെയ്തിരുന്ന പച്ചക്കറികൃഷി തീരെ നിന്ന് പോയിരിക്കുന്നു. ജലസേചനം നടത്തുന്നതിന്നുള്ള ബുദ്ധിമുട്ട്, ഉൽപന്നങ്ങൾക്ക് ശരിയായ വിലകിട്ടായ്ക, രോഗപ്രതിരോധത്തിൽവരുന്ന വീഴ്ചമൂലം കൃഷിനശിക്കുക എന്നിവ മൂലം കൃഷിക്കാർ ഖിന്നരും ദുഃഖിതരുമായി മാറി. നെല്ലിന്ന് മുഞ്ഞരോഗം, പോളരോഗം, പോളിച്ചരോഗം, ചാഴിശല്യം എന്നിവയും തെങ്ങിന് കുമ്പുചീയൽ, തെങ്ങോലപുഴു, പലതരം വണ്ടുകളുടേയും ചെള്ളുകളുടേയും ആക്രമണം, മഞ്ഞളിപ്പ്, കാറ്റ് വീഴ്ച എന്നീവയും കണ്ടുവരുന്നു. ആധുനിക കൃഷിരീതികൾ കർഷകരെ പഠിപ്പിക്കുകയും, കൃഷി ചെയ്യാൻ പ്രേരിപ്പിക്കുകയും വേണം. ആവശ്യമായ സമയങ്ങളിൽ വിത്ത്, വളം, കീടനാശിനി കിട്ടായ്ക വിഭക്തരുടെ ഉപദേസങ്ങളും നിർദ്ദേശങ്ങളും കിട്ടാതിരിക്കുക, സർക്കാരിൽനിന്ന് കിട്ടുന്ന ആനുകൂല്യങ്ങൾ കിട്ടുന്നതിലുള്ള കാലതാമസം തുടങ്ങിയ കാര്യങ്ങളും കൃഷിക്കാരെ വിമുഖതരാക്കുന്നു.

**നിർദ്ദേശങ്ങൾ**

1. ആധുനിക കൃഷിരീതി ഭൂരിഭാഗം കൃഷിക്കാർക്കുമറിയില്ല. അത് കൃഷിക്കാരെ പഠിപ്പിക്കുകയും, ബോധവൽക്കരണം നടത്തേണ്ടതായിട്ടുമുണ്ട്. ഇടവിളകളുടെ ഗുണവും പ്രയോജനവും കൃഷിക്കാരെ ബോദ്ധ്യപ്പെടുത്തണം. പുഷ്പകൃഷിയും, കൂൺകൃഷിയും കവുങ്ങ് കൃഷിയും പ്രോത്സാഹിപ്പിക്കപ്പെടണം. കുറ്റിമുല്ലകൃഷിയും, ഓർക്കിഡ്കൃഷിയും ഒരുപാട് സാദ്ധ്യതകളുള്ള പൂകൃഷിയാണ്. കൂൺ കൃഷിയാണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ തീരെയില്ല. മാത്രമല്ല പറമ്പുകളിൽ വെച്ച് പിടിപ്പിക്കാവുന്ന ഔഷധ ചെടികൾ അനവധിയാണ്. ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ട് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തികൊണ്ടുള്ള സംവിധാനം ഏർപ്പെടുത്തണം. ഈ കമ്മറ്റിമുഖേന, പൂ കൃഷിക്കുള്ള ചെടികൾ, വിത്തുകൾ, എന്നിവ ലഭ്യമാക്കുകയും, കൃഷിരീതിയെകുറിച്ചുള്ള പരിശാലന ക്ലാസ്സുകളും വിപണന സാദ്ധ്യതകളും ഉണ്ടാക്കിയെടുക്കുകയും വേണം.

2. മാത്യുതോട്, കണിയാമ്പറമ്പ് തോട്, പെരിങ്ങോട്ടുകര പാടത്തും ശ്രീമാൻ ചിറപാടത്തും, കണ്ണൻചിറപാടത്തു കൂടിയും വെങ്ങരപാടത്തുകൂടി പോകുന്ന തോടുകൾ അളന്ന് തിട്ടപ്പെടുത്തി വീതികൂട്ടുകയും ആഴം കൂട്ടുകയും വേണം. കിഴുപ്പിള്ളക്കര, വെങ്ങര പാടത്ത് നിന്ന ഈ തോടിലേക്ക് വെള്ളം അടിച്ച് നിറുത്തിയാൽ നമ്മുടെ ജലക്ഷാമത്തിന്ന് അറുതി വരുത്താൻ കഴിയും. മാത്രമല്ല തെങ്ങ് കൃഷിയും, നെൽകൃഷിയും പതിന്മടങ്ങ് വർദ്ധിക്കുകയും ചെയ്യും.

3. എല്ലാ പഞ്ചായത്ത് കുളങ്ങളും മണ്ണെടുത്ത് വൃത്തിയാക്കുകയും, വെള്ളം കെട്ടിനിറുത്താനും, വെള്ളം കുളത്തിലേക്ക് എത്തിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം. മാത്രമല്ല സ്വകാര്യ വ്യക്തികളുടെ കുളങ്ങൾ വൃത്തിയാക്കാൻ അവരെ പ്രേരിപ്പിക്കുകയും, ഗുണത്തെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുകയും വേണം.

4. പഞ്ചായത്തിലെ എല്ലാവർഡുകളിലും മണ്ണിന്റെ സാമ്പിൾ സർവ്വെ നടത്തി ശാസ്ത്രീയ വളപ്രയോഗരീതികളെക്കുറിച്ച് ബോധവൽക്കരണം നടത്തണം.

5. നീർക്കെട്ട് ഒഴിവാക്കുന്നതിന് കാലാകാലങ്ങളിൽ ഉപയോഗിച്ച് വന്നിരുന്ന തോടുകൾ വൃത്തിയാക്കുകയും, മണ്ണിട്ട് തൂർത്ത തോടുകൾ പുനരുദ്ധരിക്കുകയും വേണം.

6. നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഭാഗമായി നല്ലവിത്തുകൾ കൃഷികാർക്ക് എത്തിച്ച് കൊടുക്കുകയും ഗ്രൂപ്പ് ഫാമിങ് ഏർപ്പെടുത്തുകയും വേണം.

7. വിത്തും, വളവും സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കണം. കർഷകർക്ക് ആവശ്യമായ സാമഗ്രികൾ യഥാസമയം ലഭ്യമാക്കണം. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഇടത്തട്ടുകാരെ ഒഴിവാക്കികൊണ്ടുള്ള സേവന സംഘങ്ങൾ ഉണ്ടാക്കണം. വിത്ത് സംഭരിക്കാനും വിതരണം ചെയ്യാനും പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കുന്നത് നന്നായിരിക്കും.

8. മുനയം ബണ്ട് ചെക്ക് ഡാമാക്കി ഉയർത്തുകയും ഉപ്പുവെള്ളം മറ്റുതോടുകളിലേക്ക് കടന്ന് വരാതെ ശ്രദ്ധിക്കുകയും വേണം.

9. കരുവാൻകുളം, കൂർക്കപറമ്പ് ജലസേചന പദ്ധതി മൂന്നാം വാർഡിന്റെ എല്ലാഭാഗത്തേക്കും, 4-ാംവാർഡിലും പ്രയോജനപ്പെടുത്താൻ കഴിയും. ഈ പദ്ധതി വിപുലീകരിക്കുകയും പ്രയോജനപ്പെടുത്തുകയും വേണം.

10. ഡ്രിപ്പ് ഇറിഗേഷൻ പ്രോത്സാഹിപ്പിക്കുക, വിള ഇൻഷുറൻസ് കാര്യക്ഷമമായി നടപ്പിലാക്കുക, സമഗ്രകേരവികസന പദ്ധതി നടപ്പിലാക്കുക, ബയോഗ്യാസ് നിർമ്മാണം പ്രോത്സാഹിപ്പിക്കുക, പ്രകൃതി ക്ഷോഭ അനുകൂല്യങ്ങൾ കഴിയുന്നതുംവേഗം ലഭ്യമാക്കുക എന്നീകാര്യങ്ങൾക്ക് വേണ്ടി ഒരു സമിത പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക.

11. വാർഡുതലത്തിൽ വീട്ടമ്മമാരെ ഉൾപ്പെടുത്തി വാർഡുകമ്മറ്റികൾ രൂപീകരിച്ച് അടുക്കളതോട്ടമുണ്ടാക്കാനും, ഇടവിളകൾ, ഔഷധസസ്യങ്ങൾ എന്നിവ വളർത്താൻ പ്രോത്സാഹനം കൊടുക്കുകയും, വിത്തുകളും, ചെടികളും, തൈകളും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്യുക

12. കൃഷി വകസനത്തിനു യന്ത്രവൽക്കരണവും, ഫാംറോഡുകളും അത്യന്താപേക്ഷിതമാണ്.

13. ഓരോ വാർഡിലേയും ഏറ്റവും നല്ല കർഷകനെ തിരഞ്ഞെടുക്കുകയും ഈ കർഷകരിൽനിന്ന് പഞ്ചായത്തിലെ ഏറ്റവും നല്ല കർഷകനെ നിരഞ്ഞെടുക്കുകയും അവാർഡ് നല്കി ആദരിക്കുകയും വേണം.

14. കാർഷകർക്ക് ഉദാരമായ ലോൺ വ്യവസ്ഥകൾ ഉണ്ടാക്കുകയും നൽകുകയും വേണം.

**ജലസേചനപദ്ധതി**

15. ചിമ്മിണി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള "അന്തിക്കാട് ലിഫ്ട്" അതിന്റ പ്രവർത്തനത്തിൽ വളരെ തടസ്സങ്ങളും പരിമിതികളുമുണ്ട്. ഇതിന്നുപരിഹാരം കണ്ടു വേനൽക്കാലത്തുകൂടി വെള്ളം പമ്പുചെയ്തു മാത്തു പാടത്തു തോട്ടിൽ ചെറിയ ബണ്ടുകൾ നിർമ്മച്ചു വെള്ളം പല തട്ടുകളിലായി കെട്ടി നിറുത്തണം.

16. ഇതിന്നു പുറമെ മാത്തുപാടത്തേക്കുവരുന്ന വെള്ളം താന്ന്യം പഞ്ചായത്തിന്റെ വടക്കേ അറ്റത്തു പടിഞ്ഞാറോട്ടു ജൂബിലി റോഡുവഴി അഞ്ചങ്ങാടികൂടി കുഴൽ വഴി ശ്രീരാമൻ ചിറയുടെ വടക്കെ അറ്റത്തേക്കു വെള്ളം ചാടിച്ച് ശ്രീരാമൻ ചിറ, പരിങ്ങോട്ടുകരപാടം, കണ്ണംചിറ എന്നിവടങ്ങളിലേക്കു വെള്ളം എത്തിക്കുവാൻ സാധിക്കും.

17. വെണ്ടരപാടം തോൾ തോടുവഴി പടിഞ്ഞാറോട്ടു വരുന്ന വെള്ളം ലിഫ്റ്റ് ചെയ്ത് പിടഞ്ഞാറുഭാഗം കിഴുപ്പിളിക്കര വലിയകുളത്തിലേക്കു എത്തിച്ചു അവിടെ നിന്നു കുണ്ടലികുളപ്പാടത്തേക്കു ചാടിക്കുവാൻ കഴിയും. മാത്തു പാടത്തിന്റെ തെക്കേ അറ്റത്തേക്കുകൂടി ഇതു ഗുണം ചെയ്യും.


18. വെണ്ടരപാടം തോടുവഴി മങ്ങാട്ടുപാടത്തേക്കുവരുന്ന വെള്ളം അവിടെനിന്നു ലിഫ്ട്ചെയ്ത് വടക്കോട്ടു പോകുന്ന പുറമ്പോക്കുചാൽവഴി പഞ്ചായത്തിന്റെ വടക്കെ

അറ്റംവരെ എത്തിച്ചു. അവിടെനിന്നു പടിഞ്ഞാറോട്ടു കുഴൽവഴി 11-ാംവാർഡിന്റെ മദ്ധ്യത്തിലുള്ള 1.25 ഏക്കർ വരുന്ന മതിലെട്ടുകുളത്തിലേക്കു ചാടിച്ചു കൃഷിക്കു ഉപയോഗിക്കാവുന്നതാണ്.

19. ശ്രീരാമൻചിറയിൽ ഇപ്പോൾ സ്ഥാപിതമാക്കിയിട്ടുള്ള ലിഫ്ട് ശരിയാംവണ്ണം പ്രവർത്തിപ്പിക്കുവാൻ കഴിയുന്നില്ല. ഇതിന്നു പരിഹാരമുണ്ടാക്കി യഥാവസരം ലിഫ്ട് പ്രവർത്തിപ്പിച്ചാൽ ശ്രീരാമൻചിറയിൽ ഒരു പരിധിവരെ വെള്ളം സംഭരിച്ചുനിറുത്തുവാൻ സാധിക്കും. ഇപ്പോൾ പഞ്ചായത്തു നിയന്ത്രണത്തിലാണു ലിഫ്ട് പ്രവർത്തിപ്പിക്കുന്നത്. ഇതു കൃഷിക്കാരുടെ സമിതിയുണ്ടാക്കി അവരെ ഏല്പിക്കുന്നതു നന്നായിരിക്കും.

മേൽ ചേർത്ത ഈ പദ്ധതികൾ നടപ്പിലാക്കിയാൽ താന്ന്യം പഞ്ചായത്തിലെ കാർഷികോല്പാദനം ഇന്നുള്ളതിന്റെ ഇരട്ടിയാക്കുവാൻ സാധിക്കും. കൂടാതെ കുടിവെള്ള പ്രശ്നത്തിന്നും പരിഹാരം കാണുവാൻ സാധിക്കുകയും ചെയ്യും.





# 3

# മത്സ്യമേഖല മൃഗപരിപാലനം

പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി കൃഷിയുടെ ഭാഗമായി നടപ്പിലാക്കി ഓരോ ഏക്കർ കൃഷിസ്ഥലത്തുനിന്നും ഏറ്റവും കൂടുതൽ ആദായം ലഭിക്കുന്നതിന്നും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിന്നും ആരോഗ്യം സംരക്ഷിച്ച് ചികിത്സയുടെ ചെലവ് കുറക്കുന്നതിനുമാണ് മൃഗസംരക്ഷണ- ക്ഷീരവികസന-മത്സബന്ധന പരിപാടികൾ വിഭാവനം ചെയ്യുന്നത്.

താന്ന്യം പഞ്ചായത്തിൽ കറവയുള്ള 600 നാടൻ പശുക്കളും 337 കറവയില്ലാത്ത നാടൻ പശുക്കളും 980 സങ്കര ഇനത്തിലുള്ള കറവപശുക്കളും 383 കറവയില്ലാത്ത സങ്കരയിനം പശുക്കളും 229 കറവയുള്ള എരുമകളും 203 കറവയില്ലാത്ത എരുമകളും കൂടി മൊത്തം 2732 കന്നുകാലികൾ ഉള്ളതായി 1987 ലെ സെൻസസ് റിപ്പോർട്ടിൽ കാണുന്നു. 7200 മുട്ടയിടുന്ന കോഴികളും 8092 മുട്ടിയടാത്ത കോഴികളും 730 താറാവുകളും (പെൺ) ഉണ്ടെന്നാണ് കണക്ക്.

സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത് ഇന്നുള്ള വാർഷിക ക്ഷീരോല്പാദനം 20 ലക്ഷം മെട്രിക്ക് ടണ്ണിൽനിന്നും 30 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുക എന്നതാണ്. മുട്ടയുടെ ഉല്പാദനവും ഇരട്ടിപ്പിക്കൽ ലക്ഷ്യമിടുന്നു.

പശുവളർത്തുകാർ ക്ഷീരോല്പാദനം ലാഭകരമാല്ല എന്ന മുറവിളികൂട്ടുന്നുണ്ട്. ആയതിനാൽ ഉല്പാദനചെലവ് കുറക്കാവുന്നതും വിപണിയിൽ കഴിയുന്നത്ര കൂടുതൽ ആദായം കിട്ടുന്ന രൂപത്തിൽ വിപണനതന്ത്രം ആവിഷ്കരിക്കുന്ന രൂപത്തിലുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

മത്സ്യബന്ധനത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന്ന് വികസന സാദ്ധ്യതകൾ കുറവാണ്. എങ്കിലും നിലവിലുള്ള പൊതുകുളങ്ങളിലും സ്വകാര്യകുളങ്ങളിലും ഹ്രസ്വകാല വളർച്ചയുള്ള മീനുകളെ വളർത്തുവാൻ ഉതകുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

താന്ന്യം, ചാഴൂർ, കാട്ടൂർ, കാറളം, പൊറത്തിശ്ശേരി എന്നീ പഞ്ചായത്തുക്കാർ പ്രവർത്തനപരിധിയാക്കിക്കൊണ്ട് ഒരു പട്ടികജാതി മത്സ്യതൊഴിലാളി സംഘം പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന- കേന്ദ്രസർക്കാരുകളുടെ ചില ക്ഷേമപദ്ധതികൾ ഈ സംഘംവഴി നടപ്പാക്കിവരുന്നുണ്ട്. സംഘത്തിന്റെ പ്രധാനജോലി മത്സ്യം പിടിക്കുക എന്നുള്ളതാണ്.

**മൃഗസംരക്ഷണം, മത്സ്യബന്ധനം**

1. പശുക്കുളുടെ വിതരണം

മൊത്തം 5346 വീടുകളുള്ളതിൽ 2018 പശുക്കളും 714 എരുമകളും ഉണ്ട്. ഇന്നുള്ള ഉൽപാദനം 2000 മാണ്ടോടെ ഇരട്ടിയാക്കണമെന്ന ലക്ഷ്യം നിറവേറണമെങ്കിൽ ചുരങ്ങിയത് 2000 പശുക്കളെയെങ്കിലും പുറമെനിന്ന് പഞ്ചായത്തിൽ കൊണ്ടുവരേണ്ടതുണ്ട്. 2000 പശുക്കളെ വാങ്ങാൻ ബാങ്കുകൾവഴിലോൺ നൽകണം. ഇതിൽ മാർജിനൽ ഫാർമേഴ്സിനും, ഹരിജനങ്ങൾക്കും 50% സബ്സിഡി നൽകണം. സംഘങ്ങൾവഴി(പാൽസംഘം) പശുക്കളെ വിതരണം ചെയ്യണം.

2. ആടുവളർത്തൽ

പഞ്ചായത്തിൽ മൊത്തം 1512 ആടുകളാണ് ഉളളത്. ആടുവളർത്തൽ പാവപ്പെട്ടവർക്ക് ഏറ്റവും പ്രയോജനം ചെയ്യുന്ന തൊഴിലാണ്. ആയതിനാൽ 100 വീടുകാർക്ക് 5 ആടുകളടങ്ങുന്ന യൂണിറ്റും 750 വീട്ടുകാർക്ക് 2 ആടുകളുള്ള യൂണിറ്റുകളും നൽകണം. ഇത് പാവപ്പെട്ടവർക്കായതിനാൽ സബ്സിഡി നൽകണം.

3. പന്നി വളർത്തൽ

2 വാർഡുകളിൽ മാത്രമാണ് പന്നിവളർത്തലിന് ശുപാർശചെയ്തത്. 50 വീടുകളിൽ 2 പന്നികുട്ടികളെ നൽകുന്ന പദ്ധതി വിഭാവനം ചെയ്യുന്നു.

4. കോഴിവളർത്തൽ

ഒരു കോഴിവളർത്തൽകേന്ദ്രം പഞ്ചായത്തുതലത്തിൽ സ്ഥാപിക്കണം. അവിടെ നിന്നും വിരിയിച്ച കോഴികുഞ്ഞുങ്ങളെ എല്ലാവീടുകളിലേക്കും വിതരണം ചെയ്യാൻ കഴിയണം. എല്ലാവീടുകളിലും Back Yard Pulty ആരംഭിക്കണം.

5. മുയൽ വളർത്തൽ

മുയർ വളർത്തൽ വാർഡുകളിൽനിന്നും ശുപാർശചെയ്തിട്ടില്ല എങ്കിലും മുയൽ വളർത്തൽ കൃഷിക്കാർക്ക് ആദായം വർദ്ധിപ്പിക്കുന്ന ഉപതൊഴിലാണ്. 100 വീടുകളിൽ മുയൽ വളർത്തുന്ന പദ്ധതി 2 മുയലുകളെവീതം വിതരണം ചെയ്ത് നടപ്പാക്കണം.

**ചികിത്സ**

1. മൃഗാസ്പത്രി: നിലവിലുള്ള മൃഗാസ്പത്രി സ്വന്തം കെട്ടിടത്തിൽ എല്ലാവിധ സജ്ജീകരണങ്ങളോടും കെട്ടിനിർത്തി ചികിത്സിക്കാനുള്ള സൗകര്യത്തോടുകൂടി വിപുലീകരിക്കണം.

കൃത്രിമ ബീജസങ്കലനം: പശുക്കളേയും എരുമകളേയും വീടുകളിൽപോയി സൗജന്യമായി കുത്തിവെക്കണമെന്നതാണ് ശുപാർശ. ഇപ്പോൾ 18 ക ചാർജ്ജ് ചെയ്യുന്നുണ്ട്. അത് നിർത്തലാക്കുന്നത് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കും. അതുകൊണ്ട് ഓരോ സംഘത്തിലേയും ഒരു ജീവനക്കാരന് പരിശീലനം കൊടുത്ത് അതാത് പ്രദേശത്ത് വീടുകളിൽപോയി കുത്തിവെപ്പ് നടത്തുന്നതിന് വേണ്ട ഏർപ്പാട് വേണം. അതിന്റെ മേൽനോട്ടം മൃഗാസ്പത്രിയിലെ ഡോക്ടർക്കായിരിക്കണം.

2. പാൽവിപണനം

a) പാൽവിപണനം നടത്തുന്നതിന്ന് ഇപ്പോൾ 3 പാൽസംഘങ്ങൾ മാത്രമേ നിലവിലുള്ളു. ചുരങ്ങിയത് 4 സംഘങ്ങളെങ്കിലും താന്ന്യം പഞ്ചായത്തിൽ ആവശ്യമാണ്. ചെമ്മായ്പിള്ള ആസ്ഥാനമായി ആയിരിക്കണം സംഘം രൂപീകരിക്കേണ്ടത്. മാത്രമല്ല മിൽമയുമായി ബന്ധമുള്ള ആനന്ദ് മാതൃകാ സംഘങ്ങളാക്കിയാൽ നമുക്ക് പല ആനുകൂല്യങ്ങളും ലഭിക്കും. എല്ലാസംഘങ്ങളേയും ആനന്ദ് മാതൃകയിലുള്ളതാക്കുന്ന കാര്യം സംഘം ഭാരവാഹികളെ വിളിച്ചു ചർച്ചചെയ്യണം. ഏതെങ്കിലും സംഘത്തിനോടനുബന്ധിച്ച് ഒരു 5000 ലിറ്ററിന്റെ ശീതീകരണ കേന്ദ്രം സ്ഥാപിക്കണം. മുഴുവൻ പാലും വാങ്ങാനും കഴിയുന്നത്ര ഈ പ്രദേശത്തുതന്നെ വിപണനം നടത്തി നല്ല വില ലഭിക്കാനും ഈ പ്രവൃത്തിമൂലം കഴിയും.

3. ഉപ ഉല്പന്നങ്ങൾ

മിച്ചം വരുന്നപാൽ ഉപഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുന്നതു ലാഭകരമാക്കും. എല്ലാ സംഘങ്ങളും ഉൽപ്പനങ്ങളുണ്ടാക്കി വിപണനം പഞ്ചായത്തുതലത്തിൽ നടത്തുന്ന സംവിധാനം ഉണ്ടാക്കണം.

4. കാലിതീറ്റയും പുല്ലുവളർത്തലും

കാലിതീറ്റ ഫാക്ടറി പഞ്ചായത്തുതോറും ഉണ്ടാക്കുന്നത് പ്രായോഗികമല്ല. പുല്ലും ഫോഡൽ മരങ്ങളും വളർത്തുന്നതിന്ന് വിത്തുകളും നടീൽ വസ്തുക്കളും വിതരണം ചെയ്യണം. സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. കന്നുകാലിതീറ്റയുടെ Sales tax ഒഴിവാക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയോ Sales tax സബ്സിഡി നൽകുകയോ ചെയ്യണമെന്ന് ശുപാർശയുണ്ട്.

5. പ്രതിരോധകുത്തിവെപ്പ്

കോഴികളുടെ രോഗപ്രതിരോധ കുത്തിവെപ്പ് നടത്തുന്നതിന്ന് അഭ്യസ്ഥ വിദ്യരായ ആളുകളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി സൗജന്യ കുത്തിവെപ്പ് നടത്താൻ ആവശ്യമായ വാക്സിൻ അവർക്ക് നൽകണം. മൃഗങ്ങളുടെ പ്രതിരോധ കുത്തിവെപ്പ് മൃഗാസ്പത്രിവഴി നടത്തുന്നതാണ് അഭികാമ്യം

6. തൊഴുത്തു നിർമ്മാണം

എല്ലാ തൊഴുത്തുകളും അടി(Flooring) കൊൺക്രീറ്റ്

ആക്കണം. ഇന്ന് നിലവിൽ അങ്ങിനെ അല്ലാത്തതുണ്ടെങ്കിൽ അവയെ മാറ്റുകയും പുതിയ തൊഴുത്തുകൾ മാതൃക അനുസരിച്ച് ഉണ്ടാക്കുകയും വേണം. ആവശ്യമായ സബ്സിഡി നൽകണം.

7. കന്നുകാലി വിപണനം

കന്നുകാലികളെ വിപണനം ചെയ്യുന്നതിനു ഒരു സഹകരണസംഘം രൂപീകരിക്കണമെന്ന് ശുപാർശയുണ്ട്. പാൽ ഉൽപ്പാദകർ പശുവിനെ വാങ്ങുമ്പോഴും വില്ക്കുമ്പോഴും വഞ്ചിതരാകുന്നുണ്ട്. അത് ഒഴിവാക്കുകയാണ് ഉദ്ദേശം. ജില്ലാതലത്തിൽ സംഘം ഉണ്ടാക്കി പഞ്ചായത്തു തലത്തിൽ പാൽ സംഘങ്ങളുമായി സഹകരിച്ച് കന്നുകാലി വിപണനം ഏർപ്പാട് ചെയ്യാവുന്നതാണ്.

8. അവർഡുകൾ

നല്ല ക്ഷീരോല്പാദകരെ തെരഞ്ഞെടുത്ത് അവർഡുകൾ നൽകി ആദരിക്കണം.

9. കന്നുകാലി പ്രദർശനം-സെമിനാറുകൾ-വന്ധ്യതാ നിവാരണക്യാമ്പുകൾ

കന്നുകാലി പ്രദർശനവും അതോടനുബന്ധിച്ച് ബോധവൽക്കരണപരിപാടികളും നടപ്പിലാക്കണം. വന്ധ്യതാ നിവാരണക്യാമ്പുകളും സംഘടിപ്പിക്കണം

10. പേവിഷ നിർമാർജ്ജനം

പട്ടികളെ വളർത്തുന്നതിന്ന് ലൈസൻസ് നൽകുക ലൈസൻസ് ഇല്ലാത്തവയെ നശിപ്പിക്കുക. സബ്സിഡി 50% നിരക്കിൽ പ്രതിരോധകുത്തിവെപ്പ് നടത്തുക. പേ വിഷ നിർമാർജ്ജനം ലക്ഷ്യമാക്കി പ്രവർത്തിക്കുക. കുത്തിവെച്ചവക്ക് അടയാളമായി കോളറുകൾ നൽകണം.

11. ഒരു മൾട്ടി പർപ്പസ് സഹകരണസംഘം ഉണ്ടാക്കി കോഴിമുട്ട്, കോഴിയിറച്ചി, കോഴിതീറ്റ ക്ഷീരോല്പന്നങ്ങൾ എന്നിവ വിപണനം ചെയ്യാൻ ഏർപ്പാടുചെയ്യുക.

മറ്റു ശുപാർശകൾ

1. മാത്തു തോടിന്റെ ഓരങ്ങളിൽ പശുക്കളെ കുളിപ്പിക്കാൻ ഇറക്കുന്നതിനുള്ള റാമ്പുകൾ ഉണ്ടാക്കണം.

2. ബയോഗ്യാസ് (പാരമ്പര്യേതര ഉർജ്ജ സ്രോതസ്സുകൾ) ഉല്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ എടുക്കണം. 2-3 പശുക്കുളുള്ളർക്ക് ഒരു ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ചാൽ നന്നായിരിക്കും. അത് മറ്റ് ഏജൻസികളുമായി സഹകരിച്ച് നടപ്പാക്കുക

3. മാംസസംസ്ക്കരണം-വിപണനം ഉപോൽപന്നങ്ങളുടെ ശാസ്ത്രീയ ഉത്പാദനവും ഉപഭോഗവും: ശാസ്ത്രീയമായ ഒരു അറവുശാല സ്ഥാപിക്കുകയും അവിടെ കശാപ്പുചെയ്യുന്ന മൃഗങ്ങളുടെ മാംസം മാത്രം വിപണനം ചെയ്യാൻ നടപടി എടുക്കുക.

4. കന്നുകാലിതീറ്റയ്ക്ക് 50% സബ്സിഡി നൽകുന്ന പ്രയോജനം പശുകുട്ടികൾക്ക് മാത്രമേ നൽകുന്നുള്ളൂ. ഇതിന്റെ പ്രോയോജനം എരുമകുട്ടികൾക്കും കൂടി ഏർപ്പെടുത്തണം.

5. ഇറച്ചികോഴിവളർത്തൽ: ഇറച്ചിക്കോഴികളെ വളർത്തുമ്പോൾ 8 ആഴ്ച പ്രായമാകുമ്പോൾ വിപണനം ചെയ്യാൻ തയ്യാറാകും. അതുകൊണ്ട് സ്വയംതൊഴിൽ എന്ന നിലയിൽ ഇറച്ചികോഴിവളർത്തുന്ന 50 യൂണിറ്റുകൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം.

6. പശുകറവക്കുള്ള മെഷീൻ: കറവയാണ് പശുവളർത്തലിൽ ഏറ്റവും ബുദ്ധിമുട്ടുള്ള പ്രശ്നം. മുഴുവൻ പാലും കറന്നെടുക്കാൻ കഴിയാത്തതുകൊണ്ട് ഉല്പാദകർക്ക് വലിയ നഷ്ടം സംഭവിക്കുന്നുണ്ട്. ആയതിനാൽ ഒറ്റ യൂണിറ്റുള്ള പാൽക്കറവയാന്ത്രങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

മത്സ്യബന്ധനം

1990 മുതൽ മത്സ്യരോഗം കാരണം വംശനാശം വന്നിരിക്കുന്ന മീൻ തരങ്ങൾ അനവധിയാണ്. ആയതിനാൽ മത്സ്യം പിടിക്കുന്ന മത്സയസംഘത്തിലെ അംഗങ്ങൾക്ക് എന്നും നഷ്ടമാണ് ഉണ്ടാകുന്നത്. സംഘം 5 പഞ്ചായത്ത്കൾക്ക്കൂടി 60000 ക നൽകുന്നുണ്ട്. അവർ കച്ചീട്ടിന്മേൽ തൊഴിലാളികൾക്ക് നൽകുന്നത് 80000ക ക്കാണ്. പല തൊഴിലാളികൾക്കു കച്ചീട്ടു പ്രകാരമുള്ള സംഖ്യ അടവാക്കാൻ കഴിയുന്നില്ല. പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ കുളങ്ങളും തോടുകളുമായി 20 ഓളം മത്സ്യ ബന്ധനത്തിനുതകുന്ന സ്ഥലങ്ങൾ ഉണ്ട്. ഈ കുളങ്ങളെ വറ്റിച്ച് ചളി നീക്കി ആഴം കൂട്ടി മത്സ്യബന്ധനത്തിനും സാമൂഹ്യ ജലസേചനത്തിനും ഉപയോഗിക്കാവുന്നതാണ്. ശ്രീരാമൻ ചിറയിലും, വെങ്ങരപാടത്തും കൃഷി വിളവെടുത്തതിനുശേഷം ഹ്രസ്വകാലമൂപ്പുള്ള മീൻ വളർത്തൽ കഴിയുമോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

മത്സ്യതൊഴിലാളിക്ഷേമം: പഞ്ചായത്തിൽ 50 ഓളം മത്സ്യ തൊഴിലാളി കുടുംബങ്ങൾ ഉള്ളതിൽ 10 വീടുകൾ ചെറ്റകുടിലുകളാണ്. അവർക്ക് വീടുവെക്കുന്നതിനുള്ള പദ്ധതി- സംസ്ഥാനപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടാതാണ്.

വിദ്യാഭ്യാസ പദ്ധതി: മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണങ്ങളും യൂണിഫോറങ്ങളും വിതരണം ചെയ്യുന്ന പദ്ധതി തുടർന്നും നടത്തണം.

മറ്റു ശുപാർശകൾ

1. 20 പഞ്ചായത്ത് കുളങ്ങൾ ചെറുതും വലുതമായിട്ടുണ്ട്. ഈ കുളങ്ങൾ താഴ്ത്തി ചേറു നീക്കി 6 മാസം വരെ മൂപ്പുള്ള മീൻവളർത്തി മത്സ്യോൽപാദനം വർദ്ധിപ്പിക്കും.

2. എടപ്പുഴ (2-ാം വാർഡ്) മീൻവളർത്തുന്നതിന്ന് സൗകര്യപ്പെടുത്തി എല്ലാകാലത്തും മീൻ വളർത്താനുള്ള ഏർപ്പാടുചെയ്യും.

3. സ്വകാര്യ കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന്ന് മത്സ്യ കുഞ്ഞുങ്ങളെയും തീറ്റയും സബ്സിഡിയായി നൽകണം.

4. പ്രത്യുൽപാദന സമയത്ത് മത്സ്യം പിടിക്കാൻ പാടില്ല.

5. എല്ലാ മീൻ വളർത്തുകേന്ദ്രങ്ങളും ലേലം ചെയ്തു കൊടുക്കമം.

6. മീൻ പിടുത്തക്കാർക്ക് വലവാങ്ങുന്നതിന്നും വഞ്ചി


വാങ്ങുന്നതിന്നും സബിസിഡി നൽകണം

7. പഞ്ചായത്തിൽ ആധുനിക രീതിയിലുള്ള മത്സ്യമാംസ മാർക്കറ്റ് ആരംഭിക്കണം.

ഈ രംഗത്ത് കാലിത്തീറ്റ, ഉൽപ്പാദനരോഗങ്ങൾ, അകിടുവീക്കം, വന്ധ്യത എന്നിവ പ്രശ്നങ്ങളാണ്. ആയതിനാൽ ഈ രംഗത്ത് വികസനത്തിനായി താഴെ പറയുന്ന സ്കീമുകൾ ആവശ്യമാണ്.

1. ഒരു വീട്ടിൽ ഒരു പശു പദ്ധതി
2. മിനി ഡയറി യൂണിറ്റ് - 3 പശുക്കൾ അടങ്ങുന്ന ഒരു ഡയറി യൂണിറ്റ്
3. ഡയറി യൂണിറ്റ് - വ്യാവസായിക അടിസ്ഥാനത്തിൽ
4. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
5. സങ്കരവർഗ്ഗ പശുക്കൾക്ക് കാലത്തീറ്റ സബ്സിഡി
6. വൈറ്റമിൻ ധാതുലവണ മിശ്രിതം വിതരണ പദ്ധതി
7. തീറ്റപുൽ കൃഷി പ്രചാരണ പദ്ധതി
8. തൊഴുത്തുകളുടെ ശാസ്ത്രീയമായ നിർമാണം
9. അകിടുവീക്കരോഗ നിയന്ത്രണ പരിപാടി
10. സമ്മിശ്ര മൃഗപരിപാലനം
11. ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ
12. ഭ്രൂണമാറ്റവിദ്യ
13. ചെറുകിട കാലിത്തീറ്റ മിശ്രണ യൂണിറ്റുകൾ
14. ഗോ രക്ഷാക്യാമ്പുകൾ/വന്ധ്യതാ നിവാരണ ക്യാമ്പുകൾ
15. പാലുല്പാദനയൂണിറ്റുകൾ
16. പഞ്ചായത്തുതല മൃഗസംരക്ഷണമേള
17. കാലവസന്ത നിർമ്മാർജ്ജന പദ്ധതി
18. കാലിരോഗനിയന്ത്രണ പദ്ധതി
19. സമഗ്ര കന്നുകാലി ഇൻഷുറൻസ്.
20. രോഗ ഗവേഷണം, വാക്സിൻ നിർമ്മാണം
21. സ്വകാര്യമേഖലയിൽ ഹാച്ചറിയും കന്നുകാലി വളർത്തലും
22. സമീകൃതാഹാര നിർമ്മാണം.





# 4

# വിദ്യാഭ്യാസം

വിജ്ഞാനത്തിന്റെ പ്രഭാപൂരം ചൊരിഞ്ഞിരുന്ന നളന്ദയും തക്ഷശലിയും പുളകംകൊള്ളിച്ച, തെക്കും, കിഴക്കും, പടിഞ്ഞാറും സമുദ്രവും വടക്ക് ഹിമാലയപർവതവും അതിർത്തികളായുള്ള ഭാരാംബയുടെ പാദങ്ങളായുള്ള കൊച്ചുകേരളത്തിന്റെ മദ്ധ്യഭൂവിഭാഗമായ തൃശൂർ ജില്ലയിൽ സ്ഥിതിചെയ്യുന്ന താന്ന്യം ഗ്രാമപഞ്ചായത്തിൽ ഒരു ശതാബ്ദത്തിനു മുമ്പുതന്നെ സരസ്വതീക്ഷേത്രങ്ങൾ ഉണ്ടായിരുന്നു എന്നത് ഈ ഗ്രാമവാസികളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ഔന്നത്യത്തിന് കാരണമായിട്ടുണ്ട്. പ്രബുദ്ധരും, സമുദായിക സാംസ്കാരിക സമ്പന്നരുമായ ഒട്ടേറെ വ്യക്തികളും സംഘടനകളും ഈ വിദ്യാലയങ്ങളുടെ ആവിർഭാവത്തിനും വളർച്ചക്കും ചാലകശക്തികളായി വർത്തിച്ചിട്ടുണ്ട് എന്നത് നമുക്ക് തികച്ചും അഭിമാനിക്കാവുന്നതാണ്.

1891ൽ ഗവ.എ.വി.പ്രൈമറി സ്കൂൾ എന്ന പേരിൽ ആദ്യത്തെ വിദ്യാലയം ഇവിടെ നിലവിൽവന്നു. 1066 കർക്കിടകം 23 ന് വാഴത്തോട് നാരായണന് ഈ സ്കൂളിൽ ആദ്യ വിദ്യാർത്ഥിയായി പ്രവേശനം ലഭിച്ചു. ആദ്യവർഷംതന്നെ 40 വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠിതാക്കളായുണ്ടായിരുന്നു. 1919 ൽ 'ലോവർ സെക്കന്ററി'യായും 1930 ൽ ഹൈസ്കൂൾ ആയും ഈ സ്ഥാപനം ഉയർത്തപ്പെട്ടു. പിന്നീട് ആറു പതിറ്റാണ്ടുകൾക്കുശേഷം 1990ൽ ശതാബ്ദിയാഘോഷ സമ്മാനമെന്ന നിലയിൽ ഈ വിദ്യാലയം ഹയർ സെക്കന്ററിയായി ഉയർത്തി. ഈ സ്കൂളിന്റെ സുവർണ്ണ ദശയായി കണക്കാക്കാവുന്ന 62-72 കാലഘട്ടങ്ങളിൽ 3500ൽ അധികം വിദ്യാർത്ഥികൾ ഇവിടെ പഠിതാക്കളായുണ്ടായിരുന്നു. 1970 കളിൽ ആരംഭിച്ച വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണവും വാണിജ്യവൽക്കര

ണവും ഇത്തരം സ്ഥാപനങ്ങളുടെ നിലനിൽപ്പുതന്നെ അപകടത്തിലാക്കി. വെറും 311 പഠിതാക്കളുമായി ഈ സരസ്വതീക്ഷേത്രം ഇന്ന് രോഗാതുരയായി നിലനിൽക്കുന്നു.

ഒരു നൂറ്റാണ്ടുകാലം വിദ്യാഭ്യാസ-സാംസ്കാരിക മണ്ഡലങ്ങളിൽ നിറഞ്ഞുനിന്ന, താന്ന്യംഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന, പെരിങ്ങോട്ടുകര ഗവ:ഹൈസ്കൂളായിരുന്നു സമീപ പ്രദേശങ്ങളായ നാട്ടിക, തളിക്കുളം, വലപ്പാട്, കിഴുപ്പിള്ളിക്കര, ചഴൂർ, ആലപ്പാട് പുള്ള്, പുറത്തൂർ, പുത്തൻപീടിക തുടങ്ങിയ മിക്ക പ്രദേശത്തേയും കുട്ടികളുടെ അക്കാലത്തെ ഏക ആശ്രയം.

1930 കളിലും നാല്പതുകളിലും നമ്മുടെ രാജ്യത്ത് നടന്ന ദേശീയ സ്വാതന്ത്ര്യസമരവും അതിന്റെ പ്രിധ്വനികളിലും ഇവിടത്തെ വിദ്യാർത്ഥികൾ താത്പര്യപൂർവ്വം പങ്കെടുത്തിരുന്നു. ഈ വിദ്യാലയത്തിന്റെ പേരും പ്രശസ്തിയും പരത്തുന്നതിൽ അന്നത്തെ വിദ്യാർത്ഥി സമൂഹം നിസ്തുലമായ പങ്ക് വഹിച്ചിട്ടുണ്ട്. ഈ വിദ്യാലയത്തിന്റെ ചരിത്രത്തിൽ ശ്രദ്ധേയമായ ഒരദ്ധ്യായത്തിന് കളമൊരുക്കിയ ദേശസ്നേഹികളായ ആ കാലഘട്ടത്തിലെ വിദ്യാർത്ഥികൾ ഈ ഗ്രാമ പഞ്ചായത്തിന്റെ അഭിമാന ഭാജനങ്ങളാണ്. അവരെ ഇത്തരുണത്തിൽ ഓർക്കാതിരിക്കാൻ സാധ്യമല്ല.

കൊഴിഞ്ഞുപോയ ആ സുവർണകാലത്തിന്റെ ഐശ്വര പ്രതാപങ്ങൾ വീണ്ടെടുത്ത് നിലനിർത്താനും പരിപോഷിപ്പിക്കാനും ഈ വിദ്യാലയം ഒരു കോളേജോ സാങ്കേതിക പരിശീലന കേന്ദ്രമോ ആയി വികസിപ്പിക്കേണ്ടിയിരിക്കുന്നു. ഈ സംരംഭത്തിലേക്ക് സർക്കാരിന്റെയും വിദ്യാഭ്യാസ വകുപ്പിന്റേയും ശ്രദ്ധ കൊണ്ടുവരാൻ താന്ന്യം ഗ്രാമ പഞ്ചായത്തിലെ ഭരണവിഭാഗത്തിനും ഈ പഞ്ചായത്തിലെ ഓരോ അംഗത്തിനും ധാർമികമായ ഉത്തരവാദിത്തമുണ്ട്. അത് നാം നിറവേറ്റേണ്ടിയിരിക്കുന്നു.

ഈ വിദ്യാലയത്തിലെ പ്രൈമറി വിഭാഗത്തിന്റെ പ്രധാന അദ്ധ്യാപകനായിരിക്കേ സംസ്ഥാന അദ്ധ്യാപക അവാർഡ് നേടിയ ശ്രീ.കെ. ചന്ദ്രൻമാസ്ററർ, ഈ പഞ്ചായത്തിലെ നമുക്ക് ഏവർക്കും പ്രിയങ്കരനാണ്. ചന്ദ്രൻ മാസ്റ്റർ നേടിയ ഈ അംഗീകാരം പ്രസ്തുത സ്കൂളിന്റെ പ്രശസ്തിയിൽ മറ്റൊരു തൂവലായി നാം കണക്കാക്കേണ്ടിയിരിക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിന്റെ ചുറ്റളവിൽ ഉൾപ്പെടുന്ന താന്ന്യം വടക്കുംമുറി, കിഴക്കുംമുറി, കിഴുപ്പിള്ളിക്കര എന്നീ 4 വില്ലേജുകൾ ഏകദേശം 7000 വീടുകളും 27,265 ജനങ്ങളും ഉൾക്കൊള്ളുന്നു. ഇവിടെ ഒരു ഗവൺമെന്റ് ഹയർ സെക്കന്ററിയും നാല് ഹൈസ്കൂളുകളും അഞ്ച് ലോവർ പ്രൈമറി സ്കൂളുകളും ഇരുപത്താറ് അംഗൻവാടികളും കൂടാതെ അൺ എയ്ഡഡ് മേഖലയിൽ നേഴ്സറി-എൽ.പി. പഠനസൗകര്യമുള്ള ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും (S.E.M.S- പെരിങ്ങോട്ടുകര) വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നു. മുൻകാലത്തേക്കാൾ പൊതു വിദ്യാഭ്യാസ രംഗത്ത് വന്ന മാറ്റം ശ്രദ്ധേയമാണ്.

വിദ്യാലയങ്ങൾ:

1. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, പെരിങ്ങോട്ടുകര
2. ഗവൺമെന്റ് ഹൈസ്കൂൾ, പെരിങ്ങോട്ടുകര
3. സെറാഫിക് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ, പെരിങ്ങോട്ടുകര
4. നളന്ദ ഹൈസ്കൂൾ, കിഴുപ്പിള്ളിക്കര( 1959 ൽ സ്ഥാപിതം)
5. താന്ന്യം ഗവൺമെന്റ് ഹൈസ്കൂൾ, പെരിങ്ങോട്ടുകര (18-9-81 ൽ സ്ഥാപിതം)
6. മോഡൽ ജി.എൽ.പി.എസ്, പെരിങ്ങോട്ടുകര് (75 വർഷത്തിലേറെ പഴക്കം)
7. എസ്.എൻ.എസ്.എ. എൽ.പി. എസ്. കിഴുപ്പിള്ളിക്കര
8. എ.എൽ.പി.എസ്. ചെമ്മാപ്പിള്ളി
9. താന്ന്യം H.S.L.P.S പെരിങ്ങോട്ടുകര
10. S.E.M.S. അൺ എയ്ഡഡ്, പെരിങ്ങോട്ടുകര.

ഇവയിൽ സെറാഫിക് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ (മിഷൻ മാനേജ്മെന്റ്) S.N.S.A.L.P.S(പ്രൈവറ്റ് മാനേജ്മെന്റ്) A.L.P.S. ചെമ്മാപ്പിള്ളി( സ്റ്റാഫ് മാനേജ്മെന്റ്) S.E.M.S അൺ എയ്ഡഡ് (മിഷൻ മാനേജ്മെന്റ്) എന്നിവ ഒഴികെ മറ്റുള്ള എല്ലാം തന്നെ സർക്കാർ സ്ഥാപനങ്ങളാണ്. എന്നാൽ സമുദായ സംഘടനകളുടേയും നാട്ടുകാരുടേയും താൽപര്യവും സഹകരണവും കൊണ്ടാണ് എല്ലാ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടങ്ങിയിട്ടുള്ളത്. നളന്ദ ഹൈസ്കൂൾ അടുത്തകാലത്താണ് ഗവൺമെന്റിൽ സമർപ്പിച്ചത്. നാട്ടുകാരുടെ ശ്രദ്ധേയമായ പരിശ്രമംമൂലം ഉയർന്നുവന്ന ഒരു സ്ഥാപനമാണിത്. മോഡൽ ജി.എൽ.പി.എസും, S.N.S.A.L.P.S. ഉം പെരിങ്ങോട്ടുകര ശ്രീനാരായണാശ്രമവും സോമശേഖര ക്ഷേത്രവുമായി ബന്ധപ്പെട്ടുകിടക്കുന്ന ചരിത്രമുള്ളവയാണ്. അതുകൊണ്ട്തന്നെ മോഡൽ ജി.എൽ.പി. എസിനെ അമ്പല സ്കൂൾ എന്ന് ചുരുക്കി വിളിക്കാറുണ്ട്.

മോഡൽ ജി.എൽ.പി.എസ് ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ.കെ.വി. രാമൻ മാസ്റ്റർ ഈ സ്ഥാപനത്തിൽ സേവനമനുഷ്ഠിച്ചുകൊണ്ട് സംസ്ഥാന ദേശീയ അദ്ധ്യാപക അവർഡുകൾ കരസ്ഥമാക്കിയെന്നത് എടുത്തു പറയേണ്ടതും പ്രത്യേകം സ്തുത്യർഹവുമാണ്.

**കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ**

സർക്കാർ തലത്തിലുള്ള പ്രൈമറി വിഭഗത്തിൽ 246 ആൺകുട്ടികലും 232 പെൺകുട്ടികളും സ്വകാര്യമേഖലയിൽ 260 ആൺകുട്ടികളും 232 പെൺകുട്ടികളും കൂടി ആകെ 970 വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പ്രൈമറി തലത്തിൽ വിദ്യ അഭ്യസിച്ചുകൊണ്ടിരിക്കുന്നു. പെൺകുട്ടികളെ അപോക്ഷിച്ച് 42 ആൺകുട്ടികൾ പ്രാഥമിക തലത്തിൽ കൂടുതലാണ്.

സർക്കാർ മേഖലയിലുള്ള ഹൈസ്കൂളുകലിൽ 1098 ആൺകുട്ടികളും 657 പെൺ കുട്ടികളും വിദ്യാഭ്യാസം തുടർന്നുകൊണ്ടിരിക്കുന്നു. എന്നാൽ സ്വകാര്യമേഖലയിൽ 1596 വിദ്യാർത്ഥിനികൾ പഠിച്ചുകൊണ്ടിരിക്കുന്നു. അതായത് 1098 ആൺകുട്ടികളും, 2253 പെൺകുട്ടികളും ഹൈസ്കൂൾ തലത്തിൽ പഠനം നടത്തുന്നു. ആൺകുട്ടികളെ അപേക്ഷിച്ച് 1155 പെൺകുട്ടികൾ ഹൈസ്കൂൾ തലത്തിൽ കൂടുതലാണ്.

ചുരുക്കത്തിൽ പ്രൈമറി-ഹൈസ്കൂൾ തലങ്ങളിലായി 1604 ആൺകുട്ടികലും 2717 പെൺകുട്ടികളും ഈ ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസം നേടിക്കൊണ്ടിരിക്കുന്നു.

ആൺകുട്ടികളെ അപേക്ഷിച്ച് 1103 പെൺകുട്ടികൾ വിദ്യ അഭ്യസിക്കുന്നതിൽ കൂടുതൽ കാണുന്നു. മൊത്തം 4321 പേരാണ്.

ഇവരിൽ 368 ആൺകുട്ടികലും 406 പെൺകുട്ടികളും പട്ടികജാതി- പട്ടികവർഗ്ഗത്തിൽ പെട്ടവരാണെന്ന് സർവ്വേ സൂചിപ്പിക്കുന്നു. പഠനം പൂർത്തീകരിക്കാതെ 64 പേർ കൊഴിഞ്ഞുപോയവരിൽ കാണുന്നു. പട്ടികജാതി-പട്ടിക വർഗ്ഗത്തിൽ 10 ആൺകുട്ടികളും 10 പെൺകുട്ടികളും മറ്റു ള്ളവരിൽ 12 ആൺകുട്ടികളും 32 പെൺകുട്ടികളും ഇതിൽ ഉൾപ്പെടുന്നു. തോറ്റു പഠിക്കുന്നവരിൽ 441 വിദ്യാർത്ഥി-വിദ്യാർത്ഥിനികളും ഉണ്ട്. ഇവരിൽ 315 പേർ പെൺകുട്ടികളാണ്.

**സ്കൂളിന്റെ പൊതുവിവരം**

G.H.S പെരിഞ്ഞോട്ടുകര – H.S., UPയിൽ 261 ആൺകുട്ടി കളും 50 പെൺകുട്ടികളുമടക്കം 311 പേർ പഠിക്കുന്നു. ഇവിടെ 15 ടീച്ചേഴ്സ് ഉണ്ട്. ഒരു പോസ്റ്റ് ഒഴിവാണ്. സ്വന്ത മായി 5 ഏക്ര സ്ഥലമുണ്ട്. ഇതിൽ ഒരു ഏക്ര ഉപയോഗ ശൂന്യമായി കിടക്കുന്നു. ഇവിടെ കളിസ്ഥലവും ചുറ്റുമ തിലും ഫർണീച്ചറും കക്കൂസ് മറ്റു അറ്റകുറ്റ പണികളും സജ്ജമാക്കേണ്ടയിരിക്കുന്നു. ശുദ്ധജലവും ലഭ്യമാക്കേണ്ട തുണ്ട്.

**G.(H.S)L.P.S. പെരിഞ്ഞോട്ടുകര**

ഇവിടെ 111 ആൺകുട്ടികളും 121 പെൺകുട്ടികളുമടക്കം 232 പേർ പഠിക്കുന്നു. 8 ടീച്ചേഴ്സ് ഉണ്ട്. സ്വന്തമായി 1 ഏക്ര സ്ഥലമുണ്ട്. പ്ലേഗ്രൗണ്ടില്ല. പരിഗണിക്കേണ്ടതാണ്. മുക ളിൽ പറഞ്ഞ ആവശ്യങ്ങൾ ബാധകമാണ്.

**A.L.P.S. ചെമ്മാപിള്ളി**

ഈ സ്ഥാപനത്തിൽ 120 ആൺകുട്ടികളും 123 പെൺകു ട്ടികളും കൂടി 243 പേർ പഠിക്കുന്നു. 10 ടീച്ചേഴ്സ് ഉണ്ട്. 50 സെന്റ് സ്ഥലമുണ്ട്. അറ്റകുറ്റപണികൾ ആവശ്യമാണ്.

**ഗവ.H.S.താന്ന്യം**

592 ആൺകുട്ടികളും 413 പെൺകുട്ടികളുമടക്കം 1005 പേർ പഠിക്കുന്നു. 34 ആദ്ധ്യാപകരുണ്ട്. 55 സെന്റ് സ്ഥല മേയുള്ളൂ. പ്ലേഗ്രൗണ്ട് വേണം. അററുകററപണിയും നട ത്തണം.

**സെറാഫിക് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ**

1557 വിദ്യാർത്ഥിനികൾ പടിക്കുന്നു. 47 ടീച്ചേഴ്സ് ഉണ്ട്. ഒരാൾ ദീർഘകാല ലീവിലാണ്. 3 ഏക്ര സ്ഥലം. കളിക്കളം 50 സെന്റ്

**നളന്ദ H.S. കിഴുപ്പിള്ളിക്കര**

237 ആൺകുട്ടികൾ. 192 പെൺകുട്ടികൾ, ആകെ 429 പേർ. 26 ടീച്ചേഴ്സ് വേണം. 25 പേർഉണ്ട്. ഒരു പോസ്റ്റ് ഒഴി വാണ്. 4 ഏക്ര 10 സെന്റ് സ്ഥലം. കളിക്കളം 50 സെന്റ് നന്നാക്കണം. റീഡിംഗ് റൂം, ലാബ് സജ്ജമാക്കണം. മെയിന്റ നൻസ് ആവശ്യമാണ്.

**S.N.S.A.L.P.S കിഴുപ്പിള്ളിക്കര**

140 ആൺകുട്ടികൾ. 109 പെൺകുട്ടികൾ. ആകെ 249 പേർ 9 ടീച്ചേഴ്സ്. 13 സെന്റ് സ്ഥലം സ്വന്തം. 97 സെന്റ് വാടക സ്ഥലം. അറ്റകുറ്റപണികൾ ആവശ്യമാണ്.

**മോഡൽ ജി.എൽ.പി.എസ്. പെരിഞ്ഞോട്ടുകര**

130 ആൺകുട്ടികൾ 116 പെൺകുട്ടികൾ. മൊത്തം 246 പേർ. 9 ടീച്ചേഴ്സ്, 1 ഏക്രസ്ഥലം. 75 സെന്റ് കളിസ്ഥലം നികത്തണം. അറ്റകുറ്റപ്പണികൾ നിർബ്ബന്ധമായിരിക്കണം.

**ഭൗതിക സൗകര്യങ്ങൾ**

ജി.എച്ച്.എസ് താന്ന്യം- ഒരു മുറി അത്യാവശ്യം. മൂത്ര പുരകൾ പൊതുവിൽ ഉണ്ടെങ്കിലും H.S. പെരിഞ്ഞോട്ടുകര 6 മൂത്രപ്പുര, 2 കക്കൂസ് ആവശ്യമാണ്. ഇവിടെ ശുദ്ധജല ത്തിന് ടാപ്പ് വേണം. മറ്റിടങ്ങളിൽ സൗകര്യമുണ്ട്. താന്ന്യം H.S.ന് 2 സ്റ്റാഫ് റൂം വേണം. പലയിടത്തും ഫർണീച്ചറു കൾ തിരയുന്നില്ല. ഡെസ്ക്, ബെഞ്ച്, മേശ, കസേര, ഓഫീസ് ഫർണീച്ചർ എന്നിവ അത്യാവശ്യമാണ്.

**അദ്ധ്യാപകരും വിദ്യാർത്ഥികളും**

മൊത്തം 155 ടീച്ചേഴ്സും 4321 വിദ്യാർത്ഥികളുമുണ്ട്. രണ്ട് പോസ്റ്റ് ഒഴിഞ്ഞു കിടക്കുകയാണ്. അദ്ധ്യാപകരിൽ 135 പേർ സ്തീകളും 20 പേർ പുരുഷന്മാരുമാണ്.

**അക്കാദമിക് സൗകര്യങ്ങൾ**

ഹൈസ്കൂൾ തലത്തിൽ ലൈബ്രറി, ലബോറട്ടറി സൗക ര്യങ്ങൾ ഉണ്ടെങ്കിലും തൃപ്തികരമല്ല. പഠനോപകരണങ്ങൾ പൂർണ്ണമല്ല. റേഡിയോ, ടേപ് റെക്കോഡർ, ടി.വി.സെറ്റ്, വി.സി.ആർ/വി.സി.പി., സിനിമാ പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ, ഓവർഹെഡ് പ്രൊജക്ടർ, കമ്പ്യൂട്ടർ തുട ങ്ങിയ ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ ഇല്ലെന്നുതന്നെ പറയാം. മാതൃസംഗമം, പി.ടി.എ.കൾ പ്രവർത്തിക്കുന്നുണ്ട്.

അക്കാദമിക് നിലവാരം

| | 30% താഴെ | 30-40 | 40-50 | 50-60 | 60ന് മേൽ |
|---|---|---|---|---|---|
| എൽ.പി. | 66 | 104 | 100 | 97 | 142 |
| എച്ച്.എസ് | 458 | 683 | 492 | 446 | 448 |

S.S.L.C 91-96

| Year | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| SCGHS | 93.3% | 100% | 96.52% | 99% | 95% |
| GHS Thanniam | 60% | 35% | 32% | 51.25% | 54.5% |
| G.H.S.S Pergottu Kara | 49% | 40% | 45% | 56% | 45% |
| N.H.S. Kizhuppilli-kara | 60% | 44% | 47% | 49% | 45% |

**സാമ്പത്തികാനുകൂല്യം ലഭിക്കുന്നവർ**

406 വിദ്യാർത്ഥികൾക്ക് ലംസംഗ്രാന്റും 4 പേർക്ക് U.S.S. സ്കോളർഷിപ്പും 9 പേർക്ക് L.S.S സ്കോളർഷിപ്പും അർഹിക്കുന്നവർക്ക് വികലാംഗസ്കോളർഷിപ്പും 50 മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പും S.C മെറിറ്റോറിയൽ സ്കോളർഷിപ്പും ലഭിക്കുന്നുണ്ട്. കൂടാതെ എല്ലാവിദ്യാലയങ്ങളിലും രക്ഷിതാക്കളോ അദ്ധ്യാപകരോ മററു ഏജൻസികളോ സ്ഥാപനങ്ങളോ, പ്രസ്ഥാനങ്ങളോ ഏർപ്പെടുത്തിയിട്ടുള്ള നിരവധി എന്റോമെന്റ് പ്രൈസുകളും പ്രോത്സാഹന സമ്മാനങ്ങളും നൽകിവരുന്നു.

**ചെലവ്**

ഗ്രാമത്തിലെ മൊത്തം സ്കൂളുകളിൽ പ്രതിവർഷം ശമ്പളം കൂടാതെ ആവർത്തന സ്വഭാവമുള്ള ആവശ്യങ്ങൾക്കായി 87, 894 രൂപ ചെലവാകുന്നുണ്ട്.

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സ്കൂളുകൾ കൂടുകയോ കുറയുകയോ ഉണ്ടായിട്ടില്ല. എന്നാൽ താരതമ്യേന വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരികയാണ്. ജനന നിരക്കിലുള്ള കുറവ്, സമീപപ്രദേശങ്ങളിൽ പുതിയ സ്കൂളുകളുടെ ആവിർഭാവം, ഇംഗ്ലീഷ്മീഡിയം സ്കൂളിനോടുള്ള താൽപര്യം. മെച്ചപ്പെട്ട സ്ഥാപനങ്ങൾ തേടിയുള്ള പ്രവാഹം, പട്ടണത്തിലേക്കുള്ള പ്രയാണം. ഇവയെല്ലാം എണ്ണം കുറയുവാനുള്ള വസ്തുതകളാണ്.

**പി.ടി.എ.**

എല്ലാ സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർതൃസംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ചിലയിടങ്ങളിൽ സജീവമാണ്. കൂടാതെ മാതൃസംഗമങ്ങളും നടക്കുന്നുണ്ട്. ഇത് കുറെകൂടി ഫലപ്രാപ്തിയോടെ പ്രവർത്തിപ്പിക്കാവുന്നതാണ്.

**പാഠ്യാനുബന്ധപ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും**

എൽ.എസ്.എസ്., U.S.S. റെമെഡിയൽ ടീച്ചിംഗ്, സ്പെഷൽ ക്ലാസ്സുകൾ പഠനോപകരണനിർമ്മാണം എന്നിവയും കലാകായിക, ശാസ്ത്ര- ഗണിതശാസ്ത്ര മേള, തുടങ്ങിയവയിൽ ഉപജില്ല-ജില്ല-സംസ്ഥാന തലങ്ങളിൽ നേടിയിട്ടുള്ള സമ്മാനങ്ങൾ ഈ രംഗത്തെ മികവിന്റെ മാനദണ്ഡമായി കണക്കാക്കാവുന്നതാണ്.

സാങ്കേതിക, സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നില്ല.

**വായനശാലകൾ**

മഹാത്മാക്ലബ്ബ് തൃപ്രയാർ, S.W.C വടക്കുംമുറി, യുവജനവേദി വാളമുക്ക്, ഫിനിക്സ് ചെമ്മാപ്പിള്ളി, ശ്രീബോധാനന്ദ വായനശാല പെരിങ്ങോട്ടുകര, ഗ്രാമീണ വായനശാല കിഴുപ്പിള്ളിക്കര, പഞ്ചായത്ത് ലൈബ്രറി എന്നിവ പ്രവർത്തിക്കുന്നു.

**കലാസമിതികൾ**

കൈരളി കലാമന്ദിർ, യുവജനവേദി, കാവേരി ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്, ക്ലാസിക് കലാവേദി, കേരള കാലവേദി, താന്ന്യം യുവജന കലാവേദി, പ്രോഗ്രസീവ് യൂത്ത് ക്ലബ്ബ്, എന്നിവയും പ്രവർത്തന ക്ഷമമാണ്. ഇവയടക്കം 17 കലാസമിതികൾ പ്രവർത്തിക്കുന്നു.

**സാക്ഷരത**

സാക്ഷരതയുടെ കാര്യത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും മറ്റ് ഔദ്യോഗിക സ്ഥാപനങ്ങളുടേയും രാഷ്ട്രീയ സാമുദായിക സംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരുടേയും മറ്റു പ്രമുഖരുടേയും ആത്മാർത്ഥമായ സഹകരണത്തിന്റേയും പ്രവർത്തനത്തിന്റെയും ഫലമായി 96% പേരും അക്ഷര വിദ്യാഭ്യാസത്തിന്റെ ഉടമകളായി. ഇതൊരു സന്തോഷകരമായ കാര്യം തന്നെയാണ്.

**പ്രശ്നങ്ങൾ**

കുട്ടികളുടെ എണ്ണം കുറയുന്നു. ഭൗതിക സാഹചര്യങ്ങൾ വേണ്ടത്രയില്ല. അവിടവിടെയായി രൂപം കൊള്ളുന്ന അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ വർദ്ധനവ്, പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭാവിയെ സാരമായി ബാധിക്കുന്നുണ്ട്. അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ കാര്യക്ഷമമായി സജീവമാകേണ്ടതുണ്ട്.

**സാദ്ധ്യതകൾ**

അയൽപക്ക വിദ്യാലയ സമ്പ്രദായത്തിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടി സ്കൂൾ കോംപ്ലക്സുകൾ ഫലപ്രദമായി പ്രവർത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

**ആവശ്യങ്ങളും നിർദ്ദേശങ്ങളും**

1. മോഡൽ G.L.P.S. ന് കളിക്കളം മണ്ണിട്ട് നികത്തുക. അപ്ഗ്രേഡ് ചെയ്ത് യു.പി.ആക്കുക. സ്ഥലസൗകര്യം കുറവുള്ള താന്ന്യം H.S. ൽ ഇന്നുള്ള തിരക്ക് ഇതുമൂലം ഒഴിവാക്കാം.

2. ആവശ്യമുള്ള കെട്ടിടങ്ങളും പഠനോപകരണങ്ങളും ഫർണീച്ചറുകളും നൽകി ഭൗതി സാഹചര്യങ്ങൾ ഒരുക്കുക.

3. പഞ്ചായത്ത് വായനശാല ഒരു റെഫറൻസ് ലൈബ്രറിയാക്കുക. ഓരോ വാർഡിലും ഓരോ ലൈബ്രറി തുടങ്ങുക. വായനശാലകൾക്കുളള ഗ്രാന്റ് വർദ്ധിപ്പിക്കുക.

4, പഞ്ചായത്തിന്റേതായ കളിസ്ഥലം ഒരുക്കുക. മോഡൽ ജി.എൽ.പി.എസിനോട് ചേർന്ന് കിടക്കുന്ന കളിസ്ഥലത്തോടൊപ്പം കുറച്ചുകൂടി സ്ഥലം അക്വയർ ചെയ്ത് മണ്ണിട്ടുനികത്തിയാൽ പഞ്ചായത്ത് വക കളിസ്ഥലമായി ഉപയോഗിക്കാവുന്നതാണ്.

5. താന്ന്യം ഗവൺമെന്റ് ഹൈസ്കൂളിന് ഒരു കളിസ്ഥലം അത്യാവശ്യമാണ്. വിദ്യാലയങ്ങളിൽ ശുദ്ധജലവിതരണവും ടോയ്ലെറ്റ് സൗകര്യങ്ങളും ഉറപ്പുവരുത്തണം.

6. സ്കൂളുകളിൽ കൊഴിഞ്ഞുപോക്ക് (Dropouts) ഒഴിവാക്കുകയും, കൊഴിഞ്ഞുപോയവരെ തിരിച്ചുകൊണ്ടുവരുന്നതിനുള്ള ശ്രമം പഞ്ചായത്ത് തലത്തിൽ നടത്തേണ്ടതുമാണ്.

7. പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിഹാരബോധനം നടത്തുവാൻ അദ്ധ്യാപകരുടേയും PTA യുടേയും മറ്റു സന്നദ്ധ സംഘടനകളുടേയും സഹായത്തോടെ വേണ്ട

സൗകര്യങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണ്.

8. ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിച്ച് പഠനം രസകരമാക്കാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കണം.

9. വിദ്യാലയങ്ങളിൽ സെപഷലിസ്റ്റ്(തുന്നൽ, ക്രാഫ്ട്, ചിത്രരചന, സംഗീതം) അദ്ധ്യാപകരെ നിയമിക്കണം.

10. ലാബ്-ലൈബ്രറി സൗകര്യങ്ങൾ ഉണ്ടാക്കുകയും ഉള്ള സ്ഥലങ്ങളിൽ കാര്യക്ഷമമായി ഉപയോഗിക്കുവാൻ സംവിധാനങ്ങൾ സ്ജ്ജമാക്കുകയും വേണം.

11. വിദ്യാലയങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനു വേണ്ടി ഒരു വെൽഫെയർ കമ്മിറ്റി ഉണ്ടാകണം.

12. സ്കൂൾ പരിസരങ്ങളിൽ പാൻപരാഗ്, ഐസ്-ഫ്രൂട്ട് എന്നിവ വിൽപന നടത്തുന്നത് നിരോധിക്കണം

13. ഈ ഗ്രാമ പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആവശ്യമാണ്. ഗവ.ഹൈസ്കൂൾ പെരിങ്ങോട്ടുകരയിലുള്ള ഭൗതിക സൗകര്യങ്ങൾ ഇതിനുവേണ്ടി ഉപയോഗപ്പെടുത്താം.

14. സ്ഥല സൗകര്യമുള്ള വിദ്യാലയങ്ങളിൽ പ്രി-പ്രൈമറി സ്കൂൾ സ്ഥാപിക്കണം.

15. ആവശ്യത്തിന് ഫർണീച്ചർ ഇല്ലാത്ത സ്കൂളുകൾക്ക് അവ ലഭ്യമാക്കണം.

16. സാക്ഷരതാ പ്രവർത്തനത്തിലൂടെ നേടിയ മികവ് നിലനിറുത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ തുടർ വിദ്യാഭ്യാസ സംവിധാനങ്ങൾ പഞ്ചായത്ത് തലത്തിൽ രൂപം കൊടുക്കണം.

17. നളന്ദ ഹൈസ്കൂൾ കളിസ്ഥലം നന്നാക്കുകയും സ്കൂളിനോടനുബന്ധിച്ചുള്ള കുട്ടികളുടെ വായനശാല പ്രവർത്തിപ്പിക്കുകയും വേണം.

18. അന്ധ-ബധിര-മൂക വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുവാൻ ഒരു വിദ്യാലയം സ്ഥാപിക്കുകയോ അല്ലാത്തപക്ഷം സാമ്പത്തിക സഹായം നൽകുകയോ ചെയ്യണം.

19. Dislaxia പോലെയുള്ള അസുഖം ബാധിച്ച കുട്ടികളെ കണ്ടുപിടിച്ച് അവർക്ക് തക്കരീതിയിലുള്ള വിദ്യാഭ്യാസം നൽകാൻ സംവിധാനം ഉണ്ടാകണം.

20. കരിയർ ഗൈഡൻസ് സെന്റർ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുകയും എല്ലാ വിദ്യാലയങ്ങളിലേക്കും അതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്യുക.

21. പ്രൈമറി വിദ്യാഭ്യാസം activity based ആയിരിക്കണം.

22. പെരിങ്ങോട്ടുകര ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിൽ കമ്പ്യൂട്ടർ പഠനസൗകര്യം ഏർപ്പെടുത്തണം.

23. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ മെമ്പർമാരെ സഹായിക്കുന്നതിന് ഈ പഞ്ചായത്തിലെ ലഭ്യമായ വിദഗ്ദ്ധന്മാരുടെ ഒരു സമിതി രൂപീകരിക്കണം.

24. പഞ്ചായത്ത് തലത്തിൽ സ്കൂൾ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും ഒരു കൗൺസിലിംഗ് സംവിധാനം ഉണ്ടാകേണ്ടതാണ്.

25. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്ക്(assignments) ഉണ്ടാക്കി സ്കൂളുകളിൽ കൊടുക്കുന്നതിനുവേണ്ടി ഒരു Duplicator പഞ്ചായത്തു തലത്തിൽ ഉണ്ടാകേണ്ടതുണ്ട്.


26. പ്രൈമറി വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരെ ക്ലാസ് വർക്കിൽനിന്ന് ഒഴിവാക്കി സ്കൂളിന്റെ ഭരണനിർവ്വഹണത്തിനും അക്കാദമിക മേന്മയ്ക്കും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കാനും ഉള്ള സാഹചര്യം ഉണ്ടാക്കണം.

27. സ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിയ്ക്കുന്നതിന് ആ ഭാഷാസാഹിത്യത്തിൽ പരിശീലനം നേടിയ അധ്യാപകരെത്തന്നെ നിയമിക്കേണ്ടതാണ്.

28. ഏറ്റവുമധികം കുട്ടികൾ പരീക്ഷയിൽ പരാജയപ്പെടുന്ന ഇംഗ്ലീഷ്, കണക്ക് എന്നീവിഷയങ്ങളിൽ പിരഹാരബോധനത്തിനായി സ്കൂളുകളിൽ സംവിധാനമുണ്ടാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കണം.

ഒരു രാജ്യത്തിന്റെ ഭാവി അവിടത്തെ വിദ്യാർത്ഥികളിലാണ്. വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ സമ്പൂർണ്ണ വളർച്ചയാണ് വിദ്യാഭ്യാസം ലക്ഷ്യമാക്കേണ്ടത്. അതുപോലെത്തന്നെ ഒരു രാജ്യത്തിന്റെ സാംസ്ക്കാരിക നിലവാരവും നിശ്ചയിക്കുന്നത് അവിടത്തെ വിദ്യാർത്ഥികളും അതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അദ്ധ്യാപകരുമാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ വിദ്യാർത്ഥികളോ അധ്യാപകരോ രക്ഷിതാക്കളോ എന്ന നിലയിൽ നാം ഓരോരുത്തരും ശ്രദ്ധാലുക്കളാകേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെയും തദ്വാരാ രാഷ്ട്ര പുരോഗതിയുടേയും വികാസം ലക്ഷ്യമാക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും ഓരോരുത്തരും തങ്ങളിലർപ്പിതമായിട്ടുള്ള പങ്ക് വഹിക്കുന്നു എന്നു ഉറപ്പുവരുത്താൻ നമുക്ക് ഒരുമിച്ച് പ്രതിജ്ഞയെടുക്കാം.





# 5

# ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

ജനസന്ദ്രത ച.കി.മീറ്ററിന് 1600 ഉള്ള താന്ന്യം ഗ്രാമപഞ്ചായത്തിൽ ജനനനിരക്കും മരണനിരക്കും വികസിതരാജ്യങ്ങളിലേതിന് തുല്യമാണ് എന്നത് അഭിമാനകരമായ നേട്ടമാണ്. എന്നിരുന്നാലും പൊതുജനാരോഗ്യനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ചികിത്സയുടെ ഏറിവരുന്ന ചെലവിൽനിന്നും സാധാരണക്കാരായ ജനങ്ങളെ രക്ഷിക്കുക എന്ന ചുമതലയും പഞ്ചായത്തിൽ നിക്ഷിപ്തമാണ്.

Prevention is better than cure. അതായത് രോഗപ്രതിരോധമാണ് ചികിത്സിച്ച് ഭേദമാക്കുന്നതിനെക്കാൾ അഭികാമ്യം എന്നൊരു ചൊല്ലുണ്ട്. രോഗപ്രതിരോധത്തിന് ഊന്നൽ നൽകികൊണ്ടുള്ള ഒരു ചികിത്സ പദ്ധതിക്ക് രൂപം നൽകുന്നതിനാണ് ഗ്രാമസഭകൾ ശുപാർശചെയ്തിട്ടുള്ളത്. പഞ്ചായത്ത് തലത്തിൽ അംഗീകരിച്ചിട്ടുള്ളതായ ശുപാർശകളാണ് താഴെ വിവരിക്കുന്നത്.

I. കുടിവെള്ളം:

വെള്ളത്തിൽ കൂടിയാണ് വളരെയധികെ രോഗങ്ങൾ ജനങ്ങൾക്കുണ്ടാകുന്നത്. ആയതിനാൽ ശുദ്ധജലം എല്ലാവർക്കും 2000 മാണ്ടോടെ എത്തിച്ചുകൊടുക്കണം എന്നത് പ്രതിജ്ഞാബദ്ധമാണ്. ഈ പഞ്ചായത്തിലുള്ള മിക്ക വീടുകളിലും കിണറുകൾ ഉണ്ട്. കൂടാതെ 59 പൊതു കിണറുകളും നിലവിലുണ്ട്. പ്രധാന വഴികളുടെ ഓരത്ത് മാത്രമേ വാട്ടർ അതോറിട്ടിയുടെ പൊതുടാപ്പുകൾ നിലവിലുള്ള വാട്ടർ അതോറിട്ടി കണക്ഷൻ കൊടുത്തിരിക്കുന്നത് കിണറുകൾ ഉള്ള വീടുകൾക്കാണ്. അതുകൊണ്ട് കിണറുകൾ ഇല്ലാത്ത പാവപ്പെട്ടവർക്ക് പ്രയോജനം ലഭിക്കുന്നില്ല. പുഴയുടെ തീരത്തു താമസിക്കുന്ന ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കാൻ ബുദ്ധിമുട്ടാണ്. കാരണം വേനൽക്കാലത്ത് കിണറ്റിൽ ഉപ്പ് വെള്ളമാണ് ലഭിക്കുക എന്നതുതന്നെ. ഈ സ്ഥിതിവിശേഷത്തിൽനിന്നും മാറ്റമുണ്ടാക്കാൻ നാലുകാര്യങ്ങളാണ് പഞ്ചായത്ത് വിഭാവനം ചെയ്യുന്നത്.

1. ജലസേചന പദ്ധതികളിൽ വിഭാവനം ചെയ്തിട്ടുള്ള ശ്രീരാമൻചിറ, മാത്തുതോട്, വെങ്ങരതോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കിയാൽ ഏതുകാലത്തും എല്ലാ കിണറുകളിലും വെള്ളം ഉണ്ടാകും എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നിലവിലുള്ള കിണറുകൾ അതാത് വീട്ടുകാർക്ക് പുറമേ അയൽക്കാരും ഉപയോഗിക്കുന്നുണ്ട്. അതിനു സാധ്യതയില്ലാത്ത സ്ഥലങ്ങളിൽ പൊതുകിണറുകൾ ഉണ്ടാക്കണം. 200 മിറ്ററിനുള്ളിൽ വെള്ളം ലഭ്യമാക്കണമെന്നതാണ് സംസ്ഥാന ശുപാർശയെങ്കിലും ജനസാന്ദ്രത കൂടുതലുള്ള താന്ന്യം പഞ്ചായത്തിൽ 100 മീറ്ററിനുള്ളിൽ ശുദ്ധജലം ലഭ്യമാക്കണമെന്നതാണ് ലക്ഷ്യം.

2. തീരപ്രദേശങ്ങളിൽ വാട്ടർ അതോററ്ററിയുടെ പൈപ്പ്ലൈൻ നീട്ടി 100 മീറ്റർ അകലത്തിൽ പൊതു ടാപ്പുകൾ സ്ഥാപിച്ച് ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കും.

3. വിദേശ സഹായത്തോടു കൂടിയുള്ള ജലവിതരണ പദ്ധതി നടപ്പിലാക്കിയപ്പോൾ നിർത്തലാക്കിയ പഴയ ഓവർഹെഡ് ടാങ്കുകളും പമ്പുകളും പുനരുജ്ജീവിപ്പിച്ച് ശുദ്ധജല വിതരണം പഞ്ചായത്ത് തലത്തിൽ ഏർപ്പാട് ചെയ്യണം.

4. വാട്ടർ അതോററ്ററിയുടെ പമ്പിങ്ങ് സ്റ്റേഷനിൽ വോൾട്ടേജ് കുറവായത്കൊണ്ട് വെള്ളം പമ്പുചെയ്യാൻ പറ്റാത്ത സാഹചര്യം ഉണ്ടാകുന്നതിനാൽ പലപ്പോഴും വെള്ളം ലഭ്യമാകാത്ത സ്ഥിതി ഉണ്ടാകാറുണ്ട്. ഇത് ഒഴിവാക്കാൻ പഞ്ചായത്തിന്റെ ചിലവിലോ സാമൂഹ്യ സംഘടനകലുടെ സഹകരണത്തോട് കൂടിയോ സ്റ്റെപ്പ് അപ്പ് സ്റ്റെബിലൈസർ സ്ഥാപിച്ച് എല്ലാ സമയത്തും വെള്ളം പമ്പുചെയ്യാനുള്ള ഏർപ്പാട് ചെയ്യണം.

എട്ട് പഞ്ചവത്സര പദ്ധതികൾ കഴിഞ്ഞിട്ടും കുടിവെള്ളം കൊടുക്കാൻ കഴിയാത്ത അവസ്ഥ 9–ാം പദ്ധതികാലത്ത് പരിഹരിക്കണം എന്ന കാര്യത്തിന് പഞ്ചായത്ത് ഏറ്റവും മുന്തിയ പരിഗണന നൽകും.

II കക്കൂസുകൾ

ശുദ്ധജലത്തിന്റെ പ്രശ്നം പരിഹരിച്ചാൽപിന്നെ ഏറ്റവും പ്രധാനമായത് മാലിന്യങ്ങളിൽനിന്ന് ഉണ്ടാകുന്ന രോഗങ്ങളെ ചെറുക്കുക എന്നുള്ളതാണ്. എല്ലാവീട്ടിലും കക്കൂസ് എന്ന മുദ്രാവാക്യം നെതർ ലാന്റ് സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിലെ പണം ഉപയോഗിച്ച് നടപ്പിലാക്കണം. 2000–ാമാണ്ടിൽ കക്കൂസ് ഇല്ലാത്ത ഒരു വീടും താന്ന്യം പഞ്ചായത്തിൽ ഉണ്ടായിരിക്കുന്നതല്ല.

III. ചപ്പുചവറുകൾ നീക്കം ചെയ്യൽ

പഞ്ചായത്ത് നിശ്ചയിക്കുന്ന സ്വീപ്പർ മാരെക്കൊണ്ട് ഗ്രാമം മുഴുവൻ ശുചീകരിക്കുക എന്നത് പ്രായോഗികമല്ല. ജനപങ്കാളിത്തത്തോടെ ഗ്രാമം ശുചീകരിക്കുന്ന പരിപാടി

യാണ് വിഭാവനം ചെയ്യുന്നത്. ഓരോ വീട്ടിലും കമ്പോസ്റ്റ് കുഴികൾ ഉണ്ടാക്കി ചപ്പുചവറുകൾ അതിലിട്ട് ഏറ്റവും നല്ല ജൈവവളമായി മാറ്റുന്നത് മൂലം പൊതുജനാരോഗ്യവും വളവും ഒരേ സമയത്ത് ഉല്പാദിപ്പിക്കപ്പെടുന്നു. പൊതു സ്ഥലങ്ങളിൽ പഞ്ചായത്ത് ജീവനക്കാരോ, സാമൂഹ്യ സംഘടനകളുടെ സഹകരണത്തോടെയോ, ശുചീകരണ പ്രവൃത്തികൾ ചെയ്യുന്നതും ഗ്രാമം ഏറ്റവും ശുചിയും വൃത്തിയും ഉള്ളതായി രൂപാന്തരപ്പെടുത്തുന്നതും ആയിരിക്കും.

**IV വായു മലിനീകരണം തടയൽ**

വായു മലിനമാകുന്ന തരത്തിൽ ജനങ്ങളും വാഹനങ്ങളും ചെയ്യുന്ന പ്രവൃത്തികൾ ഒഴിവാക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും.

**V ആഹാരം**

ആരോഗ്യം നിലനിർത്തുന്നതിനും രോഗം പ്രതിരോധിക്കുന്നതിനും സമീകൃതവും പോഷകപ്രദവുമായ ആഹാരം ആവശ്യമാണ്. മാംസ്യപ്രധാനമായ ആഹാരപദാർത്ഥങ്ങളുടെ വർദ്ധിച്ച ഉല്പാദനത്തിനും വിതരണത്തിനും മൃഗസംരക്ഷണ മത്സ്യബന്ധന പരിപാടികൾ വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ ചിലവ് കുറഞ്ഞതും സമീകൃതവുമായ ആഹാരം പാകം ചെയ്യുന്നതിനെക്കുറിച്ച് മഹിളാ സമാജങ്ങൾ വഴി വ്യാപകമായ പ്രചരണം നടത്തി ജനങ്ങളിൽ അവബോധം സൃഷ്ടിക്കും.

**VI പബ്ലിക് ഹെൽത്ത് സെന്റർ**

രോഗ പ്രതിരോദത്തിന് പ്രകൃതിദത്തമായ മാർഗ്ഗങ്ങൾ എല്ലാം സ്വീകരിച്ചാലും പ്രതിരോധകുത്തിവെപ്പുകൾ ആവശ്യമാണ്. അതുപോലെ അമ്മമാർക്കും കുട്ടികൾക്കും ആഹാരത്തിന് പുറമേ ധാതുക്കളും വിറ്റാമിനുകളും കൊടുക്കേണ്ടതുണ്ട്. രോഗങ്ങൾ വന്നാൽ ചികിത്സിക്കേണ്ടതുമുണ്ട്. ഗ്രാമതല പ്രാഥമികഹെൽത്ത് സെന്ററുകൾ എന്ന ആശയം മേൽ പറഞ്ഞ കാര്യങ്ങൾക്ക് വേണ്ടി വിഭാവനം ചെയ്തതാണ്. എന്നാൽ താന്ന്യം പഞ്ചായത്തിൽ അത്തരം ഒരു കേന്ദ്രം ഇല്ല. 40 കിടക്കകളുള്ള ആശുപത്രിമാത്രമാണ് ഈ പഞ്ചായത്ത് അതിർത്തിയിൽ ഉള്ളത്. ലാബറട്ടറി, എക്സ്റേ തുടങ്ങിയ സൗകര്യങ്ങൾ ഇവിടെ ഇല്ല. പൊതുജന ആരോഗ്യപ്രശ്നങ്ങൾ പരിപാലിക്കപ്പെടുന്നില്ല. എല്ലാ ദേശീയ ആരോഗ്യ പരിപാടികളും നടപ്പിലാക്കുന്നത് ബ്ലോക്ക് തലത്തിലുള്ള ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വഴിയാണ്.

കുടുംബക്ഷേമം, രോഗപ്രതിരോധം, ആരോഗ്യവിദ്യാഭ്യാസം,തുടങ്ങി വിവിധ ദേശിയ ആരോഗ്യ പരിപാടികളുമായി ബന്ധപ്പെടാൻ 10.കി.മീറ്ററെങ്കിലും ദൂരെ പോകേണ്ടി വരുന്നു. ആയതിനാൽ ഏറ്റവും വേഗത്തിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം താന്ന്യം പഞ്ചായത്തിൽ സ്ഥാപിക്കണം. ഒരു ആശുപത്രി ഉള്ളപ്പോൾ പ്രാഥമിക ആരോഗ്യ കേന്ദ്രം ഉണ്ടാക്കാൻ സാങ്കേതിക തടസ്സം ഉണ്ടാകേണ്ടതില്ല. എന്നാൽ സാമ്പത്തിക തടസ്സം ഉണ്ടെങ്കിൽ നിലവിലുള്ള തൃപ്രയാർ ആശുപത്രിയിൽ പ്രാഥമിക ആരോഗ്യകേന്ദ്രം കൂടി അനുവദിച്ചാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്. ഇന്നത്തെ ആലപ്പാട് കേന്ദ്രം ബ്ലോക്ക് തല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി മാറ്റുകയും ചെയ്യാം.

രോഗചികിത്സക്ക് സ്പെഷലിസ്റ്റ് ഡോക്ടർമാരെ പഞ്ചായത്ത് തലത്തിൽ തന്നെ നിയമിക്കണമെന്ന് ശുപാർശചെയ്യുന്നു. കണ്ണ്, പ്രസവം, E.N.T. എന്നിവയ്ക്കുള്ള ഡോക്ടർമാരെ നിയമിക്കണം. ലേഡിഡോക്ടരെ നിർബന്ധമായും നിയമിക്കണം.

**VII കൊതുക് നിവാരണം**

മലമ്പനി തുടച്ച് നീക്കി എന്ന് കരുതിയിരുന്നതാണെങ്കിലും തിരിച്ച് വന്നിരിക്കുന്നു. കൊതുക് രോഗം പരത്തുന്നതിൽ പ്രധാനപങ്ക് വഹിക്കുന്നുണ്ട്. കൊതുക്, ഈച്ച എന്നിവയുടെ നശീകരണത്തിന് ജനപങ്കാളിത്തത്തോടെ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കണം.

**VII ആയുർവ്വേദാശുപത്രി**

75 വർഷം പഴക്കമുള്ള പഞ്ചായത്ത് ആയുർവ്വേദ ആശുപത്രി രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യത്തോട് കൂടിയ ആശുപത്രിയായി ഉയർത്തുകയും മരുന്നിന് ഇന്നു അനുവദിക്കുന്ന നാമമാത്രമായ 12000 രൂപ(വർഷത്തിൽ) വർദ്ധിപ്പിക്കണം. സ്പെഷലിസ്റ്റ് ഡോക്ടർമാരെ നിയമിക്കണം

**IX ആയുർവ്വേദ മരുന്നുകളുടെ ഉല്പാദനം**

കാർഷികവികസനത്തിൽ പച്ചമരുന്നുചെടികളുടെ കൃഷിയും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയുർവ്വേദ ചികിത്സയിലേക്ക് ജനങ്ങൾ തിരിയുന്നു എന്ന് കണ്ടപ്പോൾ ഒരു നിയന്ത്രണവുമില്ലാതെ ആയുർവ്വേദമരുന്നുകൾക്ക് വില വർദ്ധിപ്പിക്കുന്ന പ്രവണത നിലനിൽക്കുന്നു. പഞ്ചായത്തിൽ കൃഷിചെയ്യുന്ന ഔഷധചെടികൾ ഉപയോഗിച്ച് രോഗപ്രതിരോധ ശക്തിയുള്ളതും അത്യാവശ്യവുമായ മരുന്നുകൾ ഉല്പാദിപ്പിച്ച് പാവപ്പെട്ടവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് ന്യായവിലയ്ക്കും വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി വിഭാവനം ചെയ്യുന്നു.

**X ഹോമിയോ ആശുപത്രി**


അലോപ്പതി, ആയുർവ്വേദ ചികിത്സകൾ പഞ്ചായത്തിൽ ലഭ്യമാണെങ്കിലും ഒരു ഹോമിയോ ആശുപത്രി അനുവദിച്ചിട്ടില്ല. കുട്ടികളുടെ ചികിത്സക്കും മറ്റ് ചില മാറാരോഗങ്ങൾക്കും ഹോമിയോ ചികിത്സ ഫലപ്രദമാണെന്ന് കണ്ടിരിക്കുന്ന സ്ഥിതിക്കും ചിലവ് താരതമ്യേന കുറവാണെന്നതിനാലും ഹോമിയോ ആശുപത്രി ആവശ്യമാണ്. കഴിയുന്നതും വേഗം ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു.

**XI കുടുംബാസൂത്രണം**

കുടുംബാസൂത്രണം ഫലപ്രദമായി നടപ്പാക്കുന്നതിനും "നാം ഒന്ന് നമുക്ക് ഒന്ന്" എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിനും ജനകീയ പങ്കാളിത്തത്തോടെ ബോധവൽക്കരണപരിപാടി നടപ്പിലാക്കും.

ഒരു ഹെൽത്ത് ക്ലബ്ബും യോഗാസെന്ററും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പ്രകൃതിദത്ത രോഗപ്രതിരോധ മുറകളും ശാസ്ത്രീയമായ രോഗപ്രതിരോധ

കുത്തിവെയ്പുകളും വഴി രോഗം വരുന്നത് തടയാനും രോഗം വന്നാൽ ചികിത്സിച്ച് ഭേധമാക്കുന്നതിനുള്ള സംവിധാനങ്ങളും കുടുംബാസൂത്രണം വഴി ജനസംഖ്യ കുറച്ചു കൊണ്ടുവരാനും ഉള്ളവർക്ക് പരിപൂർണ്ണ ആരോഗ്യം പ്രധാനം ചെയ്യുന്നതുമായ സമഗ്രപദ്ധതിയാണ് താന്ന്യം പഞ്ചായത്ത് വിഭാവനം ചെയ്യുന്നത്. •



# 6

# വ്യവസായം

നമ്മുടെ സംസ്ഥാനം വ്യവസായികമായും സാമ്പത്തികമായും കുറെയൊക്കെ പുരോഗതി നേടിയിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചയനുസരിച്ച് വ്യവസായങ്ങളില്ല. അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും കുറവാണ്. ഈ മേഖലയിലെ കാർഷികോൽപന്നങ്ങളായ, തേങ്ങ, നെല്ല്, അടക്ക, മാങ്ങ മുതലായവ ചെറിയ നിലയിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായത്ര ഉണ്ടാവുന്നുണ്ട്. നൂതനങ്ങളായ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വിപണിക്കാവശ്യമുള്ള തരത്തിൽ ഉള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായപദ്ധതികൾ ആരംഭിക്കണം.

പരമ്പരാഗതമായി നിലനിന്നിരുന്ന കളിമൺപാത്ര നിർമാണം, കൊട്ട, പായനെയ്ത്ത്, ചകിരി, കയർ എന്നീ കുടിൽ വ്യവസായങ്ങൾ നാമാവശേഷമായിക്കഴിഞ്ഞു. ഈ മേഖലയിലെ തൊഴിലാളികൾ കൂടുതൽ വരുമാനം കിട്ടുന്ന മറ്റു തൊഴിലുകളിലേക്ക് മാറിപോയി.

വ്യവസായ സംരഭങ്ങൾക്കാവശ്യമായ വൈദ്യുതി, വെള്ളം, ഗതാഗത സൗകര്യങ്ങൾ എന്നീ അടിസ്ഥാന ഘടകങ്ങൾ വളരെ പരിതാപകരമായ അവസ്ഥയിലാണ്. മൂലധനം സ്വരീപിക്കുന്നതിന്നും അതിനെ വേണ്ടപോലെ സംരക്ഷിക്കുന്നതിന്നും ഭരണപരമായും നിയമപരമായും പലതടസ്സങ്ങളുണ്ട്. മറ്റു സംസ്ഥാനങ്ങളിലേതുപോലെ ഒറ്റവാതിൽ ലൈസൻസ് സമ്പ്രദായം ഇവിടെയും ഉണ്ടാവണം. ഈ പഞ്ചായത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റോ വ്യവസായ പരിശീലന കേന്ദ്രങ്ങളോ ഇല്ല.

പഞ്ചായത്തിന്റെ വിസ്തീർണ്ണം : 17.53 ച.കി.

ജനസംഖ്യ : 27265

വിശദാംശങ്ങൾ

| കുടുംബം | ജനസംഖ്യ | | | പട്ടികജാതി | | പട്ടികവർഗ്ഗം | |
|---|---|---|---|---|---|---|---|
| | പു | സ്ത്രീ | കുട്ടി | പു | സ്ത്രീ | പു | സ്ത്രീ |
| 5346 | 10563 | 11743 | 5113 | 2103 | 2153 | 2 | 1 |

തൊഴിലാളികൾ

| കാർഷികം | | നിർമാണം | വ്യവസായം | തൊഴിൽരഹിതർ | |
|---|---|---|---|---|---|
| പു | സ്ത്രീ | | | പു | സ്ത്രീ |
| 842 | 882 | 311 | 328 | 7085 | 12235 |

വിദ്യഭ്യാസ യോഗ്യത അനുസരിച്ച് തൊഴിൽ രഹിതരെ തരം തിരിച്ചിട്ടില്ല. എന്നാൽ സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരും ഇതിൽ ഉൾപ്പെടുന്നുണ്ട്. വിദ്യാഭ്യാസയോഗ്യത ഉള്ളവരുടെ തൊഴിലില്ലായ്മ പ്രധാനപ്രശ്നമാണ്. ഇതിന് ഒരു പരിഹാരമായി ചെറുകിട വ്യവസായങ്ങളുണ്ടാകണം. വ്യവസായീകരണത്തിന് വേണ്ട അടിസ്ഥാന ഘടകങ്ങൾ ഒരുക്കണം. ഇന്നത്തെ സംവിധാനത്തിൽ സർക്കാരിനോ സർക്കാരിന്റെ മറ്റ് ഏജൻസികൾക്കോ മാത്രമേ ഇതിന് സാധിക്കുയുള്ളൂ.

**കാർഷിക വിളകളും വ്യവസായങ്ങളും**

തെങ്ങ് :

- കൃഷിചെയ്യുന്ന ഭൂമി – 3255 ഏക്ര

തെങ്ങ് 3255 x 60 = 195300

തേങ്ങ 195300 x 30 = 5859000

ഏകദേസം അറുപത് ലക്ഷം തേങ്ങ ലഭ്യമാകുന്ന ഈ പ്രദേശത്ത് നാളികേരം അടിസ്ഥാനമാക്കിയുള്ള പുതിയ ഒരു വ്യവസായത്തിന് സാധ്യതയുണ്ട്. ആധുനിക സാങ്കേതിക വിദ്യ(Modern Technology) ഉപയോഗിച്ച് പ്രതിദനം ഒരു ടൺ തേങ്ങാപ്പൊടി (Deciccated Cocunut Powdert) ഉണ്ടാക്കാവുന്ന ഒരു ഫാക്ടറി തുടങ്ങാം. ഉപോൽപന്നങ്ങളായി ക്രീ, തേങ്ങാപാൽ തുടങ്ങിയവുയും ഉണ്ടാവും.

തേങ്ങാവെള്ളം ടെട്രാപാക്ക് ചെയ്തു ഒരു (Soft Drink) കുടിനീരായി ഉൽപാദിപ്പിച്ച് വിപണിയിലിറക്കാം.

ഈ ഉൽപന്നങ്ങൾ മൂല്യവർധിത വിഭാഗത്തിൽ (Value added products) പെടുമെന്നുള്ളതുകൊണ്ട് സാമ്പത്തിക മേന്മയുള്ളതുമാണ്.

**ചകിരി**

ശരിയായ രീതിയിൽ ഗുണമേന്മ കുറയാത്ത തരത്തിൽ നാരുണ്ടാക്കി പല ഉൽപന്നങ്ങളും നിർമ്മിക്കാവുന്നതാണ്. അസംസ്കൃത വസ്തു എന്ന നിലയിൽ ചകിരി ഉപയോഗപ്പെടുത്തണം.

**തെങ്ങിൻ-തടി**

ശിരിയായ രീതിയിൽ സംസ്കരിച്ച തെങ്ങിൻതടി പല ഗൃഹാവശ്യങ്ങൾക്ക് ഉപയോഗിപ്പെടുന്ന സാധനങ്ങൾ നിർമ്മിക്കാൻ വ്യവസായമായിത്തന്നെ തുടങ്ങണം. ഏകദേശം 2000M3 തടിപ്രദിവർഷം ലഭ്യമാണ്. ഉണ്ടാക്കാവുന്ന സാധനങ്ങൾ കട്ടിള, വാതിൽ, ഫർണീച്ചർ, കട്ടിൽ തുടങ്ങി നിരവധിയാണ്.

**നെല്ല്**

കൃഷിഭൂമി : 600 ഏക്കർ + കോൾ നിലങ്ങൾ

ഈ പഞ്ചായത്തിൽ പ്രതിവർഷം ഏകദേശം 6000 MT നെല്ല് ഉണ്ടാകുന്നുണ്ട്. 20ton പ്രതിദിനം ഉൽപാദനശേഷിയുള്ള ഒരു ആധുനിക റൈസ്മിൽ സ്ഥാപിക്കണം. ഇത് കർഷകരെ സംബന്ധിച്ച് വളരെ ആശ്വാസകരമായിരിക്കും, കാരണം നെല്ലിന് ശിരിയായ വിലകിട്ടും എന്നത് തന്നെ പ്രധാനം.

**ചിരട്ട**

വളരെ വ്യവസായ പ്രാധാന്യമുള്ള ഒരസംസ്കൃത വസ്തുവാണ്. പുതിയ ടെക്നോളജി ഉപയോഗിച്ച്, ആക്റ്റിവേറ്റഡ് കാർബൺ നിർമ്മിക്കണം. ഒരു നല്ല സംരഭത്തിനാവശ്യമുള്ളത്ര ചിരട്ട ഇവിടെ ലഭ്യമാണ്. ഈ ഉൽപന്നം മൂല്യവർധിത മേഖലയിൽപ്പെടുന്നതിനാൽ സാമ്പത്തിക മേന്മയുള്ളതാണ്.

**മാങ്ങ**

മാമ്പഴം ഉപയോഗിച്ച് മാൻഗോ പൾപ്പ്(Mango Pulp) ഉണ്ടാക്കുന്ന വ്യവസായത്തിന്ന് സാധ്യതയുണ്ട്.

**അച്ചാർ നിർമ്മാണം**

നമ്മുടെ നാട്ടിൽ കിട്ടുന്ന മാങ്ങ ഉപയോഗിച്ച് വിവിധ തരം അച്ചാറുകൾ ഉണ്ടാക്കാം. വിപണി വളരെ വിപുലമാണ്.

**റെഡിമെയ്ഡ് ഗാർമെന്റ്സ്**

വനിതാ വ്യവസായയൂണിറ്റായി തുടങ്ങാം. മെഷീനുകൾ പലവീടുകളിലും കാണും. ഉണ്ടാക്കുന്ന സാധനങ്ങൾ വീടുകളിൽ കൊണ്ടുപോയി വില്പന നടത്തണം.

**ട്രെയിനിംഗ് സെന്റർ**

തൊഴിലില്ലാത്ത യുവജനങ്ങൾക്ക് ആശാരിപണി, കൽപണി മുതലായ ജോലിക്ക് പരിശീലനം നൽകുന്ന ഒരു ട്രെനിംഗ് സെന്റർ ആവശ്യമാണ്.

**പായനെയ്ത്ത്**

നിലവിലുള്ള പായനെയ്ത്ത് സംഘം വിപുലീകരിച്ച് പ്രവർത്തനത്തിന് വേണ്ടി കൂടുതൽ ഫണ്ട് കിട്ടാൻ സഹായം ലഭ്യമാക്കണം.

**പവർ ലൂം(power loom)**

ഈ പഞ്ചായത്തിൽ നെയ്ത്ത് തൊഴിൽ ചെയ്തിരുന്ന കുറെ തൊഴിലാളികൾ ഉണ്ട്. അവക്ക് വേണ്ടി സഹകരണാടിസ്ഥാനത്തിൽ ഒരു പവർലൂം യൂണിറ്റ് തുടങ്ങണം.

**സർജിക്കൽ ഇൻട്രുമെന്റ്സ്**

കുടിൽ വ്യവ്സായമായി നിർമ്മിക്കാവുന്ന പല ഉപകരണങ്ങളും ഉണ്ട്.സാങ്കേതികവിദ്യ ലഭ്യമാണ്. അങ്ങിനെയുള്ള നല്ല യൂണിറ്റ് തുടങ്ങണം.

**ഖാദി**

പഞ്ചായത്തിൽ നിലവിലുള്ള യൂണിറ്റിനെ വികസിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക

**ഔഷധ സസ്യകൃഷി**

വ്യവസായികാടിസ്ഥാനത്തിൽ കൃഷിചെയ്യാം. തിപ്പലി, കച്ചോലം, കുറുന്തോട്ടി, കൊടുവേലി മുതലായവ വീട്ടുവളപ്പിൽ വളർത്താവുന്നതാണ്. വ്യവസായികാടിസ്ഥാനത്തിൽ ചെയ്യാവുന്നതുമാണ്.

**ഉദ്യാനകൃഷി**

വ്യാവസായികാടിസ്ഥാനത്തിൽ വിവിധയിനം പൂക്കൾ കൃഷിചെയ്തു വിപണനം നടത്താം

**കൂൺകൃഷി**

വീടുകളിൽ ചെറിയ തോതിൽ ഈ കൃഷി നടത്താം

**മസാലപൊടികൾ**


മുളക്, മല്ലി, തുടങ്ങി വിവിധയിനം മസാലപൊടികൾ ഉണ്ടാക്കി പായ്ക്കറ്റിലാക്കി വിപണനം നടത്താം. നല്ല വിപണിയുള്ളതാണ് സ്ത്രീകൾക്ക് ചെയ്യാവുന്ന ഒരു തൊഴിൽ മേഖലയാണ്.

**ടൂറിസം**

തൃപ്രയാർ ശ്രീരാമക്ഷേത്രത്തിനോടനുബന്ധമായി ടൂറിസം മേഖല വികസിപ്പിക്കണം. തൃപ്രയാർ ടൂറിസം മേപ്പിൽ ഉൾപ്പെടുത്തുകയും K.T.D.Cയുമായി ബന്ധിപ്പിക്കുകയും വേണം. ബീച്ച് റിസോർട്ട്, ബോട്ട്, സർഫിംഗ് തുടങ്ങി ജലസംബന്ധിയായ ആധുനിക സൗകര്യങ്ങൾ ഉണ്ടാവണം. ചിലവുകുറഞ്ഞ നല്ല ഭക്ഷണം, താമസസൗകര്യം എന്നിവയുണ്ടാക്കണം. സർക്കാർ നിലയിൽ തുടങ്ങി, പ്രൈവറ്റ് ഏജൻസികളെ ഉൾപ്പെടുത്തി, ടൂർ ഓപ്പറേറ്റർസിന്റെ സഹകരണത്തോടെ അഖിലേന്ത്യാ തലത്തിൽ സംഘടിത രൂപം നൽകിയാൽ വികസിപ്പിക്കുന്നതിന്നുള്ള എല്ലാ പ്രകൃതി വിഭവങ്ങളും ഒത്തിണങ്ങിയതാണീ പ്രദേശം

ഏകദേശം 82 വ്യവസായ യൂണിറ്റുകൾ പ്രവർത്തനത്തിലുണ്ടെങ്കിലും ഇവയൊന്നുംതന്നെ കാര്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമായതല്ല. മൂലധനാധിഷ്ഠിതമായ വ്യവസായങ്ങളൊന്നുംതന്നെ എടുത്തു പറയാനില്ല. കാർഷിക മേഖലയായ ഈ പ്രദേശത്തുണ്ടാകുന്ന കാർഷികവിളകൾ വ്യവസായ ഉൽപന്നങ്ങളായി മാറ്റാനുള്ള സംരംഭങ്ങളായിരിക്കും വ്യവസായീകരണത്തിന്ന് കൂടുതൽ അഭികാമ്യമായിട്ടുള്ളത്. •





# 7

# റോഡുകൾ, ഊർജ്ജം

പഞ്ചായത്തിൽ വ്യാപകമായി ഉപയോഗിക്കുന്ന പ്രധാന ഊർജ്ജ സ്രോതസ്സുകൾ വൈദ്യുതി, പ്രകൃതിവാതകം, മണ്ണെണ്ണ എന്നീ വാണിജ്യ ഇന്ധനങ്ങളും കൂടാതെ തെങ്ങുൽപ്പന്നങ്ങൾ വിറക് എന്നിവയും ആണ്.

വീടുകളിൽ പാചകത്തിന് വിറകും തെങ്ങുൽപ്പന്നങ്ങളും ഉപയോഗിക്കുന്നു. പഞ്ചായത്തിലെ 60% വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. വൈദ്യുതീകരിക്കാത്ത വീടുകളിൽ, വെളിച്ചത്തിന് മണ്ണെണ്ണയാണ് ഉപയോഗിക്കുന്നത്.

**വൈദ്യുതി**

പഞ്ചായത്തിലെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നത് വൈദ്യുതി ബോർഡാണ്. പവർ അലോക്കേഷനുള്ള അധികാരം സെക്ഷൻ ഓഫീസുകൾക്കാണ്. അവർ ബോർഡിന്റെ ചട്ടങ്ങൾ അനുസരിച്ച് മുൻഗണനാക്രമത്തിൽ കണക്ഷൻ നൽകുന്നു. കണ്ടശ്ശാംകടവ്, കാട്ടൂർ സബ്സ്റ്റേഷനുകളിൽ നിന്നാണ് ഈ പഞ്ചായത്തിന്നാവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകൾ അധികവും അധികഭാരം വഹിക്കുന്നവയാണ്. വൈദ്യുതി ഉപഭോക്താക്കളുടെ പ്രധാന പ്രശ്നം കുറഞ്ഞ വോൾട്ടേജ് ആണ്. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ടഡ് ലോഡിലും വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിനാൽ ട്രാൻ സ്ഫോർമറുകളുടെ പുനഃക്രമീകരണം ആവശ്യമാണ്. പുതിയ ട്രാൻസ്ഫോർമറുകൾ അനുവദിച്ചിട്ടുള്ളവ ഉടനെത്തന്നെ സ്ഥാപിക്കുക ഏകദേശം ആറ് ട്രാൻ സ്ഫോർമറുകൾ മാറ്റി സ്ഥാപിക്കേണ്ടതായും വരും. വൈദ്യുതി വിതരണം എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനും വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനും 24 K.M.LT ലൈൻ പുതിയതായി നിർമ്മിക്കണം.

പുതിയതായി പഞ്ചായത്തിൽ സ്ഥാപിക്കേണ്ട തെരുവ് വിളക്കുകൾ:- 360 സാധാരണ ബൾബുകളും 30 സോഡിയം വേപ്പർ ബൾബുകളും വേണം. ഇപ്പോഴുള്ള ഉപയോഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു. പഞ്ചായത്തിൽ ആകെ 399 വഴിവിളക്കുകൾ നിലവിലുണ്ട്.

ഊർജ്ജ പ്രതിസന്ധി രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ജലവൈദ്യുത പദ്ധതികൾ കൂടാതെ മറ്റു രീതിയിലുള്ള വൈദ്യുതോൽപാദനം ആരായുന്നതിനും ഉള്ളവയെ വികസിപ്പിച്ചെടുക്കുന്നതിനും പരിശ്രമിക്കണം. ഇതിന്റെ ഭാഗമായി വിവിധ തരം ബയോഗ്യാസ് പ്ലാന്റുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. ചാണകംകൊണ്ടു പ്രവർത്തിപ്പിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ (ഗോബർഗ്യാസ് പ്ലാന്റുകൾ) പഞ്ചായത്തിലെ സൗകര്യമുള്ള സ്ഥലങ്ങളിൽ ആവിഷ്കരിച്ച് നടപ്പാക്കണം. സഹകരണ സ്ഥാപനങ്ങളും ബാങ്കുകളും അതിന്റെ നിർമാണത്തിന് വായ്പ നൽകും. പ്ലാന്റുനിർമ്മാണത്തിന് സബ്സിഡിയും ഉണ്ട്. ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കൃഷിഭവനിൽ നിന്നും ലഭിക്കുന്നതാണ്.

സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന സൂര്യവിളക്കുകൾ മറ്റൊരു ഊർജ്ജസ്രോതസ്സാണ്. അനെർട്ടിന്റെ സബ്സിഡിയോടുകൂടി സൂര്യവിളക്കുകൾ വിതരണം ചെയ്യുന്നതിന് രൂപം കൊടുക്കണം. രണ്ടു ലൈറ്റുള്ള സൂര്യവിളക്കിന് ഏകദേശം 4640 രൂപയാകും. കൂടാതെ സൗരപാനൽ 30 വാട്ട്സിന്റേത് 2500 രൂപക്കും 15 വാട്ട്സിന്റേത് 1650 രൂപക്കും 10 വാട്ട്സിന്റേത് 1100 രൂപക്കുമാണ് സബ്സിഡി കഴിച്ച് വിതരണം ചെയ്യുന്നത്.

കാറ്റിൽനിന്നു വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള സാദ്ധ്യത താന്ന്യം പഞ്ചായത്തിൽ പ്രായോഗികമാണോ എന്നുള്ള പഠനങ്ങൾ അനെർട്ടിന്റെ സഹായത്തോടെ നടത്താം.

നമ്മുടെ ആഹാരാവശ്യങ്ങൾക്ക് പ്രകൃതിയിൽനിന്നും ലഭിക്കുന്ന ഇന്ധനങ്ങളെയാണ് ആശ്രയിക്കുന്നത്. ഇതിനുള്ള ഊർജ്ജത്തിന്റെ ഉറവിടം വിറകാണ്. പുതിയ മരങ്ങൾവെച്ചുപിടിപ്പിക്കുന്നതിനുള്ള വൈമുഖ്യം ഇന്ധനത്തിന്റെ അപര്യാപ്തതക്ക് വഴിതെളിയിക്കും. ഈ അപര്യാപ്തത ഇനിയും വർദ്ധിക്കുവാനും ജനങ്ങൾ ഒരു ഇന്ധന പ്രതിസന്ധി നേരിടേണ്ടതായും വരും അതിനാൽ പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഇന്ധനച്ചിലവ് കഴിയുന്നതും കുറക്കണം.

## മെച്ചപ്പെട്ട വിറകടുപ്പുകൾ

പുകയില്ലാത്ത മെച്ചപ്പെട്ട വിറകടുപ്പുകൾ അനെർട്ട് കോസ്റ്റ്ഫോർഡ്, ശാസ്ത്രസാഹിത്യ പരിഷത്, കമ്മ്യൂണിറ്റി പോളിടെക്നിക് സ്കീം എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വൈദഗ്ദ്യം നേടിയവർ പ്രചരിപ്പിച്ചു നടത്തുന്നുണ്ട്. ഈ പഞ്ചായത്തിലും പല വീടുകളിലും ഇതിന്റെ ഉപയോഗം പ്രയോജനപ്പെടുത്തുന്നുണ്ട്(സ്ഥിതിവിവരകണക്കുകൾ ലഭ്യമല്ല) ഇത്തരം അടുപ്പുകളുടെ പ്രചരണത്തിനായി പഞ്ചായത്തിൽനിന്നുള്ള സേവനസഹായങ്ങൾ അനെർട്ടിന്റെ സബ്സിഡി ഉപയോഗപ്പെടുത്തി പ്രചരിപ്പിക്കണം. വിറക് പ്രധാന ഇന്ധനമായി ഉപയോഗിക്കുന്ന എല്ലാ വീടുകളിലും ഇത്തരം അടുപ്പുകൾ സ്ഥാപിക്കണം. മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്ന വീടുകൾ ധാരാളമുണ്ട് (സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ല) അനെർട്ടിന്റെ സബ്സിഡിയോടെ കൂടുതൽ ഇന്ധനക്ഷമതയുള്ള സ്റ്റൗ ഏകദേശം 424 രൂപക്ക് കിട്ടുന്നതാണ്. ദക്ഷതകൂടിയ വിറകടുപ്പുകളുടെ ബോധവൽക്കരണം നടത്താൻ ഒരു ഏജൻസിയെ പഞ്ചായത്തിന് നിയോഗിക്കാവുന്നതാണ്.

ഊർജ്ജലാഭത്തിന് പ്രഷർകുക്കറുകൾ ഉപയോഗിക്കാം ആനെർട്ടിന്റെ IREP ഓഫീസുമായി ബന്ധപ്പെട്ട് സബ്സിഡിയോട് കൂടിയുള്ള പ്രഷർകുക്കർ വിതരണം ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കണം (IREP പ്രോജക്ട് ആഫീസറുടെ സബ്സിഡിയെപ്പറ്റിയുള്ള വിവരങ്ങൾ പഞ്ചായത്തിൽ ഉണ്ട്) ഇത്തരം കുക്കറുകളുടെ വില 6.5 ലിറ്ററിന്റേതിന് 310 രൂപയും 10 ലിറ്ററിന്റേതിന് 410 രൂപയുമാണ്.

ഇന്ധനലാഭത്തിന് ഉപകരിക്കുന്ന കച്ചിപ്പെട്ടിയുടെ ഉപയോഗത്തെപ്പറ്റി ജനങ്ങളിൽ ബോധവല്ക്കരണം ആവശ്യമാണ്. നഗരങ്ങളിൽ അലുമിനിയത്തിലും സ്ററീലിലും നിർമിച്ച പെട്ടികൾ ലഭിക്കുന്നുണ്ട്. ചിലവുകുറഞ്ഞ പെട്ടികൾ എല്ലാവർക്കും നിർമ്മിക്കാവുന്നതാണ്. ഊർജ്ജലാഭത്തിന് ഉപയോഗിക്കാവുന്ന മറ്റൊരു ഉപകരണമാണ് ഫ്രിക്ഷൻലെസ് ഫുട്ട് വാൽവുകൾ. ഇതിനു അനെർട്ട് സബ്സിഡി നൽകുന്നുണ്ട്.

വോൾട്ടേജ് തീരെ കുറവായ സ്ഥലങ്ങളിൽ ഉപയോഗിക്കാവുന്ന ഉപകരണമാണ് കോംപാക്ട് ഫ്ളൂറൻസ് ലാംപ്. സാധാരണ ബൾബിനു പകരം ഇത് ഉപയോഗിച്ചാൽ വെളിച്ചക്കൂടുതലും വൈദ്യുതിലാഭവും ഉണ്ടാകും. ഒരു ബൾബിന് 168 രൂപയോളം വിലയാകും അതുപോലെത്തന്നെ ട്യൂബ് ലൈറ്റിന്റെ ഇലക്ട്രോണിക് ചോക്ക് 95 രൂപ സബ്സിഡിയോടെ ലഭിക്കുന്നുണ്ട്.

ഊർജ്ജ പ്രതിസന്ധി നേരിടുന്നതിനായി കാറ്റാടി പമ്പ് ഉപയോഗിച്ച് വെള്ളം ഉയർത്തുന്നതിന് സാദ്ധ്യത ഉണ്ട്. വിൻഡ്മിൽ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും അനെർട്ടിൽനിന്നും കിട്ടും. 60,000 രൂപ ചിലവുള്ള ഈ പദ്ധതി 12000 രൂപക്കാണ് ചെയ്ത്കൊടുക്കുന്നത്. പഞ്ചായത്തിലെ വൈദ്യുതി മെച്ചപ്പെടുത്തുന്നതിന് വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥരെ കൂടി കർമ്മസമിതികളിൽ ഉൾപ്പെടുത്തി അവരുടെ സേവനങ്ങൾ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കണം.

പാചകഗ്യാസ് വ്യാപകമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ താന്ന്യം പഞ്ചായത്തിൽ (കഴിയുന്നതും മദ്ധ്യത്തിൽ) ഒരു ഗ്യാസ് എജൻസി ഏർപ്പെടുത്തി ഗ്യാസ് ലഭിക്കാൻ സൗകര്യം ഉണ്ടാക്കണം. ഇപ്പോൾ ഇതിന്റെ വിതരണം കാഞ്ഞാണി, തളിക്കുളം എന്നിവിടങ്ങളിൽ നിന്നാണ്. ഊർജ്ജാസൂത്രണ പദ്ധതിക്കുള്ള സാങ്കേതിക സേവനവും സാമ്പത്തിക സഹായവും ലഭിക്കുന്ന സ്ഥാപനങ്ങളും ഏജൻസികളും.

1. സംയോജിത ഗ്രാമീണ ഊർജ്ജാസൂത്രണ പദ്ധതി (IREP)
2. അനെർട്ട്
3. ഖാദി ബോർഡ്
4. ശാസ്ത്ര സാഹിത്യ പരിഷത്ത്
5. കോസ്റ്റ് ഫോർഡ്

6. കമ്മ്യൂണിറ്റി പോളിടെക്നിക് സ്കീം
7. നിർമ്മിതി കേന്ദ്രം

**ഗതാഗതം**

താന്ന്യം പഞ്ചായത്തിൽ പൊതുവെ നല്ല വിധത്തിലുള്ള റോഡ് ശൃംഖലയാണ് ഉള്ളത്. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 83 km ആണ്. ഇതിൽ 20 km ടാർറോഡ് PWD റോഡുകളാണ്.

**പഞ്ചായത്ത് റോഡുകൾ**

ടാർ റോഡ് 10.60 കി.മീ

മെറ്റൽ റോഡ് 5.90 കി.മീ

ഗ്രാവൽ റോഡ് 44.50 കി.മീ

മൺറോഡ് 5.00 കി.മീ


ഈ റോഡുകളിൽ അധികവും 3 മീറ്റർ മുതൽ 4 മീറ്റർ വരെ മാത്രമെ വീതിയുള്ളൂ ഇവ വീതി കൂട്ടി വാഹന സൗകര്യം ഏർപ്പെടുത്തണം. പഞ്ചായത്തിൽ തീരെ സഞ്ചാരസൗകര്യമില്ലാത്ത സ്ഥലത്തേക്ക് ഏകദേശം 7.കി.മി.റോഡുകൾ പുതിയതായും നിർമ്മിക്കേണ്ടതായുണ്ട്. സാധാരണ വില്ലേജ് റോഡുകളുടെ വീതി 8 മീറ്ററും കല്ലു പാകേണ്ട വീതി 3 മീറ്ററുമാണ്. ഇപ്പോഴത്തെ റോഡുകളുടെ സ്ഥിതി മോശമാകാൻ പ്രധാന കാരണം ഓടകളില്ലാത്തതും വെള്ളം ഒഴുകിപ്പോകാൻ മാർഗ്ഗം ഇല്ലാത്തതുമാണ്. പുറമ്പോക്ക് തോടുകളും മറ്റും കണ്ടെത്തി വെള്ളം ഒഴുക്കിക്കളയണം. പാടങ്ങളും പറമ്പുകളും നികത്തിയതുകാരണം നീർക്കെട്ടുകളും ഉണ്ടാകുന്നു. എല്ലാ റോഡുകൾക്കും ഓടയും ആവശ്യമുള്ള സ്ഥലങ്ങളിൽ കൽവർട്ടുകളും നിർമ്മിക്കണം. ഇതിന് ബഹുജനസഹകരണത്തോടെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തണം. ഗ്രാമസഭകൾ മുൻകൈ എടുത്ത് പുതിയ റോഡുകളുടെ അറ്റകുറ്റപ്പണികളും ഏറ്റെടുക്കണം. മുൻഗണനാക്രമത്തിൽ പുതി റോഡിന്റെ നിർമ്മാണം ഗ്രാമപഞ്ചായത്തിൽ തീരുമാനിക്കണം.

പഞ്ചായത്തിലുള്ള PWD റോഡുകളുടെ അറ്റകുറ്റപ്പണികളും പരിചരണവും പഞ്ചായത്തുകൾ തന്നെ നടത്തുന്നതാണ് നല്ലത്. അതിനുള്ള പ്രത്യേക ഫണ്ട് പഞ്ചായത്തിന് ലഭ്യമാക്കണം.

പഞ്ചായത്തിന്റെ തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ നാലോളം കടത്തുകൾ ഉണ്ടായിരുന്നു. അഴിമാവ്, കല്ലും കടവ് വേണ്ണേക്കൽ, ചെമ്മാപ്പിള്ളി എന്നിവ. എന്നാൽ ഇപ്പോൾ ഇവയിലൊന്നും കടത്തു വഞ്ചികൾ ഇല്ല. ചെമ്മാപ്പിള്ളിയിൽ ഇതിനു സൗകര്യപ്പെടുത്തിയാൽ വിദ്യാർത്ഥികൾക്കും കോട്ടൺമിൽതൊഴിലാളികൾക്കും സൗകര്യമായിരിക്കും. ബസ് സർവ്വീസ് കുറവായ അഴിമാവ് കല്ലുംകടവ് എന്നീ സ്ഥലങ്ങളിൽ നിന്ന് തൃശൂർക്കും ഇരിഞ്ഞാലക്കുടക്കും ബസ്സ് സർവ്വീസ് ഏർപ്പെടുത്തണം. തൃപ്രയാർ–തൃശൂർ K.S.R.T.C. ബസ് ചെമ്മാപ്പിള്ളി കണ്ടശ്ശാംകടവ് വഴി ഓടിയിരുന്നു അതിപ്പോൾ മാസത്തിൽ ഒന്നോ രണ്ടോ തവണയാണ് ഓടുന്നത് ഇത് എല്ലാ ട്രിപ്പും എല്ലാ ദിവസവും ഓടുന്നതിന് ഉള്ള ഏർപ്പാടുകൾ ചെയ്യണം.

പഞ്ചായത്ത് പരിധിയിൽ തണ്ടാശ്ശേരിപ്പിടിയിലുള്ള വെയിറ്റിംഗ് ഷെഡ്ഡ് ഒഴികെ വെയ്റ്റിംഗ് ഷെഡ്ഡുകളോ ഓട്ടോറിക്ഷാ സ്റ്റാന്റുകളോ ടാക്സി സ്റ്റാന്റുകളോ ഇല്ല. പെരിങ്ങോട്ടുകര നാലും കൂടിയ വഴി, മൂന്നും കൂടിയ സെന്റർ തൃപ്രയാർ കിഴക്കേനട ചെമ്മാപ്പിള്ളി സെന്റർ, വാതുമുക്ക്, കിഴുപ്പിള്ളിക്കര സെന്റർ എന്നിവിടങ്ങളിൽ ഇവ ഏർപ്പെടുത്തണം. തൃപ്രയാറിൽനിന്ന് മൂന്നും കൂടിയ വഴി, നാലും കൂടിയ വഴി ടച്ച് ചെയ്ത് കൂടുതൽ ബസ്സുകൾ ഓടിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം. •





8

# പാർപ്പിടം സാമൂഹ്യക്ഷേമം

താന്ന്യം ഗ്രാമത്തിന്റെ തെക്കും മേക്കും മന്ദമായി ഒഴുകുന്ന കനോലി കനാൽ. ഫലഭാരത്താൽ നമ്രശിരസ്ക്കരായി അഴകോടും ആരോഗ്യത്തോടും വളരുന്ന കേരവൃക്ഷങ്ങൾ. കാറ്റു വീഴ്ച ഏറ്റ അപൂർവ്വം തെങ്ങുകളും ഇല്ലാതില്ല. ഫലപുഷ്ടിയുള്ള മണ്ണ്. വിത്തിടുന്ന കർഷകന് വിഷമിക്കേണ്ടതായി വരാറില്ല. കിഴുപ്പിള്ളിക്കര, താന്ന്യം, വടക്കുംമുറി കിഴക്കുംമുറി എന്നീ വില്ലേജുകൾ ചേർന്ന പ്രകൃതി അനുഗ്രഹിച്ച ഭൂമി.

നാലു ദശവത്സരങ്ങൾക്ക് മുൻപത്തേതിൽനിന്ന് കെട്ടിലും മട്ടിലും സാമൂഹ്യ സാമ്പത്തിക സ്ഥതിയിലും പാടെ വ്യത്യാസം വന്നിരിക്കുന്നു. ഓലയും ഓടും മേഞ്ഞ കേരളീയ തനിമ ഉണ്ടായിരുന്ന വീടുകളുടെ സ്ഥാനത്ത് പടുകൂറ്റൻ കോൺക്രീറ്റ് കെട്ടിടങ്ങൾ ഉയർന്നു വന്നിരിക്കുന്നു. ഗൾഫ് പണം ഒരു കാലത്ത് ഈ പ്രദേശത്തേക്ക് കുത്തി ഒഴുകിയതിന്റെ ഫലമാണ് ഈ മണിമാളികകൾ എന്നാൽ മാറ്റമോ പുരോഗതിയോ ഇല്ലാതെ തറയോട് ചേർന്ന് കിടക്കുന്ന കുടിലുകൾ ഇന്നും പഞ്ചായത്തിന്റെ നിത്യശാപമായി നിലകൊള്ളുന്നു. ഇത് പുരോഗതിയുടെ പാതയിലെ വലിയ തടസ്സമാണ്. നാനാവിധത്തിലുള്ള പുരോഗതിക്കായി ശ്രമിക്കുന്നതോടൊപ്പം പാർപ്പിട സൗകര്യവും ഉണ്ടായാലേ നാം വിഭാവനം ചെയ്യുന്ന നല്ല നാളുകൾ ഉണ്ടാകൂ. രൂക്ഷമായ പാർപ്പിട പ്രശ്നത്തിന് പരിഹാരം കണ്ടേ തീരൂ.

പഞ്ചായത്തിലെ വിവിധ ഇനത്തിൽപ്പെട്ട ഭവനങ്ങൾ താഴെ പട്ടികയിൽ ഉള്ളതു പോലെയാണ്.

1985നു ശേഷമാണ് ഈ കൂറ്റൻ മണിമാളികകൾ ഉയർന്നു വന്നിട്ടുള്ളത് ഭീമമായ സംഖ്യ മുടക്കി അത്യാധുനിക സൗകര്യങ്ങളും ധാടിയും മോടിയും പൂന്തോപ്പും മറ്റുമുള്ള ഇത്തരം കെട്ടിടങ്ങൾ പഞ്ചായത്തിന്റെ പ്രധാന പാതയോരത്ത് സ്ഥിതി ചെയ്യുന്നു. ലോൺ എടുത്ത് പണി തീരാത്ത വീടുകളും എണ്ണത്തിൽ വിരളമല്ല. നെൽവയലുകൾ നികത്തി നാണ്യവിളകളാക്കി മാറ്റാൻ പാടില്ല എന്നതാണ് പ്രാബല്യത്തിലുള്ള നിയമം. എങ്കിലും വൻതോതിൽ കൃഷി ഭൂമി നികത്തി നാണ്യവിളകൾ കൃഷി ചെയ്യുകയും ഭവന നിർമ്മാണം നടത്തുകയും ചെയ്യരുത്.

പാർപ്പിട പ്രശ്നത്തിന് കാരണം എന്തെന്ന് പരിശോധിക്കാം.

1. ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് സ്വന്തമായി ഭൂമി ഇല്ല

2. ഉള്ള സ്ഥലത്ത് വീടുവയ്ക്കാനാണെങ്കിൽ നിർമ്മാണ സാമഗ്രികളുടെ തീ പിടിച്ച വില

3. സാമ്പത്തിക സഹായം ലഭ്യമാകാവുന്ന സ്ഥാപനത്തിൽ ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ

4. അനുവദിച്ച തുക പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ വേണ്ട വിധത്തിൽ ചെയ്യാത്തതു കൊണ്ട് തികയാതെ വരിക.

5. കടം വാങ്ങിയ തുക അപ്രതീക്ഷിതമായി മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടിവരി,

6. കോളനികളിലേയും, മിച്ചഭൂമികളിലേയും 4 സെന്റ്, 8 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കൊച്ചുവീടുകളിലെ ജനസംഖ്യാ വർദ്ധനവ് രൂക്ഷമായ പാർപ്പിട പ്രശ്നം ഉണ്ടാക്കും.

7. ന്യൂക്ലിയർ ഫാമിലി സമ്പ്രദായവും പാർപ്പിട പ്രശ്നം ഉണ്ടാക്കുന്നു.

**സാദ്ധ്യതകളും നിർദ്ദേശങ്ങളും**

പഞ്ചായത്ത് സമിതിക്ക് ഈ ശോച്യവസ്ഥക്ക് പല വിധത്തിൽ നിവാരണം കണ്ടെത്താവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. തൊഴിലാളികളെ ഈ സംഘത്തിന്റെ അംഗങ്ങളാക്കി അവർക്ക് തൊഴിൽ നൽകുക.

2. നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ സിവിൽ സപ്ലൈസ് മുഖേന നൽകുക.

3. നിർമ്മാണ ചെലവ് 3 ലക്ഷത്തിൽ കവിയുന്ന വീടുകൾക്ക് കർശനമായ നികുതി പിരിവ് നടത്തുക. ഈ പരിധിയിൽ കൂടുതൽ വരുന്ന ഭവനങ്ങൾക്ക് പ്രത്യേകം ഭവന നികുതി ഈടാക്കുക.

4. സർക്കാർ നൽകുന്ന ഭവന വായ്പ സാങ്കേതിക തടസ്സം കൂടാതെ നൽകുക.

5. വായ്പ അനുവദിക്കുന്നതിനുള്ള കാല താമസം ഒഴിവാക്കുക.

6. വായ്പാ പദ്ധതികളിലൂടെ ലഭിച്ച സഹായം, നിശ്ചിത പ്ലാനിലും, എസ്റ്റിമേറ്റിലും നിശ്ചിത സമയത്ത് ചെയ്തു തീർക്കുവാൻ ബോധവൽക്കരണം നൽകുക.

7. വായ്പാ സംഖ്യ കൃത്യസമയത്ത് അടച്ചാൽ പലിശ

കെട്ടിടങ്ങളെ സംബന്ധിച്ചുള്ള വിവരം

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങൾ | മേൽപുരയുടെ സ്വഭാവം ഒരുനിലയുള്ള കെട്ടിടങ്ങൾ | | | |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| I | 533 | 25 | 130 | 201 | 176 | 1 |
| II | 756 | 33 | 175 | 336 | 212 | |
| III | 606 | 30 | 206 | 168 | 201 | 1 |
| Iv | 525 | 17 | 164 | 183 | 161 | |
| V | 699 | 33 | 197 | 289 | 179 | 1 |
| VI | 557 | 24 | 165 | 225 | 143 | |
| VII | 1061 | 51 | 342 | 424 | 242 | 2 |
| VIII | 683 | 25 | 178 | 277 | 203 | |
| IX | 826 | 36 | 222 | 326 | 242 | |
| X | 667 | 24 | 221 | 260 | 162 | |
| XI | 510 | 12 | 161 | 188 | 149 | |
| ആകെ | 7423 | 310 | 2161 | 2877 | 2070 | 5 |

ഇളവ് നൽകുക

8. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിച്ചു കൊടുക്കുക.

9. ഭൂമി വിലക്ക് വാങ്ങി ഭൂഹരിതർക്ക് നൽകുക. കഴിയുന്നതും അവർ തൊഴിൽ ചെയ്യുന്ന സ്ഥലത്തിന് സമീപത്തായിരിക്കണം.

10. ഭവന നിർമ്മാണം ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തുക. ഗുണഭോക്താക്കൾ നിർമ്മാണത്തിന്റ മേൽനോട്ടം വഹിക്കണം.

11. ചുരുങ്ങിയ ചിലവിൽ പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കാത്ത "CEEF" (costford) ഭവനങ്ങൾ നിർമ്മിക്കുക

ലക്ഷം വീടുകോളനികൾ, മിച്ചഭൂമി എന്നിവിടങ്ങളിലെ നിവാസികൾക്ക് വേണ്ടി ഒരു പൊതുശ്മശാനം സ്ഥാപിക്കണം. ചപ്പുചവറുകൾ നീക്കം ചെയ്യാനും മലിനജലം ഒഴുക്കികളയാനും പ്രത്യേക സംവിധാനം ഉണ്ടാക്കണം. ഓരോ കോളനിക്കും പ്രാഥമിക ആവശ്യങ്ങൾക്ക് ഉതകുന്ന വിധത്തിൽ ശുദ്ധജലം, കക്കൂസ്, വൈദ്യുതി, പൊതുവിശ്രമ സ്ഥലം എന്നിവ ഉണ്ടായിരിക്കണം. പൊതുസ്ഥലത്ത് വിശ്രമസമയം വിജ്ഞാന പ്രഥമായി ചെലവഴിക്കാൻ വർത്തമാന പത്രം, റേഡിയോ, മുതലായവ ഉത്തരവാദിത്തത്തോടെ ഏർപ്പെടുത്തി കൊടുക്കണം.

**സാമൂഹ്യക്ഷേമം**

മനുഷ്യസമുദായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയും വികസനവും ലക്ഷ്യമാക്കിയിട്ടുള്ള പ്രവർത്തനമാണ് സാമൂഹ്യക്ഷേമം. ഗ്രാമപ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനും ക്ഷേമത്തിനുമായി പല സ്ഥലങ്ങളിലും പല കാലങ്ങളിലും ഒറ്റപ്പെട്ടും കൂട്ടായ്മയോടും കൂടി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ഇരുപതുകളിൽ നടന്ന ശ്രീ നികേതൻ പരീക്ഷണം, ഗർഗവോൺ പരീക്ഷണം. മാർത്താണ്ഡം പ്രോജക്ട്, സേവാഗ്രാം, ബറോഡയിലെ ഗ്രാമ പുനർനിർമ്മാണ പ്രസ്ഥാനം, മദ്രാസിലെ ഫർക്ക വികസന പദ്ധതി, ഇട്ടാവ പ്രോജക്റ്റ്, നിലോക്കേരി പരീക്ഷണം എന്നിവ ഈ മണ്ഡലങ്ങളിലെ ആദ്യകാല പരീക്ഷണങ്ങളാണ്.

ആസൂത്രിത ദേശീയ വികസനത്തിന്റെ ഭാഗമായി 1952ൽ പ്രാദേശികതലത്തിൽ അങ്ങിങ്ങായി തുടങ്ങിയ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം, 1963 ആയപ്പോഴേക്കും 5243 കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ബ്ലോക്കുകളിലൂടെ ഇന്ത്യ ഒട്ടാകെ വ്യാപിച്ചു കഴിഞ്ഞു. ഒരു പ്രദേശത്തെ ഭൗതികവും മാനുഷികവുമായ വിഭവങ്ങളുടെ സമ്പൂർണ്ണമായ വികസനം ഭദ്രമാക്കുകയും തദ്വാര ഗ്രാമ സമൂഹത്തെ ഉന്നത ജീവിത നിലവാരത്തിലേക്ക് ഉയർത്തുകയുമായിരുന്നു സാമൂഹ്യ വികസനത്തിന്റെ ലക്ഷ്യം.

ജില്ല, ബ്ലോക്ക്, ഗ്രാമം, എന്നീ തലത്തിൽ ജനകീയ സ്ഥാപനങ്ങളിലൂടെ സൃഷ്ടിയും വികസനവും ആയിരുന്നു രണ്ടാംഘട്ടം. ഈ ഘട്ടത്തിൽ ഗ്രാമതലത്തിൽ പഞ്ചായത്തും, ബ്ലോക്ക് തലത്തിൽ പഞ്ചായത്തും, ജില്ലാ തലത്തിൽ ജില്ലാ പരിഷത്തും മുഖേന സാമൂഹ്യ വികസന പ്രവർത്തനങ്ങൾ തുടർന്നു.

**സാമൂഹ്യക്ഷേമം ഉന്നമാക്കിയുള്ള പദ്ധതികൾ**

1. സംയോജിത ഗ്രാമ വികസന പരിപാടി (IRDP) ദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്യുന്നതിന് കേന്ദ്രാവിഷ്കൃതമായ ഒരു പദ്ധതിയാണിത്. ഇതിന്റെ ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പങ്കു വെച്ച് എടുക്കുന്നു. ചെറുകിട പരിമിത കർഷകർ, കാർഷികത്തൊഴിലാളികൾ, ഗ്രാമീണ കൈത്തൊഴിലാളികൾ, പട്ടികജാതി/ പട്ടികവർഗ്ഗക്കാർ, സ്ത്രീകൾ, വികലാംഗർ എന്നീ എല്ലാത്തുറകളിലുമുള്ള ദരിദ്രർക്കും ഈ പദ്ധതി പ്രയോജനപ്പെടുന്നു.

2. Trysm (Training of Rural youth for self employment) ഐ.ആർ.ഡി.പി. യുടെ അനുബന്ധ പരിപാടിയാണിത്.

18നും 35നും മദ്ധ്യേ പ്രായമുള്ള യുവതീ യുവാക്കൾക്ക് സ്റ്റൈപ്പന്റോടെ പരിശീലനവും, പരിശീലനം നൽകുന്ന

സ്ഥാപനങ്ങളിൽ തന്നെ ഹോണറേറിയവും നൽകുന്നു.

3. DWCRA (Development of women and children in Rural Areas)

10-15 ഗ്രാമീണ സ്ത്രീകൾക്ക് ഗ്രൂപ്പായി ചെയ്യാവുന്ന ഒരു പ്രവർത്തന പദ്ധതിയാണിത്. യൂണിസെഫിന്റെ സഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നു.

4. C.R.S.P. Central Rural Sanitation programme

ചെലവുകുറഞ്ഞ കക്കൂസുകൾ എല്ലാ വിഭാഗത്തിൽപ്പെട്ട ദരിദ്രർക്കും ഉണ്ടാക്കി കൊടുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

5. ഭവന നിർമ്മാണ പദ്ധതി Housing

രണ്ട് സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്ക് നല്കുന്ന വായ്പാ പദ്ധതിയാണിത്. ജെ.ആർ.വൈ, ഐ.എ.വൈ. പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് വീടുകൾ നൽകുന്നത്.

6. കൈത്തൊഴിൽ ഉപകരണ വിതരണ പരിപാടി

പരമ്പരാഗത കൈത്തൊഴിലുകൾക്ക് പ്രയോജനപ്പെടുന്ന, നവീന തൊഴിലുപകരണങ്ങൾ നൽകുന്നു.

7. ജവഹർ തൊഴിൽ ദാന പരിപാടി. (ജെ. ആർ. വൈ)

തൊഴിൽ രഹിതരായ ഗ്രാമീണർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കികൊടുക്കുന്നു. 80: 20 എന്ന അംശബന്ധത്തിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ഇതിന്റെ ചെലവു വഹിക്കുന്നു.

8. ദേശീയ സമ്പാദ്യ പദ്ധതി

ഗ്രാമീണരിൽ സമ്പാദ്യശീലം വളർത്തുന്നതിനായി പോസ്റ്റാഫീസുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്. മഹിളാ പ്രധാൻ ഏജൻസികൾ മുഖേന ഗ്രാമീണ ജനങ്ങളിൽ നിന്ന് പണം ശേഖരിച്ച് പോസ്റ്റാഫീസിൽ അടക്കുന്നു.

IRDP ലിസ്റ്റ് പ്രകാരം പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള 1894 കുടുംബങ്ങൾ ഉണ്ട്. ഈ കണക്കുകളുടെ പട്ടിക താഴെ കൊടുക്കുന്നു. (92- 96 സർവ്വെ)



| വാർഡ് | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ | ഇതിൽ SC/ST | സഹായം ലഭിച്ചിട്ടും ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയവർ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 54 | 10 | 78 | 20 | 4 | 123 |
| 2 | 108 | 34 | 65 | 32 | 2 | 154 |
| 3 | 90 | 20 | 85 | 43 | 7 | 119 |
| 4 | 88 | 14 | 70 | 32 | 5 | 141 |
| 5 | 153 | 40 | 98 | 37 | 6 | 217 |
| 6 | 114 | 35 | 68 | 34 | 4 | 149 |
| 7 | 158 | 30 | 81 | 41 | 5 | 234 |
| 8 | 98 | 12 | 67 | 34 | 2 | 163 |
| 9 | 125 | 21 | 103 | 51 | 8 | 220 |
| 10 | 118 | 22 | 93 | 48 | 4 | 208 |
| 11 | 113 | 21 | 70 | 32 | 7 | 176 |

ഭവന നിർമ്മാണത്തെ സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ
11 വാർഡുകളിലായി 266 വീടുകൾവേണം പട്ടികതാഴെ

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പദ്ധതികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ളവ | ഇനിയും അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 20 | 8 | 6 | 11 1 | 6 |
| 2 | 30 | 9 | | | 28 |
| 3 | 21 | 7 | | | 15 |
| 4 | 23 | 3 | 10 | 22 | 21 |
| 5 | 41 | 9 | | | 32 |
| 6 | 42 | 13 | | | 29 |
| 7 | 37 | | | | 27 |
| 8 | 33 | | | | 24 |
| 9 | 35 | 47 | 16 | 31 | 26 |
| 10 | 33 | | | | 23 |
| 11 | 34 | | | | |

വേണ്ടിവരുന്ന കക്കൂസുകളെ സംബന്ധിക്കുന്ന കാര്യങ്ങൾ 352 കക്കൂസുകളാണ് ഇനി പഞ്ചായത്തിൽ അത്യാവശ്യമായി വേണ്ടിവരിക. അവയുടെ കണക്കും താഴെ കാണിച്ചിരിക്കുന്നു.

| വാർഡ് | സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 നു ശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 27 | 6 | 6 | 21 |
| 2 | 26 | 2 | 2 | .24 |
| 3 | 31 | 2 | 2 | 29 |
| 4 | 34 | 3 | 3 | 31 |
| 5 | 38 | 2 | 2 | 36 |
| 6 | 36 | 2 | 2 | 34 |
| 7 | 42 | 7 | 7 | 35 |
| 8 | 39 | 6 | 6 | 33 |
| 9 | 49 | 10 | 10 | 39 |
| 10 | 40 | 12 | 12 | 34 |
| 11 | 45 | 9 | 9 | 9 |

**ഈ പഞ്ചായത്തിലെ അംഗൻവാടികളിൽ നിന്നുള്ള വിവരങ്ങൾ:-**

I. a)പഞ്ചായത്തിലെ ആകെ ജനസംഖ്യ 30,808
b) പുരുഷന്മാർ 15,088
c) സ്ത്രീകൾ 15,720

II. a) പട്ടിക ജാതി ജനസംഖ്യ 4,523
b) പട്ടിക വർഗ്ഗ ജനസംഖ്യ 3

III അംഗൻവാടികളുടെ എണ്ണം 26

IV. a) ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ:423
b) 1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ 391
c) 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ 421
d) 3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ :727

V a) പഞ്ചായത്തിലെ ആകെ ഗർഭിണികളുടെ എണ്ണം :173
b) ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം 16

VI മുലയൂട്ടുന്ന അമ്മാരുടെ എണ്ണം (6 മാസം വരെപ്രായമുള്ള കുട്ടികളുള്ള)192

VII a)കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ 482
b) ചാപ്പിള്ള ജനനങ്ങൾ 11

VIII a) ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95- 96) 1
b) 1-3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം nil
c) 3-6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം nil

IX a) ഗർഭസംബന്ധമായ അസുഖങ്ങളായി മരിച്ച സ്ത്രീകളുടെ എണ്ണം NI
b) മറ്റു മരണങ്ങളുടെ എണ്ണം 265

X a) അനുപൂരകപോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം 760
b) അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം 96
c) അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മാരുടെ എണ്ണം 110

**പൊതു വിതരണ സംവിധാനത്തെ കുറിച്ചുള്ള വിവരങ്ങൾ**


| വർഷം | കാർഡ് ഉടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിമാസം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NE | E | ആകെ | മേജർ (12 വയസ്സിനു മേൽ) | മൈനർ (3-12 വയസ്സ്) | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പാമോയിൽ | പഞ്ചസാര | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റുവഴി വിതരണം ചെയ്തത് | കാർഡുവഴിവിതരണം ചെയ്തത് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| | 1304 | 3014 | 4318 | 18617 | 5371 | 23985 | 90.9 MT | 124.7 MT | | | | 18 MT | 369 | 6674 | 30083 |

**നിർദ്ദേശങ്ങൾ**

പഞ്ചായത്തിലെ കുട്ടികളുടെ കായീകവും മാനസികവുമായ വളർച്ചക്ക് ആവശ്യമായ പൊതുകളിസ്ഥലങ്ങളും കുട്ടികളുടെ പാർക്കും നിർമ്മിക്കുക. തൃപ്രയാർ അമ്പലത്തിന്റെ കിഴക്കേ നടയിലുള്ള കനാൽ തീരം ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുക. ഈ പഞ്ചായത്തിൽ ഒരു National Bank കൂടി ഉണ്ടായിരിക്കണം. ഉദ്ദേശം 270 പെൻഷൻകാരുള്ള ഈ പഞ്ചായത്തിൽ ഒരു 'വൺമെൻട്രഷറി' സ്ഥാപിക്കണം. അംഗൻവാടികെട്ടിടങ്ങളുടെ ശോച്യവസ്ഥ പരിഹരിക്കുകയും അവിടെ സേവനമനുഷ്ടിക്കുന്ന വനിതകൾക്ക് ഭേദപ്പെട്ട വേതനം നൽകുകയും വേണം.

പഞ്ചായത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ പൊതുകിണറുകൾ സ്ഥാപിച്ചും, പൈപ്പുകൾ നീട്ടിയും ശുദ്ധജലവിതരണം കാര്യക്ഷമമാക്കുക. കാർഷിക പെൻഷൻ വിധവപെൻഷൻ, അഗതി പെൻഷൻ എന്നിവ അർഹരായ എല്ലാവർക്കും താമസംവിന നൽകുക. അക്രമപലിശ ഈടാക്കുന്ന ബ്ലെയ്ഡ് കമ്പിനികളും, കുറിക്കമ്പിനികളും നിരുത്സാഹപ്പെടുത്തണം.

ഒന്നോ രണ്ടോ വാർഡുകൾ ഉൾക്കൊണ്ട പൊതുവിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.



# 9

# സംസ്കാരം

മനുഷ്യ ജീവിതത്തിന്റെ കർമ്മപരമായ ശ്രേഷ്ഠതയും ബുദ്ധിപരമായ മഹനീയതയും വികാരപരമായ സൗന്ദര്യവും ഏറ്റവും മുറ്റിത്തഴച്ച് നിൽക്കുന്ന സ്ഥിതി വിശേഷമാണ് സംസ്കാരമെങ്കിൽ ആ സ്ഥിതി വിശേഷത്തിന്റെ പാരമ്പര്യം വടക്ക് അഞ്ചങ്ങാടി മുതൽ തെക്ക് കിഴുപ്പുള്ളിക്കരവരേയും കിഴക്ക് മങ്ങാട്ടു പാടം മുതൽ പടിഞ്ഞാറ് കനോലികനാൽ വരേയും മാത്രം വ്യാപിച്ച് കിടക്കുന്ന ഈ കൊച്ചുഗ്രാമത്തിലും തനതായ അർത്ഥത്തിലും വ്യാപ്തിയിലും കാണാം. പഴയ തിരു-കൊച്ചി പ്രദേശത്തിന്റെ ഭാഗമായ ഈ പഞ്ചായത്തിലും ഭൂപ്രഭുത്വത്തിന്റേയും നാടുവാഴിത്വത്തിന്റേയും ഭീകരത നടമാടിയിരുന്നെങ്കിലും അതിനെയെല്ലാം അതി ജീവിക്കാനും ജനതയെ മൊത്തം ദേശീയതയുടെ പാതയിൽ അണിനിരത്താനുമുതകുന്ന വിധത്തിലുള്ള ഒരു രാഷ്ട്രീയ-സാംസ്കാരിക നേതൃത്വം ഇവിടെ ഉടലെടുക്കാൻ ഒട്ടും വൈകിയില്ല. കർഷകരും കാർഷികത്തൊഴിലാളികളും ചെത്തുതൊഴിലാളികളും ഭൂരിഭാഗമുള്ള ഈ പ്രദേശം ആ മേഖലയിൽ നടന്ന എണ്ണമറ്റ സമരങ്ങളുടെ ഈറ്റില്ലമായിരുന്നു. പിന്നീട് ചരിത്രം രേഖപ്പെടുത്തിയ ഏനാമാവ് പെരിങ്ങോട്ടുകര എന്ന ശൈലി തന്നെ ഈ പഞ്ചായത്തിലെ തൊഴിലാളി വർഗ്ഗ സമരചരിത്രത്തിന്റെ വീരഗാഥ രചിച്ചതിന്റെ അനന്തരഫലം കൂടിയാണ്. അന്ന് ധീരമായി നിന്ന് പോരാടിയ മഹാരഥന്മാരിൽ അന്തരിച്ച ചിലരാണ് സർവ്വശ്രീ T.D. ഗോപിമാസ്റ്റർ, കണ്ണംപറമ്പിൽ രാമൻ, എൻ.ഡി വാസുദേവൻ നമ്പൂതിരി, ടി.എൻ.നമ്പൂതിരി മുതലായവർ. പിന്നീട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രബലനേതാക്കന്മാരായിത്തീർന്ന പല പ്രമുഖരും ഒളിവിലും തെളിവിലും പ്രവർത്തിക്കാനും ഈ മണ്ണ് അവസരമുണ്ടാക്കിക്കൊടുത്തു. ഹിന്ദുക്കളും, മുസ്ലീംകളും-

ക്രിസ്ത്യാനികളും ഇടത്തിങ്ങി വളരുന്ന ഇവിടം മതമൈത്രിക്ക് കേളി കേട്ടതാണ്. അതിനായത് ഇവിടെ പണ്ടു മുതലേ പ്രവർത്തനമാരംഭിച്ച പുരോഗമന പ്രസ്ഥാനങ്ങളുടേയും തൊഴിലാളി പ്രസ്ഥാനങ്ങളുടേയും അടിവേര് താഴ്ന്നിറങ്ങിയതുകൊണ്ടാണ്. കേരളത്തിൽ ശ്രീ നാരായണ ഗുരുദേവൻ നേരിട്ട് പ്രതിഷ്ഠിച്ച മൂന്നാമത്തെ ക്ഷേത്രമാണ് പെരിങ്ങോട്ടുകര ശ്രീ സോമശേഖര ക്ഷേത്രം. ജില്ലയിലെ ക്ഷേത്രോത്സവങ്ങളിൽ ഇന്നും ഗണനീയമായ ഒരു സ്ഥാനം ഇവിടത്തെ ഉത്സവത്തിനുണ്ട്.

ശ്രീ. പി. ഗംഗാധരന്റെ നേതൃത്വത്തിൽ കൊച്ചി എസ്.എൻ.ഡി.പി.യുടെ ഒരു ക്യാമ്പിനാതിഥേയത്വം നൽകിയതു സാംസ്കാരികമായ ഒരു പുത്തൻ ഉണർവിന് സഹായമായി. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്ന അവസരത്തിൽ സവർണ്ണ മേധാവിത്വത്തിനെതിരെ ശ്രീമാന്മാർ തൊപ്പിബാഹുലേയൻ, വിദ്വാൻ പി. ശങ്കരൻ മാസ്റ്റർ, പി.ജി. കറപ്പൻ, തൊപ്പിയിൽ ശങ്കരൻ എന്നിവരുടെ നേതൃത്വത്തിൽ നടന്ന സമൂഹ സദ്യ ജാതീയതക്കെതിരെ ഒരു പുത്തൻ ഉണർവുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്.

1941-42 കാലത്തു ചെത്തുതൊഴിലാളി യൂണിയന്റെ ആദ്യകാല പ്രസിഡണ്ടായി തെരിഞ്ഞെടുക്കപ്പെട്ട ശ്രീ. കണ്ണം പറമ്പിൽ രാമനും സെക്രട്ടറിയായ ശ്രീ. കെ.ജി. ദാമോദരനും താന്ന്യം പഞ്ചായത്ത് നിവാസികളായിരുന്നു എന്നതു എടുത്തുകാണിക്കുന്നതു ഈ പഞ്ചായത്തിൽ നിലനിന്നിരുന്ന സംഘടനാ പ്രവർത്തനത്തെ ചൂണ്ടികാണിക്കാൻ മാത്രമാണ്. അന്ന് ഇവ്വിധം സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിൽ അക്ഷീണം പ്രവർത്തിച്ച നേതാക്കൻമാരിൽ ശ്രീ. കെ. ഈശൻ നമ്പൂതിരിപ്പാട് ഇന്നും നമ്മോടൊപ്പമുണ്ട്. എം.പി.യും എം.എൽ.എ.യും ഒക്കെയായി വളർന്ന നമ്മുടെ പഞ്ചായത്തിലെ ഒരേ ഒരു വ്യക്തിയാണ്. ശ്രീ. സി.കെ. ചക്രപാണി.

ഇന്ന് നാം എത്തി നിൽക്കുന്ന ദിശയിൽനിന്ന് തിരിഞ്ഞുനോക്കുമ്പോൾ വിവിധ പ്രവർത്തനങ്ങൾ ഈ ഗ്രാമത്തിന്റെ പരിപോഷണത്തിനുതകിയിട്ടുള്ളതായി കാണാം. അതിൽ പ്രഥമ ഗണനീയം വിദ്യാഭ്യാസ സൗകര്യങ്ങൾ തന്നെ. പെരിങ്ങോട്ടുകര ഗവ. ഹയർസെക്കണ്ടറി സ്കൂൾ പഴക്കം കൊണ്ട് ഒന്നാം സ്ഥാനത്തു നിൽക്കുന്നു. ഇന്നതു ഡിവിഷനുകൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു ദുരവസ്ഥയിലാണെങ്കിലും നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പ്രാമുഖ്യം നൽകേണ്ട ഒന്നാണ്. ഇന്ന് ഈ ഗ്രാമ പഞ്ചായത്തിൽ 8 വിദ്യാലയങ്ങളുണ്ട്.

വായനശാലകളും ഗ്രന്ഥാലയങ്ങളും ഇവിടെ പണ്ട് മുതലേയുണ്ട്. അതിൽ ഏറ്റവും പഴക്കമേറിയതായി ചൂണ്ടിക്കാണിക്കാവുന്നത് വാളമുക്കിൽ 1938ൽ അന്നത്തെ കോൺഗ്രസ്സ് കമ്മറ്റി നേതൃത്വം നൽകി. ശ്രീ. തണ്ടാശ്ശേരി രാവുണ്ണിയുടെ വീടിനോടടുത്തു സ്ഥാപിച്ച വായനശാലയാണ്. സാഹിത്യ സമ്പുഷ്ടമായ ധാരാളം പുസ്തകങ്ങൾ ഇവിടെയുണ്ടായിരുന്നു. പഴക്കമേറിയ ഈ ഗ്രന്ഥാലയം ഈ പഞ്ചായത്തിലെ ജനങ്ങളെ മൊത്തം വായനയുടെ ലോകത്തിലേക്കടുപ്പിക്കാനുതകിയിട്ടുണ്ട്. 1950ൽ രൂപീകൃതമായ വടക്കുംമുറി വായനശാലയും ജനങ്ങളുടെ വായനശീലത്തെ വളർത്താനുതകിയിട്ടുണ്ട്. ശ്രീ.കെ.കെ. കൃഷ്ണദാസ് എന്നിവർ ഈ രംഗത്ത് പണ്ട് മുതലെ സജീവമായി നിന്നിരുന്നു. ശ്രീ. എം. എസ്. കൃഷ്ണൻ , പത്രാധിപരായി അന്ന് ഇറക്കിയിരുന്ന കൈയെഴുത്തു മാസിക വളരെ ശ്രദ്ധേയമായിരുന്നു. ഈ വായന ശാലകൾ ഇന്ന് ചിത്രത്തിലില്ലെങ്കിലും അവ വായനയുടെ രംഗത്ത് വരുത്തിയ ആവേശം മാതൃകാപരമാണ്. ഇന്ന് നമുക്ക് 7 വായനശാലകൾ ഈ പഞ്ചായത്തിലുണ്ട്. അതിൽ ഏറ്റവും മാതൃകാപരം പഴക്കമേറിയ ശ്രീ ബോധാനന്ദ വായനശാല തന്നെ. (ഇതിന്റെ മറ്റ് വിവരങ്ങൾ 9 പട്ടികയിൽ ചേർത്തിട്ടുണ്ട്)

സാംസ്കാരിക വളർച്ചക്കുതകുന്ന പ്രസ്ഥാനങ്ങളാണ് ഇന്നാട്ടിലെ അമച്വർ കലാസമിതികളും കായിക വേദികളും വനിത സംഘടനകളും. നിരവധി അമേച്വർ കലാസമിതികൾ ജന്മം കൊള്ളുകയും അകാല മൃത്യുവരിക്കുകയും ചെയ്ത ഊഷര ഭൂമിയാണ് ഈ ഗ്രാമം. പഴയ കലാസമിതികളിൽ ' പുരോഗമന കലാസമിതി' ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ചതാണ്. ശോഭന കലാവേദിയാണ് മറ്റൊന്ന്. ശ്രീ കലാലയം വർക്കി നേരിട്ടഭ്യസിപ്പിച്ചിരുന്ന നൃത്തക്ലാസ്സുകൾ കലയുടെ നൂപുരധ്വനി മുഴക്കാൻ സഹായിച്ചിട്ടുണ്ട്. നൃത്താഭ്യാസത്തിന് പ്രാധാന്യം നൽകി പ്രവർത്തിച്ചിരുന്ന കലാസമിതികൾ ഇപ്പോൾ വിരളമാണ്. 'സുഭാഷ് ക്ലബ്ബ് പെരിങ്ങോട്ടുകര', ഫ്രൻസ് ക്ലബ്ബ് താന്ന്യം' എന്നിവയാണ് മാതൃകാപരമായി പ്രവർത്തിച്ചിരുന്ന മറ്റ് കലാവേദികൾ. ശ്രീ. സി.ഇ. കുഞ്ഞിപ്പാലു വൈദ്യർ അന്നും ഈ കലാപ്രവർത്തനങ്ങളുടെ അമരക്കാരനായിരുന്നു. ഇപ്രകാരം നഷ്ടപ്പെട്ടുപോയ കലാസമിതികളിൽ ഇനിയും പലതും ചൂണ്ടിക്കാണിക്കാനുണ്ടാകാം. ഇന്ന് നില നിൽക്കുന്ന 17 കലാ സമിതികളിൽ സജീവതകൊണ്ട് നമ്മുടെ ഗ്രാമത്തിൽ നിറഞ്ഞു നിൽക്കുന്നതു യുവജന വേദി വടക്കും മുറിയാണ്. പാട്ടബാക്കി നമ്മളൊന്ന് എന്നീ പഴയ നാടകങ്ങളുടെ രംഗാവിഷ്കരണം ആ സംഘം ഈയിടെ നടത്തിയത് ഏറെ ജനശ്രദ്ധ പിടിച്ച് പറ്റിയവയാണ്. പുരോഗമനകലാസാഹിത്യസംഘ'ത്തിന്റെ പ്രവർത്തനവും നമ്മുടെ പഞ്ചായത്തിൽ സജീവമായുണ്ട്. ആശയ പ്രചരണ രംഗത്ത് അവയും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

ആദ്യമായി 'വള്ളംകളി മത്സരം' നടത്തി ശ്രദ്ധ പിടിച്ച് പറ്റിയ സംഘമാണ് സംഗമം സ്പോർട്സ് ക്ലബ്ബ്, കിഴുപ്പുള്ളിക്കര. വള്ളംകളി മത്സരങ്ങളിൽ പങ്കെടുത്ത് ധാരാളം പുരസ്കാരങ്ങൾ നേടിയ ക്ലബ്ബാണ് പൈനൂർ ദേശം ബോട്ട് ക്ലബ്ബ്'. ഭൂരിഭാഗം മെമ്പർമാരും ഈ ക്ലബ്ബിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരാണെന്നതാണ് ഇതിന്റെ മറ്റൊരു മുഖമുദ്ര.

പ്രാചീന കലകളായ കളംപാട്ട്, നന്തുണിപാട്ട്, ദാരിയൻപാട്ട്, തുകിലുണർത്തു പാട്ട്, ഉടുക്ക് കൊട്ട്പാട്ട് എന്നിവയിൽ തനതുവ്യക്തിത്വം പുലർത്തിയ ധാരാളം കലാകാരന്മാർ നമുക്കുണ്ട്. അസ്തമിച്ച് കൊണ്ടിരിക്കുന്ന ഈ കലകളുടെ പുനഃരുദ്ധാരണം അടിയന്തിരകർമ്മമായി ത്തീർന്നിരിക്കുന്നു.

എന്നിരുന്നാലും കലാ സമിതികളെ വളർത്തിയെടുക്കേണ്ട കാര്യത്തിൽ പഞ്ചായത്തിന്റെ ശ്രദ്ധ ഉണ്ടാകുന്നില്ല എന്ന പോരായ്മ നിലനിൽക്കുന്നു ചില വ്യക്തികളിൽ മാത്രം ഇത്തരം സംഘടനകൾ കേന്ദ്രീകരിക്കുന്നതുകൊണ്ട് അവരുടെ അഭാവത്തിൽ അത്തരം സംഘടനകൾ ഇല്ലാ

## നിലവിലുള്ള ഗ്രന്ഥശാലകൾ

| ക്രമ നമ്പർ | പേരും വിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടത്തിന്റെ വിവരം | പുസ്തകത്തിന്റെ എണ്ണം | പ്രതി മാസ പുസ്തകവിതരണം | കീഴിൽ പ്രവർത്തിക്കുന്ന വയുടെ വിവരം | സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടോ | ഗ്രേഡ് | ആനുകാലികങ്ങളുടെ എണ്ണം | അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| 1 | ഗ്രാമീണ വായനശാല, കിഴുപ്പുള്ളിക്കര | 1954 | സ്വന്തം | 11500 | 400 | ഗ്രന്ഥാലയം | ഉണ്ട് | A | – | – |
| 2 | മഹാത്മാ ലൈബ്രറി, തൃപ്രയാർ | 1953 | " | 7527 | 400 | " | " | B | 2+6 | – |
| 3 | ശ്രീ ബോധാനന്ദ വായനശാല, പെരിങ്ങോട്ടുകര | 1937 | " | 10200 | 700 | " | " | B | 7+3 | – |
| 4 | ഫീനിക്സ് ലൈബ്രറി വടക്കുംമുറി, ചെല്ലാപ്പിള്ളി | 1983 | വാടക | 1560 | 450 | ഇല്ല | ഇല്ല | – | 2+2 | – |
| 5 | എസ്. ഡബ്ളിയു. സി ലൈബ്രറി, വടക്കുംമുറി | 1965 | സ്വന്തം | 10100 | 250 | ഗ്രന്ഥശാല | ഉണ്ട് | – | – | – |
| 6 | പഞ്ചായത്ത് ലൈബ്രറി | 1977 | സ്വന്തം | 2328 | 1000 | – | – | – | 5+7 ടി.വിഉണ്ട് | |
| 7 | യുവജനവേദി, വടക്കുംമുറി | 1980 | സ്വന്തം | 2100 | 300 | ഇല്ല | ഇല്ല | – | 3+3 ജിഹ്വ എന്ന കൈയെഴുത്തു മാസിക ഇറക്കുന്നു | |

## നിലവിലുള്ള കലാസാംസ്കാരിക സ്ഥാപനങ്ങൾ

| നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ധനസഹായം | ഏതു സ്ഥാപനത്തോടു അഫിലിയേറ്റ് ചെയ്തിരിക്കുന്നു | റേഡിയോ/ ടി.വി ഉണ്ടോ | പ്രവർത്തനത്തിന്റെ ലഘുവിവരം |
|---|---|---|---|---|---|---|---|---|
| 1 | കാവേരി ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് | | | | | | | |
| 2 | ക്ലാസിക് കലാവേദി | | | | | | | |
| 3 | ആന്ദ്രപോവ് സ്പോർട്ട്സ് ക്ലബ് | | | | | | | |
| 4 | യുവഭാവന | | | | | | | |
| 5 | പ്രോഗ്രസീവ് യൂത്ത് ക്ലബ് | | | | | | | |
| 6 | സംഗമം ക്ലബ് | | | | | | | |
| 7 | യുവജനവേദി, താന്ന്യം | | | | | | | |
| 8 | യുവജനവേദി വടക്കുംമുറി റജി നമ്പർ 74181 | 1980 | 96 | സ്വന്തം | ഇല്ല | സംഗീത നാടകഅക്കാദമി | ഇല്ല | സൗജന്യ ട്യൂഷൻ ഗ്രൂപ്പ് സ്റ്റഡി, പ്രതിഭകളെ ആദരിക്കൽ കവി സമ്മേളനം, നാടകം എന്നീ രംഗങ്ങളിൽ ശ്രദ്ധിക്കുന്നു |
| 9 | കൈരളി കലാമന്ദിർ, വടക്കുംമുറി | | | | | | | |
| 10 | S W P വടക്കുംമുറി | 1965 | 60 | സ്വന്തം | – | – | റേഡിയോ | |
| 11 | കോസ്കോ ക്ലബ് | | | | | | | |
| 12 | റീഡേഴ്സ് ക്രിട്ടിക് ഗ്യാലറി പെരിങ്ങോട്ടുകര | | | | | | | |
| 13 | കേരള കലാവേദി | | | | | | | |
| 14 | ആര്യ വടക്കുംമുറി | | | | | | | |
| 15 | സൈനൂർ ദേശം ബോട്ട്ക്ലബ് | | | | | | | |
| 16 | ബാപ്പുജി ക്ലബ് | | | | | | | |
| 17 | ജിംഖാന വടക്കുംമുറി | | | | | | | |

താവുകയാണ്. ഈ പോരായ്മ പരിഹരിക്കാൻ കേന്ദ്രീകൃതമായ ഒരു പ്രവർത്തനശൈലി രൂപീകരിക്കാൻ പഞ്ചായത്തു തലത്തിലായാൽ നമ്മുടെ സാംസ്കാരിക മേഖലയിൽ അതു ഗുണപരമായ ചില പരിവർത്തനങ്ങൾ ഉണ്ടാക്കും. സാമൂഹിക മുന്നേറ്റം ലക്ഷ്യമാക്കി ചലനാത്മകവും ലക്ഷ്യാധിഷ്ഠിതവുമായ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ പഞ്ചായത്തു സമിതികൾക്കാവണം. ആ രംഗത്ത് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കാനും കഴിയണം. (കലാസമിതികളുടെ ലിസ്റ്റ് അന്യത്ര ചേർത്തിട്ടുണ്ട്)

1. മതേതര ത്വത്തിൽ വിശ്വാസമർപ്പിക്കുന്നവിധത്തിൽ പുരോഗമനോന്മുഖമായ ശൈലിയിൽ പ്രവർത്തിക്കാൻ സഹായിക്കുന്ന തരത്തിൽ കലാ സാംസ്കാരിക സംഘടനകളുടെ ഐക്യനിര ഉണ്ടാക്കുക

2. പ്രാചീന കലാരൂപങ്ങളേയും നാടൻ പാട്ടുകളേയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക

3. ഗ്രന്ഥ ശാലകൾക്ക് പ്രോത്സാഹനം നൽകുക. പഞ്ചായത്ത് ലൈബ്രറിയിൽ റഫറൻസ് ഗ്രന്ഥങ്ങൾക്ക് സൗകര്യങ്ങൾ ഉണ്ടാക്കുക.

4. പഞ്ചായത്തിലെ കലാസമിതികളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി ഏറ്റവും നല്ല സമിതിക്ക് സമ്മാനം ഏർപ്പെടുത്തുക.

5. പഞ്ചായത്ത് കേന്ദ്രീകരിച്ചുള്ള കലാമത്സരങ്ങൾ ഏർപ്പെടുത്തക.

6. നല്ല സിനികൾ കാണാൻ സഹായിക്കുന്ന വിധത്തിൽ ഉള്ള ഫോറങ്ങൾ ഉണ്ടാക്കുക.

ഇവ്വിധം സാന്നിദ്ധ്യംകൊണ്ട് കലാസാംസ്കാരിക രംഗത്ത് ഒരു പുത്തനുണർവ് ഉണ്ടാക്കാനാകും.

നമ്മുടെ ഗ്രാമത്തിൽ രാഷ്ട്രീയ പ്രവർത്തനവും സജീവമായുണ്ട്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്(ഐ). ഇന്ത്യൻ നാഷണൽ കോൺഗ്രസ്(എസ്). ജനതാദൾ. ഭാരതീയ ജനതപാർട്ടി. സി.എം.പി., ജെ.എസ്.എസ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ(മാർക്സിസ്റ്റ്) എന്നിവ പ്രമുഖങ്ങളായവയാണ്. ഇവയുടെ യുവജനവിഭാഗവും സജീവമായി രംഗത്തുണ്ട്. മതപരമോ, രാഷ്ട്രീയപരമോ ആയ സംഘട്ടനങ്ങളിൽനിന്ന് താരതമ്യേന മോചിതമാണ് ഈ ഗ്രാമം എന്നത് അഭിമാനകരമാണ്.

**കായികരംഗം**

വോളിബോൾ രംഗത്ത് പ്രമുഖരായ പല കളിക്കാരേയും സംഭാവന ചെയ്തിട്ടുണ്ട്. വടക്കുംമുറി വില്ലേജിൽ ഭൂരിഭാഗം സ്ഥലത്തും വോളി ബോളിന് പ്രാത്സാഹനം ലഭിച്ചിരുന്നു. ചെമ്മാപ്പിള്ളി ഈ കളിയുടെ നല്ലൊരു കേന്ദ്രമായിരുന്നു. മഹാത്മാ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്, റീഡേഴ്സ് ക്രിട്ടിക് ഗ്യാലറി, ത്രിവേണി ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് എന്നിവ വോളിബോൾ രംഗത്തു ധാരാളം ശ്രദ്ധിച്ചിരിക്കുന്നു. ഇവ്വിധം ധാരാളം സ്പോർട്സ് ക്ലബ്ബുകളും ഉണ്ടായിരുന്നു. ഈ കളിക്കളത്തിലൂടെ വളർന്ന് വന്ന പല കായിക പ്രതിഭകൾക്കും പിൽകാലത്ത് ഉദ്യോഗ സമ്പാദനത്തിന് ഇവ സഹായകമായിട്ടുണ്ട്. പക്ഷെ ഇന്ന് അപ്രകാരം ലക്ഷ്യബോധത്തോടെ കായികതാരങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുന്ന കായിക വേദികൾ ദുർലഭമായിരിക്കുന്നു. ഫുട്ബോൾ, വോളിബോൾ, എന്നീ കളികൾ നമ്മുടെ പഞ്ചായത്തിൽ നശിച്ചു കൊണ്ടിരിക്കുകയാണ്. എന്ന് പറയുമ്പോൾ മറ്റ് കളികൾ ഉയർത്തെഴുന്നേൽക്കുന്നു എന്നതിനർത്ഥമില്ല. പൊതുവേ കായികരംഗം ഒരു ശോച്യാവസ്ഥയിലെത്തി നിൽക്കുന്നു. ഇതിന് അടിയന്തിരമായ പരിഹാരം കാണാനുള്ള കൂട്ടായ യത്നം വേണം. ഒരു കാലത്ത് കായികരംഗത്ത് മികവ് കാട്ടിയിരുന്ന താന്ന്യത്ത്, വേണ്ട പരിചരണം ലഭിച്ചാൽ ഇനിയും ഒട്ടേറെ നേട്ടങ്ങൾ കൊയ്തെടുക്കാനാവും. ചില കാര്യങ്ങളിൽ ശ്രദ്ധിച്ചാൽ

1. കായികാഭിരുചി വളർത്തിയെടുക്കാനാവശ്യമായ പരിപാടികൾ സ്കൂൾ തലത്തിൽ നടപ്പാക്കാൻ പദ്ധതി ഉണ്ടാക്കുക

2. പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്ര കായിക സമിതി രൂപികരിച്ച് കായികമേളകൾ സംഘടിപ്പിക്കുക

3. കോച്ചിങ്ങ് ക്യാമ്പുകൾ സംഘടിപ്പിക്കുക

4. 200 മീറ്ററെങ്കിലും ഉള്ള ഒരു ട്രാക്ക് ഉണ്ടാക്കുക- പഞ്ചായത്ത് ഗ്രൗണ്ടിനായി കണ്ടെത്തിയ സ്ഥലം തൂർത്ത് ഇതിനുപയോഗിക്കുക

5. സർക്കാരിൽനിന്നും ലഭിക്കാവുന്ന സാമ്പത്തികവും മറ്റ് തരത്തിലും ഉള്ള സഹായം കായികവേദികൾക്ക് ലഭിക്കാറാകുക

കേരളത്തിൽ നിലവിലുള്ള പ്രമുഖ പത്രമാസികകളും ഇവിടെ എത്തുന്നുണ്ട്. ഏറ്റക്കുറച്ചിലുകളുണ്ടാകാമെങ്കിലും അവയുടെ കണക്ക് അന്യത്ര ചേർത്തിട്ടുണ്ട്. മിക്കവീടുകളിലും പത്രം എത്തുന്നുണ്ട്. അതുകൊണ്ട് തന്നെ വായനശാലകൾ തേടിയുള്ള പത്രപാരായണം നാമമാത്രമാണ്. എന്നിരുന്നാലും ടി.വി.മുതലായ മാധ്യമങ്ങളുടെ സ്വാധീനം ഇളം തലമുറയെ പൊതുവെ വായനയിൽ നിന്നും പിൻതിരിപ്പിക്കുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു . ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ സ്വാധീനതയെ ചോദ്യം ചെയ്യുന്നതിലർത്ഥമില്ലെങ്കിലും അതോടൊപ്പം നഷ്ടപ്പെട്ടുവരുന്ന വായന ശീലം വളർത്തിക്കൊണ്ട് വരാനും ശ്രദ്ധിക്കേണ്ടത് സാംസ്കാരിക രംഗത്തെ ഒരു വലിയ പ്രശ്നമാണ്.

**പ്രശ്നങ്ങൾ**

1. 2,3,4,5,6,8 11വാർഡുകളിൽ ഗ്രന്ഥാലയങ്ങളോ വായനശാലകളോ ഇല്ല. അപൂർവ്വം കലാസമിതികൾക്ക് മാത്രമേ സ്വന്തം സ്ഥലവും കെട്ടിടവും ഉള്ളൂ.

2. രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനം നിർജീവാവസ്ഥയിലാണ്.

3. കായികരംഗത്ത് പല കളികളും നിന്ന് പോയിരിക്കുന്നു.

4. സർഗ്ഗാത്മക ഭാവനകൾക്ക് വേണ്ടവിധം പ്രോത്സാഹനം ലഭിക്കുന്നില്ല

5. പ്രൈമറി ക്ലാസ്സുകളിൽ അക്ഷരങ്ങളും അക്കങ്ങളും

അറിയാത്തവരുണ്ട്. അവരെ കണ്ടെത്തി പഠിപ്പിക്കാനുള്ള സൗകര്യമില്ല. വിദ്യാലയങ്ങളിൽപാഠ്യേതര പ്രവർത്തനങ്ങളില്ല. ലൈബ്രറി പുസ്തകങ്ങൾ കുട്ടികളിൽ എത്തുകയോ അവരതു വായിക്കുന്നുണ്ടോ എന്ന പരിശോധനയോ ലഭിക്കുന്നില്ല. വിദ്യാലയങ്ങളിൽ ഒരു കാലത്തു സജീവമായിരുന്ന സാഹിത്യ സമാജം ഇന്ന് വിരളമാണ്.

6. പഞ്ചായത്തിൽ ഒരു വിവരഗ്രഹണ കേന്ദ്രം information centre ഇല്ലാത്തതിനാലുള്ള അസൗകര്യമുണ്ട്.

7. നമ്മുടെ പഞ്ചായത്തിലെ കലാസാംസ്കാരിക കായിക സാഹിത്യ രംഗത്ത് പേരെടുത്ത വ്യക്തികളെ പുതിയ തലമുറക്ക് പരിചയമില്ല.

8. പ്രാചീന ഗാനങ്ങളും കലകളും ആതലമുറകളോടെ അസ്തമിക്കാൻ സാദ്ധ്യതയുണ്ട്.

9. സാംസ്കാരികാപചയത്തിനെതിരെ ബോധവൽക്കരണം നടക്കുന്നില്ല

**പരിഹാരങ്ങളും നിർദ്ദേശങ്ങളും**

1. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ അതുണ്ടാക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക. അതിനായി സന്നദ്ധസംഘടനകളെ കണ്ടെത്തുക. അടുത്തടുത്ത് കിടക്കുന്ന സ്ഥലങ്ങളിൽ 2 വാർഡുകൾക്ക് ഒന്ന് എന്ന നിലയിലെങ്കിലും വായന ശാലയുണ്ടാക്കുക

2. പഞ്ചായത്തിലെ കലാ സമിതികളിൽ ഒരു ശ്രദ്ധ ഉണ്ടാകത്തക്ക രീതിയിൽ ഒരു കേന്ദ്രീകൃത സ്ഥാപനമുണ്ടാക്കുക

3. ഒരു വിവരഗ്രഹണകേന്ദ്രം information centre പഞ്ചായത്താസ്ഥാനത്ത് സ്ഥാപിക്കുക

4. സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക

5. പഞ്ചായത്തിലെ സാംസ്കാരിക സാഹിത്യ പ്രവർത്തകരെ പരിചയപ്പെടുത്താനുതകുന്ന വിധത്തിലുള്ള ബുള്ളറ്റിൻ ഇറക്കുക

6. സാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി പരിശീലനക്കളരികൾ ഏർപ്പെടുത്തുക 7. കായിക വിദ്യാഭ്യാസത്തിനുതകുന്ന വിധത്തിലുള്ള കോച്ചിങ്ങ് ക്യാമ്പുകൾ സംഘടിപ്പിക്കുക.

8. അശ്ലീല പോസ്റ്ററുകൾ നിയന്ത്രിക്കുക

9. സാംസ്കാരികച്യുതിക്കെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

10. നല്ല സിനിമകൾ കാണാൻ സഹായിക്കത്തക്ക വിധത്തിലുള്ള ഫിലിം ക്ലബ്ബുകൾ സംഘടിപ്പിക്കുക

ആധുനിക മാധ്യമങ്ങളുടേയും സംഗീതത്തിന്റേയും പരിഷ്കാരത്തിന്റേയും ഭ്രമം പുതിയ തലമുറയിൽ ആവേശിച്ചിരിക്കയാണെല്ലായിടത്തും. ആ അവസ്ഥയിൽനിന്ന് നമ്മുടെ പഞ്ചായത്തിന് മാത്രം മോചനമുണ്ടാവില്ല. എന്നിരുന്നാലും അവ മാനുഷിക മൂല്യങ്ങളെ തകർക്കുന്നതിനും പഴയ തലമുറകളെ വിസ്മരിക്കുന്നതിനും പഴയ സംസ്കാരത്തെ ചവിട്ടിമെതിക്കുന്നതിനും ആയിക്കൂട. പരിവർത്തനത്തിന്റേതെന്ന് പ്രശംസിക്കപ്പെടുന്ന ഈ കാലവും സാംസ്കാരികാപചയത്തിലേക്ക് നീങ്ങുന്ന കാഴ്ച ഞെട്ടലോട് കൂടി കാണണം.

അതുപോലെ നമ്മുടെ സമൂഹത്തിൽ പടർന്ന് പിടിച്ച് കൊണ്ടിരിക്കുന്ന മറ്റൊന്നാണ് വിവാഹത്തിന്റെ പേരിലുള്ള ധൂർത്ത്. കടംവാങ്ങി പോലും വിവാഹങ്ങൾ ധൂർത്താക്കി മാറ്റാൻ ശ്രമിക്കുന്ന ഒരു സാമൂഹികാവസ്ഥയിലാണ്. തീർച്ചയായും ഇതും ഒരു സാംസ്കാരിക പ്രശ്നം തന്നെ. സ്ത്രീധനം എന്ന ശാപം പോലെതന്നെ ഈ ധൂർത്തിനെതിരേയും നിരന്തരമുള്ള ബോധവൽക്കരണവും ആവശ്യമാണ്.


ഇവയുടെയെല്ലാം വേരറുക്കുന്ന വിധത്തിൽ ജീവിതത്തിന്റെ നാനാ മേഖലകളിലും ഗുണപരവും മാതൃകാപരവുമായ മാറ്റം സാംസ്കാരിക രംഗത്തു വരുത്താൻ അടുത്ത 5 വർഷംകൊണ്ട് നമുക്ക് സാധിക്കണം. എങ്കിൽ മാത്രമേ നമ്മുടെ സാംസ്കാരിക പൈതൃകം നിലനിർത്താനും സംഭവിച്ച് കൊണ്ടിരിക്കുന്ന അപചയത്തിനറുതി വരുത്താനും സാധിക്കൂ. അതിനുതകുന്ന വിധത്തിലുള്ള സാംസ്കാരിക പ്രവർത്തകരാകാൻ കഴിയണമെങ്കിൽ പ്രതിലോമ ശക്തികളേയും വിധ്വംസക പ്രവർത്തകരേയും ചെറുത്തു തോൽപിക്കാൻ ഉതകുന്ന പ്രതിരോധ നിര പടുത്തുയർത്താനാകണം. ഇത് ചരിത്രപരമായ കടമയാണെന്ന് മറക്കാതിരിക്കുക.

**ആനുകാലികപ്രസിദ്ധീകരണങ്ങൾ**

| | | |
|---|---|---|
| മാതൃഭൂമി | – | 420 |
| മനോരമ | – | 440 |
| ദേശാഭിമാനി | – | 120 |
| ജന്മഭൂമി | – | 40 |
| മാധ്യമം | – | 24 |
| എക്സ്പ്രസ്സ് | – | 340 |
| കേരളകൗമുദി | – | 50 |

**വാരികകൾ**

| | | |
|---|---|---|
| മാതൃഭൂമി | – | 37 |
| മനോരമ | – | 95 |
| ദേശാഭിമാനി | – | 22 |
| കലാകൗമുദി | – | 54 |
| ചിന്ത | – | 40 |
| വനിത | – | 25 |
| ചിത്രഭൂമി | – | 12 |
| ഗൃഹലക്ഷ്മി | – | 9 |
| ബാലഭൂമി | – | 35 |
| പൂമ്പാറ്റ | – | 90 |
| ബാലമംഗളം | – | 70 |
| യുറീക്ക | – | 220 |
| ശാസ്ത്രകേരളം | – | 20 |



# 10
# വനിത

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നുമറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങികൂടുകയാണ്. താന്ന്യം പഞ്ചായത്തിലും ഈ പ്രവണത സജീവമായി കണ്ടുവരുന്നു.

സാമൂഹ്യ പ്രവർത്തന മേഖലകളിൽ പഴയ കാലത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. ആ കാലഘട്ടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് അപ്രാപ്യമായിരുന്നു. 'കുടിപള്ളിക്കൂട'ത്തിലൂടെയായിരുന്നു പെൺകുട്ടികൾക്ക് എഴുതുവാനും വായിക്കുവാനുമുള്ള അറിവ് ലഭിച്ചത്. എന്നാൽ എല്ലാ ജാതിയിൽ പെട്ടവർക്കും ഇവിടെ പ്രവേശനമില്ലായിരുന്നു. ആഘോഷങ്ങളിലും അതുപോലുള്ള പൊതുപരിപാടികളിലും പൊതുവേ സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പെൺകുട്ടികളുടെ 'കെട്ടുകല്ല്യാണം' എന്ന ആചാരം നിലവിലുണ്ടായിരുന്നു. അഞ്ചാം വയസ്സിൽ തന്നെ പെൺകുട്ടികൾ വീട്ടുതടങ്കലിൽ ആവുകയാണ് പതിവ്. പല വീടുകളിലും കുടുംബാംഗങ്ങൾ ഒഴികെയുള്ളവരുടെ മുൻപിൽ ചെല്ലുന്നത് പോലും നിഷിദ്ധമായിരുന്നു. ഈ അനാരോഗ്യകരമായ പ്രവണതയൊക്കെ ഇന്ന് കുറഞ്ഞിട്ടുണ്ട്. എങ്കിലും സ്ത്രീകളുടെ സ്ഥിതി തൃപ്തികരമാണെന്ന് പറയാനാവില്ല. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും, വിവേചനവും, പീഡനങ്ങളും നിത്യസംഭവങ്ങളാണ്. സ്ത്രീകളുടെ നഗ്നത പ്രദർശിപ്പിക്കുന്ന അശ്ലീല പോസ്റ്ററുകളും നീലചിത്രങ്ങളും ധാരാളമായി കണ്ടുവരുന്നുണ്ട്. അച്ഛനമ്മമാർ പെൺകുട്ടികളേക്കാൾ കൂടുതൽ ഇഷ്ടപ്പെടുന്നത് ആൺകുട്ടികളെയാണ്. അതിന്റെ ഫലമായി പെൺകുട്ടികൾക്ക് വേണ്ടത്ര ശ്രദ്ധയും പരിചരണവും, പോഷകാഹാരവും ലഭിക്കുന്നില്ല. ഒരേ ജോലിക്ക് പുരുഷനേക്കാൾ കുറഞ്ഞ വേതനം സ്ത്രീക്ക് ലഭിക്കുന്നു. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെയും പൈങ്കിളി സാഹിത്യത്തിന്റേയും സ്വാധീനം കൂടുതലായി സ്ത്രീകളിലാണ് കണ്ടുവരുന്നത്.

1991ലെ സെൻസസ് പ്രകാരം മൊത്തം ജനസംഖ്യ 27265 ഉള്ളതിൽ 14668 പേർ (54%) സ്ത്രീകളാണ്. പൊതുവേ ജനസംഖ്യയിൽ പുരുഷന്മാരേക്കാളേറെ സ്ത്രീകളാണെങ്കിലും സമൂഹത്തിൽ അവഗണിക്കപ്പെടുന്ന വിഭാഗമാണ് സ്ത്രീ. ജനസംഖ്യയുടെ എണ്ണത്തിലുള്ള ഈ കൂടുതൽ സ്ത്രീകൾക്ക് സമൂഹത്തിൽ ഇന്നുള്ളതിനേക്കാൾ ഉയർന്ന സ്ഥാനം കിട്ടേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു.

1920 കളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നെങ്കിലും ഉന്നതവിദ്യാഭ്യാസത്തിന് സൗകര്യമില്ലായിരുന്നു. അതുകൊണ്ടുതന്നെ സ്ത്രീകളുടെ ജോലി അടുക്കളയിൽ ഒതുങ്ങി. ഇന്ന് നമ്മുടെ പഞ്ചായത്തിലെ മൊത്തം സാക്ഷരർ 22308 ആണ്. അതിൽ 11743 പേർ സ്ത്രീകളാണ്. വിദ്യാഭ്യാസരംഗത്ത് മുൻകാലങ്ങളിലേതിനേക്കാൾ പുരോഗമനപരമായ മാറ്റം സ്ത്രീകളിൽ കണ്ടുവരുന്നു. ഉന്നത വിദ്യാഭ്യാസത്തിലും, ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണെങ്കിലും അധ്യാപനരംഗത്ത് പുരുഷന്മാരെക്കാൾ മുൻപന്തിയിലാണ്.

1991 ലെ സെൻസസ് പ്രകാരം 1932 പേർ തൊഴിലില്ലാത്തവരാണ്. അതിൽ 12235 പേർ (64%) സ്ത്രീകളാണ്. കാർഷികമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾ മൊത്തം 1742 ആണ്. അതിൽ 882 സ്ത്രീകളാണ് നിർമ്മാണ മേഖലയിലും നൂറുകണക്കിന് സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. സ്ത്രീയെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ അവൾക്കെതിരായി നിലനിൽക്കുന്ന സാമൂഹ്യ പ്രതിശക്തികളെ തടുക്കാനാവില്ല. ചെറുകിട വ്യവസായങ്ങൾ സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള തീവ്രയത്ന പരിപാടികൾ അടിയന്തിരാവശ്യമാണ്.

സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ പ്രക്ഷോഭങ്ങളിൽ സ്ത്രീപങ്കാളിത്തം കുറവായിരുന്നു. പൊതുരംഗത്തെ സ്ത്രീ പങ്കാളിത്തക്കുറവ് ഇപ്പോഴും തുടരുകയാണ്. ഇപ്പോൾ ജനാധിപത്യ മഹിളാ അസോസിയേഷന്റെയും കേരള മഹിളാസംഘത്തിന്റെയും പഞ്ചായത്ത് കമ്മിറ്റിയും വാർഡ് തലത്തിൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. സാക്ഷരതാ പ്രസ്ഥാനത്തിന്റെ ഭാഗമായി ധാരാളം സ്ത്രീകൾ പൊതുരംഗത്തേയ്ക്ക് വന്നിരുന്നു. സ്ത്രീകൾക്ക് പൊതുതിരഞ്ഞെടുപ്പിൽ സംവരണം നടപ്പാക്കിയതിനു ശേഷം ഭരണരംഗത്ത് ഉന്നതസ്ഥാനങ്ങളിൽ സ്ത്രീകൾ ഉണ്ട് എന്നത് നമുക്ക് അഭിമാനിയ്ക്കാം.

ബഹുജനസംഘടനാരംഗത്ത് സ്ത്രീയുടെ പങ്കാളിത്തം നമ്മുടെ പഞ്ചായത്തിൽ തീരം ഇല്ലായെന്ന് പറയാനാവില്ല. വിവിധ രാഷ്ട്രീയ സംഘടനാരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളും നമ്മുടെ പഞ്ചായത്തിനകത്തുണ്ട്.

വനിതകളുടേതു മാത്രമായി ഒരു ഖാദി വ്യവസായ

സ്ഥാപനവും, ഡി.ഡബ്ലിയു, സി.ആർ. എ യൂണിറ്റും ഒരു ഹരിജൻ വനിതാ സഹകരണസംഘവും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ ആയിരത്തോളം വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകൾ. സ്കൂൾ വിദ്യാർത്ഥികളിലും എണ്ണത്തിലും പരിശീലനത്തിലും പെൺകുട്ടികളാണ് മുന്നിൽ. സ്വന്തമായി തൊഴിൽ ചെയ്യാനുള്ള സ്ത്രീകളുടെ കൂട്ടായ സംരംഭങ്ങൾ പൊതുവേ ചിലയിടങ്ങളിൽ കണ്ടുവരുന്നു. അംഗൻവാടി മേഖലയിൽ നമ്മുടെ പഞ്ചായത്തുകളിലെ നൂറോളം സ്ത്രീകൾ ജോലി ചെയ്യുന്നു. ഇവർക്കു അർഹമായ വേതനം ലഭിക്കുന്നില്ല. സാമൂഹ്യരംഗത്ത് വളരെ കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ടുകൊണ്ടു വന്നാലേ പൊതു ജീവിതത്തിലും, തൊഴിൽ മേഖലയിലും അർഹമായ പങ്ക് വഹിക്കാൻ കഴിയുകയുള്ളു. ഏറ്റെടുത്ത ജോലികൾ ഭംഗിയായും, ഉത്തരവാദിത്വത്തോടെയും നിറവേറ്റുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും, ഉത്തരവാദിത്വം ഏല്പിക്കാൻ ഉള്ള താല്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തും ഉണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. മനുഷ്യകുലത്തിലെ പകുതിയോളം വരുന്ന ഭാഗമാണ് തങ്ങളെന്നും, പുരുഷന്മാർക്കുള്ള അധികാരാവകാശങ്ങൾ തങ്ങൾക്കും ലഭിയ്ക്കണമെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. പുരുഷനോടൊപ്പം നില്ക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു അതിനുവേണ്ടി, ഈ രീതിയിൽ സ്ത്രീകളേ ഉയർത്തിക്കൊണ്ടുവരുന്നതിന് നാമോരോരുത്തരും സ്വമേധയാ സന്നദ്ധരാവേണ്ടതുണ്ട്. അവകാശങ്ങൾ തിരിച്ചറിയുകയും അതു നേടിയെടുക്കാൻ ഉള്ള സമരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഏതുരംഗത്തും ജനവിഭാഗങ്ങൾ നേട്ടം ഉണ്ടാക്കിയത്. സ്ത്രീകൾ ഈ മാർഗ്ഗം തന്നെയാണ് വിമോചനത്തിന് ഉള്ള പാത എന്ന് തിരിച്ചറിയേണ്ടതുണ്ട്.

ആരോഗ്യകാര്യത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ പിന്നിൽ ആണ്. അമ്മമാരുടേയും, കുട്ടികളുടേയും ആരോഗ്യകാര്യത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രവും, അംഗനവാടികളും അവയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ട. ഗർഭിണികളുടേയും, മുലയൂട്ടുന്ന അമ്മമാരുടേയും ആരോഗ്യപരിശോധന അംഗനവാടികളിലൂടെ മാസാമാസങ്ങളിൽ നടത്തിവരുന്നു. ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മാർക്കു ഗോതമ്പും സോയാബിൻ ഓയിൽ ചേർത്ത ഉപ്പുമാവും അംഗനവാടികളിലൂടെ നൽകിവരുന്നുണ്ട്. ആരോഗ്യ വകുപ്പുമായി സഹകരിച്ച് തിരഞ്ഞെടുക്കപ്പെട്ട ഇരുപത് അംഗനവാടികളിലായി പതിനഞ്ച് അമ്മമാരെ ഉൾപ്പെടുത്തികൊണ്ട് രൂപീകരിച്ച എം.എസ്.എസ്. (മഹിളാ സ്വന്ഥ സംഘ്) ക്ലാസ്സുകളിൽ ആരോഗ്യവിദ്യാഭ്യാസത്തെ കുറിച്ചുള്ള അറിവ് മാസം തോറും നടത്തിവരുന്നു. അതിനോടനുബന്ധിച്ച് അമ്മമാർക്ക് ക്വിസ് മത്സരങ്ങളും, ബേബി ഷോയും നടത്തിവരുന്നു. വർഷം തോറും പതിനെട്ട് അംഗനവാടികളിൽ വെച്ച് "ഫീൽഡ് പബ്ലിസിറ്റിയുടെ" സഹായത്തോടെ ഫിലിം ഷോയും നടത്തിവരുന്നുണ്ട്. സാർവ ദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് സെമിനാറുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്.

സാദ്ധ്യതകൾ:- സാമൂഹ്യരംഗത്തും, പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്ക് ആയി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. കഴിയുന്നത്ര സ്ത്രീകളെ തങ്ങളുടെ നേതൃനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ ശ്രമിക്കണം. പൊതു പ്രവർത്തന രംഗത്ത് മുൻപരിചയം ഉള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്ക് വെയ്ക്കുകയും, അങ്ങിനെ അവരിൽ ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കുകയും വേണം. വനിതകളുടേതു മാത്രമായ പരിപാടികൾ സംഘടിപ്പിക്കുകയും അതേറ്റെടുത്തു നടത്താനുള്ള ആത്മവിശ്വാസം അവരിൽ ഉണ്ടാക്കുകയും വേണം. സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണ സംരംഭങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. അതിനുള്ള സാധ്യത പഞ്ചായത്തിലേറെയാണ്. നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളികേരം ഉപയോഗിച്ച് സ്ത്രീകൾക്കായി നടത്താവുന്ന ചെറുകിട യൂണിറ്റുകൾക്ക് സാധ്യതകളുണ്ട്. നാളികേരവെള്ളം ഉപയോഗിച്ച് ശീതളപാനീയങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ തുടങ്ങുന്നതിനും ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തു നിർമ്മാണവും, വീട്ടുപകരണങ്ങളും ഉണ്ടാക്കുന്ന യൂണിറ്റുകൾ തുടങ്ങാം. ചിലയിടങ്ങളിൽ പുരയിടങ്ങളിലുമുള്ള പച്ചക്കറി അടുക്കള തോട്ടങ്ങളും. സ്ത്രീകളുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ ഡി.ഡബ്ലിയു. സി.ആർ. എ. യൂണിറ്റുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ യുണിറ്റുകൾ ഉണ്ടാക്കുവാനും അവയെ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുവാനും കഴിയണം സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള സ്ത്രീകൾക്ക് അതിനുവേണ്ട പരിശീലനവും, അവർ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മാർക്കറ്റിങ്ങ് സൗകര്യവും ഉണ്ടാക്കികൊടുക്കേണ്ടതാണ്.

**പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ**

1. ഉല്പാദന പരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ ഉണ്ടാക്കിയെടുക്കാൻ മുൻ കൈയെടുക്കണം.

2. വിഭവസാദ്ധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക

3. തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കാൻ ശ്രമിക്കുക.

4. തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക

5. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

6. വിധവാ പെൻഷൻ, അഗതി പെൻഷൻ, കർഷക ത്തൊഴിലാളി പെൻഷൻ എന്നീ അനുകൂല്യങ്ങൾ സ്വന്തം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

7. വീടില്ലാത്ത വിധവകൾക്ക് വീടിന് സഹായധനം നല്കുക

8. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. അംഗനവാടി ജീവനക്കാർക്ക് അർഹമായ ശമ്പളം ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

9. സ്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ സഹായം വർദ്ധിപ്പിക്കാൻ ആവശ്യമായ സഹായം ചെയ്യുക

10. സ്ത്രീകളുടെ നഗ്നശരീരത്തെ പ്രദർശിപ്പിക്കുന്ന അശ്ലീല പോസ്റ്ററുകളും നീലചിത്രങ്ങളും കർശനമായി നിരോധിക്കേണ്ടതുണ്ട്.

11. അടുക്കള തോട്ടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ വിത്തും, വളവും കൃഷിഭവൻ വഴി സ്ത്രീകൾക്ക് നല്കുകയും, ഇത്തരം പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും വേണം.

12. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഒരു പഞ്ചായത്ത് തല വനിതാ സമിതി രൂപീകരിക്കേണ്ടതുണ്ട്.

13. വൃദ്ധസദനങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതുണ്ട്.

14. സ്വയം തൊഴിൽ സംരംഭങ്ങളുടെ ഭാഗമായി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സഹകരണാടിസ്ഥാനത്തിൽ വിറ്റഴിക്കാനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.

15. പഞ്ചായത്ത് ചർച്ചാക്ലാസ്സ്, ഗൃഹസദസ്സ് തുടങ്ങിയവ സംഘടിപ്പിച്ച് സ്ത്രീധനത്തിനും, സ്ത്രീ പീഡനത്തിനുമെതിരെ ബോധവൽക്കരണം നടത്തണം.

16. ബഹുജനസംഘടനകളിൽ സ്ത്രീകളുടെ നേതൃത്വം ഉറപ്പ് വരുത്തണം.

17. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുകയും, ആ മേഖലയിലെ തൊഴിലാളികൾക്ക് അർഹമായ തൊഴിൽ കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

18. ഗൃഹജോലികളിൽ സ്ത്രീ പുരുഷ സമത്വം ഉണ്ടായിരിക്കണം.

19. പഞ്ചായത്തു തലത്തിൽ ശിശു സംരക്ഷണ കേന്ദ്രം ഉണ്ടാവണം.

20. ഓരോ വാർഡിലും മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം വിപുലീകരിക്കുകയും വേണം.


21. സ്ത്രീകളെ ,കച്ചവടചരക്കാക്കി മാറ്റുന്ന ഉപഭോഗ സംസ്കാരത്തെ മാറ്റി എടുക്കേണ്ടതാണ്.

22. വനിതാ പലഹാലയൂണിറ്റ് തുടങ്ങണം. കറിപൗഡർ നിർമ്മാണം, അച്ചാർ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നിവയും തുടങ്ങണം.

23. ഇത്തരം ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

24. സമൂഹ വിവാഹത്തെ പ്രോത്സാഹിപ്പിക്കണം. ആർഭാടപൂർണ്ണമായ വിവാഹരീതിയും മാറ്റി എടുക്കേണ്ടതാണ്. സമൂഹവിവാഹങ്ങൾ പഞ്ചായത്തു തലത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കണം.

എല്ലാ രംഗങ്ങളിലും സ്ത്രീകളെ പ്രബുദ്ധരാക്കേണ്ടത് നമ്മുടെ വികസന സംസ്കാരത്തിന് അത്യാവശ്യമാണ്. അത് നമ്മുടെ കടമയുമാണ്. ●



# 11

# സഹകരണമേഖല

ആസൂത്രണം ഏറ്റവും അടിത്തട്ടിൽനിന്നും ആരംഭിക്കുന്നു എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സവിശേഷതകളിൽ പ്രധാനം. സമഗ്രഗ്രാമവികസനം കൈവരിക്കുകയെന്നത് ഈ പുതിയ വികസന സംസ്കാരത്തിന്റെ ലക്ഷ്യം. ഇത് ഫലപ്രാപ്തിയിലെത്തിക്കാൻ സഹകരണ സ്ഥാപനങ്ങൾ ശക്തമായി പിന്തുണക്കണം. ഇന്ത്യയിൽ 1904ൽ കേന്ദ്ര പരസ്പര സഹായ സംഘം നിയമം വന്നതുമൂലമാണ് സഹകരണ പ്രസ്ഥാനം ആരംഭിച്ചതെങ്കിലും കൊച്ചിസഹകരണ നിയമം പാസാക്കപ്പെട്ടതിനുശേഷമാണ് നമ്മുടെ പഞ്ചായത്തിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടത്. സാമൂഹ്യോത്ഥാരണത്തിനായി ശ്രീ നാരായണ ഗുരു സ്വാമികൾ അക്കാലത്ത് ഇടക്കിടെ, സ്വാമികൾ തന്നെ പ്രതിഷ്ഠിച്ച സോമശേഖരക്ഷേത്രത്തിൽ സന്ദർശനം നടത്താറുണ്ടായിരുന്നു. സ്വാമികളുടെ ഉപദേശമനുസരിച്ച് കരാട്ടുപറമ്പിൽ കൃഷ്ണൻ തണ്ടാൻ എന്ന യാളുടെ നേതൃത്വത്തിൽ കൊച്ചിയിലെ 27-ാമത്തെ സഹകരണസംഘമായി പെരിങ്ങോട്ടുകര ആസ്ഥാനമാക്കി ഈഴവ പരസ്പര സഹായസഹകരണ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടു. ക്ലിപ്ത രഹിതബാധ്യതയോടുകൂടിയ സംഘമായിരുന്നു അത്. കാരണം നിയമം അതേ അനുവദിക്കുമായിരുന്നുള്ളൂ. പല വിധകാരണങ്ങളാൽ ഈ സംഘം അതിന്റെ കാലപഴക്കത്തിനനുസരിച്ച വളർച്ച നേടാതെ തുടർന്നുപോന്നു. എന്നിരുന്നാലും സ്വന്തമായ സ്ഥലവും കെട്ടിടവും സംഘത്തിനുണ്ടായിരുന്നു.

നമ്മുടെ പഞ്ചായത്തിൽ രണ്ടാമത് രജിസ്റ്റർ ചെയ്യപ്പെട്ട സംഘമാണ് പ്ലാറ്റിനം ജൂബിലി വർഷത്തിൽ എത്തിനിൽക്കുന്ന 110-ാം നമ്പർ പെരിങ്ങോട്ടുകര സർവ്വീസ് സഹകരണ സംഘം. ആദ്യകാലത്ത് പഞ്ചായത്തിൽ നിറഞ്ഞുനിന്നിരുന്ന, കർഷകരുടേയും ഇതരവിഭാഗം ജനങ്ങളുടെയും ആശയും ആവേശവുമായിരുന്ന പ്രസ്തുത സംഘം പിന്നീട് തളർച്ചയെ നേരിടേണ്ടിവന്നു.

1950 കളുടെ അവസാനത്തിൽ കിഴുപ്പിള്ളിക്കര വിവിധോദ്ദേശ സഹകരണ സംഘം ക്ലിപ്തം സ്ഥാപിതമായി. പിന്നീട് സർവ്വീസ് സഹകരണ സംഘമായും തുടർന്നു സർവ്വീസ് സഹകരണ ബാങ്കായും മാറ്റപ്പെട്ട ഈ സ്ഥാപനം സാമാന്യം പുരോഗതി നേടി. മുൻപറഞ്ഞ 27-ാം നമ്പർ സംഘവും കിഴുപ്പിള്ളിക്കര സംഘവും തമ്മിൽ സംയോജിപ്പിച്ചു. 70കളിൽ താന്ന്യം സർവ്വീസ് സഹകരണ ബാങ്കാക്കി. ചെമ്മാപ്പിള്ളി ആലപ്പാട് റോഡിന്റെ തെക്കുഭാഗവും മാത്തു തോടിന്റെ കിഴക്കുഭാഗത്തുമുള്ള പഞ്ചായത്ത് പ്രദേശങ്ങളാണ് ഇതിന്റെ പ്രവർത്തന പരിധി

ക്ഷീരോൽപാദക സംഘങ്ങൾ മൂന്നെണ്ണമുണ്ട് ഈ പഞ്ചായത്തിൽ. 1) പെരിങ്ങോട്ടുകര ക്ഷീരോല്പാദക സഹകരണ സംഘം

2) താന്ന്യം ക്ഷീര വ്യവസായ സഹകരണ സംഘം

3) കിഴുപ്പിള്ളിക്കര ക്ഷീരവ്യവസായ സഹകരണ സംഘം

ഇവക്ക് മൂന്നിനും സ്വന്തമായ സ്ഥലവും കെട്ടിടവുമുണ്ട്. അംഗങ്ങളിൽനിന്നും പാൽസംഭരിച്ച് വിപണനം നടത്തുന്നതിനു പുറമേ ഉൽപാദകർക്കാവശ്യമായ കാലിത്തീറ്റയും വിതരണം ചെയ്യുന്നു. എന്നാൽ ഇവയൊന്നും ആനന്ദ് പാറ്റേൺ സംഘങ്ങൾ (APCOS) അല്ല. അതുകൊണ്ട് മിൽമയുടെ പല സഹായങ്ങളും ലഭിക്കുന്നില്ല. ചെമ്മാപ്പിള്ളി ഭാഗത്തുള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഈ സഹകരണ സംഘങ്ങൾ ദൂരം മൂലം വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

വെണ്ടരപ്പാടം ഇറിഗേഷൻ സഹകരണ സംഘമാണ് കാർഷികമേഖലയിലുള്ള മറ്റൊരു സംഘം. സ്വന്തമായ സ്ഥലവും കെട്ടിടവും വിത്തു സംഭരിക്കാനായി സർക്കാർ സഹായത്തോടെ നിർമ്മിച്ച ഒരു ഗോഡൗണും സ്വന്തമായുണ്ട്. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ പാടശേഖരമായ വെണ്ടര പാടം കോൾനിലങ്ങൾ പരിപൂർണ്ണമായിട്ടല്ലെങ്കിലും ഏതാണ്ട് ജോയിന്റ് ഫാമിങ്ങ് രീതിയിൽ കൃഷി ചെയ്തു പോരുന്നുവെന്നത് അഭിമാനകരമാണ്.

ഉപഭോക്തൃ മേഖലയിൽ രണ്ടു സഹകരണ സംഘങ്ങളാണ് ഉള്ളത്. വാളമുക്കിലും കിഴുപ്പിള്ളിക്കരയിലും. പക്ഷെ ഇവ രണ്ടും പ്രവർത്തനക്ഷമങ്ങളല്ല. ഉപഭോക്തൃ പ്രസ്ഥാനത്തിന് കൂടുതൽ പ്രസക്തിയുള്ള ഇക്കാലത്ത് ഈ രണ്ടു സംഘങ്ങളും സുഷുപ്തി സ്ഥിതിയിൽ തുടരുന്നതിനെ സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്. അതേ സമയം താന്ന്യം സർവ്വീസ് സഹകരണ ബാങ്കിന്റെ രണ്ടു ബ്രാഞ്ചുകളോടനുബന്ധമായി ഓരോ ഉപഭോക്തൃ സ്റ്റോറുകൾ പ്രവർത്തിക്കുന്നുവെന്നത് ആശക്കു വകനൽകുന്നു.

ഒരു പട്ടികജാതി ക്ഷേമ സംഘവും ഒരു വനിതാ ക്ഷേമ സംഘവും പഞ്ചായത്തിലുണ്ട്. രണ്ടും കിഴുപ്പിള്ളിക്കരയിലാണ് സ്ഥിതിചെയ്യുന്നത്. ഇതിലാദ്യത്തേതിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. പക്ഷെ വനിതാ സഹകരണ സംഘം വാടക കെട്ടിടത്തിലാണ്. കുറച്ചു കൊല്ലങ്ങൾക്കു

മുമ്പുവരെ മെമ്പർമാർക്ക് വായ്പയും തൊഴിലുപകരണങ്ങളും വിതരണം ചെയ്തിരുന്നു. എന്നാൽ കടം തിരിച്ചടവ് വീഴ്ച വന്നപ്പോൾ സംഘം പ്രവർത്തനം മന്ദീഭവിച്ചു. സംഘം പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഒരു പ്രിന്റിംഗ് പ്രസ്സിനുവേണ്ട ഉപകരണങ്ങളെല്ലാം സർക്കാർ സാഹയത്തോടുകൂടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. വനിതാ സഹകരണ സംഘമാകട്ടെ സജീവമാണെന്നു പറയുക വയ്യ. നാമമാത്രമായ മെമ്പർഷിപ്പാണ് അതിനുള്ളത്. ഒരു ലേബർ കോൺട്രാക്ട് സംഘവും കിഴുപ്പിള്ളിക്കരയിലുണ്ട്. ഇത് ഒരു കടലാസ് സംഘമെന്നു പറഞ്ഞാൽ അതിശയോക്തിയില്ല.

1977ൽ ചെമ്മാപ്പിള്ളി ആസ്ഥാനമായി സ്ഥാപിതമായ കയർ സഹകരണ സംഘത്തിൽ 360 അംഗങ്ങളും 22077ക ഓഹരി മൂലധനവുമുണ്ട്. 32 പേർക്ക് തൊഴിൽ നൽകുന്ന പ്രസ്തുത സംഘത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്.

പെരിങ്ങോട്ടുകരയിലുണ്ടായിരുന്ന വ്യവസായ സഹകരണ സംഘം ഇപ്പോൾ നിർജ്ജീവമാണ്.

നാല് ഹൈസ്കൂളുകളിൽ ഓരോന്നും മേഖലാടിസ്ഥാനത്തിൽ പ്രൈമറി സ്കൂളുകൾക്കായി ഒരു സംഘവും ഈ പഞ്ചായത്തിലുണ്ട്. പാഠപുസ്തകങ്ങൾ വിതരണം ചെയ്യലിൽ പ്രധാന കർത്തവ്യം അവ ഒതുക്കുന്നു. പരിമിതമായി മാത്രമാണ് നോട്ടുബുക്ക് തുടങ്ങിയ സ്റ്റേഷനറി ഇനങ്ങൾ വിതരണം ചെയ്യുന്നത്. സ്വാശ്രയത്വം സ്കൂൾതലത്തിൽനിന്നും ആരംഭിക്കുന്നതിനും സാമൂഹ്യമായ അവബോധം വിദ്യാർത്ഥികളിൽ വളർത്തുന്നതിനും ഉതകുംവിധത്തിൽ ഈ സംഘങ്ങൾ നോട്ടുപുസ്തകം സ്കൂൾ സഞ്ചി, കുട തുടങ്ങിയ ഇനങ്ങൾ നിർമ്മിച്ച് വിതരണം നടത്തി സ്വയം പര്യാപ്തിനേടേണ്ടതാണ്.

താഴെ പറയുന്ന സ്ഥിതി വിവരകണക്കുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ ഒരു ഏകദേശ ചിത്രം വ്യക്തമാക്കുന്നു.

പട്ടിക

| സംഘത്തിന്റെ പേർ | അംഗങ്ങൾ | സ്ഥാപിച്ച വർഷം | ഓഹരി മൂലധനം |
|---|---|---|---|
| 1. പെരിങ്ങോട്ടുകര സർവീസ് സഹകരണസംഘം R110 | 3066 | 1079 | 36552 രൂപ |
| 2. താന്ന്യം പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് R387 | 4800 | 1950 | 623320 രൂപ |
| 3. താന്ന്യം ക്ഷീരവ്യവസായ സഹകരണസംഘം R62(D) | 615 | 1977 | 25000 രൂപ |
| 4. കിഴുപ്പള്ളിക്കര ക്ഷീരവ്യവസായ സഹകരണ സംഘം R591 | 570 | 1976 | 20000 രൂപ |
| 5. ചെമ്മാപ്പിള്ളി കയർ വ്യവസായ സഹകരണ സംഘം R591 | 368 | 1977 | 29694 രൂപ |

കാർഷിക സഹകരണ ബാങ്ക് സംസ്ഥാന ഭൂവികസന ബാങ്ക് തുടങ്ങിയ അപെക്സ് സംഘങ്ങളുടെയോ ജില്ലാ സഹകരണ ബാങ്ക് ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃസഹകരണ സംഘം തുടങ്ങിയ കേന്ദ്രീയ സംഘങ്ങളുടെയോ പ്രാഥമിക ഭൂവികസന ബാങ്ക് അർബൻ ബാങ്ക് തുടങ്ങിയവയുടേയോ ബ്രാഞ്ചുകളോ വിപണനസ്റ്റാളുകളോ മറ്റു ഓഫീസുകളോ നമ്മുടെ പഞ്ചായത്തിലില്ല. പക്ഷെ തൃശൂർ താലൂക്ക് ചെത്തുതൊഴിലാളി വിവിധോദ്ദേശ സഹകരണ സംഘത്തിലും കൊച്ചിൻ ഭൂപണയ ബാങ്കിലും ഈ പഞ്ചായത്തിൽ പെട്ട പലരും അംഗങ്ങളാണ്. പലർക്കും ആ സ്ഥാപനങ്ങൾ വഴിയായുള്ള മെച്ചങ്ങൾ ലഭ്യമാകുന്നുണ്ട്. പെരിങ്ങോട്ടുകര ക്ഷീരവ്യവസായ സംഘത്തിൽ വരുന്ന പാലുല്പാദകർ ഏറിയ പങ്കും ചാഴൂർ പ്രദേശങ്ങളിൽ പെട്ടവരാണ്. അതേ സമയം ചെമ്മാപ്പിള്ളി ഭാഗത്തുള്ളവർക്ക് തങ്ങളുല്പാദിപ്പിക്കുന്ന പാൽ അന്തിക്കാട് ക്ഷീരസംഘത്തിലേക്ക് കൊണ്ടുപോകേണ്ടിവരുന്നു.

കാർഷിക വായ്പാരംഗത്ത് പ്രവർത്തിക്കുന്ന രണ്ടു സംഘങ്ങളുള്ളതിൽ താന്ന്യ സർവീസ് സഹകരണ ബാങ്ക് അതിന്റെ വ്യാപകാതൃത്തിയിൽ ഒരു വിധം മെച്ചപ്പെട്ട സേവനം നൽകിപ്പോരുന്നു. ഹെഡ് ഓഫീസ് ബ്രാഞ്ചിനു പുറമെ പെരിങ്ങോട്ടുകര മൂന്നുംകൂടിയ സെന്ററിനു സമീപനം ഒരു ബ്രാഞ്ചുകൂടി അംഗങ്ങളുടെ സൗകര്യാർത്ഥം പ്രവർത്തിക്കുന്നുണ്ട്. വായ്പാ വിതരണത്തിനു പുറമെ രാസവളങ്ങളും കീടനാശിനികളും കൈകാര്യം ചെയ്യുന്നു. കിഴുപ്പിള്ളിക്കര ബ്രാഞ്ചിനോട് ചേർന്ന് ഒരു റേഷൻ കടയും നടത്തിപോരുന്നു. 14 ജീവനക്കാരുള്ള ഈ സ്ഥാപനം ഒരു വിധം നിലനിൽക്കത്തക്ക നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. 1097ൽ സ്ഥാപിതമായിട്ടുള്ള 110-ാം നമ്പർ പെരിങ്ങോട്ടുകര സർവീസ് സഹകരണ സംഘം മുൻകാലങ്ങളിൽ കാർഷികം വായ്പാ രംഗത്ത് കാര്യമാത്ര പ്രസക്തമായി പ്രവർത്തിച്ചിരുന്നു. ഇടക്കാലത്തുണ്ടായ ചില സംഭവവികാസങ്ങളുടെ ഫലമായി ക്ഷീണിക്കുകയാണുണ്ടായത്. അക്കാലത്തുണ്ടായ ആഘാതങ്ങളിൽ നിന്നും സംഘത്തെ കരകയറ്റുന്നതിനുവേണ്ടി ജില്ലാ സഹകരണ ബാങ്കിന്റെ റിവൈവിങ്ങ് സ്കീം അനുസരിച്ച് കുറെ സഹായങ്ങൾ അതിനു ലഭിക്കുകയുണ്ടായി. മന്ദീഭവിക്കപ്പെട്ട ഒരു പണമിടപാട് സ്ഥാപനമായതുകൊണ്ട് കൂടുതൽ ജനവിശ്വാസം നേടിയെടുക്കുന്നതിന് എല്ലാവരുടേയും സഹായം ആവശ്യമാണ്. സ്വന്തമായി സ്ഥലവും കെട്ടിചവുമുള്ള ഈ സ്ഥാപനം ഇപ്പോൾ തുടങ്ങിവെച്ചിട്ടുള്ള സേവിങ്ങ്സ് പദ്ധതികൾ വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ അതിവേഗത്തിൽ ഈ സഹകരണ സംഘത്തെ കാര്യക്ഷമമാക്കുവാൻ കഴിയും.

കാർഷിക രംഗത്ത് നേരിട്ട് പ്രവർത്തിക്കുന്ന വെണ്ടരപ്പാടം ഇറിഗേഷൻ സംഘത്തിന് ആവശ്യമായമോട്ടോറുകളും കെട്ടിടവും വിത്തുസംഭരണ ഗോഡൗണും ഇതിനകം തന്നെ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ പാടശേഖരത്തോട് ചേർന്നു കിടക്കുന്ന മേൽ ഭാഗം നിലങ്ങൾ ഇനിയും സംഘത്തിന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. താന്ന്യം പഞ്ചായത്തിലുള്ള മറ്റു പാടശേഖരങ്ങളിലെ വിരിപ്പു കൃഷിക്കുള്ള വിത്തു വിതരണം ചെയ്യുന്നതിനും ടി പാടശേഖരങ്ങളിൽ ഉല്പാദിപ്പിക്കുന്ന വിത്ത് സംഭരിച്ച് വിപണനം ചെയ്യുന്നതിനും ഈ സംഘത്തെ ഉപയോഗപ്പെടുത്താവുന്നതാണ്. ക്ഷീരോല്പാദനം കൃഷിരംഗത്തിന്റെ

ഉപതൊഴിലായി വളരേണ്ടതാണ്. അത് കൃഷിക്ക് കൂടുതൽ ജൈവവളം പ്രദാനം ചെയ്യുന്നതിനും കാർഷിക വിളകളുടെ ഉപോല്പന്നങ്ങൾ കാലിതീറ്റയാക്കുന്നതിനും ഉതകുന്നതാണ്.

മൃഗ സംരക്ഷണ വകുപ്പിന്റെ നേരിട്ടുള്ള പരിശോധനാക്രമങ്ങളോടു കൂടിയാണ്. നമ്മുടെ നമ്മുടെ സംസ്ഥാനത്ത് ക്ഷീരവ്യവസായ സംഘങ്ങൾ പ്രവർത്തിക്കുന്നത്. അവ രണ്ടു തരത്തിലുള്ളവയത്രെ.

a) പാരമ്പര്യ ക്ഷീര വ്യവസായ സംഘങ്ങൾ

b) ആപ്കോസ്

നമ്മുടെ പഞ്ചായത്തിലുള്ള മൂന്നു ക്ഷീരസംഘങ്ങളും ഒന്നാമത്തെ തരത്തിൽ പെട്ടവയാണ്. അവയിൽ രണ്ടെണ്ണം ഒരു വിധം വളർച്ച പ്രാപിച്ചിരിക്കുന്നു. കിഴുപ്പിള്ളിക്കരയിലുള്ള ക്ഷീര വ്യവസായ സംഘത്തിൽ അളക്കുന്ന പാലിന്റെ അളവും വർദ്ധിക്കേണ്ടതുണ്ട്. കാലിത്തീറ്റ വിതരണം കൂടുതൽ വ്യാപകമാക്കുകയും അധികം വരുന്ന പാലുപയോഗിച്ച് മറ്റു ഉപഭോഗവസ്തുക്കൾ ഉണ്ടാക്കാൻ കഴിഞ്ഞാൽ കുറേകൂടി അവയ്ക്ക് സേവനിരതമാകുവാൻ കഴിയും കാരണം. കൂടുതൽ തൊഴിൽ നല്കുവാൻ കഴിയും. എല്ലാ പാലുല്പാദകരേയും സംഘത്തിലേയ്ക്കാകർഷിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ വിപണനം നടത്തുന്നതിനും ക്ഷീര സംഘങ്ങൾക്കു കഴിയേണ്ടതാണ്. ചെമ്മാപ്പിള്ളി ഭാഗത്ത് ഒരു ക്ഷീരവ്യവസായ സംഘത്തിനുള്ള സാദ്ധ്യത തെളിഞ്ഞു നില്ക്കുന്നു.

വ്യവസായ രംഗത്തുള്ള സംഘങ്ങളിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. വനിതാ വ്യവസായ സംഘത്തിൽ ഈയിടെയായി ഗാർമെന്റ് മേക്കിങ്ങ് ആരംഭിച്ചിട്ടുണ്ട്. പക്ഷെ വളരെ പരിമിതമായ രീതിയിൽ മാത്രമാണ് സംഘം പ്രവർത്തിക്കുന്നത്. ചെമ്മാപ്പിള്ളി കയർ വ്യവസായ സഹകരണ സംഘം പ്രവർത്തന ക്ഷമമാണെങ്കിലും ലാഭകരമായിട്ടില്ല. സ്വന്തമായ സ്ഥലവും കെട്ടിടവും സംഘത്തിനുണ്ട്. അനുകൂലമായ ചുറ്റുപാടുകൾ ഉണ്ടെങ്കിലും ചകിരിയുടെ സംസ്കരണമാത്രമാണ് അവിടെ നടത്തുന്നത്. തൊണ്ടഴുക്കി ചകിരി നാരൊരുക്കുന്ന പ്രക്രിയ വരെയുള്ള പ്രവർത്തനമെ നടത്തുന്നുള്ളു. അംഗസംഖ്യ 350ൽ താഴെയുണ്ടെങ്കിലും അവരിൽ 10% ൽ താഴെവരുന്നവർ മാത്രമാണ് യഥാർത്ഥത്തിൽ തൊഴിലാളികളായി രംഗത്തു വരുന്നവർ. കാലാവസ്ഥയുടെ പ്രാതികൂല്യങ്ങൾ സംഘത്തിന്റെ വ്യാപാരത്തെ കൂടുതൽ ബാധിക്കുന്നുണ്ട്. മോട്ടോർ റാട്ടുകൾ ഉപയോഗിച്ച് കയറും മറ്റുൽപന്നങ്ങളും ഉണ്ടാക്കുവാൻ സംഘത്തിന്നു സാധിച്ചാൽ കൂടുതൽ തൊഴിൽ പ്രദാനം ചെയ്യുന്നതിന് സാധിക്കും. ലേബർ കോൺട്രാക്ട് സംഘം നാമമാത്രമായി നിലനില്ക്കുന്ന അവസ്ഥക്ക് മാറ്റം വരുത്തണം. കാട്ടൂർ പഞ്ചായത്തതൃത്തിയിൽ പ്രവർത്തിക്കുന്ന കാട്ടൂർ പട്ടികജാതി പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളി സഹകരണ സംഘത്തെയാണ് പുഴയുടെ തീരപ്രദേശങ്ങളിലുള്ള മത്സ്യത്തൊഴിലാളികൾ ഉപയോഗപ്പെടുത്തുന്നത്.

**നിർദ്ദേശങ്ങൾ**

a) തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് കഴിയുമാറ് വനിതാ സംഘങ്ങളും മറ്റു വ്യവസായ സംഘങ്ങളും കൂടുതലായി ഉണ്ടാക്കുക.

b) താന്ന്യം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ച് 4 ഉം കൂടിയ സെന്ററിൽ തുറക്കുക.

c) പഞ്ചായത്തിൽ വരുന്ന ഫണ്ടുകൾ സഹകരണ ബാങ്കിൽ നിക്ഷേപിച്ചു കൈകാര്യം ചെയ്യണം.


d) പാചകഗ്യാസ് ഏജൻസി എടുത്തു നടത്തുന്നതിന് ഒരു സഹ. സംഘം ഉണ്ടാക്കാവുന്നതാണ്.

d) നിർജ്ജീവാവസ്ഥയിൽ എത്തി നിൽക്കുന്ന പട്ടികജാതി സംഘങ്ങളെ പുനരുദ്ധരിക്കുക.

f) താന്ന്യം പഞ്ചായത്ത് വ്യാപകാതൃത്തിയാക്കി കൃഷിക്കാർക്ക് ആവശ്യമായ കാർഷിക സേവനങ്ങൾ (infonts) വിതരണം ചെയ്യുന്നതിനും അവരുടെ ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനും ഉതകുന്നതിനും കാർഷിക വായ്പ ഒഴികെയുള്ള സേവനങ്ങൾ ചെയ്തുകൊണ്ട് കാർഷിക രംഗത്തു കൂടുതൽ മെച്ചപ്പെട്ട സേവനം കാഴ്ചവെക്കുന്ന ഒരു സഹകരണ സംഘത്തിന്ന് സാദ്ധ്യതയുണ്ട്. അത് പ്രാവർത്തികമാക്കണം.

g) ചെമ്മാപ്പിള്ളിയിൽ ഒരു ക്ഷീരവ്യവസായ സംഘം സ്ഥാപിക്കേണ്ടതാണ്.

കഴിഞ്ഞ 8 പദ്ധതികളിലും സഹകരണ പ്രസ്ഥാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രകീർത്തിക്കാറുണ്ടെങ്കിലും അടങ്കൽ തുകയുടെ നേരിയൊരു ശതമാനം മാത്രമെ പ്രസ്ഥാനത്തിന്നായി അനുവദിച്ചു കടുക്കാറുള്ളൂ. ഈ നിലയ്ക്ക് മാറ്റം ആവശ്യമാണ്. പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കും ഇടയിൽ വരുന്ന ഈ മേഖലയുടെ വളർച്ച ഇന്ത്യയിൽ കുറവാണ്. കാർഷിക വായ്പാ രംഗത്ത് നമ്മുടെ സംസ്ഥാനത്ത് കുറേ നേട്ടങ്ങളുണ്ടാക്കാൻ പ്രസ്ഥാനത്തിന്നു കഴിഞ്ഞിട്ടുണ്ടെങ്കിലും വികസനത്തിനുതകുന്ന ഒരുപാധി എന്ന നിലയിൽ അതിന്നുള്ള അംഗീകാരം വാക്കുകളിൽ മാത്രം ഒതുങ്ങിനില്ക്കുന്നു. ഗാന്ധിജിയുടെ വാക്കുകൾ ഓർക്കുക. "ഗ്രാമ വികസനത്തിന് മൂന്നു ഘടകങ്ങളുടെ വളർച്ചയാണ് എന്റെ നോട്ടത്തിൽ-ഗ്രാമപഞ്ചായത്ത്, സ്കൂളുകൾ, സഹകരണപ്രസ്ഥാനം" 9-ാം പഞ്ചവത്സരപദ്ധതിയിലൂടെ ആ പ്രവചനം പ്രാവർത്തികമാകട്ടെ. •



## 12

# പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം

ഇന്ത്യൻ ഭരണഘടനയുടെ 341–ാം ഖണ്ഡിക പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പട്ടികയിൽ പെടുന്ന സമുദായ ങ്ങളെ പട്ടികജാതിക്കാരെന്നും, 342–ാം ഖണ്ഡിക പ്രകാര മുള്ളവരെ പട്ടിക വർഗ്ഗക്കാരെന്നും പറയപ്പെടുന്നു. കേര ളത്തിൽ പട്ടിക ജാതിക്കാരുടെ പട്ടികയിൽ 68 സമുദായ ങ്ങളെയും പട്ടിക വർഗ്ഗക്കാരുടേതിൽ 35 സമുദായങ്ങ ളേയും ഉൾപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ പട്ടികജാ തിക്കാരുടെ മൊത്തം ജനസംഖ്യ 1991–ലെ സെൻസസ് പ്രകാരം ഇരുപത്തി അഞ്ച് ലക്ഷത്തിനു പുറത്താണ്. പട്ടിക വർഗ്ഗക്കാരാകട്ടെ രണ്ടരലക്ഷത്തിൽ കൂടുതലും. നമ്മുടെ ഭരണഘടനയുടെ 1951–ലെ ആദ്യത്തെ ഭേദഗതിയിലൂടെ പട്ടി കജാതി പട്ടികവർഗ്ഗ സമുദായങ്ങളുടെ സാമൂഹ്യവും സാമ്പ ത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്ക് ഉതകുന്ന ഏത് പരിപാടിയും നടപ്പിലാക്കാൻ ഭരണഘടന സംസ്ഥാന സർക്കാരുകൾക്ക് അതിർത്തിയില്ലാത്ത അധികാരം കൊടു ത്തിട്ടുണ്ട്.

താന്ന്യം ഗ്രാമപഞ്ചായത്തിൽ 1991ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് മൊത്തം ജനസംഖ്യ 27,265 ഉള്ള തിൽ 4,256 പേർ പട്ടികജാതിയിൽ പെട്ടവരാണ്. അതായത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 15.7% പട്ടിക വർഗ്ഗക്കാരാകട്ടെ, ഈ പഞ്ചായത്തിൽ രണ്ട് പുരു ഷൻമാരും ഒരു സ്ത്രീയുമടക്കം ആകെ മൂന്നുപേരാണ്. അന്തിക്കാട് ബ്ലോക്കിലെ കണക്കനുസരിച്ച് 2,445 പട്ടിക ജാതി വീടുകളുണ്ട്. ഇതിൽ 6,264 പുരുഷന്മാരും 6,251 സ്ത്രീകളുമടക്കം ആകം 12,515 പേരുണ്ട്. അന്തിക്കാട് ബ്ലോക്കിൽ പ്പെട്ട നമ്മുടെ പഞ്ചായത്തിലെ പട്ടിക വിഭാഗക്കാരുടെ മൊത്തം ജനസംഖ്യ 4,256 ആണ്. ഇതിൽ 2,103 പുരുഷൻമാരും 2,153 സ്ത്രീകളുമാണുള്ളത്.

പൊതുവേ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പട്ടി കജാതി– പട്ടികവർഗ്ഗക്കാർക്കിടയിൽ ഒട്ടനവധി സാമൂഹിക പ്രശ്നങ്ങളുണ്ട്. അവയെ പ്രധാനമായും തൊഴിൽസം ബന്ധം, ഭൂമി സംബന്ധം, പാർപ്പിട സംബന്ധം, വിദ്യാ ഭ്യാസം, ആരോഗ്യം സാംസ്കാരികം, സാമൂഹികം, സാമ്പ ത്തികം എന്നിങ്ങനെയായി തരം തിരിക്കാം.

### 1. തൊഴിൽ

പട്ടികജാതി വിഭാഗക്കാരായ ഒട്ടുമിക്ക ജനങ്ങളും കാർഷിക മേഖലയിൽ ജോലിയെടുക്കുന്നവരാണ്. കുറ ച്ചുപേർ കെട്ടിടനിർമ്മാണ തൊഴിലാളികളും വേറെചിലർ മറ്റു ജോലികളിലും ഏർപ്പെട്ടിരിക്കുന്നു. ബ്ലോക്ക് റിപ്പോർട്ട് അനുസരിച്ച്. 259 കുടുംബങ്ങളിലായി ഏതാണ്ട് 1,200 പേർ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. കാർഷിക മേഖലയിൽ ജോലിയെടുക്കുന്നവരിൽ സ്വന്തമായി കാർഷിക ഭൂമിയു ള്ളവർ വളരെകുറവാണ്. അതുകൊണ്ടുതന്നെ അവരിൽ നാമമാത്രമായവരെ കർഷകരായുള്ളൂ. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, വ്യവ സായ ശാലകൾ എന്നിവയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 125ൽ കുറവാണ്. സേവനരംഗത്ത് കുറച്ചേറെ ചെറു പ്പക്കാർ ഇപ്പോൾ രംഗത്തുണ്ട്. അതിൽ ഒരാൾ ടൂ–വീലർ ത്രീ വീലർ വർക്ക് ഷോപ്പ് നടത്തുന്നുണ്ട്. അപൂർവ്വം ചില കുടുംബങ്ങൾ കുട്ടനെയ്ത്ത്, പായ് നെയ്ത്ത് തുടങ്ങിയ കുടിൽ തൊഴിലുകൾ ചെയ്ത് പോരുന്നുണ്ടെങ്കിലും ഇന്നത് ഇല്ലാതായി വരികയാണ്. പുഴയോരത്തും ആഴമുള്ള പാട ശേഖരങ്ങളുടെ കരയിലും താമസിക്കുന്ന കുറേപ്പേർ ഉൾനാ ടൻ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു. എന്നാൽ മത്സ്യം വളർത്തൽ തൊഴിലാക്കിയിട്ടുള്ള പട്ടികജാതിക്കാർ ഈ പഞ്ചായത്തിൽ ഇല്ല എന്നു തന്നെ പറയാം. മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കു തന്നെ സ്വന്തമായി വഞ്ചിയും വലയും മറ്റ് തൊഴിലുപകരണങ്ങളും ഇല്ലാത്ത തുകണ്ട് പലരും വലിയ നിരക്കിലുള്ള വാടക കൊടുത്തു കൊണ്ടാണ് ഈ തൊഴിൽ ചെയ്തു പോരുന്നത്. പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാഭ്യാസം നേടിയവരും അല്ലാ ത്തവരുമായി ഒട്ടേറെ സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. ഇവരിൽ മിക്ക സ്ത്രീകൾക്കും സ്വന്തമായി തൊഴിലോ അതുവഴി സ്വന്തമായി വരുമാനമോ ഇല്ല.

മേൽപറഞ്ഞ പ്രശ്നത്തിന് പരിഹാരമായി കേരള സംസ്ഥാന പട്ടികജാതി– പട്ടിക വർഗ്ഗ വികസന കോർപ്പ റേഷന്റെ ക്ഷേമപ്രവർത്തനങ്ങൾ രാജ്യത്തിലെ ഓരോ ഗ്രാമ ത്തിലും ഇനിയും കൂടുതൽ ആഴ്ന്നിറങ്ങേണ്ടതുണ്ട്. കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന കൃഷി ഭൂമി വായ്പാ പദ്ധതി, സ്വയം തൊഴിലിനുള്ള മാർജിൻ മണി പദ്ധതി തുട ങ്ങിയവയുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ കാര്യമായ രീതിയിൽ നടക്കുന്നില്ല. ഗ്രാമപ്രദേശങ്ങളിൽ 6,000 രൂപയ്ക്കു താഴെ വാർഷിക വരുമാനമുള്ളവർക്കു കൃഷി ഭൂമി വാങ്ങുവാൻ കൊടുക്കുന്ന ധനസഹായം ഈ പഞ്ചാ യത്തിൽ ലഭിക്കുവാൻ കോർപ്പറേഷൻ വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. അതുപോലെ തന്നെ കോർപ്പറേഷ നിൽനിന്നുള്ള സബ്സിഡിയും ബാങ്കുകളിൽ നിന്നുള്ള വായ്പയും ഉപയോഗപ്പെടുത്തി വിവിധ തൊഴിലുകൾ

ആരംഭിക്കുന്നതിന് കോർപ്പറേഷൻ നൽകുന്ന സ്വയം തൊഴിലിനുള്ള മാർജിൻ മണി പദ്ധതിയുടെ ഗുണം നമ്മുടെ പഞ്ചായത്തിലും ലഭിക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന വർക്ക് വഞ്ചിയും വലയും പോലുള്ള തൊഴിലുപകരണങ്ങളും വാങ്ങാൻ ഗവൺമെന്റ് വേണ്ടത്ര വായ്പകൾ വിതരണം നടത്തുകയും ബാങ്കുകൾ വഴിയുള്ള കാലതാമസം വരാതിരിക്കാൻ വേണ്ടത്ര മുൻകരുതലുകൾ എടുത്തുകയും മേൽപറഞ്ഞ ധനസഹായങ്ങൾ അതാതു പഞ്ചായത്തിലുള്ള ഹരിജൻ സംഘങ്ങൾ വഴി വിതരണം ചെയ്യാനുള്ള ഏർപ്പാടുകളും ഉണ്ടാക്കേണ്ടതാണ്. കൂടാതെ വിദേശ രാജ്യങ്ങളിൽ തൊഴിൽ സമ്പാദിക്കാനുള്ള പദ്ധതി, സാങ്കേതിക പരിശീലനം ലഭിച്ചവർക്കും തൊഴിൽ യോഗ്യതയുള്ളവർക്കും സ്വയം തൊഴിലിനുള്ള സീഡ്മണി സബ്സിഡി പദ്ധതി എന്നിവയും മൂലം ഈ പഞ്ചായത്തിലെ പട്ടികജാതി വിഭാഗക്കാരുടെ തൊഴിൽ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും എന്നു കരുതുന്നു. അതുപോലെ വനിതകളുടെ തൊഴിൽ പ്രശ്നത്തിനായി DWCRA (Development of women 2nd children in rural area) യൂണിറ്റുകൾ പോലുള്ള പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കയറുല്പന്ന നിർമ്മാമം, കുട്ടനെയ്ത്ത്, പായനെയ്ത്ത് ചിപ്സുകളുടെ നിർമ്മാണം, മസാലപ്പൊടികൾ, വിവിധകരം കറിപൗഡറുകളുടെ നിർമ്മാണം തുടങ്ങിയ യൂണിറ്റുകൾ തുടങ്ങാന് ഈ പഞ്ചായത്തിൽ ഒട്ടേറെ സാധ്യതകളുണ്ട്.

## 2) ഭൂമിയും പാർപ്പിടവും

ഈ പഞ്ചായത്തിലെ പട്ടിക ജാതിയിൽപ്പെട്ട ഒട്ടേറെ ആളുകൾക്ക് കുടികിടപ്പാവകാശം വഴി ഭൂമി ലഭ്യമായിട്ടുണ്ടെങ്കിലും ശേഷിച്ചവർക്ക് സ്വന്തമായി ഭൂമിയില്ല. ഭൂമി ലഭിച്ചവർക്കാകട്ടെ മെച്ചപ്പെട്ട രീതിയിൽ വീടുകൾ നിർമ്മിക്കാനായിട്ടില്ല. ഈ പഞ്ചായത്തിൽ അപൂർവ്വം ചിലർക്കുമാത്രമേ ആധുനിക സൗകര്യങ്ങളോടുകൂടിയ വീടുകളുള്ളൂ. അതുപോലെ തന്നെ സ്വന്തമായി വീടുകളുള്ളവർക്ക് പല തരത്തിലുള്ള പ്രശ്നങ്ങളും നേരിടേണ്ടിവരുന്നു. പല വീടുകളിലും കിണർ, കക്കൂസ് മുതലായ സൗകര്യങ്ങൾ ഇല്ല. അതുപോലെ വൈദ്യുതി ഇനിയും എത്താത്ത പട്ടികജാതി ഭവനങ്ങളുണ്ട്. ഈ പഞ്ചായത്തിൽ മൊത്തം പതിനാല് ഹരിജൻ കോളനികളുണ്ട്. കൂടാതെ അവിടെയിവിടെയായി ഒറ്റപ്പെട്ട ചില പട്ടികജാതി ഭവനങ്ങളുണ്ട്. ഈ കോളനികളിലെല്ലാം. ജനങ്ങൾ തിങ്ങി പാർക്കുന്നു. ഇത്തരം കോളനികളിൽ വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. ഈ പഞ്ചായത്തിലെ അംഗീകരിച്ച പട്ടികജാതി കോളനികളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക1

അംഗീകരിച്ച പട്ടികജാതി കോളനികളുടെ വിവരം

| ക്രമനമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | II | തിരുത്തേക്കാട് കോളനി | 33 | 197 |
| 2 | II | ചിറ്റിലായി | 26 | 141 |
| 3 | III | കരാഞ്ചിറ OLH കോളനി | 13 | 65 |
| 4 | II | കോലോത്തും കടവ് ഹരിജൻ സെറ്റിൽമെന്റ് | 11 | 57 |
| 5. | V | താന്ന്യം മിച്ചഭൂമി കോളനി | 30 | 153 |
| 6. | VIII | ചെമ്മാപുളി വടക്കുമുറി | 29 | 195 |
| 7. | IX | നാലുസെന്റ് മിച്ചഭൂമി ചെമ്മാപ്പിള്ളി | 10 | 86 |
| 8. | VI | തൃപ്രയാർ ഈസ്റ്റ് കോളനി | 10 | 52 |
| 9. | IV | താന്ന്യം OLH കോളനി | 11 | 46 |
| 10. | IX | ശ്രീരാമൻചിറ | 16 | 81 |
| 11. | VIII | 4 സെന്റ് OLH | 18 | 99 |
| 12. | I | കനകക്കുന്ന മിച്ചഭൂമി | 13 | 69 |
| 13. | IX | ചേലൂര് മനമിച്ചഭൂമി | 25 | 133 |
| 14. | III | കരുവാംകുളം കോളനി | 35 | 95 |

വീടുപണിയുവാനും മറ്റും ഗവൺമെന്റ് നൽകിവരുന്ന സഹായം വളരെ പരിമിതമാണ്. പട്ടികജാതി വികസന വകുപ്പ് നടത്തിവരുന്ന ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതി അധിവാസകേന്ദ്രങ്ങളുടെ സമഗ്ര വികസന പദ്ധതി, ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസ പദ്ധതി എന്നിവയുടെ പ്രവർത്തനം ഈ പഞ്ചായത്തിലടക്കം മറ്റ് പഞ്ചായത്തുകളിലെല്ലാം ഉടനെ പ്രാവർത്തികമാക്കാനുണ്ട്. അതുപോലെ തന്നെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന ജില്ലാ വർക്കിംഗ് ഗ്രൂപ്പിന്റെയും പ്രവർത്തനം ഈ പഞ്ചായത്തിലും എത്തേണ്ടതുണ്ട്. അതുപോലെ പാർപ്പിട സംബന്ധമായി ഈ വിഭാഗക്കാർ നേരിടുന്ന മറ്റൊരു പ്രശ്നമാണ് സാമ്പത്തികം, പട്ടിക വിഭാഗക്കാർക്കും മറ്റി ഇതരവിഭാഗക്കാർക്കും. ഭവനനിർമ്മാണത്തിന് ഏതാണ്ട് ഒരേ തുകയാണ് നൽകിവരുന്നത്. സാമ്പത്തികാവസ്ഥയിൽ വളരെ പിന്നോക്കം നിൽക്കുന്ന പട്ടിക വിഭാഗക്കാർക്ക് ഈ തുക കൊണ്ട് ഭവനം നിർമ്മിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് മറ്റ് ഇതര മതവിഭാഗങ്ങളെ അപേക്ഷിച്ച് ഭവന നിർമ്മാണ തുക പട്ടിക വിഭാഗക്കാർക്ക് ഇനിയും കൂടുതൽ കൊടുക്കേണ്ടതുണ്ട്. ഇപ്രകാരമായാൽ ഇന്ന നിലനിൽക്കുന്ന (ഭവന നിർമ്മാണത്തിനുള്ള ധനസഹായം, വായ്പ എന്നിവ ലഭിച്ചവർക്ക് ഭവനം പണിയാൻ കഴിയാതെ കടക്കെണിയിൽ വീണുപോകുന്ന അവസ്ഥ) അരക്ഷിതാവസ്ഥ ഒരു പരിധിവരെ തടയാൻ കഴിയും, കൂടാതെ കോസ്റ്റോ ഫോഡ് മുതലായ സ്ഥാപനങ്ങൾ വഴി കൂടുതൽ കാര്യക്ഷമമായ ഭവനങ്ങൾ നൽകി പഞ്ചായത്തിൽ അതിരൂക്ഷമായ ഭൂമി സംബന്ധവും പാർപ്പിട സംബന്ധവുമായ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

### 3. വിദ്യാഭ്യാസം

ഈ പഞ്ചായത്തിൽ ആകെ 8 വിദ്യാ കേന്ദ്രങ്ങളുണ്ട്. ഈ വിദ്യാലയങ്ങളിൽ ഒട്ടനവധി പട്ടിക വിഭാഗക്കാരായ കുട്ടികൾ പഠിക്കുന്നുണ്ട്. 8 വിദ്യാലയങ്ങളിലായി 368 ആൺകുട്ടികളും 406 പെൺകുട്ടികളുമടക്കം ആകെ 774 പേരുണ്ട്. കുറെപ്പേർ ഉന്നതവിദ്യാഭ്യാസത്തിനായി കോളേജികുളിൽ പോകുന്നുണ്ടെങ്കിലും കോഴ്സുകൾ വിജയപ്രദമായി പൂർത്തീകരിച്ച് തൊഴിൽ നേടുന്നവരുടെ എണ്ണം നാമമാത്രമാണ്. അതുപോലെതന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യം വിദ്യാഭ്യാസ നിലവാരത്തിലും ഈ കുട്ടികൾ വളരെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്നു എന്നതാണ്. എങ്കിലും മിടുക്കൻമരും മിടുക്കികളും ഇല്ലെന്നല്ല. മറ്റൊരുപ്രത്യേക വിദ്യാഭ്യാസനിലവാരത്തിൽ പിന്നോക്കം നിൽക്കുന്നവരിൽ ചിലർ കലാ കായിക രംഗങ്ങളിൽ കാണിക്കുന്ന മികവാണ്. ഈവിഭാഗത്തിൽ പെട്ട കുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതോടൊപ്പം അവരിലുള്ള കലാ കായിക വാസനയും പരിപോഷിപ്പിക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. 1981ലെ സെൻസസ് പ്രകാരം കേരളത്തിലെ മൊത്തം സാക്ഷരത ശതമാനം 70.42 ആണ്. പട്ടികജാതിക്കാർ നൂറിന് 56, പട്ടികവർഗ്ഗക്കാർ 31.79% ആണ്. സാക്ഷരത പ്രവർത്തനം വഴി ഈ പഞ്ചായത്തിലെ നിരക്ഷരരായ അനേകം പട്ടികജാതിക്കാർക്ക് അറിവന്റെ വെളിച്ചം നൽകാൻ കഴിഞ്ഞിട്ടുണ്ട്. സാക്ഷരത യജ്ഞം വീണ്ടും സജീവമാക്കേണ്ടത് അത്യാവശ്യമാണെന്നാണ് ഈ വിഭാഗക്കാരുടെ മറ്റൊരു നിർദ്ദേശം

മേൽപറഞ്ഞ പ്രശ്ന പരിഹാരത്തിനായി ഒട്ടനവധി നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. ഓരോ സ്കൂളിലും പട്ടിക വിഭാഗക്കാരായ കുട്ടികളെ കണ്ടുപിടിച്ച് അവരുടെ പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞ് പരിഹാരം കാണാൻ സാധിക്കുന്ന അദ്ധ്യാപക രക്ഷാകർത്തൃ വിദ്യാർത്ഥി സംഘടനകളോ സമിതികളോ ഓരോ സ്കൂളിലും രൂപീകരിക്കുകയും ഈ സമിതികൾ ആഴ്ചയിലൊരിക്കലോ മാസത്തിലൊരിക്കലോ ഒന്നിച്ചുകൂടി കാര്യങ്ങൾ ചർച്ച ചെയ്ത് പ്രശ്നപരിഹാരം കണ്ടെത്തണം. 45% ത്തിൽ കൂടുതൽ മാർക്കുവാങ്ങി U.P. വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾക്ക് വർഷത്തിൽ 600/- രൂപയും ഹൈസ്കൂൾ വിഭാഗത്തിൽ 800/- രൂപയും ഗവൺമെന്റ് നൽകിവരുന്നുണ്ടെങ്കിലും അത് വേണ്ട രീതിയിൽ ഉപയോഗപ്രദമല്ല.

ഈ സ്ഥിതി മാറി, അർഹരായ വിദ്യാർത്ഥികൾക്ക് അവരുടെ അർഹതയുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം എത്തിക്കാൻ വേണ്ട നടപടികൾ പഞ്ചായത്തുകൾ വഴി കർശനമായി സ്വീകരിക്കേണ്ടതുണ്ട്.

കൂടാതെ കലാകായിക രംഗങ്ങളിൽ മുന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടുപിടിച്ച് അവരവരുടെ കഴിവുകൾ അനുയോജ്യമായ രീതിയിൽ തിരിച്ചുവിടാനുതകുന്ന പരിപാടികൾ ഓരോ വിദ്യാലയങ്ങളിലും ഉണ്ടാകേണ്ടതുണ്ട്. കൂടാതെ ഈ കുട്ടികൾക്ക് തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസം നൽകാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരം ക്ലാസ്സുകൾ ഒന്നുകിൽ രാവിലെ 9മുതൽ 10വരെ യോ അല്ലെങ്കിൽ വൈകിട്ട് 4 മുതൽ 5 വരെയോ ആകാം. ഇതുകൊണ്ട് ഒരു പ്രജോയനവുമുണ്ട്. ഭാവിയിൽ ഈ കുട്ടികൾക്ക് ഒരു വൈറ്റ് കോളർ ജോലി ലഭിച്ചില്ല എങ്കിലും താന്താങ്ങളുടെ ജീവിത വരുമാനമുണ്ടാക്കാൻ ഈ തരത്തിലുള്ള വിദ്യാഭ്യാസം പരിശീലനംകൊണ്ട് സാധിക്കും ഉയർന്ന നിലവാരം നേടുന്ന കുട്ടികൾക്കായി പൊതു പരീക്ഷകൾ എഴുതുന്നതിനായി സ്പെഷൽ കോച്ചിംഗ് സെന്ററുകൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതുണ്ട്. പട്ടികജാതിയിൽ പെടുന്ന ശിശുക്കളുടെ ശാരിരികവും മാനസികവുമായ വളർച്ചക്കുവേണ്ടി സംസ്ഥാനത്ത് 56 നഴ്സറി സ്കൂളുകളും പട്ടികജാതി സങ്കേതങ്ങളിൽ 130 ബാലവാടി കം ഫീഡിംഗ് സെന്ററുകളും നടത്തിവരുന്നുണ്ടെങ്കിലും ഉൾനാടൻ ഗ്രാമങ്ങളിൽ ഇതിന്റെ പ്രവർത്തനം ഇനിയും എത്തിയിട്ടില്ല. ഈ വകുപ്പ് നടത്തിവരുന്ന പ്രീ മെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം ഗ്രാമങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുവാൻ വേണ്ട സൗകര്യങ്ങൾ വേണം. വിവിധ ബോർഡിംഗ് ഗ്രാന്റുകൾ, പ്രൊഫഷണൽ കോളേജുകളിലും പോളിടെക്നിക്കുകളിലും നടത്തിവരുന്ന ബുക്ക്–ബാങ്ക് സമ്പ്രദായം, ക്യാച്ച് ദം യങ്ങ് എന്ന പരിപാടിയുടെ ഭാഗമായി കലാകായിക വിനോദങ്ങളിൽ വളരെ ഉയർന്ന നിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം I.A.S. കോച്ചിംഗ് സെന്ററുകളുടെ പ്രവർത്തനം, പ്രീ– റിക്രൂട്ട്മെന്റ് ട്രെയിനിംഗ്, ഗവേഷണ പ്രോത്സാഹനം. പരീക്ഷകളിൽ തോറ്റ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം തുടരാനുള്ള ധനസഹായം S.S.L.C. പ്രീ– ഡിഗ്രി, ഡിഗ്രി പോസ്റ്റ് ഗ്രാജ്വേറ്റ് ക്ലാസ്സുകളിൽ ഒന്നാം ക്ലാസ്സോടെ പാസ്സാകുന്നവർക്കുള്ള ധനസഹായം എന്നിവ അർഹരായ കുട്ടികൾക്ക് പഞ്ചായ

ത്തുകൾ വഴി കാലതാമസം സകൂടാതെ എത്തിച്ചുകൊടുക്കുക, പട്ടിക വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് അധ്യയന വർഷാരംഭത്തിൽ തന്നെ സൗജന്യമായി പുസ്തക വിതരണം നടത്തുക, ഒരു ഇൻഫോർമേഷൻ സെന്ററിന് പഞ്ചായത്തിൽ തുടക്കം കുറിക്കുക എന്നിവ മുഖേന ഈ വിഭാഗക്കാരുടെ ഇടയിലുള്ള വിദ്യാഭ്യാസ മാന്ദ്യത ഒരു പരിധിവരെ ഒഴിവാക്കാം.

**4. ആരോഗ്യം**

പട്ടികജാതി കുടുംബങ്ങളുടെ ആരോഗ്യം നിലനിർത്തുന്നതിനുവേണ്ടി ഒട്ടേറെ പദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പാക്കേണ്ടതുണ്ട്. പട്ടിക വിഭാഗക്കാരായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഹരിജൻ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കേണ്ടതുണ്ട്. ഇവരുടെ ആരോഗ്യസംരക്ഷണത്തിനായി ഇത്തരം കോളനികളിൽ ശുദ്ധജലം എത്തിക്കുക, കക്കൂസ്, മലിനജലം ഒഴുകി പോകുവാനുള്ള ഓടകൾ നിർമ്മിക്കുക, സാംക്രമിക രോഗങ്ങൾക്ക് എതിരായിട്ടുള്ള കുത്തിവെയ്പ്, ബോധവത്ക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുക, ശിശുക്കൾക്ക് സൗജന്യ രോഗപ്രതിരോധകുത്തിവെയ്പ് നടത്തുക തുടങ്ങിയ പരിപാടികൾ ഇത്തരം കോളനികളിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്. കൂടാതെ, മുലയൂട്ടുന്ന അമ്മമാർക്കും കൊച്ചു കുട്ടികൾക്കും അംഗൻവാടികൾ, ബാലവാടികൾ, മഹിളാസംഘങ്ങൾ തുടങ്ങിയവ മുഖേന പോഷകാഹാരസാധനങ്ങൾ എത്തിച്ചുകൊടുക്കുക എന്നിവയും വിപുലമായ തോതിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഈ പഞ്ചായത്തിലെ ഹരിജൻ വാർഡുകളിൽ അടിയന്തിരമായി എത്തിക്കേണ്ട കാര്യങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

**5) സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ**

സമൂഹത്തിന്റെ നല്ല പാതികളിൽനിന്ന് വഴി തെറ്റി പോകുന്ന ചെറുപ്പക്കാരെ നൻമയിലേക്ക് തിരിച്ചു വിടാനുതകുന്ന കലാജാഥകൾ, പ്രഭാഷണങ്ങൾ, കലാപരിപാടികൾ ബോധവത്കരണ ക്ലാസ്സുകൾ എന്നിവ ഈ പഞ്ചായത്തിലെ ഓരോ വാർഡിലും നടത്തേണ്ടതുണ്ട്. പട്ടികജാതി വകുപ്പ് നടത്തിവരുന്ന സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളായ സാമൂഹ്യ-ഐക്യദാർഢ്യ പക്ഷാചരണം, ക്ഷേത്രപ്രവേശന വിളംബരദിനം, ടൂറിസ്റ്റ് വാരാഘോഷം, നാടൻ കലാമേളകൾ, കലാകാരന്മാർക്കുള്ള ധനസഹായം, സാഹിത്യ ശില്പശാലകൾ, പട്ടികജാതിക്കാരായ സാഹിത്യകാരൻ മാർക്ക് സ്വന്തം കൃതികൾ പ്രസാധനം ചെയ്യുന്നതിനുള്ള സഹായം എന്നിവ ഓരോ പഞ്ചായത്തുകളിലും നടത്തണം. പട്ടികജാതി വിഭാഗക്കാർ ഒരുമിച്ച് താമസിക്കുന്ന സ്ഥലങ്ങളിൽ റേഡിയോ, ടെലിവിഷൻ തുടങ്ങിയ

**അംഗീകരിച്ച കോളനികളുടെ ആവശ്യങ്ങളുടെ വിവരം**

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേർ | ആവശ്യമായ വീടുകളുടെ എണ്ണം | കിണർ | ടാപ്പുകൾ | കക്കൂസ് | ഗതാഗത യോഗ്യമാക്കാവുന്ന റോഡുകൾ | ആവശ്യ വൈദ്യുതി ബൾബ് |
|---|---|---|---|---|---|---|---|---|
| 1 | II | തിരുത്തക്കാട് കോളനി | 22 | – | 3 | 13 | 5 | 15 |
| 2 | II | ചിറ്റിലായി കോളനി | 22 | – | 3 | 10 | 2 | 8 |
| 3 | II | കരാഞ്ചിറ OLH കോളനി | 10 | – | 2 | 8 | 1 | 5 |
| 4. | II | കോലോത്തും കടവ് ഹരിജൻ സെറ്റിൽമെന്റ് | 6 | 1 | 2 | 5 | 1 | 3 |
| 5. | V | താന്ന്യം മിച്ചഭൂമി കോളനി | 25 | 23 | 3 | 5 | 2 | 4 |
| 6. | VIII | ചെമ്മാപ്പിള്ളി വടക്കുമുറി | 15 | 2 | 3 | 8 | 3 | 9 |
| 7. | IX | നാലുസെന്റ് മിച്ചഭൂമി കോളനി | 8 | 3 | 2 | 3 | 1 | 6 |
| 8. | VI | തൃപ്രയാർ ഈസ്റ്റ് നട കോളനി | 26 | – | 5 | 20 | 1 | – |
| 9. | IV | താന്ന്യം OLH കോളനി | – | 1 | 1 | 5 | 1 | 2 |
| 10. | IX | ശ്രീരാമൻ ചിറ | 9 | 2 | 2 | 5 | 1 | 6 |
| 11. | VIII | 4 സെന്റ് OLH | 3 | 4 | 6 | 3 | 2 | 5 |
| 12. | I | കനകക്കുന്നി മിച്ചഭൂമി | 8 | 3 | 4 | 2 | 1 | 8 |
| 13. | IX | ചേലൂർ മന മിച്ചഭൂമി | 9 | 3 | 2 | 4 | 1 | 3 |
| 14 | III | കരുവാംകുളം കോളനി | 7 | 2 | 2 | 16 | 5 | 15 |

പട്ടിക III

അംഗീകാരത്തിന് സമർപ്പിക്കുന്ന കോളനികളുടെ വിവരം


| ക്രമനമ്പർ | വാർഡ് | കോളനികളുടെ പേര് | ഹരിജൻ വീടുകൾ | ഹരിജൻ ജനസംഖ്യ |
|---|---|---|---|---|
| 1 | III | കൂർക്കപറമ്പ് മിച്ചഭൂമി ഹരിജൻ കോളനി | 11 | 50 |
| 2 | II | കല്ലംങ്ങരപ്പാടംമാട് ഹരിജൻ കോളനി | 19 | 144 |
| 3 | II | ഇടപുഴവാലി | 15 | 84 |
| 4. | V | താന്ന്യം വലിയവളപ്പ് ഹരിജൻ കോളനി | 10 | 28 |
| 5. | VI | വന്നേരിമാട് ഹരിജൻ | 10 | 35 |
| 6. | X | പെരിങ്ങോട്ടുകര കിഴക്കും മുറി മാവേലി ഹരിജൻ കോളനി | 13 | 55 |
| 7. | X | അവണേങ്ങാട് പടി മഹാത്മ ഹരിജൻ കോളനി | 15 | 67 |
| 8. | VI | ചേലൂര് മന 4 സെന്റ് ഹരിജൻ കോളനി | 19 | 78 |
| 10. | VI | കണിയാം പറമ്പ് മാക്കോറ്റി | 16 | 76 |
| 11. | VI | ചെറുപറമ്പ് മിച്ചഭൂമി ഹരിജൻ കോളനി | 13 | 67 |
| 12. | VII | പോസ്റ്റ് ആഫീസ് കോളനി (ലക്ഷം വീട്) | 13 | 73 |
| 13. | VII | നാലുസെന്റ് ഹരിജൻ കോളനി | 15 | 32 |
| | | (കായംപുള്ളി ആൽ) | 15 | 32 |
| 14. | VII | കായംപുള്ളി ആലിന് കിഴക്കുഭാഗം 8 സെന്റ് ഹരിജൻ കോളനി | 10 | 48 |


വാർത്താവിനിമയ ഉപാധികൾ സ്ഥാപിക്കുക എന്നീ പരിപാടികളും നടപ്പിൽ വരുത്തേണ്ടതാണ്.

**6. സാമ്പത്തികം**

തൊഴിൽ പരമായും സാമ്പത്തികമായും പട്ടിക വിഭാഗക്കാർ വളരെ പിന്നിൽ നിൽക്കുന്നു പട്ടികജാതി വർഗ്ഗ ഭവനത്തിൽ ഒരാൾക്കെങ്കിലും വരുമാനമുള്ള ജോലി എന്ന ആശയം പഞ്ചായത്തുകളിൽ നടപ്പാക്കേണ്ടതാണ്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കേണ്ടതുണ്ട്. കൂടാതെ ഈ വിഭാഗക്കാരുടെ ഉയർച്ചക്കായി ഗവൺമെന്റ് നടപ്പിലാക്കുന്ന വിവിധ സ്വയം തൊഴിലുകളായ T.V.V.C.R. റിപ്പയറിംഗ് വർക്ക്ഷോപ്പ്, വിവിധ വാഹന വായ്പകൾ, കൂർബാർ തുടങ്ങുന്നതിനുള്ള ധനസഹായം, കടകൾ തുടങ്ങുന്നതിനുള്ള ധനസഹായം, പട്ടികവിഭാഗക്കാർക്ക് ഗൾഫിൽ പോകാൻ നൽകുന്ന ധനസഹായം തുടങ്ങിയ വിവിധ ക്ഷേമപ്രവർത്തനങ്ങൾക്ക് പഞ്ചായത്തുകളിൽ അർഹമായ പ്രാതിനിധ്യം കൊടുക്കേണ്ടതാണ്.

ചുരുക്കത്തിൽ പട്ടികജാതി പട്ടികവിഭാഹഗക്കാരുടെ ക്ഷേമത്തിനും ഉയർച്ചക്കും വേണ്ടി ഗവൺമെന്റ് കഴിഞ്ഞ എട്ട് പഞ്ചവത്സരപദ്ധതികളിലായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും ഇവയുടെ ഗുണം പ്രതീക്ഷിച്ച രീതിയിൽ യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുന്നുണ്ടോ എന്നു കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ഇവക്ക് അർഹമായ ഫലം കിട്ടണമെങ്കിൽ ആസൂത്രണതലത്തിലെന്ന പോലെ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിലും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ഗവൺമെന്റ് നടപ്പിലാക്കുന്ന പല ക്ഷേമപ്രവർത്തനങ്ങളും അത് അർഹതപ്പെട്ടവന് യഥാകാലം എത്തിക്കുക എന്ന പരമമായ ലക്ഷ്യം മുൻനിർത്തി പദ്ധതികൾ ആസൂത്രണം ചെയ്യുകയും പട്ടികജാതി വികസനവകുപ്പ്, പട്ടികവർഗ്ഗ വികസനവകുപ്പ് പട്ടിക ജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലനവികസന വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പട്ടിക ജാതി - വർഗ്ഗവികസന സഹകരണ ഫെഡറേഷൻ ക്ലിപ്തം മുതലായവയുടെ പ്രവർത്തനം എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും എത്തിക്കുകയും വഴി പട്ടിക ജാതി- പട്ടികവർഗ്ഗവിഭാഗക്കാരുടെ സമഗ്രമായ വികസനം എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടാൻ ഒരു പ്രയാസവുമില്ല എന്നത് തർക്കമറ്റ ഒരു സംഗതിയാണ്. ●





**13**

# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം പേരും കൃഷിയും അതുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ടുമാണ് ജീവിക്കുന്നത്. തെങ്ങ് കൃഷിയാണ് പ്രധാനം. കാര്യമായ ഒരു വ്യവസായ സ്ഥാപനവും ഈ പഞ്ചായത്തിലില്ല. കഴിഞ്ഞ കാലങ്ങളിലേത് പോലെ തെങ്ങ് കൃഷികൊണ്ട് മാത്രം ജീവിക്കാവുന്ന അവസ്ഥയല്ല ഇന്ന് നിലവിലുള്ളത്. ആയതിനാൽ വ്യാവസായിക രംഗത്ത് നാം കൂടുതൽ മുന്നേറേണ്ടിയിരിക്കുന്നു.

പ്രധാനമായികെട്ടിട നികുതിയും സംസ്ഥാന സർക്കാരിൽനിന്ന് കിട്ടുന്ന നികുതി വിഹിതവും മറ്റ് ഫണ്ടുകളുമാണ് പഞ്ചായത്തിന്റെ വരുമാന മാർഗ്ഗം. വ്യവസായ സ്ഥാപനങ്ങൾ, സിനിമാശാലകൾ എന്നിവ ഈ പഞ്ചായത്തിൽ തീരെ കുറവാണ്. സർക്കാർ ഓഫീസുകളും കുറവാണ്. അതുകൊണ്ടുതന്നെ തൊഴിൽനികുതി ഇനത്തിൽ നിന്നുള്ള വരുമാനവും മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് തീരെ കുറവാണ്. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്തിന് മൊത്തം ലഭിച്ച വരുമാനവും ചിലവും താഴെ കൊടുക്കുന്നു.

| വർഷം | മൊത്തം വരവ് | മൊത്തം ചിലവ് |
|---|---|---|
| 1994–95 | 15,48580.75 | 11, 96198.10 |
| 1995–96 | 21, 52529.80 | 13,28915.65 |

മൊത്തം ചിലവിൽനിന്നു എസ്റ്റാബ്ലിഷ്മെന്റ് ചിലവ് കഴിച്ചുള്ള സംഖ്യയാണ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കിട്ടുന്നത്. ഈ കണക്കുകളിൽനിന്നും ഒരു കാര്യം വ്യക്തമാണ്. പഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങളും ജനോപകാരപ്രദമായ മറ്റ് പദ്ധതികളും നടപ്പിലാക്കണമെങ്കിൽ മറ്റു വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തിയേ തീരൂ. കർഷകരും കർഷകത്തൊഴിലാളികളും കൂടുതലായുള്ള ഒരു പഞ്ചായത്തിന് വരുമാനത്തിനായി സർക്കാരിനെ മാത്രം ആശ്രയിക്കേണ്ട ഒരു സ്ഥിതി വിശേഷമാണുള്ളത്. പഞ്ചായത്തുകൾക്ക് ഫണ്ടുകൾ നൽകുമ്പോൾ, ഓരോ പഞ്ചായത്തിന്റെയും നിലവിവുള്ളവരുമാനം കൂടി സർക്കാർ കണക്കിലെടുക്കണം. അല്ലാത്ത പക്ഷം ജനോപകാരപ്രദമായ പദ്ധതികൾ നടപ്പാക്കാൻ കഴിയുകയില്ല. സാമ്പത്തിക ഭദ്രതയുള്ള ഒരു പഞ്ചായത്തിന് മാത്രമെ ജനങ്ങളുടെ ഏറ്റവും കുറഞ്ഞ ആവശ്യങ്ങൾ പോലും നിറവേറ്റാൻ കഴിയുകയുള്ളു. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നേരിയതോതിലെങ്കിലും വരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1) കെട്ടിട നികുതി 2000 ചതുരശ്ര അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് അവയുടെ നിർമ്മാണ ച്ചിലവ് കൃത്യമായി കണക്കാക്കി കെട്ടിട നികുതി ചുമത്തണം. നിർമ്മാമ ച്ചിലവ് കണക്കാക്കുമ്പോൾ വീടിനുള്ളിൽ ഉപയോഗിച്ചിട്ടുള്ള അലങ്കാര വസ്തുക്കളുടെ വില കൂടിയ കണക്കിലെടുക്കണം. ഇത്തരം വീടുകളുടെ പണിക്ക് ചിലവായ തുകയുടെ ഇനം തിരിച്ചറിവുള്ള കണക്ക് വീട്ടുടമസ്ഥനോട് തന്നെ ഒരു നിർദ്ദിഷ്ഠ ഫാറത്തിൽ ഹാജരാക്കാൻ നിർദ്ദേശിക്കാം.

ഇത്തരത്തിലുള്ള ഒരു കണക്ക് വീട്ടുടമസ്ഥൻ തന്നെ ഹാജരാക്കിയാൽ വീടിന്റെ നിർമ്മാണ ച്ചിലവ് കണക്കാക്കാൻ എളുപ്പമായിരിക്കും. അത്തരത്തിലുള്ള വീടിന് ചുമത്തുന്നനികുതിയെക്കുറിച്ച് വീട്ടുടമസ്ഥനെ ബോധവാനാക്കാനും ഇത് സഹായിക്കും പീടികമുറികൾക്കും മറ്റും വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്താവുന്നതാണ്.

2. ഷോപ്പിങ്ങ് കോംപ്ലക്സ് – നമ്മുടെ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ഒന്നോ, രണ്ടോ സ്ഥലത്ത് 50 സെന്റ് ഭൂമി വീതം അക്വയർ ചെയ്ത് നല്ല രീതിയിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സ് പണിയാൻ ശ്രമിക്കണം. ഗ്രാമവികസന ബോർഡിൽനിന്നും ഇത്തരം സംരംഭങ്ങൾക്ക് ലോൺ ലഭ്യമാണ്. ഇതോടുകൂടി ഗ്രാമചന്ത, മത്സ്യമാർക്കറ്റ്, ടാക്സി സ്റ്റാന്റ് എന്നിവ കൂടി ഉണ്ടാക്കാൻ ശ്രമിക്കണം. പച്ചക്കറി കൃഷി അഭിവൃദ്ധിപ്പെടുകയാണെങ്കിൽ ഈ ഗ്രാമ ചന്തയിൽ ഇടത്തട്ടുകാരെ ഒഴിവാക്കി ഗ്രാമീണർക്ക് അവരവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനും ആവശ്യമായ സാധനങ്ങൾ വാങ്ങാനും കഴിയും.

3. ലൈസൻസ് ഫീസ് നമ്മുടെ പഞ്ചായത്തിൽ നല്ല നിലയിൽ കച്ചവടം നടത്തുന്നവരുടെ പക്കൽനിന്നും ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്.

4. നാഷണൽ സേവിങ്ങ്സ് സ്കീം: ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രയുടെ 25% ആ പഞ്ചായത്തിന് തന്നെ കിട്ടുന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ട്. പഞ്ചായത്ത് മെമ്പർമാരും ഗ്രാമസഭയിലെ കുറച്ച് അംഗങ്ങളും കൂടി ഇടപെട്ട് ഇക്കാര്യത്തിൽ പരമാവധി സമ്പാദ്യമുണ്ടാക്കിയാൽ പഞ്ചായത്തിന് ഒരു വരുമാനമായി. ഇക്കാര്യത്തിൽ നമ്മുടെ പഞ്ചായത്തിലെ മഹിളാ പ്രധാൻ ഏജന്റ്മാർക്ക് പരമാവധി സഹായം ചെയ്തുകൊടുക്കണം.

5. ഭൂനികുതി

ഭൂനികുതി ഇപ്പോൾ പിരിക്കുന്നത് റവന്യൂ വകുപ്പാണ്. ഇതിൽനിന്നും ഒരു നിശ്ചിത വിഹിതം പഞ്ചായത്തുകൾക്ക് കൊടുക്കുന്നുണ്ട്. ഇപ്പോൾ നിലവിലുള്ള ഈ നടപടി മാറ്റി ഭൂ നികുതി പിരിവ് പൂർണ്ണമായും പഞ്ചായത്തിനെ ഏല്പിക്കേണ്ടതാണ്. ഭൂനികുതിയുടെ നിരക്ക് ഏക്കറിന് 20 രൂപയാണ്. ഇത് തീരെ കുറവാണ്. ഒരു സെന്റ് പുരയിടത്തിന് ഒരു രൂപ നിരക്കിൽ ഭൂനികുതി ചുമത്തിയാലും സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം അത് കൂടുതലാവില്ല. ഇപ്പോഴത്തെ ഭൂമിയുടെ വില കണക്കാക്കുമ്പോഴും ഭൂനികുതി ഏക്കറിന് 100 രൂപയാക്കുന്നതിൽ തെറ്റില്ല. ആയതിനാൽ ഭൂ നികുതി പിരിവ് പൂർണ്ണമായും പഞ്ചായത്തിനെ ഏല്പിക്കേണ്ടതാണ്.

6. പാർക്കിങ്ങ് ചാർജ് നമ്മുടെ പഞ്ചായത്തിനുള്ളിൽ പാർക്ക് ചെയ്യുന്ന ഓട്ടോറിക്ഷ, കാർ, ലോറി തുടങ്ങിയ വാഹന ഉടമകളിൽനിന്ന് പാർക്കിങ്ങ് ചാർജ് ഈടാക്കേണ്ടതാണ്.

7. സ്പോട്ട് പെർമിറ്റ്:– ഓട്ടോറിക്ഷ തുടങ്ങിയ വാഹനങ്ങൾക്ക് സ്പോട്ട് പെർമിറ്റ് നൽകുവാനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണ്.

മേൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കിയാൽ പഞ്ചായത്തുകളുടെ വരുമാനം നേരിയ തോതിലെങ്കിലും വർദ്ധിപ്പിക്കാൻ കഴിയും.

നമ്മുടെ പഞ്ചായത്തിന്റെ വരുമാനം തീരെ കുറവാണെങ്കിലും പഞ്ചായത്തിലെ ജനങ്ങളുടെ വരുമാനം തീരെ മോശമല്ല. ജനങ്ങളിൽ കുറെപേർ അന്യസംസ്ഥാനങ്ങളിലും വിദേശത്തുമായി ജോലി ചെയ്യുന്നുണ്ട്. അവരിൽനിന്നും നല്ലവരുമാനം വീടുകളിൽ എത്തുന്നുമുണ്ട്. ഈ പഞ്ചായത്തിലെ രണ്ട് സഹകരണ സംഘങ്ങളിലും രണ്ടെ ഷെഡ്യൂൾഡ് ബാങ്കുകളിലുമായി ഉദ്ദേശം 10 കോടി രൂപയോളം വർഷം തോറും ഡപ്പോസിറ്റ് ആയി ലഭിക്കുന്നുണ്ട്. ഇതിൽ ഒരു നേരിയ ശതമാനം മാത്രമെ ഇവിടത്തെ ജനങ്ങൾക്ക് വായ്പയായി കൊടുക്കുന്നുള്ളൂ. താഴ്ന്ന വരുമാനക്കരുടെ ഉയർച്ചക്ക് വേണ്ടി സർക്കാർ കൊടുക്കുന്ന ഐ.ആർ.ഡി.പി. വായ്പകൾപോലും കൊടുക്കുവാൻ ഇവിടത്തെ ബാങ്കുകൾ വൈമുഖ്യം കാട്ടുന്നു. ഇവരുടെ കയ്യിൽ ബാക്കി വരുന്ന സംഖ്യ വ്യാവസായിക അന്തരീക്ഷമുള്ള മറ്റ് സ്റ്റേറ്റ് കളി ലേക്കാണ് പോകുന്നത്.

വ്യവസായത്തിന്റെ വളർച്ചക്ക് വൈദ്യുതി ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഘടകമാണ്. കഴിഞ്ഞ വേനൽകാലത്ത് ലോഡ് ഷെഡിങ്ങ് മൂലം ഇവിടെയുള്ള പല ചെറുകിട വ്യവസായ യൂണിറ്റുകളും പൂട്ടിയിടേണ്ടി വന്നു. ഇത് പരിഹരിക്കാതെ ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിയുകയില്ല.

നമ്മുടെ പഞ്ചായത്തിനുള്ളിൽ ഒരു ദേശവൽകൃത ബാങ്കിന്റെ ശാഖ തുറന്ന് പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. ഇക്കാര്യത്തിൽ നാം ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ബാങ്കുകളിൽ നിക്ഷേപമായി കിട്ടുന്നതിനേക്കാൾ കൂടുതൽ തുക ഇവിടത്തെ സ്വകാര്യ പണമിടപാടുകാരുടെ കൈവശം എത്തിച്ചേരുന്നുണ്ട്. ബാങ്കുകൾ കൊടുക്കുന്നതിനേക്കാൾ ഉയർന്ന പലിശക്ക് ജനങ്ങളിൽനിന്നും ഇവർ ഡപ്പോസിറ്റുകൾ സ്വീകരിക്കുകയും അതിനേക്കാൾ ഇരട്ടി പലിശയ്ക്ക് കച്ചവടക്കാർക്കും ഇവിടത്തെ സാധാരമക്കാർക്കും കടം കൊടുക്കുകയും ചെയ്യുന്നു. ഇവരുടെ സ്വാധീനം നമ്മുടെ സമ്പദ്ഘടനയെതന്നെ അട്ടിമറിക്കുന്നതാണ്.

നാട്ടിൽ മാന്യമായ ഒരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുകയും മുടക്ക് മുതൽ നഷ്ടപ്പെടുകയില്ല എന്ന ഉറപ്പ് ലഭിക്കുകയും ചെയ്താൽ ഇവിടെ വ്യവസായങ്ങൾ വളരും. ഗൾഫ് മേഖലയിൽ ഉള്ളവരും സ്വകാര്യപണമിടപാട് നടത്തുന്ന വ്യക്തികളും വ്യാവസായിക മേഖലിലേക്ക് കടന്ന് വരും. ഒരു പരിധിവരെ നമ്മുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാൻ ഇത് സഹായകരമാകും.

നമ്മുടെ പഞ്ചായത്തിലെ ഒരു പ്രധാന ഉൽപന്നമാണ് നാളികേരം. നാളികേരം അസംസ്കൃത വസ്തുവായിട്ടുള്ള വ്യവസായങ്ങൾക്ക് വൻ സാദ്ധ്യതയാണ് ഇവിടെയുള്ളത്. കൊപ്ര, പച്ചത്തൊണ്ട്, ചിരട്ട എന്നിവ ഉപയോഗപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ വ്യവസായങ്ങൾ തുടങ്ങിയാൽ തൊഴിലില്ലാത്തവർക്ക് ഒരനുഗ്രഹമായിരിക്കും. പച്ചത്തൊണ്ടിൽനിന്നും ലഭിയ്ക്കുന്ന നാര് ഉപയോഗിച്ച് ഗ്രാമീണ മേഖലയിൽ പല കുടിൽ വ്യവസായങ്ങൾക്കും സാദ്ധ്യതയുണ്ട്. ഇക്കാര്യത്തിൽ സമഗ്രമായ ഒരു നയം പഞ്ചായത്ത് തലത്തിൽ രൂപീകരിക്കേണ്ടതുണ്ട്.

നമ്മുടെ രാജ്യത്തെ ഏറ്റവും വിലപ്പെട്ട വിഭവം മനുഷ്യ വിഭവം തന്നെയാണെന്നതിന് സംശയമില്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ മനുഷ്യ വിഭവം പരമാവധി ഉപയോഗപ്പെടുത്താൻ കഴിയണം. എങ്കിൽ മാത്രമെ പഞ്ചായത്തിൽ പുരോഗതിയുണ്ടാവുകയുള്ളൂ. റോഡ് പണി, വീടുപണി തുടങ്ങിയ സ്ഥിരസ്വഭാവത്തോടുകൂടിയ ഏത് പ്രവർത്തിയിലും മനുഷ്യ പ്രയത്നം ലഭ്യമാകും. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലും മെച്ചപ്പെട്ട സേവനങ്ങൾക്ക് വേണ്ടി മനുഷ്യ പ്രയത്നം ഉപയോഗപ്പെടുത്താൻ കഴിയും.

നമ്മുടെ നാട്ടിലെ ചെറിയ റോഡുകൾ പ്രധാനമായും മനുഷ്യ വിഭവം ഉപയോഗപ്പെടുത്തി സഞ്ചാര യോഗ്യമാക്കാവുന്നതാണ്.

അതത് പ്രദേശത്തെ ജനങ്ങളെ സംഘടിപ്പിച്ചും നാട്ടുകാരിൽനിന്നും ചെറിയ സംഭാവനകൾ സമാഹരിച്ചും ഇത്തരം ഗ്രാമീണ റോഡുകൾ സംരക്ഷിക്കാവുന്നതാണ്.

അതുപോലെ തന്നെ നമ്മുടെ സർക്കാർ ആശുപത്രികൾ വൃത്തിയാക്കുന്നതിനും മനുഷ്യ വിഭവം ഉപയോഗിക്കാവുന്നതാണ്.

കഴിയുന്നത്ര മേഖലകളിൽ മനുഷ്യ വിഭവം ഉപയോഗപ്പെടുത്തുകയും അത് വഴി വികസന പ്രവർത്തനങ്ങളിൽ നമ്മുടെ പഞ്ചായത്തിനെ മുൻപന്തിയിലെത്തിക്കാമെന്നും നമുക്ക് പ്രത്യാശിക്കാം.

# അധികാരം ജനങ്ങളിലേക്ക്
# ഒൻപതാം പദ്ധതി – ജനകീയ പദ്ധതി.

◆

പദ്ധതിയുടെ ആസൂത്രണത്തിലും നിർവഹണത്തിലും

പൂർണമായ ജനപങ്കാളിത്തം.

◆

ജനങ്ങൾ നാടിന്റെ പ്രശ്നങ്ങൾ അറിയുന്നു.

നാടിന്റെ വിഭവങ്ങൾ കണ്ടെത്തുന്നു.

നാടിന്റെ സാധ്യതകൾ മനസ്സിലാക്കുന്നു.

◆

ആസൂത്രണം താഴെത്തട്ടിൽ നിന്ന് മേലോട്ട്.

പദ്ധതി നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

ഗണ്യമായ പങ്കും ഉത്തരവാദിത്തവും.

◆

ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും

വികസനത്തിന്റെ സന്ദേശം എത്തിക്കാൻ

ഗ്രാമങ്ങളിലും നഗരങ്ങളിലും ജനപങ്കാളിത്തത്തിന്റെ

ഉജ്ജ്വലമായ മുഹൂർത്തങ്ങൾ രചിക്കാൻ

ജനങ്ങളും ഭരണകൂടവും ഒരുമിക്കുന്നു.

◆

ഈ ചരിത്രദൗത്യത്തിന് നേതൃത്വം നൽകാൻ

30 ലക്ഷം പേരുടെ കർമസേന രംഗത്ത്

വിപുലമായ ജനബോധവത്കരണ യത്നങ്ങളും

◆

അധികാര വികേന്ദ്രീകരണത്തിന്റെ മന്ദ്രധ്വനി മുഴങ്ങവേ

ഈ ഐതിഹാസിക യജ്ഞത്തിൽ നമുക്ക്പങ്കാളികളാകാം

നാടിന്റെ ശ്രേയസ്സിന് നമ്മുടെ കർമശേഷി കാഴ്ചവയ്ക്കാം

# ഒൻപതാം പദ്ധതി

OFFICE OF THE C... GRAMA PANCHAYAT

## ജനകീയപദ്ധതി

അധികാരം ജനങ്ങളിലേക്ക്

## ചാഴൂർ ഗ്രാമ പഞ്ചായത്ത്

## വികസന റിപ്പോർട്ട്



140

# വിഷയവിവരം


1. ആമുഖം
2. ചരിത്രം
3. കൃഷി-ജലസേചനം
4. മത്സ്യബന്ധനം
5. വിദ്യാഭ്യാസം
6. ആരോഗ്യം - കുടിവെള്ളം
7. വ്യവസായം
8. ഗതാഗതം-ഊർജ്ജം
9. ഭവനനിർമ്മാണം-ക്ഷേമപ്രവർത്തനം
10. സംസ്ക്കാരം
11. വനിത
12. സഹകരണം
13. പട്ടികജാതി-പട്ടികവർഗ്ഗം
14. വിഭവസമാഹരണം

# ചാഴൂർ ഗ്രാമ പഞ്ചായത്ത്

# വികസന റിപ്പോർട്ട്

പഞ്ചായത്തിന്റെ പേര് : ചാഴൂർ

ഉൾപ്പെടുന്ന വില്ലേജുകൾ : പുള്ള്, ആലപ്പാട്, ചാഴൂർ, കുറുമ്പിലാവ്, ഇഞ്ചമുടി.

ജില്ലാ പഞ്ചായത്ത് ഡിവിഷൻ : അന്തിക്കാട്

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ: ചാഴൂർ, ചിറക്കൽ

ജില്ല : തൃശൂർ

താലൂക്ക് : തൃശൂർ

അസംബ്ലി മണ്ഡലം : ചേർപ്പ്

വിസ്തീർണ്ണം : 25.54 ച.കി. മീറ്റർ

ജനസംഖ്യ പുരുഷൻമാർ : 12996

സ്ത്രീകൾ : 14614

ആകെ : 27610

അതിരുകൾ : കിഴക്ക് – ചേർപ്പ്, പാറളം പഞ്ചായത്തുകൾ
വടക്ക് – അരിമ്പൂർ, അന്തിക്കാട് പഞ്ചായത്തുകൾ
പടിഞ്ഞാറ് – അന്തിക്കാട്, താന്ന്യം പഞ്ചായത്തുകൾ
തെക്ക് – കരുവന്നൂർ പുഴ, താന്ന്യം പഞ്ചായത്ത്

## 2–10–1995 മുതൽ

വാർഡുകളുടെ എണ്ണം : 11 (പതിനൊന്ന്)

| | വാർഡ് |
|---|---|
| പ്രസിഡന്റ് : P.R. സുബ്രൻ മാസ്റ്റർ | 3 |
| വൈ. പ്രസിഡന്റ് : M.S. ഭഗവത് സിംഗ് | 10 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ : ഉല്ലാസ് കണ്ണോളി | 9 |
| സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർമാർ | |
| " : P.K.ഇബ്രാഹിം (പ്രതിപക്ഷ നേതാവ്) | 7 |
| " : A.R. ഉണ്ണിയമ്മ ടീച്ചർ | 4 |
| " : ചന്ദ്രൻ മാസ്റ്റർ കല്ലിങ്ങൽ | 11 |
| " : സുമതി ഭാസ്കരൻ | 8 |
| മെമ്പർമാർ : K. പരമേശ്വരൻ | 1 |
| " : T.V. ബാബു | 5 |
| " : ലത സുകുമാരൻ | 2 |
| " : മേഴ്സി മാത്യു | 6 |

# ചാഴൂർ ഗ്രാമപഞ്ചായത്ത്

## കോർ ഗ്രൂപ്പ്

കൺവീനർ: ശ്രീ. സി.വി. തിരാണി

അംഗങ്ങൾ:

1. പി.എസ്.എൻ. നമ്പൂതിരി
2. ലാസർ മണലൂർ
3. വി. രാമൻ മാസ്റ്റർ
4. പി.വി. നാരയണൻ
5. ടി.ഒ. ആന്റോ
6. പി.ആർ. സുബ്രൻ മാസ്റ്റർ
7. എം.എസ്. ഭഗവൽസിങ്ങ്
8. ഉല്ലാസ് കണ്ണോളി
9. പി.കെ. ഇബ്രാഹിം
10. ചന്ദ്രൻമാസ്റ്റർ കല്ലിങ്ങൽ
11. ടി.വി. ബാബു
12. കെ. പരമേശ്വരൻ
13. ഉണ്ണിയമ്മ ടീച്ചർ
14. ലത സുകുമാരൻ
15. സുമതി ഭാസ്കരൻ
16. മേഴ്സി മാത്യു
17. കെ.വി. വേലായുധൻ
18. സി.എ. കുഞ്ഞിവേലു
19. എം.എസ്. രാമൻ
20. കെ.വി. ജയൻ
21. കെ.ആർ. സാജൻ
22. ഇ. ചന്ദ്രമതി
23. കെ.വി. പീയൂസ്
24. ഷാജി കന്നുമ്മൽ
25. വി.ജി. ശശിധരൻ
26. കെ.എസ്. മോഹൻദാസ്
27. എം.എസ്. രാഘവൻ
28. സി. ഗോപിനാഥമേനോൻ
29. ടി.എ. വേലായുധൻ
30. വി.ആർ. രാമദേവൻ
31. സി.കെ. നായനാർ
32. നൂർദ്ദീൻ വലിയകത്ത്
33. വി.പി. രിതേഷ്
34. എ.പി. വിനോദ്
35. കെ.കെ. അനിൽകുമാർ
36. ടി.എസ്. സുവർണ്ണൻ
37. കെ.ആർ. ശങ്കരൻകുട്ടി

## ആമുഖം

1997 ഏപ്രിൽ ഒന്നിന് ആരംഭിക്കുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതിക്കുവേണ്ടി ചാഴൂർ പഞ്ചായത്തിന്റെ വികസന രേഖ സമർപ്പിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.

നാളിതുവരെ നമുക്കാർക്കും പരിചിതമല്ലാത്ത ഒരു പുത്തൻ ആശയവും ഒരു പ്രവർത്തന പദ്ധതിയുമാണ് ജനകീയാസൂത്രണ പദ്ധതിയിലൂടെ കേരള സംസ്ഥാന ആസൂത്രണ ബോർഡ് ജനങ്ങളുടെ മുന്നിൽ സമർപ്പിച്ചത്. വികസന പദ്ധതികൾക്കുവേണ്ടി നീക്കിവെച്ച തുകകളിൽ സിംഹഭാഗവും അനഭിലഷണീയമായ രീതിയിൽ ചെലവഴിക്കുകയും തത്ഫലമായി ഉദ്ദിഷ്ട കാര്യം സഫലമാകാതെ പോകുകയും ചെയ്ത ദുരനുഭവമാണ് ഇതുവരെയുള്ളത്. ഇതിൽനിന്നും വ്യത്യസ്തമായി സാധാരണ ജനങ്ങൾക്ക് പരമാവധി പ്രയോജനം ലഭിക്കാവുന്ന രീതിയിലുള്ള പുത്തൻ ആസൂത്രണ പരിപാടിക്ക് കേരളത്തിലെ ജനലക്ഷങ്ങൾ ആവേശഭരിതരായി മുന്നോട്ടുവന്നുകൊണ്ടിരിക്കുന്ന ദൃശ്യമാണ് നാടെങ്ങും കാണപ്പെടുന്നത്. ആസൂത്രണം അടിത്തട്ടിൽ നിന്ന് എന്ന ചിന്താഗതി അധികാരം ജനങ്ങൾക്ക് എന്ന ഉദാത്ത ആശയത്തെ സഫലമാക്കുന്നു. ഇതിന്റെ സദ്ഫലങ്ങൾ സമീപഭാവിയിൽ തന്നെ ദൃശ്യമാവുമെന്ന് ഞങ്ങൾക്ക് തികഞ്ഞ ശുഭ പ്രതീക്ഷയുണ്ട്.

ഈ ജനകീയാസൂത്രണ പ്രക്രിയയുടെ ഭാഗമായി 13-9- 96ൽ പുള്ള് അഭയാർത്ഥി കേന്ദ്രത്തിൽവെച്ച് പഞ്ചായത്ത് തല പരിശീലന ക്ലാസ്സ് നടത്തുകയുണ്ടായി. അതിൽ 54 പേർ പങ്കെടുത്തു. സംസ്ഥാന തലത്തിൽ പരിശീലനം ലഭിച്ചവരും ജില്ലാതലത്തിൽ പരിശീലനം ലഭിച്ചവരും ക്ലാസ്സുകൾ കൈകാര്യം ചെയ്തു. ആസൂത്രണത്തെ സംബന്ധിച്ച് കൂടുതൽ അവബോധം നൽകുവാൻ ഇത് ഉപകരിച്ചു. ആസൂത്രണത്തിന്റെ അടിസ്ഥാന ശിലയായ വിശേഷാൽ ഗ്രാമസഭകൾ 1996 സപ്തംബർ 28 മുതൽ ഒക്ടോബർ 12 വരെ പലയിടങ്ങളിലായി ചേർന്നു. അഭുതപൂർവ്വമായ ജനപങ്കാളിത്തമാണ് ഗ്രാമസഭകളിൽ ഉണ്ടായത്. മൊത്തം 2450 പേർ പങ്കെടുത്തതിൽ 1653 പുരുഷൻമാരും 887 സ്ത്രീകളുമുണ്ടായിരുന്നു. 12 വിഷയങ്ങളെ വ്യത്യസ്ത ഗ്രൂപ്പുകളായി തിരിഞ്ഞു ചർച്ച നടത്തി. ഓരോ വാർഡിലും വികസന പ്രവർത്തനങ്ങളുടെ ഒരു രൂപരേഖ തയ്യാറാക്കുകയും ചെയ്തു. തുടർന്ന് രണ്ടാം ഘട്ടപരിശീലന പരിപാടി 5-11-96ൽ ചാഴൂർ A.L.P. സ്കൂളിൽ നടത്തി. അഞ്ചു ഗ്രൂപ്പുകളായി തിരിഞ്ഞ് 12 വിഷയങ്ങളെ കുറിച്ച് ചർച്ച നടത്തി. ഓരോ വിഷയങ്ങളിലും ഗ്രാമവാസികൾ നേരിടുന്ന പ്രശ്നങ്ങളെകുറിച്ച് ഗ്രൂപ്പു യോഗങ്ങളിൽ നിന്ന് അഭിപ്രായം തേടി. അവ വാർഡു തലത്തിൽ രേഖപ്പെടുത്തി. തുടർന്ന് എല്ലാ വാർഡുകളിൽനിന്നും ലഭിച്ച റിപ്പോർട്ട് പഞ്ചായത്തുതലത്തിൽ ക്രോഡീകരിച്ച് വികസന രേഖ തയ്യാറാക്കി. അതിനുശേഷം 12 വിഷയങ്ങളെ തരംതിരിച്ച് ഓരോ വിഷയത്തിനും 5 പേരടങ്ങുന്ന ഓരോ ഗ്രൂപ്പിനെ നിശ്ചയിച്ചു. പ്രസ്തുത ഗ്രൂപ്പുകൾ തങ്ങളുടെ വിഷയങ്ങളെ സംബന്ധിച്ച് സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും അന്വേഷണം നടത്തി സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചു. 55 പേരടങ്ങുന്ന ഗ്രൂപ്പു ലീഡർമാർക്ക് മൂന്ന് ആഴ്ചയോളം പ്രവർത്തിച്ചതിന്റെ ഫലമായാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്.

## ചരിത്രം

ജന്മിത്വം കൊടികുത്തി വാണിരുന്ന ഒരു വ്യവസ്ഥിതിയായിരുന്നു അരനൂറ്റാണ്ടു മുമ്പ് ഈ പ്രദേശത്ത് നിലനിന്നിരുന്നത്. ദേവസ്വം, ബ്രഹ്മസ്വം മേധാവിത്വമായിരുന്നു ഭൂവുടമ രംഗത്ത് നിലനിന്നിരുന്നത്. 90 ശതമാനം ഭൂസ്വത്തുക്കളും ചാഴൂർ കോവിലകം, എടക്കുന്നിവാരിയം, മഴുവഞ്ചേരി – തിട്ട- ചിറ്റൂർ എന്നീ മനകൾ, ചേറക്കുളത്തെ ഭട്ടിതിരി എന്നീ ജൻമി കുടുംബങ്ങളുടേയും പഴുവിൽ തിരുവാണിക്കടവ്, പഴയന്നൂർ ഭഗവതി, പാറക്കുളങ്ങര എന്നീ ദേവസ്വങ്ങളുടേയും കൈവശമായിരുന്നു. ജൻമിമാർക്ക് ഭീമമായ പാട്ടം നൽകിയതിനുശേഷം അടിമകളെ പോലെ ജീവൻ നിലനിർത്തിക്കൊണ്ട് കഴിച്ചുകൂട്ടേണ്ടി വന്ന കുടിയാൻമാരുടെ സ്ഥിതി പരമദയനീയമായിരുന്നു. പ്രകൃതി ക്ഷോഭം കൊണ്ട് വിളനാശം വന്നാലും പാട്ടബാക്കിയുടെ പേരിൽ നിലം ഒഴിഞ്ഞു കൊടുക്കേണ്ടി വന്ന ദുഃസ്ഥിതി വളരെക്കാലം നിലനിന്നിരുന്നു. കൊച്ചി രാജ്യത്ത് ഇടക്കാലത്തുവെച്ച് പാട്ടക്കുടിയാൻമാർക്ക് സ്ഥിരാവകാശം നൽകുക തുടങ്ങിയ ചില്ലറ സഹായങ്ങൾ പ്രഖ്യാപിക്കപ്പെട്ടിരുന്നു. തിരുവിതാംകൂർ -മലബാർ പ്രദേശങ്ങളേക്കാൾ ഇവിടങ്ങളിൽ കുടിയാൻമാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിച്ചിരുന്നുവെന്നത് പ്രത്യേകം അനുസ്മരണീയമാണ്. അതിനുശേഷം ഭൂവുടമ സമ്പ്രദായത്തിൽ എടുത്തു പറയാവുന്ന മാറ്റത്തിനു തുടക്കം കുറിച്ചത് 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ്.ന്റെ നേതൃത്വത്തിലുള്ള സർക്കാരാണ്. അന്ന് അവതരിപ്പിച്ച ഭൂപരിഷ്ക്കരണ നിയമം പൂർണ്ണമായും നടപ്പിലായത് 1970കളിലായിരുന്നു. മൊത്തം ജനങ്ങളിൽ 70 ശതമാനത്തോളം കർഷകത്തൊഴിലാളികളും മൊത്തം ഭൂമിയിൽ 50 ശതമാനം ദരിദ്ര ഇടത്തരം കൃഷിക്കാരുമാണ്.

കേരളമൊട്ടാകെ പരിവർത്തനമുണ്ടാക്കിയ ഭൂപരിഷ്ക്കരണ നിയമം ഈ പഞ്ചായത്തു പ്രദേശത്തും ഒരു നവോത്ഥാനം കൈവരുത്തി. സ്വന്തം മണ്ണിൽ അദ്ധ്വാനിക്കാനും അന്തിയുറങ്ങാനും സാധിച്ചത് ജനങ്ങളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് കാരണമായി. സാമൂഹ്യബന്ധങ്ങൾക്ക് ഒട്ടാകെ സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റേയും സാഹോദര്യത്തിന്റെയും മാനം കൈവന്നപ്പോൾ അത് വിദ്യാഭ്യാസപരമായ വളർച്ചക്ക് പ്രേരകശക്തിയായി ഭവിച്ചു.

തിരുവിതാംകൂർ ക്ഷേത്രപ്രവേശനവിളംബരത്തെ തുടർന്ന് കൊച്ചിയിലും അവർണ്ണർക്ക് ക്ഷേത്ര പ്രവേശന സ്വാതന്ത്ര്യം നിലവിൽ വന്നു. തത്ഫലമായി ചാഴൂർ പഞ്ചായത്തിലും അതിന്റെ അലയടികൾ ഉണ്ടായി. സ്വന്തം ഇല്ലം വക പാറക്കുളങ്ങര ക്ഷേത്രം ആദ്യമായി പട്ടികജാതിക്കാർക്ക് തുറന്നുകൊടുത്തത് പുലിയേടത്ത് ദാമോദരൻ നമ്പൂതിരിയും പള്ളിപ്പാട്ട് ശങ്കരനാരായണൻ നമ്പൂതിരിയും (പിൽക്കാലത്ത് ചാഴൂർ പഞ്ചായത്ത് പ്രസിഡന്റ്) ആയിരുന്നു. അതിനെ സ്വന്തം പിതാവ് കോടതി മുഖേന ചോദ്യം ചെയ്തതും തുടർന്ന് പുരോഗമന ശക്തികൾ തന്നെ വിജയം കൈവരിച്ചതും ഈ പ്രദേശത്തിന്റെ സാമൂഹ്യനവോത്ഥാനത്തിന്റെ സൂചനയായി രേഖപ്പെടുത്തട്ടെ. യാഥാസ്ഥിതികത്വത്തിന്റേയും സവർണ്ണ മേധാവിത്വത്തിന്റെയും പടുകുഴിയിൽനിന്നാണ് ഈ പ്രദേശത്ത് സാമൂഹ്യമുന്നേറ്റത്തിന്റെ ചെങ്കതിരുകൾ ഉയർന്നുവന്നത്.

ശ്രീനാരായണ പ്രസ്ഥാനവും നമ്പൂതിരിയോഗക്ഷേമസഭയും യാഥാസ്ഥിതികത്വത്തിനെതിരെ ആഞ്ഞടിച്ച ചരിത്രമാണ് ഈ പഞ്ചായത്ത് പ്രദേശത്തിന്റേത്. ശ്രീനാരായണഗുരുവിന്റെ അനന്തരാവകാശിയെന്നറിയപ്പെടുന്ന ശ്രീബോധാനന്ദ സ്വാമികൾ പൂർവ്വാശ്രമത്തിൽ ചിറക്കൽ ഇഴുവിൽ പറമ്പിൽ കുടുംബാംഗമായിരുന്നു. ശ്രീനാരായണ ഭക്തനായ ശ്രീ.കണ്ണോളി മാധവൻ മാസ്റ്റർ ഉന്നതവിദ്യാഭ്യാസം നേടിയതിനുശേഷം സർക്കാർഉദ്യോഗം സ്വീകരിക്കാതെ വിദ്യ കൊണ്ട് പ്രബുദ്ധരാകുക എന്ന ഗുരുദേവ സന്ദേശം സാക്ഷാത്ക്കരിക്കാൻ വേണ്ടി സ്വന്തമായി ആരംഭിച്ച വിദ്യാലയമാണ് കുറുമ്പിലാവ് ശ്രീബോധാനന്ദ ഹൈസ്കൂൾ. ഈ പഞ്ചായത്തിൽ വിദ്യയുടെ വെളിച്ചം പകർന്നുനൽകി സാമൂഹ്യമാറ്റത്തിന് വലിയ പ്രേരക ശക്തിയായിതീർന്നു. ഇന്നത്തെ ചാഴൂർ S.N.M. ഹൈസ്കൂൾ 1942ലാണ് ഒരു പ്രാഥമിക വിദ്യാലയമായി ആരംഭിച്ചത്. അഡ്വ: എൻ.കെ. രാമൻകുട്ടിരാമൻ, ശ്രീ: P.K. കേശവൻ എന്നിവരുടെ ശ്രമഫലമായിരുന്നു അത്.

കേരളത്തിലെ സാമൂഹ്യരംഗത്ത് സമുന്നതസ്ഥാനം അലങ്കരിച്ച പല വ്യക്തികളും ഈ പഞ്ചായത്തിൽ വേരുകളുള്ളവരാണ്. ദീർഘകാലം M.P.യും ഇപ്പോൾ വ്യവസായമന്ത്രിയുമായ ശ്രീമതി. സുശീല ഗോപാലൻ (A.K.Gയുടെ സഹധർമ്മിണി) ഈ പ്രദേശത്തെ ചിറക്കൽ കണ്ണോളി തറവാട്ടിലെ വേലുക്കുട്ടി എന്നവരുടെ മകളാണ്. ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലെ അംഗമായിരുന്ന ശ്രീ: P.K.ചാത്തൻ മാസ്റ്റർ കുറുമ്പിലാവ് G.L.P. സ്കൂളിൽ ജോലി ചെയ്യുന്ന കാലത്താണ് പട്ടികജാതിക്കാരുടെ അവകാശങ്ങൾക്കുവേണ്ടി പൊതുതാൻ ഉദ്യോഗം ഉപേക്ഷിച്ചത്. ബാലചിത്ര രചനാ മത്സരത്തിൽ കേരളത്തിൽ ഒരു വലിയ സംരംഭം തുടങ്ങിവെച്ച കോഴിക്കോട് യൂണിവേഴ്സൽ ആർട്ട്സ് സ്ഥാപകൻ അദ്ധ്യാപക അവാർഡു നേടിയ ശ്രീ. K.P. ആന്റണി മാസ്റ്റർ ചിറക്കൽകാരാത്ര കുടുംബാഗമായിരുന്നു. ചിറക്കൽ പ്രദേശത്ത് സ്ത്രീകളെ സംഘടിപ്പിച്ച് ആദ്യമായി ഒരു മഹിളാ സമാജം സ്ഥാപിച്ചത് ഇഴുവൻ പറമ്പിൽ ലക്ഷ്മി മിസ്ട്രസ്സായിരുന്നു. കൊച്ചി സംസ്ഥാനത്തെ എം.എൽ.സി.യായിരുന്ന K.S. പണിക്കർ ഇവിടത്തെ കളരിക്കൽ കുടുംബാംഗമായിരുന്നു.

ട്രേഡ് യൂണിയൻ രംഗത്താൽ വളർത്തപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ചരിത്രമാണ് ഈ പഞ്ചായത്തിനുള്ളത്. അതിൽ ഇടത്പക്ഷ പ്രസ്ഥാനങ്ങൾക്കാണ് മുൻ തൂക്കം. സംഘടിതരായ ചെത്തുതൊഴിലാളികളുടെ പിൻബലത്തോടെയുള്ള രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ കേന്ദ്രം സമീപ പ്രദേശമായിരുന്ന അന്തിക്കാട് ആയിരുന്നുവെങ്കിലും 1948 ലെ കൽക്കട്ട തീസിസിന്റെ കാലത്ത് ചെത്തു തൊഴിലാളി പ്രസ്ഥാനം സായുധ സമരത്തിന്റെ മാർഗ്ഗം സ്വീകരിച്ചപ്പോൾ ചാഴൂർ, ആലപ്പാട് പ്രദേശങ്ങളിൽ സംഘട്ടനങ്ങൾ നടക്കുകയും പ്രസ്ഥാനത്തിനുവേണ്ടി പലരും മരണം വരിക്കുകയുമുണ്ടായി. തുടർന്ന് ഇടതുപക്ഷാഭിമുഖ്യം ഈ പഞ്ചായത്തിൽ ദീർഘകാലമായി നിലനിന്നു പോരുന്നു.

ഭൂനിയമ പരിഷ്കാരത്തിന്റെ ഫലമായി കർഷകരും കർഷകതൊഴിലാളികളും സംഘടിതരായിത്തീർന്നു. ഇവരുടെ ഒരുമിച്ചുള്ള സംഘടിതസമരങ്ങൾ ഉൽബുദ്ധമായ രാഷ്ട്രീയ ബോധത്തിന് പ്രേരകമായിട്ടുണ്ട്.

തൃശൂർ ജില്ലയിൽ ആദ്യമായി മിച്ചഭൂമിസമരം ഉണ്ടായത് ഈ പഞ്ചായത്തിലെ പുള്ള് പ്രദേശത്താണ്. ഈ പ്രദേശം ഒട്ടാകെ ഒരു ജന്മിയുടെ (ചേലൂർമന) മാത്രമായിരുന്നു. വിജയകരമായ ഈ സമരത്തിന്റെ ഫലമായി അവിടെ എല്ലാവർക്കും സ്വന്തമായി കൂടി കിടപ്പും കൃഷിഭൂമിയും ലഭിച്ചു. പട്ടികജാതിക്കാരുടെ അവകാശത്തെക്കുറിച്ചുള്ള അവബോധം മുന്നിട്ടു നിൽക്കുന്ന ഒരു പ്രദേശമാണിത്. വിദ്യാസമ്പന്നരും ഉദ്യോഗസ്ഥന്മാരും താരതമ്യേന കുറവാണെങ്കിലും അവകാശസമരങ്ങൾക്ക് മുന്നണിപ്പോരാളികളാവാൻ എന്നും മുന്നിലുണ്ടാവാറുണ്ട്.

ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിം ജനവിഭാഗങ്ങൾ തികഞ്ഞ ഐക്യത്തോടെ ജീവിക്കുന്ന ഈ പ്രദേശം മതപരമായ സംഘട്ടനങ്ങൾക്ക് ഒരിക്കലും കളമൊരുക്കിയിട്ടില്ല. ക്രിസ്തുവർഷത്തിന്റെ ഒമ്പതാംശതകത്തിന്റെ അന്ത്യഘട്ടത്തിൽ സ്ഥാപിതമായ പഴയൂർ (പഴുവിൽ) ഫൊറോന പള്ളി ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. മലയാളഭാഷയിൽ കവിതകളും വ്യാകരണഗ്രന്ഥവും എഴുതി ലോകപ്രശസ്തി നേടിയ വിദേശ മിഷനറി അർണ്ണോസ് പാതിരിയുടെ അന്ത്യവിശ്രമസ്ഥലം ഇവിടെയാണ്. ഇന്ത്യയിലെ ആദ്യത്തെ വിശുദ്ധ അന്തോണീസിന്റെ നാമധേയത്തിലെ പള്ളിയും ഇതാണ്. ഈ പള്ളിയുടെ കീഴിലുള്ള വിശുദ്ധ അന്തോണീസിന്റെ കപ്പേ

ളയിലെ തിരുനാൾ ആഘോഷം ഈ പഞ്ചായത്തിലെ പ്രധാന ആഘോഷങ്ങളിൽ ഒന്നാണ്. പഴുവിൽ പാലത്തിനടുത്തായി വാത്താട്ട് പറമ്പ് എന്ന സ്ഥലത്താണ് ഇത് സ്ഥിതി ചെയ്യുന്നത്.

ആറാട്ടുപുഴ പൂരത്തിന്റെ മുഖ്യാതിഥിയായ തൃപ്രയാർ തേവരുടെ എഴുന്നള്ളത്തിന്റെ സിംഹഭാഗവും ഈ പഞ്ചായത്തിൽ കൂടിയാണ് കടന്നുപോകുന്നത്. പൂരദിവസം ചിറക്കൽ സെന്ററിലെ തേവരുടെ ഇറക്കിപ്പൂജയും പിറ്റേന്ന് വെണ്ടറശ്ശേരി ശിവക്ഷേത്രത്തിലെ കഞ്ഞിവീഴ്ത്തും ധാരാളം ഭക്തജനങ്ങളെ ആകർഷിക്കുന്നു. ജാതിമേധാവിത്വം കൊടികുത്തിവാണിരുന്ന മുൻകാലങ്ങളിൽ തേവരുടെ എഴുന്നള്ളത്ത് സമീപത്തുനിന്നു ദർശിക്കാൻ അനുവദിക്കാത്തതിന്റെ പേരിൽ ചിറക്കൽ സെന്ററിൽവെച്ച് സവർണ്ണരും അവർണ്ണരും തമ്മിൽ തീവ്രമായ ഒരു സംഘട്ടനം നടക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് എല്ലാവർക്കും ദേവദർശനം അനുവദിക്കപ്പെട്ടത് അവകാശസമരങ്ങളുടെ കൂട്ടത്തിൽ അനുസ്മരണീയമാണ്.

പഴുവിൽ സുബ്രഹ്മണ്യക്ഷേത്രത്തിലെ ഷഷ്ഠി മഹോത്സവം ഈ പഞ്ചായത്തിലെ ഒരു പ്രധാന ആഘോഷമാണ്. പാറക്കുളങ്ങര അയ്യപ്പക്ഷേത്രവും ചാഴൂർ പഴയന്നൂർ ഭഗവതിക്ഷേത്രവും പുള്ള് കാർത്ത്യായനിക്ഷേത്രവും പ്രധാന ഹൈന്ദവക്ഷേത്രങ്ങളാണ്. ചിറക്കൽ, പഴുവിൽ സെന്റർ, പഴുവിൽ വടക്ക്, ചാഴൂർ എന്നിവിടങ്ങളിലെ മുസ്ലീം ദേവാലയങ്ങൾ എടുത്തുപറയത്തക്കവയാണ്. മറവിൻതോപ്പിൽ നിന്നും പുറപ്പെടുന്ന ചന്ദനക്കുടം നേർച്ചയും നബിദിനാഘോഷവും മുസ്ലീംവിഭാഗത്തിലെ പ്രധാന ആഘോഷചടങ്ങുകളാണ്.

ക്രിസ്ത്യൻ പള്ളികളിൽ പഴുവിൽ ഫൊറോന കഴിഞ്ഞാൽ ചിറക്കൽ, പൊറത്തൂർ, പഴുവിൽ വടക്ക് എന്നിവിടങ്ങളിലെ പള്ളികളും എണ്ണപ്പെട്ട ക്രിസ്ത്യൻ ദേവാലയങ്ങളാണ്.

ഇന്ത്യയിൽ ആദ്യമായി പഞ്ചായത്തുകൾ രൂപംപൂണ്ടത് നാട്ടുരാജ്യമായ കൊച്ചിയിലാണ്. ആദ്യകാലങ്ങളിൽ മെമ്പർമാർ സർക്കാർ നാമനിർദ്ദേശം ചെയ്യുകയായിരുന്നു. പിന്നീട് വോട്ടവകാശം നിലവിൽവന്നുവെങ്കിലും അത് ഭൂനികുതിനൽകുന്നവർക്കും വിദ്യാസമ്പന്നർക്കും മാത്രമായി പരിമിതപ്പെടുത്തി. 1953-ലാണ് പ്രായപൂർത്തി വോട്ടവകാശത്തിലൂടെ തെരഞ്ഞെടുപ്പ് നടന്നത്. അന്ന് 21 വയസ്സായിരുന്നു പ്രാപൂർത്തി വോട്ടവകാശത്തിന്റെ മാനദണ്ഡം. അന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട് ശ്രീ: സി.പി. രാഘവൻ ആയിരുന്നു. വാടകക്കെട്ടിടത്തിലായിരുന്നു ആഫീസ് പ്രവർത്തിച്ചിരുന്നത്.

മുൻകാല പ്രസിഡണ്ടുമാർ താഴെ പറയുന്നവരാണ്.

| | |
|---|---|
| 1. സി.പി. രാഘവൻ | 1-1-1953 - 31-12-1962 |
| 2. Dr. പി.എസ്.ൻ. നമ്പൂതിരി | 26-12-63 - 16-8-79 |
| 3. കെ.ആർ. രാഘവൻ | 28-9-79 - 6-5-82 |
| 4.ഐ.ഡി. ഫ്രാൻസീസ് | 6-5-82 - 4-8-82 |
| 5. കെ.ആർ. കോമളം | 4-8-82 - 20-9-83 |
| 6. വി.എസ്. രാമൻ | 20-9-83 - 28-9-83 |
| 7. വി.എസ്. രാമൻ | 28-9-83 - 29-10-84 |
| 8. Dr. പി.എസ്.എൻ. നമ്പൂതിരി | 10-2-88 - 1-10-95 |

ഇവരിൽ 24വർഷം പ്രസിഡണ്ടായി പ്രവർത്തിച്ച Dr. പി.എസ്.എൻ. നമ്പൂതിരി ഇന്നും പഞ്ചായത്തിലെ ജനകീയാസൂത്രണ സമിതിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. ഈ കാലഘട്ടങ്ങളിൽ പഞ്ചായത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പുള്ള് റോഡ്, കുണ്ടോളിക്കടവ് - പള്ളിപ്പുറം റോഡ്, ചാഴൂർ - പുത്തൻപീടിക ATC റോഡ്, ചിറക്കൽ-കൊറ്റൻകോട് വളവു റോഡ് തുടങ്ങി നിരവധി റോഡുകൾ ഇക്കാലത്തെ നേട്ടങ്ങളിൽപ്പെടുന്നു. കുടിവെള്ളക്ഷാമം തീർക്കാൻ 25 വർഷം മുമ്പേ ശ്രമം ആരംഭിച്ചു. ധാരാളം കിണറുകളും ഈ കാലയളവിൽ നിർമ്മിച്ചിട്ടുണ്ട്. ചാഴൂർ തെക്കൻ പരിസരത്ത് അച്ചുതമേനോൻ സ്മാരകമായി ഒരു ഓപ്പൺ എയർ സ്റ്റേഡിയവും നിർമ്മിച്ചു. അവിടെ ഒരു ഷോപ്പിങ്ങ് കോംപ്ലക്സും പണിതീർന്നു കൊണ്ടിരിക്കുന്നു. ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, സാംസ്കാരിക നിലയം, വായനശാല, ശിശു സംരക്ഷണ കേന്ദ്രങ്ങൾ, കൃഷിഭവൻ മുതലായവ നേട്ടങ്ങളുടെ പട്ടികയിൽ ചിലതുമാത്രമാണ്. 1980 മുതൽ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത് എന്ന സ്ഥാനം ചാഴൂർ പഞ്ചായത്ത് നേടിക്കഴിഞ്ഞു. ഇന്ന് അധികാരം ജനങ്ങളിലേക്ക് എന്ന ആശയം കർമ്മ പദ്ധതിയിലൂടെ പ്രാവർത്തികമാക്കുവാനുള്ള തീവ്രശ്രമത്തിലാണ്.

# കൃഷി, ജലസേചനം

ആമുഖം

കഴിഞ്ഞനൂററാണ്ടിന്റെ അന്ത്യഘട്ടത്തിൽ കൊച്ചി രാജ്യത്തിന്റെ ഭാഗമായിരുന്നു ചാഴൂർ. തൃപ്പൂണിത്തുറ കോവിലകത്ത് നിന്ന് കാശിക്കുപോയ ഒരു തമ്പുരാന് ഇരിക്കപ്പിണ്ടം വെക്കുകയും, കിരീട അവകാശിയായ അദ്ദേഹം തിരിച്ചുവന്നപ്പോൾ ചാഴൂർ പ്രദേശം അദ്ദേഹത്തിന് നൽകുകയും ചെയ്തുവെന്നാണ് ഐതിഹ്യം. ചത്തത് ചാഴൂർ എന്ന നാട്ടുമൊഴി ഇങ്ങനെയാണ് ഉണ്ടായത്. ഈ നൂററാണ്ടിന്റെ ആദ്യപാദത്തിൽ ചില ഭൂപ്രഭുക്കളുടെ അധീനതയിലായിരുന്നു ചാഴൂർ പ്രദേശം. ചാഴൂർ കോവിലകം, ചിററൂർമന, ചേലൂർമന, ഇടക്കുന്നി വാര്യം എന്നീ ജൻമിമാരുടെയും പെരുവനം ദേവസ്വത്തിന്റെയും, പഴുവിൽ ദേവസ്വത്തിന്റെയും കൈവശമായിരുന്നു ഭൂരിഭാഗം കൃഷിഭൂമി പുരാതന പഴുവിൽ പള്ളിയുടെ വകയായും വിശാലമായ കൃഷിഭൂമികൾ ഉണ്ടായിരുന്നു.

ഏകദേശം 25000 പറക്ക് കോൾകൃഷി ചെയ്ത് വന്നിരുന്നു. ചീര, ചിറേറനി, പുഴിക്കരിമ്പൻ, വട്ടൻ, ചെറിയ ആര്യൻ, ആര്യൻ, കുട്ടാടൻ തുടങ്ങിയ വിത്തുകളാണ് അക്കാലത്ത് കൃഷിചെയ്തിരുന്നത്. കുററിയും പിടലയും ഉപയോഗിച്ച് വരമ്പു പിടിപ്പിച്ച് ജലചക്രം കൊണ്ട് വെള്ളം വററിച്ചാണ് കൃഷി പണിതിരുന്നത്. പിൻകാലത്ത് കരിയെഞ്ചിൻ വെള്ളം വററിക്കാൻ ഉയോഗിച്ചുതുടങ്ങി. വെള്ളംവററിക്കാൻ കോൺട്രാക്ററ് സമ്പ്രദായം തുടങ്ങി. എങ്കിലും ഇലചക്രങ്ങളുപയോഗിച്ചാണ് വെള്ളത്തിന്റെ അളവ് നിലനിറുത്തിയിരുന്നത്. കാലാവസ്ഥയുമായി ഒരു ഭാഗ്യപരീക്ഷണമായിരുന്നു അക്കാലത്തെ കൃഷി. മട വീഴ്ച, പുഴുക്കേട്, ഉണക്കം അപൂർവ്വം ചില ഘട്ടങ്ങളിൽ വെള്ളപൊക്കം എന്നീ ദുരിതങ്ങൾകൊണ്ട് കൃഷിക്കാർ നിരാശരായിരുന്നു. 8 മുതൽ 15 വിളവു മാത്രമെ കിട്ടിയിരുന്നുള്ളു. എന്നാൽ അക്കാലത്ത് ധാരാളം ഏക്കൽ പാടങ്ങളിൽ വന്നടിഞ്ഞ് ഫലഭൂയിഷ്ടമായിരുന്നു. അണക്കെട്ടുകൾ വന്നതോടെ ഏക്കൽ വരവും നിലച്ചു.

1950 കളിൽ കൂട്ടുകൃഷിക്കുള്ള ശ്രമങ്ങൾ ആരംഭിച്ചു. 818 പടവിന്റെ ഭാഗങ്ങളിൽ വ്യക്തിഗത കൂട്ടുകൃഷി തുടങ്ങി. ഈ കാലഘട്ടത്തിൽ തന്നെയാണ് ജൻമികുടിയാൻ ബന്ധങ്ങളിൽ കൃഷിക്കാർക്കനുകൂലമായ മാററങ്ങൾക്ക് വേണ്ടി കർഷകസമരങ്ങൾ നടന്നത്. 1970–കളോടെ ഭൂനിയമപ്രകാരം കൃഷിക്കാർ തന്നെ കൃഷിയുടമകളായിതീർന്നു. കാർഷിക യന്ത്രവൽക്കരണവും രാസവളം–കീടനാശിനി ഉപയോഗവും വർദ്ധിച്ചു.

100 വർഷങ്ങൾക്കു മുമ്പാണ് തെങ്ങു കൃഷി വിപുലമായി തുടങ്ങിയത്. തേങ്ങക്കും കള്ളിനും ചക്കരക്കും വേണ്ടി വ്യാപകമായി തെങ്ങുകൃഷി ചെയ്താരുന്നു. 1940 കളിൽ ചെത്തുതൊഴിലാളികളിൽ സംഘടനാപരമായ പ്രവർത്തനം ആരംഭിച്ചു.

മുക്കുമുറി കേസ്, കുലമുറി സമരം തുടങ്ങി 1941ൽ ആദ്യസമരം നടന്നു. ഈ കാലഘട്ടത്തിൽ തന്നെയാണ് മേലേക്കര പാടങ്ങളും ചെറുപാടങ്ങളും നികത്തി തെങ്ങു വക്കാൻ തുടങ്ങിയത്. ലോകമഹായുദ്ധകാലം തുടങ്ങി ഭക്ഷ്യക്ഷാമമുണ്ടായ കാലങ്ങളിൽ കപ്പ, മധുരക്കിഴങ്ങ്. എള്ള്, മുതിര, കഞ്ഞിപ്പുല്ല് തുടങ്ങിയ വിളകൾ കൃഷി ചെയ്തിരുന്നു. കോൾ നിലങ്ങൾ ഉപയോഗപ്പെടുത്തി കന്നുകാലികളെ വ്യാപകമായി വളർത്തിവന്നു. പുരയിടങ്ങളിൽ വാഴ വർഗ്ഗങ്ങൾ, കവുങ്ങ്, മാവ്, പ്ലാവ്, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ ഇടവിളകളായി വളർത്തിവന്നു. പയർ പച്ചക്കറികൾ എന്നിവ പാടങ്ങളിലും വൻതോതിൽ കൃഷിചെയ്തുവന്നു.

ചാഴൂർ പഞ്ചായത്തിലെ 60% പ്രദേശത്ത് എക്കൽ കലർന്ന കളിമണ്ണ് ഉള്ള സ്ഥലങ്ങളാണ്. ഏകദേശം 25% മണൽമണ്ണ്, 15% ചാരൽമണ്ണുമാണുള്ളത്. നെൽകൃഷി 12–പാടശേഖരങ്ങളിലായി നടന്നു. നെല്ല് ഒന്നാം വിളയിൽ 20 ഹെക്ടറും രണ്ടാം വിളയിൽ 1050 ഹെക്ടറും, മൂന്നാം വിളയിൽ 90 ഹെക്ടറുമാണ് കൃഷിചെയ്തുവരുന്നത്. പരമാവധി ഉത്പാദനക്ഷമത മുണ്ടകൻകാലത്ത് ശരാശരി 4.42 ടൺ ഹെക്ടറിന് എന്ന തോതിൽ കിട്ടുന്നു. തെങ്ങുകൃഷി ഏകദേശം 962 ഹെക്ടറാണ്. ഹെക്ടറിന് 10988 നാളികേരമാണ് ശരാശരി വിളവ് മററ് ഇടവിളകളുടെ കൃഷിയും താരതമ്യേന കുറഞ്ഞ ഉത്പാദനക്ഷമതയാണ് വെച്ചുപുലർത്തുന്നത്.

പ്രശ്നങ്ങൾ :–

നെല്ലിന്റെ കാര്യത്തിൽ താഴ്ന്ന ഉത്പാദനക്ഷമതയുടെ കാര്യങ്ങൾ പരിശോധിക്കാം :–

1. നിരന്തമായ രാസവളം കീടനാശിനി പ്രയോഗം നിമിത്തം മണ്ണിന്റെ ഗുണമേൻമയും ജൈവസ്വഭാവം കുറഞ്ഞത് മൂലം വിളവ് ഗണ്യമായി കുറഞ്ഞു.
2. യഥാസമയം കൃഷിയിറക്കാൻ കഴിയാത്തതുകൊണ്ട് വിളവ് കുറയുന്നു.
3. തൊഴിലാളികളുടെ ദൗർലഭ്യം
4. കാർഷിക യന്ത്രവർക്കരണത്തിന്റെ അഭാവം
5. നല്ലയിനം വിത്തിന്റെ അഭാവം
6. തോടുകളുടെയും കക്കൂസുകളുടെയും നവീകരണത്തിന്റെയും അഭാവം
7. ഉൾപ്പാടങ്ങൾ തെങ്ങുകൃഷിക്കായി നികത്തിപോകുന്നു.

തെങ്ങുകൃഷിയുടെ പ്രധാന പ്രശ്നങ്ങൾ :–

1. ജലസേചനത്തിന്റെ അഭാവം
2. കാററുവീഴ്ച, കൂമ്പു ചീയൽ, ഓലത്തീനിപുഴു എന്നിവയുടെ ആക്രമണം
3. തെങ്ങുകളുടെ അകലക്കുറവ്
4. കൃത്യസമയത്ത് വിളവെടുക്കാൻ കഴിയുന്നില്ല

ജലസേചന സൗകര്യങ്ങൾ :–

ചാഴൂർ പഞ്ചായത്തിൽ നെൽകൃഷിക്കായി പ്രധാനമായും 4 ചെറുകിട ജലസേചന തോടുകൾ മുഖേനയാണ് ജലസേചനം നടക്കുന്നത്. കിളിക്കോൾ, കനോലിക്കനാൽ, കടവ്തോട്, ചിറക്കൽ തോട്, പുത്തൻ തോട്, ഹെർബർട്ട് കനാൽ തോട് എന്നിവയാണ് പ്രധാനതോടുകൾ. വളവ്ങ്ങൾ, പറുച്ചാൽ കോലോത്തുംകടവ് എന്നീ സ്ഥലങ്ങളിൽ ലിഫ്ററ് ഇറിഗേഷൻ സൗകര്യമുണ്ട്. കരഭൂമികളിൽ ജലസേചനത്തിനായി കുളങ്ങളും കിണറുകളും ഉപയോഗിച്ചുവരുന്നു. പീച്ചി, വാഴാനി, ചിമ്മിനി ഇറിഗേഷൻ പദ്ധതികളുടെ ആയക്കെട്ട് പ്രദേശം ചാഴൂർ പഞ്ചായത്തിൽ 1550 ഹെക്ടർ വരും.

പറവുച്ചാൽ ലിഫ്ററ് ഇറിഗേഷന്റെ അപ്രോച്ച് കനാൽ ആയ 17ാം നമ്പർ കനാൽ താഴ്ത്തി ബണ്ട് കനപ്പിച്ച് പുത്തൻ തോട്ടിലെ അതേ ഉയരത്തിലുള്ള വെള്ളം ലിഫ്ററു ചെയ്യന്നിടത്ത് കിട്ടുവാൻ വേണ്ട സൗകര്യം ചെയ്യണം. ലിഫ്ററുകൾ ഡിസംബറോടുകൂടി പ്രവർത്തനം നിറുത്തുകയാണ് പതിവ എന്നാൽ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഈ ലിഫ്ററ് പ്രവർത്തിപ്പിച്ച് വെള്ളം പമ്പുചെയ്ത്

ഉൾപ്രദേശങ്ങളിൽ ഉള്ള പാടശേഖരങ്ങളിൽ നിറുത്തിയാൽ കിണറുകളിലേയും കുളങ്ങളിലേയും വെള്ളക്ഷാമം പരിഹരിക്കുന്നതിനും വരൾച്ച ഇല്ലാതാക്കുന്നതിനും കഴിയും.

3,4,5,6 വാർഡുകളിൽ മഴവെള്ളം ഒഴുകിപോയിരുന്ന ഭാഗങ്ങളിൽ പറമ്പാക്കി വീട് വെച്ചതിന്റെ ഭാഗമായി വെള്ളം ഒഴുകിപോകുവാൻ കഴിയാതെ മഴക്കാലത്ത് കൃത്രിമ വെള്ളപ്പൊക്കം ഉണ്ടാക്കുന്നു. വെള്ളം ഒഴുകിപോകുന്നതിന് പരിഹാരം കാണേണ്ടതാണ്. വേനൽക്കാലത്ത് കടുത്ത വരൾച്ചയും ഈ പ്രദേശങ്ങളിൽ ഉണ്ടാക്കാറുണ്ട്. വെള്ള പുറത്തേക്ക് ഒഴുക്കുന്ന കനാൽ വഴി വെള്ളം പമ്പുചെയ്ത് പാടശേഖരങ്ങളിൽ സംഭരിച്ച് നിറുത്തുകയാണെങ്കിൽ വരൾച്ച ഇല്ലാതാക്കാം. നാലാം വാർഡിലെ ഇഞ്ചമുടി മാരിപ്രദേശത്ത് മഴക്കാലത്ത് വെള്ളം ഒഴുകിപോകുവാൻ കഴിയാടെ കൃത്രിമ വെള്ളപൊക്കം ഉണ്ടാക്കുന്നു. വെള്ളം ഒഴുകിപോകുന്നതിന് പരിഹാരം കാണേണ്ടതാണ്.

ഉത്പന്നങ്ങളുടെ വിലയും വിപണനവും :-

നെല്ല് വിപണനം സ്വകാര്യ ഏജന്റുമാർ വഴിയു, പരിമിതമായ തോതിൽ അത്താണി സഹകരണ മിൽ വഴിയും ആണ് നടക്കുന്നത്. സ്വകാര്യ ഏജൻസികൾ കൃഷിക്കാരെ ചൂഷണം ചെയ്യുന്നു. അത്താണി സഹകരണ മില്ലിൽ നെല്ല് കൊണ്ടുകൊടുക്കുവാനും വില കിട്ടുവാനും വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്.

നാളികേര കൃഷിക്കാരും സ്വകാര്യ ഏജൻസികളുടെ ചൂഷണത്തിന് വിധേയരാണ്. കവുങ്ങ്, വാഴ തുടങ്ങിയ – ഈ പഞ്ചായത്തിൽ കാർഷിക ഉത്പന്നങ്ങൾ എല്ലാം തന്നെ സ്വകാര്യ ഏജൻസികളുടെ ലാഭക്കൊതിയിൽ ഒതുങ്ങിപോകുന്നു.

കാർഷിക ബന്ധങ്ങൾ – കൂലിസേവന വ്യവസ്ഥകൾ :-

ഇപ്പോഴത്തെ സാഹചര്യത്തിൽ കൃഷിക്കാരും കർഷകതൊഴിലാളികളും ഒരേപോലെ അതൃപ്തരാണ്. കർഷകതൊഴിലാളികളെ സമയത്തിന് കിട്ടുന്നില്ല. കൂലി കൂടുതൽ, ആത്മാർത്ഥതയില്ലായ്മ, കൃത്യനിഷ്ഠയില്ലായ്മ എന്നീ പ്രശ്നങ്ങൾ കൃഷിക്കാർ ഉന്നയിക്കുന്നു. കർഷകതൊഴിലാളികളാവട്ടെ കൂലിക്കുറവ് ജീവിതനിലവാരത്തിലുള്ള അപര്യാപരതത, ജോലി സ്ഥിരതയില്ലായ്മ, വെയിലും മഴയത്തും ചെളിയിലും കഠിനാദ്ധ്വാനം ചെയ്യേണ്ട അവസ്ഥ, അപകട സാധ്യത എന്നീ പ്രശ്നങ്ങൾ ഉയർത്തിപിടിക്കുന്നു. ഈ വിധ കാരണങ്ങൾ കൊണ്ട് കർഷകരും, കർഷകതൊഴിലാളികളും തമ്മിൽ തർക്കങ്ങളും സംഘർഷങ്ങളും ഉണ്ടാകാറുണ്ട്. തൊഴിലാളികളുടെ അഭാവം മൂലം തമിഴ്നാട്ടിൽ നിന്നും വരുന്ന തൊഴിലാളികളെ പല കൃഷിക്കാരും നിയോഗിച്ചുവരുന്നു.

കർഷകതൊഴിലാളികളുടെ ഇപ്പോഴത്തെ കൂലി നിരക്ക് പുരുഷന് 100 രൂപയും സ്ത്രീകൾക്ക് 50 രൂപയുമാണ്. കൊയ്ത്തിന് 6ൽ 1 എന്ന തോതിൽ പതമ്പ് കൊടുക്കുന്നു.

വള ഉപഭോഗം, നടപ്പുപദ്ധതികളുടെ അവലോകനം വായ്പാ സൗകര്യങ്ങൾ, കാർഷിക പദ്ധതികർ, കർഷക സംരംഭങ്ങൾ :-

ചാഴൂർ പഞ്ചായത്തിൽ രാസവളങ്ങളും കീടനാശിനികളും വിൽപന നടത്തുന്ന 3 സഹകരണ സംഘങ്ങൾക്ക് 5 ഡിപ്പോകളുണ്ട്. സ്വകാര്യ ഉടമസ്ഥതയിൽ 4 ഡിപ്പോകളും പ്രവർത്തിക്കുന്നു. വിൽപനയുടെ 80%വും നടത്തുന്നത് സഹകരണ മേഖലയാണ്. 1993 94ൽ 330 ടൺ രാസവളമാണ് ഉപയോഗിച്ചത്. 1994 95ൽ 351 ടണ്ണായും 1995 96ൽ 387 ആയി വർദ്ധിച്ചു.

കീടനാശിനിയുടെ ഉപയോഗം 1995 96ൽ മുൻ വർഷത്തേക്കാൾ കുറഞ്ഞതായി കാണാം.

കൃഷിഭവൻ മുഖേന നടപ്പാക്കുന്ന ഗ്രൂന്ന് ഫാമിങ്ങ് സംയോജിത കീടനിയന്ത്രണം, സമഗ്ര ധാന്യോത്പാദന പദ്ധതി ജൈവ വള ഉത്പാനദന പദ്ധതി, സമഗ്ര നാളികേര വികസന പദ്ധതി, സുഗന്ധവിള വികസന പദ്ധതി, പ്രത്യേക ഘടക പദ്ധതി ഔഷധ സസ്യ കൃഷിക്കായുള്ള പദ്ധതി, പൊതുജന സമ്പർക്ക പദ്ധതി, നടീൽ വസ്തുക്കളുടെ പദ്ധതി, മണ്ണു പരിശോധന, പഴവർഗ്ഗ വികസന പദ്ധതി, കണിക ജലസേജന പദ്ധതി, ഗ്രീൻ ഹൗസ് നിർമ്മാണം, ജൈവ വാതക ഉത്പാദന പദ്ധതി, യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതി, വിള ഇൻഷുറൻസ് പദ്ധതി, ഊർജ്ജിത പച്ചക്കറി ഉത്പാദന പദ്ധതി എന്നിവയാണ് നിലവിലുള്ള പ്രധാന പദ്ധതികൾ.

3 സഹകരണ ബാങ്കുകളും 2 സ്വകാര്യ ബാങ്കുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും കർഷകർക്കുള്ള വായ്പാ സൗകര്യം വളരെ പരിമിതമാണ്. ദേശസാൽകൃത ബാങ്കുകൾ ഈ പഞ്ചായത്തിലില്ല. നെൽകൃഷി രംഗത്ത് പാടശേഖര സമിതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ കേര സംരക്ഷണ സമിതിയും നല്ല പ്രവർത്തനം കാഴ്ചവെച്ചു വരുന്നുണ്ട്. എങ്കിലും കൃഷിക്കാരുടെ ഇടയിൽ തൃപ്തികരമായി പ്രവർത്തനം നടത്തുവാൻ കഴിഞ്ഞിട്ടില്ല.

പ്രശ്നങ്ങൾ :-

നെൽകൃഷി

1. മേൽ കനാലുകളുടെ അഭാവം മൂലം ഉൾപ്രദേശത്തെ വെള്ളം തടുത്തു നിറുത്തുവാൻ പററുന്നില്ല.
2. തൊഴിലാളികളുടെ അഭാവം.
3. യന്ത്രങ്ങളുടെയും സാങ്കേതിക വിദ്യയുടെയും അഭാവം.
4. പാടശേഖരത്തിൽ യന്ത്രങ്ങളുടെ അപര്യാപ്തത.
5. തോടുകളും ഉൾക്കനാലുകളും അടഞ്ഞുപോയതുകൊണ്ട് വെള്ളക്കെട്ട് വ്യാപകമാവുന്നു.
6. കോൾപടവുകളിൽ പായൽ നിറഞ്ഞ് നാശനഷ്ടങ്ങൾക്ക് കാരണമാവുന്നു.
7 വളങ്ങൾ കീടനാശിനികൾ എന്നിവയുടെ വിലവർദ്ധനവും വിത്ത് ക്ഷാമവും.
8. നെൽപാടങ്ങൾ മററുകൃഷികൾക്കും വ്യവസായത്തിനും കെട്ടിടപണിക്കുമായി നികത്തുന്നു.
9. കീടരോഗ ശല്യങ്ങൾ മൂലമുള്ള നാശനഷ്ടങ്ങൾ.
10. വൈദ്യുതി യഥാസമയം ലഭ്യമല്ലാത്ത അവസ്ഥ.
11. വിപണനത്തിനും സംസ്കരണത്തിനും വേണ്ടത്ര സൗകര്യങ്ങളില്ല.

തെങ്ങുകൃഷി :-

1. ജലക്ഷാമം – വെള്ളക്കെട്ട്.
2. ലിഫ്ററ് ഇറിഗേഷൻ നടപ്പാക്കുവാനുള്ള നിയമതടസ്സങ്ങൾ.
3. കുറഞ്ഞ ഉത്പാദന ക്ഷമത.
4. രോഗ കീട ബാധകൾ.
5. കുറഞ്ഞ ഭൂമിയുള്ളവർക്ക് സർക്കാർ ആനുകൂല്യങ്ങൾ കിട്ടുന്നില്ല.

ഇടവിളകൾ :-

1. ഗുണമേൻമക്കുള്ള വിത്തുകളും ആനുകൂല്യങ്ങളും എല്ലാ കർഷകർക്കും കിട്ടുന്നില്ല.
2. കാർഷിക വായ്പകൾ കിട്ടാനുള്ള സാങ്കേതിക തടസ്സങ്ങൾ.
3. വിപണനത്തിനും സംസ്കരണത്തിനും വേണ്ട സൗകര്യങ്ങളില്ല.

4. കൃഷി ഭവന്റെ സഹായം എല്ലാ കൃഷിയിടങ്ങളിലും വിപുലമായി കിട്ടുന്നില്ല.
5. മണ്ണു പരിശോധന ഫലങ്ങൾ കൃത്യ സമയത്ത് കിട്ടുന്നില്ല.
6. പുഴയോരങ്ങളിൽ മണ്ണിടിച്ചിൽ മൂലം ഭൂമി നശിക്കുന്നു.
7. മററ് വിളകൾക്കു വേണ്ട പ്രോത്സാഹനം ലഭിക്കാത്തതുകൊണ്ട് വരുമാനം കുറയുന്നു.

സാധ്യതകൾ :–

നെൽകൃഷി :–

1. മേൽക്കനാലുകൾ ബലപ്പെടുത്തി വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുക, ലിഫ്ററ് ഇറിഗേഷൻ മുഖാന്തിരം ഈ വെള്ളം ഉപയോഗിക്കുക.
2. തൊഴിലാളികളുടെ കർഷക ബന്ധം മെച്ചപ്പെടുത്തി യന്ത്രവത്കരണത്തിന്റെ സഹായത്തോടെ മനുഷ്യാദ്ധ്വാനം കുറച്ച് ശസ്ത്രീയമായി ഉത്പാദനം വർദ്ധിപ്പിക്കുക.
3. പാടശേഖരങ്ങളിൽ പെട്ടി, പറ, പെട്ടിക്കുഴി, സ്ലൂയിസുകൾ, ചീപ്പുകൾ എന്നിവ ആവശ്യാനുസരണം നിർമ്മിക്കണം.
4. തോടുകളും ഉൾക്കനാലുകളും നവീകരിച്ച് ബലപ്പെടുത്തണം.
5. ഫാം റോഡുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ നിർമ്മിക്കണം.
6. കോൾ പടവുകളിലെ പായൽ യഥാസമയം നീക്കം ചെയ്യണം.
7. ആവശ്യമായ വിത്തും ജൈവവളങ്ങളും ജൈവ കീടനാശിനികളും കൃഷിക്കാർ തന്നെ ഉണ്ടാക്കിയെടുക്കണം.
8. നെൽപാടങ്ങൾ കുഴിക്കുന്നതും നികത്തുന്നതും കർശനമായി നിയന്ത്രിക്കണം.
9. പഞ്ചായത്തിലെ എല്ലാ പാടങ്ങളും സംയോജിത കീട നിയന്ത്രണ പരിപാടിയിൽ കൊണ്ടുവരണം.
10. വിദ്യുത്ച്ഛക്തി സമയം രൂപപ്പെടുത്തി നൽകണം, പവർ പ്ലാന്റ് ഉണ്ടാക്കണം.

തെങ്ങുകൃഷി :–

1. ലിഫ്ററ് ഇറിഗേഷൻ പദ്ധതികൾ ഉപയോഗിച്ച് പഞ്ചായത്തിലെ എല്ലാ ഉൾതോടുകളും കുളങ്ങളും ബന്ധിപ്പിച്ചുകൊണ്ട് വിപുലമായ ഒരു സാമൂഹ്യ ജലസേചന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം.
2. പുഴകളിൽ നിന്ന് വെള്ളം ലിഫ്ററു ചെയ്യുവാൻ അനുവാദം ലഭ്യമാക്കണം.
3. തെങ്ങ് രോഗം മൂലവും പ്രായം മൂലവും ഉത്പാദന ക്ഷമത നഷ്ടപ്പെട്ട തെങ്ങുകൾ മുറിച്ചു മാററി പുതിയ തൈകൾ വെയ്ക്കുവാൻ നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് കൂടുതൽ കാര്യക്ഷമമാക്കണം.
4. 10 സെന്റ്ഭൂമിയുള്ളവർക്ക് കൂടി കൃഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

ഇടവിളകൾ :–

1. ഈ പ്രദേശത്തിന് യോജിച്ച ഇടവിളകൾ തിരഞ്ഞെടുത്ത് കൃഷിക്കാർക്ക് വിത്തും ആനുകൂല്യങ്ങളും ലഭ്യമാക്കണം.
2. കാർഷിക വായ്പകൾ നൽകുവാനുള്ള നടപടിക്രമങ്ങൾ ലളിതമാക്കണം.
3. കാർഷികോത്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്തിൽ യോഗ്യമായ സ്ഥലത്ത് വിപണന സംസ്കരണ കേന്ദ്രവും നിയന്ത്രിത മാർക്കററുകളും സ്ഥാപിക്കണം.
4. കൃഷിഭവൻ പ്രവർത്തനം വാർഡു തലത്തിൽ വ്യാപിപ്പിക്കണം.
5. കൃഷിഭവൻ മണ്ണ് പരിശോധനാ ലാബുകൾ സ്ഥാപിക്കണം.
6. കരുവന്നൂർ പുഴയുടെ കരയായി വരുന്ന ഭാഗം വശം കെട്ടി സംരക്ഷിക്കണം.
7. പച്ചക്കറി കൃഷി, വാഴകൃഷി, പൂ കൃഷി, കുററിമുല്ല കൃഷി എന്നിവ ശാസ്ത്രീയമായി വ്യാപിപ്പിക്കണം.

ഇവയ്ക്കു വേണ്ട സഹകരണ സംഘങ്ങൾ ഉണ്ടാക്കി ധനസഹായം നൽകണം.

ചാഴൂർ ഗ്രാമപഞ്ചായത്ത്

## 3.1. ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | ഇനം | വിസ്തീർണ്ണം (ഹെ.) |
|---|---|---|
| 1 | നിലം | 1072 |
| 2 | പുരയിടം | 982 |
| 3 | പുറംമ്പോക്ക് | 1 |
| 4 | കൃഷിയോഗ്യ തരിശ് | Nil |
| 5 | കൃഷിയോഗ്യമല്ലാത്തത് | 10 |
| | ആകെ | 2065 |

# മൃഗസംരക്ഷണം, മത്സ്യബന്ധനം

കൃഷിയും,അനുബന്ധ തൊഴിലും മുഖ്യവരുമാനമാർഗ്ഗമായ പഞ്ചായത്തിൽ മൃഗ, മത്സ്യസമ്പത്ത് വളരെ വിപുലമായ തൊഴിലും വരുമാനവും ദാനം ചെയ്യുവാൻ ഒരു മുഖ്യമേഖലയാണ്. വേണ്ടത്ര ശ്രദ്ധയും പരിപാലനവും ഉണ്ടായാൽ ഈ രംഗത്ത് നിന്ന് പ്രതീക്ഷകൾക്കപ്പുറത്തെ തൊഴിലും വരുമാനവും ഉണ്ടാക്കുവാൻ സാധിക്കും. പഞ്ചായത്തിന്റെ വിസ്തൃതിയിൽ മുഖ്യഭാഗം കോൾമേഖലയാൽ ചുറ്റപ്പെട്ടുകിടക്കുന്നതിനാൽ മൃഗസംരക്ഷണവും, ശുദ്ധജല മത്സ്യകൃഷിയും വലിയ പ്ലാനൊന്നും ഇല്ലാതെ തന്നെ വിജയകരമായി നടപ്പിലാക്കുവാൻ പഞ്ചായത്തിന് സാധിക്കും. മൃഗസംരക്ഷണവകുപ്പിന്റെയും, ഉൾനാടൻ മത്സ്യകൃഷിവികസന ഏജൻസികളുടേയും സഹകരണത്തോടെ പ്രവർത്തിക്കുവാൻ ഒട്ടനവധി സാദ്ധ്യതകൾ ഉണ്ട്.

പഞ്ചായത്തിൽ 3 ക്ഷീ. സംഘങ്ങൾ വഴി പക്ഷത്തിൽ 342412 ലിറ്റർ പാൽ അളവെടുക്കുന്നതിനും 124940 ലിറ്റർ പാൽ പഞ്ചായത്ത് അതിർത്തിയിൽതന്നെ വിറ്റഴിക്കുകയും 217472 ലിറ്റർ പുറത്തേക്ക് അയക്കുകയും ചെയ്യുന്നുണ്ട്. വീടുകളിൽ തന്നെ വിൽപന നടത്തുന്നതും ഉപയോഗിച്ചുവരുന്നത് വേറെയും ഉണ്ട്.

| | |
|---|---|
| നാടൻപശു | Nil |
| സങ്കരഇനം | 2100 |
| എരുമ | 97 |
| പോത്ത് | 48 |
| കാള | 100 |
| ആട് | 1700 |
| പട്ടി | 1800 |
| കോഴി | 23600 |
| താറാവ് | 5340 |

മാംസ വിപണനരംഗത്ത്: പോത്തിന്റെയും കാളകളുടേയും ആടുകളുടേയും സംരക്ഷണം ഒരു പ്രധാന ജീവിതമാർഗ്ഗമായി ആരും തന്നെ എടുത്തിട്ടില്ലെങ്കിലും വൻസാദ്ധ്യതയുള്ള ഒരു മേഖലയാണ്. കോഴിവളർത്തലും, മുട്ട ഉൽപ്പാദനവും നല്ല സാദ്ധ്യതയുള്ള മേഖലയായി കാണുന്നു. പഞ്ചായത്തിലെ കാലാവസ്ഥയും ഭൂവിസ്തൃതിയും ഉപയോഗിച്ച് താറാവുൾപ്പെടെ വളർത്തി നല്ലവരുമാനം ഉണ്ടാക്കുവാൻ സാധിക്കും. മുയൽ, പന്നി എന്നിവടെ മത്സ്യവുമായി ഉൾപ്പെടുത്തി ശങ്ക യൂണിറ്റ് തുടങ്ങുവാനും സാധിക്കുന്ന മേഖലകൾ ഉണ്ട്.

പഞ്ചാത്തിന്റെ ഉടമസ്ഥതയിൽ 27 കുളങ്ങളും ചാലുകളും, കരുവന്നൂർ പുഴയുടെ പഞ്ചായത്തിലൂടെ ഒഴുകുന്ന ഭാഗം,ഹെർബർട്ട് കനാൽ, ചിറക്കൽ തോട്, പുത്തൻ തോട്, കനോലി കനാൽ, സ്വകാര്യ മേഖലയിലുള്ള വറ്റാത്ത കുളങ്ങളും ഉൾപ്പെടെ ജലസ്രോതസ്സ് ഈ രംഗത്ത് പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിൽ ഒരു ഹരിജൻ മത്സ്യ ഉൽപാദക സഹകരണസംഘം 120 അംഗങ്ങൾ ഉള്ളത് നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മത്സ്യബന്ധനത്തിന് ആവശ്യമായ ഉപകരണങ്ങൾ ആധുനികരീതിയിൽ ഉള്ളത് ഒന്നും തന്നെ പഞ്ചായത്ത് അതിർത്തിയിൽ ഉപയോഗിച്ചു വരുന്നില്ല. എല്ലാം പരമ്പരാഗത രീതിയിലാണ് നടന്നു വരുന്നത്.

പരമ്പരാഗത തൊഴിലായി ഹരിജനങ്ങൾ മാത്രമാണ് മത്സ്യബന്ധനവും വിപണനവും നടത്തിവരുന്നത്. വിപണനരംഗത്ത് മറ്റ് വിഭാഗങ്ങൾ ധാരാളം ഉണ്ട്. പഞ്ചായത്ത് അതിർത്തിയിൽ മത്സ്യങ്ങളെ വളർത്തി വിൽക്കുന്ന കേന്ദ്രങ്ങൾ ഒന്നും തന്നെയില്ല. ചെമ്മീൻ വളർത്തുവാൻ പറ്റിയ ചതുപ്പ് നിലങ്ങളും ഇല്ല. എന്നാൽ 3-ാം വാർഡിലെ കൃഷി ഇറക്കാത്ത 25 ഏക്കർ വരുന്ന വപ്പുഴ ഭാഗത്തെ പാടശേഖരം ശുദ്ധജല മത്സ്യകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. മൊത്തം 200 പേർ ഈ രംഗത്ത് ഇപ്പോൾ തൊഴിലെടുക്കുന്നു. 5 വർഷത്തിനിടയിൽ ഇത് 1000 പേരുടെ തൊഴിൽ മേഖലയാക്കി മാറ്റാൻ സാധിക്കും എന്നാണ് വിശ്വാസം.

## മൃഗസംരക്ഷണം, മത്സ്യ ബന്ധനം

ചാഴൂർ ഗ്രാമ പഞ്ചായത്തിൽ പശു, എരുമ, ആട് മുതലായ വളർത്തുമൃഗങ്ങളാണ് കാര്യമായി ഉള്ളത്. വളർത്തുപക്ഷികൾ കോഴിയാണ് പ്രധാനമായി വീടുകളിൽ ഉള്ളത്. താറാവുകൾ അപൂർവ്വമായി വെള്ളം കെട്ടിനിൽക്കുന്ന ഏരിയകളിൽ വളർത്തിവരുന്നുണ്ട്. വളർത്തുനായ്ക്കൾ മിക്കവാറും എല്ലാ വാർഡുകളിലും ഉണ്ടെങ്കിലും, പേവിഷബാധ നിയന്ത്രിക്കുന്നതിനുള്ള കുത്തിവെയ്പ് നടത്തി ലൈസൻസ് എടുക്കുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ആരും തന്നെ എടുത്തു കാണുന്നില്ല.

പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഒരു ആശുപത്രി പഴുവിലും, ചിറക്കൽ, ആലപ്പാട് എന്നിവിടങ്ങളിൽ ഐസിഡിപി സബ്സെന്ററുകളും പ്രവർത്തിച്ചുവരുന്നുണ്ട്. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് തന്നെ സ്ഥിതിചെയ്യുന്ന മൃഗാസ്പത്രിയുടെ നില വളരെ ശോചനീയമാണ്. സ്ഥിരമായ ഡോക്ടർ ഇവിടെ ഇല്ലാത്തതുകൊണ്ടും ആവശ്യത്തിന് മരുന്ന് കിട്ടാത്തതും ആശുപത്രിയുടെ ഗുണഫലം അനുഭവിക്കാൻ പഞ്ചായത്തുനിവാസികൾക്ക് സാധ്യമാകാതെയിരിക്കുന്നു.

വിവിധതരം രോഗങ്ങൾ പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും മൃഗങ്ങൾക്ക് കാലാവസ്ഥയുടെ ചെയിഞ്ചനുസരിച്ച് കണ്ടുവരുന്നുണ്ട്. മിക്കവാറും പ്രതിരോധ കുത്തിവെപ്പ് നടത്തി നിയന്ത്രിക്കാൻ സാധിക്കാറുണ്ടെങ്കിലും ആട്, കോഴി, താറാവ് എന്നിവ രോഗം വന്നാൽ ചത്തൊടുങ്ങുന്നതാ സ്ഥിതിവിവര കണക്കുകൾ വ്യക്തമാക്കുന്നത്.

പഞ്ചായത്തിൽ ആകെ 3 ക്ഷീരസഹകരണസംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. 2 സബ്സെന്റർ പാൽ അളക്കുന്നതിനും പ്രവർത്തിച്ചുവരുന്നു. തൃപ്തികരവും ലാഭകരവുമായ വില പാലിന് ലഭിക്കുന്നില്ല. സ്ഥലപരിധി, തീറ്റപുല്ല് കാര്യമായി വളർത്താൻ സാധിക്കാത്തതും വയ്ക്കോളിന്റെ ദൗർലഭ്യവും അമിതവിലയും, കാലിത്തീറ്റയുടെ അമിതമായ വിലയും കാലിവളർത്തൽ ഒരു മുഖ്യ ജീവിതമാർഗ്ഗമായി സ്വീകരിക്കുന്നത് ജനങ്ങളെ വിലക്കുന്നു.

മൃഗസംരക്ഷണവകുപ്പ് ശ്രദ്ധിക്കേണ്ട മാംസവിൽപനയെക്കുറിച്ച് പഞ്ചായത്തിൽ വേണ്ടത്ര ശ്രദ്ധ കേന്ദ്രീകരിച്ച് കാണുന്നില്ല. പൊതുസ്ഥലങ്ങളിൽ മാംസവില്പന പഞ്ചായത്തിൽ നിന്ന് എത്ര വിലക്കിയിട്ടും തുടർന്നുവരുന്നുണ്ട്. പഞ്ചായത്തിൽ ആട്, പോത്ത്, കാള എന്നീ മൃഗങ്ങളുടെ ഇറച്ചിയും, ബുധൻ, ശനി, ഞായർ ദിവസങ്ങളിൽ വെട്ടിവിറ്റുവരുന്നുണ്ട്. ആഴ്ചയിൽ ഉദ്ദേശം ഒരു ടണ്ണോളം ഇറച്ചി പഞ്ചായത്തിൽ വിറ്റുവരുന്നുണ്ട്. ഇതിൽ 90 ശതമാനവും പഞ്ചായത്തിനകത്ത് തന്നെ ഉപയോഗിക്കുന്നതാണ്. മൃഗങ്ങൾ അധികവും അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ട് വരുന്നതാണ്. ചിറക്കൽ, പഴുവിൽ സെന്റർ, പഴുവിൽ അമ്പലനട, ചാഴൂർ പടിഞ്ഞാറ്, കിഴക്ക്, ആലപ്പാട്, പുള്ള് എന്നിവിടങ്ങളിൽ വിൽപന നടക്കുന്നു.

തമിഴ്നാട്ടിൽ നിന്ന് കൊണ്ട് വന്ന്, വിൽപന നടത്തുന്ന കോഴി ഇറച്ചി വിൽപനയിൽ ഏർപ്പെട്ടിരിക്കുന്ന 5 സ്ഥലങ്ങൾ പഞ്ചായത്തിൽ ഉണ്ട്. ഇറച്ചിക്കോഴി വളർത്തുകേന്ദ്രങ്ങൾ പഞ്ചായത്തിൽ ഒരെണ്ണം മാത്രമാണ് ഉള്ളത്. മുട്ടക്കോഴി വളർത്ത് മുഖ്യതൊഴിലായി സ്വീകരിച്ചവരും പഞ്ചായത്തിൽ ഇല്ല. വീടുകളിൽ വളർത്തുന്ന സ്വഭാവം പരമ്പരാഗതമായി തുടർന്നുവരുന്ന രീതിയിൽ 5ഉം 10ഉം ആയി വ്യാപകമായി നിലവിലുണ്ട്. വിവിധ വകുപ്പുകളിൽനിന്ന് കോളനികൾ കേന്ദ്രീകരിച്ച്, പശുക്കളെ പഞ്ചായത്തതിർത്തിയിൽ വിതരണം ചെയ്തിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. പാലിന് വേണ്ടത്ര വിലകിട്ടായ്ക
2. വേണ്ട വിധത്തിൽ തീറ്റപുല്ലും, വയ്ക്കോലും, കാലിത്തീറ്റയും ലഭിക്കായ്ക.
3. നല്ല ജനുസുകളിൽ പെട്ട കാലികളെ ലഭിക്കായ്ക
4. പടർന്നു പിടിക്കുന്ന കന്നുകാലി, കോഴി, താറാവ് എന്നിവയെ ബാധിക്കുന്ന പകർച്ചവ്യാധി
5. മൃഗാശുപത്രിയിലെ ഡോക്ടറെ ലഭിക്കായ്ക
6. ക്ഷീരസംഘങ്ങളുടെ വ്യാപക അതിർത്തിയുടെ കുറവ്
7. അളക്കുന്ന പാലിന്റെ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ സംവിധാനം ഇല്ല്യായ്ക.
8. കാലിവളവും, മത്സ്യ അവശിഷ്ടവും, മൃഗങ്ങളെ അറുത്ത് വിറ്റതിന് ശേഷം വരുന്ന വേയ്സ്റ്റും ഉൾപ്പെടുത്തി വളം നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

## മത്സ്യബന്ധനം – പ്രശ്നങ്ങൾ

1. വ്യാപകമായിക്കൊണ്ടിരിക്കുന്ന മത്സ്യരോഗം
2. മത്സ്യ സമ്പത്തിനെ ചൂഷണം ചെയ്യുന്നതിലുള്ള അശാസ്ത്രീയത.
3. ജലമലിനീകരണം.
4. ജല സ്രോതസ്സുകളുടെ സംരക്ഷണപോരായ്മകളും മത്സ്യം വളർത്തുന്നതിലുള്ള താൽപര്യക്കുറവും
5. കുളവാഴ, ആഫ്രിക്കൻ പായൽ തുടങ്ങിയവ വളർന്ന് തിങ്ങി മത്സ്യബന്ധനം അസാധ്യമാക്കുന്ന അവസ്ഥ
6. പുഴയോരങ്ങൾ മണ്ണിട്ട് നികത്തിയിട്ടുള്ള കയ്യേറ്റങ്ങളും അമിതമായ മണ്ണെടുക്കലും.
7. മത്സ്യകൃഷി നടത്തുന്നതിൽ ശാസ്ത്രീയമായ അറിവില്ലായ്മയും വിവിധ മത്സ്യകുഞ്ഞുങ്ങളുടെ ദൗർലഭ്യവും
8. മത്സ്യവ്യാപാരം നടത്താൻ പൊതുമാർക്കറ്റിന്റെ അപര്യാപ്തത.
9. ഇടത്തട്ടുകാരന്റെ ചൂഷണം.

## മത്സ്യബന്ധനം – നിർദ്ദേശങ്ങൾ

1. അത്തിച്ചാൽ മാതിരിയുള്ള പൊതുചാലുകളും, കുളങ്ങളും, സ്വകാര്യവ്യക്തികളുടെ അധീനതയിലുള്ള കുളങ്ങളും മത്സ്യം വളർത്തുന്നതിന് പറ്റിയതാണ്. അതുപോലെ നെൽവയലുകളിൽ ഒന്നാം വിള വെടുപ്പിനുശേഷം, രണ്ടാം വിള ഇറക്കാത്ത കൃഷി പടവുകളിലും വെള്ളത്തിന്റെ ലഭ്യത അനുസരിച്ച്, വിദഗ്ദ്ധൻമാരുമായി ആലോചിച്ച് മത്സ്യം വളർത്തുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്. ചെമ്മീൻ കൃഷിക്കും സാദ്ധ്യതയുണ്ടോ എന്നും പരിശോധിക്കണം.

2. മത്സ്യബന്ധനവും വിപണനവുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക്, മേൽപറഞ്ഞ സ്ഥലങ്ങൾ നിബന്ധനകൾക്ക് വിധേയമായി പാട്ടം വ്യവസ്ഥയിൽ മത്സ്യകൃഷി ചെയ്യുവാൻ ഏൽപിച്ചുകൊടുക്കുന്നത് നന്നായിരിക്കും. സ്വകാര്യവ്യക്തികളുടെ അധീനതയിലുള്ള കുളങ്ങളിലും മത്സ്യകൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുകയും മത്സ്യം വളർത്തുന്നതിന് ശാസ്ത്രീയപരിജ്ഞാനവും, ധനസഹായവും, മത്സ്യകുഞ്ഞുങ്ങളേയും നൽകണം.

3. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് വള്ളവും, വലയും, സബ്സിഡി നിരക്കിൽ നൽകണം. മത്സ്യകച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആധുനിക സൗകര്യങ്ങൾ, സബ്സിഡി ഏർപ്പെടുത്തുക.

4. മത്സ്യതൊഴിലാളികൾക്ക് ക്ഷേമനിധിയും, അവരുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന് പ്രോത്സാഹനവും നൽകണം.

5.സ്വാഭാവികമായി മത്സ്യപ്രചനനം തടയുന്ന വിധത്തിൽ കോൾപടവുകളിലെ കഴകളിൽ വലകെട്ടി മത്സ്യം പിടിക്കുന്നത്, വെള്ളപ്പൊക്കത്തിന്റെ തുടക്കത്തിൽ നടത്തുന്നത് തടയുക.

6. പഞ്ചായത്തിൽ ഒരു മത്സ്യക്ലബ് സ്ഥാപിക്കുക.

7. മത്സ്യങ്ങൾക്ക് വ്യാപകമായി പടർന്ന് പിടിക്കുന്ന രോഗം തടയുന്നതിന് ബന്ധപ്പെട്ട ഗവേഷണസ്ഥാപനങ്ങളുമായി സഹകരിച്ച് നടപടികളെടുക്കുക.

8. ശാസ്ത്രീയ മത്സ്യകൃഷിയെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക.

## മൃഗസംരക്ഷണം: പരിഹാര നിർദ്ദേശങ്ങൾ

1. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെ ബീജസങ്കലനം വഴി ലഭിക്കുന്നതിന്, ബീജസങ്കലന കേന്ദ്രങ്ങളിൽ ആയതിനുള്ള ബീജം എത്തിക്കുക.

2. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്കാവശ്യമായ വാർഡുകളിൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക. എല്ലാ ക്ഷീരോത്പാദകരേയും സംഘത്തിൽ അംഗങ്ങളായി ചേർക്കുക. കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കുക.

3. കാലിതീറ്റയിൽ ഈ അടുത്ത കാലത്തുണ്ടായ അമിത വിലവർദ്ധനയ്ക്കനുസരിച്ച്, പാലുല്പാദകർ, സംഘങ്ങളിൽ അളക്കുന്ന പാലിന്ന് വില വർദ്ധിപ്പിച്ചു നൽകുക. രണ്ടുനേരവും – (കാലത്തും, ഉച്ചയ്ക്കും) സൊസൈറ്റികളിൽ പാൽ അളക്കുവാനുള്ള നടപടികൾ എത്രയും വേഗം ഉണ്ടാക്കുക

4. ക്ഷീരോത്പാദകർക്ക് ക്ഷീര സഹകരണസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകണം. പഞ്ചായത്തിൽ ഏതെങ്കിലും ഭാഗത്ത് ഗുണമേന്മയുള്ള ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം.

5. കന്നുകിടാങ്ങൾക്ക് പോഷകാഹാര കാലിതീറ്റ സൗജന്യനിരക്കിൽ നൽകുക.

6. മൃഗാസ്പത്രിയിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്ക്കത്തക്കവണ്ണമുള്ള സംവിധാനം ഉണ്ടാക്കണം. ഒരു വെറ്ററിനറി ക്ലീനിക്ക് സൗകര്യപ്രദമായ കേന്ദ്രത്തിൽ തുറന്ന് പ്രവർത്തിക്കണം. കന്നുകാലികൾക്ക് രോഗപ്രതിരോധ കുത്തിവെയ്പുകൾ മൃഗാസ്പത്രികളിലും, മറ്റു കേന്ദ്രങ്ങളിലും വെച്ച് സൗജന്യമായി ചെയ്തു കൊടുക്കണം. മരുന്നുകളും ലഭ്യമാക്കണം.

7. തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് സാമ്പത്തിക ശേഷിയില്ലാത്തവർക്ക് ധനസഹായവും, വളവും നൽകണം.

8. അലഞ്ഞു നടക്കുന്ന നായകളെ നശിപ്പിക്കുക. വളർത്തു നായ്ക്കൾക്ക് പേ വിഷബാധക്കെതിരായ കുത്തിവെയ്പ് നിർബന്ധമാക്കുക.

9. ഇറച്ചികോഴ്, താറാവ് മുതലായവ വളർത്തുന്നതിന് നല്ലയിനം കുഞ്ഞുങ്ങളെ നൽകുന്നതോടൊപ്പം സാമ്പത്തിക സഹായവും, പരിപാലന രീതികളും ആവശ്യക്കാർക്ക് നൽകുക

10. പാലുൽപന്നങ്ങൾ നിർമ്മിക്കാനുള്ള സ്ഥാപനം, ക്ഷീരസംഘങ്ങളുമായി ബന്ധപ്പെട്ട് സ്ഥാപിക്കുക.

11. മുയൽകൃഷി നടത്തുന്നതിന്.ആരംഭിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നല്കുക

12. മൃഗാസ്പത്രിയുടെ അറ്റകുറ്റപണികൾ അടിയന്തിരമായി നടത്തുക.

13. ഗോവർഗ്യാസ് സ്ഥാപിക്കുന്നതിന് വേണ്ടത്ര സാമ്പത്തിക സഹായവും സാങ്കേതിക പരിജ്ഞാനവും നല്കുക.

# വിദ്യാഭ്യാസം

സാമൂഹ്യരംഗത്തെന്ന പോലെ ചാഴൂർ പഞ്ചായത്ത് വിദ്യാഭ്യാസ രംഗത്തും ഉന്നതനിലവാരം പുലർത്തി പോരുന്നു. ദേശീയപ്രസ്ഥാനവും അതിന്റെ ഭാഗമായ സാമൂഹിക പരിഷ്ക്കരണ പ്രവർത്തനങ്ങളും ചെത്തുതൊഴിലാളി, കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങളും വിദ്യാഭ്യാസ രംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ശ്രീനാരായണഗുരുദേവന്റെയും അദ്ദേഹത്തിന്റെ ശിഷ്യനായ ശ്രീബോധാനന്ദസ്വാമികളുടേയും ആദർശങ്ങളും പ്രവർത്തനങ്ങളും വിദ്യാഭ്യാസത്തിന്റെ വളർച്ചയിലും വിദ്യാലയങ്ങളുടെ സ്ഥാപനത്തിലും വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ചാഴൂർ ശ്രീനാരായണ മെമ്മോറിയൽ യു.പി. സ്കൂൾ, കുറുമ്പിലാവ് സ്വാമി ബോധാനന്ദ യു.പി. സ്കൂൾ എന്നീ വിദ്യാലയങ്ങൾ സ്ഥാപിതമായത് ശ്രീനാരയണ ഭക്തരുടെ ശ്രമഫലമായിട്ടാണ്. പുള്ള്, ആലപ്പാട്, ചാഴൂർ എന്നിവിടങ്ങളിലെ ഗ്രാമീണ വായനശാലകൾ പഴുവിലെ ജയ്ഹിന്ദ് ലൈബ്രറി ഇഞ്ചമുടി ചിറ്റുവേലി എന്നിവിടങ്ങളിലെ ഗ്രാമീണ വായനശാലകൾ എന്നിവയും വായനശാലകളോട് ചേർന്നുള്ള ഗ്രന്ഥാലയങ്ങളും അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് സാരമായ സംഭാവനകൾ നൽകി. പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് നിസ്വാർത്ഥ സേവനം അനുഷ്ഠിച്ച ആദ്യകാല അദ്ധ്യാപകരും കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഇങ്ങനെ സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പുതന്നെ പൊതു വിദ്യാഭ്യാസരംഗത്ത് ചാഴൂർ പഞ്ചായത്ത് ബഹുദൂരം മുൻപിലായിരുന്നു.

1912ൽ കുറുമ്പിലാവിൽ സ്ഥാപിച്ച ഗവ: ലോവർ പ്രൈമറി സ്കൂളാണ് ഈ പഞ്ചായത്തിലെ ആദ്യവിദ്യാലയം പിന്നീട് 1918ൽ ആലപ്പാട് ഗവ: ലോവർ പ്രൈമറി സ്കൂളും സ്ഥാപിക്കപ്പെട്ടു. തുടർന്ന് പുള്ള് ALP സ്കൂൾ, ചാഴൂർ ALP സ്കൂൾ, പഴുവിൽ MG സ്കൂൾ, ചാഴൂർ SNM UP സ്കൂൾ, പഴുവിൽ ST.Antony's U.P. സ്കൂൾ, കുറുമ്പിലാവ് SB up സ്കൂൾ എന്നിങ്ങനെ ആറു വിദ്യാലയങ്ങൾ കൂടി ഈ പഞ്ചായത്തിനകത്ത് പിറവിയെടുത്തു. ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വിദ്യാലയത്തിന്റെ പേര് | മാനേജ്മെന്റ് | ആരംഭിച്ച വർഷം | ആകെ കുട്ടികൾ | SC/ST | പഠനം നിർത്തിയവർ | അദ്ധ്യാപകർ ആകെ |
|---|---|---|---|---|---|---|
| | | | ആൺ പെൺ ആകെ | ആൺ പെൺ ആകെ | ആൺ പെൺ ആകെ | |
| എൽ.പി.എസ് പുള്ള് | എയിഡഡ് | 1926 | 38 50 88 | 11 14 25 | - - - | 4 |
| ജി.എൽ.പി.എസ് ആലപ്പാട് | സർക്കാർ | 1918 | 145 139 284 | 26 24 50 | - - - | 8 |
| ജിഎൽ.പി.എസ് ചാഴൂർ | എയിഡഡ് | 1925 | 130 127 257 | 17 27 44 | 1 - 1 | 9 |
| സെന്റ് ആൻസ് എ.ജി,എസ് പഴുവിൽ | എയിഡഡ് | 1927 | 331 329 660 | 48 43 91 | - -- | 17 |
| എസ്.എൻ.എം.ഹൈസ്കൂൾ ചാഴൂർ | എയിഡഡ് | 1942 | 423 336 759 | 91 91 182 | 14 8 22 | 38 |
| ജി.എൽ.പി.എസ്. കുറുമ്പിലാവ് | സർക്കാർ | 1912 | 241 265 506 | 57 63 120 | - - - | 16 |
| സെന്റ്.ആന്റണീസ് പഴുവിൽ | എയിഡഡ് | 1947 | 558 429 987 | 61 59 120 | - - - | 41 |
| എസ്.ബി. ഹൈസ്കൂൾ കുറുമ്പിലാവ് | എയിഡഡ് | 1941 | 446 475 921 | 104 120 224 | 30 22 68 | 39 |

ഇന്നു നിലവിലുള്ള എല്ലാ വിദ്യാലയങ്ങളും സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പുതന്നെ നിലവിൽ വന്നിരുന്നു. എന്നാൽ ഹൈസ്കൂളുകളെല്ലാം യു.പി. സ്കൂളുകളായാണ് ആരംഭിച്ചത്. 1949ൽ അപ്ഗ്രേഡ് ചെയ്ത സ്വാമിബോധാനന്ദ ഹൈസ്കൂളാണ് പഞ്ചായത്തിലെ ആദ്യഹൈസ്കൂൾ. പിന്നീട് 1978ൽ പഴുവിൽ സെന്റ്. ആന്റണീസ് ഹൈസ്കൂളും ത1980ൽ ചാഴൂർ SNM ഹൈസ്കൂളും അപ്ഗ്രേഡ് ചെയ്യപ്പെട്ട അതുവരെ അപ്പർ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി താന്ന്യം പഞ്ചായത്തിലെ പെരിങ്ങോട്ടുകര സർക്കാർ ഹൈസ്കൂൾ, പെരിങ്ങോട്ടുകര സെറാഫിക്ക് കോൺവെന്റ് ഹൈസ്കൂൾ കിഴുപ്പിള്ളിക്കര നളന്ന ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ചേറ്റക്കുളം- വപ്പുഴ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് വളരെ ദൂരം സഞ്ചരിക്കേണ്ട സ്ഥിതി ഇപ്പോഴും നിലവിലുണ്ട്. അതുപോലെ പുള്ള് എൽ.പി. സ്കൂൾ ചാഴൂർ എൽ.പി.സ്കൂൾ എന്നീ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിന് ദൂരസ്ഥലങ്ങളിലേക്ക് പോകേണ്ടതായും വരുന്നുണ്ട്. ഹൈസ്കൂളുകളിൽ ഒന്നിലും പ്ലസ്ടു ആരംഭിക്കാത്തതിനാൽ ഹയർ സെക്കന്ററി വിദ്യാഭ്യാസസൗകര്യവും ഈ പഞ്ചായത്തിൽ ലഭ്യമല്ല. കൂടാതെ സാങ്കേതിക വിദ്യാലയങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിനകത്ത് ഇല്ല എന്നത് ഏറ്റവും വലിയ കുറവായി ഇപ്പോഴും നിലനിൽക്കുന്നു.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ എട്ട് ട്യൂട്ടോറിയൽ കോളേജുകളും ആറ് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സംഗീത-നൃത്ത അഭ്യസനത്തിന് യാതൊരു സൗകര്യവും ഈ പഞ്ചായത്തിനകത്ത് നിലിവിലില്ല. കലാശാല വിദ്യാഭ്യാസത്തിനായി നാട്ടിക ശ്രീനാരായണ കോളേജ്, തൃശൂർ പട്ടണത്തിലെ മറ്റ് കോളേജുകൾ എന്നിവയേയും സാങ്കേതിക വിദ്യാഭ്യാസത്തിന് വലപ്പാട് ശ്രീരാമ പോളിടെക്നിക്ക്, തൃശൂർപട്ടണത്തിലും പരിസരത്തുമുള്ള പോളി ടെക്നിക്കുകൾ ഐ.ടി.ഐ.കൾ ഐ.ടി.സികൾ എന്നിവയെയുമാണ് ആശ്രയിക്കുന്നത്.

കലാ കായിക രംഗത്ത് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അംഗീകാരം നേടുന്നതിനുമുള്ള പല വേദികൾ വിദ്യാർത്ഥികൾക്ക് ഇന്ന് ലഭ്യമാണ്. സ്കൂൾ തലത്തിൽ നടക്കുന്ന ബാലകലാ-യുവജനോത്സവം ഉപജില്ലാ തലത്തിൽ നടക്കുന്ന ബാലകലാ - യുവജനോത്സവവും സംസ്കൃതോത്സവവും ഉപജില്ലാതലത്തിൽ നടക്കുന്നു. പ്രൈമറി വിദ്യാർത്ഥികൾക്കായുള്ള ശിശുദിന കായികമേളകളും ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന ജില്ലാ അത്‌ലറ്റിക് മീറ്റുകളും ഇവയിൽ ചിലതാണ്. പക്ഷേ വർഷം ചെല്ലുംതോറും കലാകായികരംഗത്ത് നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികൾ പിൻതള്ളപ്പെടുന്നു എന്ന യാഥാർത്ഥ്യം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ ആകെ എണ്ണം 4462 ആണ്. ഇവരിൽ 2312 ആൺകുട്ടികളും 2150 പെൺകുട്ടികളുമാണ്. പട്ടികജാതിയിൽപെട്ട 415 ആൺകുട്ടികളും 441 പെൺകുട്ടികളും കൂടി 856 വിദ്യാർത്ഥികളും ഇക്കൂട്ടത്തിലുണ്ട്. പഠനം നിർത്തിയ വിദ്യാർത്ഥികളിൽ പ്രൈമറി സെക്ഷനിൽ 1 ആൺകുട്ടി മാത്രമേ കാണുന്നുള്ളു. യു.പി. ഹൈസ്കൂൾ തലങ്ങളിലായി 53 ആൺകുട്ടികളും 30 പെൺകുട്ടികളും കൂടി 83 കുട്ടികൾ ഉള്ളതായി കാണുന്നു. രക്ഷിതാക്കളുടെ ദാരിദ്ര്യം, വിദ്യാർത്ഥികളുടെ അനോരോഗ്യം തൊഴിൽപരമായ വിദ്യാഭ്യാസത്തിലേക്കുള്ള തിരിഞ്ഞുപോക്ക് എന്നിവ ഇതിനുള്ള കാരണമായി കാണുന്നു. 300 ഓളം വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു അൺ എയ്ഡഡ് വിദ്യാലയവും ഈ പഞ്ചായത്തിലുണ്ട്. ഇതിനുപുറമേ 400ൽപരം വിദ്യാർത്ഥികൾ പരിസരത്തുള്ള പഞ്ചായത്തിലെ വിദ്യാലയങ്ങളിലും സാമ്പത്തികമായി ഉയർന്നവിഭാഗത്തിലെ 400ഓളം വിദ്യാർത്ഥികൾ മറ്റു പ്രദേശങ്ങളിലുമുള്ള വിദ്യാലയങ്ങളും പഠിക്കുന്നുണ്ട്.

ഇക്കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കുകൾ വെച്ചു പരിശോധിക്കുമ്പോൾ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം വർഷം തോറും കുറഞ്ഞുവരുന്നതായി കാണാം. ജനനനിരക്കിലുള്ള കുറവ്/ അടുത്തപഞ്ചായത്തുകളിലെ കൂടുതൽ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണ. ഇംഗ്ലീഷ് മീഡിയ ഭ്രമം എന്നിവയൊക്കെ ഇതിന്റെ കാരണമായി കാണാം. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ കുറഞ്ഞു കാണുന്നത് പുള്ള് എ.എൽ.പി.എസ്സിലാണ്. 1,2,3,4 എന്നീ സ്റ്റാൻഡേർഡുകളിലാകെ കൂടി 88 വിദ്യാർത്ഥി

കൾ മാത്രം. വിദ്യാർത്ഥികൾ കുറഞ്ഞതുകൊണ്ട് ഈ വിദ്യാലയം അൺ എക്കണോമിക്ക് ആയി പ്രഖ്യാപിച്ചിരിക്കുകയാണ്. മാത്രമല്ല കുട്ടികളുടെ കുറവുമൂലം പല വിദ്യാലയങ്ങളിലും ഡിവിഷൻ കുറഞ്ഞിട്ടുണ്ട്. തൻമൂലം ആ വിദ്യാലയങ്ങളിൽ പണിയെടുക്കുന്ന പല അദ്ധ്യാപകർക്കും ജോലി നഷ്ടപ്പെടുകയും ചിലർ സംരക്ഷിത അദ്ധ്യാപകരായി ദൂരെയുള്ള സർക്കാർ വിദ്യാലയങ്ങളിൽ ജോലി നോക്കുകയും ചെയ്തു വരുന്നുണ്ട്. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ചാലേ ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. വിദ്യാലയങ്ങൾ വിദ്യാർത്ഥികളുടെ ആകർഷക കേന്ദ്രമാക്കി മാറ്റാൻ ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതുണ്ട്. എല്ലാ വിദ്യാലയങ്ങളിലും കളിക്കോപ്പുകളും കളിയ്ക്കാനുള്ള കളിസ്ഥലവും ഉണ്ടായിരിക്കണം. വിദ്യാലയങ്ങളിൽ പ്രത്യേകിച്ച് പ്രൈമറി വിദ്യാലയങ്ങളിൽ പൂന്തോട്ടത്തോടുകൂടിയ ഒരു മിനി പാർക്ക് ഉണ്ടാകേണ്ടതും അത്യാവശ്യമാണ്. കലാകായികരംഗത്ത് പരിശീലനം ലഭിച്ച വിദഗ്ദ്ധരായ അദ്ധ്യാപകരുടെ സേവനവും എല്ലാ വിദ്യാലയങ്ങളിലും ലഭ്യമാക്കണം.

ദ്വിതീയ വിഭവ ശേഖരണത്തിലെ കണക്കുകൾ വെച്ച് പരിശോധിക്കുമ്പോൾ വെളിപ്പെടുന്നത് അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നുള്ളതാണ്. ഇത് പല വിദ്യാലയങ്ങളുടെയും പാഠ്യേതര പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. പഠനനിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പല നടപടികളും വിദ്യാലയങ്ങളിൽ സ്വീകരിക്കേണ്ടതാണ്. വിദ്യാർത്ഥികളെ ഗ്രൂപ്പ് തിരിച്ച് പഠിപ്പിക്കുന്നതും പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിങ്ങ് നൽകുന്നതും അഭികാമ്യമായിരിക്കും. ഇക്കാര്യത്തിൽ P.T.A.കൾക്കും ജനപ്രതിനിധികൾക്കും ആവശ്യമായ സഹായം ചെയ്യാനാവുകയും ചെയ്യും. ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ലാത്ത പല വിദ്യാലയങ്ങളും ഇന്ന് നമ്മുടെ പഞ്ചായത്തിലുണ്ട്. ചില വിദ്യാലയങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ല. വൈദ്യുതി, കുടിവെള്ളം, കളിസ്ഥലം, ലൈബ്രറി– ലബോറട്ടറി സൗകര്യങ്ങൾ എന്നിവയില്ലാത്ത വിദ്യാലയങ്ങളാണ് കൂടുതലും. മിക്ക വിദ്യാലയങ്ങളിലും സ്ഥിരമായ പാചകപ്പുരയോ പുകയില്ലാത്ത അടുപ്പോ ഒന്നും തന്നെയില്ല. ചുറ്റു മതിലില്ലാത്ത വിദ്യാലയങ്ങളാണ് ഭൂരിഭാഗവും. ചിലവയാകട്ടെ ഭാഗികമായി മാത്രം ഉള്ളവയാണ്. എല്ലാ ഹൈസ്കൂളുകൾക്കും കളിസ്ഥലമുണ്ടെങ്കിലും ഒന്നും പൂർണ്ണ ഉപയോഗപ്രദമല്ല. പഴുവിൽ, ചാഴൂർ എന്നീ ഹൈസ്കൂളുകളുടെ ഗ്രൗണ്ട് മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നവയാകയാൽ വേനൽകാലത്ത് മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. കുറുമ്പിലാവ് ഹൈസ്കൂൾ ഗ്രൗണ്ടിലാകട്ടെ നിരപ്പില്ലാത്തതിനാലും കല്ലുകൾ ഉയർന്നുനിൽക്കുന്നതിനാലും ശരിക്കും പ്രയോജനപ്പെടുന്നുമില്ല. പല വിദ്യാലയങ്ങളിലും ഫർണീച്ചറുകൾ കുറവുള്ളതായാണ് കാണുന്നത്. ഉണ്ട് എന്നു പറയുന്നിടത്തെല്ലാം കാലപ്പഴക്കം കൊണ്ടും ഉപയോഗം കൊണ്ടും നാശമേശാത്തവയാണ്. വിദ്യാർത്ഥികളിൽ അച്ചടക്കം വിപതിധൈര്യം, സ്ഥിരത, ത്യാഗമനോഭാവം എന്നിവ വളർത്തിയെടുക്കുന്നതിന് N.C.C., സ്ക്കൗട്ട്, ഗൈഡ് എന്നിവ വളരെയ പ്രയോജനം ചെയ്യും. എന്നാൽ പല വിദ്യാലയങ്ങളിലും ഇവ നിലവിലില്ല എന്നു കാണാവുന്നതാണ്. അതുപോലെ തന്നെ സർക്കാർ വിദ്യാലയങ്ങളിൽ സ്ഥിരമൊഴിവുകൾ നികത്താത്ത സാഹചര്യവും താത്ക്കാലിക ഒഴിവകളിൽ അധ്യാപകരെ നിയമിക്കാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്.

വിദ്യാലയങ്ങളിലെ പഠന നിലവാരം വിലയിരുത്തിയതിൽ വിദ്യാർത്ഥികളിൽ ഇരുപതു ശതമാനത്തോളം പേർ പ്രതീക്ഷിത മിനിമം നിലവാരത്തിനും താഴെയാണെന്നു കാണുന്നു. പഞ്ചായത്തിലെ വിവിധ ഹൈസ്കൂളുകളിലെ S.S.L.C വിജയശതമാനം താഴെ ചേർക്കുന്നു.

| ക്രമനമ്പർ സ്കൂളിന്റെ പേര് | 91–92 | 92–93 | 93–94 | 95–96 | |
|---|---|---|---|---|---|
| 1. SNM ഹൈസ്കൂൾ ചാഴൂർ | 80% | 62% | 64% | 55% | 58% |
| 2. St. Antony's ഹൈസ്കൂൾ പഴുവിൽ | 79% | 86% | 75% | 72% | 72.4% |
| 3. SBHS കുറുമ്പിലാവ് | 88% | 85% | 80% | 85% | 61% |

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള 23 അംഗനവാടികളും മൂന്ന് ബാലവാടികളും മൂന്ന് നേഴ്സറി വിദ്യാലയങ്ങളുമടക്കം 29 ശിശുവിദ്യാലയങ്ങൾ ഇപ്പോൾ ചാഴൂർ പഞ്ചായത്തിലുണ്ട്. ഇവയിൽ ആറ് അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമില്ല. ശിശു വിദ്യാലയങ്ങളിലൊന്നിലും ആവശ്യമായ കളിക്കോപ്പുകളോ പഠനോപകരണങ്ങളോ ഇല്ല. കൂടാതെ ഡേ കെയർ യൂണിറ്റുകൾ തൊഴിലെടുക്കുന്ന അമ്മമാർക്ക് വളരെ ഉപകാരപ്രദമാണ്. ആവശ്യമായ ഇടങ്ങളിലെല്ലാം ഡേ കെയർ യൂണിറ്റുകൾ ആരംഭിക്കുകയും പഴുവിലെ ഡേ കെയർ യൂണിറ്റ് സർക്കാർ അംഗീകരിക്കുകയും വേണം.

അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ ചാഴൂർ ഗ്രാമീണ വായനശാല, പഴുവിൽ ജയ്ഹിന്ദ് ലൈബ്രറി, പഞ്ചായത്ത് AKG സ്മാരക വായനശാല, ഇഞ്ചമുടി ഗ്രാമീണ വായനശാല എന്നീ വായനശാലകളും ഗ്രന്ഥശാലകളും സജീവ പങ്കാളിത്തം വഹിക്കുന്നുണ്ട്. സാക്ഷരതാ പ്രവർത്തനങ്ങളും പഞ്ചായത്തിൽ വളരെ സജീവമായിരുന്നു. 91%ത്തിലധികം സാക്ഷരത കൈവരിക്കാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. തുടർവിദ്യാഭ്യാസത്തിന്റെ ആസൂത്രണ പരിപാടികളുടെ അഭാവം ഈ രംഗത്ത് ഇനിയും നിലനിൽക്കന്നുണ്ട്. പഠനം പാൽപായസമാക്കുക എന്ന മുദ്രാവാക്യമുയർത്തി ശാസ്ത്ര സാഹിത്യപരിഷത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന വിജ്ഞാനോത്സവം ഈ പഞ്ചായത്തിൽ വർഷം തോറും നടത്തിവരുന്നുണ്ട്. വലിയ ആവേശത്തോടുകൂടി വിദ്യാർത്ഥികൾ ഈ സംരഭത്തിൽ പങ്കാളികളാകുന്നുണ്ട്. അധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും വലിയ തോതിലുള്ള സഹായ സഹകരണങ്ങൾ ഈ പരിപാടികൾക്ക് നൽകിവരുന്നുണ്ട്.

## *പ്രശ്നങ്ങൾ*

1.വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നു
2. വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ തൃപ്തികരമല്ല.
3. സമീപ പഞ്ചായത്തുകളിലേക്കും ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്കും പോകുന്ന കുട്ടികളുടെ എണ്ണം കൂടി വരുന്നു.
4. അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ വർദ്ധന പൊതു വിദ്യാലയങ്ങളുടെ ഭാവിയെ സാരമായി ബാധിക്കുന്നു.
5.വിദ്യാർത്ഥികളിലെ നിരക്ഷരത ഗണ്യമായ തോതിൽ നിലനിൽക്കുന്നു
6. ശിശുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
7. ഹൈസ്കൂളുകളിൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസ സൗകര്യമില്ല.
8. സാങ്കേതിക വിദ്യാലയങ്ങളൊന്നും തന്നെ പഞ്ചായത്തിലില്ല.
9. അനൗപചാരിക വിദ്യാഭ്യാസത്തിനുവേണ്ടി ആസൂത്രിത പരിപാടികളൊന്നും തന്നെയില്ല.
10.ചില വിദ്യാലയങ്ങളിൽ PTA ഫലപ്രദമല്ല. ക്ലാസ്സ് PTAകളും മാതൃസംഘങ്ങളും നിലവിലില്ല.

## *സാധ്യതകൾ*

1. അയൽപക്ക വിദ്യാലയ സമ്പ്രദായത്തിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടി
2. പഞ്ചായത്തുതലത്തിൽ സ്കൂൾ കോംപ്ലക്സുകളാരംഭിക്കുക.
3. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് സൗകര്യം ഏർപ്പെടുത്തുക.
4. വിദ്യാഭ്യാസ സർവ്വേയുടെ അടിസ്ഥാനത്തിൽ മാത്രം വിദ്യാലയങ്ങൾ അനുവദിക്കുക.
5. പഞ്ചായത്ത് തല PTA രൂപീകരിക്കുക.

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ചാഴൂർ ഗ്രാമപഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ്സ് കിണറുകളാണ്. 5428 വീടുകൾ ഉള്ളതിൽ 2000 ഓളം വീടുകളിൽ കിണറുകൾ ഉണ്ട്. മാർച്ച് ഏപ്രിൽ മാസം മുതൽ ഈ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഉണ്ട്. പ്രത്യേകിച്ചും ഹരിജനങ്ങളും മറ്റ് വിഭാഗങ്ങളും തിങ്ങിപാർക്കുന്ന മേഖലകളിൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. വർഷകാലങ്ങളിൽ —— ശതമാനത്തോളം ജനങ്ങൾ സ്വന്തം കിണറുകൾ കുടിവെള്ളം ലഭിക്കുവാൻ ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിന്റെ പരിധിയിൽ പഞ്ചായത്ത് കിണറുകൾ ആയി 39 എണ്ണവും കുഴൽ കിണറുകളായി 3 എണ്ണവും ഉണ്ട്. ഇതിൽ കുഴൽ കിണറുകൾ ഉപയോഗശൂന്യമാണ്. പഞ്ചായത്ത് കിണറുകളും ഇതിൽനിന്നും വ്യത്യസ്തമല്ല. ചില പ്രദേശങ്ങളിലെ ജനങ്ങൾക്ക് വളരെ ദൂരം നടന്നതിനുശേഷമാണ് വേനൽ കാലത്ത് കുടിവെള്ളം ലഭിക്കുകയുള്ളു. വപ്പുഴയിൽ ഉപ്പുവെള്ളത്തിന്റെ ആധിക്യം ഉള്ളതുകൊണ്ട് കുടിവെള്ളത്തിന് അവിടുത്തെ ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടാണ് അനുഭവപ്പെടുന്നത്. പുറത്തൂർ, തിണ്ടാട്, പുറത്തൂർ ദേശത്തെ മാട്, അംബേദ്കർ കോളനികൾ, പുറത്തൂർ ഷാപ്പ് പരിസരം, കോട്ടം കോളനി, കോട്ടം വടക്കുമുറി കോളനി, പൊയിലിപ്പറമ്പ് കോളനി, തൃക്കാപ്പള്ളം കോളനി, മാവുംതോപ്പ് വെണ്ണരായി ഹരിജൻ കോളനി, അകംപാടം പ്രദേശം തെക്കേക്കര പഴുവിൽ, കോപ്പുറം കർഷകനഗർ, പെരുമ്പിടിക്കുന്ന്, ഇരട്ടപ്പാലം, മുരിക്കുന്ന്, കുണ്ടോളിക്കടവ്, കുന്നിനാലയ്ക്കൽ, ഇഞ്ചമുടി കോളനി തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളത്തിന് ക്ഷാമം ഉള്ളതുകൊണ്ട് അടിയന്തിരമായി ഈ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതാണ്. പ്രദേശങ്ങൾ പലതും ചരിഞ്ഞതായതിനാൽ മഴവെള്ളം താഴ്ന്നിറങ്ങുവാൻ സൗകര്യം ഇല്ല. ഭൂരിഭാഗം വെള്ളവും ഒഴുകി പോകുകയാണ് ചെയ്യുന്നത്. മഴക്കാലത്ത് മഴവെള്ളം മണ്ണിൽ താഴ്ന്നിറങ്ങുവാൻ ആവശ്യമായ കൈചാലുകൾ, വരമ്പുകൾ, തോടുകൾ എന്നിവയുടെ നിർമ്മാണവും ചെടികളും, വൃക്ഷങ്ങളും വെച്ച് പിടിപ്പിക്കുന്ന പരിപാടിയും ബോധവൽക്കരണവും വളരെ വ്യാപകമായ തോതിൽ നടത്തേണ്ടതുണ്ട്.

### *പ്രശ്നങ്ങൾ*

1. പഞ്ചായത്ത് കിണറുകൾ പലതും ശോചനീയാവസ്ഥയിൽ ആണ്.
2. കുഴൽ കിണറുകൾ ഉണ്ടെങ്കിലും വെള്ളം ഉപയോഗശൂന്യമാണ്.
3.മഴവെള്ളം ഒഴുകി പോകുകയാണ് ചെയ്യുന്നത്.
4. കുടിവെള്ളം ശുചിയായി സൂക്ഷിക്കുന്നതിനുള്ള പരിപാടികളും പരിസര ശുചീകരണത്തിന്റെ ബോധവൽക്കരണവും വേണ്ടത്ര ലഭിക്കുന്നില്ല.
5. വപുഴയിൽ ഉപ്പുവെള്ളത്തിന്റെ ആധിക്യം വളരെ കൂടുതൽ ആണ്.
6. പഞ്ചായത്ത് വക കുളങ്ങൾ,കിണറുകൾ പല വ്യക്തികൾ മാത്രം ഉപയോഗിക്കുന്നുണ്ട്. പൈപ്പ് ലൈൻ ഉള്ള സ്ഥലങ്ങളിൽ ധാരാളം വെള്ളം പൈപ്പ് പൊട്ടി ഒഴുകി പോകുന്നുണ്ട്.
7. S.N.. റോഡിന് സമീപമുള്ള നിലവിലുള്ള ഉപയോഗശൂന്യമായ പഞ്ചായത്ത് കിണർ സ്ഥലം വിട്ടു തന്ന ആൾക്ക് വിട്ട് കൊടുത്താൽ മറ്റ് കിണർ കുത്തുന്നതിനുള്ള അനുമതി പഞ്ചായത്ത് കൊടുക്കണം.
8. പുറത്തൂർ, തിണ്ടാട്, പുറത്തൂർ ദേശത്തെ മാട്, അംബേദ്കർ കോളനികൾ, പുറത്തൂർ ഷാപ്പ് പരിസരം, കോട്ടം കോളനി, പൊയിലിപറമ്പ് കോളനി, തൃക്കാപ്പള്ളം കോളനി, മാവുംതോപ്പ് വെണ്ണറായി ഹരിജൻ കോളനി, അകംപാടം പ്രദേശം തെക്കേക്കര പഴുവിൽ, കോപ്പുറം കർഷക നഗർ, പെരുമ്പിടിക്കുന്ന്, ഇരട്ടപ്പാലം, മൂരിക്കുന്ന്, കുണ്ടോളിക്കടവ്, കുന്നിനാലയ്ക്കൽ, ഇഞ്ചമുടി കോളനി എന്നീ സ്ഥലങ്ങളിൽ കുടിവെള്ളത്തിന് വളരെ ക്ഷാമം ഉണ്ട്.

### നിർദ്ദേശങ്ങൾ

1. ജലലഭ്യതയുള്ള പഞ്ചായത്ത് കിണറുകൾ വൃത്തിയാക്കി വെള്ളം ചീത്തയാകാതെ സംരക്ഷിക്കണം.

2. ചരിഞ്ഞ പ്രദേശങ്ങളെ തട്ടുകളാക്കി തിരിച്ചും പുഴയിൽ തടയിണകൾ കെട്ടിയും തോടുകൾ താഴ്ത്തിയും പരിസരപ്രദേശങ്ങളിലെ ജലലഭ്യത വർദ്ധിപ്പിക്കുവാൻ കഴിയും.

3. ബോധവൽക്കരണത്തിലൂടെ കുടിവെള്ളം ശുചിയായി സംരക്ഷിക്കുവാൻ ജനങ്ങളെ പ്രാപ്തരാക്കാം.

4.വെള്ളത്തിനു ക്ഷാമമുള്ള പ്രദേശങ്ങളിൽ അടിയന്തിരമായി പൈപ്പ് ലൈൻ വലിച്ച് ടാപ്പുകൾ സ്ഥാപിക്കണം. ടാപ്പുകൾ സ്ഥാപിക്കുമ്പോൾ ജനങ്ങൾക്ക് ഉപയോഗം ഉള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുവാൻ ശ്രദ്ധിക്കണം.

5. പൈപ്പ്ലൈൻ പൊടിവെള്ളം അനാവശ്യമായി ഒഴുക്കിക്കളയുന്നത് തടയാൻ കാലാകാലങ്ങളിൽ റിപ്പയർ നടത്തണം.

6. പഞ്ചായത്ത് വക കുളങ്ങളും, കിണറുകളും ഏതെന്ന് ഉറപ്പാക്കുകയും വേണം.

7. മരണാനന്തര സഹായസമിതി ഓഫീസിനു പടിഞ്ഞാറ് S.N. റോഡിനു സമീപമുള്ള പഞ്ചായത്ത് കിണറ്റിൽ ചത്ത ജീവികളെ കൊണ്ടിടുന്നതിനുള്ള ഒരു മാർഗ്ഗമായി സ്വീകരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് ടി. ഭൂമി പഞ്ചായത്തിന് വിട്ടുതന്ന വ്യക്തിക്കു തിരികെ കൊടുത്താൽ പടിഞ്ഞാറ് ഭാഗത്തുള്ള കോളനിക്കാർക്ക് ടിയാന്റെ ചെലവിൽ പുതിയ കിണർ നിർമ്മിച്ച് കൊടുക്കാമെന്ന് സമ്മതിച്ചിട്ടുള്ളതാണ്. ഇത് നടപ്പിലാക്കുന്നതിന് പഞ്ചായത്ത് അനുമതി കൊടുക്കേണ്ടതാണ്.

## പൊതുജനാരോഗ്യം, ശുചിത്വം

രോഗം വന്നാൽ ചികിൽസിക്കുന്ന ഏർപ്പാട് പൊതുവെ നില നിൽക്കുന്നുണ്ട്. ആധുനിക വൈദ്യശാസ്ത്രത്തിന്റെ സേവനം പഞ്ചായത്തിൽ ഉണ്ട്. ചാഴൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 5 ക്ലിനിക്കുകളും 10 മെഡിക്കൽ ഷോപ്പും ഒരു ഹോമിയോ ഡിസ്പെൻസറിയും, ആയുർവ്വേദ മരുന്നുകൾ വിൽക്കുന്ന കടകൾ 9 എണ്ണവും ആലപ്പാട് ഒരു ഹെൽത്ത് സെന്ററും സബ്സെന്ററുകളായി ചിറക്കൽ, പഴുവിൽ, ചാഴൂർ, പുള്ള്, ആലപ്പാട് എന്നീ സ്ഥലങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. ആയുർവ്വേദ ആശുപത്രികൾ — എണ്ണവും പഞ്ചായത്തിൽ ഉണ്ട്. ചികിത്സാ ചിലവ് ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും ആധുനിക വൈദ്യശാസ്ത്രത്തിന്റെ സന്തതിയായ സ്പെഷലൈസേഷൻ ഭ്രമം സാധാരണ ജനങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു. ചെറിയ അസുഖത്തിനു പോലും സ്പെഷലിസ്റ്റിനു കൺസൾട്ട് ചെയ്യുക എന്നത് ജീവിതരീതിയായിക്കൊണ്ടിരിക്കുന്നു. വയറിളക്കവും പനിയും ഛർദ്ധിയും ത്വക്ക് രോഗങ്ങളും സാധാരണ ഉണ്ടാകുന്ന രോഗങ്ങളാണ്. പരിസരശുചിത്വത്തിന്റെയും കുടിവെള്ള ശുചിത്വത്തിന്റെയും കാര്യത്തിൽ പൊതുവെ വളരെ പിന്നിലാണ്. വ്യക്തിശുചിത്വത്തിന്റെ കാര്യത്തിൽ കുറേ ഏറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഇനിയും മുന്നോട്ട് പോകേണ്ടതുണ്ട്.

ഭക്ഷണ അവശിഷ്ടങ്ങളും മറ്റ് മാലിന്യങ്ങളും വീടിന്റെ പരിസരത്ത് തന്നെ അലക്ഷ്യമായി ഇടുന്ന പ്രവണത പൊതുവെ ഉണ്ട്. കച്ചവട കേന്ദ്രങ്ങളിൽ നിന്ന് എല്ലാവിധ മാലിന്യങ്ങളും റോഡിലേക്ക് തള്ളിയിടുന്ന ഏർപ്പാട് നിലനിൽക്കുന്നു. കിണറുകൾ ആണ് പ്രധാന കുടിവെള്ളമാർഗ്ഗം കിണറിന്റെ മുകൾ ഭാഗം വലകെട്ടി സംരക്ഷിക്കണം എന്ന ഏർപ്പാട് വളരെ കുറവാണ്. വെള്ളം തിളപ്പിച്ച് ഉപയോഗിക്കുന്ന ശീലം കുറച്ച് ആളുകൾക്ക് മാത്രമേ ഉള്ളു. വീടുകളുടെ പരിസരത്ത് ചെളിവെള്ളം കെട്ടിനിൽക്കുകയും ചപ്പ് ചവറുകൾ കുന്നു കൂടി കിടക്കുന്നതുകൊണ്ടും ചാണക കുഴികൾ വൃത്തിയായി സൂക്ഷിക്കുവാൻ കഴിയാത്തതുകൊണ്ടും കൊതുക് ശല്യം വളരെയധികം വർദ്ധിച്ചിരിക്കുകയാണ്. പഞ്ചായത്തിലുള്ള മൊത്തം കുടുംബങ്ങൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള കക്കൂസ് സൗകര്യം പഞ്ചായത്തിലെ വിവിധ മേഖലകളിലുള്ള കുടുംബങ്ങളിൽ ഇല്ല. പരിസരശുചിത്വത്തിന് വളരെ ഏറെ വെല്ലുവിളിയാണ് ഈ പ്രശ്നം നേരിടുന്നത്. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളുടെ ശല്യം വളരെ കൂടുതലാണ്. പൊതുജനാരോഗ്യത്തിന് കാര്യമായി ഭീഷണി ഉയർത്തുന്ന പ്രശ്നമാണിത്. പോഷക ആഹാരം എന്ന ആശയം സാധാരണ ജനങ്ങളിലേക്ക് എത്തിയിട്ടില്ല. ആവശ്യമായ സാമ്പത്തിക സ്ഥിതിയും സാധാ

രണ ജനങ്ങൾക്ക് ഇല്ല. പരസ്യങ്ങളിൽ ആകൃഷ്ടരായി പല സാധനങ്ങളും വാങ്ങിക്കൊണ്ടിരിക്കുന്ന ശീലം ജനങ്ങളിൽ വളർന്ന് കൊണ്ടിരിക്കുന്നു. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ കക്കൂസ് നിർമ്മിക്കാൻ വർഷക്കാലമായാൽ കക്കൂസുകളിൽ വെള്ളം കയറുന്നത് സാധാരണയാണ്. ഇത്തരത്തിലുള്ള സ്ഥലങ്ങളിൽ കക്കൂസ് നിർമ്മിക്കുമ്പോൾ വെള്ളം വരാതിരിക്കുന്നതിനുള്ള രീതിയിൽ കക്കൂസ് നിർമ്മിക്കണം. (സെപ്റ്റിക്ക് ടാങ്ക്) കക്കൂസ് നിർമ്മിക്കുന്നതിന് കൊടുക്കുന്ന ഗ്രാന്റിനോടൊപ്പം തിരിച്ചടക്കുന്ന ലോണു കൂടി കൊടുത്ത് കക്കൂസ് നിർമ്മാണം പൂർത്തിയാക്കേണ്ട സാഹചര്യം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

## *പ്രശ്നങ്ങൾ*

1. ഇപ്പോൾ നിലവിലുള്ള ആലപ്പാട് ഹെൽത്ത് സെന്ററിൽ 30ഓളം രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമെ ഉള്ളു.

2. ആലപ്പാട് ഹെൽത്ത്സെന്ററിന്റെ കെട്ടിടം, മതിൽ, ഗെയിറ്റ് എന്നിവ വളരെ ശോചനീയാവസ്ഥയിലാണ്.

3. ആലപ്പാട് ഹെൽത്ത് സെന്ററിലും സബ്സെന്ററുകളിലും ഫീൽഡ് വർക്കർ, ഹെൽത്ത് നേഴ്സ്, ലാബറട്ടറി ടെക്നീഷ്യൻ തുടങ്ങിയ ഒഴിവുകൾ ഉണ്ട്.

4. ആലപ്പാട് ഹെൽത്ത്സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചിറക്കൽ, പഴുവിൽ, ചാഴൂർ സബ്സെന്ററുകൾക്ക് സ്വന്തസ്ഥലവും കെട്ടിടവും ഉണ്ട്. എന്നാൽ ആലപ്പാട്, പുള്ള് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സബ്സെന്ററിന്റെ പ്രവർത്തനം വാടകകെട്ടിടത്തിലാണ്. പുള്ളിൽ സ്ഥലം വാങ്ങിയിട്ടുണ്ട്. കെട്ടിടം പണിതിട്ടില്ല.

5. ആലപ്പാട് ഹെൽത്ത്സെന്ററിൽ ആവശ്യത്തിനുള്ള മരുന്ന് ഇല്ല.

6. ആലപ്പാട് ഹെൽത്ത് സെന്ററിൽ ജനറേറ്റർ വെക്കുന്നതിനുള്ള സൗകര്യം ഇല്ല.

7. ഹെൽത്ത്സെന്ററിൽ ഇപ്പോൾ കിട്ടുന്ന മണ്ണെണ്ണ കുറവാണ്.

8. ഹെൽത്ത് സെന്ററിൽ വൈദ്യുതി കണക്ഷൻ തകരാറിലാണ്. ആയതുകൊണ്ട് ഷോക്കേൽക്കുന്നുണ്ട്.

9. ഹെൽത്ത് സെന്ററിൽ എക്സ്റേ പ്ലാന്റ് സൗകര്യം ഇല്ല. പഴുവിൽ മൃഗാസ്പത്രിയുടെ കെട്ടിടം, മതിൽ, കിണർ തുടങ്ങിയവയുടെ അറ്റകുറ്റ പണികളും ആവശ്യത്തിന് സ്റ്റാഫും, ഡോക്ടർമാരും ഇല്ല.

10. പഞ്ചായത്തിന്റെ പ്രധാന സെന്ററുകളിൽ മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യമില്ല.

11.പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറി അവിടെനിന്നും മാറ്റി പ്രവർത്തിക്കണം. സ്വന്തമായി സ്ഥലം വാങ്ങി രോഗികളെ കിടത്തി ചികിത്സിക്കുന്ന ആശുപത്രയാക്കി ഉയർത്തണം.

12. ഹെൽത്ത്സെന്ററിലെ ശുദ്ധജല സൗകര്യം കുറവാണ്. O.P. രോഗികൾക്കും മറ്റും ഉപയോഗിക്കുവാൻ ബാത്റൂം സൗകര്യം കുറവാണ്.

13. ഹെൽത്ത്സെന്ററുകൾ ഇല്ലാത്ത വാർഡുകൾ പഞ്ചായത്തിൽ ഉണ്ട്.

14. ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ (സെന്ററുകളിൽ) ചപ്പുചവറുകൾ ശേഖരിക്കുന്നതിന് തൊട്ടികൾ സ്ഥാപിക്കണം.

15.ടി.ബി. രോഗികളും, വികലാംഗരും പഞ്ചായത്തിൽ കൂടുതൽ ഉണ്ട്.

16. അറവുശാലകളിൽ നിന്നും പുറത്ത് തള്ളുന്ന അവശിഷ്ടങ്ങൾ പൊതുസ്ഥലത്ത് നിക്ഷേപിക്കുന്നത് സാധാരണയാണ്.

17. ചാഴൂർ ഗ്രാമപഞ്ചായത്തിൽ ആയുർവേദ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്ന സമ്പ്രദായം നിലവിൽ ഇല്ല.

18. പഞ്ചായത്തിൽ വിഷചികിത്സ സൗകര്യം ഇല്ല.

19. റോഡിന്റെ വശങ്ങളിൽ വെച്ച് മൽസ്യം, മാംസം എന്നിവ വിൽക്കുന്നത് കൂടുതൽ ഉണ്ട്.

20. ആരോഗ്യപരമായ കാര്യങ്ങളെക്കുറിച്ച് ജനങ്ങൾ ബോധവാൻമാർ അല്ല. 21. രക്തദാനം, നേത്രദാനം എന്നിവയുടെ ഒരു ക്ലബ് ഈ പഞ്ചായത്തിൽ ഇല്ല.

22. മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവ ഉപയോഗിക്കുന്ന ശീലം പഞ്ചായത്തിൽ കൂടുതൽ ഉണ്ട്.

## *നിർദ്ദേശങ്ങൾ*

1. പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കുന്നതിന് വേണ്ടി പഞ്ചായത്തിൽ കക്കൂസുകൾ ഇല്ലാത്ത എല്ലാ വീടുകളിലും കക്കൂസ് സൗകര്യം ഉറപ്പുവരുത്തണം.

2. പഞ്ചായത്ത് വഴിയോ ഗ്രാമസേവകൻ വഴിയോ കക്കൂസ് പണിയുന്നതിന് കൊടുക്കുന്ന ഗ്രാന്റ് തുകകൊണ്ട് ലോകാരോഗ്യ സംഘടനയുടെ പ്ലാൻ അനുസരിച്ച് പണിയണം എന്ന് വ്യവസ്ഥ ചെയ്യണം.

3. പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പൊതു കക്കൂസ് സ്ഥാപിക്കണം.

4. ചപ്പ് ചവറുകൾ മറ്റ് മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ ഇടാതിരിക്കുന്നതിന് പ്രധാനപ്പെട്ട എല്ലാ സെന്ററുകളിലും തൊട്ടികൾ സ്ഥാപിക്കുകയും ഇതിൽ ശേഖരിക്കുന്ന ചപ്പുചവറുകൾ പഞ്ചായത്ത് തലത്തിൽ ഒരു S.P. ടാങ്ക് പണിത് അതിൽ ശേഖരിച്ച് ഇതിൽനിന്ന് ജൈവവളം ഉണ്ടാക്കുകയും ചെയ്യാവുന്നതാണ്.

5. കൊതുക്, ഈച്ച എന്നിവയെ നിയന്ത്രിക്കുവാൻ സംവിധാനം ഉണ്ടാക്കണം.

6. റോഡുകളുടെ ഇരുവശത്തുമുള്ള കാനകൾ വൃത്തിയാക്കുന്ന സംവിധാനം ഉണ്ടാക്കണം.

7. പൊതുസ്ഥലങ്ങളിൽ മലിനീകരണങ്ങൾ തടയുന്നതിനായി ജനങ്ങളെ ബോധവൽക്കരണം നടത്തണം.

8. അഴുകിയ മത്സ്യം, ഇറച്ചി എന്നിവ റോഡ് സൈഡിൽവെച്ച് വിൽക്കുന്നത് തടയണം.

9. വ്യാപാരകേന്ദ്രങ്ങളിൽ മൽസ്യം, മാംസം പച്ചക്കറി എന്നിവ വിപണനം ചെയ്യുന്നതിന് പ്രത്യേകം മാർക്കറ്റ് സംവിധാനം പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിക്കണം. അവ നിബന്ധന പാലിച്ച് കൊണ്ട് പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

10. പൊതു ജന ആരോഗ്യത്തെ സംബന്ധിച്ചുള്ള ചർച്ചകളും, ക്യാമ്പുകളും സെമിനാറുകളും പഞ്ചായത്ത് തലത്തിൽ നടത്തണം.

11. ആലപ്പാട് ഹെൽത്ത്സെന്റർ വിപുലീകരിക്കുകയും കൂടുതൽ രോഗികളെ കിടത്തി ചികിൽസിപ്പിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും നിലവിലുള്ള കെട്ടിടത്തിന്റെ ചോർച്ച മാറ്റുകയും ഇലക്ട്രിക്ക് വയറിംഗിന്റെ തകരാറ് തീർക്കുകയും OP രോഗികൾക്കും മറ്റും ഉപയോഗിക്കാവുന്ന വിധത്തിൽ ഒരു ബാത്റൂം ഉണ്ടാക്കുകയും അടിയന്തിരമായി ഒരു എക്സ്റേ പ്ലാന്റും ജനറേറ്റർ വെയ്ക്കുന്നതിന് ഒരു മുറിയും ഇപ്പോൾ അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുകയും ഒരു രക്തബാങ്ക് സ്ഥാപിക്കുകയും ലാബ് സൗകര്യം വർദ്ധിക്കുകയും ആവശ്യമായ ഡോക്ടർമാരെയും ഇപ്പോൾ ഒഴിഞ്ഞ് കിടക്കുന്ന പോസ്റ്റിൽ ജോലിക്കാരെ എത്രയും പെട്ടെന്ന് നിയമിക്കുകയും വേണം.

12. ആരോഗ്യ സംബന്ധമായി പഞ്ചായത്തിൽ വരുന്നഎല്ലാ കാര്യങ്ങളും ഹെൽത്ത് ഉദ്യോഗസ്ഥൻമാരെ കൊണ്ട് പരിശോധിപ്പിച്ചതിനുശേഷം ലൈസൻസ് കൊടുക്കേണ്ടതാണ്.

13. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ പഞ്ചായത്ത് തലത്തിൽ കൊന്നു കളയുകയും കാലാകാലങ്ങളിൽ കുത്തിവെച്ചു രേഖ കാണിക്കുകയും പുതിയ ലൈസൻസ് എടുപ്പിക്കുകയും വേണം.

14. ആയുർവേദ ചികിത്സാരംഗത്ത് വേണ്ടത്ര പ്രചരണം കൊടുക്കുകയും ഔഷധതോട്ടം മുതലായവ വെച്ച് പിടിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുകയും വേണം.

15. വിഷചികിത്സാരംഗത്ത് ആയുർവേദം, അലോപ്പതി, ഹോമിയോ രീതികളെ സമന്വയിപ്പിച്ചുകൊണ്ട് വിഷ ചികിത്സക്കുവേണ്ട ഒരു കേന്ദ്രം പഞ്ചായത്തിൽ നടത്തണം.

16. പാരമ്പര്യ വൈദ്യൻമാരെയും, ചികിത്സാരീതികളെയും പ്രോത്സാഹിപ്പിക്കുകയും വേണം.

17. സന്നദ്ധ സംഘടനകളെയും പൊതുപ്രവർത്തകരെയും ഉൾപ്പെടുത്തി രക്തദാനം ചെയ്യുവാൻ തയ്യാറായുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കണം.

18. നേത്രദാനത്തെക്കുറിച്ച് സെമിനാറുകളും ബോധവൽക്കരണവും നടത്തണം.

19. പഞ്ചായത്ത് തലത്തിൽ ഒരു നേത്രദാനം, രക്തദാനം എന്നിവയുടെ ഒരു ക്ലബ് സംഘടിപ്പിക്കുക.

20. ത്വക്ക് രോഗനിർണ്ണയ ക്യാംമ്പ് വർഷത്തിൽ രണ്ട് തവണവീതം പഞ്ചായത്തിൽ നടത്തണം. വേണ്ടത്ര പ്രചരണം നടത്തുകയും വേണം.

21. മുലയൂട്ടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അമ്മമാരെ ബോധവൽക്കരണം നടത്തണം.

22. പഞ്ചായത്തിന്റെ എല്ലാ പ്രധാന കേന്ദ്രങ്ങളിലും അടിയന്തിര വൈദ്യസഹായ ലഭ്യത ഉറപ്പുവരുത്തണം.

23. മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയുടെ ദൂഷ്യഫലങ്ങളെ കുറിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തണം.

24. സ്കൂൾ പരിസരത്ത് ഐസ്ക്രീം, സിഗരറ്റ്, പാൻ പരാഗ് തുടങ്ങിയ ലഹരിസാധനങ്ങൾ വിൽക്കുന്നത് നിർബന്ധമായും തടയണം.

25. സമയാസമയങ്ങളിൽ പ്രതിരോധകുത്തിവെപ്പ് നടത്തി പകർച്ച വ്യാധികളെ തടയുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

26. സ്കൂളുകളിൽ കാലാകാലങ്ങളിൽ വൈദ്യപരിശോധന ക്യാമ്പുകൾ സംഘടിപ്പിക്കുകയും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യസെമിനാർ സംഘടിപ്പിക്കുകയും വേണം.

27. പേപ്പട്ടി വിഷബാധ തടയുന്നതിന് അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പട്ടികളെ നശിപ്പിക്കുകയും വളർത്ത് പട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പുകളും ലൈസൻസും നിർബന്ധമാക്കുകയും വേണം.

28. വർഷത്തിൽ ഒരിക്കൽ പഞ്ചായത്തിലുള്ള എല്ലാ കിണറുകളും വറ്റിച്ച് ബ്ലീച്ചിങ്ങ് പൗഡർ ഇട്ട് വെള്ളം ശുദ്ധീകരിക്കണം.

29. കക്കൂസ് പണിയുമ്പോൾ ഗ്യാസ് പൈപ്പിന്റെ മുകളിൽ നെറ്റ് വെക്കണം എന്ന് നിർബന്ധമാക്കണം.

30. ടി.ബി. രോഗികൾക്ക് പഞ്ചായത്ത് തലത്തിൽ മരുന്നും മറ്റ് സഹായങ്ങളും സൗജന്യമായി നൽകണം.

31. ശാരീരിക അവശത അനുഭവിക്കുന്നവർക്കും വികലാംഗർക്കും ധനസഹായം അനുവദിക്കണം.

32. ചാഴൂർ പഞ്ചായത്തിലുള്ള ആയുർവേദ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിൽസിക്കുകയും അവിടെ സ്ഥിരമായി ഡോക്ടർ, നേഴ്സ് എന്നിവരെ നിയമിക്കുകയും ആയുർവേദ മരുന്നുകൾ ഉണ്ടാക്കുന്നതിന് സൂക്ഷിക്കുന്നതിനും വേണ്ട ഉപകരണങ്ങളും സ്ഥലവും സജ്ജമാക്കണം.

33. ഹെൽത്ത് സെന്റർ ഇല്ലാത്ത വാർഡുകളിൽ ഈ രണ്ട് വാർഡുകളെ ഏകോപിപ്പിച്ചുകൊണ്ട് ഹെൽത്ത് സെന്റർ സ്ഥാപിക്കണം.

34. പഴുവിൽ മൃഗാശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. കെട്ടിടം, മതിൽ, കിണർ തുടങ്ങിയവയുടെ അറ്റകുറ്റപണികളും നടത്തണം. ആവശ്യമായ സ്റ്റാഫും ഡോക്ടർമാരും വേണം.

35. പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറി, രോഗികളെ കിടത്തി ചികിത്സിക്കുന്ന ആശുപത്രിയാക്കി ഉയർത്തേണ്ടതുണ്ട്. ഇതിന് ചിറക്കൽ ഗവൺമെന്റ് L.P. സ്കൂളിൽ അത്യാവശ്യമായി ഒഴിഞ്ഞ് കിടക്കുന്ന ക്ലാസ്സ് മുറികൾ ഒരു പാടുണ്ട്. ഒരു ഭാഗം മതിൽ കെട്ടി തിരിച്ചാൽ ഹോമിയോ ആശുപത്രിയായി അവിടെ പ്രവർത്തിക്കാവുന്നതാണ്.

# വ്യവസായം

ചാഴൂർ ഗ്രാമപഞ്ചായത്തിൽ വൻകിട വ്യവസായ സ്ഥാപനങ്ങളോ പൊതുമേഖലാ സ്ഥാപനങ്ങളോ പ്രവർത്തിക്കുന്നില്ല. ഒരു ഓട്ടു കമ്പനിയും 4 ഓയിൽ മില്ലുകളും 4 മരക്കമ്പനികളും (ഈർച്ച മില്ലുകളും) 10 കൊപ്ര സംഭരണ കേന്ദ്രങ്ങളും 33 റൈസ്–ഫ്ളവർ മില്ലുകളും 12 ചെറുകിട ഫർണീച്ചർ യൂണിറ്റുകളും 2 കോൺക്രീറ്റ് ഉത്പാദന കേന്ദ്രവും ഒരു ഐസ് ഫാക്ടറിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വനിതാ യൂണിറ്റുകളായി റജിസ്റ്റർ ചെയ്ത് വിവിധ തരം മേഖലകളിൽ 7 സംഘങ്ങളും ഖാദി വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു നെയ്ത്തു കേന്ദ്രവും ഉണ്ട്. ഇതിനും പുറമേ മോട്ടോർ വിഭാഗത്തിൽ 2 സർവ്വീസ് സ്റ്റേഷനുകൾ ഉള്ളതിൽ ഒന്നിൽ പെയിന്റിങ്ങ് സ്റ്റേഷനുണ്ട്. 2 ടൂ വീലർ വർക്കു ഷോപ്പുകളും ഒരു ഗാരേജും പ്രവർത്തിക്കുന്നു. 3 എഞ്ചിനീയറിങ്ങ് വർക്കുഷോപ്പുകളും പ്രവർത്തിച്ചുവരുന്നു.

ഓട്ടുകമ്പനിയിൽ 35 തൊഴിലാളികൾ പ്രവർത്തി എടുക്കുന്നുണ്ട്. ഉൽപന്നത്തിന് ചെലവില്ലാതെ കെട്ടി കിടക്കുകയാണ്. ഓയിൽ മില്ലുകളിൽ 28 തൊഴിലാളികളുണ്ട്. എന്നിരുന്നാലും കൊപ്ര കിട്ടാനുള്ള വിഷമവും വൈദ്യുതി വോൾട്ടേജിന്റെ കുറവും നേരിടുന്നു. അതുപോലെതന്നെ മരക്കമ്പനികളിലെ തൊഴിലാളികൾക്കും എല്ലാ ദിവസവും വൈദ്യുതി ലഭിക്കാത്തതുമൂലവും ഉരുപ്പടി വസ്തുക്കളുടെ ലഭ്യതകുറവും നിമിത്തം ജോലി ക്കുറവ് നേരിടുന്നുണ്ട്. നാളികേര കച്ചവടക്കാർക്ക് ചില ഭാഗങ്ങളിൽ തെങ്ങുരോഗബാധയും വർഷക്കാലത്തെ ഉൽപന്നകുറവും കാരണം എല്ലാ മാസങ്ങളിലും നാളികേരം ലഭിക്കാതെ വരുന്നുണ്ട്. IRDP, DWCRA എന്നിവ മുഖേന സ്ഥിരം തൊഴിൽ സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതായൂണിറ്റുകളിൽ സ്വന്തമായി റെഡിമെയ്ഡ് രംഗത്ത് പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾ നിർമ്മിക്കുന്ന സാധനങ്ങൾക്ക് ശരിയായ വിപണന സൗകര്യം ഇല്ലാത്തതുകൊണ്ട് അവ നഷ്ടത്തിലേക്ക് നീങ്ങിയപ്പോൾ അവർ ആ സംരംഭം തൽക്കാലം നരുത്തുകയും പീസ് വർക്ക് അടിസ്ഥാനത്തിൽ വൻകിട തുണികടകളിൽനിന്ന് തുണി കൊണ്ട് വന്ന് വ്യാപാരികൾ നിർദ്ദേശി ക്കുന്ന മോഡലിലുള്ള വസ്ത്രങ്ങൾ നിർമ്മിച്ച് കൊടുത്തുകൊണ്ടിരിക്കുന്നു. വർക്കുഷോപ്പുകളും സർവ്വീസ് സ്റ്റേഷനുകളും ഒരുവിധം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. പരമ്പരാഗത തൊഴിലാളികൾ എന്ന വിഭാഗ ത്തിൽ കുറച്ചുപേർ പപ്പട നിർമ്മാണം, പായ നെയ്ത്ത്, മത്സ്യബന്ധനം എന്നിവയിൽ ഏർപ്പെട്ടിട്ടുണ്ട്. പഞ്ചാ യത്തിൽ കള്ളുചെത്ത്, മദ്യവ്യവസായവുമായി ബന്ധപ്പെട്ട് 400 തൊഴിലാളികളുണ്ട്. ഇവരുടെ ഇപ്പോഴത്തെ സ്ഥിതി ആശങ്കാജനകമാണ്.

വീടുകൾ നിർമ്മിക്കുമ്പോൾ മേൽക്കൂര മേയുവാൻ മുൻകാലങ്ങളിൽ ഓടുകളാണ് മുഖ്യമായും ഉപ യോഗിച്ചിരുന്നത്. ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ വാർപ്പുകളാണ്. ഓടിന്റെ ചിലവു കുറഞ്ഞതുമൂലം മുഖ്യ ഓടു നിർമ്മാണ കേന്ദ്രങ്ങളായ കരുവന്നൂർ, ആമ്പല്ലൂർ, ഒല്ലൂർ മുതലായ മേഖലകളിലെ ഓട്ടുകമ്പനി കൾ ഒന്നുകിൽ നിർത്തുകയോ അല്ലെങ്കിൽ ഡെക്കറേഷൻ ടൈൽസ് നിർമ്മിക്കുന്നതിലേക്ക് തിരിയുകയോ ചെയ്ത് കൊണ്ടിരിക്കുകയാണ്. മാനേജുമെന്റിന് യുക്തമായ നടപടികൾ സ്വീകരിച്ച് ഉൽപന്നം കെട്ടികിടക്കാ തെയിരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം വ്യവസായ വകുപ്പ് നൽകേണ്ടതാണ്.

ഓയിൽ മില്ലുകൾക്ക് ആവശ്യമുള്ള കൊപ്ര കേര ഫെഡ് മുഖേന സംഭരിച്ച് വിതരണം ചെയ്യണം. വൈദ്യു തിക്ഷാമം പരിഹരിച്ചു കൊടുക്കണം.

1072 ഹെക്ടർ നെൽകൃഷി ചെയ്യുന്ന ചാഴൂർ പഞ്ചായത്തിൽ വൻകിട വ്യവസായ മേഖലയിൽ കൃഷി ക്കാരുടേതായ ഒരു നെല്ല് സംഭരണ സംസ്കരണ റൈസ്മിൽ കേന്ദ്രം അത്യന്താപേക്ഷിതമാണ്. കർഷകർക്ക് ന്യായമായ വില ലഭിക്കുവാനും ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ അരി ലഭിക്കുവാനും ഇതുമൂലം സാധ്യ മാകും. ഇതോടനുബന്ധിച്ച് ചെറുകിട കാലിതീറ്റ ഫാക്ടറിയും നിർമ്മിക്കാവുന്നതാണ്. ഇവ രണ്ടും സഹക രണ മേഖലയിലോ പൊതുമേഖലയിലോ ആരംഭിക്കേണ്ടതാണ്.

വനിതകളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ രണ്ടു മേഖലകളിലായി 2 പവർലും വൻകിട യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങേണ്ടത് അത്യാവശ്യമാണ്. വികസന സാധ്യ തയുള്ള ഈ യൂണിറ്റുകൾ തൃശൂർ സീതാറാം മില്ലിന്റെ സഹായസഹകരണത്തോടെ തുടങ്ങാവുന്നതാണ്. ഈ പഞ്ചായത്തിൽ 8– ാം വാർഡിലും 1–ാം വാർഡിലും ഇതിനുള്ള സ്ഥലങ്ങൾ ലഭ്യമാണ്.

ചാഴൂർ പഞ്ചായത്തിൽ 8–ാം വാർഡിൽ പ്രവർത്തിക്കുന്ന ഖാദി വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന നെയ്ത്ത് തൊഴിലാളികൾക്ക് ഗുണമേന്മയേറിയ നൂൽ വിതരണം ചെയ്യണം. ഇപ്പോൾ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കുറഞ്ഞ കൂലി നിരക്കേ ലഭിക്കുന്നുള്ളു. സർക്കാർ നിശ്ചയിച്ച തരത്തിലുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകണം.

നാളികേര സംഭരണ സംസ്കരണാടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ നാളികേര കർഷകരുടെ രണ്ട് കൊപ്രാ ഓയിൽ മിൽ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കണം. ഈ നാട്ടിലെ നാളികേര കർഷകരുടെ വിപണന പ്രശ്നങ്ങൾ ഇതുമൂലം പരിഹരിക്കപ്പെടും. ന്യായമായ വിലയും കർഷകർക്ക് ലഭിക്കും. ഈ മേഖലയിൽ സുലഭമായി ലഭിക്കുന്ന മാങ്ങ, നേന്ത്രപഴം, മീൻ എന്നിവ ഉപയോഗിച്ച് പൊതുമേഖലയിൽ ഒരു ഫുഡ് പ്രൊസസ്സിംഗ് യൂണിറ്റ് തുടങ്ങേണ്ടതാണ്.

കെൽട്രോൺ, ബി.പി.എൽ എന്നീ സ്ഥാപനങ്ങളുടെ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിച്ച് ഇലക്ട്രോണിക്സ് മേഖലയിൽ ചെറുകിട ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ ഒരു സർവ്വീസ് സെന്ററും വ്യാവസായിക അടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതാണ്. ഇതിലേക്ക് ഗൾഫു മലയാളികളുടെ സഹായം തേടേണ്ടതാണ്.

അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത യുവതീയുവാക്കൾക്ക് അവരുടെ താൽപര്യത്തിനനുസരിച്ച് തൊഴിൽ പരിശീലനവും സാങ്കേതിക വിദ്യകളും സാമ്പത്തിക സഹായവും ചെയ്യുകയാണെങ്കിൽ സ്വയം തൊഴിൽ ചെയ്യുവാൻ സന്നദ്ധരായിട്ടുള്ളവർക്ക് സഹായകരമായിരിക്കും. ഇപ്പോൾ നിലവിലുള്ള ഐസ് ഫ്ലാക്ടറി, പെയിന്റ് ഫാക്ടറി, റൈസ് മിൽ എന്നിവക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുക.

കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ പദ്ധതി പ്രകാരം ഖാദി മേഖല, വ്യവസായ സേവനകേന്ദ്രം IRDP എന്നിവയിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുക. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ വാങ്ങാൻ ഇതുമൂലം സാധ്യമാകും. കാർപ്പൻഡറി ബ്ലാക്ക്സ്മിത്ത് മേഖലയിൽ ഖാദി ഗ്രാമ വ്യവസായ കമ്മാഷനിൽനിന്ന് ലോൺ ലഭ്യമാക്കി കാർഷിക ഉപകരണങ്ങളുടെ ഒരു നിർമ്മാണ സേവന കേന്ദ്രം ആരംഭിക്കണം. ബ്ലാക്ക്സ്മിത്ത് ജോലിക്കാർക്ക് ഇത് സഹായകമാകും .

ഡയമണ്ട് പോളിഷിംഗിൽ വിദഗ്ദരായ തൊഴിലാളികൾക്ക് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ നിന്ന് ധനസഹായം ലഭ്യമാക്കണം. വ്യവസായ സംരംഭകർക്ക് സോപ്പുനിർമ്മാണം, ചന്ദനത്തിരി, മെഴുകുതിരി, സൈക്കിൾ റിപ്പയർ സർവ്വീസിംഗ്, ഓട്ടോമോബൈൽ റിപ്പയറിംഗ് എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ജില്ലാ വ്യവസായ കേന്ദ്രത്തിൽനിന്ന് ധനസഹായം ലഭ്യമാക്കുക.

വനിതാ വ്യവസായ മേഖലയിൽ ടൈലറിംഗ്, ഗാർമെന്റ്സ്, ബുക്ക് ബൈൻഡിങ്ങ്, പുസ്തകനിർമ്മാണം, പാക്കിംഗ് കവർ നിർമ്മാണം എന്നിവ നിർമ്മിക്കുന്നതിനുവേണ്ട ധനസഹായം ലഭ്യമാക്കുക. ദീപ വനിത ഇൻഡസ്ട്രീസിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാക്കുക.

ഖാദി ബോർഡിന്റെ സഹായത്തോടെ പപ്പട നിർമ്മാണം തീപ്പെട്ടികൊള്ളിനിർമ്മാണം ഫുഡ് പ്രൊസസ്സിംഗ് യൂണിറ്റ്, പഴം, പച്ചക്കറി, സംസ്കരണ യൂണിറ്റ്, സോപ്പ് നിർമ്മാണം എന്നിവയ്ക്ക് D.W.C.R.A യിൽ ഉൾപ്പെടുത്തി ധനസഹായം നൽകേണ്ടതാണ്.

തൊഴിലില്ലാത്ത വനിതകളെ ഉൾപ്പെടുത്തി പരമ്പരാഗതവ്യവസായമായ ഒരു പായനെയ്ത്ത് കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്. കൈതയോലയിൽ നിന്നും ലഭിക്കുന്ന പായകൾക്ക് മാർക്കറ്റിൽ നല്ല ഡിമാന്റാണ്. അസംസ്കൃത സാധനങ്ങൾ സുലഭമാണ്.

വ്യവസായങ്ങളുടെ അഭാവം മൂലം അഭ്യസ്തവിദ്യരും അല്ലാത്തതും ആയ തൊഴിലില്ലാത്ത യുവതീയുവാക്കളുടെ എണ്ണം വളരെ കൂടുതലാണ്. ഇത് പരിഹരിക്കാൻ സ്വയം തൊഴിൽ പദ്ധതി പ്രകാരമോ സഹകരണ അടിസ്ഥാനത്തിലോ പൊതുമേഖലയിലോ വ്യവസായങ്ങൾ തുടങ്ങാൻ വളരെ അടിയന്തിരമായി ശ്രമിക്കേണ്ടതുണ്ട്.

ആയുർവ്വേദ ഔഷധച്ചെടികൾ വെച്ചുപിടിപ്പിക്കുന്നതിനും ഔഷധനിർമ്മാണത്തിനും താൽപര്യമുള്ള തൊഴിൽ സംരംഭകർക്ക് ധനസഹായം ചെയ്ത് കൊടുക്കണം. അതുപോലെതന്നെ പി.വി.സി പൈപ്പ് നിർമ്മാണ യൂണിറ്റ്, പത്തിരി വ്യവസായ യൂണിറ്റ് എന്നിവ DWCRA യിൽ ഉൾപ്പെടുത്തി പുതിയതായി ആരംഭിക്കേണ്ട

തുണ്ട്. പച്ചചകിരി സംസ്കരിച്ച് കയറും കയറുല്പന്നങ്ങളും ഉണ്ടാക്കുന്ന രീതി പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കണം.

## *വ്യവസായത്തിലെ പ്രശ്നങ്ങൾ*

1. ഉല്പന്നത്തിനു ചിലവില്ലായ്മ
2. വൈദ്യുതിയുടെ വോൾട്ടേജിന്റെ കുറവ്
3. കൊപ്ര മില്ലുകളിൽ ആവശ്യത്തിനുള്ള കൊപ്ര ലഭിക്കുന്നില്ല.
4. വിപണന സൗകര്യം ഇല്ലായ്മ
5. പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക സാമ്പത്തിക തടസ്സം
6. ദേശീയ ബാങ്കിന്റെ കുറവ്
7. വ്യവസായ ഡിപ്പാർട്ടുമെന്റ് തമ്മിൽ സംയോജനമില്ലായ്മ

## *സാദ്ധ്യതകൾ*

1. വ്യവസായ സംരംഭകർക്ക് ദേശവർകൃതബാങ്ക് മുഖേന ധനസഹായം നൽകണം.

2. പായനെയ്ത്ത്, പപ്പടനിർമ്മാണം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉല്പാദന വർദ്ധനവിനും കൂടുത് പേർക്ക് തൊഴിലവസരം ഉണ്ടാക്കുന്നതിനുവേണ്ടി വായ്പാസൗകര്യം ഏർപ്പെടുത്തണം.

3. ഓയിൽ മില്ലുകളും ഈർച്ചമില്ലുകളും നേരിടുന്ന വൈദ്യുതിക്ഷാമം പരിഹരിക്കുവാൻ സ്ഥിരം സംവിധാനം ഉണ്ടാക്കണം. ആവശ്യത്തിനുള്ള കൊപ്ര, തടി എന്നിവയും ലഭ്യമാക്കണം.

4. DWCRA, IRDP മുഖേന പ്രവർത്തിക്കുന്ന വനിതായൂണിറ്റുകൾ നിർമ്മിക്കുന്ന വിവിധതരം ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ സംഘങ്ങൾ നിർമ്മിക്കുന്ന സാധനങ്ങൾ മൊത്തമായി വാങ്ങി വിപണനം ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കണം.

5. പ്രവർത്തന മൂലധനത്തിന് ബുദ്ധിമുട്ട് നേരിടുന്ന വ്യവസായ സംരംഭകർക്ക് ധനസഹായം ചെയ്തുകൊടുക്കുന്നതിനായി ഏതെങ്കിലും ദേശീയ ബാങ്കിന്റെ ഒരു ശാഖ പഞ്ചായത്തിൽ സ്ഥാപിച്ച് വായ്പാ സൗകര്യം ചെയ്തുകൊടുക്കണം.

6. വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക കാലതാമസം ഒഴിവാക്കണം.

7. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന ചകിരി, ചിരട്ട എന്നീ അസംസ്കൃത വസ്തുക്കൾ കൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കാനുള്ള സാദ്ധ്യതയുണ്ട്.

പഞ്ചായത്തിൽ ജോലി ചെയ്യുന്ന വനിതകൾ–73

| | | |
|---|---|---|
| ഖാദി | 15 | വനിത യൂണിറ്റ് |
| അമൂല്യ | 11 | ” |
| അതുല്യ | 10 | ” |
| റെഡിമെയ്ഡ് | 8 | ” |
| ദീപ | 12 | ” |
| ഐശ്വര്യ | 7 | ” |
| കാർത്തിക | 10 | ” |
| | 73 | |

168

## വ്യവസായം D.W.C.R.A

| No | വ്യവസായ യൂണിറ്റിന്റെ പേര് | വ്യവസായത്തിന്റെ സ്വഭാവം | അംഗങ്ങൾ | വാർഡ് | തുടങ്ങിയ വർഷം |
|---|---|---|---|---|---|
| 1 | ഖാദി വില്ലേജ് ഇന്റസ്ട്രീസ് | ഖാദി നെയ്ത്ത് | 15 | VII | 1949 |
| 2 | അമൂല്യ | ബുക്ക് ബൈന്റിങ്ങ് | 11 | X | 1996 |
| 3 | അതുല്യ | റെഡിമെയ്ഡ് | 10 | VII | 1995 |
| 4 | റെഡിമെയ്ഡ് സെലക്ട് | വസ്ത്രനിർമ്മാണം | 8 | I | 1996 |
| 5 | ദീപ | മെഴുകുതിരി, കറി പൗഡർ | 12 | II | 1996 |
| 6 | ഐശ്വര്യ | ചിപ്സ് | 7 | XI | 1996 |
| 7 | കാർത്തിക | പത്തിരി | 10 | XI | 1996 |

## ഫ്ളവർ & റൈസ്

| വാർഡ് No. | എണ്ണം | അംഗങ്ങൾ |
|---|---|---|
| 1 | 2 | 2 |
| 2 | 2 | 2 |
| 3 | 1 | 1 |
| 4 | 2 | 2 |
| 5 | 6 | 6 |
| 6 | 6 | 6 |
| 7 | 3 | 3 |
| 8 | 3 | 3 |
| 9 | 3 | 3 |
| 10 | 2 | 2 |
| 11 | 3 | 3 |
| | 33 | 33 |

## ഓയിൽ മിൽ

| വാർഡ് | എണ്ണം | അംഗങ്ങൾ |
|---|---|---|
| IX | 1 | 8 |
| VII | 1 | 1 |
| VI | 2 | 6 |
| III | 1 | 1 |

## ഈൗർച്ച മില്ലുകൾ

| വാർഡ് | എണ്ണം | അംഗങ്ങൾ |
|---|---|---|
| VII | 2 | 6 |
| XI | 1 | 3 |
| IV | 1 | 3 |

## ഓട്ടുകമ്പനികൾ

| വാർഡ് | എണ്ണം | അംഗങ്ങൾ |
|---|---|---|
| VII | 1 | 35 |

## എൻഞ്ചിനീയറിങ്ങ് വർക്ക്ഷോപ്പ്

| വാർഡ് | എണ്ണം | അംഗങ്ങൾ |
|---|---|---|
| VI | 2 | 8 |
| VII | 1 | 3 |

## സർവ്വീസ് സെന്റർ & ഓട്ടോ ഗ്യാരേജ്

| വാർഡ് | എണ്ണം | അംഗങ്ങൾ |
|---|---|---|
| X | 1 | 3 |
| IX | 1 | 10 |
| VII | 1 | 3 |
| VIII | 1 | 4 |

# ഗതാഗതം - ഊർജ്ജം

## ആമുഖം

ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി വിളിച്ചുകൂട്ടിയ വാർഡ് തല ഗ്രാമസഭകളിൽനിന്നും ശേഖരിച്ച വിവിധ വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് തല സമഗ്രക്രോഡീകരണത്തിനായി തരം തിരിച്ച് 12 ഗ്രൂപ്പുകൾ ആക്കി ഓരോ ഗ്രൂപ്പിനും ഒരു കൺവീനർ വീതം പഞ്ചായത്ത് മെമ്പർമാരെ ഉൾപ്പെടുത്തി 5 പേരിൽ കുറയാത്ത കമ്മിറ്റികൾ രൂപീകരിച്ച് സമഗ്ര ക്രോഡീകരണം നടത്താൻ തീരുമാനിച്ചതനുസരിച്ച് 6-ാം ഗ്രൂപ്പിന്റെ കൺവീനറായ P.K.ഇബ്രാഹിം 7-ാം വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ഗതാഗതം- ഊർജ്ജം എന്നീ വകുപ്പുകളുടെ സമഗ്ര റിപ്പോർട്ടിന്റെ കരട് രേഖ.

ഗതാഗത -ഊർജ്ജ വകുപ്പുകളിൽനിന്നും ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരാധികളും നിർദ്ദേശങ്ങളും, നിവാരണമാർഗ്ഗങ്ങളും പഠിച്ച് ജനങ്ങളുടെ ക്ഷേമവും ജീവിത നിലവാരവും സാമൂഹിക അടിത്തറയും പടുത്തുയർത്തുന്നതിന് അടിയന്തിരവും കാലോചിതവും സമയ ബന്ധിതവുമായ മാർഗ്ഗനിർദ്ദേശങ്ങൾ ജനപങ്കാളിത്വത്തിന്റെ സഹകരണത്തോടെ ഗ്രാമപഞ്ചായത്തിന്റെ സുഗമമായ നടത്തിപ്പിനായി സമർപ്പിക്കുകയാണ് ലക്ഷ്യം.

ചാഴൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ പ്രാചീന കാലം മുതൽക്കുതന്നെ കൃഷിക്കും, ഗതാഗതത്തിനും മറ്റു വിനിമയങ്ങൾക്കും ഉപയുക്തമായ റോഡുകൾ നിരവധിയുണ്ട്. ഈ അടുത്ത കാലങ്ങളിലായി നിർമ്മിച്ച് ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാക്കിയ റോഡുകളും നിരവധി ഉണ്ടായിട്ടുണ്ട്. എന്നാൽ വർദ്ധിച്ചുവരുന്ന ജനസാന്ദ്രതയും, വ്യവസായം, ആധുനിക കൃഷിസമ്പ്രദായം, സാമൂഹ്യവും സാംസ്കാരിക വളർച്ചയിലും ഉണ്ടായിട്ടുള്ള പുരോഗതി, നമ്മുടെ നാട് കൈവരിച്ച സാക്ഷരത നേട്ടം, മോട്ടോർവാഹനങ്ങളുടെ എണ്ണത്തിലും ഉപയോഗത്തിലും ഉണ്ടായിട്ടുള്ള മത്സരകുതിപ്പ് തുടങ്ങിയ വമ്പിച്ച പുരോഗതിയുടെ കാര്യങ്ങളിൽ ഇന്നത്തെ നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥ വളരെ ദുഃഖകരവും അപര്യാപ്തവുമാണെന്ന് എടുത്തു പറയുന്നതിൽ ഖേദമുണ്ട്.

ആസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ഗ്രാമസഭകളിൽനിന്നും വാർഡ് കൺവെൻഷനുകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടേയും പരാതികളുടേയും പ്രശ്നങ്ങളുടേയും അടിസ്ഥാനത്തിൽ പഞ്ചായത്ത് തല സമഗ്രക്രോഡീകരണം നടത്തി വികസന റിപ്പോർട്ട് തയ്യാറാക്കി സെമിനാർ അംഗീകാരത്തിനായി അവതരിപ്പിക്കുക എന്നതാണ് ഈ കമ്മിറ്റിയുടെ ചുമതല.

ഈ ചുമതല കൃത്യമായും നീതിയുക്തവുമായി തയ്യാറാക്കുന്നതിൽ അതീവ ജാഗ്രത പുലർത്താൻ ശ്രമിച്ചിട്ടുണ്ടെന്നുള്ളതിൽ സംശയത്തിൽ അവകാശമില്ലെന്നിരിക്കിലും ഏതെങ്കിലും തരത്തിൽ തെറ്റുകളോ വീഴ്ചകളോ സംഭവിച്ചിട്ടുണ്ടെങ്കിൽ അവ യാദൃശ്ചികം മാത്രമാണ്.

നിർദ്ദേശിച്ച കാര്യങ്ങളത്രയും ഒരു നിശ്ചിത കാലഘട്ടത്തിനുള്ളിൽ ചെയ്തുതീർക്കേണ്ടവയാണെന്നും അതിനുള്ള സാമ്പത്തികം ആനുപാതികമായി ലഭിക്കുന്നതിന്റെ അളവും കണക്കിലെടുത്ത് തിട്ടപ്പെടുത്തി വിലയിരുത്തേണ്ടതാണെന്നും ഓർക്കേണ്ടതുണ്ട്. അതുപോലെ തന്നെ നാളിതുവരേയും വികസനം എന്തെന്ന് എത്തിനോക്കാതിരുന്ന പ്രദേശങ്ങളെ പ്രത്യേകമായി പരിഗണിച്ചിട്ടുണ്ടെങ്കിൽ ഒരു സന്തുലനാവസ്ഥ കൈവരിച്ച് കൊണ്ടുള്ള വികസനമാക്കാനുള്ള തയ്യാറെടുപ്പാണെന്ന് മാന്യ പങ്കാളികൾ കരുതുന്നത് നന്ന്.

ഈ വികസനറിപ്പോർട്ടിന്റെ കരട് രേഖ വികസന സെമിനാറിന്റെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

# വികസനറിപ്പോർട്ട്
(കരട് രേഖ)

## ഗതാഗതം

ഗതാഗതത്തിനുവയുക്തമായ റോഡുകളുടെ ഒരു സാമാന്യ അവലോകനം ആമുഖത്തിൽ വിശദീകരിച്ചിട്ടുണ്ടല്ലോ? എന്നിരുന്നാലും ചുവടെ ചേർത്തിട്ടുള്ള അനുബന്ധങ്ങളിലൂടെ കൂടുതൽ ശ്രദ്ധേയമായ കാര്യങ്ങളും വ്യവസ്ഥകളും വിലയിരുത്തേണ്ടതാണ്.

### *പ്രശ്നങ്ങൾ*

1. പഞ്ചായത്ത് വഴിയോരങ്ങളിലുള്ള അനഃധികൃത പുറമ്പോക്ക് കൈയ്യേറ്റം ഗതാഗതസൗകര്യങ്ങൾക്കും റോഡ് വികസനപ്രവർത്തനങ്ങൾക്കും തടസ്സം സൃഷ്ടിക്കുന്നു.

2. നിലവിലുള്ള മിക്ക റോഡുകൾക്കും വേണ്ടത്ര വീതിയില്ലാത്തതിനാൽ ഗതാഗത കുരുക്കുകൾ, അപകടങ്ങൾ എന്നിവ നേരിടുന്നു .

3. വർഷക്കാലത്ത് വെള്ളം ഒലിച്ച് പോകുന്നതിന് കാനകൾ ഇല്ലാത്തതിനാൽ വഴികളിൽ വെള്ളം കെട്ടിനിന്ന് സഞ്ചാരയോഗ്യമല്ലാതാക്കി തീർക്കുകയും വെള്ളത്തിന്റെ തള്ളിച്ചയും ഒഴുക്കും കാരണം വഴികൾ പൊട്ടി പൊളിഞ്ഞ് കൂടുതൽ കേടുപോക്കുകൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

4. വഴിവക്കിലുള്ള ഇലക്ട്രിക്ക് പോസ്റ്റുകൾ, ടേലഫോൺ പോസ്റ്റുകൾ, എന്നിവ വഴികളിലേക്ക് അതിക്രമിച്ച് സ്ഥാപിച്ചിട്ടുള്ളതിനാൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്നു.

5. വഴിയോരങ്ങളിലും വന്യമരങ്ങളും വൃക്ഷലതാതികളും, അതിരുകളിലുള്ള മുൾചെടികളും വലുതായി പന്തലിച്ച് ഗതാഗത തടസ്സം സൃഷ്ടക്കുന്നു.

6. വഴികളിലുള്ള ചെറിയ പാലങ്ങൾ (തോടുകൾ)ക്ക് വേണ്ടത്ര വീതി ഇല്ല.

7. പഞ്ചായത്ത് വഴികൾ ഇല്ലാത്ത വീടുകളും കോളനികളും പ്രദേശങ്ങളും നിരവധിയുണ്ട്.

8. പഴുവിൽ സെന്ററിലും, ഗായത്രി ബസ്സ് സ്റ്റോപ്പ് പരിസരത്തും വർഷകാലത്ത് വെള്ളം കെട്ടിനിന്ന് റോഡ് ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നു. ആലപ്പാട് കുണ്ടോളികടവ് റോഡിൽ അമ്മാടം പള്ളിപ്പുറം റോഡ് തുടങ്ങുന്ന വളവിൽ വെള്ളം കെട്ടിനിന്ന് ഗതാഗതം തടസ്സപ്പെടുത്തുന്നു.

### *പരിഹാരനിർദ്ദേശങ്ങൾ*

1. വഴിയോരങ്ങളിലും അനഃധികൃത മിച്ചഭൂമി/പുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിച്ച് നിയമാനുസൃതം പുനഃരധിവസിപ്പിക്കുക. ഇത് യുദ്ധകാലടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പക്ഷം വഴികൾ വീതികൂട്ടി ടാറിടുന്നതിനും, പുതിയവ നിർമ്മിക്കുന്നതിനും മറ്റു വികസനപ്രവർത്തനങ്ങൾക്കും അവസരം സൃഷ്ടിക്കും. മാത്രമല്ല നിലവിലുള്ള ഗവർമ്മെണ്ട് ഉത്തരവ് എത്രയും വേഗം നടപ്പിലാക്കുകയും ചെയ്യാം.

2. വെള്ളം ഒലിച്ചുപോകുന്നതിന് വഴിയുടെ ഇരുവശത്തും ഉടനീളം ഓടകൾ പണിയുക.

3. വഴിയോരങ്ങളിലെ ഇലക്ട്രിക് പോസ്റ്റ്, ടെലഫോൺ പോസ്റ്റ് എന്നിവ വഴിയിലേക്ക് അതിക്രമിച്ച് മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നവ മാറ്റി സ്ഥാപിക്കുക. ഇത് റോഡുകൾക്ക് വീതികൂട്ടുവാൻ സഹായകമായിരിക്കും. കേടുപാടുകൾ വന്നതും വളഞ്ഞതും ചെരിഞ്ഞതുമായ അപകടം സൃഷ്ടിക്കാവുന്ന പോസ്റ്റുകളും മാറ്റി സ്ഥാപിക്കുക.

173

4. പഞ്ചായത്തിലെ സുപ്രധാനവും വലിയതുമായ റോഡുകൾ, വേണ്ടത്ര വീതികൂട്ടി, നികത്തി, സൈഡുകൾ കരിങ്കല്ല് കെട്ടി, മണ്ണ് കുത്തി ഒലിച്ച് പോകാതിരിക്കാൻ തിണ്ടുകൾ പിടിപ്പിച്ച് മെറ്റലിട്ട് ടാറിംഗ് നടത്തുക. ഈ റോഡുകളെ "പഞ്ചായത്ത് ഹൈവേ" എന്ന് ചിത്രീകരിക്കുക. ഇത്തരത്തിലുള്ള വഴികൾ ഒരു വാർഡിൽ ചുരുങ്ങിയത് ഒന്ന് എന്ന കണക്കിൽ ഉണ്ടാവേണ്ടതാണ്.

5. വഴിയോരങ്ങളിലെ മാർഗ്ഗതടസ്സമായി വളരുന്ന വൃക്ഷലതാദികൾ വെട്ടി മാർഗ്ഗതടസ്സങ്ങൾ നീക്കി ഗതാഗതസൗകര്യം വർദ്ധിപ്പിക്കാനും വെളിച്ചം മറനീക്കാനും വേണ്ട നടപടി ക്രമങ്ങൾ കാലോചിതം നടപ്പിലാക്കുക.

6. വഴികളിലുള്ള പാലങ്ങൾക്ക് റോഡിനാനുപാതികമായി വീതി കൂട്ടുക.

7. പഴുവിൽ സെന്ററിൽ കാർ, ടെംബോ, ഓട്ടോറിക്ഷ എന്നീ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് പാർക്കിംഗ് സ്ഥലം നിർമ്മിക്കുക.

8. പഞ്ചായത്തിന്റെ എല്ലാ മുക്കിലും മൂലയിലും വാഹന ഗതാഗതത്തിനും ജനസഞ്ചാരത്തിനും വീടുകളിലേക്കും കോളനികളിലേക്കും അനുയോജ്യമായ വഴികൾ നിർമ്മിക്കുക.

9. പഴുവിൽ സെന്ററിലും ഗായത്രി ബസ്സ് സ്റ്റോപ്പ് പരിസരത്തും PWDയുമായി ആലോചിച്ച് വെള്ളം കെട്ടിനിന്ന് ഗതാഗതം തടസ്സപ്പെടുന്നതിൽനിന്നും ജനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾക്കും പ്രശ്നപരിഹാരം എത്രയും വേഗം നടപ്പിലാക്കുക. കുണ്ടോളികടവ് പറോച്ചാൽ റോഡ് തുടങ്ങുന്ന ഭാഗത്ത് കാന കെട്ടി സ്ലാബിട്ട് വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കണം.

Rome was not built is a day എന്ന പഴഞ്ചൊല്ലിന്റെ തത്വം കണക്കിലെടുത്ത് പഞ്ചായത്തിന്റെ സുഗമമായ നടത്തിപ്പിന് വികസനം വ്യാപകമാക്കുന്നതിലേക്ക് പഞ്ചായത്തിന്റെ വഴികളുടെ ശ്രദ്ധാപൂർവ്വമായ നടത്തിപ്പിന് മൊത്തം നിലവിലുള്ള റോഡുകളെ മൂന്നായി തിരിച്ച് ഘട്ടം ഘട്ടമായ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുമാറ് രൂപപ്പെടുത്തിയിരിക്കുന്നു. തുടങ്ങുന്ന പണി പൂർണ്ണമായും നടത്തിയിരിക്കണം എന്ന നിബന്ധന മാനിക്കേണ്ടതും പാലിക്കേണ്ടതുമാണെന്ന് എടുത്തുപറഞ്ഞുകൊള്ളട്ടെ.

### *ഒന്നാം ഘട്ടം.*

ഗതാഗത പ്രാധാന്യവും പ്രാദേശിക പ്രാധാന്യവും ചുരുങ്ങിയത് ഒരു കിലോമീറ്ററെങ്കിലും ദൈർഘ്യം വരുന്നതും ഇതുവരെ ഒരു പണികളും ചെയ്യാത്തതുമായ വഴികളുമാണ് ഒന്നാ ഘട്ടത്തിലേക്ക് പരിഗണിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ പ്രാധാന്യം കണക്കിലെടുത്ത് പൂർത്തീകരിക്കാത്ത വഴികളും ഉൾപ്പെടുത്തിയിട്ടുണ്ട്. വീതികൂട്ടാൻ സാധ്യത ഉണ്ടെങ്കിൽ വീതികൂട്ടി ഓടകൾ പണിതു മെറ്റലിട്ട് ടാറിംഗ് നടത്തുവാൻ താഴെ ചേർക്കുന്ന വഴികൾ പരിഗണിക്കേണ്ടതാണ്.

1. വേലുമ്മാൻ പടി പഴുവിൽ സംഘം റോഡ് – 1 km
2. കോട്ടം PWD വഴിമുതൽ കോട്ടം കിണർ കോപ്പൻ കടവ് പൊലിപ്പറമ്പ്, കാളിനട, വഴി ആസാദ് മൈതാനം വരെയുള്ള ലിങ്ക് റോഡ് – 2 km
3. S.N. റോഡ് (പഴുവിൽ) – 1 1/2km
4. ഇഞ്ചമുടി റൗണ്ട് റോഡ് മരിക്കടക്കുഴി ഭാഗത്തേക്കും പാറക്കൽ ഭാഗത്തേക്കും പോകുന്ന റോഡ് –2km
5. ചീരക്കുഴി കുഞ്ഞാലുക്കൽ റോഡ് – 1km
6. കോവിലകം റോഡ് – 1km
7. ഹർബർട്ട് കനാൽ പൊട്ടുച്ചിറ റോഡ് – 1 1/2 km
8. ഗായത്രി കോലോത്തും കടവ്, വാലികിഴുപ്പിള്ളിക്കര റോഡ് 1 1/2 km
9. ജവഹർ റോഡ് 1km
10. കുണ്ടോളി കടവ് പറോച്ചാൽ റോഡ് – 1 1/2 km

ആകെ വരുന്ന ദൈർഘ്യം – 14 km

## രണ്ടാം ഘട്ടം

ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്താതും എന്നാൽ അത്രതന്നെയല്ലെങ്കിലും പ്രാധാന്യത്തിന്റെ കാര്യത്തിൽ ഒട്ടും പിന്നിലല്ലാത്ത വഴികൾ ഉൾപ്പെടുത്തി കൊണ്ടുള്ളതാണ് രണ്ടാം ഘട്ടത്തിൽ പരിഗണിക്കേണ്ടത്.

ഇതിൽ പറഞ്ഞിരിക്കുന്ന റോഡുകളും വീതികൂട്ടാൻ സൗകര്യമുള്ളിടത്ത് വീതികൂട്ടിയും ഓടകൾ നിർമ്മിച്ചും മണ്ണിട്ട് ഉയർത്തി സൈഡുകൾ കെട്ടി മെറ്റലിട്ട് ടാറിംഗ് നടത്തേണ്ടതാണ്. റോഡുകളുടെ വിവരം താഴെ ചേർക്കുന്നു.

1. വേട്ടക്കാരൻകാവ് റോഡ് വെണ്ടത്രശ്ശേരി ശിവക്ഷേത്രം ചുറ്റി വാരിയം പോസ്റ്റാഫീസ് PWD റോഡു വരെ – 3/4 Km
2. സമാജം കുണ്ടോളി കടവ് റോഡ് – 3/4
3. തച്ചന്ത്ര ഗംഗാധരൻ സ്മാരക റോഡ് – 1
4. കനാൽ പാലം (തേവർ കരിമ്പന ) റോഡ് –1
5. വെണ്ണറായ് ജയന്തി പടവ് റോഡ് – 1/2
6. ജനത, ഗ്രാമീണ, ബാലകൃഷ്ണ കോളനി റോഡ് 1 1/2
7. യുവതാര റോഡ് – 1/2
8. ബോട്ട് കടവ് റോഡ് – 1/2
9. ചിറ്റേ കുളം റോഡ് – 1/2
10. ശാന്തി മദ്രസ റോഡ് – 1
11. കണ്ണംകുളങ്ങര കല്ലുക്കുതാഴം റോഡ് – 1 1/2
12. മദ്രസ മാവുംതോപ്പ്, സിറ്റിസൺ റോഡ് – 1 1/2
13. തിരുത്തേക്കാട് റോഡ് – 1
14. സ്വർഗ്ഗ വീഥി റോഡ് – 1
15. ഇരട്ടപ്പാലം – പറോച്ചാൽ റോഡ് – 3/4
16. വെണ്ണിറായ് റോഡ് – 1
17. പാറക്കുളങ്ങര – കോവിലകം റോഡ് –1
18. തിണ്ടാറ്റ് റോഡ് – 3/4
19. നേതാജി S.N. റോഡ് – 1
20. ചാഴൂർ ചേറ്റകുളം വപ്പുഴ കോൾ റോഡ് 1 3/4
21. പറകുളം, പരുത്തിക്കാട് വടക്കൻ പറമ്പ് റോഡ് – 1

ആകെ ദൈർഘ്യം 21.25 km

## മൂന്നാം ഘട്ടം

ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ഉൾപ്പെടാത്ത ചെറിയതും വലിയതുമായ വഴികളാണ് മൂന്നാം ഘട്ടത്തിലേക്ക് പരിഗണിച്ചിരിക്കുന്നത്. ഇതിൽ പണി പൂർത്തികരിക്കാത്ത വഴികളും മെറ്റലിട്ട് ടാറിംഗ് നടത്തേണ്ട വഴികളും, മണ്ണിട്ട് നികത്തി അറ്റകുറ്റങ്ങൾ നടത്തി സഞ്ചാരയോഗ്യമാക്കേണ്ടവയും ജനസഞ്ചാരത്തിനായി പുതിയതായി നിർമ്മിക്കേണ്ടതുമായ വഴികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വഴികൾ യഥായോഗ്യം പണിതീർത്തുന്നതിന് പരിഗണിക്കേണ്ടതാണ്. റോഡുകളുടെ വിവരം താഴെ ചേർക്കുന്നു.

1. ക്ലിന്റ് റോഡ് – 1/2 km
2. കോട്ടം വടക്കുമുറികോളനി മുതൽ അംബേദ്ക്കർ ഗ്രാമത്തിലേക്ക് പോകുന്ന വഴി –1
3. പഴുവിൽ മൃഗാസ്പത്രി റോഡ് –1
4. SBHS ഗ്രൗണ്ട് സെന്റർ (കുഞ്ഞുണ്ണിപാത്തൻ) റോഡ് – 1/4

5. പുള്ള് അന്തിക്കാട് റോഡ് – 2
6. നവപുഷ്പം റോഡ് – 1/2
7. കൊറ്റംകോട് പഞ്ചായത്ത്കിണർ കുളികടവ് – 1 1/4
8. പുള്ള് മനപ്പടി അമ്പലനട റോഡ് 1/2
9. കരിമ്പനക്കൽ ചിറ്റുവേലി വായനശാല റോഡ് – 1/2
10. കോലോത്തും കടവ് കൊറ്റംകോട് റോഡ് – 1/2
11. വിസ്താരമാ റോഡ് – 1/2
12. കൊറ്റംകോട് ഇടപ്പുഴ കരുവന്നൂർ പുഴകടവ് റോഡ് – 1/4
13. കരുപ്പാടം കുളിക്കടവ് റോഡ് – 1/4
14. ചിറ്റുവേലി കണ്ണൻതിരുത്തിറോഡ് – 1/2
15. പുള്ള് മനക്കൊടി റോഡ് –2
16. പുല്ലേപ്പാടം (കുവൈറ്റ്) റോഡ് – 1/4
17. കോട്ടം പെരുമ്പിടിക്കുന്ന് കല്ലൻകുളം റോഡ് – 3/4
18. കൊറ്റംകോട് പഞ്ചായത്ത് കിണർ – 1/4
19. മദ്രസ SBA സ്കൂൾ റോഡ് – 1/2
20. വളവുങ്ങൾ ലിഫ്റ്റ് ഇറിഗേഷൻ കോപ്പുംപുറം റോഡ് – 1/4
21. SN അംഗൻവാടി റോഡ് – 1/4
22. കരുപ്പാടം കണ്ണൻതിരുത്തി ലിങ്ക് റോഡ് – 1 1/4
23. വടക്കേപുള്ള് കുളത്തിലേക്കും ആശാരിതാഴത്തേക്കും റോഡ് – 1/4
24. മാടമ്പത്ത് കോപ്പും പുറം റോഡ് – 1/2
25. ആശാൻ റോഡ് – 1/2
26. പള്ളികുന്ന് കുറുമ്പിലാവ് പടവ് റോഡ് – 1/2
27. കരുപ്പാടം കളപ്പുറം റോഡ് – 1/4
28. കരിക്കക്കുഴി റോഡ് – 1/2
29. പുള്ള് സെന്ററിൽ നിന്ന് പടിഞ്ഞാട്ട് പോകുന്ന വഴിയിൽ വടക്കോട്ട് പോകുന്ന വഴി പുള്ള് മന ക്കൊടി റോഡിൽ അവസാനിക്കും വരെ – 1 1/4
30. 130–ാം നമ്പ്ര് സംഘത്തിന്റെ പിന്നിൽ താമസിക്കുന്ന നിവാസികൾക്ക് മെയിൻ റോഡിനോട് ബന്ധിപ്പിക്കുന്ന റോഡ് – 1/4
31. കോലോത്തും കടവ് വാലി പാടത്തേക്കുള്ള റോഡ് – 1/2
32. ഹർബർട്ട് കനാൽ ബണ്ട് റോഡ് – 1/2
33. മണ്ണുത്തിച്ചാൽ ജയന്തിറോഡ് – 1/4
34. S.N.സോമശേഖര റോഡ് – 1/4

ആകെ ദൈർഘ്യം – 21 Km

മുൻപറഞ്ഞ വഴികളുടെ പ്രാധാന്യത്തിൽനിന്നും പ്രസക്തിയിൽനിന്നും വ്യത്യസ്തമായ വഴികളുടെ കാര്യമാണ് ഇനി ഉദ്ധരിക്കാനുള്ളത്. ഊണ് കഴിഞ്ഞവന് പായ കിട്ടാഞ്ഞിട്ട്, ഊണ് കഴിക്കാത്തവന് ഇല കിട്ടാഞ്ഞിട്ട് എന്നാണല്ലോ പഴമൊഴി. ഇതാണ് ഇവിടേയും ചൂണ്ടിക്കാട്ടാനുള്ളത്.

നമ്മുടെ പഞ്ചായത്തിൽ ഗതാഗതം പോയിട്ട് വഴി പോലും നടക്കാൻ അപ്രാപ്യരായ എത്രയോ വീടുകൾ ഇന്നും നിലനിൽക്കുന്നു. അവർക്ക് പ്രാഥമികാവശ്യം ഉണ്ടാക്കിക്കൊടുക്കാൻ പഞ്ചായത്ത് ബാധ്യസ്ഥമാണ്. ചുവടെ ചേർത്തിരിക്കുന്ന വഴികൾ പുതിയതായി നിർമ്മിച്ച് ടാറിംഗ് ചെയ്ത് നിർമ്മിക്കേണ്ടതാണ്. ടാറിംഗിന് സൗകര്യമില്ലാത്തവയാണെങ്കിൽ നടപ്പാതകളാക്കി സഞ്ചാരയോഗ്യമാക്കിതീർക്കുവാൻ പര്യാപ്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വീതി സൗകര്യമുള്ള സ്ഥലങ്ങളിൽ വീതികൂട്ടി എടുക്കണം. വീതി കുറഞ്ഞവയാണെങ്കിലും ടാറിംഗ് നടത്തി വഴി ഉണ്ടാക്കി എടുക്കണം. ഈ പദ്ധതി പൂർത്തിയാകുന്നതോടെ ഈ ഗ്രാമപഞ്ചായത്തിൽ ഒരു വീടുപോലും വഴിയില്ലാത്തതാകാൻ പാടില്ല. ഈ പ്രശ്നത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്ത് ഒരു മാതൃകാ പഞ്ചായത്താക്കി മാറ്റണം എന്ന നിർദ്ദേശം മുന്നോട്ട് വെക്കുവാൻ ആഗ്രഹിക്കുന്നു.

ഉണ്ടാക്കേണ്ട റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

പുതിയതായി നിർമ്മിക്കേണ്ട വഴികൾ

1. ചിറക്കൽ സെന്ററിൽ നിന്നും തുടങ്ങി തൃക്കാപ്പളം റോഡ് ഹരിജൻകോളനി കടവ് വരെ – 3/4

2. SNB സമാജത്തിന്റെ വടക്കുഭാഗത്ത് താമസിക്കുന്നവർക്ക് പുതിയതായി റോഡ് നിർമ്മിക്കണം – 1/2

3. ലിഫ്റ്റ് ഇറഗേഷന്റെ പടിഞ്ഞാറു ഭാഗത്തുള്ള ബണ്ട് റോഡാക്കി നിർമ്മിക്കണം (ഇരട്ടപ്പാലം വടക്കുവശം) – 1/2

4. MLA റോഡിന് സമാന്തരമായി പുറത്തൂർ പെന്നമ്പലാൽ റോഡ് – 200 mtr.

5. പഴുവിൽ മൃഗാസ്പത്രി റോഡ് ചാഴൂർ കോവിലകം റോഡ് കിഴക്കോട്ട് MLA റോഡിനോട് ബന്ധിക്കുക – 1 Km

6. ഹെർബർട്ട് നഗർ ഇറിഗേഷൻ ബണ്ട് റോഡ് പടിഞ്ഞാട്ട് വായനശാല വരെ – 750 Mtr.

7. പുറത്തൂർ ഷാപ്പിന്റെ പടിഞ്ഞാറുഭാഗത്ത് താമസിക്കുന്നവർക്ക് വേണ്ടിയുള്ള റോഡ് – 200 Mtr

8. മാവിൻ തോപ്പ് ഭാഗത്ത് താമസിക്കുന്നവർക്ക് റോഡ് നിർമ്മിക്കണം. – 1 1/4 Km

9. പഴുവിൽ മനപ്പറമ്പ് കോളനി റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കണം. – 1/2

10. കോപ്പുറം ശ്മശാനം റോഡ് നിർമ്മിക്കണം – 500 Mtr.

11. പഴുവിൽ അമ്പലനട റോഡിൽനിന്നും കോളനി റോഡുവഴി ആമ്പാടത്തുകൂടി തൃശൂർ–തൃപ്രയാർ റോഡിനോട് ബന്ധിപ്പിക്കണം. – 1km

12. മാരിതറയിലേക്ക് പുതിയ റോഡ് നിർമ്മിക്കണം – 1 km

13. അത്തിച്ചാൽ പടവ് ഫാം റോഡ് (സ്ലൂയിസ് റോഡ്) നിർമ്മിക്കണം. – 1/2

14. ജയന്തി റോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം – 500 Mtr.

ആകെ ദൈർഘ്യം – 8.175 Km.

177

# ഊർജ്ജം

## *ആമുഖം*

ഇന്ന് നാം കടന്ന് പോകുന്നത് ഇലക്ട്രോണിക് യുഗത്തിൽ കൂടിയാണ്. ഒന്ന് തൊട്ടാൽ മതി വെളിച്ചം, വെള്ളം, കാറ്റ്, പാട്ട്, സിനിമ എന്നുവേണ്ട അരക്കാൻ, അലക്കാൻ പറമ്പ് നനക്കാൻ പോലും വിരലൊന്നനക്കിയാൽ മതി. ഇവയുടെ നിയന്ത്രണം എല്ലാം തന്നെ ഊർജ്ജം കൈയ്യടക്കിയിരിക്കുകയാണ്. ഇന്ന് ഊർജ്ജം നിലച്ചാൽ ജനജീവിതം തന്നെ സ്തംഭിക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. എന്തിനധികം ലോകത്തിലെ ഏതുകോണിലേക്കും സമ്പർക്കം പുലർത്താൻ പോലും ഇരുന്നിടത്തുനിന്ന് എഴുനേൽക്കുക പോലും വേണ്ടാത്ത സ്ഥിതിവിശേഷമാണുള്ളത്. ലോകത്തിൽ നടക്കുന്ന ഏത് സംഭവവികാസങ്ങളും നമുക്ക് തൽസമയ ദൃശ്യമായി കഴിഞ്ഞിരിക്കുകയാണ്. ഇവിടമാണ് ഊർജ്ജത്തിന്റെ അതിപ്രാധാന്യം നാം കാണുന്നതും മനസ്സിലാക്കുന്നതും.

നമ്മുടെ പഞ്ചായത്തിൽ ഊർജ്ജസ്രോതസ്സ് വളരെ പരിമിതമാണ്. നാം അന്യമാർഗ്ഗങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. സ്വയം പര്യാപ്തതയിലേക്ക് കടന്ന് ചിന്തിക്കേണ്ട അവസരം സമാഗതമായി കഴിഞ്ഞിരിക്കുന്നു. അതിന്റെ മുന്നോടിയായി താഴെ ചേർത്തിരിക്കുന്ന പ്രശ്നങ്ങളിലേക്കും മാർഗ്ഗനിർദ്ദേശങ്ങളിലേക്കും ഒരു എത്തിനോട്ടം അനിവാര്യമാണ്. അതോടുകൂടി പരിഹാരമാർഗ്ഗം പരിഗണിക്കേണ്ടതും അത്യാവശ്യമാണ്.

## *പ്രശ്നങ്ങൾ*

1. വേണ്ടത്ര കറന്റ് സപ്ലൈ എല്ലായ്പ്പോഴും ലഭ്യമല്ല. വോൾട്ടേജ് ക്ഷാമം അതിരൂക്ഷമാണ്. അപ്രഖ്യാപിതവും പ്രഖ്യാപിതവുമായ കറന്റ് കട്ട് നിലനിൽക്കുന്നു. അനിയന്ത്രിതമായ കറന്റ് പോക്ക് എന്നിവ നിത്യ സംഭവങ്ങളാണ്.

2. എല്ലാ വീടുകൾക്കും വൈദ്യുതി കണക്ഷൻ ഇല്ല.

3.വഴിവിളക്കുകൾ എല്ലാ ഭാഗത്തേക്കും ഇനിയും എത്തിയിട്ടില്ല.

4. ഉള്ള വഴിവിളക്കുകൾ എല്ലാം തന്നെ കത്തുന്നില്ല. കത്തുന്നവയും കത്താത്തവയും തമ്മിൽ വലിയ വ്യത്യാസം അനുഭവപ്പെടുന്നില്ല.

5. കൃഷിയാവശ്യത്തിനും വ്യവസായങ്ങൾക്കും വേണ്ടത്ര വൈദ്യുതി ലഭിക്കുന്നില്ല.

6. പാചകാവശ്യത്തിനായി LPG യൂണിറ്റ് നമ്മുടെ പഞ്ചായത്തിൽ ഇല്ല. അതിന്റെ പേരിൽ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്നവർ നിരവധിയാണ്.

7. വൈദ്യുതി സ്ഥിരീകരണത്തിന് വേണ്ടത്ര ട്രാൻസ്ഫോർമറുകൾ ഇല്ല.

## *പരിഹാര നിർദ്ദേശങ്ങൾ*

### 1. സബ്സ്റ്റേഷൻ:

നമ്മുടെ പഞ്ചായത്തിന് തനിയായി ഒരു സബ്സ്റ്റേഷൻ ഉണ്ടാവണം. 60 KV കപ്പാസിറ്റിയിലുള്ള ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടി അടിയന്തിരമായി നടപ്പിലാക്കണം. ഇതിനാവശ്യമായ സ്ഥലം സാമ്പത്തികം എന്നീ പ്രശ്നങ്ങൾ നേരിടുന്ന പക്ഷം അയൽ പഞ്ചായത്തായ ചേർപ്പ് ഗ്രാമപഞ്ചായത്തു

മായി കൂടിയാലോചിച്ച് അവരുമായി സഹകരിച്ച് അവിടെ സബ്സ്റ്റേഷൻ പണിയുമ്പോൾ നമ്മുടെ പഞ്ചായത്തിനുവേണ്ടി 60KV യുടെ ഒരു സബ്സെക്ഷൻ സ്ഥാപിച്ച് ലൈൻ കൊണ്ടുവന്നാലും പ്രശ്നപരിഹാരമാക്കാവുന്നതാണ്. ഇത് നേടിയെടുത്താൽ നമ്മുടെ പഞ്ചായത്തിന സംബന്ധിച്ചിടത്തോളം ഊർജ്ജക്ഷാമം എല്ലാ തലത്തിലും പൂർണ്ണമായും കാലാകാലത്തേക്ക് ഒഴിവാക്കാൻ സാധിക്കും.

### 2. പുതിയ കണക്ഷൻ

ഇതുവരെയും വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകൾ 3 വർഷത്തിലധികമായിട്ടും നിരവധിയുണ്ട്. ഇത് അടിയന്തിരമായി പരിഹരിച്ച് ലഭ്യമാക്കണം. ലൈൻ ചെന്നെത്താത്ത പ്രദേശങ്ങളിൽ പുതുതായി ലൈൻ വലിച്ച് കണക്ഷൻ എല്ലാവർക്കും ഉടൻ ലഭ്യമാക്കണം. കാലതാമസം പ്രശ്നപരിഹാരമല്ല.

### 3. കുടിൽ ജ്യോതി

ദാരിദ്ര്യരേഖക്ക് ഏറ്റവും ചുവടെ നിൽക്കുന്നവർക്ക് ഒരു വീടിന് ഒരു ലൈറ്റ് എന്ന സൗജന്യപദ്ധതി എത്രയും വേഗം നടപ്പിലാക്കുക. ഇതുവഴി അത്രയും പുതിയ കണക്ഷനുകൾക്ക് പരിഹാരം ഉടൻ കണ്ടെത്തുവാൻ കഴിയും.

### 4. വഴിവിളക്കുകൾ

എല്ലാ പ്രദേശത്തേക്കും വഴിവിളക്കുകൾ വ്യാപിപ്പിക്കുക. ലൈൻ ഇല്ലാത്ത പ്രദേശങ്ങളിലേക്ക് ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കണം. നിലവിലുള്ള വിളക്കുകൾക്ക് കേടുപാടുകൾ സംഭവിച്ച് കത്താത്തവയുണ്ടെങ്കിൽ അവ എത്രയും വേഗം പരിഹരിച്ച് എല്ലാ വിളക്കുകളും രാത്രി സമയങ്ങളിൽ കത്തിക്കൊണ്ടിരിക്കാൻ വേണ്ട നടപടി കൈക്കൊള്ളണം. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കാനും നടപടി ഉണ്ടാകണം.

### 5.സോഡിയം വേപ്പർ ലാംബ്

പഞ്ചായത്തിന്റെ ഏതാനും ചില ഭാഗങ്ങളിൽ സോഡിയം വേപ്പർ ലാംബ് ഘടിപ്പിച്ചിട്ടുണ്ട്. എല്ലാ പ്രധാനപ്പെട്ട കവലകളിലും സോഡിയം ലാംബ് സ്ഥാപിക്കാൻ ഉതകുന്ന നടപടി സ്വീകരിക്കണം. സ്പോൺസർഷിപ്പ് അടിസ്ഥാനത്തിൽ ലഭ്യമാകുന്ന ലാംബുകൾ സ്ഥാപിക്കുവാൻ നിലവിലുള്ള നിയമ നടപടികൾ ജനകീയാസൂത്രണ ജനപങ്കാളിത്വത്തിന്റെ ഉദ്ദേശ ശുദ്ധിക്കനുസൃതമായി നടപ്പിലാക്കുക.

### 6. മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുക

നിലവിലുള്ള മണ്ണെണ്ണ പെർമിറ്റിന്റെ വിഹിതം വർദ്ധിപ്പിക്കുക.

### 7. പുകയില്ലാത്ത അടുപ്പുകൾ

വീടുകളിൽ ഭക്ഷണം പാകം ചെയ്യുന്നതിന് വിറക് ഇന്ധനമായി ഉപയോഗിക്കുന്നവർക്ക് പുകയില്ലാത്ത അടുപ്പ് ലഭ്യമാക്കുക.

### 8. ബയോഗ്യാസ്

ബയോഗ്യാസ് യൂണിറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുക.

### 9. LPG കണക്ഷൻ

നമ്മുടെ പഞ്ചായത്തിൽ LPG യൂണിറ്റ് നിലവിലില്ല. എന്നാൽ LPG ഉപഭോക്താക്കൾ ധാരാളം ഉണ്ട്. ഇവർ തളിക്കുളം, ഒല്ലൂർ എന്നീ ഏജൻസികളിൽനിന്നും വളരെ ബുദ്ധിമുട്ടുകൾ സഹിച്ചാണ് ഗ്യാസ് ലഭ്യമാക്കുന്നത്. നമ്മുടെ പഞ്ചായത്തിന് ഗവൺമെണ്ട് തലത്തിൽ LPG യൂണിറ്റ് ലഭ്യമാക്കാൻ സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ തളിക്കുളം അല്ലെങ്കിൽ ഒല്ലൂർ യൂണിറ്റിന്റെ വിതരണ ശൃംഖല ഈ പഞ്ചായത്തിലേക്ക് കൂടി ഒദ്യോഗികമായി വ്യാപിപ്പിച്ച് കിട്ടുവാൻ വേണ്ട നടപടി നടപ്പിലാക്കുക.

### 10. ജനറൽ (പൊതുവായത്)

വടക്കേ പുള്ളിലേക്ക് പോകുന്ന വഴിയോര പട്ടിക ജാതിക്കാരടക്കമുള്ള വീടുകൾക്ക് (ഏകദേശം 25) വൈദ്യുതി ലഭ്യമാക്കണം. മരമീസൻ റോഡിന് സമീപം 20 വീടുകൾക്കും മനക്കോട്ടക്കുളം 4 വീടുകൾക്കും ATC ക്ക് സമീപം ഒരു വീടിനും വൈദ്യുതി ലഭ്യമാക്കണം. പെരുമ്പിടിക്കുന്ന് 3 സെന്റ് കോളനിയിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് നടപടി വേണം. കരുപ്പാടം കളപ്പംറോഡ് 3 ഫെയ്സ് ആക്കണം. കോട്ടംകോളനി റോഡിൽനിന്ന് അംബേദ്ക്കർ കോളനിയിലേക്ക് പോകുന്ന റോഡിൽ ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കണം.

## ഉപസംഹാരം

മേൽ ഉദ്ധരിച്ച 9–ാം പദ്ധതി ജനകീയ പദ്ധതിയുടെ ജനകീയാസൂത്രണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച് നടപ്പിലാക്കിയ ഗ്രാമസഭാ കൺവെൻഷനുകളുടെ റിപ്പോർട്ടുകളിൽനിന്നും ലഭിച്ച പ്രശ്നങ്ങളുടേയും പരിഹാരനിർദ്ദേശങ്ങളുടേയും വെളിച്ചത്തിൽ പഞ്ചായത്ത് തല ക്രോഡീകരണത്തിലൂടെ നടത്തിയ സമഗ്രവികസന റിപ്പോർട്ടിന്റെ കരട് രേഖ ഗ്രാമപഞ്ചായത്ത് സെമിനാറിന്റെ അംഗീകാരത്തിനായി ഗതാഗതം – ഊർജ്ജം എന്നീ വകുപ്പുകൾക്ക് വേണ്ടി സവിനയം സമർപ്പിച്ചുകൊള്ളുന്നു.

# പാർപ്പിടം

ചാഴൂർ പഞ്ചായത്തിലെ പാർപ്പിടസ്ഥിതി തൃപ്തികരമാണെന്ന അവകാശവാദമുന്നയിക്കാൻ കഴിയില്ല. ഗൾഫ് വരുമാനത്തിന്റെ സ്വാധീനം പാർപ്പിട കാര്യത്തിൽ ഭാഗികമായി പ്രതിഫലിക്കുന്നുണ്ടെങ്കിലും പൂർണ്ണമല്ല. 1996 വരെയുള്ള കാലയളവിൽ മൊത്തം 7540 കെട്ടിടങ്ങളാണ് ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ഇതിൽതന്നെ 2129 എണ്ണം കോൺക്രീറ്റ് വീടുകളാണ്. ബാക്കി വരുന്ന ഓല വീടുകൾ 2014 ആണ്. പഞ്ചായത്തിൽനിന്നും വിവിധ വകുപ്പുകളിൽനിന്നും ധനസഹായത്തോടെ നിലവിൽ ഉണ്ടായിരുന്ന ഓട് വീടുകളുടെ എണ്ണം 3394 എണ്ണം ആണ്.

ഇതിൽനിന്ന് സൂചന ലഭിക്കുന്നത് ചാഴൂർ പഞ്ചായത്തിൽ ഭവനനിർമ്മാണ രംഗം 8-ാം പഞ്ചവത്സര പദ്ധതി കാലത്ത് ലക്ഷ്യം ഇട്ടതിനേക്കാൾ താഴ്ന്നു പോയി എന്നതാണ്. ഇനിയും ഈ പഞ്ചായത്തിൽ കർഷക തൊഴിലാളികളും ദരിദ്ര ജനവിഭാഗങ്ങളും ഇപ്പോഴും ശോചനീയവസ്ഥയിലാണ് ജീവിക്കുന്നത്. ഓരോ വാർ[illegible] ച കെട്ടിടങ്ങളുടെ എണ്ണവും സ്വഭാവവും താഴെ കാണിക്കുന്നതാണ്.

ഈ പഞ്ചായത്തിൽ ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഒരു എണ്ണം പോലും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

8-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പഞ്ചായത്തിനകത്ത് ക്രമാനുഗതമായി കെട്ടിങ്ങളുടെ വർദ്ധനവ് രേഖപ്പെടുത്തി കാണുന്നു. 1991-1992ൽ 105 കെട്ടിടങ്ങൾ കൂടുതലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏറ്റ[illegible] കൂടുതൽ കെട്ടിടങ്ങൾ രജിസ്റ്റർ ചെയ്തത് 1992-1993ൽ ആണ്. വർദ്ധനവ് 340 ആണ്. പിന്നീട് വരുന്ന മൂന്ന് വർഷത്തെ വർദ്ധനവ് 402 ആണ്. 8-ാം പഞ്ചവത്സര പദ്ധതികാലത്ത് പഞ്ചായത്തിനകത്ത് വർദ്ധിച്ച [illegible]ങ്ങളുടെ എണ്ണം 750 ആണ്.

| പഞ്ചായത്തിലെമൊത്തം കെട്ടിടങ്ങളുടെ എണ്ണം | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| | 6673 | 6798 | 7138 | 7247 | 7430 |

ജെ.ആർ.വൈ പദ്ധതി പ്രകാരം പട്ടികജാതി കുടുംബങ്ങൾക്ക് വിവിധ ധനസഹായ സ്ഥാപനത്തിൽനിന്നും സഹായം ലഭിച്ച വിവരണം

***1991-1992***

11 കക്കൂസുകൾക്ക് 11200 വീതം മൊത്തം 24650 രൂപയാണ് നൽകിയത്.

***1993-1994***

12 വീടുകൾക്ക് 14500 വീതം 141650 രൂപയാണ് പഞ്ചായത്ത് ഭവന നിർമ്മാണത്തിന് ചിലവാക്കിയത്.

***1994-1995***

ഒരു വീട് മാത്രമാണ് പഞ്ചായത്തിന് അനുവദിക്കാൻ സാധിച്ചത്. 15800 രൂപ അനുവദിച്ചെങ്കിലും 10300 രൂപയാണ് ഗുണഭോക്താവിന് നൽകാൻ കഴിഞ്ഞത്.

... വീടുകളാണ് ചാഴൂർ പഞ്ചായത്ത് 11 വാർഡുകളിലേക്ക് അനുവദിച്ചത്. . 15800 രൂപ വീതമാണ് ഒരോ ഗു... ...താവിന് നൽകിയത്. 91500 രൂപയാണ് പഞ്ചായത്ത് ചിലവാക്കിയത്.

1991–1996 വരെയുള്ള കാലയളവിൽ മൊത്തം 22 വീടുകളും 11 കക്കൂസുകളും മാത്രമാണ് അനുവദിക്കുവാൻ സാധിച്ചത്. ഇതിനായി 440770 രൂപയാണ് പഞ്ചായത്തിന്റെ ഫണ്ടിൽനിന്ന് ചിലവായത്.

## ചാഴൂർ ഗ്രാമപഞ്ചായത്ത്

### 1.14 (a) കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ (1995–96)

Ref. E

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നില യുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം നിലവിലുള്ള കെട്ടിടങ്ങൾ | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 519 | | 103 | 240 | 176 | | |
| II | 640 | | 154 | 279 | 207 | | |
| III | 641 | | 171 | 277 | 193 | | |
| IV | 684 | | 225 | 317 | 142 | | |
| V | 931 | | 249 | 448 | 234 | | |
| VI | 853 | | 295 | 364 | 194 | | |
| VII | 868 | | 286 | 443 | 139 | | |
| VIII | 821 | | 224 | 352 | 245 | | |
| IX | 536 | | 143 | 243 | 150 | | |
| X | 474 | | 137 | 214 | 123 | | |
| XI | 573 | | 142 | 220 | 211 | | |
| ആകെ | 7540 | | 2129 | 3397 | 2014 | | |

ഇന്നേവരെ അന്തിക്കാട് ബ്ലോക്കിൽനിന്നും തൃശൂർ താലൂക്കിൽനിന്നും 268 വീടുകളാണ് ചാഴൂർ പഞ്ചായത്തിലേക്ക് അനുവദിച്ചത്.

നമ്മുടെ പഞ്ചായത്തിൽ പഞ്ചായത്തിൽനിന്നു വിവിധ വകുപ്പുകളിൽനിന്നുമായി മൊത്തം 290 വീടുകളാണ് ഈ പഞ്ചായത്തിലെ ഗുണഭോക്തക്കൾക്കായി നൽകിയിട്ടുള്ളത്.

8–ാം പഞ്ചവത്സര പദ്ധതി അവസാനിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിലെ ഭവനനിർമ്മാണ രംഗം ലക്ഷ്യത്തക്കാൾ വളരെയധികം താഴ്ന്നുപോയതായി കാണുന്നു.

ഇതിനു പരിഹാരമായി നിർദ്ദേശിക്കാൻ കുറച്ച് കാര്യങ്ങൾ താഴെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിനകത്ത് വീടു പണിയുന്നതിനുവേണ്ട സാമഗ്രികൾ ലഭിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

ഈ പഞ്ചായത്തിനകത്ത് ഒരു ഓട്ട് കമ്പനിയാണ് ഉള്ളത്. അതുകൊണ്ട് ഓട് ലഭിക്കുവാൻ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു പഞ്ചായത്താണ്. അടുത്തുള്ള ചേർപ്പ് പഞ്ചായത്തിൽനിന്നു വല്ലച്ചിറ പഞ്ചായത്തിൽനിന്നുമാണ് വീട് പണിയാനുള്ള ഓടുകൾ കൊണ്ടുവരുന്നത്. വീടിനാവശ്യമായ മരസാധനങ്ങളുടെ ദൗർലഭ്യവും നേരിടുന്ന ഒരു പ്രദേശമാണ് ഇവിടെ. മരങ്ങളുടെ സ്ഥാനത്ത് ഇന്ന് തെങ്ങ് കൊണ്ടുള്ള സാമഗ്രികളാണ് ഇവിടുത്തെ ജനങ്ങൾക്ക് നാമമാത്രമായി ലഭിച്ചുകൊണ്ടിരിക്കുന്നത്. തെങ്ങുകളുടെ വിലവർദ്ധനവ് ഈ പഞ്ചായത്തിൽ രൂക്ഷമായികൊണ്ടിരിക്കുയാണ്.

നിർമ്മാർണ രംഗത്ത് തൊഴിലാളികളുടെ സുലഭമായ സാധ്യതകൾ പഞ്ചായത്തിനകത്ത് ഉണ്ട്. കർഷക ത്തൊഴിലാളികൾ കഴിഞ്ഞാൽ ഭൂരിഭാഗവും നിർമ്മാണ തൊഴിലാളികളാണ്. ഇവരുടെ വേതന വ്യവസ്ഥകൾ കാലാനുസൃതമായി വർദ്ധിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ഈ രംഗത്തെ സേവനം മതിയായി പിടിച്ചു നിർത്തുവാൻ കഴിയൂ.

നമ്മുടെ പഞ്ചായത്തിനകത്ത് സ്വന്തമായി ഭൂമിയില്ലാത്തതുകൊണ്ട് പാർപ്പിട സൗകര്യമില്ലാത്ത 500 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിനകത്ത് ഉണ്ട്.

ഇവർക്ക് പഞ്ചായത്ത് മൂന്നോ നാലോ സെന്റ് നൽകി പുനരധിവസിപ്പിക്കുകയോ പതിച്ച് നൽകാൻ കഴിയുന്ന പുറംബോക്കുകൾ അവർക്ക് അടിയന്തിരമായി പതിച്ചു നൽകുകയോ വേണം. പുര പണിയുന്നതിനാവശ്യമായ ധനസഹായം എത്തിച്ചു കൊടുക്കേണ്ടതുമാണ്.

ഇപ്പോൾ കോളനികളിലും ഇരട്ട വീട് സമ്പ്രദായം നിലനിൽക്കുന്നു. ഇത്തരം വീടുകളിൽ അടിസ്ഥാന സൗകര്യ പശ്ചാത്തലം ഇല്ലാത്തതുമാകുന്നു.

ഇതിനു പരിഹാരമായി നിലവിലുള്ള ഇരട്ട വീടുകൾ എല്ലാം തന്നെ ഒറ്റ വീടുകളായി നിർമ്മിച്ചു കൊടുക്കാനാവശ്യമായ സാമ്പത്തിക സഹായം സർക്കാരിൽനിന്നും ഭവനനിർമ്മാണ സംഘത്തിൽനിന്നും എത്തിച്ചു കൊടുക്കേണ്ടത് അത്യാവശ്യമാണ്.

നമ്മുടെ പഞ്ചായത്തിനകത്ത് ചിലവ് കുറഞ്ഞ രീതിയിൽ വീട് എത്തിച്ച് കൊടുക്കാനാവശ്യമായ ഭവന നിർമ്മാണ സംഘങ്ങൾ ഒന്നും തന്നെ ഇല്ലാത്തതുകൊണ്ട് അനേകം വീടുകൾ ദുർചിലവ് വഹിക്കേണ്ടിവരുന്നു. ഇത്തരം അനാവശ്യചിലവുകൾ ഒഴിവാക്കുന്ന വീടുകളുടെ പ്രവർത്തനത്തെ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## സാധ്യതകൾ

ദരിദ്ര ജനവിഭാഗങ്ങൾക്ക് പുര പണിയാനാവശ്യമായ സംഖ്യ ഭവന നിർമ്മാണ സംഘത്തിൽനിന്നും എറ്റവും കുറഞ്ഞ നിരക്കിൽ വായ്പയായി അനുവദിക്കേണ്ടതാണ്.

അതുപോലെതന്നെ അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നതിന് കാലവിളംബം നേരിടുന്നു. ഇതുകൊണ്ട് ദിവസം തോറും വർദ്ധിച്ചുവരുന്ന ജിവിതച്ചിലവുമായി തട്ടിച്ചുനോക്കുമ്പോൾ വീട് പണിയുന്നതിനാവശ്യമായ ചിലവ് കുത്തനെ ഉയരുന്നു.

കോസ്റ്റ് ഫോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനം വമ്പിച്ച പ്രചാരണം കൊടുത്ത് പ്രോത്സാഹിപ്പിക്കേണ്ടിവരുന്നു. പഞ്ചായത്തിനകത്ത് ഇന്നും നിരവധി വീടുകൾ പണിയിപ്പിച്ച് കൊടുക്കുന്നുണ്ട്. ഇതിന്റെ ഗുണത്തെ പറ്റി പ്രചരണം നടത്തുവാൻ പഞ്ചായത്തിനും സർക്കാർ ഏജൻസികൾക്കും കഴിയണം.

ഈ പഞ്ചായത്തിൽ 70 ശതമാനം പരമ്പരാഗത രീതിയിലാണ് വീട് പണിയുന്നത്. പുതിയ സാങ്കേതിക സമ്പ്രദായം നമ്മുടെ പഞ്ചായത്തിൽ പരിമിതമാണ്.

നമ്മുടെ പഞ്ചായത്തിനകത്ത് കെട്ടിട നിർമ്മാണ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നതിനും ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനും പഞ്ചായത്തു തലത്തിൽ ഒരു വിദഗ്ധ സമിതി രൂപവൽക്കരിക്കുകയും സഹകരണ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുകയും വേണം.

പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന നിർദന കുടുംബങ്ങൾക്ക് പട്ടയം നൽകാനാവശ്യമായ നടപടികൾ എടുക്കുകയും അതോടൊപ്പം തന്നെ അവരെ പുനരധിവസിപ്പിക്കാനാവശ്യമായ സാമ്പത്തിക സഹായം ഉൾപ്പടെയുള്ള അടിയന്തിരനടപടികൾ പഞ്ചായത്ത് മുൻകൈ എടുത്ത് നടപ്പിലാക്കുകയും വേണമെന്ന് നിർദ്ദേശിക്കുന്നു.

വൻ വീടുകൾക്ക് അർഹമായ രീതിയിൽ നികുതി ഏർപ്പെടുത്തുകയും ഇത്തരം അനാവശ്യവീടുകളുടെ നിർമ്മാണം നിരുത്സാഹപ്പെടുത്തുകയും വേണം.

പഞ്ചായത്തിലെ നിരവധി വീടുകളും കെട്ടിടങ്ങളും പുതുക്കിപണിയേണ്ട അവസ്ഥയിലാണ് നിലനിൽക്കുന്നത്. പ്രത്യേകിച്ച് ലക്ഷം വീട് കോളനികളിലെ വീടുകൾ നിലം പൊത്താറായ അവസ്ഥയിലാണ്. വീടുകൾ പുതുക്കി പണിയാൻ ആവശ്യമായ സഹായങ്ങൾ സർക്കാർ ഏജൻസികളിൽ നിന്നും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം.

# സാമൂഹ്യക്ഷേമം

കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികളിലൂടെ ചാഴൂർ പഞ്ചായത്തിൽ ഒട്ടേറെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞുവെങ്കിലും, നാം ലക്ഷ്യമിട്ടിരുന്ന സാമൂഹ്യ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന പരിശോധനക്ക് ഇവിടെ പ്രസക്തിയില്ലെന്നാണ് തോന്നുന്നത്. കാരണം ചത്ത കുട്ടിയുടെ ജാതകം നോക്കുന്നതിൽ അർത്ഥമില്ലല്ലോ. എങ്കിലും, ഒരു പുത്തൻ വികസന സംസ്കാരം രൂപപ്പെടുത്തിയെടുക്കുവാന്ന കഴിഞ്ഞകാല പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടത് അനിവാര്യമാണ്.

ചാഴൂർ പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച്, ഭൂരിഭാഗം കൃഷി നിലങ്ങളാണ്. അയതുകൊണ്ടുതന്നെ കാർഷിക മേഖലയെ ആശ്രയിച്ചുള്ള ഒരു ജീവിത ശൈലിയാണ് പഞ്ചായത്തിലെ ജനങ്ങൾക്കുള്ളത്. കർഷകതൊഴിലാളികളുടെ ജീവിത നിലവാരം വളരെ താഴ്ന്നതാണ്. അത് ശരശരിയെക്കാൾ കുറവാണ്. പഞ്ചായത്തിലെ എൺപത് ശതമാനം ജനങ്ങളും കാർഷിക മേഖലയിലാണ തൊഴിലെടുക്കുന്നത്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വേതനം ദൈനംദിന ജീവിത ചിലവുമായി പൊരുത്തപ്പെട്ടു പോകുന്നില്ല. പുരുഷൻമാർക്ക് 100 രൂപയും വനിതകൾക്ക് 50 രൂപയുമാണ് ലഭിച്ചുകൊണ്ടിരിന്നത്. ഈ വേതനം ഒരു കുടുംബം പുലർത്തികൊണ്ടുപോകുവാൻ തികച്ചും അപര്യാപ്തമാണ്. തൻമൂലം സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കടന്നുവരുവാൻ ഈ ജന വിഭാഗങ്ങൾക്ക് പലപ്പോഴും സാധിക്കുന്നില്ല.

പഞ്ചായത്തിൽ, എട്ടാം പദ്ധതിയനുസരിച്ച് ഐ. ആർ. ഡി. പി. പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെ വരുന്ന 1496 കുടുംബങ്ങളുണ്ടെ് തിട്ടപ്പെടുത്തിയിരിക്കുന്നു. മൊത്തം വരുന്ന ഈ സംഖ്യയിൽ 249 കുടുംബങ്ങൾ പട്ടികജാതിയിൽ പെടുന്ന കുടുംബങ്ങളാണ്. ഐ. ആർ. ഡി. പി. മുഖേന സാമ്പത്തിക സഹായം ലഭിച്ച 293 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇതിൽ 163 കുടുംബങ്ങൾ പട്ടികജാതിയിൽ പെടുന്ന കുടുംബങ്ങളും പെടുന്നുണ്ട്. 90 കുടുംബങ്ങൾ, ഈ സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖക്കു മുകളിൽ എത്തിയിട്ടുണ്ട്. ഇനിയും 1406 കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു താഴെ നിലനിൽക്കുന്നുണ്ട്. ഇതെല്ലാം കാണിക്കുന്നത് ദരിദ്രജനവിഭാഗങ്ങൾുവേണ്ടി സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ, സർക്കാർ ഉദ്ദേശിച്ച രീതിയിൽ നടപ്പിൽ വരുത്തുന്നതിനോ, അതിന്റെ ഗുണം അനുഭവിക്കുന്നർ, തങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടി ഈ പദ്ധതി ഉപയോഗപ്പെടുത്തുന്നില്ലെന്നുമാണ്. ഇത്തരം പദ്ധതികളുടെഉദ്ദേശ്യ ലക്ഷ്യങ്ങളെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയണ്.

1984 മുതൽ 1996 വരെ ട്രൈസം – തൊഴിൽ പരിശീലന പരിപാടിയനുസരിച്ച് 81 പേർക്ക് തൊഴിൽ പരിശീലനം പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് 12 പേർ മാത്രമാണ് പരിശീലനം ലഭിച്ച തൊഴിലുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തിക്കൊണ്ടിരിക്കുന്നത്. പരിശീലനം ലഭിച്ചിട്ടും തൊഴിൽ ലഭിക്കാത്തതുകൊണ്ട് മററിതര തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവർ 69 പേരാണ്. ട്രൈസം – തൊഴിൽ പരിശീലന പരിപാടി പഞ്ചായത്തിൽ പൊതുവെ പരാജയമായിരുന്നു എന്നാണ് ഈ കണക്കുകൾ കാണിക്കുന്നത്. പരിശീലനം ലഭിച്ച ഗുണഭോക്താക്കൾക്ക് തൊഴിൽ നൽകുന്നതിനോ അവർക്ക് സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള സാമ്പത്തിക സഹായം നൽകുവാനോ ഇപ്പോഴുള്ള സാധ്യതകൾ പരിമിതമാണ്. വിശാലമായ അർത്ഥത്തിൽ, ആവശ്യമായ നിയമങ്ങൾ ലഘൂകരിച്ച് വായ്പകൾ അനുവദിച്ച് തൊഴിലെടുക്കുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

DWCRA പദ്ധതിപ്രകാരം പഞ്ചായത്തിൽ അഞ്ച് വനിതാ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു. 1994 മുതലാണ് ഇത്തരം യൂണിററുകൾ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. അഞ്ചു യൂണിററുകളിലായി 43 വനിണകൾ ജോലിയെടുക്കുന്നുണ്ട്. പഞ്ചായത്തിലെ 8–ാം വാർഡിൽ അതുല്യ റെഡിമെയ്ഡ്സ്ഗാർമെന്റ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു. 10 വനിതകളാണ് ആരംഘട്ടത്തിൽ ഉണ്ടായിരുന്നതെലിലും ഇപ്പോൾ 8 വനിതകളാണ് അവശേഷിക്കുന്നത്. ഈ യണിററിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്നാണ് അഭിപ്രായം, ഈ യൂണിററിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ

ഇല്ലാത്തതു കാരണം വരുമാനത്തിന്റെ നല്ലൊരു പങ്കും വാടകയിനത്തിൽ ചിലവുചെയ്യുകയാണ്. സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാവുകയാണെങ്കിൽ ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയുമെന്ന വിശ്വാസത്തിലാണ് വനിതാ പ്രവർത്തകർ. ഒന്നാം വാർഡിൽ സെലക്ട് റെഡിമെയ്ഡ്സ് ഗാർമെന്റ് പുള്ളിൽ 8 വനിതകളുമായി പ്രവർത്തിക്കുന്നു. റജിസ്ട്രേഷൻ 1996 – 97 നടന്നു. പ്രവർത്തനം തൃപ്തികരമല്ല. പതിനൊന്നാം വാർഡി ഐശ്വര്യ ചിപ്സ് യമണിററഃ ആലപ്പാടിൽ 7 വനിതകളുമായി പ്രവർത്തിക്കുന്നു. 1996 – 97ൽ റജിസ്ട്രേഷൻ ആരംഭിച്ചു പ്രവർത്തിക്കുന്ന ഈ യൂണിററ് തൃപ്ധതികരമായി പ്രവർത്തിക്കുന്നുണ്ട്. 11–ാം വാർഡിൽതന്നെ ചാവൂരിൽ കർണ്ണകി പത്തിരി യൂണിററ് തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. 1996 – 97ൽ 10 വനിതകളുമായി ആരംഭിച്ച ഈ യൂണിററ് വനിതകൾക്ക് പ്രതീക്ഷയേകുന്ന സ്ഥാപനമാണ്.പത്താം വാർഡിൽ അമൂല്യ ബുക്ക് ബയന്റിംഗ് ഇഞ്ചമുടിയിൽ 1996 – 97ൽ റജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു. ഈ യൂണിററിന്റെ പ്രവർത്തനം ആരംഭദിശയിലായതുകൊണ്ട് വിലയിരുത്തുക പ്രയാസകരമാണ്. ഈ യൂണിററുകൾ സഹകരണ അടിസ്ഥാനത്തിൽ ഏകോപിച്ച് പ്രവർത്തനം വിപുലപ്പെടുത്തുകയും കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കത്തക്ക രീതിയിൽ സംഘടിപ്പിക്കേണ്ടതും ആവശ്യമാണ്. അതോടൊപ്പം തന്നെ ഈ യൂണിററുകൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തേണ്ടതും ഈ സ്ഥാപനങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

സാമൂഹ്യ ക്ഷേമ പദ്ധതികളുടെ പ്രവർത്തനം നമ്മുടെ പഞ്ചായഗിൽ മററു പഞ്ചായത്തുകളെ അപേക്ഷിച്ച് പരിതാപകരമായ അവസ്ഥയാണുള്ളത്. ഉദാഹരണത്തിന്, കർഷകതൊഴിലാളി പെൻഷൻ തന്നെയെടുക്കാം. പഞ്ചായത്തിലെ 80% വും കൾഷകതൊഴിലാളികളാണ്. ഒരു ആയുഷ്കാലം മുഴുവനും കാർഷികമേഖലയിൽ പണിയെടുത്ത് രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും കാർഷികാഭിവൃദ്ധിക്കുവേണ്ട യത്നിച്ച് തളരുമ്പോൾ ആശ്വാസകരമായി സർക്കാരിൽ നിന്ന് ലഭിക്കേണ്ട ന്യായമായ അവകാശം നിഷേധിക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. ഈ പെൻഷനും മററു പെൻഷനുകൾക്കും തടസ്സമായി നിൽക്കുന്ന സർക്കാർ നിയമങ്ങൾ ലഘൂകരിക്കേണ്ടത് അത്യാവശ്യമാണ്. ഓരോ പെൻഷനും അപേക്ഷിക്കുമ്പോഴും കുടുംബത്തിന്റെ വരുമാനം പരിശോധിക്കുന്നതിനു പകരം അപേക്ഷകന്റെ വരുമാനം പരിശോധിക്കുകയും അപേക്ഷകൻ യഥാർത്ഥത്തിൽ അർഹതയുള്ള കർഷകതൊഴിലാളിയാണോ എന്ന് പരിശോധിക്കുകയും ചെയ്താൽ കൂടുതൽ കർഷകതൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

CCS for SF/MF പരിപാടിയനുസരിച്ച് പഞ്ചായത്തിൽ 20 കിണറുകളും 70 പമ്പുസെററുകളും അനുവദിച്ചിട്ടുണ്ട് ഇതിനു പുറമെ 120 ഏക്കർ കൃഷി ഭൂമിയിൽ ജലസേജനം നടത്തുവാനും കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം പഞ്ചായത്തിലെ കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

1993–95 ഐ. ആർ. ഡി. പി. സർവെ പ്രകാരം ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം 90 ആണ്. ഇതിൽ 35 പേർക്ക്, ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP) അനുസരിച്ച് സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽ ഇനിയും 55 പേർക്ക് പഞ്ചായത്തിൽ സഹായം ലഭിക്കേണ്ടതുണ്ട്.

സാമൂഹ്യ വനവൽക്കരണ പരിപാടിയിലൂടെ പഞ്ചായത്തിൽ വിവിധയിനങ്ങളിലൂടെ, 1992–93 കാലയളവിൽ 10,000 തൈകൾ വിതരണം ചെയ്യുകയുണ്ടായിട്ടുണ്ട്. അതിനുശേഷം ഈ പ്രവർത്തനം കാര്യക്ഷമമായി തുടർന്നുകൊണ്ടുപോകുവാൻ സാധിച്ചിട്ടില്ല.

1992 മുതൽ 95 വരെയുള്ള കാലയളവിൽ ബ്ലോക്ക് പദ്ധതിയനുസരിച്ച് പഞ്ചായത്തിൽ 71 കക്കൂസുകൾ അനുവദിച്ചു കിട്ടിയിട്ടുണ്ട്. അതിൽ 69 കക്കൂസുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഇന്ന് നിലനിൽക്കുന്ന ഏററവും വലിയ വെല്ലുവിളിയാണ് കക്കൂസുകളുടെ അഭാവം. യുദ്ധകാലാടിസ്ഥാനത്തിൽ ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതുണ്ട്. പ്രത്യേകിച്ച് കോളനികളിൽ. കക്കൂസുകളുടെ അഭാവം പരിസര മലിനീകരണവും പകർച്ച വ്യാധികൾക്കും കാരണമാകുന്നുണ്ട്. പ്രളയ കെടുതികൾ അനുഭവിക്കുന്ന ഒരു പഞ്ചായത്തെന്ന നിലയിൽ വർഷക്കാലങ്ങളിൽ പകർച്ചവ്യാധികൾ രൂക്ഷമാകുന്ന അവസ്ഥയാണുള്ളത്.

പഞ്ചായത്തിൽ മൊത്തം 26 ബാലവാടി ... ശരശരി നിലവാരം പുലർത്തുന്നവയാണ്. ഇവയിൽ 6 ബാലവാടി അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. ഉദാഹരണത്തിനായി, 8-ാം വാർഡിൽ കോലോത്തുംകടവിൽ സ്ഥിതിചെയ്യുന്ന ബാലവാടിയുടെ അവസ്ഥ വളരെ പരിതാപകരമാണ്. ഒരു താൽക്കാലിക ഓലപുരയിലാണ് ഇവിടെ ബാലവാടി പ്രവർത്തിക്കുന്നത്. ധാരാളം കുട്ടികൾ ഈ ബാലവാടിയിൽ വരുന്നുണ്ട്. ഓലപുരയുടെ സുരക്ഷിതത്വത്തെ സംബന്ധിച്ച ഭയം മൂലം കുട്ടികളെ പറഞ്ഞയക്കുവാൻ അമ്മമാർ മടികാണിക്കുന്നുണ്ട്. മേൽ സൂചിപ്പിച്ച ബാലവാടികൾക്ക് സ്വന്ദമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുന്നതിനാവശ്യമായ സത്വര നടപടികൾ ഉണ്ടാകണമെന്ന് സവിനയം അപേക്ഷിക്കുകയാണ്. അതുപോലെതന്നെ, ബാലവാടികളിലും അങ്കണവാടികളിലും കുട്ടികൾക്ക് വിതരണം ചെയ്യുന്ന പോഷകാഹാരങ്ങൾ സമയത്തിന് ലഭിക്കത്തക്ക രീതിയിൽ നടപടികൾ ഉണ്ടാകേണ്ടതാണ്. ബാലവാടികളിൽ കുട്ടികൾക്ക് വിനോദത്തിനാവശ്യമായ ഉപകരണങ്ങൾ എത്തിക്കേണ്ടതും ആവശ്യമാണ്. ബാലവാടി-അങ്കണവാടി ടീച്ചർമാരുടെയും അവിടങ്ങളിലെ സഹായികളുടെയും സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ജില്ലാ ഖാദി ഗ്രാമ വ്യവസായ കാർഷിക പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, ചികിത്സാ ധനസഹായങ്ങൾ, പെൺമക്കളുടെ വിവാഹത്തിനാവശ്യമായ സഹായങ്ങൾ പ്രസവാനുകൂല്യങ്ങൾ തുടങ്ങിയ വിവിധയിനം പെൻഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് നൽകണം.

പഞ്ചായത്തിന്റെ മദ്ധ്യമേഖലയിൽ ഒരു ഹെൽത്ത് സെന്റർ സ്ഥാപിച്ച് ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്.

പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ കുളങ്ങളും നവീകരിച്ച് ജനങ്ങൾക്ക് ഉപകരിക്കുന്ന രീതിയിൽ പ്രവർത്തനസജ്ജമാക്കുക.

ഒരു കമ്യൂണിററി ഹാൾ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥാപിക്കുകയും പഞ്ചായത്തിന്റെ സാംസ്കാരിക പാരമ്പര്യം ഉയർത്തിപിടിക്കുന്ന പരിപാടികൾ അവതരിപ്പിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുക.

പഞ്ചായത്തിൽ ഒരു ട്രഷറി യൂണിററ് സ്ഥാപിച്ച് പ്രവർത്തനങ്ങൾ വിപുലീകരിക്കുക.

പഞ്ചായത്തിന്റെകിഴക്കു ഭാഗത്ത് ചെറിയ കനാൽ പ്രദേശത്ത് റേഷൻ കട തുടങ്ങുന്നതിനാവശ്യമായ സാഹചര്യം ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിലെ പുറംമ്പോക്ക് നിവാസികളെ പട്ടയം നൽകി അവരെ പുനരധിവസിപ്പിക്കുവാനുള്ള കർമപരിപാടി പഞ്ചായത്ത് ഏറെറടുത്ത് നടത്തണം.

മാതൃ -ശിശു സംരക്ഷണം - ആരോഗ്യം മുതലായ വിഷയങ്ങളിൽ ജനങ്ങൾക്ക് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതുണ്ട്.

ആരോഗ്യ വകുപ്പിലെ ജീവനക്കാർ വീടുകൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങളും ചികിത്സകളും നല്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളണം.

പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണസംഘം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

അവശജനവിഭാഗങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിന് കാലവിളംബം നേരിടുന്നുണ്ട്. അതിനാവശ്യമായ പൂർണ്ണ അധികാരം പഞ്ചായത്തുകൾക്ക് നല്കേണ്ടതുണ്ട്.

റേഷൻകടകളിൽ മാറ്റം വരുത്തുന്നതിനുള്ളതിനും തെററുകൾ തിരുത്തുന്നതിനുമുള്ള സാങ്കേതിക തടസ്സങ്ങൾ മാററണം.

പഞ്ചായത്തിലെ കോളനി പ്രദേശങ്ങളിൽ പ്രളയ കെടുതികൾ നേരിടുന്നതിനും, മണ്ണൊലിപ്പുതടയുന്നതിനും, ആവശ്യമായ നടപടികൾക്ക് പഞ്ചായത്ത് നേതൃത്വം കൊടുക്കേണ്ടതുണ്ട്.

രണ്ടോ മൂന്നോ സ്ഥലത്ത് വൃദ്ധസദനങ്ങൾ സ്ഥാപിച്ച് നിർദ്ധനരും നിസ്സഹായരുമായ വൃദ്ധജനങ്ങളെ പഞ്ചായത്ത് സംരക്ഷിക്കേണ്ടതാണ്.

പഞ്ചായത്തിൽ ഒരു പോലീസ് ഔട്ട്പോസ്റ്റ്സ്ഥാപിച്ച് ക്രമസമാധാനപരിപാലനം ഉറപ്പുവരുത്തേണ്ടതാണ്.

ചാഴൂർ പഞ്ചായത്ത് ഭൂമിശാസ്ത്രപരമായി രണ്ട് മേഖലയാണ്. ഭൂരിപക്ഷം ഭാഗവും വെള്ളക്കെട്ട് പ്രദേശമാണ്. ഇവിടുത്തെ കക്കൂസ് നിർമ്മാണത്തെ ശാസ്ത്രീയമായി ഉന്നതനിലവാരം പുലർത്തുന്നതിനുവേണ്ടി വായ്പ തുക ഉയർത്തി ശാസ്ത്രീയമായി പണിയേണ്ടതുമാണ്.

പൊതുസ്ഥലങ്ങളിൽ പുകവലി നിരോധിക്കാൻ നിയമപരമായ അധികാരം പഞ്ചായത്ത് സമിതികൾക്ക് നൽകണം. ചാരായനിരോധനം ഫലപ്രദമായി നേരിടുന്നതിന് ബോധപൂർവ്വമായ ബോധവൽക്കരണം നടത്തണം. പഞ്ചായത്ത് മെമ്പർ ചാരായ നിരോധനം നേരിടുന്നതിന് അതാതു വാർഡുകളിൽ കർമ്മരംഗത്ത് ഇറങ്ങണം. മദ്യവർജ്ജന സംസ്കാരം പുലർത്തുവാൻ പഞ്ചായത്ത് സമിതികൾക്ക് കഴിയണം. കോളനികളിൽ ബോധവൽക്കരണക്ലാസ്സുകൾ പഞ്ചായത്ത് തലത്തിൽ മുൻകൈയെടുക്കണം.

നമ്മുടെ പഞ്ചായത്തിൽ ഒ് പൊതു ഇലക്ട്രിക് ശ്മശാനം പണിയുവാൻ വേണ്ട സംവിധാനം ഉണ്ടാകണം. ചിറക്കൽ സെന്ററിൽ പഞ്ചായത്തിന്റെ സ്വന്തമായ സ്ഥലത്ത് ഒരു ഷോപ്പിങ്ങ് കോംപ്ലക്സ് അടിയന്തിരമായി പണിത് പഞ്ചായത്ത് സ്വന്തമായി വരുമാനം ഉയർത്താം.

## <u>സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളും കോളനികളും</u>

പഞ്ചായത്തിൽ മൊത്തം 22 കോളനികളുണ്ട്. പൊതുവെ കോളനികളുടെ പരിതാപകരമായ അവസ്ഥയാണ് ദർശിക്കുന്നത്. 8 പഞ്ചവത്സര പദ്ധതികളുടെ ഫലമായി കോളനിയുടെ അവസ്ഥ പുരോഗമിച്ചിട്ടില്ല എന്നു മാത്രമല്ല ഏറെ ശോചനീയമായ അവസ്ഥയിലാണിന്നുള്ളത്.

ഭൂരിഭാഗം കോളനികളും അടിസ്ഥാന സൗകര്യങ്ങളില്ലാതെ നട്ടം തിരിയുകയാണ്. ദൗർഭാഗ്യകരമെന്നു പറയട്ടെ കോളനികൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളെല്ലാം തന്നെ അടിസ്ഥാന ജീവിതസൗകര്യത്തിന് ഏറെ പ്രയാസകരമാണ്.

ഏല്ലാ കോളനികളിലും പൊതുവായ അവശ്യമായി കണ്ടത് കുടിവെള്ളക്ഷാമമാണ്. കോളനികളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതുണ്ട്. കോളനികളിലെ പൊതുകിണറുകൾ ശുദ്ധീകരിച്ച് ശുദ്ധജലവിതരണ പൈപ്പുകൾ കോളനികളിലേക്ക് എത്തിച്ചും പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

രണ്ടാമത് കക്കൂസുകൾ – കോളനികളിലെ കക്കൂസുകൾ എല്ലാം തന്നെ പരിസരമലിനീകരണത്തിന് വെല്ലുവിളിയായാണ് നിലനിൽക്കുന്നത്. കക്കൂസുകൾ പുതുക്കിപണിയുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകി കോളനികളെ ശുചിത്വം പാലിക്കുന്ന കോളനികളാക്കി മാറേറണ്ടതുണ്ട്.

കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനും വൈദ്യുതി കണക്ഷൻ ലഭിച്ച കോളനികളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടികൾ എടുക്കേണ്ടതുണ്ട്.

പ്രളയക്കെടുതികളിൽപെടുന്ന കോളനികൾ നമ്മുടെ പഞ്ചായത്തിൽ കൂടുതലാണ്. പ്രളയക്കെടുതിയെ നേരിടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

റോഡുകളുടെ അഭാവമുള്ള കോളനികളുമുണ്ട്. അത്തരം കോളനികളിൽ റോഡുകളുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## മങ്ങാട്ടുപാടം ഹരിജൻ സെററിൽമെന്റ് കോളനി

ഏകദേശം 17 വർഷം മുമ്പാണ് വെറും കോൾ നിലങ്ങളിൽ കുടിൽ കെട്ടി താമസമാക്കിയിരുന്ന ഈ പ്രദേശം കോളനിയായി അംഗീകരിക്കപ്പെടുന്നത്. ഒരു ഉപദ്വീപുപോലെ മൂന്നു വശവും കോൾ നിലങ്ങളാൽ ചുററപ്പെട്ടു കിടക്കുന്ന ഈ കോളനിയിൽ 12 പുറംമ്പോക്ക് കുടുംബങ്ങളടക്കം മൊത്തം 23 കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്. 11 കുടുംബങ്ങൾ സർക്കാർ പതിച്ചുകൊടുത്ത മിച്ചഭൂമി 10 സെന്റ് സ്വന്തമായി ഉള്ളവരാണ്. എങ്കിലും പൂർണ്ണമായും കാർഷികതൊഴിലാളികളാണ്.

ഈ കോളനിയുടെ മദ്ധ്യത്തിലൂടെയുള്ള കനാൽ തോടാണ് മിച്ചഭൂമി നിവാസികളെയും പുറംമ്പോക്ക് നിവാസികളെയും വേർതിരിക്കുന്നത്. തോടിന്റെ കിഴക്കുഭാഗം മിച്ചഭൂമി നിവാസികളും പടിഞ്ഞാറു ഭാഗം പുറംമ്പോക്കു നിവാസികളും താമസിച്ചുവരുന്നു. തോടിന്റെ കിഴക്കുഭാഗം സൈഡ് കെട്ടിയ ബണ്ടിലൂടെയാണ് ഇപ്പോൾ ഇരു കൂട്ടരും സഞ്ചരിക്കുന്നത്. അടിയന്തിര ഘട്ടങ്ങളിൽ വാഹനങ്ങൾ എത്തിക്കുവാൻ ഗഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്.

പുറംമ്പോക്ക് നിവാസികളുടെ ജീവിതം ഏറെ പരിതാപകരമാണ്. കോളനിയിൽ ഉൾപ്പെടുത്തിയിട്ടുള്ളവരാണെങ്കിലും സ്വന്തമായി ഭൂമിയില്ലാത്തതിന്റെ പേരിൽ സൾക്കാരിന്റെ പല ആനുകൂല്യക്കളും നിഷേധിക്കപ്പെടുകയാണ്. വൈദ്യുതിയുടെ കാര്യം ഉദാഹരണമാത്രമാണ്. കോളനിയിലേക്ക് വൈദ്യുതി കണക്ഷൻ ഉണ്ടെങ്കിലും പുറംമ്പോക്ക് നിവാസികൾക്ക് പട്ടയം ഇല്ലാത്തതുകാരണം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ആയതിനാൽ പുറംമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് ഭൂമി പതിച്ചുകൊടുത്ത് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ ഉണ്ടാക്കുകയാണെങ്കിൽ ആ വിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്തിക്കൊണ്ടുവരുവാൻ കഴിയുമെന്ന ഉള്ളത്. വിശ്വാസമാണ്

ഒരു റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സാഹചര്യം കോളനിയിൽ നിലവിലുണ്ട്. കോളനിയുടെ കിഴക്കു ഭാഗത്തുകൂടി മെയിൻ റോഡ് വരെ പുറംമ്പോക്ക് ഭൂമിയുള്ളതായി അറിയുന്നു. ഈ പുറംമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തി ലഭിക്കുകയാണെങ്കിൽ അതിലൂടെ പൊതു റോഡ് ഉണ്ടാക്കാവുന്നതാണ്. അങ്ങിനെയാണെങ്കിൽ കോളനിയിലേക്ക് ഒരു പൊതു റോഡിന്റെ ആവശ്യകത നിറവേററപ്പെടുന്നതാണ്.

ഗുടിവെള്ളക്ഷാമം ഏററവും രൂക്ഷമായി അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് ഈ കോളനി. വിവിധ പദ്ധതികളിലായി രണ്ടു കിണറുകളും ഒരു കുഴൽ കിണറും ലഭിച്ചുവെങ്കിലും ഒന്നും തന്നെ ഉപയോഗിക്കുവാൻ കഴിയാത്ത രീതിയിൽ നശിച്ചുകൊണ്ടിരിക്കുന്നു. കുഴൽകിണർ പൂർണ്ണമായും നശിച്ചുകഴിഞ്ഞു. മററു രണ്ടു കിണറുകളിലും വേനൽകാലങ്ങളിൽ അൽപം പോലും വെള്ളം കിട്ടാനില്ല. തൻമൂലം കുടിവെള്ളത്തിനുവേണ്ടി അരകിലോമീററർ അകലെയുള്ള പ്രദേശങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി മെയിൻ റോഡ് വഴി കടന്നുപോകുന്ന പൈപ്പ് ലൈനിൽ നിന്നും കോളനിയിലേക്കുള്ള ഏകദേശം 200-300 മീററർ 3 ടാപ്പോടുകൂടി കണക്ഷൻ കൊടുക്കാവുന്നതാണ്. അതോടൊപ്പം തന്നെ കോളനിയിലുള്ള രണ്ടു കിണറുകളും ശുദ്ധീകരിക്കുകയും ആഴം വർദ്ധിപ്പിച്ച് വെള്ളം കിട്ടാവുന്ന അവസ്ഥ ഉണ്ടാക്കുകയും വേണം. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടികൾ ഉണ്ടാകേണ്ടതാവശ്യമാണ്.

പ്രളയക്കെടുതികൾ ഏററവും കൂടുതൽ രൂക്ഷമായിട്ടുള്ള ഒരു കോളനിയാണ് ഇത്. വർഷക്കാലങ്ങളിൽ മലവെള്ളം കയറി താമസിക്കുവാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. ഏകദേശം 3 മാസക്കാലം പ്രളയക്കെടുതി അനുഭവിക്കുന്നവരാണ് ഇവിടുത്തെ ഓരോ വീട്ടുകാരും. കോളനിയുടെ ആരംഭഘട്ടത്തിൽ ബ്ലോക്ക് പദ്ധതി ഉപയോഗപ്പെടുത്തി മണ്ണടിച്ച് നിലം നികത്തുവാൻ ഭാഗികമായി കഴിഞ്ഞുവെങ്കിലും ഇപ്പോഴും അപര്യാപതമാണ്. കോളനിയുടെ മദ്ധ്യമാഗത്തുകൂടി കടന്നുപോകുന്ന കനാലിന്റെ സൈഡ് കെട്ടി താഴ്ന്ന പ്രദേശങ്ങളി മണ്ണടിച്ച് നികത്തുവാൻ കഴിയുമെങ്കിൽ പ്രളയക്കെടുതിയെ ഒരു പരിധി വരെ നേരിടുവാൻ കഴിയുമെന്നാണ് പൊതുവെയുള്ള അഭിപ്രായം.

ക്ഷേമപദ്ധതികളുടെ പ്രവർത്തനം തൃപ്തികരമാണെന്നാണ് അഭിപ്രായം. ഐ. ആർ. ഡി. പി. യുടെ ഗുണഭോക്താക്കൾ പദ്ധതികൾ ഉപയോഗപ്പെടുത്തുന്നുണ്ട്. എങ്കിൽപോലും അതുമായി താരതമ്യം ചെയ്യുകയാണെങ്കിൽ കോളനി നിവാസികളുടെ ജീവിത നിലവാരം ആനുപാതികമായി ഉയർന്നുകാണുന്നില്ല. അതേ സമയത്തുതന്നെ പുറംമ്പോക്ക് നിവാസികൾക്ക് ഈ ആനുകൂല്യം ലഭിക്കാത്തതിൽ പ്രതിഷേധവുമുണ്ട്.

ബാലവാടി - അങ്കണവാടികളുടെ പ്രവർത്തനം കോളനിയിൽ ഇല്ല. തൻമൂലം പിഞ്ചുകുട്ടികളെ അകലെയുള്ള ബാലവാടിയിലേക്ക് കൊണ്ടുപോകുവാൻ അമ്മമാർ മടി കാണിക്കുന്നുണ്ട്.

പെൻഷൻ പദ്ധതികളുടെ ഗുണഭോക്താക്കൾ ഉണ്ടെങ്കിലും ചെറിയ നിസ്സാര നിയമതടസ്സം മൂലം അവഗണിക്കപ്പെടുന്നുവെന്ന അഭിപ്രായമാണ് കോളനി വാസികൾക്കുള്ളത്.

കക്കൂസുകളുടെ കോളനിയുടെ ശുചിത്വത്തെ ബാധിക്കുന്നുണ്ട്. ഇത് പലതരം പകർച്ചവ്യാധികൾക്കും കാരണമാകുന്നു. പ്രത്യേകിച്ച് പ്രളയ കാലത്ത്. എന്നതുപോലെത്തന്നെ ആരോഗ്യപരിപാലനത്തെ സംബന്ധിച്ച ക്ലാസുകൾ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം കോളനിയിൽ തൃപ്തികരമല്ല.

കോളനിയുടെ ആരംഭദിശയിൽ സർക്കാരിൽ നിന്നും വീട് നിർമ്മിക്കുന്നതിന് വായ്പകൾ ലഭിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗം വീട്ടുകാർക്കും ലഭിച്ചിട്ടില്ലാ എന്നതാണ് വാസ്തവം. കുടികിടപ്പ് ഭൂമിയിൽ കുടിൽ കെട്ടി ജീവിക്കുന്ന നാലു കുടുംബങ്ങൾ ഇപ്പോഴും ഉണ്ടെന്നത് കോളനിയുടെ ശോച്യാവസ്ത തുറന്നുകാണിക്കുന്നു.

## ചാഴൂർ OLH കോളനി VIII വാർഡ്

കുറുമ്പിലാവ് വില്ലേജിൽ, ഗ്രൗണ്ട് മേഖലയിലാണ് 1997ൽ ഈ കോളനി അംഗീകരിക്കുന്നത്. ആരംഘട്ടത്തിൽ 28 വീടുകൾ നിർമ്മിച്ചുകൊടുത്തിരുന്നു. അതിനു പുറമെ 2 വീടുകൾ കോളനിയിൽ ഉൾപ്പെട്ടിട്ടുണ്ട്. കോളനിയിൽ എല്ലാ വീടുകളും ഇരട്ട വീടുകളായാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. 2 വീടുകൾ ഉൾപ്പെടുന്നുവെങ്കിലും പുറംമ്പോക്കുഭൂമിയിലാണ് താമസിക്കുന്നത്. ഇരട്ടവീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് ഒട്ടേറെ സാങ്കേതിക ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നതുകൊണ്ട് ഒററവീടുകൾ നിർമ്മിച്ചുകൊടുക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം സർക്കാരിൽ നിന്നും ലഭിക്കേണ്ടത് അനിവാര്യമാണ്. ഈ ആവശ്യം കോളനിക്കാരുടെ പൊതു അഭിപ്രായമാണെന്നതുകൊണ്ട് നടപടികൾ ഉണ്ടാവേണ്ടതുണ്ട്.

കോളനിയിലേക്ക് പൊതുറോഡ് ഉണ്ടെങ്കിലും ഫലപ്രദമായി വാഹനഗതാഗതം നടത്തുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്. പൊതുവെ ഉയർന്ന പ്രദേശമയതുകൊണ്ട് കോളനിയുടെ ഉള്ളിലേക്ക് ചരിഞ്ഞു കിടക്കുന്ന താഴ്ന്ന പ്രദേശമാണ് കോളനി. തൻമൂലം കോളനിയുടെ റോഡിൽ കൂടി വെള്ളം കുത്തിയൊലിച്ച് റോഡ് പൂർണ്ണമായും തകർന്നു കിടക്കുകയാണ്. കോളനി റോഡ് അററകുററ പണിക്ക് വിധേയമാക്കേണ്ടതും ഒപ്പം തന്നെ മഴവെള്ളം ഒഴുകിപ്പോകുന്നതിനാവശ്യമായ ചെറിയ ചാലുകൾ റോഡിന്നിരുവശവും നിർമ്മിക്കുകയും മൊത്തം റോഡിൽ 3 സ്ഥലത്ത് ചെറിയ ചെറിയ തട ഇടുകയാണെങ്കിൽ മണ്ണൊലിപ്പ് തടയുകയും ചെയ്യാവുന്നതാണ്.

വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടെങ്കിലും കോളനിയിൽ തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടില്ല. നിവേദനങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ഒന്നും തന്നെ ഫലം കണ്ടില്ല. എന്നതുപോലെ 3 സെന്റ് കോളനിയിലെ വൈദ്യുത കണക്ഷൻ ലഭിക്കേണ്ടതുണ്ട്.

കക്കൂസുകൾ നിലവാരം കുറഞ്ഞവയാണ്. കക്കൂസുകൾ നിർമ്മിക്കുന്നതിന് സർക്കാരിൽ നിന്നും ഗ്രാന്റുകൾ ലഭിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായി ഉപയോഗപ്പെടുത്തിയിട്ടില്ല.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പൈപ്പ് ലൈൻ കോളനിയുടെ ഉൾഭ,ഗത്തേക്ക് നീട്ടിക്കൊടുക്കേണ്ടതുണ്ട്. കോളനിയിലെ മുഴുവൻ കുടുംബങ്ങളും ഒരു കിണറിനേയാണ് കുടിവെള്ളത്തിനുവേണ്ടി ആശ്രയിക്കുന്നത്. കോളനിയിലേക്ക് 2 ടാപ്പോടുകൂടി ശുദ്ധജല വിതരണം എത്തിക്കേണ്ടത് അത്യാവശ്യമാണ്.

കോളനിയിൽ ഒരു അങ്കണവാടി പ്രവർത്തിക്കുന്നുണ്ട് അങ്കണവാടിയുടെ പ്രവർത്തനം താരതമ്യേന തൃപ്തികരമാണ്. അങ്കണവാടി തൊട്ടപ്പുറത്തുള്ള 3 സെന്റ് കോളനിക്കും ഉപകരിക്കുന്നുണ്ട്. അങ്കണവാടിക്ക് വൈദ്യുത കണക്ഷൻ ലഭിക്കേണ്ടതുണ്ട്.

കോളനിയിലെ ജനങ്ങൾ പ്രധാനമായും കാർഷികമേഖലയെയും കെട്ടിട നിർമ്മാണ മേഖലയെയും ആശ്രയിച്ചാണ് ജീവിക്കുന്നത്. മത്സ്യ കച്ചവടത്തിന് പോകുന്നവരും അപൂർവ്വമായുണ്ട്. താരതമ്യേന ശരശരി ജീവിത നിലവാരം താഴെയാണ്.

ക്ഷേമ പദ്ധതികൾ കോളനിയിലെ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. കോളനിയിലെ മുഴുവൻ കുടുംബക്കാരും ഐ. ആർ. ഡി. പി. ഗുണഭോക്താക്കളാണ്. എന്നാൽ ഇത്തരം ആനുകൂല്യങ്ങൾ നേടുന്നവരാണെങ്കിലും ജീവിത നിലവാരം ഉയർന്നുകാണുന്നില്ല.

പെൻഷൻ പദ്ധതികൾ പരിമിതമാണെങ്കിലും അർഹരായവർക്ക് ലഭിക്കുന്നുണ്ട്. കോളനിയിൽ തൊഴിലില്ലാത്ത യുവജനങ്ങൾ കൂടുതലാണ്. യുവജനങ്ങൾക്ക് തൊഴിൽ കിട്ടാവുന്ന തരത്തിലുള്ള ഏതെങ്കിലും ചെറുകിട വ്യവസായ യൂണിററ് സ്ഥാപിക്കുന്നത് ഗുണകരമായിരിക്കും. ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ കോളനിയിലേക്ക് സമഗ്രമായി വ്യാപിക്കേണ്ടത് അത്യാവശ്യമാണ്. ചിറക്കൽ സെന്ററിനു തെക്കു ഭാഗത്തുള്ള പ്രൈമറി ഹെൽത്ത് സെന്ററിൽ നിന്നുള്ള നഴ്സുമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ശിശു മരണ നിരക്ക് തുലോം വിരളമാണ്.3 സെന്റ്കോളനി വാസികൾക്ക് ഇതുവരെ പഞ്ചായത്തിൽ നിന്നോ ബന്ധപ്പെട്ട റവന്യൂ വകുപ്പിൽ നിന്നോ പട്ടയം നൽകുവാൻ വേണ്ട നിയമപരമായ നടപടികൾ ഉണ്ടാവണം.

# OLH ഹരിജൻ കോളനി

ഈ കോളനിക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ട് ഏകദേശം 20 വർഷം പിന്നിട്ടിരിക്കുകയാണ്. 20 വർഷക്കാലത്തെ കോളനിയുടെവികസന പ്രവർത്തനത്തെ വിലയിരുത്തുകയാണെങ്കിൽ ഏറെക്കുറെ പൂർണ്ണമാണെന്നുതന്നെ പറയാം.

കോളനിയിൽ മൊത്തം 34 കുടുംബങ്ങൾ താമസിച്ചുവരുന്നു. 31 കുടുംബങ്ങൾ പട്ടികജാതിയിൽ പെടുന്നവരാണ്. ഒരു ക്യസ്ത്യൻ കുടുംബവും രണ്ട് മുസ്ലീം കുടുംബങ്ങളും താമസിക്കുന്നുണ്ട്. 20 കൊല്ലം മുമ്പ് അംഗീകരിച്ച കോളനിയിൽ നാലു കുടുംബങ്ങൾ കൈമാററം ചെയ്യപ്പെട്ടിട്ടുണ്ട്. മുഴുവൻ താമസക്കാർക്കും പട്ടയം ലഭിച്ചിട്ടുണ്ട്. കൂലിപ്പണിയാണ് പ്രധാനപ്പെട്ട തൊഴിൽ.

കോളനിയിലേക്ക് പൂർണ്ണമായും റോഡുണ്ട്. സർക്കാർ പതിച്ചുകൊടുത്ത 5 സെന്റ് ഭൂമിയിൽനിന്നും എല്ലാ കുടുംബക്കാരും ഓരോ സെന്റ് ഭൂമി വീതം തങ്ങൾക്കാവശ്യമായ റോഡിനുവേണ്ടി സ്വമേധയാ വിട്ടുകൊടുക്കുകയായിരുന്നു. അതുകൊണ്ടുതന്നെ കോളനിയിൽ റോഡിനെ സംബന്ധിച്ച തർക്കങ്ങളോ മററോ ഒന്നും തന്നെയില്ല. പൂർണ്ണമായും വൈദ്യുതീകരണം നടന്ന ഒരു കോളനിയാണ് ഇത്.

കോളനിയിലെ ഓരോ വീടും ശരാശരി നിലവാരം പുലർത്തുന്നുണ്ട്. കോളനിയായി അംഗീകരിച്ച ആദ്യഘട്ടത്തിൽ ഇവയെല്ലാം ഇരട്ട വീടുകളായിരുന്നു. എട്ടു വർഷത്തിനു ശേഷം ഒററ വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം (ഓരോ വീടിനും 5,000 രൂപ വീതം) സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 12 വീട്ടുകാർക്കും രണ്ടാമത്തേതും അവസാനത്തേതുമായ ഘട്ടത്തിൽ 22 വീട്ടുകാർക്കും ഇങ്ങനെ സഹായം ലഭിച്ചിട്ടുണ്ട്.

എല്ലാ കുടുംബങ്ങൾക്കും കക്കൂസുണ്ടെങ്കിലും തൃപ്തികരമല്ല. തൻമൂലം പരിസരശുചീകരണം കാര്യക്ഷമമല്ല.

കോളനിക്കാർ കുടിവെള്ളത്തിന് പ്രധാനമായും ആശ്രയിക്കുന്നത് കോളനിക്കകത്തെ രണ്ടു കിണറുകളെയാണ്. കോളനിയിൽ ആകെ 3 കിണറുകൾ ഉണ്ടായിരുന്നുവെങ്കിലും ഒരു കിണർ തികച്ചും ഉപയോഗശൂന്യമായതാണ്. മററു രണ്ടു കിണറുകളും താരതമ്യേന ഉപയോഗപ്പെടുന്നുമുണ്ട്. എന്നാൽ വേനൽക്കാലത്ത് രണ്ടു കിണറുകളും വററിപ്പോകുന്നതുകൊണ്ട് കുടിവെള്ളക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണേണ്ടതാവശ്യമാണ്. ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന രണ്ട് കിണറുകൾ ആഴം കൂട്ടി ശുദ്ധീകരിക്കുകയും അതോടൊപ്പം തന്നെ കോളനിയുടെ മുൻവശത്ത് മെയിൻ റോഡിൽ നിന്നും ശുദ്ധജല വിതരണ പൈപ്പ്ലൈൻ കോളനിയുടെ ഉൾഭാഗത്തേക്കുകൂടി നീട്ടി ടാപ്പുകൾ ഇടുകയാണെങ്കിൽ കോളനിയിലെ കുടിവെള്ളക്ഷാത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്താവുന്നതാണ്.

കോളനിയുടെ അതിരുകൾ സൈഡ് കെട്ടി മണ്ണൊലിപ്പ് തടയുന്നതിന് പര്യാപ്തമാണ്. തൃശൂർ കൃഷിമണ്ണ് സംരക്ഷണ കാര്യാലയം മുഖേനയാണ് ഈ പ്രവർത്തനം നടത്തിയിട്ടുള്ളത്. പ്രവർത്തനം തൃപ്തികരമാണെന്നാണ് പൊതുവെയുള്ള അഭിപ്രായം.

ഈ കോളനിയിൽ ഒരു ബാലവാടി പ്രവർത്തിക്കുന്നുണ്ട്. 3 കൊല്ലം മുമ്പാണ് ഇത് ഇത്രയും കാര്യക്ഷമമായി പ്രവർത്തിച്ചുതുടങ്ങിയത്. സ്വന്തമായി കെട്ടിടമുണ്ട്. 25 കുട്ടികൾ ഈ കൊല്ലം രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് വിനോദത്തിനുള്ള ഉപകരണങ്ങൾ കുറവാണെങ്കിലും പോഷകാഹാരങ്ങൾ മുടങ്ങാതെ ലഭിക്കുന്നുണ്ട്. ബാലവാടിയിൽ ഓമനടീച്ചറും സഹായിയും പ്രവർത്തിക്കുന്നു. പൊതുവെ ബാലവാടിയുടെ പ്രവർത്തനം തൃപ്തികരമാണെന്നാണ് നാട്ടുകാരുടെ അഭിപ്രായം.

അതുപോലെതന്നെയാണ് ക്ഷേമ പ്രവർത്തനങ്ങളും ഉദാഹരണത്തിന് ഐ. ആർ. ഡി. പി. യുടെ ഗുണഭോക്താക്കളാണ് കോളനിയിലുള്ളത്. കൃഷിഭവനിൽ നിന്നും ആനുകൂല്യം ലഭിക്കുന്നുണ്ട്.

ബ്ലോക്കടിസ്ഥാനത്തിൽ നടത്തുന്ന ട്രൈസം പരിശീലന കോഴ്സിലേക്ക് കോളനയിൽ നിന്നുള്ള യുവജനങ്ങൾ ആരും തന്നെ എത്തപ്പെടുന്നില്ല എന്നത് കേവലം യാദൃശ്ചികം മാത്രമല്ല മറിച്ച് ഇത്തരം പരിപാടികളെ സംബന്ധിച്ച് ജനങ്ങൾ ഇന്നും അറിയുന്നില്ല എന്നതാണ് വസ്തുത എന്ന് അവർ വെളിപ്പെടുത്തുന്നു.

പെൻഷനുകൾ എല്ലാം തന്നെ അർഹരായ ജനവിഭാങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നാണ് അഭിപ്രായപ്പെടുന്നത്. എന്നാലും പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അൽപം കൂടി ലഘുവാക്കിയാൽ തരക്കേടില്ലായിരുന്നുവെന്ന അഭിപ്രായവുമുണ്ട്.

കോളനിയിലെ വിദ്യാഭ്യാസ നിലവാരം താരതമ്യേന മെച്ചപ്പെട്ടതാണ്. ഉന്നത വിദ്യാഭ്യാസം നേടിയവർ വളരെകുറവാണെങ്കിലും പത്താം ക്ലാസും പ്രീഡിഗ്രിയും കഴിഞ്ഞവർ മോശമല്ല. പൊതുവെ, അന്തരീക്ഷം മോശമാണെങ്കിലും, ആവശ്യമായ ശ്രദ്ധയും പ്രോത്സാഹനവും ഉണ്ടാവുകയാണെങ്കിൽ വിദ്യാഭ്യാസ നിലവാരം കൂടുതൽ ഉയർത്തുവാൻ കഴിയുമെന്നുതന്നെയാണ് കോളനി നിവാസികളുടെ ഉറച്ച വിശ്വാസം.

## OLH സെററിൽമെന്റ് കോളനി, ചാഴൂർ വാർഡ് 3

കോളനിയായി അംഗീകാരം ലഭിച്ചിട്ട് ഏകദേശം 25 വർഷം പിന്നിടുകയാണ്. ഈ കാലയളവിലെ മൊത്തം വികസനം പരിശോധിച്ചാൽ, മററു കോളനികളെപ്പോലെതന്നെ ശരാശരി മാത്രമെ നടന്നിട്ടുള്ളൂ. 20 കുടുംബങ്ങളാണ് താമസിച്ചുവരുന്നത്. നാലു സെന്റ്പുരയിടം-പട്ടയം ലഭിച്ചിട്ടുണ്ട്. 20 വീടുകളിൽ 14 വീടുകൾ ഇരട്ട വീടുകളും, ബാക്കിയുള്ളവ ഒററവീടുകളുമാണ്. വീടുകൾ പണിയുന്നതിന് സർക്കാരിൽ നിന്നും സഹായധനം ലഭിച്ചിട്ടുണ്ട്. പൊതുവെ, കോളനിയിലെ എല്ലാ വീടുകളും അററകുററപണികൾ നടത്തേണ്ട അവസ്ഥയിലാണിപ്പോൾ.

കോളനി വൈദ്യുതീകരണം നടന്നിട്ടുണ്ട്. എന്നാൽ ഇവിടെ തെരുവു വിളക്കുകൾ സ്ഥാപിച്ചു കിട്ടുവാൻ നാട്ടുകാർ നാവേദനം നൽകിയെങ്കിലും ഫലമുണ്ടായിട്ടില്ല. കോളനിയിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സത്വര നടപടികളെടുക്കേണ്ടിയിരിക്കുന്നു.

ശുദ്ധജലക്ഷാമം ഒരുപരിധിവരെ പരിഹാരം കാണുവാൻ, കോളനിയിലേക്ക് ഒരുടാപ്പുകൂടി അനുവദിക്കാവുന്നതാണ്. ഒപ്പംതന്നെ കോളനിയിലെ ഉപയോഗ ശൂന്യമായി കിടക്കുന്ന ഒരു കിണർ ശുദ്ധീകരിച്ച് ആഴം കൂട്ടുകയും വേണം. ഇപ്പോൾ കോളനിയിൽ, ആകെ രണ്ട്കിണറും ഒരു ശുദ്ധജലവിതരണ ടാപ്പുമാണുള്ളത്.

റോഡുണ്ടെങ്കിലും വാഹന ഗതാഗതത്തിന് അപര്യാപ്തമാണ്. കാരണം റേഡിൽ ഉടനീളം തെങ്ങുകൾ നിൽക്കുകയാണ്. തടസ്സമായി നിൽക്കുന്ന തെങ്ങുകൾ മുറിച്ചുമാററുകയോ അല്ലെങ്കിൽ നീക്കി മാററി വയ്ക്കുകയോ ചെയ്താൽ മാത്രമെ കോളനിയുടെ അവസാനം വരെ വാഹനഗതാഗത സൗകര്യമുണ്ടാവുകയുള്ളൂ.

കക്കൂസുകൾ നിലവാരമില്ലാത്തതാണ്. അവക്കെല്ലാംതന്നെ താൽക്കാലികാടിസ്ഥാനത്തിൽ ഉണ്ടാക്കപ്പെട്ടവയാണ്. സർക്കാരിൽ നിന്നും കക്കൂസുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടെങ്കിലും, അവ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ലാ എന്നതാണ് വാസ്തവം. തൻമൂലം പരിസരമലിനീകരണവും പകർച്ചവ്യാധികളും ഉണ്ടാകുന്നുണ്ട്. അതുപോലെതന്നെ പ്രളയകെടുതികളും ഉണ്ടാകുന്നുണ്ട്. കോളനിയിൽ, പുരയിടങ്ങൾ എല്ലാം തന്നെ സൈഡുകെട്ടി മണ്ണൊലിപ്പു തടയുന്നതിനായ പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിൽ നടത്തിയിട്ടുണ്ടെങ്കിലും, പോരായ്മകൾ കാണുന്നുണ്ട്. സൈഡ് കെട്ടിയത് സിമന്റ് കൊണ്ടാണ് പോയിന്റ് ചെയ്തതെങ്കിലും ആവശ്യത്തിന് സിമന്റ് കിട്ടാത്തതുകൊണ്ട് പൊട്ടിപൊളിഞ്ഞ് പോവുകയാണുണ്ടായത്. അടിയന്തിരമായി അററകുററപണികൾ നടത്തുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## വാർഡ് II ലെ കോളനി സംബന്ധിച്ച വിവരണം

ഈ വാർഡിൽ 3 കോളനികളുണ്ട് അതിൽ ഒന്നാണ് തിണ്ടാട് ഹരിജൻ സെററിൽമെന്റ് കോളനി. ഈ കോളനിയിൽ 28 വീട്ടുകാരാണ് അവിടെ താമസിക്കുന്നത്. ഇവിടത്തെ ജനങ്ങളുടെ ഉപജീവനം കർഷകമേഖലയെ ആശ്രയിച്ചാണ് ഇവിടത്തെ ജനങ്ങൾ ജീവിക്കുന്നത്. ഇവിടെ ഏററവും പ്രധാനമായ ശുദ്ധജലത്തിന്റെ കാര്യത്തിലാണ് വളരെ പ്രയാസം അനുഭവപ്പെടുന്നത്. അതുകൊണ്ട് ഈ കോളനിയിൽ പൈപ്പ് കണക്ഷന്റെ കാര്യത്തിലാണ് ഏററവും ശ്രദ്ധ ചെലുത്തേണ്ടത്.

ഈ കോളനിയിൽ വേനൽകാലത്ത് രണ്ടു കിണറുകളിൽ പുളിവെള്ളമാണ്. ആയതിനാൽ ഈ പ്രദേശത്ത് പൈപ്പ് കണക്ഷനും തെരുവുവിളക്കുകളും അത്യാവശ്യമായി ഉണ്ടാകുവാൻ വേണ്ട സംവിധാനം ഉണ്ടായേ തീരു.

## വെണ്ണീറായ് സെററിൽമെന്റ് കോളനി

മററു കോളനികളെ അപേക്ഷിച്ച് നോക്കുമ്പോൾ വലിയ പ്രശ്നങ്ങൾ ഇല്ലാത്ത കോളനിയാണ് ഇവിടെ വീട്ടിന്റെ കാര്യത്തിൽ ഏറെ മുന്നിലായാണ് ഈ കോളനി. ഇവിടെ ശുദ്ധ ജലത്തിന്റെ കാര്യത്തിൽ ഏറെ സാധ്യതകൾ ഉള്ള കോളനിയായതുകൊണ്ട് ശുദ്ധജലത്തിന്റെ കാര്യത്തിൽ തൃപ്തികരമാണ്.

ഇവിടത്തെ ജനങ്ങൾ കാർഷികമേഖലയെ ആശ്രയിച്ചാണ് പറമ്പു പണിയും ചെയ്താണ് ഉപജീവനം നടത്തുന്നത്.

ഇവിടത്തെ ഹരിജൻ കുടുംബങ്ങളിൽ വിദ്യഭ്യാസ രംഗത്ത് ഉയർന്ന നിലവാരം പുലർത്തി കാണുന്നില്ല. അടിസ്ഥാന വിദ്യാഭ്യാസത്തിന്റെയും ആരോഗ്യ രംഗത്ത് ഇനിയും ക്ഷേമപരമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം. ഇവിടുത്തെ ഭൂമിയെ സംരക്ഷിക്കുന്നതിന് ഭൂമിയുടെ സൈഡ് കെട്ടി സംരക്ഷിക്കേണ്ടതാണ്.

## ലക്ഷം വീട് കോളനി

ഈ കോളനിയിൽ ശുദ്ധ ജലത്തിന് പ്രയാസമില്ലാത്തതാണ് കോളനിയിലെ നിവാസികൾക്ക് ഭൂമിയുടെ പട്ടയം ഇതുവരെ പഞ്ചായത്ത് നിന്നോ ബന്ധപ്പെട്ട വകുപ്പിൽ നിന്നോ കിട്ടിയില്ല. അതിനുവേണ്ട നിയമപരമായ നടപടികൾ ഇവിടുത്തെ ജനങ്ങൾക്ക് നൽകണം.

രണ്ടാം വാർഡിൽ 3 കോളനികൾ ഉണ്ടെങ്കിലും പൊതു ശ്മശാനം ഇവിടെ ഇല്ലാത്തതുകൊണ്ട ഇവിടുത്തെ ജനങ്ങൾക്ക് മരണം സംഭവിച്ചാൽ ഈ കോളനിയിൽ ശവം മറവു ചെയ്യേണ്ടിവരുന്നു. ഈ പ്രവർത്തി മൂലം പകർച്ചവ്യാധികളും പരിസരമലിനീകരണം ഇതുമൂലം ഉണ്ടാകുന്നു.

## 11.3. സാമൂഹ്യ വന വത്കരണ പരിപാടിയിലൂടെ ഉത്പാദിപ്പിച്ച തൈകളുടെ വിവരം

| | ഉത്പാദിപ്പിച്ച തൈയുടെ ഇനം | ആകെ ഉത്പാദിപ്പിച്ച തൈകളുടെ എണ്ണം | | | | | വിതരണം നടത്തിയതിന്റെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 1991 | 1992 | 1993 | 1994 | 1995 | 1991 | 1992 | 1993 | 1994 | 1995 |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | പപ്പായ | — | 500 | | | | | 500 | | | |
| 2 | കൊടപ്പുളി | — | 500 | | | | | 500 | | | |
| 3 | പുളി | — | 500 | 500 | | | | 500 | | | |
| 4 | കശുമാവ് | — | 500 | 500 | | | | 500 | | | |
| 5 | മാവ് | — | 1000 | 500 | | | | 1000 | | | |
| 6 | പ്ലാവ് | — | 1000 | | | | | 1000 | | | |
| 7 | മഎനി | — | 500 | | | | | 500 | | | |
| 8 | പേര | — | 500 | | | | | 500 | | | |
| 9 | ബദാം | — | 500 | | | | | 500 | | | |
| 10 | ആന്ത | — | 500 | | | | | 500 | | | |
| 11 | ചാമ്പ | — | 500 | | | | | 500 | | | |
| 12 | അശോകം | — | 1000 | | | | | 1000 | | | |
| 13 | കറുകപ്പട്ട | — | 500 | | | | | 500 | | | |
| 14 | ഞാവൽ | — | 1000 | | | | | 1000 | | | |
| 15 | വേപ്പ് | — | 1000 | | | | | 1000 | | | |
| ആകെ | | | 10000 തൈകൾ | | | | | 10000 തൈകൾ | | | |

അനുബന്ധം - 11

.................................................................ഗ്രാമപഞ്ചായത്ത്

## 11.1. IRDP സർവ്വേ പ്രകാരം - ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളും എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| (1992 - 97) | 1496 | 249 | 293 | 163 | 90 | 1406 |

## 11.9. ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

| വാർഡ് നമ്പർ | IRDP സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I to XI | 90 | 35 | 55 | 1993 - 95 |

അനുബന്ധം – 11

ചാഴൂർ ഗ്രാമപഞ്ചായത്ത്

2.1. ഭൂമി സംബന്ധിച്ച വിവരം (Ref. A. രജിസ്റ്റർ, B.T.രജിസ്റ്റർ)

| | ഭൂമിയുടെ വിസ്തീർണ്ണം | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വില്ലേജിന്റെ പേര് | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1–10 സെന്റ് | 10–25 സെന്റ് | 25–50 സെന്റ് | 50–100 സെന്റ് | 1–2 ഏക്കർ | 2–5 ഏക്കർ | 5നു മേൽ ഏക്കർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| കുറുമ്പിലാവ് | 873.04 | 907.15 | 140.46 | — — | 1895.88 | 1794 | 1140 | 589 | 318 | 233 | 48 | 5 |
| ഇഞ്ചമുടി | 134.24 | 702.30 | 93.95 | — — | 902.61 | 480 | 218 | 205 | 267 | 174 | 32 | 3 |
| | | | | | | | | | | | | |
| | | | | | | | | | | | | |
| ആകെ | 1007.28 | 1609.45 | 234.41 | — — | 2798.49 | 2274 | 1358 | 794 | 505 | 407 | 80 | 8 |

2.2. പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരം (Ref. പുറമ്പോക്ക് രജിസ്റ്റർ )

| വില്ലേജിന്റെ പേര് | വിസ്തീർണ്ണം ഏക്കറിൽ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | റോഡ് | തോട് | കുളം | പുഴ | റെയിൽവെ | റവന്യു | പാടം | | | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| കുറുമ്പിലാവ് | 38.39 | 65.03 | 1.94 | 24.77 | — | — | — | — | — | 129.53 |
| ഇഞ്ചമുടി | 2.74 | 10.27 | — | 27.88 | — | — | — | — | — | 40.89 |
| ആകെ | 41.13 | 75.30 | 1.94 | 52.65 | | | | | | 170.42 |

2.3. പതിച്ചുകൊടുക്കാവുന്ന ഭൂമി സംബന്ധിച്ച വിവരം (Ref.Reg. No.5)

റവന്യൂ പുറമ്പോക്ക് ഇല്ല

## 11.6. കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 ന് ശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | കുറുമ്പിലാവ് ഇഞ്ചമുടി | 51 | 49 | — |
| | ചാഴൂർ ആലപ്പാട്ട് | 20 | 20 | — |
| | | 71 | 69 | — |

## 11.2. ട്രൈസം – തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | 1984 to 1996 | 61 | 10 | 51 | Nil |
| | ,, | 20 | 2 | 18 | Nil |
| | | 81 | 1 2 | 69 | Nil |

## 11.8. CCS forSF/MF പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

| ക്രമ നമ്പർ | പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയ ആസ്തികൾ | വാർഡ് ആസ്തികളുടെ എണ്ണം അളവ് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | I | II | III | IV | V | VI | VII | VIII | XI | X | ആകെ |
| 1 | കിണറുകൾ | | | | | | | | | | | 20 |
| 2 | കുളങ്ങൾ | | | | | | | | | | | |
| 3 | വാട്ടർ ടാങ്കുകൾ | | | | | | | | | | | |
| 4 | പമ്പ് ഹൗസുകൾ | | | | | | | | | | | |
| 5 | പമ്പ് സെററുകൾ | | | | | | | | | | | 70 |
| | ജലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവ് | | | | | | | | | | | 120 ഏക്കർ |

## 11.4. DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| VIII | അതുല്യ റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിററ് കുറുമ്പിലാവ് | 1994 - 95 | 8 | തരക്കേടില്ല |
| I | സെലക്ട് റെഡിമെയ്ഡ് ഗാർമെന്റ്സ് പുള്ള് | 1996 - 97 | 8 | പ്രവർത്തനം പൂർണ്ണമല്ല |
| XI | ഐശ്വര്യ ചിപ്പ്സ് യൂണിററ് ആലപ്പാട്ട് | 1996 - 97 | 7 | നല്ല രീതിയിൽ യൂണിററ് പ്രവർത്തിക്കുന്നുണ്ട് |
| XI | കർണ്ണകി പത്തിരി യൂണിററ് ചാഴൂർ | 1996 - 97 | 10 | നല്ല രീതിയിൽ യൂണിററ് പ്രവർത്തിക്കുന്നുണ്ട് |
| X | അതുല്യ ബുക്ക് ബൈന്റിങ്ങ് ഇഞ്ചമുടി | 1996 - 97 | 11 | പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ |
| | | | | |

# സംസ്കാരം

കായലുകളുടേയും പുഴകളുടേയും കേളീരംഗമായ കൈരളിയുടെ മദ്ധ്യഭാഗത്തു സ്ഥിതിചെയ്യുന്ന മനക്കൊടിക്കായലിനോടു പടർന്നുകിടക്കുന്ന ഒരു ഭൂവിഭാഗമാണ് ചാഴൂർ ഗ്രാമപഞ്ചായത്ത്. കേരളപ്പിറവിക്കുമുമ്പ് പഴയ കൊച്ചിരാജ്യത്തിന്റെ ഭാഗമായ ചാഴൂർ പഞ്ചായത്തിൽ പുള്ള്, ആലപ്പാട്, ചാഴൂർ, കുറുമ്പിലാവ്, ഇഞ്ചമുടി എന്നീ അഞ്ചു വില്ലേജുകൾ ഉൾപ്പെടുന്നു. രാജഭരണത്തിന്റേയും ബ്രിട്ടീഷ് സാമ്രാജ്യവാഴ്ചയുടേയും സവർണ്ണമേധാവിത്വത്തിന്റേയും രുചി അനുഭവിച്ചറിഞ്ഞ, സുബോധം നഷ്ടപ്പെട്ടിട്ടില്ലാത്ത ഒട്ടനവധി മനുഷ്യക്കോലങ്ങൾ നമ്മുടെ സംസ്ക്കാരത്തിന്റേയും പാരമ്പര്യത്തിന്റേയും അനുഭവസാക്ഷികളായി ഇന്നും ജീവിക്കുന്നുണ്ട്. വളരെ സമ്പന്നമായ ഒരു സംസ്ക്കാരവും, സാംസ്ക്കാരികമായി ഉയർന്ന ഒരു ജനതയും നമുക്കുണ്ടായിരുന്നു. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ ഈ പഴയ സമ്പന്നസംസ്കാരവും, കലാരൂപങ്ങളും നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

വർഷങ്ങൾക്കുമുമ്പ് സാമൂഹ്യപരിവർത്തനരംഗത്ത് കോളിളക്കം സൃഷ്ടിച്ച ശ്രീനാരായണഗുരുദേവന്റെ പ്രധാന ശിഷ്യനായിരുന്ന ശ്രീബോധാനന്ദ സ്വാമികൾ ജനിച്ചതും വളർന്നതുമായ സ്ഥലമാണ് ചാഴൂർ പഞ്ചായത്തിലെ ചിറയ്ക്കൽ പ്രദേശം. നൂറ്റാണ്ടുകൾക്കുമുമ്പ് അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായി ശബ്ദമുയർത്തിയ ബ്രഹ്മാനന്ദശിവയോഗികളുടെ ശിഷ്യഗണങ്ങളുടെ പ്രവർത്തനമണ്ഡലവും നമ്മുടെ പഞ്ചായത്തായിരുന്നു.

എന്നാൽ പഴയകാലത്തെ അധീശത്വമില്ലെങ്കിലും അനാചാരങ്ങൾക്കെതിരെ ശബ്ദമുയർത്താനുള്ള സഹൃദയമനോഭാവവും മതപരമായ സഹവർത്തിത്വവും ഇന്നും നിലനിൽക്കുന്നു. ഈ മതപരമായ ഐക്യം നമ്മുടെ പഞ്ചായത്തിലെ പുരോഗമന-രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് കരുത്തേകുന്നു. സാധാരണ ജനവിഭാഗങ്ങളുടെ കലവറയില്ലാത്ത ഉത്സാഹം നമ്മുടെ പഞ്ചായത്തിന്റെ എല്ലാ രംഗങ്ങളിലും പുരോഗതിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

## *മതരംഗം*

ഹിന്ദുമതവിഭാഗത്തിനാണ് മുൻതൂക്കമെങ്കിലും മറ്റു ന്യൂനപക്ഷവിഭാഗങ്ങളുമായി പരസ്പര സ്നേഹത്തിലും ഐക്യത്തിലുമാണ് വർത്തിക്കുന്നത്. ഇതിനിടയിലും വിഭിന്ന ചിന്താഗതിക്കാരുണ്ടെങ്കിലും അവർക്കിവിടെ പ്രാമുഖ്യമില്ല. ഉത്സവങ്ങളിലും പെരുന്നാളുകളിലും മറ്റു ആഘോഷങ്ങളിലും കൂട്ടായ സഹവർത്തിത്വമുണ്ട്.

## പ്രധാന ക്ഷേത്രങ്ങളും ആഘോഷങ്ങളും

കലിയുഗത്തിൽ നിർമ്മിക്കപ്പെട്ടതെന്ന് വിശ്വസിക്കപ്പെടുന്ന പഴുവിൽ ശ്രീസുബ്രഹ്മണ്യക്ഷേത്രവും ഇവിടുത്തെ ഷഷ്ഠി മഹോത്സവവും പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒന്നാണ്. ചാഴൂർ പഴയന്നൂർ ഭഗവതി ക്ഷേത്രം, പാറക്കുളങ്ങര ശ്രീധർമ്മശാസ്താക്ഷേത്രം പുള്ള് കാർത്ത്യായനിക്ഷേത്രം, കൊച്ചിരാജാവിനാൽ നിർമ്മിക്കപ്പെട്ടതെന്നു കരുതുന്ന പുറത്തൂർ ക്കരതേവരുടെ ക്ഷേത്രം, തൃപ്രയാർ തേവർ ആറാട്ടുപുഴയിൽ നിന്നു മടങ്ങുമ്പോൾ ഉച്ചക്കഞ്ഞിയും വിശ്രമവും നടത്തുന്ന വെണ്ടറശ്ശേരി ശിവക്ഷേത്രം, കൂടപ്പുറത്തുനിന്ന് വന്നതെന്ന് കരുതപ്പെടുന്ന തിരുവാണിക്കാവ് ക്ഷേത്രം, വേട്ടക്കാരൻ കാവ് ക്ഷേത്രം, എലമ്പലങ്ങാട്ട് ശ്രീകൃഷ്ണക്ഷേത്രം, കുറുമ്പിലാവ് തേവരെന്ന് അറിയപ്പെടുന്ന ശ്രീകൃഷ്ണക്ഷേത്രം അത്തിക്കാവ് ശാസ്താവിന്റെ സ്ഥാനം, പുറത്തൂർ ശ്രീഅന്നപൂർണേശ്വരി ക്ഷേത്രം, ആലപ്പാട് നെല്ലിപ്പറമ്പിൽ ഭഗവതിക്ഷേത്രം എന്നിവയെല്ലാം ചാഴൂർ പഞ്ചായത്തിലെ അറിയപ്പെടുന്ന ക്ഷേത്രസമുച്ചയങ്ങളാണ്. പഴയകാലശൈലിയിലുള്ള കൊത്തുപണികൾ കല്ലിലും മരത്തിലും പല ക്ഷേത്രങ്ങളിലും കാണാം. മേൽപ്പറഞ്ഞവ കൂടാതെ അനവധി കുടുംബക്ഷേത്രങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. പല ക്ഷേത്രങ്ങളുടേയും പുറകിൽ അനേകം ഐതിഹ്യങ്ങൾ നിലവിലുണ്ട്. കേട്ടറിവും നാട്ടറിവും മൂലം ലഭിച്ച വിവരങ്ങളാണിവ. ഈ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളും ആഘോഷങ്ങളും നമ്മുടെ സംസ്കാരത്തെ സമ്പന്നമാക്കുന്നു. ക്ഷേത്രങ്ങളിൽ പലതും ജീർണ്ണാവസ്ഥയിലാണ്. താന്ന്യം പഞ്ചായത്തിൽപ്പെട്ട ശ്രീസോമശേഖരക്ഷേത്രത്തിലെ കുംഭമാസത്തിലെ ചോതിനാളിൽ നടത്തപ്പെടുന്ന ഉത്സവത്തിലെ നല്ലൊരു പങ്കാളിത്തം ചാഴൂർ പഞ്ചായത്തിനുണ്ട്.

## ക്രിസ്ത്യൻ പള്ളികൾ

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രസിദ്ധമായ ക്രിസ്ത്യൻ പള്ളി അർണ്ണോസ് പാതിരിയെ അടക്കം ചെയ്തിട്ടുള്ള പഴുവിൽ പള്ളിയാണ്. ഈ പള്ളിയുടെ യശഃസ്തംഭം പോലെ പരിലസിക്കുന്ന ഒരു കൂറ്റൻ മണിമാളിക ആരുടേയും മനം കവരുവാൻ പര്യാപ്തമാണ്. ഇതിന്റെ കീഴിൽ സ്കൂളുകളും കപ്പേളകളും ആശുപത്രിയും ധ്യാനകേന്ദ്രങ്ങളും ഉണ്ട്. ഇവിടുത്തെ പെരുന്നാൾ പുണ്യപ്രസിദ്ധമാണ്. കൂടാതെ ആലപ്പാട്ട് സ്ഥിതിചെയ്യുന്ന പുറത്തൂർ സെന്റ് ആന്റണീസ് പള്ളിയും ചിറക്കലുള്ള പള്ളിയും ക്രിസ്ത്യാനികളുടെ പ്രധാനപ്പെട്ട ആരാധനാലയങ്ങളാണ്. പഴുവിൽ പള്ളിയുടെ കീഴിൽ ചാഴൂർ പഞ്ചായത്തിന്റെ അഞ്ചാം വാർഡിൽ ഒരു പള്ളിയും ഉണ്ട്. ഈ പള്ളികളിലെല്ലാം മകരത്തിലും മേടത്തിലും നല്ലനിലയിൽത്തന്നെ പെരുന്നാളുകൾ നടത്തുന്നുണ്ട്. എല്ലാ മതവിഭാഗവും ഇവയിലെല്ലാം പങ്കെടുക്കുന്നു. പഴക്കവും പ്രസിദ്ധവുമായ ഈ പള്ളികളിലെല്ലാം കാണുന്ന കലാശിൽപങ്ങൾ അതിമനോഹരങ്ങളാണ്.

## മുസ്ലീം പള്ളികൾ

10 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന പ്രധാനപ്പെട്ട ഒരു മുസ്ലീം പള്ളിയാണ് ചിറക്കലുള്ളത്. മുസ്ലീമുകൾക്ക് മയ്യത്ത് കൊണ്ടുപോകുവാൻ മോസ്ക് റോഡ് പ്രത്യേകം അനുവദനീയമാണ്. ഇത് കൊച്ചിരാജാവിനാൽ സംഭാവന ചെയ്യപ്പെട്ടതാണ്. ഒരു കിണറും കുഴിച്ചു നൽകിയതായി കരുതപ്പെടുന്നു. ഈ പള്ളി മതസൗഹാർദ്ദസംസ്കാരത്തിന്റെ ഉത്തമോദാഹരണമാണ്. ഇതിന്റെ കീഴിൽ അഗതിമന്ദിരവും, മതപഠനകേന്ദ്രവും, പ്രവർത്തിക്കുന്നു. കൂടാതെ പഴുവിൽ ജുമാമസ്ജിദ്, പഴുവിൽ വെസ്റ്റ് ജുമാമസ്ജിദ്, ചാഴൂർ ജുമാമസ്ജിദ്, ചേറ്റക്കുളം ജുമാമസ്ജിദ് തുടങ്ങിയവയും അവയുടെ കീഴിൽ മതപഠനകേന്ദ്രങ്ങളും നമ്മുടെ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. രണ്ടു നമസ്കാര പള്ളികളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ പള്ളികളിൽ ഏറ്റവും പ്രധാനമായി ആഘോഷിക്കാറുള്ളത് നബിദിനാഘോഷമാണ്. കൂടാതെ റത്തീബ് തുടങ്ങിയ മതാചാര ആഘോഷങ്ങളും നടത്തപ്പെടുന്നുണ്ട്.

## *ക്ഷേത്രകലകളും മറ്റും*

പഞ്ചവാദ്യം, ചെണ്ടമേളം, കഥകളി, ഓട്ടൻ തുള്ളൽ, കൂത്ത്, ഉടുക്കുപാട്ട് തുടങ്ങിയ അപൂർവം ചിലയിടങ്ങളിൽ ഇന്നും കാണാം. നമ്മുടെ പഞ്ചായത്തിൽ ഇവ പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുന്നില്ല എന്നുതന്നെ പറയാം. ഈ കലകൾ ഉപജീവനമാർഗ്ഗമായിട്ടോ മറ്റേതെങ്കിലും തരത്തിലൊ കൈകാര്യം ചെയ്യുവാൻ ആരും മുന്നോട്ടു വരുന്നില്ല.

ക്രിസ്ത്യൻ കലാരൂപമായ മാർഗംകളി ഇവിടെ ഒരിടത്തും കാണുന്നില്ല. പള്ളികളിൽ ഗായകസംഘങ്ങൾ പലയിടത്തും നിലവിലുണ്ട്.

മുസ്ലിംങ്ങളുടെ തനതുകലാരൂപങ്ങളായ ഒപ്പന, കോൽക്കളി, മാപ്പിളപാട്ട്, അറവനമുട്ട് തുടങ്ങിയവ നാമമാത്രമായി നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. മതവ്യത്യാസമില്ലാതെ ഈ കലാരൂപങ്ങൾക്ക് ഇപ്പോഴും ആസ്വാദകരുണ്ട്. വിശേഷാവസരങ്ങളിൽ ഇവ നടത്തപ്പെടുന്നു.

ചെണ്ടമേളം, തബല, മൃദംഗം, ശാസ്ത്രീയസംഗീതം തുടങ്ങിയവ പഠിപ്പിക്കുന്ന ഫ്രൻസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് പഴുവിൽ സ്ഥിതി ചെയ്യുന്നു. ഓട്ടൻ തുള്ളൽ A.I.R.ൽ അവതരിപ്പിച്ചിട്ടുള്ള ശ്രീ: സി. ഗോപിനാഥ് പഴുവിൽ സ്വദേശിയാണ്. അദ്ദേഹം ഇപ്പോൾ ഈ രംഗത്ത് സജീവമല്ല.

## *നാടൻ കലകൾ*

നമ്മുടെ പഞ്ചായത്തിൽ പ്രഗൽഭരായ നാടൻകലാകാരൻമാർ ഉണ്ടെങ്കിലും പുതിയ തലമുറയുടെ താത്പര്യക്കുറവുമൂലം നമ്മുടെ നാടൻ കലകൾ പരിപോഷിപ്പിക്കപ്പെടുന്നില്ല. കുംഭമാസത്തെ ഭരണി നാളിൽ കുതിരകളി, ദേശത്തെ എല്ലാ വീടുകളിലും പ്രദർശിപ്പിച്ച് തിരുവാണിക്കാവിൽവന്ന് അവസാനിപ്പിക്കാൻ പാരമ്പര്യമായി അവകാശമുള്ള ആളാണ് ഇന്ന് നൂറിൽപരം വയസ്സുള്ള കുറുമ്പിലാവ് സ്വദേശി ചേനങ്ങത്ത് വെള്ളക്കൻ. കുതിരകളി പുള്ളിലും ചാഴൂർ പ്രദേശത്തും തോന്നിയകാവ് ഭരണിയാഘോഷത്തോടനുബന്ധിച്ച് നടത്തപ്പെടുന്നുണ്ട്.

കുറത്തിക്കളി, തുയിലുണർത്തുപാട്ട്, പുള്ളുവൻ പാട്ട് എന്നിവയെല്ലാം എങ്ങോ പോയിമറഞ്ഞു. നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായിരുന്നു ഇവയെല്ലാം. നാടൻ കലകളിൽ പ്രാവീണ്യമുള്ള പഴുവിൽ സ്വദേശി കണ്ടാരൻ, ഉടുക്ക് കൊട്ടുപാട്ടിൽ പ്രഗൽഭരായ കുറുമ്പിലാവ് വില്ലെജിലെ പഴുവിൽ സ്വദേശി കൊച്ചുമോൻ ആലപ്പാട് സ്വദേശികളായ തട്ടാംപറമ്പിൽ കറപ്പൻ, ചെമ്പകശ്ശേരി കൊച്ചു എന്നിവരെല്ലാം ആദരിക്കപ്പെടേണ്ടവരാണ്. കാളകളി ഓരാവേശമായി കൊണ്ടുനടന്നിരുന്ന കുഞ്ഞിരാമൻ ഇപ്പോൾ അവ

ശനിലയിലാണ്. ഉത്സവങ്ങളോടനുബന്ധിച്ച് അപൂർവ്വമായി കാളകളി, മുടിയാട്ടം, പൂതംകളി, പറയൻ തുള്ളൽ, തട്ടിൻമേൽകളി, ഉടുക്കുകൊട്ട്, കളമെഴുത്തുപാട്ട് തുടങ്ങിയവ അരങ്ങിൽ പ്രത്യക്ഷപ്പെടാറുണ്ട്. നാടൻ കലാസമിതികൾ ഈ പഞ്ചായത്തിൽ നിലവിലില്ല.

## കലാസാഹിത്യരംഗം

പാശ്ചാത്യകലകളുടെ ദ്രുതഗതിയിലുള്ള വളർച്ചയും അനുകരണവും മൂലം യുവതലമുറ കലാരംഗത്ത് വളരെ ശോചനീയാവസ്ഥയിലാണ്. കലാമേളകൾ അപൂർവ്വമായി നടത്തപ്പെടുന്നു.

ചാഴൂർ പഞ്ചായത്തിൽ ആലപ്പാട്-പുറത്തൂർ ഭാഗങ്ങൾ കേന്ദ്രീകരിച്ച് പുരോഗമനകലാസമിതി എന്ന പേരിൽ ഒരു കലാപ്രസ്ഥാനം തന്നെ നിലവിലുണ്ടായിരുന്നു. 1945നും 1960നും ഇടക്കുള്ള കാലഘട്ടത്തിൽ അന്തിക്കാട് ഫർക്ക മുഴുവൻ നിറഞ്ഞുനിന്നിരുന്ന ഒരു പ്രസ്ഥാനമായിരുന്നു അത്. ശ്രീകലാലയം വർക്കിയുടെ നേതൃത്വത്തിലുള്ള ഒരു വലിയ ട്രൂപ്പ് തന്നെ പഠനം നടത്തിയിരുന്നു. നാടകം, ഡാൻസ്, മോഹിനിയാട്ടം, ഭരതനാട്യം എന്നിവ അവതരിപ്പിച്ചിരുന്നു. ഒരു സ്റ്റേജ് അവതരണത്തിനുള്ള എല്ലാ ഉപകരണങ്ങളും ഈ സെറ്റിനുണ്ടായിരുന്നു. പുരോഗമനകലാസമിതിയാണ് പിന്നീട് നാട്യതാരയായും ചന്ദ്രതാരയായും അറിയപ്പെടുന്നത്. 'ഹിരണ്യഗർഭം' എന്ന നാടകത്തിലൂടെ നാട്ടിലുടനീളം ജൈത്രയാത്ര നടത്തി സമ്മാനങ്ങൾ വാരിക്കൂട്ടിയ പഴുവിൽ ഉപാസനയും പ്രവർത്തനരഹിതമാണ്.

ഇപ്പോൾ ഈ രംഗത്ത് തൃശൂർ തപനയും കേരളോത്സവങ്ങളിൽ പങ്കെടുക്കുന്ന ഒന്നു രണ്ടു നാടകസമിതികളും മാത്രമെ നമ്മുടെ പഞ്ചായത്തിലുള്ളു. സ്കൂളുകളിൽ നടത്തപ്പെടുന്ന ബാലകലോത്സവവും യുവജനോത്സവവും വെറുമൊരു ചടങ്ങായി മാറിയിരിക്കുന്നു.

ഓണക്കാലത്തുണ്ടായിരുന്ന തുമ്പിതുള്ളൽ, തലപ്പന്തുക്കളി,തുമ്പതല്ലിക്കളി, മാസ്കളി, തൊടുത്തം പിടുത്തം, കോൽക്കളി എന്നിവയെല്ലാം വിസ്മൃതിയിലാണ്. ആലപ്പാട് സ്വദേശികളായ തട്ടാംപറമ്പിൽ കറപ്പൻ, കാലടി കളരിക്കൽ രാമൻപണിക്കർ ഭാര്യ ജാനകി, ചാഴൂർ സ്വദേശിക്കരയിൽ ചാത്തുണ്ണി എന്നിവർ വട്ടുകളിയിലെ പ്രഗൽഭരായിരുന്നു. ഇന്നത്തെ വട്ടക്കളി, പാശ്ചാത്യ ഡാൻസുകളിലെ അനുകരണമായി അധഃപതിച്ചിരിക്കുന്നു. വട്ടക്കളി, കുമ്മാട്ടിക്കളി, പുലിക്കളി എന്നിവ ധനലാഭം മാത്രം ഇച്ഛിച്ച് നടത്തുന്നു.

സാഹിത്യരംഗത്ത് മഹാകവി ഫാദർ തേർമഠത്തിന്റെ സാഹിത്യസൃഷ്ടികൾ നമ്മുടെ പഞ്ചായത്തിന്റെ മുതൽകൂട്ടാണ്. ശ്രി. വേലപ്പൻ ആലപ്പാട് വിമർശന-നിരൂപണ സാഹിത്യരംഗത്ത് അറിയപ്പെടുന്ന വ്യക്തിയാണ്. ശ്രീ. കെ.എസ്.കെ. ആലപ്പാട് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന കെ.എസ്.കെ. കരുണാകരൻ റേഡിയോ ശ്രോതാക്കൾക്ക് സുപരിചിതനാണ്.

## കായികരംഗം

ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, ഷട്ടിൽ ബാഡ്മിന്റൻ തുടങ്ങിയ മത്സരങ്ങൾ അപൂർവ്വമായി നമ്മുടെ പഞ്ചായത്തിൽ അരങ്ങേറുന്നു. കരാട്ടെ, കുങ്ഫു, ജിംനേഷ്യം എന്നിവ കുറെ ചെറുപ്പക്കാർ അഭ്യസിക്കുന്നുണ്ട്. യുവാക്കളിൽ ആയോധനകലകൾ ആവേശം സൃഷ്ടിക്കുന്നു. മാനസിക പക്വതയില്ലാത്ത ഈ ആവേശം പല അനിഷ്ടസംഭവങ്ങൾക്കും ഇടവരുത്തുന്നു. പഴുവിൽ ലക്കിസ്റ്റാർ സോക്കർ ക്ലബ് മുടക്കം കൂടാതെ ഫുട്ബോൾ ടൂർണമെന്റ് നടത്തുന്നുണ്ട്. ഇന്ത്യൻ ടീമിൽ പങ്കെടുത്തിട്ടുള്ള താരങ്ങളുള്ള കുറുമ്പിലാവ് സാന്റോസ് ഇന്ന് നിർജ്ജീവമാണ്. കായികരംഗത്ത് പുതിയ പ്രതിഭകൾ ഉയർന്നുവരാത്തത് സാമ്പത്തിക പരാധീനതയും പരിശീലനത്തിന്റെ കുറവും മത്സരവേദികളിൽ സ്ഥാനം ലഭിക്കാത്തതുമായി കരുതുന്നു.

## ഗ്രന്ഥശാലകൾ

ഗ്രന്ഥശാലകളിൽ പ്രധാനപ്പെട്ടവ പഴുവിൽ ജയ്ഹിന്ദ് ലൈബ്രറി&റിക്രിയേഷൻ ക്ലബ്, ചാഴൂർ ഗ്രാമീണ വായനശാല, ഇഞ്ചമുടി ഗ്രാമീണവായനശാല, എ.കെ.ജി. സ്മാരക വായനശാല, ആലപ്പാട് ശ്രീനാരായണവായനശാല എന്നിവയാണ്. ജയ്ഹിന്ദ് ലൈബ്രറിയിൽ എല്ലാക്കൊല്ലവും സ്വാതന്ത്ര്യദിനാഘോഷവും വിദ്യാർത്ഥികൾക്ക് എൻഡോവ്മെന്റ് വിതരണവും നടക്കുന്നു. ചില വായനശാലകളിൽ അപൂർവ്വമായി ക്വിസ് മത്സരങ്ങളും ചെസ് മത്സരങ്ങളും നടത്തുന്നുണ്ട്. വായനാശീലം പൊതുവെ കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സാമ്പത്തികപരാധീനത ഈ വായനശാലകൾക്കുണ്ട്. റേഡിയോ പല വായനശാലകളിലും ഉണ്ട്. ടി.വി. ആലപ്പാടുള്ള വായനശാലയിൽ മാത്രമെ ഉള്ളു.

## സന്നദ്ധസംഘടനകൾ

ശാസ്ത്രസാഹിത്യപരിഷത്ത്, നെഹ്റുയുവകേന്ദ്ര, മദ്യനിരോധന സമിതി, വിൻസന്റ് ഡിപോൾ സംഘം തുടങ്ങിയവയുടെ ശാഖകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ശാസ്ത്രസാഹിത്യപരിഷത്തിന്റെ പ്രവർത്തനം എടുത്തുപറയത്തക്കതാണ്. കുറെക്കൊല്ലങ്ങളായി യുറീക്ക വിജ്ഞാനോത്സവത്തിന്റെ ചുക്കാൻ പിടിക്കുന്നത് നമ്മുടെ പഞ്ചായത്തു പ്രസിഡന്റു കൂടിയായ സുബ്രൻമാസ്റ്ററാണ്. മുൻകാലങ്ങളിൽ സാമൂഹ്യ അനാചാരങ്ങൾക്കെതിരെ പ്രവർത്തിച്ചിരുന്ന പല സംഘടനകളുടെയും പ്രവർത്തന മേഖലയായിരുന്നു നമ്മുടെ പഞ്ചായത്ത്. ഇത്തരം സംഘടനകളിൽ പ്രവർത്തിക്കാൻ യുവതലമുറക്ക് താൽപര്യം കുറഞ്ഞുവരുന്നു.

## ക്ലബുകൾ

ഫൈൻ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് പഴുവിൽ, നെഹ്റുയുവകേന്ദ്ര അംഗീകരിച്ച യുവതാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് ചാഴൂർ, ദീപ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് പഴുവിൽ, സംഗീത ആർട്ട്സ് & സ്പോർട്ട് ക്ലബ് പുള്ള്, മൾട്ടിസ്റ്റാർ ക്ലബ് പഴുവിൽ, ഫിനിക്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് മാട്ടുമ്മൽ, ആലപ്പാട്, സംഗീത ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് പഴുവിൽ, S.N.യുവജനസംഘം ചിറ്റുവേലി, ഇഞ്ചമുടി, ഫ്രൻസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് പഴുവിൽ വെസ്റ്റ് തുടങ്ങിയ ക്ലബുകളാണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഇവയിൽ പലതും നിർജ്ജീവാവസ്ഥയിലാണ്. ആർട്ട്സിലും സ്പോർട്ട്സിലും ഉള്ള മത്സരങ്ങളുടെ അഭാവം സാമ്പത്തിക പരാധീനതകൾ, ഉപകരണങ്ങളുടെ കുറവ്, പരിശീലനത്തിനുള്ള സാധ്യതയില്ലായ്മ, കളിസ്ഥലങ്ങളുടെ അപര്യാപ്തത ഇവയെല്ലാം ഈ രംഗം മുരടിക്കുവാൻ ഇടയാക്കുന്നു.

## പ്രശ്നങ്ങൾ

1. T.V, വിദേശചാനലുകൾ എന്നിവയിൽ കൂടിയുള്ള പരസ്യങ്ങൾ, അശ്ലീലസിനിമകൾ, അശ്ലീലപുസ്തകങ്ങൾ, മദ്യപാനം, മയക്കുമരുന്നുകൾ, പുകവലി, പാശ്ചാത്യ അനുകരണം എന്നിവ യുവതലമുറയേയും നാടിന്റെ നല്ല സംസ്കാരത്തേയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

2. നമ്മുടെ സംസ്കാരത്തിനു ചേരാത്ത പല വിനോദങ്ങളും നമ്മുടെ ചെറുപ്പക്കാരെ ആകർഷിക്കുന്നു.

3. രാഷ്ട്രീയ-സാസ്കാരിക സാമൂഹ്യരംഗത്തെ മൂല്യച്ച്യുതി യുവാക്കളെ നിസ്സംഗരാക്കുന്നു.

4. രാഷ്ട്രീയ അനിശ്ചിതത്വം ദൈനംദിന ജീവിതത്തെ ബാധിക്കുന്നു.

5. തത്വാധിഷ്ഠിതമായ രാഷ്ട്രീയ സത്യസന്ധത, ആത്മാർത്ഥത തുടങ്ങിയവർ കൈമോശം വന്ന ഇന്നതെ രാഷ്ട്രീയ നേതൃത്വങ്ങളോട് യുവാക്കൾക്ക് യാതൊരു താൽപര്യവും ഇല്ലാതായിരിക്കുന്നു.

6. പഞ്ചായത്തിൽ പൊതുവെ വായനാശീലം കുറഞ്ഞുവരുന്നു.

7. മാനസികമായ ബോധവൽക്കരണമില്ലായ്മ, കലാ-കായികരംഗത്തെ പരിശീലനകുറവ് തുടങ്ങിയ യുവപ്രതിഭകളെ സൃഷ്ടിക്കുന്നതിൽ തടസ്സം നിൽക്കുന്നു.

8. സാമ്പത്തിക പരാധീനതയും മത്സരങ്ങളുടെ അഭാവവും കലാകായിക സമിതികളെ ബാധിക്കുന്നു.

9. രാഷ്ട്രീയപരവും മതപരവുമായ ചേരിതിരിവുകൾ പുരോഗമന പ്രവർത്തനങ്ങളെ ബാധിക്കുന്നു.

10. മാനസിക പക്വതയില്ലാത്ത യുവാക്കളിൽ മത-വിഭാഗീയ ചിന്തകൾ വളർത്തി അക്രമത്തിലേക്ക് നയിക്കുന്നു.

11. സ്കൂൾ കലാ-കായികമേളകൾ പ്രഹസനമായി നടക്കുന്നതുമൂലം ഈ രംഗത്ത് പുരോഗതിയുണ്ടാകുന്നില്ല.

12. പാശ്ചാത്യകലകളുടെ ആക്രമണം നമ്മുടെ നാടൻകലകളെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

13. വ്യാജചാരായം, പൊതുസ്ഥലങ്ങളിലുള്ള പുകവലി സാമൂഹ്യ പ്രശ്നങ്ങളുണ്ടാക്കുന്നു.

14. മതസൗഹാർദ്ദപ്രവർത്തനങ്ങളിൽ ഏറ്റകുറച്ചിലുണ്ടായിരിക്കുന്നു.

15. പാർപ്പിടങ്ങളുടെ വർദ്ദനവ് കളിസ്ഥലങ്ങളെ ബാധിച്ചിരിക്കുന്നു.

## *സാധ്യതകൾ*

1.നമ്മുടെ പഞ്ചായത്തിലെ ചാഴൂർ വടക്കെ ആലിനു സമീപമുള്ള ഗ്രാമീണ വായനശാല, ഇഞ്ചമുടി ഗ്രാമീണവായനശാല എന്നിവയുടെ പ്രവർത്തനം മെച്ചപെടുത്തുക, പഴുവിൽ ജയ്ഹിന്ദ് ലൈബ്രറിക്ക് പുതിയ കെട്ടിടം നിർമ്മിച്ചു നൽകുക ഇവയെല്ലാം ഗ്രാന്റ് കൃത്യമായി ലഭിക്കാൻ നടപടികൾ എടുക്കും.

2. നമ്മുടെ പഞ്ചായത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ അംഗീകൃത വായനശാലകൾ അനുവദിക്കുകയും T.V.സെറ്റുകൾ സ്ഥാപിക്കുകയും വായനാശീലം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകകയും ചെയ്യുക.

3. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. മറ്റു ലൈബ്രറികളെ പഞ്ചായത്തുതലത്തിൽ ബന്ധിപ്പിച്ചു പ്രവർത്തനം നടത്തുകയും അവലോകനം നടത്തുകയും ചെയ്യുക.

4. സ്പോർട്ട്സ് ക്ലബുകൾക്കും കലാസമിതികൾക്കും ധനസഹായവും പരിശീലനവും മത്സരവേദികളും നൽകി അവയുടെ പ്രവർത്തനം സജീവമാക്കുക.

5. കേരളോത്സവവും യുവജനമേളകളും കൃത്യസമയത്തും നല്ല രീതിയിലും നടത്തുക.

6. നാടൻ കലാകാരൻമാർക്കും പ്രോത്സാഹനം നൽകുകയും അവതരണത്തിന് വേദിയൊരുക്കുകയും ചെയ്യുക.

7. സാംസ്കാരിക പ്രവർത്തനങ്ങൾക്കും മറ്റും നമ്മുടെ പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

8. പഞ്ചായത്ത് ഗ്രൗണ്ടും സ്റ്റേജും ഉപയോഗപ്രദമാക്കി കലാ-കായിക പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുക.

9. സ്കൂൾ ഗ്രൗണ്ട് ഏറ്റെടുത്ത് പുല്ല് വളർത്തി സജ്ജീകരിക്കുക.

10. നാടിന്റെ സാംസ്കാരിക ഉന്നമനതതിനുതകുന്ന ബോധവൽക്കരണം നടത്തുക.

11. നാടിന്റെ സാംസ്കാരത്തിന്റെ ഭാഗമായ പരമ്പരാഗതശൈലിയിലുള്ള കെട്ടിടങ്ങളും ക്ഷേത്രങ്ങളും കലാരൂപങ്ങളും സംരക്ഷിക്കുക. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ പരമ്പരാഗത ശൈലിയിലാക്കാൻ ശ്രമിക്കുക.

12. മദ്യനിരോധന സമിതിയുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുകയും മതസൗഹാർദ്ദത്തെ തകിടം മറിക്കുന്ന സംഘടനകളേയും അവരുടെ പ്രവർത്തനങ്ങളേയും നിയന്ത്രിക്കുകയും ചെയ്യുക.

13. അന്ധവിശ്വാസങ്ങൾ പരത്തുന്ന പരസ്യങ്ങളേയും മറ്റു നിരോധിക്കുക. ജനങ്ങളെ ബോധവൽക്കരിക്കുക.

14. തെരുവുനാടകസംഘങ്ങൾ, ഏകാങ്ക നാടകസംഘങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുക.

15. കയ്യെഴുത്തുമാസികകൾ പ്രചരിപ്പിക്കാനും വായനശാലകൾക്ക് ഗസറ്റ്, ന്യൂസ് പേപ്പറുകൾ എന്നിവ ലഭിക്കാനുള്ള ധനസഹായവും നൽകുക.

16. വനിതകൾക്ക് കലാ-കായിക മേളയിൽ പങ്കെടുക്കുവാനുള്ള പ്രോത്സാഹനം നൽകുക.

17. നമ്മുടെ പഞ്ചായത്തിനെ ഒരു സാംസ്കാരിക കേന്ദ്രമാക്കി മാറ്റാൻ കൂട്ടായ്മയുടെ സാഹചര്യം സൃഷ്ടിക്കാനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തണം.

## ചാഴൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വായനശാലകളുടെ വിവരങ്ങൾ

| പേര് | സ്ഥാപിച്ച വർഷം | GRADE | പുസ്തകങ്ങളുടെ എണ്ണം | ആനുകാലികങ്ങൾ | ശരാശരി പ്രതിമാസ വിതരണം | T.V. | റേഡിയോ | സ്വന്തം കെട്ടിടം സ്ഥലം | മറ്റു അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| ചാഴൂർ ഗ്രാമ പഞ്ചായത്ത് A.K.G. ഗ്രന്ഥ വായന ശാല പഴുവിൽ | 1993 | - | 2,000 | 16 | 300 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| ഗ്രാമിണ വായന ശാല ഇഞ്ചമുടി | 1930 | B | 5,368 | 5 | 400 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| ഗ്രാമിണ വായന ശാല ചാഴൂർ | 1945 | A | 6,000 | 8 | 200 | ഇല്ല | ഇല്ല | ഉണ്ട് | സ്ഥിരമായിട്ടില്ല |
| ജയ്ഹിന്ദ് ലൈബ്രറി & റിക്രിയേഷൻ ക്ലബ്ബ് P.O. പഴുവിൽ | 1953 | C | 4,782 | 20 | 450 | ഇല്ല | ഉണ്ട് | ഉണ്ട് | എല്ലാ വർഷവുംസ്വാതന്ത്ര്യദിനാഘോഷം, നിർദ്ധനരായ വിദ്യാർത്ഥികൾക്കും S.S.L.C. പരീക്ഷയൽ ഉയർന്ന മാർക്ക നേടുന്നകുട്ടിക്കും എൻഡോവ്മെന്റ വിതരണവും. രക്തദാന ഗ്രൂപ്പ്-നാടക-സ്പോർട്ട്സ് ഗ്രൂപ്പ് തുടങ്ങിയവ |
| ശ്രീനാരായണ വായനശാല ആലപ്പാട് | 1985 | - | 3000 | ഇല്ല | പ്രവർത്തിക്കുന്നില്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |

# വനിതാക്ഷേമം - ഗ്രൂപ്പ് 9

സ്ത്രീ സമൂഹത്തിൽ ഇന്നും അവഗണിക്കപ്പെടുന്ന ഒരു വിഭാഗം തന്നെയാണ്. സാമ്പത്തികമായി സ്വയം പര്യാപ്തത തേടിയാലേ ഈ നിലയിൽനിന്ന് ഒരു മോചനം സാധ്യമാകയുള്ളു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കഴിഞ്ഞ പഞ്ചവത്സര പദ്ധതികളിലൂടെ കേരളവും വികസനരംഗത്ത് പല തുറകളിലും അഭിവൃദ്ധി നേടിയിട്ടുണ്ടെങ്കിലും, വനിതാക്ഷേമ പ്രവർത്തനങ്ങൾ കാര്യമായ തോതിൽ നടന്നിട്ടില്ലെന്നത് ഒരു ദുഃഖസത്യം തന്നെയാണ്. വിദ്യാഭ്യാസ രംഗത്ത് നമ്മുടെ വനിതകൾ ഏറെ മുന്നിലാണെങ്കിലും, അതിനനുസൃതമായി ഉദ്യോഗങ്ങളിലും മറ്റും മതിയായി പ്രാതിനിധ്യം അവർക്ക് ലഭിച്ചിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ ചില വാർഡുകളിൽ MBBS വനിതാ ഡോക്ടർമാരും, ആയുർവ്വേദ ഡോക്ടർമാരും വനിതാ അഡ്വക്കേറ്റും എഞ്ചിനീയർമാരും പ്രൊഫസർമാരും വിരലിലെണ്ണാവുന്നവരായുണ്ട്:-

ബഹുജനസംഘടനകളിൽ സ്ത്രീകൾ കുറെയൊക്കെ സജീവമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും, അത്തരത്തിലുള്ളവരെ സമൂഹം ഇന്നും അവജ്ഞയോടെ വീക്ഷിക്കുന്നതുകൊണ്ട് കാര്യമായ മുന്നേറ്റം പ്രകടമാകുന്നില്ല.

വനിതാക്ഷേമം മുൻനിർത്തിയുള്ള വികസന ചർച്ചയിൽ കൃഷി, തൊഴിൽ, വ്യവസായം തുടങ്ങിയ ഉല്പാദന മേഖലകളിൽ സ്ത്രീ പങ്കാളിത്തത്തിന് വലിയ പ്രാധാന്യമുണ്ട്. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ 9-ാം പദ്ധതി കാലഘട്ടത്തിൽ ഈ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതാണ്.

## *കാർഷികരംഗത്ത് സ്ത്രീകളുടെ മുഖ്യപങ്കാളിത്തത്തോടുകൂടി നടപ്പാക്കേണ്ട പദ്ധതികൾ-*

a) ഈ പഞ്ചായത്തിലെ എല്ലാ വീടുകളിലും "ഒരു വീടിന് ഒരു അടുക്കളത്തോട്ടം" എന്ന നിലയിൽ പച്ചക്കറി കൃഷി നടത്തുവാനുള്ള മേൽത്തരം വിത്തുകൾ, വളങ്ങൾ എന്നിവ ലഭ്യമാക്കുകയും, രോഗപ്രതിരോധ നടപടികൾക്കാവശ്യമായ സംവിധാനം ഏർപ്പെടുത്തുകയും വേണം. ഈ കൃഷിയുടെ മേൽനോട്ടത്തിനും, വിപണത്തിനും കൃഷിഭവന്റെ കീഴിൽ കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഈ പദ്ധതി പ്രാവർത്തികമാക്കിയാൽ ഓരോ കുടുംബത്തിനും, പ്രത്യേകിച്ച് വനിതകൾ കുടുംബനാഥരായ വീടുകൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും, അങ്ങനെ സ്ത്രീകളുടെ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായകമായിരിക്കും.

b) വാണിജ്യാടിസ്ഥാനത്തിൽ പൂക്കൃഷിയും, ഔഷധച്ചെടിക്കൃഷിയും ആരംഭിക്കുന്നത് വനിതകളുടെ സാമ്പത്തിക നില ഭദ്രമാക്കുന്നതിന് വളരെയേറെ സഹായകമായിരിക്കും. പഞ്ചായത്ത് തലത്തിൽ സഹകരണസംഘം രൂപീകരിച്ച് ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നിവയുടെ കൃഷി ആരംഭിക്കണം. കയറ്റുമതി രംഗത്ത് ഏറെ സാധ്യതയുള്ളതാണ് ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ കൃഷി.

c) സ്ത്രീകളുടെ സാമ്പത്തിക ഭദ്രതയ്ക്ക് കൂൺകൃഷിയും സഹായകമാണ്. ലഘുവായ പരിശ്രമംകൊണ്ട് പോഷകാഹാരം ലഭ്യമാക്കുന്നതിനും ഇതുമൂലം സാധ്യമാകുന്നു.

## *വ്യവസായം, തൊഴിൽ*

a) വ്യാവസായികരംഗത്ത് സ്ത്രീകൾക്ക് മുൻഗണന നൽകിക്കൊണ്ട് ചെറുകിട പവർലൂം തുണിനെയ്ത്ത് കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഈ യൂണിറ്റിനാവശ്യമായ നൂൽ തൃശൂർ സീതാറാം മില്ലിൽനിന്ന് ലഭ്യമാണ്. ഈ നൂൽ തുണിയായി രൂപാന്തരപ്പെടുത്തി മില്ലിലേയ്ക്ക് തിരിച്ചുകൊടുത്ത് വേതനം അപ്പപ്പോൾ വാങ്ങാവുന്നതാണ്. ലൂമുകൾ സ്ഥാപിക്കാനുള്ള ചെലവുകളും, നൂൽ ലഭ്യമാക്കാനുള്ള ഗ്യാരണ്ടിയും ബന്ധപ്പെട്ട കോ- ഓപ്പറേറ്റീവ് ബാങ്കിൽനിന്ന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

b) ഖാദി ഗ്രാമവ്യവസായക്കമ്മീഷനിൽനിന്നോ, ഖാദി ബോർഡിൽ നിന്നോ ഒരു വനിതാ ടെയ്‌ലറിങ്ങ് യൂണിറ്റ് ആരംഭിക്കാനുള്ള ധനസഹായം ലഭ്യമാക്കണം.

c) വനിതകൾക്കായി കുടിൽ വ്യവസായങ്ങളായ കറിപൗഡർ നിർമ്മാണം, അച്ചാർ ഉല്പാദനം, എണ്ണവറവുല്പന്നങ്ങൾ നിർമ്മിക്കൽ, ചന്ദനത്തിരി നിർമ്മാണം, പപ്പടനിർമ്മാണം, സോപ്പുനിർമ്മാണം, പായനെയ്ത്ത് എന്നിവ തുടങ്ങുന്നതിന് വേണ്ട ധനസഹായം ഖാദി ഗ്രാമവ്യവസായക്കമ്മീഷനിൽനിന്നോ, ബോർഡിൽനിന്നോ ലഭ്യമാക്കണം.

പെരുമ്പിടിക്കുന്ന് കോളനിയും, കോലോത്തുംകടവ് ഹരിജൻ കോളനിയും, ലക്ഷം വീട് കോളനിയും ഉൾക്കൊള്ളുന്ന വനിതാ ഹരിജൻ വാർഡ് പ്രദേശത്ത് പ്രത്യേകമായി കയർ നിർമ്മാണം, കയറുല്പന്നങ്ങൾ നിർമ്മിക്കൽ എന്നിവയും ആരംഭിക്കണം.

d) ജില്ലാ ചെറുകിട വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെ ഡയമന്റ് പോളിഷിങ്ങ്, പ്ലാസ്റ്റിക് വ്യവസായം എന്നിവ ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

e) D.W.C.R.A യിൽ നിന്ന് സഹായധനം സ്വീകരിച്ചുകൊണ്ട് വനിതകൾക്ക് മുഖ്യപങ്കാളിത്തമുള്ള തൊഴിൽ യൂണിറ്റുകൾ വ്യാപകമാക്കണം. പത്തിരി നിർമ്മാണം, ടെയ്‌ലറിങ്ങ്, ബുക്ക് ബൈന്റിങ്ങ് & പ്രസ്സ്, ബേക്കറി വിഭവ മിർമ്മാണം മുതലായവ തൊഴിൽ സാധ്യയുള്ള മേഖലകളാണ്. ഇപ്പോൾത്തന്നെ പഞ്ചായത്തിൽ മേൽത്തരം 7 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

– ജോലിക്കു പോകുന്ന വനതകളുടെ കുട്ടികളുടെ സംരക്ഷണത്തിനായി "ഡേ കെയർ" സെന്ററുകൾ ചുരുങ്ങിയത് 2 എണ്ണമെങ്കിലും പഞ്ചായത്തിന്റെ രണ്ട് മേഖലകളിലായി സ്ഥാപിക്കണം.

– വിധവാപെൻഷൻ, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം, സ്ത്രീകൾക്കുള്ള പ്രസവ ചികിത്സാസഹായം എന്നിവ കാലോചിതമായി വർദ്ധിപ്പിക്കുകയും, അത് ലഭിക്കാനുള്ള നടപടികൾ സുതാര്യമാക്കുകയും വേണം. വിധവകളുടെ പുനർവിബാഹം പ്രോത്സാഹിപ്പിക്കണം.

– കുടുംബനാഥകൾ ആകേണ്ടി വരുന്ന എല്ലാ വിഭാഗത്തിലും പെട്ട വനിതകൾക്ക് വീട് വെയ്ക്കാനുള്ള സാമ്പത്തിക സഹായം നൽകുന്നതിനും, തൊഴിൽ ലഭിക്കുന്നതിനും മുൻഗണന നൽകണം

– അവിവാഹിതകളായ അമ്മമാരുടെ പുനരധിവാസത്തിനും, തൊഴിൽ സൗകര്യത്തിനും പരിഗണന കൊടുക്കണം. സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുന്നവരാണ് ഇക്കൂട്ടർ

– കൃഷി, കെട്ടിടനിർമ്മാണം എന്നീ മേഖലകളിൽ ജോലി ചെയ്യുന്ന വനിതകൾക്ക് അർഹിക്കുന്ന കൂലി നിരക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം. സർക്കാർ സർവ്വീസിലും, ഇതരമേഖലകളിലും സ്ത്രീകൾക്ക് 50% ജോലി സംവരണം ചെയ്ത് ഉറപ്പ് വരുത്തണം.

– പഞ്ചായത്തിൽ വനിതകൾക്ക് മാത്രമായി ഒരു ഗ്രന്ഥശാലയും, വായനശാലയും ആരംഭിക്കണം.

– വനിതാസംഘടനകൾ നല്ലനിലയിൽ പ്രവർത്തിക്കാനുള്ള പ്രേരണ നൽകണം. സ്ത്രീപീഡനം, സ്ത്രീധന പീഡനം, അശ്ലീല ചിത്രപ്രദർശനം എന്നിവ ഇല്ലായ്മ ചെയ്യുന്നതിന് വനിതാസംഘടനകൾ മുന്നിട്ടിറങ്ങണം. സമ്പൂർണ്ണ മദ്യനിരോധനം ലക്ഷ്യമാക്കി പ്രവർത്തിച്ചാൽ മദ്യപാനം മൂലം ദുരിതമനുഭവിക്കുന്നവരെ ഒരളവുവരെ സംരക്ഷിക്കാം. പുരുഷന്റെ മദ്യപാനാസക്തിമൂലം ശാരീരിക പീഡനവും, സാമ്പത്തിക ഞെരുക്കവും സ്ത്രീകളെയാണല്ലോ അധികവും ബാധിക്കുന്നത്.

– അംഗൻവാടികൾ, മാതൃശിശുസംരക്ഷണ കേന്ദ്രം എന്നവകളിൽ മാസത്തിലൊരിക്കൽ വീതം ആരോഗ്യ-ശുചീകരണ രംഗത്ത് സ്ത്രീകളെ ബോധവൽക്കരിക്കാനുള്ള ക്ലാസുകളും, സിനിമാപ്രദർശനങ്ങളും ഡോക്ടർമാരുടെ മേൽനോട്ടത്തിൽ നടത്തണം.

– പഞ്ചായത്ത് തലത്തിൽ ഒരു അബലമന്ദിരം സ്ഥാപിച്ച് അഗതികളായ സ്ത്രീജനങ്ങളെ സംരക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

# സഹകരണ മേഖല

ചാഴൂർ ഗ്രാമപഞ്ചായത്ത് സഹകരണ മേഖലയ്ക്ക് താരതമ്യേന നിലനിൽപുള്ള പഞ്ചാത്താണ്. മൂന്ന് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്. ഇത് ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. ദേശീയ പ്രസ്ഥാനത്തിന്റെ കാലഘട്ടത്തിലാണ് ഈ വായ്പ സംഘങ്ങൾ നിലവിൽ വന്നത്. പണമിടപാട് സ്ഥാപനങ്ങൾ അധികം ഇല്ലാതിരുന്ന അക്കാലത്ത് അധിക പലിശ ഈടാക്കിയിരുന്ന ഹുണ്ടിക ഇടപാടുകാരിൽനിന്ന് രക്ഷനേടുവാൻ സാധാരണ കർഷകർക്ക് സാമ്പത്തികമായ ആശ്വാസം നൽകുന്നതിനുവേണ്ടി നിലവിൽ വന്നതാണ് നമ്മുടെ നാട്ടിലെ സഹകരണ സംഘങ്ങൾ. ഈ വായ്പാസഹകരണ സംഘങ്ങളെല്ലാം തന്നെ 70 വർഷത്തിലേറെ കാലം കർഷകരുമായി സഹകരിച്ചു പോരുന്നു.

### *സഹകരണ സംഘങ്ങൾ:-*

നമ്മുടെ പഞ്ചായത്തിൽ മൂന്ന് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളും അതിനുപുറമേ അഞ്ച് സഹകരണ സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു. ഈ സംഘങ്ങളിൽ ഏറ്റവും അധികം മെമ്പർഷിപ്പും, വ്യാപകതിർത്തിയും, ജനബന്ധം കൂടുതലുള്ളതും പഴുലിൽ സർവ്വീസ് സഹകരണ സംഘത്തിനാണ്. ഈ സഹകരണ സംഘത്തിന്റെ ഹെഡ്ഓഫീസ് പഴുവിൽ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിന് പരിസരത്ത് സ്ഥിതി ചെയ്യുന്നു. ഈ സഹകരണ സംഘത്തിന്റെ രണ്ടു ബ്രാഞ്ചുകൾ പഴുവിൽ, ഇഞ്ചമുടി എന്നീ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നു. ഗ്രാമപഞ്ചായത്തിന്റെ ഏകദേശം പകുതിയോളം വാർഡുകളിലും ഇതിന്റെ പ്രവർത്തനം വ്യാപിച്ചു കിടക്കുന്നു. കോൾ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംഘം ജയന്തി പടവ് കമ്മറ്റി മുഖാന്തിരം കർഷകരുടെ വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നു. കാർഷിക ഉപകരണങ്ങളായ ട്രില്ലർ, മെതിയന്ത്രം എന്നിവ സമയോചിതമായി കർഷകർക്ക് വാടകയ്ക്ക് നൽകുന്നു. ചാഴൂർ പഞ്ചായത്തിലെ കർഷകരുടെ ഒരു അത്താണിയാണ് പഴുവിൽ സർവ്വീസ് സഹകരണ സംഘം എന്ന് എടുത്തു പറയേണ്ട ഒരു സവിശേഷതയാണ്.

ആലപ്പാട്-പുള്ള് സർവ്വീസ് സഹകരണ ബാങ്ക് R-180 കോൾ കൃഷി മേഖലയിൽ പ്രധാനമായും ഊന്നൽ കൊടുത്തുകൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഈ സംഘത്തിൽ 2976 മെമ്പർമാർ നിലവിലുള്ളതും പഞ്ചായത്തിലെ ഒന്ന്, രണ്ട് എന്നീ വാർഡുകൾ പൂർണ്ണമായും 11-ാം വാർഡിന്റെ ഒരു ഭാഗവും ഉൾക്കൊള്ളുന്നതാണ് ഇതിൻരെ പ്രവർത്തന പരിധി. 3244 മെമ്പർമാരുള്ള ചാഴൂർ സർവ്വീസ് സഹകരണ ബാങ്ക് മൂന്ന്, നാല് വാർഡുകൾ പൂർണ്ണമായും 11-ാം വാർഡിന്റെ ഒരു ഭാഗവും ഉൾക്കൊള്ളുന്നതാണ് ഇതിന്റെ പ്രവർത്തന പരിധി. കാർഷിക വായ്പകലും ചെറുകിട വ്യവസായ വായ്പകളും കുറികളുമാണ് മുഖ്യ പ്രവർത്തനങ്ങൾ. നമ്മുടെ പഞ്ചായത്തിലെ വോട്ടർമാരിൽ പകുതിയിലധികം പേരും മുകളിൽ പറഞ്ഞ മൂന്നു പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിൽ മെമ്പർമാരായി നില നിൽക്കുന്നവരാണ്.

## മറ്റുസഹകരണ സ്ഥാപനങ്ങൾ

1. ആലപ്പാട്ട്-പുള്ള് ക്ഷീര വ്യവസായ സഹകരണ സംഘം R.D. 14 2. ചിറയ്ക്കൽ ക്ഷീരോത്പാദന സഹകരണ സംഘം No. 94

3. ആലപ്പാട് പുള്ള് പട്ടികജാതി സർവ്വീസ് സഹകരണ സംഘം R. 180

4. ദീപ ഇൻഡസ്ട്രിയൽ വനിതാ സഹകരണ സംഘം LTD No. SINDR: 243

5. ചൂഴൂർ പഞ്ചായത്ത് പട്ടികജാതി മത്സ്യോത്പാദന സഹകരണ സംഘം F (R) No. 499

ഇതിനുപുറമേ ചാഴൂർ പഞ്ചായത്തിലും താന്ന്യം പഞ്ചായത്തിലും കൂടി ഉൾപ്പെടുന്ന പെരിങ്ങോട്ടുകര ക്ഷീര വ്യവസായ സഹകരണ സംഘവും പ്രവർത്തിച്ചുവരുന്നു.

നിലവിലുള്ള ക്ഷീര വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഇപ്പോൾ തൃപ്തികരമാണ് എന്നിരിക്കിലും അവയ്ക്ക് വളരാനുള്ള സാഹചര്യം നാൾക്കുനാൾ കുറഞ്ഞുവരികയാണ്. കാരണങ്ങൾ പലതുമുണ്ടെങ്കിലും വേണ്ടത്ര പാൽ അളവില്ലാത്തതാണ് പ്രധാന കാരണങ്ങളിലൊന്ന്. വർദ്ധിച്ചുവരുന്ന കാലിതീറ്റയുടെ വിലയും, കന്നുകാലികൾക്ക് ഉണ്ടാകുന്ന വിവിധയിനം രോഗങ്ങളും പാലിന് മതിയായ വില ലഭ്യമാകാത്തതും, കന്നുകാലി വളർത്തലിൽനിന്ന് കൃഷിക്കാരെ പിൻതിരിപ്പിക്കുന്നു. ശരാശരി 500 ലിറ്ററിൽ കൂടുതൽ പാൽ അളന്നുകൊണ്ടിരുന്ന ഈ രണ്ടു ക്ഷീര സഹകരണ സംഘങ്ങളും കാലക്രമേണ 350 ലിറ്റർ പാലാണ് ഇപ്പോൾ അളക്കുന്നത്. ഇത് സൂചിപ്പിക്കുന്നത് കന്നുകാലി വളർത്തലിൽനിന്ന് കൃഷിക്കാർ പിന്തിരിയുന്നു എന്നതിനുപുറമേ പാൽ കൂടുതൽ ലഭിക്കുന്ന നല്ലയിനം സങ്കരവർഗ്ഗ കന്നുകാലികളുടെ ലഭ്യതയിലുണ്ടാകുന്ന കുറവിനെയും കൂടിയാണ്.

മറ്റൊരു സംഘമായ ദീപ വ്യവസായ വനിതാ സഹകരണ സംഘം നമ്മുടെ പഞ്ചായത്ത് മുഴുവൻ വ്യാപകാതിർത്തിയുള്ള സ്ഥാപനമാണ്. സംഘത്തിന് മേൽത്തട്ട് സ്ഥാപനങ്ങളിൽ കാര്യമായ ബാധ്യതകളുണ്ട്. ആയതുകൊണ്ട് ഈ സ്ഥാപനം വളരെ മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നുണ്ട് എന്ന് എടുത്തു പറഞ്ഞുകൂടാ. എങ്കിലും സംഘത്തിന്റെ കീഴിലുള്ള പ്രസ് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഈ സംഘത്തെ മതിയായി സംരക്ഷിച്ച് പുനരുജ്ജീവിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ചിറയ്ക്കൽ കേന്ദ്രീകരിച്ച് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സംഘമാണ് പട്ടികജാതി മത്സ്യോത്പാദന സഹകരണ സംഘം F (R) No. 499. ഉൾനാടൻ മത്സയതൊഴിലാളികൾക്ക് വേണ്ടി സാമ്പത്തികമായും മീൻ പിടിത്ത ഉപകരണങ്ങളും സഹായസഹകരണ ങ്ങളും നൽകിക്കൊണ്ട് വളർന്നു വരുന്ന സംഘമാണിത്. ഇതിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളിലേയ്ക്ക് വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

# സഹകരണസംഘങ്ങളെ കുറിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | സ്ഥാപിച്ച വർഷം | ക്രെഡിറ്റ് നോൺ ക്രെഡിറ്റ് | പ്രവർത്തന പരിധി | അംഗ ങ്ങൾ | ഓഹരി മൂലധനം | ജീവന ക്കാരുടെ എണ്ണം | വായ്പകൾ | ബ്രാഞ്ചു കൾ | മറ്റു പ്രവർത്തന ങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| 1 | പഴുവിൽ സർവ്വീസ് സഹകരണ സംഘം LTD No. 126 | 1924 | ക്രെഡിറ്റ് | ഇഞ്ചമുടി കുറുമ്പിലാവ് വില്ലേജ് | 6781 | 20 ലക്ഷം | 17 | 1. ഹ്രസ്വകാല കാർഷിക വായ്പ<br>2. മദ്ധ്യകാല വായ്പ<br>3. പണ്ടംപണയം വായ്പ<br>4. കച്ചവടം<br>5. സാധാരണ വായ്പ<br>6. M.D.S | പഴുവിൽ ഇഞ്ചമുടി | ചിട്ടികൾ കോൾപടവ് നടത്തിപ്പ് വളം, കീടനാശിനി പലചരക്ക് കച്ചവടം |
| 2 | ചാഴൂർ സർവ്വീസ് സഹകരണ സംഘം LTD No. 106 | 1097 (ME) | ക്രെഡിറ്റ് | ചാഴൂർ വില്ലേജ് | 3244 | 6.25 ലക്ഷം | 6 | 1. ഹ്രസ്വകാല കാർഷിക വായ്പ<br>2. കാർഷികമദ്ധ്യകാല വായ്പ<br>3. കാർഷിക ദീർഘ കാലവായ്പ<br>4. പണ്ടം പണയ വായ്<br>5. വസ്തുപണയ വായ്പ<br>6. സിമ്പിൾ ലോൺ<br>7. സാധാരണ വായ്പ<br>8. ദീർഘകാല വായ്പ<br>9. ഓവർ ഡ്രാഫ്ട്<br>10. കൈപ്പട പണയം<br>11. ഡെപ്പോസിറ്റ് ലോൺ | ഇല്ല | ജനതസ്റ്റോർ തുണിവ്യാപാരം വളം, കീടനാശിനി |
| 3 | ആലപ്പാട് പുള്ള് സർവ്വീസ് സഹകരണ സംഘം LTD No. 130 | 1100(ME) | ക്രെഡിറ്റ് | ആലപ്പാട്- പുള്ള് വില്ലേജ് കര | 2976 | 5 ലക്ഷം | | 1. ഹ്രസ്വകാല കാർഷിക വായ്പ<br>2. മദ്ധ്യകാല കാർഷികവായ്പ<br>3. ദീർഘകാലകാർഷിക വായ്പ<br>4. സാധാരണ വായ്പ<br>5. സ്വർണ്ണ പണ്ടപണയ വായ്പ<br>6. സെക്യൂഡ് വായ്പ<br>7. കാഷ് ക്രെഡിറ്റ് വായ്പ<br>8. MDS വായ്പ<br>9. IRDP വായ്പ | ഇല്ല | നിക്ഷേപ സമാഹരണം കോൾപടവ് പ്രവർത്തനം തുണിക്കച്ചവടം വളം, കീടനാശിനി കച്ചവടം ഓണക്കാലത്ത് മാവേലിസ്റ്റോർ |
| 4 | ദീപവനിതാ വ്യവസായ സഹകരണ സംഘം LTD No. SIND (R) 243. | 1976 | നോൺ ക്രെഡിറ്റ് | ചാഴൂർ പഞ്ചായത്ത് | 15 | 6 ലക്ഷം | ലഭ്യമല്ല | ഇല്ല | ഇല്ല | |
| 5 | ആലപ്പാട്- പുള്ള് പട്ടികജാതി സഹകരണ സംഘം | 1960 | നോൺ ക്രെഡിറ്റ് | ചാഴൂർ പഞ്ചായത്ത് | 630 | 3 ലക്ഷം | 4 | സാധാരണ വായ്പ | ഇല്ല | പ്രിന്റിങ്ങ് പ്രസ് |
| 6 | ആലപ്പാട്- പുള്ള് ക്ഷീര വ്യവ സായ സഹകരണ സംഘം R.D. 14 | 1974 | | | ലഭ്യ മല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ഇല്ല | ഇല്ല |
| 7 | ചിറയ്ക്കൽ ക്ഷീരോത്പാദന സഹകരണ സംഘം No. 94 | ലഭ്യമല്ല | | | | | | | | |
| 8 | ചാഴൂർപഞ്ചായത്ത് പട്ടിക ജാതി മത്സ്യോത്പാദന സഹകരണ സംഘം F(R) No. 499 | | | | 125 | | | | | |

ചിറയ്ക്കൽ കേന്ദ്രീകരിച്ച് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു സംഘമാണ് പട്ടികജാതി മത്സ്യോത്പാദന സഹകരണ സംഘം. ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് വേണ്ടി സാമ്പത്തികമായും മീൻപിടുത്ത ഉപകരണങ്ങളും സഹായ സഹകരണങ്ങൾ നൽകിക്കൊണ്ട് വളരുന്ന സംഘമാണ് ഇത്. ഇതിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിലേക്ക് വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

## *സഹകരണ മേഖലയെ ബാധിക്കുന്ന പ്രശ്നങ്ങൾ*

1. മൂലധനത്തിന്റെ അപര്യാപ്തത

2. നിക്ഷേപിക്കുന്ന സംഖ്യയുടെ സുരക്ഷിതത്വം സംബന്ധിച്ച് നിക്ഷേപകരിൽ നിലനിൽക്കുന്ന ആശങ്ക

3. സഹകരണ സംഘങ്ങളിൽ അടിക്കടി നടന്നുവരുന്ന കവർച്ചകൾ

4. അശാസ്ത്രീയമായ പലിശ സമ്പ്രദായം

5. വായ്പക്കാരുടെ ഭീമമായ കുടിശ്ശികകൾ

6. മേലധികാരികളുടെ കക്ഷി രാഷ്ട്രീയ കാഴ്ചപാടുകൾ

## *നിർദ്ദേശങ്ങൾ*

സഹകരണ മേഖലയെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ മുകളിൽ എടുത്തു പറഞ്ഞതിൽ നിന്നും മേഖലയെ സംരക്ഷിച്ച് നല്ലരീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ കൊണ്ട് കഴിയാവുന്നതാണ്.

1. ചുറ്റും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ വലയം ചെയ്യപ്പെട്ടിട്ടുള്ള ആലപ്പാട്-പുള്ള് സർവ്വീസ് സഹകരണ സംഘങ്ങളെപോലുള്ള സംഘങ്ങളിൽ നിക്ഷേപം വർദ്ധിപ്പിക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക. അതിലേയ്ക്കായി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കൊടുക്കുന്ന വായ്പകൾക്ക് ജില്ലാ സഹകരണ ബാങ്കുകളും മറ്റു സർക്കാർ സ്ഥാപനങ്ങളും ഈടാക്കി വരുന്ന ഭീമമായ പലിശയിനത്തിൽ കാര്യമായ ഇളവ് വരുത്തുക

2. സഹകരണ സ്ഥാപനങ്ങൾക്ക് കുറികൾ നടത്തുന്നതിനുള്ള ചട്ടങ്ങളിൽ ഇളവു വരുത്തുക.

3. സംഘം മെമ്പർമാർക്ക് നൽകിവരുന്ന വായ്പകളിൽ എടുത്തു വരുന്ന ജാമ്യവ്യവസ്ഥയിൽ ഇളവുവരുത്തുക.

4. വായ്പ കുടിശ്ശികകൾ തിരിച്ചടപ്പിക്കുന്നതിലേകത്കായി സംഘങ്ങളുടെ ആവശ്യാർത്ഥം യഥാവിധി നടപടികൾ സ്വീകരിക്കുക.

5. പഞ്ചായത്തിലെ ആവശ്യമായ സ്ഥലങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ എടുക്കുക

6. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനപരിധിയിൽപ്പെട്ട പ്രധാന വിളകളായ നെല്ല്, തേങ്ങ, അടയ്ക്ക എന്നിവ യഥാക്രമം സംഭരിച്ച് സംസ്കരിക്കുന്നതിനുവേണ്ടിയുള്ള ചെറുകിട വ്യവസായങ്ങൾ ഉണ്ടാകുന്നതിന് ആവശ്യമായ സഹായധനവും അനുമതിയും ലഭ്യമാക്കുക.

7. വളം, കീടനാശിനി എന്നിവ നമ്മുടെ പഞ്ചായത്തിൽ സഹകരണ സംഘങ്ങൾ മുഖേന നല്ല രീതിയിൽ വ്യാപാരം നടത്തിവരുന്നുണ്ട്. കേവലം സേവന തുറയിൽ പെടുത്തി മാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളു. പല സംഘങ്ങളും ഇത്തരത്തിൽ വലിയ സാമ്പത്തിക ബാധ്യതകൾ അനുഭവിക്കുന്നുണ്ട്. ഇത് ഇല്ലാതാക്കാൻ വേണ്ടി ഗ്രാന്റുകൾ അഥവാ സബ്സിഡികൾ സർക്കാരിൽ നിന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ എടുക്കുക.

8. പഞ്ചായത്തിലെ ഓരോ വാർഡിലും അതാതു വാർഡുകളുടെ പ്രത്യേകത കണക്കിലെടുത്ത ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ ആവശ്യമായ അനുമതിയും സഹായങ്ങളും നൽകുക.

9. പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ദീപ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിർമ്മിച്ചുവരുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കാൻ വേണ്ടി മാർക്കറ്റിങ്ങ് സംവിധാനം ഏർപ്പെടുത്തുക. ഇങ്ങനെയുള്ള സൊസൈറ്റികൾ ഇനിയും ഉണ്ടാകുന്നതിന് വേണ്ട എല്ലാവിധ സാഹായങ്ങളും നൽകുക.

10. പഞ്ചായത്ത് തലത്തിലും, കോൾ മേഖലാതലത്തിലും ഫാർമേഴ്സ് സൊസൈറ്റികൾ രൂപീകരിക്കുക. അങ്ങനെ കൂട്ടുകൃഷി സംമ്പ്രദായങ്ങളും ചെറുകിടവ്യവസായങ്ങളും വർദ്ധിപ്പിക്കാവുന്നതാണ്.

11. പട്ടികജാതി-വർഗ്ഗ ഉന്നമനത്തിനായി അവരുടെ നേതൃത്വത്തിൽ മറ്റു വാർഡുകളിൽ സഹകരണ സംഘങ്ങൾ അനുവദിക്കുക. നിലവിലുള്ള ആലപ്പാട് സംഘത്തിന്റെ കീഴിലുള്ള പ്രസ് വിപുലീകരിക്കുന്നതിന് വേണ്ട ധനസഹായം നൽകുക.

12. ക്ഷീര വ്യവസായ സഹകരണ സംഘങ്ങളിൽ അംഗത്വം കൊടുക്കുന്നതിലുള്ള മാനദണ്ഡം ഉദാരവൽക്കരിക്കുക. ആവശ്യമുള്ളവർക്ക് മെമ്പർഷിപ്പ് കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

13. മത്സ്യരോഗം മൂലം തകർച്ചയെ നേരിടുന്ന പഞ്ചായത്തിലെ മത്സ്യസഹകരണസംഘത്തെ സർക്കാർ ഗ്രാന്റും മറ്റു സഹായങ്ങളും നൽകിക്കൊണ്ട് ശക്തിപ്പെടുത്തുക.

14. ഏറ്റവും കുറഞ്ഞ പലിശനിരക്കിൽ ഭവന നിർമ്മാണ വായപ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സഹകരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുക.

15. എല്ലാ വാർഡിലും പട്ടിക ജാതി-വർഗ്ഗ സഹകരണ സംഘങ്ങളും ചെറുകിട വ്യവസായ സഹകരണ സംഘങ്ങളും സ്ഥാപിക്കുക.

16. നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നതും ഇപ്പോൾ പ്രവർത്തന രഹിതവുമായ സിനിമാ തിയേറ്റർ സഹകരണ അടിസ്ഥാനത്തിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ എടുക്കുക.

17. ഈ പഞ്ചായത്തിലെ കൃഷിമേഖലെ മെച്ചപ്പെടുത്തുന്നതിന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സഹകരണ അടിസ്ഥാനത്തിൽ കൊണ്ടുവരിക.

18. കർഷക തൊഴിലാളികളുടെ കുറവുമൂലം കാർഷിക മേഖല വളരെയധികം തകർച്ചയിലാണ്. അതിനാൽ ഈ കാര്യങ്ങൾ പരിഹരിക്കുന്നതിന് കാർഷികയന്ത്ര സാമഗ്രികൾ (ട്രാക്ടർ, ട്രില്ലർ, കൊയ്തുമെഷീൻ, മെതി മെഷീൻ, നടീൽ മെഷീൻ) സഹകരണ അടിസ്ഥാനത്തിൽ കൊണ്ടുവരിക.

19. ഈ പഞ്ചായത്തിലെ കാർഷിക മേഖലയിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ സംഭരിച്ച് സംസ്കരിക്കുന്ന ഒരു വ്യവസായ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് ഈ പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ മുന്നോട്ട് വരണം. ഇതുമൂലം കർഷകർ ഉത്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് ന്യായമായ വില കർഷകർക്ക് ലഭിക്കുകയും ചെയ്യും.

20. ചാഴൂർ പഞ്ചായത്ത് പട്ടിക ജാതി മത്സ്യോത്പാദന സഹകരണ സംഘത്തിന് പഞ്ചായത്തിന്റെ ജലാശയങ്ങളിലെ മത്സ്യബന്ധന അവകാശം ഏൽപിച്ചുകൊടുക്കുകയും ഉചിതമെന്നു കണ്ടാൽ മറ്റൊരു സംഘം തുടങ്ങുവാൻ വേണ്ട സാഹചര്യം ഉണ്ടാകുക.

# പട്ടികജാതി ക്ഷേമം

ചാഴൂർ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ ആണ്. ഇതിൽ പട്ടികജാതിക്കാരുടെ ജനസംഖ്യ 5084 ആകുന്നു. ഇത് ആകെ ജനസംഖ്യയു ടെ 18 ശതമാനമാണ്. 1991ലെ സെൻസസ് റിപ്പോർട്ടിൽ 1 പുരുഷനും 3 സ്ത്രീകളുമുൾപ്പടെ 4 പട്ടികവർഗ്ഗക്കാർ പഞ്ചായത്തിൽ ഉള്ളതായി രേഖപ്പെടുത്തി കാണുന്നുണ്ടെങ്കിലും പട്ടിക വർഗ്ഗക്കാർ ആരും തന്നെ ഈ പഞ്ചായത്തിൽ സ്ഥിരതാമസമില്ലെന്ന് വ്യക്തമായി.

പുലയൻ, വേട്ടുവൻ, പടന്ന-കണക്കൻ, പെരുമണ്ണാൻ-വേലൻ, സാംബവ- പറയൻ എന്നീ ഹിന്ദു ഉപജാതികൾ മാത്രമാണ് ഈ പഞ്ചായത്തിലെ പട്ടികജാതികളിലായി സ്ഥിരതാമസമുള്ളവർ. ഹരിതവിപ്ലവത്തിന്റെ മാറ്റം എത്തും മുന്ന് പഞ്ചായത്തിലെ കോൾ പാടങ്ങളിൽ ചിറയുണ്ടാക്കിയും ചക്രം ചവിട്ടി വെള്ളം വറ്റിച്ചും നെൽകൃഷിയുടെ ആധാരശിലകളായി ഇക്കൂട്ടർ കഠിനാദ്ധ്വാനത്തിൽ ഏർപ്പെട്ടിരുന്നവരാണ്. പുരുഷന്മാരും സ്ത്രീകളും മണ്ണുചുമന്ന് ഉണ്ടാക്കിയ ചിറകളുടെ സമുച്ചയങ്ങളാണ് പഞ്ചായത്തിലെ പ്രധാന തെങ്ങിൻ തോപ്പുകളായി മാറ്റപ്പെട്ടത്. സമൃദ്ധമായ തേങ്ങയും അടയ്ക്കയും നെല്ലുമുൾപ്പടെയുള്ള ഇതര വിളകളും ഉല്പാദിപ്പിക്കുന്നതിൽ ഇക്കൂട്ടരുടെ അദ്ധ്വാനം ഇന്നും മുഖ്യ പങ്കു വഹിക്കുന്നുണ്ട്.

ഭൂപരിഷ്കരണം നടപ്പിലാകുന്നതിനു മുമ്പേ 1-ാം വാർഡിലെ പൂള്ള് പ്രദേശത്ത് നടന്ന കർഷക തൊഴിലാളി മുന്നേറ്റത്തിന്റെ ഫലമായി അര ഏക്കറിനുമേലെ വിസ്തൃതിയുള്ള പറമ്പുകളും നെൽപാടങ്ങളും ഏതാനും കുടുംബങ്ങൾക്ക് കൈവശത്തിൽ ചെന്നു ചേരുകയുണ്ടായി. അവകാശബോധമില്ലായ്മയും വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയുമാകാം ഇത്രയും ഭൂമി ഉല്പാദനക്ഷമതയോടെ ഉപയോഗപ്പെടുത്തി വിളവെടുപ്പുകൾ നടത്തുന്നുണ്ടെങ്കിലും സാമൂഹ്യമായ യാതൊരു പുരോഗതിയും ഈ കുടുംബങ്ങൾ കൈവരിച്ചു കാണുന്നില്ല. ഉള്ള ഭൂമിയിൽ നിന്ന് കുറച്ച് ഭാഗം വിറ്റ് ഇന്നു നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കണമെന്ന അഭിപ്രായമാണ് അവർ വ്യക്തമാക്കിയത്.

അടിമത്തം വളരെ തീവ്രമായി പ്രയോഗിക്കപ്പെട്ട ഈ പഞ്ചായത്തിലെ പട്ടിക വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനും അവകാശങ്ങൾ നേടികൊടുക്കുന്നതിനും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആവേശപൂർവ്വം പോരാടിയിരുന്നു. ചെത്തുതൊഴിലാളികളും കർഷകതൊഴിലാളികളും ഐക്യപ്പെട്ട് നടത്തിയ പോരാട്ടങ്ങൾക്ക് നിരവധി ചരിത്രം രചിച്ച പഞ്ചായത്താണിത്. എന്നാൽ തുടർന്നുള്ള കാലയളവിൽ ഇതര വിഭാഗങ്ങൾക്കുണ്ടായ പുരോഗതിയൊന്നും പട്ടികജാതിക്കാർക്ക് കൈവരിക്കാനായില്ല. എല്ലാ മേഖലകളിലും ഈ വിഭാഗത്തെ ഒറ്റപ്പെടുത്തുകയെന്ന ചിന്ത ശക്തിപ്പെട്ടുവരികയുമാണ്.

തെങ്ങ്, കവുങ്ങ് മറ്റു ഫലവൃക്ഷങ്ങളും നെല്ലും സാർവ്വത്രികമായി കൃഷിചെയ്തുവരുന്ന ഈപഞ്ചായത്തിലെ 80% പട്ടികജാതിക്കാരും കാർഷികമേഖലയിൽ കൂലിപ്പണി ചെയ്ത് ജീവിക്കുന്നവരാണ്. മത്സ്യബന്ധനത്തൊഴിലാളികളായും മത്സ്യകച്ചവടക്കാരായും (സ്ത്രീകൾ) കെട്ടിടനിർമ്മാണ തൊഴിലാളികളായും ഒരു ചെറിയ വിഭാഗം ജീവിയ്ക്കാൻ മാർഗ്ഗം കണ്ടെത്തുന്നു.

വിദ്യാഭ്യാസ കാലയളവിൽ കൊഴിഞ്ഞുപോയവരുൾപ്പടെയുള്ള ചെറുപ്പക്കാർ ഇതര വിഭാഗം നടത്തിവരുന്ന സ്വർണ്ണാഭരണ നിർമ്മാണം, ഗോൾഡ് കവറിങ്ങ്, തുടങ്ങിയ പണികളിലിലേയ്ക്കും ആട്ടോ ഡ്രൈവർമാരായും മാറ്റപ്പെട്ടുകാണുന്നുണ്ട്. സ്വന്തമായി ഒരു തൊഴിൽ തുടങ്ങുന്നതിന് യാതൊരു സാഹചര്യവും പ്രായോഗികതലത്തിൽ നിലവില്ലെന്ന് ഇവർക്ക് പരാതിയുണ്ട്. S.S.L.C വരെ പഠിക്കുകയെന്നതാണ് മുഖ്യലക്ഷ്യം. അതു കഴിഞ്ഞുള്ള ഉപരിപഠനം ഇന്നും നാമമാത്രമായി തുടരുന്നു. 5084 പട്ടികജാതിക്കാരുള്ളതിൽ സർക്കാർ-അർദ്ധ സർക്കാർ ജീവനക്കാരായി 71 പേരാണുള്ളത്. സ്വകാര്യമേഖലയിൽ ഓട്ടുകമ്പനി, മോട്ടോർവാഹനം, ഹോട്ടൽ, സ്വർണ്ണപണി എന്നിവയിലായി 32 പേരും തൊഴിലെടുത്തുവരുന്നുണ്ട്.

10 സെന്റ് ഭൂമിയ്ക്ക് ഉടമകളായി മാറ്റപ്പെട്ടുവെങ്കിലും ഭൂമി ലഭിച്ചത് വയലുകളും തോടുകളും കുള്ളങ്ങളുടെ ഓരങ്ങളും കേന്ദ്രീകരിച്ച വെള്ളക്കെട്ടുപ്രദേശത്താണ്. കാലവർഷത്തിലും തുലാവർഷത്തിലും വെള്ളപ്പൊക്കദുരിതം സ്ഥിരം പ്രതിഭാസമാകുന്നു. മറ്റുള്ള കരപ്രദേശത്ത് ഒറ്റപ്പെട്ട മേഖലകളിൽ 10 സെന്റ് കിട്ടിയവർക്ക് സ്വതന്ത്രമായി ഉപയോഗപ്പെടുത്താവുന്ന വഴിയില്ലാതെ യാത്രാദുരിതം നിലവിലുണ്ട്. സാമൂഹ്യ-സാമ്പത്തിക രംഗങ്ങലിൽ മുരടിപ്പിച്ച് നേരിടുന്ന ഇക്കൂട്ടരുടെ നിലവിലുള്ള ഭൂരിപക്ഷം വീടുകളിലും വിവാഹിതരും

മക്കളുമായി മാറിതാമസിക്കാനുള്ള സ്ഥലമില്ലാതെ ഒന്നും രണ്ടും കൂട്ടുകുടുംബങ്ങളായി ഒന്നിച്ച് ഒരേ വീട്ടിൽ പരിമിതമായ സൗകര്യത്തിന്റെ കഷ്ടതകളനുഭവിക്കുന്നു. ഈ പ്രതിഭാസം മൂലം ഹെർബർട്ട് കനാൽ ഉൾപ്പടെയുള്ള വിവിധ മേഖലകളിലെ PWD ഇറിഗേഷൻ മുതലായ പുറമ്പോക്ക് ഭൂമിയിൽ അതിക്രമിച്ചു കയറി വർഷങ്ങളായി കുടിലുകളിൽ താമസിച്ചുവരുന്നു. പ്രഥമിക ജീവത സൗകര്യങ്ങൾ ഒന്നും തന്നെയില്ലാത്തതിനാൽ ആരോഗ്യ-ശുചിത്വപ്രശ്നങ്ങൾ സങ്കീർണ്ണമാകുന്നു. ഭൂമി ദാരിദ്ര്യം മൂലം വിലകുറഞ്ഞ നെല്പാടങ്ങൾ വാങ്ങി കുടിൽ കെട്ടി താമസിക്കുന്ന സമ്പ്രദായം വളർന്നുവരുന്നത് ശ്രദ്ധേയമാണ്.

പട്ടികജാതിക്കാരുടെ ക്ഷേമം മുൻമർത്തി ആലപ്പാട്ട് പുള്ള് പട്ടികജാതി സർവ്വീസ് സഹഃസംഘം, ചാഴൂർ പഞ്ചായത്ത് പട്ടികജാതി മത്സ്യ ഉല്പാദന സഹഃസംഘം, ചാഴൂർ പഞ്ചായത്ത് പട്ടികജാതി ആഗ്രോ സർവ്വീസ് സെന്റർ എന്നീ സ്ഥാപനങ്ങൾ നിലവിലുണ്ട്.

മത്സ്യതൊഴിലാളികൾക്ക് തൊഴിലവസരം സൃഷ്ടിച്ചു, ഫിഷറീസ് വകുപ്പിന്റെ ഭവന നിർമ്മാണം, കക്കൂസ് നിർമ്മാണം, വൈദ്യുതീകരണം, തൊഴിലുപകരണം തുടങ്ങിയവയ്ക്കുവേണ്ടിയുള്ള ധനസഹായങ്ങൾ മത്സോല്പാദക സഹഃസംഘം വഴി ലഭ്യമാക്കിവരുന്നു. പുത്തൻതോട്, ചിറക്കൽതോട് എന്നിവയിലെ മത്സ്യബന്ധനാവകാശം ഈ സംഘത്തിനാണ്.

പ്രിന്റിംഗ് പ്രസ്സ് നടത്തിയും, പവ്വർട്രില്ലർ, ട്രൈസം എന്നിവയിലൂടെയും ഏതാനും പേർക്ക് തൊഴിലും പരിശീലനവും നല്കി കൊണ്ട് പട്ടിക ജാതി സർവ്വീസ് സഹഃസംഘം പ്രവർത്തനക്ഷമമാണ്.

ആഗ്രോ സർവ്വീസ് സെന്റർ വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമാണ്.

I.R.D.P, J.R.V, I.A.Y, M.W തുടങ്ങിയ സ്കീമുകൾ കൂടാതെ പട്ടികജാതി വികസന വകുപ്പ്, കോർപറേഷൻ, ഫിഷറീസ് വകുപ്പ് എന്നിവയുടെ വിവിധതരം പദ്ധതി സഹായങ്ങളും കൃഷിവകുപ്പ്, മൃഗസംരക്ഷണവകുപ്പ് എന്നിവയുടെ നിരവധി ആനുകൂല്യങ്ങളും പട്ടികജാതിക്കാർക്ക് ലഭിച്ചു വരുന്നുണ്ട്.

മദ്യപാനാസക്തിമൂലം വരവിനേക്കാൾ ചിലവാക്കുന്ന ദുശീലം പൊതുവെ കണ്ടുവരുന്നു. "ചാരായ നിരോധനം" ഈ വിഭാഗത്തിന്റെ വീടുകളിൽ സമാധാന അന്തരീക്ഷം സൃഷ്ടിച്ചതിൽ മുഖ്യപങ്കുവഹിച്ചിട്ടുണ്ട്. എങ്കിലും ജീവിതം തള്ളിനീക്കുന്നതിന് അതിദുസ്സഹമായ വരുമാനപ്രശ്നത്തേയും സാമൂഹ്യജീവിതത്തിലെ അവഗണനകളേയും ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്ന ഈ വിഭാഗം തികച്ചും അസംതൃപ്തരും അസഹിഷ്ണുക്കളുമായി മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു.

## *പ്രധാന കോളനികൾ*

1. പുള്ള് ഐലന്റ് നോർത്ത്
2. പുള്ള് ഐലന്റ് സൗത്ത്വെസ്റ്റ്
3. പുള്ള് ഐലന്റ് ഈസ്റ്റ്
4. O.L.H ആലപ്പാട്
5. O.L.H 3-ാം വാർഡ്
6. O.L.H ചാഴൂർ
7. O.L.H പഴുവിൽ വെസ്റ്റ്
8 O.L.H പെരുമ്പിടിക്കുന്ന്
9. ആലപ്പാട്ട്-പുറത്തൂർ വെണ്ണറായി
10 തിണ്ടാട്ട്
11. കുഞ്ഞാലുക്കൽ
12. ചേറ്റക്കുളം
13. ബാലകൃഷ്ണ
14. മനപ്പറമ്പ് സെറ്റിൽമെന്റ്
15. 3 സെന്റ് പഴുവിൽ വെസ്റ്റ്
16. മങ്ങാട്ടുപാടം മിച്ചഭൂമി

17. ചാഴൂർ റോഡ് തെക്ക് സെറ്റിൽമെന്റ്

18. കോട്ടം കിഴക്ക്-തൃക്കാപ്പള്ളം

19. കോട്ടം വടക്കുമുറി

20. പോലിപ്പറമ്പ്

21. കരുപ്പാടം സെറ്റിൽമെന്റ്

22. ചിറ്റുവേലി-ഹർബർട്ട് നഗർ IHDP

23. കോപ്പുംപുറം I.H.D.P

24. മാട്ടുമ്മൽ അംബേദ്ക്കർ ഗ്രാമം

## *പ്രശ്നങ്ങൾ*

1. അടിസ്ഥാന ജീവിത സൗകര്യങ്ങൾ ശോചനീയമാണ്. പ്രധാനമായും കക്കൂസ്, കുളിമുറി, വീട്, വീടു നിർമ്മിക്കാൻ സ്ഥലം, സഞ്ചാര സൗകര്യം എന്നിവയുടെ കാര്യത്തിൽ

2. P.W.D, ഇറിഗേഷൻ പുറമ്പോക്കുകളിൽ പ്രാഥമിക ജീവിതസൗകര്യങ്ങളില്ലാതെ അനാഥത്വം അനുഭവിക്കുന്ന 47 കുടുംബങ്ങൾ

3. ഒരു വീട്ടിൽ രണ്ടും മൂന്നും കുടുംബങ്ങൾ ഒന്നിച്ച് ജീവിക്കുന്നവരുടെ പുനരധിവാസം

4. വെള്ളക്കെട്ടു പ്രദേശങ്ങളിലെ താമസസ്ഥലങ്ങൾ ജീവിതയോഗ്യമാക്കുക (മണ്ണിട്ടു നികത്തുകയും സംരക്ഷണവും)

5. സർക്കാരിന്റെ വിവിധ വകുപ്പുകളനുഭദിച്ച ഭവന നിർമ്മാണഗ്രാന്റ് ഉപയോഗിച്ചിട്ടും ഭവനനിർമ്മാണം ഭാഗികം

6. വരുമാനം കുറയുന്നു, ദാരിദ്ര്യം വളരുന്നു

7. കോൾപ്പാടങ്ങളിൽ കർഷകതൊഴിലാളികളുടെ കുറവുണ്ടാകുന്നതിന് ഈ വിഭാഗം മാത്രമാണ് ഉത്തരവാദിയെന്ന നിലയിൽ പ്രചരണം വർദ്ധിക്കുന്നു.

8. ആഫീസ് കാര്യങ്ങൾക്കായി എത്തുന്നവരെ ഉദ്യോഗസ്ഥ ലോകം കഠിനമായി പീഢിപ്പിക്കുകയും നീതി നിഷേധിക്കുകയും ചെയ്യുന്നു. ധനകാര്യസ്ഥാപനങ്ങളും വകുപ്പ് മേധാവികളും ഈ വിഭാഗത്തോട് സഹകരിക്കുക മാത്രമേ ചെയ്യുന്നുള്ളു. ഒരിക്കലും സഹായിക്കുന്നില്ല.

9. ജീവിത നിലവാരം ഉയർത്തുവാൻ ഒരു പരിശ്രമവും ഇല്ല

10. ഉന്നത വിദ്യാഭ്യാസവും മെച്ചപ്പെട്ട സർക്കാർ ജോലിയും മുഖ്യ അഭിലാഷമല്ല.

11. മദ്യപാനാസക്തി വളരെ കൂടുതലാണ്

12. കിണറുകളും പൈപ്പുകളും വേണ്ടത്രയില്ല, വൈദ്യുതി ലഭ്യമല്ല.

13. D.W.C.R.A യൂണിറ്റുകൾഈ വിഭാഗത്തിനു മാത്രമായി ഇല്ല. ഉള്ളവയിൽ മതിയായ പ്രാതിനിധ്യമില്ല.

14. മത്സ്യബന്ധന കാലയളവിൽ ചാലുകളിൽ ആഫ്രിക്കൻ പായലും കുളവാഴയും വളർന്നു തിങ്ങുന്നതിനാൽ തൊഴിൽ ദിനങ്ങളും വരുമാനവും ഗണ്യമായി കുറയുന്നു.

15. വ്യവസായ രംഗത്തേക്ക് ആരും കടന്നു വരുന്നില്ല.

16. കോളനികളിൽ ടി.വി. സ്ഥാപിച്ചിട്ടില്ല. 17. പഞ്ചായത്തിന്റെ മദ്ധ്യദേശത്തായി ആധുനിക രീതിയിൽ ശ്മശാനം വേണം. 18. ഉൾനാടൻ മത്സ്യങ്ങൾക്ക് രോഗം ബാധിച്ച് മത്സ്യസമ്പത്ത് നാശത്തെ നേരിടുന്നു. 19. ഗവണ്മെണ്ടിന്റെ നയപരിപാടികളുസരിച്ച ധനവായ്പകൾ ഉറപ്പാക്കുന്നതിന് പഞ്ചായത്തിൽ ദേശീയ ബാങ്ക് ഇല്ല. 20. കർഷകതൊഴിലാളി പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഈ വിഭാഗത്തിന് എങ്ങിനെ തടയാം എന്ന സമീപനം.

## *നിർദ്ദേശങ്ങൾ*

1. പഞ്ചായത്തിലെ വിവിധ മേഖലകളിൽ കുടിലുകൾവച്ച് താമസിച്ചുവരുന്ന 263 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുക. നിർമ്മാണ സാമഗ്രികളായ കരിങ്കല്ല്, വെട്ടുകല്ല്, ഇഷ്ടിക, മണൽ, മരം എന്നിവ നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാലും, ഈ വിഭാഗത്തിന്റെ വീടുകൾ വാഹനഗതാഗത യോഗ്യമായ റോഡുകളിൽനിന്നും ബഹുദൂരം അകലെ ക്ലേശകരമായ സ്ഥലത്തായതിനാലും ഇപ്പോൾ അനുവദിച്ചുവരുന്ന സഹായധനം തികച്ചും അപര്യാപ്തമാണ്. അതുകൊണ്ട് ഭവന നിർമ്മാണഗ്രാന്റ് 35,000/- രൂപയാക്കി ഉയർത്തുവാൻ നടപടികൾ സ്വീകരിക്കണം.

2. P.W.D, ഇറിഗേഷൻ പുറമ്പോക്കു നിവാസികളായ 47 കുടുംബങ്ങളേയും ഒരൊറ്റ വീട്ടിൽ രണ്ടും മൂന്നും കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്നവരെയും പുനരധിവസിപ്പിക്കുവാൻ സമഗ്രവും പ്രായോഗികവുമായ നടപടികൾ സ്വീകരിക്കുക. നിത്യജീവിതത്തിന് കൂലിപ്പണിയെ ആശ്രയിച്ചുവരുന്ന ഇക്കൂട്ടർ തൊഴിലെടുത്തുവരുന്ന മേഖലയും തൊഴിലുമായി വൈകാരിക ബന്ധം പുലർത്തുന്നവരാണ്. അതതു വാർഡുകളിൽ തന്നെ സ്ഥലം കണ്ടെത്തി പുനരധിവാസ സംവിധാനമേർപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും.

3. 482 കുടുംബങ്ങൾക്ക് കക്കൂസില്ല. പണിത് ഉപയോഗത്തിലുള്ള കക്കൂസുകൾ ശരിയായവിധത്തിലുള്ളതല്ലാത്തതിനാൽ പരിസരമലിനീകരണത്തെ കേന്ദ്രീകരിച്ചിരിക്കുന്നു. അതുകൊണ്ട് ഇപ്പോൾ കക്കൂസ് ഇല്ലാത്ത എല്ലാകുടുംബങ്ങൾക്കും ശുചിത്വം നിലനിർത്തുന്നതും ഭൂപ്രദേശത്തിന്റെ സ്വഭാവത്തിനിണങ്ങിയതുമായ സാങ്കേതിക വിദ്യയുപയോഗിച്ച് കക്കൂസ് നിർമ്മിക്കാനുള്ള ഗ്രാന്റും യഥാർത്ഥ ചിലവുകൾ നേരിടാനാവശ്യമായ വായ്പയും ഏർപ്പെടുത്തി എല്ലാ കുടുംബങ്ങൾക്കും കക്കൂസ് എന്ന പരിപാടി പ്രയോഗത്തിലാക്കു.

4. ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ ആകെ ഭൂമിയിൽ കേവലം 43 ഏക്കറോളം ഭൂമിയാണ് പട്ടിക വിഭാഗത്തിലുള്ള എല്ലാ കുടുംബങ്ങളും ചേർന്ന് കൈവശം വച്ചനുഭവിച്ചുവരുന്നത്. ഇത് സാമൂഹ്യ പിന്നോക്കാവസ്ഥയുടേയും അസന്തുലിതാവസ്ഥയുടേയും മുഖ്യകാരണമാണ്. ഈ വിഷയത്തിൽ സാമൂഹ്യനീതി ഉറപ്പാക്കുന്നതിന്, ഈ വീഭാഗത്തിന്റെ ജനസംഖ്യയ്ക്കനുപാതിമായി വിവിധ ഏജൻസികൾ വിഴി പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടുകൾ സംയോജിപ്പിച്ച് പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് ഒരു സ്പെഷൽ പദ്ധതി ആവിഷ്കരിക്കുക. വാങ്ങുന്ന ഭൂമിയുടെ ശരാശരി വിലയുടെ 50% സബ്സിഡി ധനകാര്യ സ്ഥാപനത്തിൽ പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്യുകയും 40 ശതമാനം വായ്പ ഏർപ്പെടുത്തിയും 10 ശതമാനം ഗുണഭോക്താവ് സ്വയം വഹിച്ചും ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാവുന്നതാണ്. 25 സെന്റ് കരഭൂമിയോ ഒരേക്കർ നിലമോ സ്വന്തമാക്കാൻ അവസരം ഒരുക്കുന്നതായിരിക്കണം പദ്ധതി. പിന്തുടർച്ച ബന്ധവും ഉടമാവകാശം-ബാധ്യത ഏറ്റെടുക്കലും വ്യക്തമായി നിർവ്വചിച്ചുകൊണ്ട് 20 വർഷക്കാലയളവിൽ ഈ വസ്തു കൈമാറ്റം നിരോധിച്ചുകൊണ്ടും ഇവരെ സഹായിക്കാവുന്നതാണ്.

5. കോളനികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാവാകുന്നതുപോലെ ഒറ്റപ്പെട്ട വീടുകൾ കണക്ഷന് സജ്ജമായാലും സമീപവാസികളായ വസ്തുടമകൾ പ്രോപ്പർട്ടി ക്രോസിങ്ങിന് അനുമതി തരാത്തതുകൊണ്ട് വൈദ്യുതി ലഭ്യമാകുന്നില്ല. ഇത്തരം കുടുംബങ്ങൾ അവരുടെ വീടുകളിലേക്ക് യാത്ര ചെയ്യാനുപയോഗിക്കുന്ന നടവഴികളിലൂടെ പോസ്റ്റിട്ട് ലൈൻ നീട്ടുന്നതിന് പ്രത്യേക അനുമതി ആവശ്യമില്ലാത്തവിധം ഇളവനുദിക്കു. എല്ലാ ദുർബല വിഭാഗത്തിനും ഈ നടപടി വ്യാപിപ്പിക്കുക.

6. പഞ്ചായത്തിലെ പട്ടികജാതി വനിതകൾക്ക് അവർ താല്പര്യപ്പെടുന്ന കേന്ദ്രങ്ങലിൽ D.W.C.R.A യൂണിറ്റ് തുടങ്ങാൻ മുൻഗണന നൽകുക.

7. മരുന്ന് (വിഷം) തളിക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുകയും ക്ഷേമനിധി പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തുകുയും ചെയ്യുക.

8. "അത്തിച്ചാൽ", മത്സ്യ ഉല്പാദക സഹകരണസംഘത്തിന് വിട്ടുകൊടുക്കുക.

9. കോൾപാടങ്ങൾക്കകത്തുള്ള പഞ്ചായത്തുവക ചാലുകളിലെ പരമ്പരാഗതരീതി പുന:സ്ഥാപിക്കുക്കുകയും മത്സ്യബന്ധനതൊഴിലാളികളുടെ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

10. വെള്ളങ്ങാട്ട് മേഖലകളിൽ മണ്ണിട്ട് നികത്തി സംരക്ഷണ നടപടികൾ സ്വീകരിക്കുക. 11. പഞ്ചായത്തിന്റെ മധ്യദേശത്തായി ആധുനിക ശ്മശാനം നിർമിച്ച് നൽകുക. 12. ഉപാധിരഹിതമായി കർഷകതൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുക.

13. പട്ടയം അനുവദിക്കാവുന്നതെന്ന് വ്യക്തമാക്കപ്പെട്ട ഭൂമി കൈവശത്തിലുള്ള 21 കുടുംബങ്ങൾക്ക് ഉടൻ പട്ടയം അനുവദിക്കുക.

14. തൊഴിൽ പരിശീലനകേന്ദ്രം ഈ വിഭാഗത്തിനുവേണ്ടി ആരംഭിക്കുക.

15. ആഗ്രോ സർവ്വീസ് സെന്റർ ഉടൻ പ്രവർത്തനക്ഷമമാക്കുകയും കാർഷിക രംഗത്തെ ആധുനിക യന്ത്ര സാമഗ്രികൾ ഈ സ്ഥാപനത്തിന് ലഭ്യമാക്കി ഏതാനും പേർക്ക് തൊഴിലവസരം വർദ്ധിപ്പിക്കാവുന്നതാണ്.

16. പാടശേഖരങ്ങളിലെ കൊയ്ത്ത്, മെതി, നടീൽ എന്നിവ നടത്തുന്നതിന് യന്ത്രസംവിധാനം ഏർപ്പെടുത്തുമ്പോൾ പട്ടികവിഭാഗ ഗ്രൂപ്പുകൾക്കും സഹകരണാടിസ്ഥാനത്തിലോ വ്യക്തിഗതമായോ ഉടമാവകാശം ലഭ്യമാക്കാൻ പ്രത്യേക നടപടികൾ ആവിഷ്കരിക്കേണ്ടതാണ്.

17. പഞ്ചായത്ത് തലത്തിൽ ഒരു നെല്ല് സംഭരണ കേന്ദ്രവും അരിയുല്പാദന യൂണിറ്റും പട്ടി വിഭാഗത്തിന് റിസർവ് ചെയ്ത് ആയതിന് താല്പരിയമുള്ളവരുടെ ഗ്രൂപ്പിന് എല്ലാവിധ സഹായങ്ങളും പഞ്ചായത്ത് നേരിട്ട് ചെയ്തു കൊടുക്കുക.

18. SC/ST വീഭാഗത്തിന്റെ ജനസംഖ്യയ്ക്കനുപാതമായി ഫണ്ട് നേടിയെടുക്കയും അവ വകയും വഴിയും മാറാതെ ഈ വിഭാഗത്തിലെ ദുർബലർക്ക് കൂടുതൽ ഗുണം ലഭിക്കുന്നവിധം ഉപയോഗപ്പെടുത്തുക.

19. പരപ്രേരണയില്ലാതെ, പുരോഗതി നേടുവാൻ-സ്വയം വളരാൻ ഈ വിഭാഗം പരിശ്രമശാലികളാവുക.

20. കിറുകൾ നിർമ്മിക്കുന്നതിന് സ്ഥലപരിധി ഒഴിവാക്കി ഗ്രാന്റ് അനുവദിഖ്കുക. ആവശ്യമായ സ്ഥലത്ത് പൈപ്പ് ലൈനും ടാപ്പും അനുവദിക്കുക.

21. ഈ പഞ്ചായത്തിൽ കാർഷികരംഗത്ത് 80 ശതമാനം പട്ടിക ജാതിക്കാരും അദ്ധ്വാനിച്ചുവരുന്നുണ്ട്. എന്നാൽ ഇതര ജനവിഭാഗങ്ങൾക്കുണ്ടായ വമ്പിച്ച സാമൂഹ്യപുരോഗതി (സർക്കാർ ജോലി, വ്യാപാരം, ഗൾഫ്) മൂലം കാർഷികരംഗത്ത് പണ്ടുണ്ടായിരുന്ന തള്ളിക്കയറ്റം ഇപ്പോഴില്ല. ഈ വസ്തുതയെ മറച്ചുവച്ചുകൊണ്ടുള്ള പ്രചരണം, അദ്ധ്വാനിക്കുന്നവരെ മാനസികമായും പീഡിപ്പിക്കുന്നു. ഇത് ഒഴിവാക്കുകയും തൊഴിൽ മാന്യത നില നിർത്തുകയും ചെയ്യുക.

# വിഭവസമാഹരണം

വ്യവസായിക മേഖല നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തളർച്ചയിലാണ് എന്നു തന്നെ പറയാം. ചെറുകിട വ്യവസായങ്ങളൊ, പരമ്പരാഗത വ്യവസായങ്ങളൊ നാമമാത്രമായി കാണാവുന്നതാണ്. വൻകിട വ്യവസായം ഈ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. ഒരു ഓട്ടുകമ്പനി മാത്രമാണ് ഇതന് അപവാദമായി കാണുന്നത്. വിഭവ സമാഹാരണത്തിന് മറ്റു മാർഗ്ഗങ്ങൾ തേടേണ്ടിയിരിക്കുന്നു.

കാർഷികമേഖല മുരടിച്ചു നിൽക്കുന്നു. കൃഷിഭൂമി ക്രയവിക്രയ വസ്തുവായി മാറിക്കൊണ്ടിരിക്കുന്നു. കർഷക തൊഴിലാളികളുടെ അഭാവം, വളം–കീടനാശിനികളുടെ വിലവർദ്ധനവ്, ഉൽപാദന വിളകളുടെ വിപണനരംഗത്തെ മാന്ദ്യത എന്നിവയെല്ലാം കാർഷിക രംഗത്തെ വിഭവസമാഹരണം അസാദ്ധ്യമാക്കുന്നു. ഈ രണ്ടു രംഗത്തും ഗ്രാമപഞ്ചായത്തുകൾക്ക് ഇടപെടാനുള്ള സാഹചര്യം ഉണ്ടായിരിക്കുണം.

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് സർക്കാരിനെ ആശ്രയിക്കേണ്ട ഗതികേട് ഇപ്പോഴും നില നിർക്കുന്നു. ലഭിക്കുന്ന ഗ്രാന്റുകൾ ശാസ്ത്രീയമായ രീതിയിലല്ല വിതരണം ചെയ്യുന്നത്. അവ തന്നെ യഥാസമയം കിട്ടുന്നില്ല. പഞ്ചായത്തിലെ പ്രധാന വരുമാന മാർഗ്ഗങ്ങളായി കണക്കാക്കുന്നത് കെട്ടിടനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, പ്രദർശന നികുതി, വിനോദനികുതി, വസ്തുകൈമാറ്റി നികുതി, ചന്തവരവ് എന്നിവയാണ്. പഞ്ചായത്തിലെ ഭരണപരമായ ചെലവുകൾക്കാണ് വരുമാനത്തിന്റെ ഭൂരിഭാഗവും ഉപയോഗിക്കുന്നത്. ഇത് മൊത്തം വരുമാനത്തിന്റെ 63 ശതമാനമാണ്. വികസന പ്രവർത്തനങ്ങൾക്ക ബാക്കിയുള്ളതു മാത്രമേ ലഭിക്കുന്നള്ളു. തെരുവു വിള്ക്കുകൾ കത്തിക്കുന്നതിന് 13.63 ശതമാനവും വിദ്യാഭ്യാസത്തിന് 8.92 ശതമാനവും ഉപയോഗിക്കുന്നു. കുടിവെള്ളം, പൊതുജനാരോഗ്യം മുതലായ പ്രധാനപ്പെട്ട ആവശ്യങ്ങൾ ശേഷിക്കുന്ന വരുമാനം കൊണ്ടു നടത്തേണ്ടിയിരിക്കുന്നു.

ചെലവിനങ്ങളിൽ പൊതുമരാമത്ത് പണികൾക്കാണ് ഏറ്റവും കൂടുതൽ കാണുന്നത്. J.R.Y, V.R.M, M.I. എന്നീ ഇനങ്ങളിൽ ലഭിക്കുന്ന ഗ്രാന്റുകളാണ് മറ്റുവരുമാന മാർഗ്ഗങ്ങൾ. ഇത് ആവശ്യങ്ങൾക്ക് അപര്യാപ്തവുമാണ്. ഉപാധിരഹിത ഫണ്ട് ഇനത്തിൽ ലഭിക്കുന്നത് ഒരു വാർഡിലെ പ്രവർത്തനത്തിനുപോലും തികയുന്നില്ല. ബാങ്കുകളിൽ നിന്നോ, മറ്റു ധനകതാര്യ സ്ഥാപനങ്ങളിൽ നിന്നോ ഇന്നുവരെ ഏതെങ്കിലും പദ്ധതിയുടെ ആവശ്യത്തിനായി പഞ്ചായത്തിനു പണം ലഭിച്ചിട്ടില്ല. ഫലവൃക്ഷങ്ങളുടെ ലേലത്തിൽ നിന്നും കുളങ്ങളിൽ നിന്നും മത്സ്യം പിടിക്കുവാനുള്ള ലേലത്തിൻനിന്നും ചെറിയസംഖ്യകൾ ലഭിക്കുന്നുണ്ട്.

പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ വിദേശത്ത് ജോലി ചെയ്യുന്നവർ, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ, കാർഷികവിഭവങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനം, കച്ചവടം, കള്ളുചെത്ത് എന്നവയിൽ നിന്നുള്ളവയാണ്. രണ്ടു പൂവ് നെൽകൃഷിയിറക്കിയിരുന്ന സ്ഥാനത്ത് ഒരു പൂവായി മാറിയിരിക്കുന്നു. ഇത് തൊഴിൽ സാധ്യതക്ക് ഭംഗം വരികയും വരുമാനം കുറയുവാൻ ഇടയാക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയമായ കാഴ്ചപ്പാടോടുകൂടി പ്രവർത്തിച്ചാൽ കാർഷിക രംഗം വികസിപ്പിക്കാവുന്നതേയുള്ളു. നെല്ലും നാളികേരവുമാണ് മുഖ്യ വരുമാന വിളകൾ.

പഞ്ചായത്തിൽ കെട്ടിടങ്ങളുടെ വളർച്ച നിരക്ക് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഓലകെട്ടിടങ്ങളുടേയും ഓടിട്ട കെട്ടിടങ്ങളുടേയും എണ്ണം കുറയുകയും കോൺക്രീറ്റു കെട്ടിടങ്ങളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നു. എന്നാൽ ആനുപാതികമായ വളർച്ച കെട്ടിട നികുതിയിനത്തിൽ ഉണ്ടായിക്കാണുന്നില്ല. ഇതിൽനിന്നും നികുതി വെട്ടിപ്പ് നടക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ലൈസൻസ് ഫീസിന്റെ കാര്യത്തിലും കാലോചിതമായ വർദ്ധനവ് വരുത്തേണ്ടതുണ്ട്.

## *ലൈസൻസ് ഫീസ് 95– 96*

| വ്യാപാരം വ്യവയസായം | ഹോട്ടൽ | സാധാരണകടകൾ | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
|---|---|---|---|---|---|
| 8 | 6 | 157 | 189 | 360 | 21050 |

## പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ:-

ചാഴൂർ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളിൽ മുഖ്യമായും എടുത്തു പറയാവുന്നവ സഹകരണ സംഘങ്ങളാണ്. പഞ്ചായത്തിൽ മൂന്നു മേജർ സഹകരണ സംഘങ്ങളും അവയുടെ ബ്രാഞ്ചുകളുമുണ്ട്. വിവിധ സഹകരണ വായ്പാസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നിന്നൊന്നുംതന്നെ വായ്പയായി വലിയ തുകകൾ ജനങ്ങൾക്ക് ലഭിക്കാറില്ല. കിട്ടുന്ന വായ്പകൾ അലക്ഷ്യമായി ഉപയോഗിക്കുകയും അതുവഴി അടിസ്ഥാന ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയാതെ പോകുകയും ചെയ്യുന്നു. കാർഷിക മേഖലയിലാണ് പ്രധാനമായും വായ്പകൾ ലഭ്യമാകുന്നത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ടു ഷെഡ്യൂൾഡ് ബാങ്കിൽ പഞ്ചായത്തു പ്രദേശത്തുള്ള ജനങ്ങളുടേയും വിദേശങ്ങളിൽ ജോലി ചെയ്യുന്നവരുടേയും വൻ നിക്ഷേപം ഉണ്ടെങ്കിലും അവിടെനിന്ന് വായ്പകൾ അനുവദിക്കുകയോ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പണം നൽകുകയോ ചെയ്യുന്നില്ല. ഇതുമൂലം വിദേശത്തുനിന്നും വരുന്ന പണം പഞ്ചായത്തിനുള്ളിലുള്ള ജനങ്ങൾക്ക് ഉപയോഗപ്പെടാതെ പോകുന്നു.

പഞ്ചായത്തിൽ വികസനത്തിനാവശ്യമായ രീതിയിൽ പണം മുടക്കാൻ കഴിവുള്ള സ്വകാര്യവ്യക്തികൾ ധാരാളം ഉണ്ട്. എങ്കിലും അവരുടെ ശ്രദ്ധ വ്യവസായ സംരംഭങ്ങളിലേക്ക് ആകർഷിക്കുവാൻ സാധിച്ചിട്ടില്ല. വിദേശങ്ങളിൽ ജോലിയുള്ള ഭൂരിഭാഗം പേരും പണം മുടക്കുന്നത് ആഢംബരംപൂർണ്ണമായ കെട്ടിടങ്ങൾ പണിയുന്നതിനും ഭൂമി വാങ്ങുന്നതിനുമാണ്. ഇത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിലെ സാമ്പത്തിക സ്ഥിതിയെ നിയന്ത്രിക്കുന്നത് ഇവിടെ വ്യാപിച്ചു കിടക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളും, കൊള്ളപ്പലിശക്കു പണം കൊടുക്കുന്നവരുമാണ്. ഇരുപത്തഞ്ചോളം സ്വകാരംയ ധനകാര്യസ്ഥാപനങ്ങൾ ഇപ്പോൾ പഞ്ചായത്തിലുണ്ട്. ഇവയുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയാണ്. യാതൊരു രേഖകളും ആവശ്യമില്ലാതെ പണം കടം കൊടുക്കുന്ന എണ്ണമില്ലാത്ത "സഞ്ചാരി"കൾ ഈ പഞ്ചായത്തിലുണ്ട്. മനുഷ്യവിഭവത്തിന്റെ കാര്യത്തിലും മുരടിപ്പ് നിലനിൽക്കുന്നു. ജനസംഖ്യയിൽ തൊഴിലില്ലാത്തവർ വലിയൊരു ശതമാനമുണ്ടായിട്ടും ശാരീരികാദ്ധ്വാനത്തിന് വിമുഖത പ്രകടിപ്പിക്കുകയും അങ്ങനെ തൊഴിൽ രംഗം ശൂന്യമാകുകയും ചെയ്തിട്ടുണ്ട്. എല്ലാവരും പ്രത്യേകിച്ച് യുവാക്കൾ ഈ രംഗത്ത് അലസത ഉപേക്ഷിച്ച് കർമ്മോന്മുഖരാകേണ്ടതുണ്ട്.

## പ്രശ്നങ്ങൾ:-

1. വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ
2. വായ്പകളുടെ അലക്ഷ്യമായ ഉപയോഗം
3. നികുതി പിരിവിലേയും ചുമതലയിലേയും ക്രമക്കേടുകൾ
4. കോൺട്രാക്ടർമാരും മറ്റിടത്തട്ടുകാരും നിമിത്തം നഷ്ടമാകുന്ന പൊതു ധനം
5. ആഢംബര പൂർണ്ണമായ കെട്ടിടങ്ങൾക്കുവേണ്ടിയുള്ള ധനദുർവിനിയോഗം
6. സ്വകാര്യ മേഖലയിലുള്ള വ്യവസായ സംരംഭകരുടെ കുറവ്
7. ഗ്രാന്റുകളും മറ്റു സർക്കാർ സഹായങ്ങളും സമയത്തിനു ലഭ്യമല്ലാത്ത സ്ഥിതി.

## നിർദ്ദേശങ്ങൾ:-

1. പ്രൈമറി സഹകരണസംഘങ്ങൾ വഴിയുള്ള വായ്പകൾ കാർഷിക മേഖലകൾക്കൊപ്പം മറ്റു മേഖലകളിലും ലഭ്യമാക്കുക. ഷെഡ്യൂൾഡ് ബാങ്കിന്റെ നയത്തിൽ മാറ്റം വരുത്തുകയും വായ്പകൾ ലഭ്യമാക്കുകയും ചെയ്യുക. വ്യവസായ സംരഭകർക്കായി ദേശസാൽകൃത ബാങ്കിന്റെ ഒരു ശാഖ പഞ്ചായത്തിൽ സ്ഥാപിക്കുക. വായ്പകൾ തിരിച്ചടവു യഥാസമയം ഉണ്ടെന്നുറപ്പു വരുത്താൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

2. വായ്പകൾ കൊടുക്കുന്ന സ്ഥാപനം തന്നെ അത് കാര്യമായി ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കുക. വായ്പകളുടെ അലക്ഷ്യമായ ഉപയോഗത്തിന്നെതിരെ നടപടികൾ എടുക്കുക. യഥാർത്ഥ ആവശ്യക്കാരനു മാത്രം വായ്പ അനുവദിക്കുക.

3. നികുതി പിരിവ് കാര്യക്ഷമമാക്കുക. നികുതി ചുമത്തുന്നത് തികച്ചും നിഷ്പക്ഷവും നീതിപൂർവകവുമായിരിക്കുമെന്ന് ഉറപ്പുവരുത്തുക

4. പൊതുമരാമത്ത് പണികളിൽനിന്ന് കോൺട്രാക്ടർമാരെയും ഇടത്തട്ടുകാരേയും പൂർണ്ണമായും മാറ്റി നിർത്തുക. ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമസഭകൾ വഴി മാത്രം പൊതുമരാമത്ത് പണികൾ നടത്തുക

5. ആഢംബര പൂർണ്ണമായ കെട്ടിടങ്ങൾക്ക് സാധാരണ നിലയിൽനിന്ന് വളരെ ഉയർന്ന നിരക്കിലുള്ള നികുതി ചുമത്തുക.

6. വിദേശവരുമാനമുള്ളവരെ ചേർത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവസ്യമായ സെക്യൂരിറ്റിയും മറ്റു പ്രോത്സാഹനവും നൽകുക.


7. കാർഷിക വിഭവങ്ങൾ പഞ്ചായത്തുതലത്തിൽ ശേഖരിക്കുന്നതിന് സംഭരണശാലകളും അവയുടെ പൊതുവിതരണത്തിനുവേണ്ട പൊതുമാർക്കറ്റ് സ്ഥാപിക്കുകയും ചെയ്യുക.

8. പഞ്ചായത്തിലെ തൊഴിലില്ലാത്തതും എന്നാൽ അദ്ധ്വാനത്തിനു കഴിവുള്ളവരുമായ ആളുകളെ കണ്ടെത്തി വികസന പ്രവർത്തനങ്ങലിൽ പങ്കാളികളാക്കുകയും അവർക്ക് നടപ്പുള്ള വേതനം ലഭ്യമാക്കുകയും ചെയ്യുക.

9. പഞ്ചായത്തിൽ വാർഡുകൾതോറും 18 മുതൽ 35 വയസ്സുവരെ സ്ത്രീ ജനങ്ങളെ ഉൾപ്പെടുത്തി വനിതാ സംഘങ്ങൾ രൂപീകരിക്കുകയും അതുവഴി ഖാദി വ്യവസായങ്ങളും മറ്റു ചെറുകിട വ്യവസായങ്ങളും ആരംഭിക്കുകയും ചെയ്യുക.

10. പ്രത്യേക ആവശ്യങ്ങൾ മുൻനിർത്തിക്കൊണ്ട് പൊതുനിധി സ്വരൂപിക്കുകയും അതുപയോഗിച്ച് ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

11. മാനവവിഭവശേഷി ഊർജ്ജിതപ്പെടുത്താൻ പഞ്ചായത്ത് പ്രത്യേക പദ്ധതി കൊണ്ടുവരണം.


N
W
E
S
Ward-1
Ward-3
Ward-4
Ward-11
Ward-5
Ward-2
Ward-6
Ward-7
Ward-9
Ward-8
Ward-10

അധികാരം ജനങ്ങളിലേക്ക്

# വികസന രേഖ



## മണലൂർ ഗ്രാമപഞ്ചായത്ത്

## ഒമ്പതാം പദ്ധതി
## ജനകീയ പദ്ധതി

## 1996

## മണലൂർ ഗ്രാമപഞ്ചായത്ത്

# വികസനരേഖ

## ഉള്ളടക്കം


| | |
|---|---|
| ആമുഖം | 3 |
| ഇന്നലെകൾ | 6 |
| കൃഷിയും ജലസേചനവും | 25 |
| മൃഗസംരക്ഷണം | 32 |
| മത്സ്യബന്ധനം | 36 |
| വിദ്യാഭ്യാസം | 37 |
| കുടിവെള്ളം | 42 |
| പൊതുജനാരോഗ്യം | 44 |
| വ്യവസായം | 47 |
| ഗതാഗതം | 52 |
| ഊർജ്ജം | 58 |
| മാർക്കററ് | 61 |
| പാർപ്പിടം | 62 |
| സാമൂഹ്യക്ഷേമം | 67 |
| സംസ്കാരം | 73 |
| വനിത | 78 |
| സഹകരണം | 80 |
| പട്ടികജാതി | 84 |
| വിഭവസമാഹരണം | 86 |


225

# ആമുഖം

രണ്ട് നൂററാണ്ട് കാലത്തെസാമ്രാജ്യത്വവിരുദ്ധ, കോളനിവിരുദ്ധ സമരങ്ങളിൽ പങ്കെടുത്ത പാരമ്പര്യമുള്ള ജനതയാണ് നമ്മുടേത്.

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന് മനസ്സിലാക്കി ഇന്ത്യൻ ദേശീയ നേതൃത്വം സ്വാതന്ത്ര്യാനന്തരം 1951 ൽ ഒന്നാം പഞ്ചവത്സരപദ്ധതി ആവിഷ്കരിച്ചു.

കാർഷിക - വ്യവസായിക മേഖലകളിൽ ഉന്നത വളർച്ചാനിരക്ക് ലക്ഷ്യമിട്ടിരുന്നുവെങ്കിലും ഇവയൊന്നുംതന്നെ ഫലപ്രാപ്തിയിലെത്തിയില്ല. ഇതിനകം 8 പഞ്ചവത്സരപദ്ധതികൾ പൂർത്തിയാക്കുകയും രാജ്യത്തിന് നേട്ടങ്ങൾ കൈവരിക്കാനാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലക്ഷ്യമിട്ടിരുന്ന രീതിയിലുള്ള വളർച്ച നേടുകയുണ്ടായില്ല.

ആസൂത്രണത്തിൻെറയും നടത്തിപ്പിൻെറയും പിന്നിൽ ഇടനിലക്കാരുടെ സ്വാധീനം വർദ്ധിച്ചുവന്നു. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾക്ക് ജനസ്വാധീനം കുറവായിരുന്നു.

പുതിയ ഭരണഘടന ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരളം ഒരു പുത്തൻ മാതൃകയ്ക്ക് തയ്യാറെടുക്കുകയാണ്.

1993 ൽ മണലൂർ പഞ്ചായത്ത് അതിൻെറ വിഭവഭൂപടം തയ്യാറാക്കി. ജില്ലാ കൗൺസിൽ, ശാസ്ത്രസാഹിത്യ പരിഷത്ത്, വലപ്പാട് പോളിടെക്നിക്ക് എന്നിവരുടെ സംയുക്ത സംരംഭമായിട്ടാണ് ഇത് നടന്നത്.

നാലായിരം തൊഴിൽ ദിനങ്ങൾ, സന്നദ്ധ പ്രവർത്തനങ്ങളിലൂടെ സംഘടിപ്പിക്കപ്പെട്ട ഒരു മഹാസംരംഭമായിരുന്നു ഇത്. ഇതിനോടനുബന്ധിച്ചു നടത്തിയ സാമ്പത്തിക സാമൂഹ്യസർവ്വെ, ഫലപ്രദമായി വിശകലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ജനകീയാസൂത്രണ പരിപാടി നടപ്പാക്കുന്നതിന് ദ്വിതീയ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ടായിരുന്നു. 1-10-96 ൽ സാമൂഹ്യ പ്രവർത്തകരുടെ ഒരു യോഗം പഞ്ചായത്ത് വിളിച്ചു കൂട്ടുകയും വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു കമ്മിററി രൂപീകരിക്കുകയും ചെയ്തു. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കാനുള്ള വിശേഷാൽ ഗ്രാമസഭകളുടെ പഞ്ചായത്തുതല ഉദ്ഘാടനം 96 സെപ്തംബർ 21 ന് 6-ാം വാർഡിൽ നടന്നു. 13-10-96 നുള്ളിൽ 12 വാർഡിലേയും വിശേഷാൽ ഗ്രാമസഭ ചേരുകയുണ്ടായി. പഞ്ചായത്തിലെ ഗ്രാമസഭകളിൽ ആകെ 2316 പേർ പങ്കെടുത്തു. ഏററവും കൂടുതൽ പങ്കാളിത്തമുണ്ടായത് 375 പേർ പങ്കെടുത്ത 2-ാം വാർഡിലാണ്. നാട്ടറിവുകളുടെ ഒരു വിശാലമായ ചർച്ചാവേദികളായിരുന്നു ഗ്രാമസഭകൾ. ഓരോ ഗ്രാമസഭകളും നാലോ അഞ്ചോ ഗ്രൂപ്പുകളായാണ് ചർച്ചകൾ നടത്തിയത്. ഓരോ ഗ്രൂപ്പും അഞ്ചു പേരെ വീതം പഞ്ചായത്തു തല സെമിനാറിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്. 17-10-96 ൽ 1, 2, 3, 4 വാർഡുകളിലെ ഗ്രാമസഭ പ്രതിനിധികളെ കാഞ്ഞാണി സ്ററാർ ടാക്കീസിലും, 19-10-96 ൽ 5, 6, 7, 8 വാർഡുകളിലെ ഗ്രാമസഭ ഗ്രൂപ്പുപ്രതിനിധികളെ മണലൂർ ഗവർമെ ൻറ് ഹൈസ്ക്കൂളിലും, 21-10-96 ൽ 9, 10, 11, 12 വാർഡുകളിലെ ഗ്രാമസഭകളിലെ ഗ്രൂപ്പു പ്രതിനിധികളെ കണ്ടശ്ശാംകടവ് ഗവർമെൻറ് ഹൈസ്ക്കൂളിലും വിളിച്ചു ചേർത്തു റിപ്പോർട്ടിലെ പോരായ്മകൾ തീർത്തു. 21-10-96ൽ ഉച്ചതിരിഞ്ഞ് വിവിധ വിഭാഗങ്ങളിലെ വിദഗ്ദ്ധരെ വിളിച്ച് വരുത്തികൊണ്ട് പഞ്ചായത്ത് തല കോഡിനേഷൻ നടത്തി. ഇതിനുശേഷം - 50 പേരടങ്ങുന്ന പഞ്ചായത്തിലെ ഒരു വിദഗ്ദ്ധ സംഘത്തിൻെറ യോഗം നവംബർ 1 ന് കാരമുക്ക് പള്ളി സ്ക്കൂളിൽ വിളിച്ചു ചേർക്കുകയും ഇതിൽ നിന്ന് 14 ഗ്രൂപ്പുകൾ തെരഞ്ഞെടുക്കുകയും ചെയ്തു. ഓരോ ഗ്രൂപ്പി



225

നും ഓരോ വിഷയങ്ങൾ തീരുമാനിച്ചുകൊണ്ട് ഗ്രൂപ്പ് ലീഡർമാരെ തെരഞ്ഞെടുക്കുകയും, പഞ്ചായത്ത് ഗ്രാമസഭാ അവലോകനം, ഒന്നാം കൈപുസ്തകം, മാർഗ്ഗരേഖ ഇവയടങ്ങുന്ന ഫയലുകൾ ഏല്പിക്കുകയും ചെയ്തു. വികസനരേഖ തയ്യാറാക്കാൻ മുഖ്യ ചുമതലക്കാരായി താഴെപറയുന്നവരെ തെരഞ്ഞെടുത്തു.

| | | |
|---|---|---|
| 1. മഹാദേവൻ പി. കെ. | : | കൃഷി, ജലസേചനം, |
| 2. രാമകൃഷ്ണൻ കെ. വി. | : | മൃഗസംരക്ഷണം, മത്സ്യം |
| 3. അരവിന്ദാക്ഷൻ പി. ജി. | : | വിദ്യാഭ്യാസം |
| 4. ഷണ്മുഖൻ എം. കെ. | : | പൊതുജനാരോഗ്യം |
| 5. ഷണ്മുഖൻ സി. കെ. | : | കുടിവെള്ളം |
| 6. ടി. കെ. രാമചന്ദ്രൻ | : | വ്യവസായം |
| 7. വി. കെ. രവി | : | ഗതാഗതം |
| 8. സി. എൻ. വിശ്വനാഥൻ | : | ഊർജ്ജം |
| 9. രാജൻ കൂനത്ത് | : | പാർപ്പിടം |
| 10. വിശ്വംഭരൻ പി. എ. | : | വനിത, സാമൂഹ്യക്ഷേമം |
| 11. വാസു കെ. ആർ. | : | സംസ്കാരം |
| 12. മനോജ് കെ. ഡി. | : | പട്ടിക ജാതി |
| 13. കോഡിനേഷൻ കമ്മിററി | : | വിഭവ സമാഹരണം |
| 14. നന്ദൻ കൊട്ടാരത്ത് | : | ചരിത്രം |

3-11-96 ൽ പഞ്ചായത്ത് പ്രസിഡണ്ടിൻെറ നേതൃത്വത്തിൽ രണ്ടാം വാർഡ് അമ്പലക്കാട് മുതൽ പാലാഴി ചീപ്പു വരെ പഠനപര്യടനം നടത്തുകയുണ്ടായി.

ഗ്രൂപ്പു ലീഡർമാരുടെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട റിപ്പോർട്ട് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി. കെ. കൃഷ്ണൻ മെമ്പർമാരായ ശ്രീ. പി. പരമേശ്വരൻ, ശ്രീ. സി. ആർ. ഗിരിജാവല്ലഭൻ, ശ്രീ. കെ. ടി. ഗോപാലകൃഷ്ണൻ. കൂടാതെ ശ്രീ. കെ. കെ. വസന്തകുമാർ, ശ്രീ. ടി. വി. ബാലകൃഷ്ണൻ, ശ്രീ. സി. എൻ. വിശ്വനാഥൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ പുനക്രമീകരണം നടത്തി. 18-11-96 ലെ പഞ്ചായത്ത് കമ്മിററി അംഗീകരിച്ച ഈ കരട് രേഖ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും അംഗീകാരത്തിനും വിലയിരുത്തലിനും, ഭേദഗതിക്കുമായി സവിനയം സമർപ്പിക്കുന്നു.

## പൊതു സ്ഥിതി

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | മണലൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കാരമുക്ക്, മണലൂർ |
| ജില്ലാ ഡിവിഷൻ | : | അന്തിക്കാട് |
| അസംബ്ലി | : | മണലൂർ |
| താലൂക്ക് | : | തൃശൂർ |
| ജില്ല | : | തൃശൂർ |
| വിസ്തീർണ്ണം | : | 18.22 sqkms(1822 ഹെക്ടർ) |

## പഞ്ചായത്തിൻെറ അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | ഏനാമാവ് കായൽ |
| തെക്ക് | : | പാന്തോട് - അന്തിക്കാട് പഞ്ചായത്ത് |



226

| | | |
|---|---|---|
| കിഴക്ക് | : | പെരുമ്പുഴ |
| പടിഞ്ഞാറ് | : | കാനോലികനാൽ |

## മററു വിവരങ്ങൾ

| | | |
|---|---|---|
| ആകെ ജനസംഖ്യ | : | 31230 (91 സെൻസസ്) |
| പുരുഷൻ | : | 15003 |
| സ്ത്രീ | : | 16227 |

| | | |
|---|---|---|
| പട്ടിക ജാതി | : | 3852 |
| പുരുഷൻ | : | 1889 |
| സ്ത്രീ | : | 1963 |

| | | |
|---|---|---|
| ജനസാന്ദ്രത | : | 1714 |
| ജനന നിരക്ക് | : | 13.6 |
| മൊത്തം വീടുകൾ | : | 5954 (91 സെൻസസ്)) |
| | | 6820 (96) |
| ശരാശരി വീടൊന്നിന് ആളുകൾ | : | 5.2 |
| ആകെ വാർഡുകൾ | : | 12 |
| വനിതാ വാർഡുകൾ | : | 4 (II, IV, X, XII) |
| പട്ടിക ജാതി വാർഡ് | : | 1 (V) |

## ഭരണസമിതി

| | | |
|---|---|---|
| പി. കെ. കൃഷ്ണൻ | : | പ്രസിഡണ്ട് |
| പത്മിനി സത്യൻ | : | വൈസ് പ്രസിഡണ്ട് |
| പി. പരമേശ്വരൻ | : | സ്ററാൻറിങ്ങ് കമ്മിററി ചെയർമാൻ |
| കെ. ടി. ഗോപാലകൃഷ്ണൻ | : | സ്ററാൻറിങ്ങ് കമ്മിററി അംഗം |
| എം. ആർ. മോഹനൻ | : | ,, |
| വേണു പാലയ്ക്കൽ | : | ,, |
| ചിന്നമണി ലോനപ്പൻ | : | ,, |
| സി. ആർ. ഗിരിജാവല്ലഭൻ | : | അംഗം |
| കെ. കെ. പ്രകാശൻ | : | ,, |
| കമലാക്ഷി ദാമോദരൻ | : | ,, |
| കെ. കെ. ബാബു | : | ,, |
| സെലീന ടീച്ചർ | : | ,, |
| എ. ബി. രവീന്ദ്രൻ | : | പഞ്ചായത്ത് സെക്രട്ടറി |



227

# മണലൂരിൻെറ ഇന്നലെകൾ

മലകളും കാടും ജലാശയങ്ങളും നിറഞ്ഞ കടൽ തീരപ്രദേശമായിരുന്നു ഇവിടം. പ്രകൃതിക്ഷോഭത്തിൻെറ നിരന്തര കാല പ്രവാഹത്താൽ മണൽത്തുരുത്തുകളായി മാറിയ ഈ ഭൂപ്രദേശത്ത് ജനവാസ കേന്ദ്രങ്ങൾ ഉടലെടുത്തു. മീൻ പിടിച്ചും വേട്ടയാടിയും ജീവിച്ചു പോന്ന സമൂഹങ്ങളും കച്ചവടവും തൊഴിലുകളുമായി വന്ന വരത്തൻ സമൂഹങ്ങളും പരസ്പരം ഇടകലർന്ന് വളർന്നു വന്ന ഒരു സങ്കലിത ജനവർഗ്ഗം ഇവിടെ നിലവിൽ വന്നു.

ലളിതമായ കാർഷിക സംസ്കൃതിയിലൂടെ ഉയർന്നുവന്ന ഈ നാട്ടിലെ പ്രധാന കൃഷി നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ മററു പച്ചക്കറികൾ തുടങ്ങിയവയാണ്. ഗണ്യമായ കാലിസമ്പത്തും മത്സ്യസമ്പത്തും ഇവിടെ നിലനിന്നിരുന്നു. പ്രകൃതി ക്ഷോഭങ്ങൾ മലകളിലെ മണ്ണിടിയൽ, ജലാശയം നികത്തൽ, മലവെള്ളപാച്ചിൽ എന്നിവയാൽ പ്രകൃതി ഘടനയിൽ ഉണ്ടായ മാററം നിമിത്തം ചില പ്രദേശങ്ങൾ ചതുപ്പു നിലങ്ങളായും മററു പ്രദേശങ്ങൾ തുരുത്തുകളായും രൂപാന്തരപ്പെട്ടു. ഇതിൽ മണൽ അടിഞ്ഞുകൂടിയ ഊര് മണലൂരായി കണക്കാക്കുന്നു. ഭരണകൂടങ്ങളുടെ രൂക്ഷമായ ഇടപെടലുകളോ, പടയോട്ടങ്ങളോ, വലിയ സാമൂഹ്യ സംഘർഷങ്ങളോ ഇവിടെ നടന്നിരിക്കാൻ ഇടയില്ല. അതുകൊണ്ട് തന്നെ സമാധാന കാംക്ഷികളായ ഒരു പ്രതല ജീവിവർഗ്ഗമായി ഇവിടത്തെ ജനസമൂഹം.

ഭൂമിശാസ്ത്രപരമായി മണലൂർ പഞ്ചായത്ത് പ്രദേശം കൊച്ചിരാജ്യത്തിൻെറ ഭാഗമായിരുന്നു. കൊല്ലവർഷം 1084 ൽ നടന്ന സർവ്വെ സെററിൽമെൻറിൽ 'ഏനാമാക്കൽ പ്രവൃത്തി' യെ മണലൂർ, കാരമുക്ക്, അന്തിക്കാട്, പടിയം വില്ലേജുകളായി വിഭജിച്ചു. ഇതിൽ മണലൂർ, കാരുക്ക്, വില്ലേജുകൾ ഉൾപ്പെടുന്ന പ്രദേശമാണ് പിന്നീട് മണലൂർ പഞ്ചായത്തായി രൂപപ്പെട്ടത്. കൊച്ചി രാജ്യത്തിൻെറ അതിർത്തിയായി വരുന്ന ഈ പ്രദേശം എന്നും തന്ത്രപ്രധാനമായ മേഖലയായിരുന്നു.

കഴിഞ്ഞ നൂററാണ്ടിൻെറ ആദ്യ ഭാഗത്തിൽ ഗതാഗത മാർഗ്ഗങ്ങളായി നാട്ടുപാതകളും, വയൽ വരമ്പുകളും, വെട്ടുവഴികളും മാത്രമുണ്ടായിരുന്ന പ്രദേശമായിരുന്നു മണലൂർ. എടുത്തു പറയാവുന്ന റോഡുകൾ ഏനാമാക്കൽ പ്രവൃത്തിയിൽ ഇല്ലായിരുന്നു. സഞ്ചാരം മുഖ്യമായും ജലമാർഗ്ഗമായിരുന്നു. പുഴയും, കായലും, തോടുകളും എല്ലാ ഭാഗത്തും വ്യാപിച്ച് കിടക്കുന്നതിനാൽ ജലഗതതാഗതത്തിന് സൗകര്യമുണ്ടായിരുന്നു. (ward and Conner Vol. 2)

പടിഞ്ഞാറ് കാനോലി കനാൽ, വടക്ക് ബ്രിട്ടീഷ് മലബാറിലെ പൊന്നാനി താലൂക്കിലെ വെങ്കിടങ്ങ് ദേശം, കിഴക്ക് കായലും, തെക്ക് ഏനാമാക്കൽ പ്രവൃത്തിയിലെ അടുത്ത ദേശങ്ങളുമായിരുന്നു അതിരുകൾ.

കേരളത്തിൻെറ ഇതരഭാഗങ്ങളിൽ നിലനിന്നിരുന്ന അധികാര ഘടന തന്നെയാണ് ഇവിടെയും നിലനിന്നത്. അധികാര ഘടനയിൽ നമ്പൂതിരിമാരായിരുന്നു ഏററവും ഉയർന്നവർ. നമ്പൂതിരിമാരുടെ 'ജന്മം' അല്ലാത്ത വസ്തുവകകൾ (ഭൂമി) ഇവിടെ അപൂർവ്വമായിരുന്നു. അക്കാലത്തെ കാരമുക്ക്, മണലൂർ വില്ലേജുകളിലെ പ്രധാന ജന്മികൾ കല്ലേരി മന, വടക്കേടത്ത് മന, പഴങ്ങാംപറമ്പ് മന, മങ്കോർ മന, ചെങ്ങഴി നെല്ലൂർ മന, താമരപ്പിള്ളി മന, പച്ചാമ്പിള്ളി മന, വെള്ളോര് വൈക്കത്ത് മന, നടുവിലെ മഠം, മണലൂർ അയ്യപ്പൻകാവ് ദേവസ്വം, തൃക്കുന്നത്ത് ദേവസ്വം, എടത്തറ ദേവസ്വം തുടങ്ങിയവയായിരുന്നുവെന്ന് സർവ്വെ സെററിൽമെൻറ് റജിസ്ട്രറിൽ കാണുന്നു.

പ്രമാണികളായിരുന്ന നായർ കുടുംബക്കാർക്കും പലവിധ അധികാര അവകാശങ്ങളുണ്ടായിരുന്നു. എന്നാൽ നായർ കുടുംബങ്ങളുടേയും മററുള്ളവരുടേയും കുടിയിരിപ്പുകൾ ഏതെങ്കിലും ഒരു മനയുടെ 'ജന്മമോ', വെറും പാട്ടമോ,' 'കാണമോ' ആയിരുന്നു. 'ദേശ'ക്കാരിൽ നായന്മാരായിരുന്നു കൂടുതൽ. ക്ഷേത്രങ്ങളുടെ സമുദായം എന്ന കൈകാര്യ കർത്തൃത്വ അവകാശം കയ്യടക്കി വെച്ചിരുന്നത് എന്നാൽ നമ്പൂതിരിമാരായിരുന്നു. എന്നാൽ ഊരായ്മ ക്ഷേത്രങ്ങളുടെ കൈകാര്യ

കർതൃത്ത്വം ഊരാളന്മാരായ നായർ കുടുംബക്കാർക്കായിരുന്നു. ജന്മിത്തം അതിൻെറ ഏററവും ഉയർന്ന രൂപം ഇക്കാലത്ത് കൈവരിച്ചു. ദേശാധിപത്യം 'കൈമൾമാർ' കയ്യാളിയിരുന്നു. വെള്ളായ്മത്വം മാറിയതിൻെറ അടിസ്ഥാനത്തിൽ കൈമൾമാരും നമ്പൂതിരിമാരും ദേശക്കെട്ടിൽ ഉൾപ്പെട്ടു.

ദേശത്ത് ആശാരി, മൂശാരി, കരുവാൻ, തട്ടാൻ, കൊല്ലൻ, വേലൻ, മണ്ണാൻ എന്നീ വിഭാഗക്കാർ വിവിധ ജോലികൾക്കായി നിയോഗിക്കപ്പെട്ടിരുന്നു.

ആശാരിമാർ തച്ചുശാസ്ത്രവിദഗ്ദരും, ഗൃഹനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നവരുമാണ്. മൂശാരിമാർ ഓട്ടു പാത്രനിർമ്മാണവും, ഇരുമ്പുപണി കരുവാന്മാരും ചെയ്തുവന്നു. പ്രധാനമായും കാർഷിക ഉപകരണങ്ങൾ നിർമ്മിക്കുവാനുള്ള ഉത്തരവാദിത്ത്വം കരുവാൻേറതായിരുന്നു. സ്വർണ്ണാഭരണ നിർമ്മാണമാണ് തട്ടാന്മാർ നടത്തിയിരുന്നത്.

അവർണ്ണരെ ദേശക്കെട്ടിൽ നിന്നും ഒഴിച്ചുനിർത്തിയിരുന്നു. ഈഴവരും, പുലയാദി സമുദായക്കാരുമായിരുന്നു അവർണ്ണ വിഭാഗക്കാർ. ഇവർ കൃഷി പണിയിലാണ് പ്രധാനമായും ഏർപ്പെട്ടിരുന്നത്. പ്രധാനമായും കൈമാററ വ്യവസ്ഥിതി (barter system) യിൽ കൂടെയായിരുന്നു വ്യാപാര വിനിമയങ്ങൾ നടത്തിയിരുന്നത്. ഈ ഘടനയ്ക്കകത്ത് വ്യാപാരം മാത്രം തൊഴിലാക്കിയിരുന്ന ഒരു സമൂഹം ഉണ്ടായിരുന്നില്ല. നെല്ല്, തെങ്ങ് എന്നിവ സമൃദ്ധമായി കൃഷി ചെയ്തുവന്നു. വയലേലകളിൽ വെള്ളം കെട്ടി നിറുത്തി കൃഷിക്ക് ജലസേചനം നടത്തിയിരുന്നു. ജലസേചനത്തിന് ചക്രങ്ങളാണ് ഉപയോഗിച്ചിരുന്നത്. പഞ്ചായത്തിൻെറ വടക്കേ അതിർത്തിയിൽ ഓലയും, മണ്ണും, മുളകളും ഉപയോഗിച്ച് വലിയ ഒരു 'കെട്ട്' ഉണ്ടാക്കിയിരുന്നു. കോൾനിലങ്ങളിൽ പുഴയിൽ നിന്നും 'പുളി' കടക്കുന്നത് തടയുകയായിരുന്നു ഇതിൻെറ ആവശ്യം.

നാളികേരം ആട്ടി എണ്ണയെടുക്കുന്നതിന് പരമ്പരാഗതമായ ആട്ടുചക്കുകൾ ഉണ്ടായിരുന്നു. കാളകളേയും പോത്തുകളേയും ഇതിനായി ഉപയോഗിച്ചിരുന്നു.

പാലാഴി, മണലൂർ, മാമ്പിള്ളി, കരിക്കൊടി പുഴയോര പ്രദേശങ്ങളിൽ ചകിരി ചീയ്ക്കലും, ചകിരി തല്ലി നാര് നിർമ്മിക്കലും ഉണ്ടായിരുന്നു. ചകിരിനാര് ഉപയോഗിച്ച് കൈകൊണ്ടാണ് കയർ പിരിച്ചിരുന്നത്. മണലൂരിലെ വിവിധ പ്രദേശങ്ങളിൽ തുണിനെയ്ത്ത് നിലനിന്നിരുന്നു. സ്ത്രീകളാണ് കൈകൊണ്ട് നൂല് നൂററ് വസ്ത്രങ്ങൾ നിർമ്മിച്ചിരുന്നത്.

പഞ്ചായത്തിൻെറ ചില സ്ഥലങ്ങളിൽ ഉള്ള പ്രത്യേക അനുഷ്ഠാനങ്ങളും സ്ഥലനാമങ്ങളും കൂടുതൽ ചരിത്രാന്വേഷണത്തിന് പ്രേരകമാകുന്നു. പുല-ത്തറകടവ്, എട-ത്തറ സ്ഥലനാമത്തിലെ പ്രത്യേകതകൾ പുതിയ അന്വേഷണ അവബോധം സൃഷ്ടിക്കാൻ കഴിയുന്നവയാണ്. മണലൂർ സത്രത്തിനടുത്ത് സ്ഥിതി ചെയ്യുന്ന ഉറുമ്പിൻ തേവർ 'ക്ഷേത്രവും, പ്രത്യേകതകൾ ഉള്ളതുതന്നെ.

ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിൽ തന്നെ കണ്ടശ്ശാംകടവ് പ്രധാനപ്പെട്ട വ്യാപര കേന്ദ്രമായി വളർന്നിരുന്നു. കെട്ടുവള്ളങ്ങളിൽ കയററി ചകിരി കൊച്ചിയിലേക്കും, ആലപ്പുഴയിലേക്കും കൊണ്ടുപോയിരുന്നു. മൺപാത്രങ്ങൾ വള്ളങ്ങളിൽ കയററി കോഴിക്കോട്, തിരൂർ മേഖലയിലേക്കും അയച്ചിരുന്നു. മത്സ്യബന്ധനത്തിലും, വ്യപാരാവശ്യങ്ങൾക്കും പ്രധാനമായി വള്ളങ്ങളാണ് ഉപയോഗിച്ചിരുന്നത്.

ഈ നൂററാണ്ടിൻെറ ആദ്യദശകങ്ങളിൽ മണലൂർ ഗ്രാമം വിവിധ ജാതി വിഭാഗങ്ങളായി പിരിഞ്ഞിരുന്നു. അവർണ്ണ സവർണ്ണ വ്യത്യാസം വളരെ പ്രകടമായിരുന്നു. ഈഴവരും പുലയാദി ചെറുമക്കളുംതീണ്ടൽക്കാരായിരുന്നു. പള്ളിക്കൂടങ്ങളിൽ ഇവരുടെ കുട്ടികൾക്ക് പ്രവേശനമില്ലായിരുന്നു.

മററു മാർഗ്ഗങ്ങളിലൂടെ വിദ്യാഭ്യാസം നേടിയിരുന്നവർക്കുപോലും സർക്കാർ ജോലികൾ നിഷിദ്ധമായിരുന്നു. പൊതുവഴികളിൽ കൂടെ സഞ്ചാരസ്വാതന്ത്ര്യം അവർണ്ണർക്ക് നിഷേധിച്ചിരുന്നു. അവർണ്ണരിൽ മുൻതൂക്കം ഈഴവർക്കായിരുന്നു. കള്ളുചെത്തും, താവരം വാററും, കൊപ്രയാട്ടലും, കയറുപിരിയും, മററു കാർഷികപണിയുമായിരുന്നു ഇവരുടെ പ്രധാന തൊഴിലുകൾ.

പോർച്ചുഗീസ് വരവിന് മുമ്പുതന്നെ കൊച്ചിയിൽ ക്രിസ്തുമതം എത്തിയിരുന്നു. മഹോദയ പു



229

രത്തിൻെറ തകർച്ചയ്ക്കുശേഷം കച്ചവട്ടത്തിലേർപ്പെട്ടുവന്ന സിറിയൻ ക്രിസ്ത്യൻ സമൂഹം വിവിധപ്രദേശങ്ങളിലേക്ക് കുടിയേറിപ്പാർത്തു. ചേററുവായിൽ മഹോദയപുരത്തിൻെറ ശാഖാനഗരങ്ങളിലൊന്നായ 'കേയീകുള'ങ്ങര നിന്നും വടക്കേത്തല, കുരുതുകുളങ്ങര എന്നീ രണ്ട് ക്രിസ്ത്യൻ സ്ത്യൻ കുടുംബങ്ങൾ കണ്ടശ്ശാങ്കടവിൽ എത്തിയതായി ചരിത്രരേഖകളിൽ കാണുന്നു. ഉദ്ദേശം മൂന്നു നൂററാണ്ടുകൾക്കുമുമ്പാണ് ഈ കുടിയേററം നടന്നതെന്ന് കരുതപ്പെടുന്നു. ഊരകത്ത് നമ്പൂതിരിയുടെ ഒത്താശയോടെ ഏനാമാക്കൽ പ്രവൃത്തിയിൽ കണ്ടശ്ശാങ്കടവിന് സമീപം ഒരു പറമ്പ് ഇവർ സ്വന്തമാക്കിയതായി കാണുന്നു. ഇക്കാലത്ത് കണ്ടശ്ശാങ്കടവ് പുഴയുടെ കിഴക്കു തീരത്ത് ഒരു 'നായാടി' സമൂഹം ജീവിച്ചിരുന്നതായി പറയപ്പെടുന്നു. മതപരിവർത്തനങ്ങളെകുറിക്കുന്ന വിശദവിവരങ്ങൾ ലഭ്യമല്ല. പിൽക്കാലങ്ങളിൽ ജാതി ശ്രേണിക്കകത്ത് കൃസ്ത്യൻ സമൂഹത്തെ ശുദ്ധസമൂഹമായി ഗണിയ്ക്കപ്പെട്ടു പോന്നു. ക്രിസ്തുമത വിശ്വാസികൾക്ക് അയിത്തം കല്പിയ്ക്കപ്പെട്ടിരുന്നില്ല.

വിദ്യാഭ്യാസം സാമൂഹ്യപുരോഗതിക്ക് മുന്നുപാധിയാണ് എന്ന കാഴ്ചപ്പാടുണ്ടായിരുന്ന അപൂർവം ചില വ്യക്തികളുടെ പ്രവർത്തനം ഇവിടെ ശ്രദ്ധാർഹമായിട്ടുണ്ട്. പാരമ്പര്യമായി ഇവിടെ 'എഴുത്തു പള്ളികൾ' പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്നതായി കാണുന്നു. 1906 ന് മുമ്പ് കണ്ടശ്ശാങ്കടവ് ചന്ത സ്ഥിതി ചെയ്തിരുന്ന ഓലമേഞ്ഞ കെട്ടിടത്തിൽ ബഹുഭാഷപണ്ഡിതനായ ശ്രീ മുണ്ടശ്ശേരി പൊറിഞ്ചു ആശാൻ ഒരു പള്ളിക്കൂടം നടത്തിയിരുന്നു. ഇദ്ദേഹത്തിന് തമിഴ്, മലയാളം, ഹിന്ദി, സംസ്കൃതം ഭാഷകളിൽ പാണ്ഡിത്യമുണ്ടായിരുന്നു. ഈ സ്കൂളിൽ ജാതിഭേദമില്ലാതെ കുട്ടികൾക്ക് അക്ഷരവിദ്യ പഠിപ്പിച്ചിരുന്നു. കണ്ടശ്ശാംകടവിലെ പൗരപ്രമാണിമാരായിരുന്ന വടക്കേത്തല പൂവ്വത്തിങ്കിൽ ദേവസ്സിസുവിത്, വടക്കേത്തല തോട്ടുങ്ങൽ ചാക്കു കുഞ്ഞിപ്പാലു എന്നിവരുടെ നേതൃത്വത്തിൽ കണ്ടശ്ശാങ്കടവിൽ ഒരു സ്കൂളിനുവേണ്ടിയുള്ള ശ്രമം നടന്നു. കുറി നടത്തിക്കിട്ടിയ ലാഭസംഖ്യയാണ് ഇതിനു വേണ്ടി അവർ നീക്കിവച്ചത്.

1906 - ൽ സെൻറ് ജോസഫ് സ്ക്കൂൾ എന്ന പേരിൽ ഒരു എൽ. പി. സ്ക്കൂൾ അങ്ങിനെ പ്രവർത്തനമാരംഭിച്ചു. ഈ പാഠശാല യു. പി. തലത്തിലേക് വളരുകയും, പിന്നീട് പൊതുനന്മയെ ലാക്കാക്കി സർക്കാരിലേക്ക് ദാനം ചെയ്യുകയും ചെയ്തു. 1919 -ൽ ഈ സ്ക്കൂൾ ഒരു ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. ശതാബ്ദി ആഘോഷിച്ച മണലൂർ സെൻറ് ഇഗ്നേഷ്യസ് സ്ക്കൂൾ, കർമ്മലീത്ത കന്യാസ്ത്രീകളുടെ സേക്രട്ട് ഹാർട്ട് മേരീസ് കോൺവെൻറ് ഹൈസ്ക്കൂൾ, 1914 -ൽ സ്ഥാപിതമായ മണലൂർ ഹൈസ്ക്കൂൾ, (ഇത് മണലൂരിലെ തോപ്പിൽ തറവാട്ടുകാർ സർക്കാരിലേക്ക് ദാനം ചെയ്തതാണ്) കാരമുക്ക് ശ്രീചിദംബര ക്ഷേത്രത്തോട് അനുബന്ധമായി ഉണ്ടാക്കിയ സ്ക്കൂൾ തുടങ്ങിയവ മണലൂരിൻെറ വിദ്യാഭ്യാസ രംഗത്ത് ഉന്നതി ഉണ്ടാക്കുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ക്രിസ്ത്യൻ സമൂഹം തങ്ങളുടെ മിഷ്യനറി പ്രവർത്തനത്തിൻെറ ഭാഗമായി തന്നെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു. മണലൂരിൽ പഞ്ചായത്തിലെ ക്രൈസ്തവദേവലയങ്ങളോട് അനുബന്ധമായി നിരവധി സ്ക്കൂളുകൾ സ്ഥാപിക്കപ്പെട്ടു. മണലൂരിലെ വിദ്യാഭ്യാസപുരോഗതിക്ക് ക്രിസ്ത്യൻ സമുദായത്തിൻെറ സംഭാവന എക്കാലത്തും വിലമതിക്കുന്നതാണ്. ഈ നൂററാണ്ടിൻെറ ആരംഭത്തിൽ തന്നെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ക്രിസ്ത്യൻ, ഹൈന്ദവ ദേവാലയങ്ങൾ സ്ഥാപിയ്ക്കപ്പെട്ടു.

സവർണ്ണരുടെ ആധിപത്യത്തിൻ കീഴിലായിരുന്ന ഹൈന്ദവ ദേവാലയങ്ങൾ കേന്ദ്രീകരിച്ച്, - കഥകളി, കർണ്ണാടക സംഗീതം, കൂടിയാട്ടം പാഠകം, കൂത്ത് തുടങ്ങിയ ക്ലാസിക് കലകൾ സംഘടിപ്പിച്ചിരുന്നു.

നവോത്ഥാന പ്രസ്ഥാനത്തിൻെറ ആചാര്യനായ ശ്രീനാരായണ ഗുരു നേതൃത്വം നൽകി വളർത്തിയെടുത്ത ശ്രീനാരായണ പ്രസ്ഥാനം മണലൂരിൻെറ ചരിത്രത്തിലെ സാമൂഹ്യ സാംസ്കാരിക മാററത്തിന് തിരികൊളുത്തി. അയിത്താചരണം കൊടുംപിരികൊണ്ടിരുന്ന അക്കാലത്ത് 'സംഘടിച്ചു ശക്തരാകുക, വിദ്യകൊണ്ട് പ്രബുദ്ധരാകുക' തുടങ്ങിയ ഗുരു സന്ദേശങ്ങളുടെ ഇവിടത്തെ പ്രയോക്താവായിരുന്നു ശ്രീ ചക്കാമഠത്തിൽ കുഞ്ഞയ്യപ്പൻ. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ അധ:

കൃത കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി നടത്തിയ ശ്രമങ്ങളും, കാഞ്ഞാണി ചന്ത, പരസ്പര സഹായ സംഘം, വ്യാപാര വ്യവസായ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ചതും എടുത്തു പറയേണ്ടവയാണ്.

1930 കളോടെ തന്നെ മണലൂരിൽ ആധുനിക വ്യവസായ വല്ക്കരണ ശ്രമങ്ങൾ നടന്നിട്ടുണ്ട്. കൊപ്രയാട്ടുന്നതിന് പുതിയ യന്ത്രചക്കുകൾ ഉപയോഗിച്ച് വ്യവസായസ്ഥാപനങ്ങൾ കണ്ടശ്ശാങ്കടവിലും മണലൂരിലും സ്ഥാപിയ്ക്കപ്പെട്ടു. ബാങ്കിംഗ് സംവിധാനങ്ങളും രൂപപ്പെടുത്തിയിരുന്നു. പ്രധാനമായും ഇത്തരം പ്രവർത്തനങ്ങളിൽ ക്രിസ്ത്യൻ സമൂഹമാണ് ഇടപെട്ടു വന്നത്. കണ്ടശ്ശാങ്കടവിൽ നിന്നും തൃശൂരിലേക്ക് ആദ്യമായി ഒരു ബസ് സർവ്വീസും ഇക്കാലത്ത് ആരംഭിച്ചു. കൽക്കരി ഉപയോഗിച്ചാണ് അക്കാലത്ത് ബസ് പ്രവർത്തിച്ചിരുന്നത്.

കൊച്ചിരാജ്യത്ത് ആദ്യമായി സഹകരണ വകുപ്പിന് നിയമനിർമ്മാണം നടക്കുന്നത് 1913 കാലത്താണ്. മലയാളവർഷം 1088 ലെ 4-ാം റഗുലേഷൻ ആക്ട് 11-ാം വകുപ്പ് പ്രകാരം കാരമുക്ക് ഈഴവ പരസ്പര സഹായസംഘത്തിന് ശ്രീ. സി. വി. കുഞ്ഞയ്യപ്പൻ തുടങ്ങി 10 പേരുടെ അപേക്ഷകളിൽ രജിസ്ട്രേഷൻ നൽകി. 1091 തുലാം 15-ന് സംഘം നിലവിൽ വരികയും വൃശ്ചികം 24 വ്യാഴാഴ്ച മുതൽ സംഘം പ്രവർത്തനമാരംഭിക്കുകയും ചെയ്തു. 1950 -ൽ ജാതി സംഘങ്ങൾക്ക് വിലക്ക് കല്പിക്കുന്ന സർക്കാർ നയം വന്നതോടെ സംഘത്തിൻെറ ഈഴവ വിശേഷണം എടുത്തുകളയുകയും തുടർന്ന് 23-4-1961 - മുതൽ 16-ാം നമ്പർ കാരമുക്ക് പരസ്പര സഹായ സഹകരണ സംഘമായി ഇത് പ്രവർത്തനം തുടരുകയും ചെയ്തു.

ഇക്കാലത്തുതന്നെ കാരമുക്ക് കേന്ദ്രീകരിച്ച് 78-ാം നമ്പർ സഹകരണ സംഘം രൂപംകൊണ്ടിരുന്നു. പള്ള്യാനി കൊച്ചുണ്ണി കൈമൾ, കോടങ്കണ്ടത്ത് കൊച്ചാപ്പു മാസ്ററർ തുടങ്ങിയവർ ആണ് ഇതിനു നേതൃത്വം നല്കിയത്. 16-ാം നമ്പർ സഹകരണ സംഘത്തിൻെറ ജാതി ചേർത്ത പേരിനെതിരെ ഉണ്ടായ സ്വാഭാവിക പ്രതികരണമായിരുന്നു നായർ - ക്രിസ്ത്യൻ സംരംഭം എന്ന നിലയിൽ രൂപംകൊണ്ട ഈ സഹകരണ സംഘം.

കൊല്ലവർഷം 1092 - വൃശ്ചികം 1-ാം തിയ്യതി രജിസ്ററർ ചെയ്ത 31-ാം നമ്പർ മണലൂർ സർവ്വീസ് സഹകരണ സംഘം, ആദ്യകാലത്ത് മണലൂർ പരസ്പര സഹായ സഹകരണ സംഘം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. സംഘത്തിൻെറ ആദ്യ പ്രസിഡണ്ട് പഴങ്ങാപറമ്പിൽ ഇട്ടിനാരായണൻ നമ്പൂതിരി ആയിരുന്നു.

ഈ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മണലൂരിൻെറ സാമ്പത്തിക സാമൂഹിക ജീവിതത്തിൽ വലിയ പങ്കു വഹിക്കുന്നു.

കാഞ്ഞാണി തെക്കുഭാഗത്ത് കൊച്ചിരാജ്യത്തെ ഒരു വില്ലേജ് കോടതി പ്രവർത്തിച്ചിരുന്നു. ഇവിടെ 50 രൂപ വരെ വരുന്ന സിവിൽ കേസ്സുകളുടെ വ്യവഹാരം നടന്നിരുന്നു. ഇതിൻെറ ജഡ്ജുമാരായി മണലൂരിലെ നാട്ടു പ്രമാണിമാരെ ആദ്യകാലങ്ങളിൽ സർക്കാർ നോമിനേററു ചെയ്തിരുന്നു. 1974 ൽ വില്ലേജ് കോടതികൾ കൊച്ചിരാജ്യത്ത് നിർത്തലാക്കിയതിൻെറ ഭാഗമായി കാഞ്ഞാണിയിലെ വില്ലേജ് കോടതിയും നിർത്തലാക്കി.

സാമൂഹ്യ നവോത്ഥാന പ്രക്രിയയിൽ മണലൂരിൻെറ അന്തർസംഘർഷങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ഒട്ടനവധി സംഭവങ്ങൾ ശ്രദ്ധാർഹമാണ്. കാഞ്ഞാണിയിലെ ധനാഢ്യനായ ഒരു ഈഴവ കുടുംബത്തിലെ കാരണവർ തങ്ങളുടെ കാരമുക്കിലുള്ള സ്ഥലത്ത് ഒരു ക്ഷേത്രം പണിയുകയും അവിടെ പ്രതിഷ്ഠ നടത്തുന്നതിനായി ശ്രീനാരായണ ഗുരുവിനെ ബന്ധപ്പെടുകയും ചെയ്തു.

ക്ഷേത്രം ഇരിക്കുന്ന സ്ഥലം സ്വാമികളുടെ പേരിൽ തീറ് നല്കണമെന്ന് സ്വാമി ആവശ്യപ്പെട്ടു. നിബന്ധന പാലിച്ചതിനെ തുടർന്ന്, പ്രതിഷ്ഠ നടത്തുന്നതിനായി പരിവാരസമേതം ശ്രീനാരായണ ഗുരുസ്വാമി കാരമുക്കിൽ എത്തി. പ്രതിഷ്ഠക്കായി ഒട്ടനവധി വിഗ്രഹങ്ങളും, കുംഭകോണത്തുനിന്നും കൊണ്ടുവന്ന കുടുംബദേവതകളുടെ രൂപങ്ങളും തയ്യാർ ചെയ്തു വച്ചിരുന്നു. ക്ഷേത്രത്തിൽ പ്രവേശിച്ച സ്വാമി അവിടെ തയ്യാറാക്കിവെച്ചിരുന്ന ദേവ ബിംബങ്ങൾ എടുത്ത് പുറത്തേയ്ക്കെറിഞ്ഞു. ഒരു ബിംബത്തിന് മുകളിൽ കയറിനിന്നു പാദശുദ്ധി വരുത്തി. തുടർന്ന് ശ്രീ കോവിലിൽ

കയറി. മൂന്നുകവരമുള്ള ഓട്ടുവിളക്ക് നിർദ്ദിഷ്ട സ്ഥാനത്ത് പ്രതിഷ്ഠിച്ച് നെയ്തിരി തെളിയിക്കുകയും ചെയ്തു. ഈ പ്രവർത്തികണ്ട് രോഷം ഉള്ളിലടക്കി നിന്ന പ്രമാണിമാരേയും അവിടെ കൂടിയ ആളുകളെയും നോക്കിക്കൊണ്ട് സ്വാമികൾ ഉത്ബോധിപ്പിച്ചു. ''ഇത് കാരമുക്കല്ലേ, ഈ മുക്കിൽ ഇന്ന് കൊളുത്തിയ വിളക്ക് വെളിച്ചം വിതറട്ടെ ഇതെന്നും അണയാതിരിക്കട്ടെ.'' കൊല്ലവർഷം 1085 - ൽ ആണ് ഈ പ്രതിഷ്ഠ നടന്നത്. സ്വന്തം സമൂഹത്തിലെ അനാചാരങ്ങൾക്കെതിരെ പോരാടാൻ സമാന്തരവും, ദ്രാവിഡ മൂല്യാത്മകവുമായ ഒരു നവീന വിശ്വാസ പ്രമാണം പുനർവാർത്തെടുക്കുന്നതിനുള്ള ആഹ്വാനമായിരുന്നു സ്വാമികളുടെ ഇത്തരം പ്രവർത്തനങ്ങൾ.

മണലൂർ അയ്യപ്പൻ കാവ് ക്ഷേത്രത്തിൽ ആണ്ടുത്സവം കൊടികയറി അവസാനിക്കുന്ന ദിവസം നടന്ന 'ഈഴവലഹള' സ്മരണീയമാണ്. അയ്യപ്പൻ കാവു ക്ഷേത്രത്തിൽ ഉത്സവദിവസം പ്രവേശിക്കാവുന്ന പരിധി ലംഘിച്ച് ധിക്കാരികളായ ഈഴവ യുവാക്കൾ കടന്നുകയറി, ജാതിഹിന്ദുക്കൾക്കെതിരെ ശക്തമായ താക്കീത് നല്കി. ഇവർ പിന്നീട് ക്രൂരമായ പോലീസ് മർദ്ദനങ്ങൾക്കും ഇരയായി. 62 ഓളം കേസുകളിലും, ഉൾപ്പെടുത്തപ്പെട്ടു. ഈ സംഭവത്തിൽ ശ്രീ. സി. വി. കുഞ്ഞയ്യപ്പൻ, എ. പി. രാമൻ തുടങ്ങിയവരുടെ ഇടപെടൽ മൂലം തുടർന്നുണ്ടായ സമാധാന ശ്രമങ്ങൾ ശ്രദ്ധേയമാണ്. മണലൂരിൻെറ ജാതിവിരുദ്ധ സമരങ്ങളിലെ അവിസ്മരണീയ സംഭവങ്ങളിലൊന്നാണിത്. പുതുതായി ഉയർന്നു വന്നിരുന്ന സാമൂഹ്യ ശക്തികളുടെ സമരത്തിൻെറ പ്രകടിതരൂപങ്ങൾ ആയിരുന്നു ഇവ.

1940 കൾക്കുമുമ്പേ പാലാഴി രാമൻകായലിനടുത്തുള്ള മുണ്ടോ പാടം പ്രകൃതിദത്തമായി ഉപ്പു ശേഖരിക്കപ്പെട്ടിരുന്ന ഉപ്പുപാടമായിരുന്നു. കാലങ്ങളായി മണലൂർ, പാലാഴി, മാമ്പിള്ളി പ്രദേശങ്ങളിലെ ജനങ്ങൾ അവിടെ നിന്ന് ഉപ്പ് ശേഖരിച്ചു വന്നു. സർക്കാർ പുതുതായി ഏർപ്പെടുത്തിയ ഉപ്പു നിരോധന നിയമം അനുസരിച്ച്, മുണ്ടോപാടം ഉപ്പ് എടുക്കൽ നിരോധന മേഖലയായി. സർക്കാർ നിരോധനം ലംഘിച്ചുകൊണ്ടു തന്നെ പാലാഴിയിലെ ജനങ്ങൾ ഉപ്പ് കോരുകയുണ്ടായി. സർക്കാർ നിയമത്തിനെതിരെ ജനകീയ പ്രക്ഷോഭണമുണ്ടാവുകയും സാൾട്ട് ഉദ്യോഗസ്ഥന്മാരുമായി ഒരു സായുധ സംഘട്ടനം പൊട്ടിപ്പുറപ്പെടുകയും ചെയ്തു. കൂനത്ത് ഇണ്ണാമൻെറ നേതൃത്വത്തിലുള്ള ചെറുത്തുനില്പ് അവിസ്മരണീയമത്രെ.

പോർത്തുഗീസുകാരുടെ വരവിന് ശേഷം കേരളമാകെ സിറിയൻ കത്തോലിക്കാസഭയെ ലത്തീൻ വല്ക്കരിക്കുവാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. കേരള ചരിത്രത്തിൽ, പോർത്തുഗീസുകാരുടെ സമീപനങ്ങൾക്കെതിരെ ഉയർന്നുവന്ന 'കൂനൻ കുരിശു' കലാപം തദ്ദേശീയരായ ക്രിസ്തുമതവിശ്വാസികളുടെ സ്വാഭാവിക പ്രതികരണമാണല്ലൊ. സിറിയൻ ക്രിസ്ത്യാനികളെ ലത്തീൻ വല്ക്കരിക്കുന്നതിനെതിരായ ചലനങ്ങൾ കണ്ടശ്ശാങ്കടവിലും ഉണ്ടായി. പരമ്പരാഗത സിറിയൻ ക്രിസ്ത്യാനികൾ (ഇവരാണ് ഭൂരിപക്ഷം) സുറിയാനിഭാഷയിലാണ് മതകർമങ്ങൾ ചൊല്ലിയിരുന്നതും, അനുഷ്ഠിച്ചിരുന്നതും. തങ്ങളുടെ അധികാരവും, ധനവും ഉപയോഗിച്ചുകൊണ്ടായിരുന്നു. പോർത്തുഗീസുകാർ ലത്തീൻ വല്ക്കരണത്തിന് ശ്രമിച്ചിരുന്നത്. എന്നാൽ കണ്ടശ്ശാങ്കടവിലെ ക്രിസ്ത്യൻ സമൂഹം അന്ന് പോർത്തുഗീസുകാർക്കെതിരെ നിന്ന തൃശൂർ ബിഷപ്പ് മേലുസിനെ തങ്ങളുടെ ആത്മീയ പിതാവായി അംഗീകരിക്കുകയും പഴയ പള്ളി സിറിയൻ വിഭാഗത്തിൻേറതായി നിലനിർത്തുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് ഒരു വിഭാഗം ക്രിസ്ത്യാനികൾ ലത്തീൻ വിശ്വാസികളായി മാറുകയും ചെയ്തു. ഇവർ ഇന്നത്തെ കണ്ടശ്ശാങ്കടവ് ചന്ത നിലനില്ക്കുന്ന സ്ഥലത്ത് പുതിയ ഒരു ലത്തീൻ പള്ളി സ്ഥാപിച്ചുകൊണ്ട് പുതുവിശ്വാസം പ്രഖ്യാപിച്ചു. പോർത്തുഗീസു സ്വാധീനത്താലുണ്ടായ ഒരു ഭാഷാപ്രശ്നം മാത്രമായിട്ടാണ് (മേലൂസ് ശിശ്മ) ഇതുവരെ ഇതിനെ വിലയിരുത്തുന്നത്.

ഒരേ മതവിഭാഗത്തിന് ഒരേ സ്ഥലത്ത് രണ്ട് ആരാധനാലയങ്ങൾ ഉണ്ടായിവന്നതിൻെറ സാമൂഹ്യസമ്മർദ്ദങ്ങൾ എന്തെല്ലാമായിരുന്നെന്ന വിവരങ്ങൾ നമുക്ക് ലഭ്യമല്ല. എന്നാൽ ക്രിസ്ത്യൻ സമൂഹത്തിൻെറ വളർച്ചയെ തുടർന്ന് സമുദായത്തിനകത്ത് രൂപപ്പെട്ടിരുന്ന ആഢ്യരും അധ: കൃതരും തമ്മിലുണ്ടായിരുന്ന വൈരുദ്ധ്യം ഈ സംഭവത്തിന് വഴിയൊരുക്കാൻ സാധ്യത ഉണ്ടോ എന്നു പരി

ശോധിയ്ക്കാവുന്നതാണ്. താല്ക്കാലിക പ്രശ്നങ്ങൾക്കുശേഷം പൂർണ്ണമായും ലത്തീൻവിഭാഗങ്ങൾക്ക് കീഴടങ്ങുകയും പിന്നീട് കോടതി വിധി പ്രകാരം പഴയ പള്ളി ലത്തീൻ വിഭാഗത്തിൻെറ കൈവശം എത്തിപ്പെടുകയും ആണ് ഉണ്ടായത്.

മണലൂരിൻെറ സാമൂഹ്യ സംഘർഷങ്ങൾ സ്വാഭാവികമായും പിന്നീട് രാഷ്ട്രീയ സ്വാഭാവം കൈവരിക്കുന്നുണ്ട്. ദേശീയ സമരത്തിൽ നിയമലംഘനപ്രസ്ഥാനവും നിസ്സഹകരണ പ്രസ്ഥാനവും ശക്തിപ്പെട്ട ഇരുപതുകളിൽ തന്നെ മണലൂരിലും ദേശീയാവബോധത്തിൻെറ അലകൾ അടിച്ചുയർന്നിട്ടുണ്ട്.

കോഴിക്കോട് ഉപ്പു സത്യാഗ്രഹം നടന്നപ്പോൾ പ്രസ്ഥാനത്തിൻെറ തീവ്രാവേശവുമായി മണലൂരിൽ നിന്നും വെള്ളുരെ കുഞ്ഞാമുണ്ണി കയ്മൾ പങ്കെടുത്തു. എ. കെ. ഗോപാലനോടൊപ്പം സേലം ജയിലിൽ 9 മാസക്കാലം തടവുശിക്ഷ അനുഭവിച്ചു. അക്കാലത്തെ ദേശീയ പ്രസ്ഥാനത്തിൻെറ പ്രാദേശിക പ്രയോക്താവായിരുന്ന ശ്രീ. തോട്ടുങ്കൽ ഫ്രാൻസീസ് സ്മരണീയനാണ്.

1930 കളിൽ മണലൂരിലെ ചെറുപ്പക്കാർ, മണലൂർ യുവജനസമിതി പൊതുവായനശാല രൂപീകരിച്ച്, കോൺഗ്രസ് പ്രവർത്തനത്തിൻെറ ഭാഗമായി, ഖാദി ധരിക്കലും, പ്രചരണവും, ഹിന്ദി ക്ലാസ്സുകൾ സംഘടിപ്പിക്കലും നടത്തിയിട്ടുണ്ട്.

കൊച്ചിയിലെ പ്രജാമണ്ഡലത്തിൻെറ പ്രവർത്തനത്തിലും സജീവമായിരുന്നു മണലൂർ. പിൽക്കാലത്ത് കെ. പി. സി. സി. ജനറൽ സെക്രട്ടറിയായിരുന്ന കെ. വാസുപ്പണിക്കർ, ഇദ്ദേഹത്തിൻെറ സഹപ്രവർത്തകരായ തോപ്പിൽ അന്തോണി മാസ്ററർ, ടി. എഫ്. ദേവസ്സി തുടങ്ങിയവർ സ്മരണീയരത്രെ.

മണലൂരിൻെറ കാർഷികമേഖല കേരളത്തിൻെറ പൊതു കാർഷിക അവസ്ഥയിൽ നിന്നും ഭിന്നമല്ല. കൃഷിയിടങ്ങളുടെ ജന്മാവകാശം, ക്ഷേത്രങ്ങളുടേയും നമ്പൂതിരി ഇല്ലങ്ങളുടേതുമായിരുന്നു.

വെറും പാട്ടം എന്ന നിലയിൽ കൃഷിക്കായി നിലം കുടിയാന്മാർക്ക് നല്കി. അവരിൽ നിന്നും ഒരു നിശ്ചിത അളവ് നെല്ല് പാട്ടമായി സ്വീകരിക്കുന്ന ഒരു പൊതു രീതിയായിരുന്നു നിലനിന്നിരുന്നത്. 1908 - ൽ പ്രസിദ്ധീകരിച്ച സർവ്വേ സെററിൽമെൻറ് രജിസ്ററർ പ്രകാരം 2308.07 ഹെക്ററർ പ്രദേശത്ത് നെൽകൃഷി ഉണ്ടായിരുന്നു. കേരളത്തിൻെറ ഇതര പ്രദേശങ്ങളിൽ ഉയർന്നുവന്ന കുടിയാന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള കർഷക പ്രസ്ഥാനത്തിൽ മണലൂരിൻെറ സംഭാവന അവഗണിക്കാനാവാത്തതാണ്.

ഈ പ്രസ്ഥാനങ്ങൾക്കാമുഖമായി മണലൂർ - അന്തിക്കാട് മേഖലയിൽ സംഘടിത തൊഴിലാളി പ്രസ്ഥാനം ഉയർന്നു വന്നു. 1940 - ൽ അന്തിക്കാട് -മണലൂർ മേഖലയിൽ ''ഏനാമാവ് - പെരിങ്ങോട്ടുകര ചെത്തു തൊഴിലാളി യൂണിയൻ'' ആരംഭിച്ചു. ഇക്കാലത്തു തന്നെ ഇവിടെ ശ്രീ. കെ. എ. ഉണ്ണിയുടെ നേതൃത്വത്തിൽ കമ്യൂണിസ്ററുപാർട്ടി രൂപീകരിച്ചിരുന്നു.

ചെത്തുതൊഴിലാളികളെ സംഘടിപ്പിക്കുന്നതിനും, സമരസജ്ജരാക്കുന്നതിനും ശ്രീ. ജോർജ്ജ് ചടയൻമുറിയുടെ ഉജ്ജ്വല നേതൃത്വം സ്മരണീയമാണ്. പുഴുക്കളെപ്പോലെ ചവിട്ടിയരക്കപ്പെട്ട ജനസമൂഹത്തെ മനുഷ്യരാക്കി ഉയർത്തിയെടുക്കുന്നതിന് ചെത്തുതെഴിലാളി യൂണിയന് കഴിഞ്ഞു.

ഐതിഹാസിക മാനത്തിലേക്കുയർത്തപ്പെട്ട സമരങ്ങളായിരുന്നു 1942, 47 കാലങ്ങളിൽ നടന്ന ഇവിടത്തെ ചെത്തു തൊഴിലാളി സമരങ്ങൾ. തൊഴിലാളികളുടെ അഭിശപ്തമായ ജീവിതാവസ്ഥക്കെതിരായ അവരുടെ സ്വയം പ്രതിരോധമായിരുന്നു ഈ സമരം. ഈ സമരത്തിൽ മണലൂരു നിന്നും സി. കെ. രാഘവൻ, പാലാഴിയിൽ നിന്നും കെ. കെ. ശങ്കരൻ തുടങ്ങിയവർ രക്തസാക്ഷികളായി.

ചെത്തുതൊഴിലാളികൾ അവരുടെ സാമൂഹ്യവും, സാമ്പത്തികവുമായ അവശതകൾക്കെതിരെ ഉയർത്തിയ സമരം സാമ്രാജ്യത്വത്തിനെതിരെ, ജന്മിത്തത്തിനെതിരെ, അമേരിക്കൻ മോഡൽ ഭരണത്തിനെതിരെ നടന്നിരുന്ന സമരങ്ങളോട് കണ്ണിചേർത്തിരുന്നു.

ഭരണകൂടത്തെ അട്ടിമറിക്കാൻ ശ്രമിച്ചു എന്ന കുററം ചുമത്തി തൊഴിലാളികളെ ക്രൂരമായി മർദ്ദിക്കുകയും നിരവധി കേസുകളിൽ ഉൾപ്പെടത്തി ജയിലിലടച്ചും, കർഫ്യു ഏർപ്പെടുത്തിയും ഭരണകൂടം സമരത്തെ നേരിടുകയും ചെയ്തു.

ഐതിഹാസികമായ ഈ സമരത്തിനു നേതൃത്വം നല്കിയവർ, കെ. പി. പ്രഭാകരൻ, എൻ. സി. ശങ്കരൻ, കെ. ഈശൻ തുടങ്ങിയവരായിരുന്നു.

ചെത്തുതൊഴിലാളി സമരത്തിൻെറ സ്വാഭാവിക സ്വാധീനം, മററിതര ജനവിഭാഗങ്ങളെ സജീവമാക്കി. കർഷകസംഘം, ബാലസംഘം, മഹിളാസംഘം തുടങ്ങിയ ബഹുജനസംഘടനകൾ ഇക്കാലത്തു ഉയർന്നു വരികയുണ്ടായി. കൃഷി ഭൂമി കൃഷിക്കാരന്, ജന്മിത്വം തുലയട്ടെ, ബ്രിട്ടീഷുകാർ ഇന്ത്യ വിടുക തുടങ്ങിയ മുദ്രാവാക്യങ്ങളുടെ അടിസ്ഥാനത്തിൽ, മണലൂരിലെ കൃഷിക്കാരും സംഘടിക്കപ്പെട്ടു. ഇ. ഗോപാലകൃഷ്ണമേനോൻ, കെ. കെ. വാര്യർ, എ. വി. ആര്യൻ, പി. എസ്. എൻ. നമ്പൂതിരി തുടങ്ങിയ കർഷക നേതാക്കളുടെ സജീവ സാന്നിദ്ധ്യം കൊണ്ട് സമ്പന്നമായിരുന്നു മണലൂർ.

1950 കാലങ്ങളിൽ കനോലികനാലിൻെറ തീരപ്രദേശങ്ങളിലെ മുഖ്യതൊഴിൽ തൊണ്ടു ചീയ്ക്കലും, ചകിരി തല്ലി നാരെടുക്കലുമായിരുന്നു. നിരക്ഷരരായിരുന്ന ബഹുഭൂരിപക്ഷം തൊഴിലാളികൾ, പലവിധ ചൂഷണങ്ങൾക്കും വിധേയരായിരുന്നു.

അമ്പതുകളിൽ നടന്ന ചകിരി തൊഴിലാളികളുടെ ഉജ്ജ്വല സമരം, മണലൂരിൻെറ സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിൽ വലിയ സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്. സ്ത്രീകളുടെ പങ്കാളിത്തം ഏറെ ഉണ്ടായിരുന്ന അപൂർവ്വം സമരങ്ങളിൽ ഒന്നായിരുന്നു ഇത്. കേരളത്തിലെ നിരവധി കമ്മ്യൂണിസ്ററു നേതാക്കൾ ഈ സമരത്തിൽ ബന്ധപ്പെട്ടിട്ടുണ്ട്. ശ്രീ. ആർ. സുഗതൻെറ പേർ പ്രത്യേകം സ്മരിക്കേണ്ടതാണ്.

ധീരതയുടെ മനുഷ്യരൂപമായിരുന്ന കാരാമാക്കൽ പുഷ്പാംഗദൻെറ നേതൃത്വം ഈ അവസരത്തിൽ സ്മരിക്കപ്പെടേണ്ടതാണ്. ശ്രീ കുററുക്കാരൻ ദേവസിയായിരുന്നു ചകിരി തൊഴിലാളി യൂണിയൻെറ പ്രസിഡണ്ട്. ശ്രീ. ടി. കെ. പുരുഷോത്തമൻ, വി. വി. രാഘവൻ·തുടങ്ങിയ നേതാക്കളുടെ സജീവ നേതൃത്വം ഈ സമരങ്ങൾക്കുണ്ടായിരുന്നു.

1952 - ൽ കണ്ടശ്ശാങ്കടവിലെ ഓട്ടുകമ്പനി തൊഴിലാളികൾ നടത്തിയ സമരം ശ്രദ്ധാർഹമാണ്. ഇതിനുനേതൃത്വം നല്കിയ ഇന്നത്തെ ദേശീയ നേതൃത്വനിരയിലുള്ള ശ്രീ. കെ. കരുണാകരൻെറ സജീവസാന്നിദ്ധ്യം മണലൂരിൽ ഉണ്ടായിട്ടുണ്ട്.

എഴുപതുകളിൽ കെട്ടുതെങ്ങ് നേടുന്നതിനുവേണ്ടിയും, കുടികിടപ്പവകാശങ്ങൾക്കുവേണ്ടിയും നടന്ന കർഷക തൊഴിലാളി സമരങ്ങൾ മിച്ചഭൂമി പിടിച്ചെടുക്കുന്നതിനായി സംഘടിപ്പിയ്ക്കപ്പെട്ട സമരങ്ങൾ മണലൂരിൻെറ സാമൂഹിക വികാസത്തിൽ വലിയ പങ്കുവഹിച്ചിരുന്നു.


കേരള നിയമസഭയിൽ വിദ്യാഭ്യാസ ബില്ല് അവതരിപ്പിച്ചു കൊണ്ട് ലോകശ്രദ്ധ ആകർഷിച്ച പ്രൊ. ജോസഫ് മുണ്ടശ്ശേരിക്ക് ജന്മം നല്കിയ നാടാണിത്. വിദ്യാഭ്യാസ വിചക്ഷണനും, സഹകാരിയും, ഗ്രന്ഥകാരനും, ഭാഷയിലെ ഒരു പുതിയ വിമർശനരീതിയുടെ ഉപജ്ഞാതാവുമായിരുന്നു മുണ്ടശ്ശേരി. അദ്ദേഹത്തിൻെറ സഹകരണ രംഗത്തെ സഹപ്രവർത്തകനായിരുന്നു ശ്രീ. പുത്തേഴത്ത് മാധവമേനോൻ.

കൊച്ചി നിയമസഭാംഗവും, ഹൈക്കോടതി ജഡ്ജിയും, സർവ്വാധികാര്യേക്കാരും, സാഹിത്യകാരനും, സാഹിത്യഅക്കാദമി പ്രസിഡൻറുമായിരുന്ന പുത്തേഴത്ത് രാമൻ മേനോൻ മണലൂർ സ്വദേശിയായിരുന്നു. വ്യാസമഹാഭാരതം ഭാഷയിലേക്ക് ഗദ്യരൂപത്തിൽ വിവർത്തനം ചെയ്ത വിദ്വാൻ കെ. പ്രകാശം, സംയുക്തസോഷ്യലിസ്ററ് പാർട്ടി സംസ്ഥാന പ്രസിഡണ്ട്, കേരള നിയമസഭാംഗവും, മന്ത്രിയുമായിരുന്ന ശ്രീ. ഒ. കോരൻമാസ്ററർ, പ്രജാസോഷ്യലിസ്ററു പാർട്ടി നേതാവായിരുന്ന ബി. സി. വർഗ്ഗീസ് തുടങ്ങിയവരുടെ ജന്മംകൊണ്ടും പ്രവർത്തനം കൊണ്ടും സമ്പന്നമാണ് മണലൂർ.



234


MANALUR PANCHAYAT
LANDUSE
CO
MC
P2
P2+P3


MANALUR PANCHAYAT
ASSET MAP

# ഏനാമാക്കൽ പ്രവൃത്തി

കൊച്ചിരാജ്യത്തിലെ ഒരു പ്രവൃത്തിയായിരുന്നു ഏനാമാക്കൽ പ്രവൃത്തി. ഇന്നത്തെ ബ്ലോക്ക് പഞ്ചായത്തിൻെറ പേരിനുപകരം അന്ന് ഉപയോഗിച്ചിരുന്ന പദമായിരുന്നു പ്രവൃത്തി. ഏനാമക്കൽ പ്രവൃത്തിയിൽ 15 വില്ലേജുകൾ ഉൾപ്പെട്ടിരുന്നു. മണലൂർ, കാരമുക്ക് വില്ലേജുകൾ ചേർന്ന് രൂപം കൊണ്ട മണലൂർ പഞ്ചായത്ത് ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടതായിരുന്നു. (Ward and Conner Memoir of The Survey of Travancore and Cochin. Vol. 2 1816-1820)ഏനാമാക്കൽ പ്രവൃത്തിയെകുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ താഴെ ചേർക്കുന്നു. തുടർന്നുവരുന്ന വിവിധ വിഷയങ്ങളെ കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾക്ക് ഇത് സഹായകമാകും. ഈ വിവരങ്ങൾ വൈകികിട്ടിയതുകൊണ്ട് ഇതുമായി താരതമ്യം ചെയ്തുകൊണ്ടുള്ള ഒരു പഠനത്തിന് ഇവിടെ കഴിഞ്ഞിട്ടില്ല.

**പട്ടണങ്ങൾ, അങ്ങാടികൾ :** കണ്ടശ്ശാംകടവ്, പുത്തൻപീടിക, കാഞ്ഞാണി എന്നിവയാണ്. കച്ചവടക്കാരിൽ ക്രിസ്ത്യാനികളാണ് മുഖ്യം.

**കൃഷി :** നെൽകൃഷിയാണ് പ്രധാനം. കായലിൻെറ കരയോട് ചേർന്നുള്ള ഭാഗങ്ങളിൽ വേനൽക്കാലത്ത് കൃഷി ചെയ്തിരുന്നു. ഈ കൃഷിയിടങ്ങൾ കടൽവെള്ളം കയറി നശിക്കാതിരിക്കാനായി ഏനാമാക്കലിൽ ഒരു കെട്ട് വർഷംതോറും ഉണ്ടാക്കാറുണ്ട്. വളരെയേറെ അദ്ധ്വാനം ആവശ്യമായി വരുന്ന ഒരു ജോലിയാണ് ഇത്. പണ്ട് ഇവിടെ ഒരു സ്ഥിരം കെട്ട് ഉണ്ടായിരുന്നുവെന്നും മലബാറിലെ പഴയ കളക്ടർമാരിൽ ആരോ അത് പൊളിച്ചുകളഞ്ഞുവെന്ന് ജനങ്ങൾ വിശ്വസിക്കുന്നു.

തെങ്ങ്, കവുങ്ങ്, കൊടപ്പന എന്നിവയാണ് മററു മുഖ്യ കൃഷികൾ. പലതരത്തിലുള്ള പച്ചക്കറികളും കൂട്ടത്തിലുണ്ട്.

**കാലിവളർത്തൽ:** പടിഞ്ഞാറൻ ഭാഗത്ത് കന്നുകാലി വളർത്തൽ വളരെ ദുർലഭമാണ്. കിഴക്കോട്ടു നീങ്ങുംതോറും പശു, കാള, പോത്ത്, എരുമ എന്നിവയും അപൂർവ്വമായി ആടുകളും വളർത്തപ്പെടുന്നുണ്ട്.

**ഗതാഗതം :** എടുത്തുപറയത്തക്ക റോഡുകൾ ഏനാമാക്കൽ പ്രവൃത്തിയിൽ ഇല്ല. സഞ്ചാരം മുഖ്യമായും ജലമാർഗ്ഗം തന്നെയാണ്. പുഴയും , കായലും എല്ലാ ഭാഗത്തും വ്യാപിച്ചുകിടക്കുന്നതിനാൽ ജലഗതാഗതത്തിന് തടസ്സങ്ങളില്ല.

| | | |
|---|---|---|
| വില്ലേജുകൾ | : | 15 |
| ആകെ വിസ്തീർണ്ണം | : | $12^1/_4$ ചതുരശ്ര മൈൽ. |
| നെൽകൃഷിയിടങ്ങൾ | : | $4^3/_4$ ചതുരശ്ര മൈൽ |
| ജനസാന്ദ്രത | | |
| ചതു. മൈൽ 1ന് | : | 382 പേർ |
| വീടുകളുടെ എണ്ണം | : | 868 |
| തെങ്ങ്, കവുങ്ങ്, പ്ലാവ് | | |
| തുടങ്ങിയ വൃക്ഷങ്ങൾ | : | 23436 എണ്ണം |
| കലപ്പ, കൈക്കോട്ട് തുടങ്ങിയ | | |
| കാർഷിക ഉപകരണങ്ങൾ | : | 549 |
| പശു, പോത്ത്, എരുമ തുടങ്ങിയവ | : | 1130 |
| ചാരായക്കടകളും, കള്ള് വില്പന | | |
| സ്ഥലങ്ങളും | : | 33 |
| കുളങ്ങൾ, കിണറുകൾ എന്നിവ | : | 446 |
| ആരാധനാ സ്ഥലങ്ങൾ | : | 339 |
| (പല വിഭാഗത്തിലും പെട്ടവ) | | |
| വഴിയമ്പലം, ഊട്ടുപുര, ചൗക്കികൾ | | |
| തുടങ്ങിയ പൊതു കെട്ടിടങ്ങൾ | : | 14 |

അവലംബം : Ward & Conner - Memoir of the Survey of Travancore & Cochin - Govt. of Kerala- 1994. Vol II PP-266.

| | | |
|---|---|---|
| ബ്രാഹ്മണർ (വ്യത്യസ്ത വിഭാഗങ്ങൾ) | : | 131 പേർ |
| അമ്പലവാസികൾ (വാരിയർ, മാരാർ, പിഷാരടി തുടങ്ങിയവർ) | : | 78 |
| നായർ (വ്യത്യസ്ത വിഭാഗങ്ങൾ അടക്കം) | : | 1.023 |
| നെയ്ത്തുകൾ, അലക്കുകാർ തുടങ്ങിയവർ | : | 16 |
| തമിഴ്നാട്ടുകാർ (പലവിഭാഗങ്ങൾ) | : | 15 |
| കൊങ്കണികൾ, പപ്പടച്ചെട്ടിമാർ തുടങ്ങിയവർ | : | 17 |
| ആശാരി, കരിവാൻ തുടങ്ങിയ കമ്മാളർ | : | 124 |
| മുസൽമാൻ (മാപ്പിളമാരടക്കം) | : | 65 |
| ക്രിസ്തുമതക്കാർ (പല വിഭാഗങ്ങൾ) | : | 1,833 |
| പുലയർ (സമാനജാതിക്കാരടക്കം) | : | 473 |
| ആകെ ജനസംഖ്യ | : | 4,580 |
| ആകെ സ്ത്രീകൾ : | : | 2,329 |
| ആകെ പുരുഷന്മാർ | : | 2,251 |
| ആകെ ജാതികൾ (ഉപവിഭാഗങ്ങളടക്കം) | : | 35 |

അവലംബം : Ward & Conner - Memoir of the Survey of Travancore & Cochin - Govt. of Kerala-1994. Vol II PP-267.

## മണലൂർ (കാരമുക്ക്, മണലൂർ വില്ലേജുകൾ) പഞ്ചായത്ത് സെററിൽമെൻറ് രജിസ്ററിലെ സ്ഥിതിവിവരകണക്കുകൾ (1891)

| | | |
|---|---|---|
| ആകെ വിസ്തീർണ്ണം | : | 4499 ഏക്കർ 10 സെൻറ് |
| പറമ്പ് | : | 1843 ഏക്കർ 33 സെൻറ് |
| നിലം | : | 2308 ഏക്കർ 7 സെനറ് |
| പുറംപോക്ക് | : | 347 ഏക്കർ 32 സെൻറ് |
| വീടുകൾ | : | 1522 |
| ജനസംഖ്യ | | |
| ആണ് | : | 4279 |
| പെണ്ണ് | : | 4321 |
| കാള-പോത്ത് | : | 557 |
| പശു | : | 346 |
| എരുമ | : | 147 |
| ആടുകൾ | : | 73 |
| കലപ്പ | : | 343 |

## 1991 സെൻസസ്സ് മണലൂർ പഞ്ചായത്ത്

| | | |
|---|---|---|
| ആകെ വിസ്തീർണ്ണം | : | 18.22 സ്ക്വയർ കി. മീ. (1822 ഹെക്ടർ) |
| പറമ്പ് | : | 739 ഹെക്ടർ |
| നിലം | : | 916 ഹെക്ടർ |
| പുറംപോക്ക് | : | 166 ഹെക്ടർ |
| ജനസാന്ദ്രത | : | 1719/കി. മീ. |
| വീടുകൾ | : | 5954 |
| ആണ് | : | 15003 |
| പെണ്ണ് | : | 16227 |



240

# മണലൂർ പഞ്ചായത്തിൻെറ ഉദയം

1914 മുതൽ കൊച്ചി രാജ്യത്ത് നീതിന്യായാധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നല്കിയിരുന്നു. നികുതിയടക്കുന്നവരിൽ നിന്നും നോമിനേഷൻ മുഖേന രൂപീകരിക്കപ്പെട്ട പഞ്ചായത്തായി മണലൂർ പഞ്ചായത്ത് പ്രവർത്തിച്ചു വന്നു. ഇതിന് അനുബന്ധമായി കാഞ്ഞാണി സെൻററിന് തെക്കുവശത്തായി ഒരു വില്ലേജ് കോടതിയും പ്രവർത്തിച്ചിരുന്നു. ഈ സംവിധാനം 1974 വരെ നിലനിന്നിരുന്നു. 1950 ൽ തിരുകൊച്ചി പഞ്ചായത്ത് ആക്ട് നിലവിൽ വരുന്നതിന് മുമ്പ് ശ്രീ. തോട്ടുങ്ങൽ ഫ്രാൻസീസ്, പണ്ടാരൻ അയ്യപ്പക്കുട്ടി മാസ്ററർ തുടങ്ങിയവർ ഈ പഞ്ചായത്തിൻെറ പ്രസിഡണ്ടുമാരായിട്ടുണ്ട്. 1953 ൽ ആദ്യപഞ്ചായത്ത് തെരഞ്ഞെടുപ്പിനെ തുടർന്ന് പഞ്ചായത്തിൽ ഏററവും കൂടുതൽ കാലം പ്രസിഡണ്ടായി തുടർന്നത് ശ്രീ. ടി. എം. ആൻറണിയായിരുന്നു. മണലൂർ പഞ്ചായത്തിൻെറ ആധുനിക വല്ക്കരണത്തിൽ ഇദ്ദേഹത്തിൻെറ സേവനം അവിസ്മരണീയമത്രെ. കാഞ്ഞാണി, ലിഫ്ററ് ഇറിഗേഷൻ പദ്ധതി, ചകിരി വ്യവസായ സഹകരണസംഘങ്ങളുടെ രൂപീകരണം, കാരമുക്ക് ഗവൺമെൻറ് ഡിസ്പെൻസറിയുടെ ആരംഭം, കുടിവെള്ളക്ഷാമ പരിഹാരത്തിനായുള്ള ഓഗ്മെൻേറഷൻ സ്കീം, പഞ്ചായത്തിലെ പൊതു ശ്മശാനം, പ്രധാനപ്പെട്ട റോഡുകളുടെ നിർമ്മാണം, സർവ്വോപരി കണ്ടശ്ശാംകടവ് പാലം തുടങ്ങിയ മണലൂരിൻെറ വികസന പ്രവർത്തനങ്ങളുടെ ഉപജ്ഞാതാവും പ്രയോക്താവുമായിരുന്നു ശ്രീ. ടി. എം. ആൻറണി.

തുടർന്ന് ശ്രീമാന്മാർ കെ. ടി. ഗോപാലകൃഷ്ണൻ, ടി. ഒ. അന്തോണി, വി. കെ. സഹജൻ, കെ. എ. വാസു, തുടങ്ങിയവർ ഈ പഞ്ചായത്തിൻെറ പ്രസിഡണ്ടുമാരായിട്ടുണ്ട്.

1995 സെപ്തംബറിലെ തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ. പി. കെ. കൃഷ്ണൻ പഞ്ചായത്തു പ്രസിഡണ്ടും ശ്രീമതി പത്മിനി സത്യൻ വൈസ് പ്രസിഡണ്ടും ശ്രീ. പി. പരമേശ്വരൻ സ്ററാൻറിംഗ് കമ്മിററി ചെയർമാനുമായി പുതിയ ഭരണസമിതി അധികാരത്തിൽ വന്നു.



241

# രമണമഹർഷിയും അരിമണികളും

ഒരു ദിവസം അടുക്കളമുററത്ത് കുറെ അരിമണികൾ വീണു കിടക്കുന്നത് രമണമഹർഷി കണ്ടു. ഉടനെ അവിടെയിരുന്ന് ശ്രദ്ധയോടെ അവ പെറുക്കാൻ തുടങ്ങി. ഇതുകണ്ടിട്ട് ഭക്തന്മാരിൽ ഒരാൾ പറഞ്ഞു, നമുക്ക് എത്രയോ ചാക്ക് അരി അടുക്കളയിലിരിക്കുന്നു. ഈ ഏതാനും അരിമണികൾ നുള്ളപെറുക്കി എടുക്കാനായി സ്വാമി ഇത്ര കഷ്ടപ്പെടുന്നതെന്തിനാണ്? മഹർഷി അയാളുടെ നേരെ തിരിഞ്ഞ് സ്നേഹത്തോടെ പറഞ്ഞു, നിങ്ങൾ ഈ അരിമണികളെ മാത്രമെ കാണുന്നുള്ളു. അതിനുള്ളിലെന്താണ് എന്ന് അറിയാൻ ശ്രമിക്കുക. നിലമുഴുത് വിതച്ച കർഷകൻെറ കഠനാദ്ധ്വാനവും, സമുദ്രജലം സൂര്യൻ മേഘമാക്കി ലഭിച്ച വെള്ളത്തുള്ളികളും, ആർദ്രമായ ഭൂമിയും, നെൽച്ചെടികളുടെ ജീവനും എല്ലാം ഈ അരിമണികളിലുണ്ട്. അതുകൊണ്ട് അവയെ വന്ദിക്കാൻ നിങ്ങൾക്ക് കഴിയില്ലെങ്കിലും, കാലുകൊണ്ട് ചവിട്ടി നിന്ദിക്കരുത്. നിങ്ങൾക്ക് ആഹാരത്തിന് ആവശ്യമില്ലെങ്കിൽ കിളികൾക്ക് ഇവ കൊടുക്കുക. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം ഇണക്കത്തിൻേറതാകണമെങ്കിൽ മനുഷ്യനും, പ്രകൃതിയും തമ്മിലുള്ള ബന്ധവും ഇണങ്ങേണ്ടതുണ്ട്. ഈ കാഴ്ചപ്പാട് കേരളീയ നവോത്ഥാനകാല ചിന്തകളിലും നിറഞ്ഞു നില്ക്കുന്നു.

# പാരമ്പര്യ നെൽവിത്തുകൾ

കാലങ്ങളായി കൃഷി ചെയ്ത് പ്രകൃതി നിർദ്ധാരണം മൂലം ശക്തമായി , ജനസംസ്കൃതിയായി വളർന്നുവന്ന നമ്മുടെ പാരമ്പര്യ നെൽവിത്തുകൾ ഇന്ന് നമുക്ക് അന്യം വന്നിരിക്കുന്നു.

കേരളത്തിൻെറ വടക്കേയററം മുതൽ തെക്കേയററം വരെ ഒരുകാലത്ത് കൃഷി ചെയ്തിരുന്ന വിത്തുകളാണ് താഴെപറയുന്നത്.

ചെന്നെല്ല, കരിഞ്ചെന്നല്ല്, കുട്ടിവിത്ത്, കുറുഞ്ഞി, കോഴിവാലൻ, വെള്ള കോഴിവാലൻ, പൊന്നാരിയൻ, കഴമ, പറമ്പൻ കഴമ, മുണ്ടകൻ, അരിക്കിരാലി, വയ്യനാടൻ, ഒന്നിടിയൻ, മൂവാലി, പൂത്തനാടൻ, മോടൻ, ചെറുമോടൻ, മലയുടുമ്പൻ, കരിമ്പാല, ആരിയൻ, കാളി, വട്ടൻ, മുണ്ടപ്പള്ളി, നവര, കോഴിവാള, കുട്ടനാടൻ, ചെപ്പിലക്കാടൻ, കൂവളക്കാടൻ, പാലവച്ചാല, കുമ്പളവൻ, ചെന്താർമണിയൻ, വെള്ളത്തായൽ, കരിങ്കാളി, അരികുറുമ, ആരിയങ്കാളി, തനിക്കാളി, ചേരണാലി, സ്വർണ്ണാലി, കറുത്ത എരുമക്കാലി, ചിറേറണി, കാടക്കഴുത്തൻ, വെള്ളകുറിഞ്ഞി, കരിക്കുറുഞ്ഞി, അന്നചെമ്പാൻ, കല്ലുച്ചെമ്പാൻ, ചെഞ്ചമ്പാൻ, ഈർക്കിലിച്ചെമ്പാൻ, കേതമ്പി ചെമ്പാൻ, വെട്ടികുട്ടാടൻ, പാണ്ടി, ചെറുപ്പാണ്ടി, ആനക്കൊമ്പൻ, തുളുനാടൻ, ചെററാരിയൻ, മണലാരിയൻ, കറുത്ത കുറുവ, കുറുവ, പറമ്പൻ, ചെറിയ പറമ്പൻ, അയനി, ചെറിയാരിയൻ, പൊക്കാളി, ചെറുപൊക്കാളി, കൂര, കൊളവാഴ, വെള്ളകുട്ടാടൻ, സീത ഭോഗം, ഉഴുതുവിരട്ടി, എടക്കുറുമ, കാര, വശനം, ചെമ്പാവ്, ഇളകു ചെമ്പാവ്, ചീരകച്ചെമ്പാവ്, കൽക്കുമ്മായൻ, പൂങ്കാര, തിരുപ്പുകിൽ, കുങ്കുമചെമ്പാവ്, വെള്ളക്കാരു, എളക്കാരു, പുഴുകു ചെമ്പാവ്, ചെമ്പളം, പൂമ്പോള, മട്ടക്കാരു - ആകെ 87 തരം. ഒരേതരം വിത്ത്, പല പ്രദേശത്ത് പല പേരിലറിയപ്പെടുന്നതിനാൽ ഇതിൽ എണ്ണം പെരുകിയിട്ടുണ്ടാവാം. എന്നാലും ഏതാണ്ട് അമ്പതിലധികം തരത്തിലുള്ള നെൽവിത്തുകൾ ഇവിടെ ഉണ്ടായിരുന്നുവെന്നു തന്നെ കരുതണം.




243

## മാസംതോറുമുള്ള വർഷപാതം
## സ്ഥലം - ഏനാമാക്കൽ റെഗുലേററർ


| മാസങ്ങൾ 1985 | മി.മീ 1985 | മി. മീ 1986 | മി. മീ 1987 | മി. മീ 1988 | മി. മീ. 1989 | മി. മീ. 1990 | മി. മീ. 1991 | മി. മീ. 1992 | മി. മീ. 1993 | മി. മീ. 1994 | മി. മീ. 1995 |
|---|---|---|---|---|---|---|---|---|---|---|---|
| ജനുവരി | 23.2 | 5.4 | | | | | | | | 66.4 | |
| ഫെബ്രുവരി | 0.0 | 3.2 | | 2.0 | | | | | 45.6 | 3.8 | |
| മാർച്ച് | 0.8 | 5.6 | | 40.0 | 10.0 | | 13.0 | | 42.0 | 20.8 | 25.4 |
| ഏപ്രിൽ | 2.7 | 171.0 | 8.0 | 153.0 | 45.0 | 24.0 | 88.0 | 55.0 | 21.8 | 78.8 | 116.2 |
| മെയ് | 240.7 | 127.6 | 8.0 | 230.0 | 173.0 | 618.0 | 1110.0 | 277.0 | 284.0 | 70.0 | 474.6 |
| ജൂൺ | 928.2 | 725.4 | 938.0 | 715.0 | 720.0 | 490.0 | 1146.0 | 1016.0 | 903.4 | 1037.0 | 600.4 |
| ജൂലായ് | 419.8 | 284.4 | 290.0 | 499.0 | 500.0 | 622.0 | 763.0 | 753.0 | 810.2 | 898.6 | 722.4 |
| ആഗസ്ററ് | 361.0 | 346.2 | 464.0 | 546.0 | 258.0 | 225.0 | 467.0 | 344.0 | 148.6 | 502.0 | 427.4 |
| സെപ്തംബർ | 86.3 | 400.8 | 165.0 | 503.0 | 150.0 | 61.0 | 26.0 | 212.0 | 91.6 | 282.0 | 329.4 |
| ഒക്ടോബർ | 215 | 125.4 | 419.0 | 40.0 | 535.0 | 410.0 | 265.0 | 270.0 | 483.6 | 166.8 | 165.4 |
| നവംബർ | 33.6 | 203.6 | 269.0 | 8.0 | 89.0 | 75.0 | 127.0 | 347.0 | 100.4 | 42.4 | 97.8 |
| ഡിസംബർ | 105.4 | 57.0 | 65.0 | 35.0 | | 7.0 | | | 7.6 | | |
| ആകെ | 2437.7 | 2455.6 | 2626.0 | 2771.0 | 2480.0 | 2532.0 | 3006.0 | 3274.0 | 2938.8 | 3338.6 | 2959.0 |

1985 മുതൽ 1995 വരെയുള്ള 10 വർഷക്കാലത്തെ ശരാശരി വർഷപാതം 2754.39



| | | | | |
|---|---|---|---|---|
| ഭൂപ്രകൃതി | തീരസമതലം | ചെറിയ ചരിവ് | കുന്നിൻ മണ്ട | താഴ്‌വര |
| മൺതീരം | മണൽ, കളിമണ്ണ് | കളിമണ്ണ്, ചരൽ | വെട്ടുകല്ല്, പാറ | കളിമണ്ണ് കലർന്ന മണൽ |
| സസ്യാവരണം | നെല്ല്, തെങ്ങ് | തെങ്ങ്, ഫലവൃക്ഷങ്ങൾ | തെങ്ങ്, മാവ്, പ്ലാവ് | നെല്ല് |
| പരിസ്ഥിതി പ്രശ്നങ്ങൾ | വെള്ളക്കെട്ട് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | നെല്പാടം തൂർക്കുന്നു |

ട്രാൻസെക്ട്



## ഭൂവിനിയോഗം

- സമതലം
- തീര സമതലം
- കോൾ നിലങ്ങൾ
- ചതുപ്പു നിലങ്ങൾ

കൃത കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി നടത്തിയ ശ്രമങ്ങളും, കാഞ്ഞാണി ചന്ത, പരസ്പര സഹായ സംഘം, വ്യാപാര വ്യവസായ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ചതും എടുത്തു പറയേണ്ടവയാണ്.

1930 കളോടെ തന്നെ മണലൂരിൽ ആധുനിക വ്യവസായ വല്ക്കരണ ശ്രമങ്ങൾ നടന്നിട്ടുണ്ട്. കൊപ്രയാട്ടുന്നതിന് പുതിയ യന്ത്രചക്കുകൾ ഉപയോഗിച്ച് വ്യവസായസ്ഥാപനങ്ങൾ കണ്ടാശ്ശാങ്കടവിലും മണലൂരിലും സ്ഥാപിയ്ക്കപ്പെട്ടു. ബാങ്കിംഗ് സംവിധാനങ്ങളും രൂപപ്പെടുത്തിയിരുന്നു. പ്രധാനമായും ഇത്തരം പ്രവർത്തനങ്ങളിൽ ക്രിസ്ത്യൻ സമൂഹമാണ് ഇടപെട്ടു വന്നത്. കണ്ടശ്ശാങ്കടവിൽ നിന്നും തൃശൂരിലേക്ക് ആദ്യമായി ഒരു ബസ് സർവ്വീസും ഇക്കാലത്ത് ആരംഭിച്ചു. കൽക്കരി ഉപയോഗിച്ചാണ് അക്കാലത്ത് ബസ് പ്രവർത്തിച്ചിരുന്നത്.

കൊച്ചിരാജ്യത്ത് ആദ്യമായി സഹകരണ വകുപ്പിന് നിയമനിർമ്മാണം നടക്കുന്നത് 1913 കാലത്താണ്. മലയാളവർഷം 1088 ലെ 4-ാം റഗുലേഷൻ ആക്ട് 11-ാം വകുപ്പ് പ്രകാരം കാരമുക്ക് ഈഴവ പരസ്പര സഹായസംഘത്തിന് ശ്രീ. സി. വി. കുഞ്ഞയ്യപ്പൻ തുടങ്ങി 10 പേരുടെ അപേക്ഷകളിൽ രജിസ്ട്രേഷൻ നൽകി. 1091 തുലാം 15-ന് സംഘം നിലവിൽ വരികയും വൃശ്ചികം 24 വ്യാഴാഴ്ച മുതൽ സംഘം പ്രവർത്തനമാരംഭിക്കുകയും ചെയ്തു. 1950 -ൽ ജാതി സംഘങ്ങൾക്ക് വിലക്ക് കല്പിക്കുന്ന സർക്കാർ നയം വന്നതോടെ സംഘത്തിൻെറ ഈഴവ വിശേഷണം എടുത്തു കളയുകയും തുടർന്ന് 23-4-1961 - മുതൽ 16-ാം നമ്പർ കാരമുക്ക് പരസ്പര സഹായ സഹകരണ സംഘമായി ഇത് പ്രവർത്തനം തുടരുകയും ചെയ്തു.

ഇക്കാലത്തുതന്നെ കാരമുക്ക് കേന്ദ്രീകരിച്ച് 78-ാം നമ്പർ സഹകരണ സംഘം രൂപംകൊണ്ടിരുന്നു. പള്ള്യാനി കൊച്ചുണ്ണി കൈമൾ, കോടങ്കണ്ടത്ത് കൊച്ചാപ്പു മാസ്ററർ തുടങ്ങിയവർ ആണ് ഇതിനു നേതൃത്വം നല്കിയത്. 16-ാം നമ്പർ സഹകരണ സംഘത്തിൻെറ ജാതി ചേർത്ത പേരിനെതിരെ ഉണ്ടായ സ്വാഭാവിക പ്രതികരണമായിരുന്നു നായർ - ക്രിസ്ത്യൻ സംരംഭം എന്ന നിലയിൽ രൂപംകൊണ്ട ഈ സഹകരണ സംഘം.

കൊല്ലവർഷം 1092 - വൃശ്ചികം 1-ാം തിയ്യതി രജിസ്ററർ ചെയ്ത 31-ാം നമ്പർ മണലൂർ സർവ്വീസ് സഹകരണ സംഘം, ആദ്യകാലത്ത് മണലൂർ പരസ്പര സഹായ സഹകരണ സംഘം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. സംഘത്തിൻെറ ആദ്യ പ്രസിഡണ്ട് പഴങ്ങാപറമ്പിൽ ഇട്ടിനാരായണൻ നമ്പൂതിരി ആയിരുന്നു.

ഈ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മണലൂരിൻെറ സാമ്പത്തിക സാമൂഹിക ജീവിതത്തിൽ വലിയ പങ്കു വഹിക്കുന്നു.

കാഞ്ഞാണി തെക്കുഭാഗത്ത് കൊച്ചിരാജ്യത്തെ ഒരു വില്ലേജ് കോടതി പ്രവർത്തിച്ചിരുന്നു. ഇവിടെ 50 രൂപ വരെ വരുന്ന സിവിൽ കേസ്സുകളുടെ വ്യവഹാരം നടന്നിരുന്നു. ഇതിൻെറ ജഡ്ജുമാരായി മണലൂരിലെ നാട്ടു പ്രമാണിമാരെ ആദ്യകാലങ്ങളിൽ സർക്കാർ നോമിനേററു ചെയ്തിരുന്നു. 1974 ൽ വില്ലേജ് കോടതികൾ കൊച്ചിരാജ്യത്ത് നിർത്തലാക്കിയതിൻെറ ഭാഗമായി കാഞ്ഞാണിയിലെ വില്ലേജ് കോടതിയും നിർത്തലാക്കി.

സാമൂഹ്യ നവോത്ഥാന പ്രക്രിയയിൽ മണലൂരിൻെറ അന്തർസംഘർഷങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ഒട്ടനവധി സംഭവങ്ങൾ ശ്രദ്ധാർഹമാണ്. കാഞ്ഞാണിയിലെ ധനാഢ്യനായ ഒരു ഈഴവ കുടുംബത്തിലെ കാരണവർ തങ്ങളുടെ കാരമുക്കിലുള്ള സ്ഥലത്ത് ഒരു ക്ഷേത്രം പണിയുകയും അവിടെ പ്രതിഷ്ഠ നടത്തുന്നതിനായി ശ്രീനാരായണ ഗുരുവിനെ ബന്ധപ്പെടുകയും ചെയ്തു.

ക്ഷേത്രം ഇരിക്കുന്ന സ്ഥലം സ്വാമികളുടെ പേരിൽ തീറ് നല്കണമെന്ന് സ്വാമി ആവശ്യപ്പെട്ടു. നിബന്ധന പാലിച്ചതിനെ തുടർന്ന്, പ്രതിഷ്ഠ നടത്തുന്നതിനായി പരിവാരസമേതം ശ്രീനാരായണ ഗുരുസ്വാമി കാരമുക്കിൽ എത്തി. പ്രതിഷ്ഠക്കായി ഒട്ടനവധി വിഗ്രഹങ്ങളും, കുംഭകോണത്തു നിന്നും കൊണ്ടുവന്ന കുടുംബദേവതകളുടെ രൂപങ്ങളും തയ്യാർ ചെയ്തു വച്ചിരുന്നു. ക്ഷേത്രത്തിൽ പ്രവേശിച്ച സ്വാമി അവിടെ തയ്യാറാക്കിവെച്ചിരുന്ന ദേവ ബിംബങ്ങൾ എടുത്ത് പുറത്തേയ്ക്കെറിഞ്ഞു. ഒരു ബിംബത്തിന് മുകളിൽ കയറിനിന്നു പാദശുദ്ധി വരുത്തി. തുടർന്ന് ശ്രീ കോവിലിൽ


247

കയറി. മൂന്നുകവരമുള്ള ഓട്ടുവിളക്ക് നിർദ്ദിഷ്ട സ്ഥാനത്ത് പ്രതിഷ്ഠിച്ച് നെയ്തിരി തെളിയിക്കുകയും ചെയ്തു. ഈ പ്രവർത്തികണ്ട് രോഷം ഉള്ളിലടക്കി നിന്ന പ്രമാണിമാരേയും അവിടെ കൂടിയ ആളുകളെയും നോക്കിക്കൊണ്ട് സ്വാമികൾ ഉത്ബോധിപ്പിച്ചു. ''ഇത് കാരമുക്കല്ലേ, ഈ മുക്കിൽ ഇന്ന് കൊളുത്തിയ വിളക്ക് വെളിച്ചം വിതറട്ടെ ഇതെന്നും അണയാതിരിക്കട്ടെ.'' കൊല്ലവർഷം 1085 - ൽ ആണ് ഈ പ്രതിഷ്ഠ നടന്നത്. സ്വന്തം സമൂഹത്തിലെ അനാചാരങ്ങൾക്കെതിരെ പോരാടാൻ സമാന്തരവും, ദ്രാവിഡ മൂല്യാത്മകവുമായ ഒരു നവീന വിശ്വാസ പ്രമാണം പുനർവാർത്തെടുക്കുന്നതിനുള്ള ആഹ്വാനമായിരുന്നു സ്വാമികളുടെ ഇത്തരം പ്രവർത്തനങ്ങൾ.

മണലൂർ അയ്യപ്പൻ കാവ് ക്ഷേത്രത്തിൽ ആണ്ടുത്സവം കൊടികയറി അവസാനിക്കുന്ന ദിവസം നടന്ന 'ഈഴവലഹള' സ്മരണീയമാണ്. അയ്യപ്പൻ കാവു ക്ഷേത്രത്തിൽ ഉത്സവദിവസം പ്രവേശിക്കാവുന്ന പരിധി ലംഘിച്ച് ധിക്കാരികളായ ഈഴവ യുവാക്കൾ കടന്നുകയറി, ജാതിഹിന്ദുക്കൾക്കെതിരെ ശക്തമായ താക്കീത് നല്കി. ഇവർ പിന്നീട് ക്രൂരമായ പോലീസ് മർദ്ദനങ്ങൾക്കും ഇരയായി. 62 ഓളം കേസുകളിലും, ഉൾപ്പെടുത്തപ്പെട്ടു. ഈ സംഭവത്തിൽ ശ്രീ. സി. വി. കുഞ്ഞയ്യപ്പൻ, എ. പി. രാമൻ തുടങ്ങിയവരുടെ ഇടപെടൽ മൂലം തുടർന്നുണ്ടായ സമാധാന ശ്രമങ്ങൾ ശ്രദ്ധേയമാണ്. മണലൂരിൻെറ ജാതിവിരുദ്ധ സമരങ്ങളിലെ അവിസ്മരണീയ സംഭവങ്ങളിലൊന്നാണിത്. പുതുതായി ഉയർന്നു വന്നിരുന്ന സാമൂഹ്യ ശക്തികളുടെ സമരത്തിൻെറ പ്രകടിതരൂപങ്ങൾ ആയിരുന്നു ഇവ.

1940 കൾക്കുമുമ്പേ പാലാഴി രാമൻകായലിനടുത്തുള്ള മുണ്ടോ പാടം പ്രകൃതിദത്തമായി ഉപ്പു ശേഖരിക്കപ്പെട്ടിരുന്ന ഉപ്പുപാടമായിരുന്നു. കാലങ്ങളായി മണലൂർ, പാലാഴി, മാമ്പിള്ളി പ്രദേശങ്ങളിലെ ജനങ്ങൾ അവിടെ നിന്ന് ഉപ്പ് ശേഖരിച്ചു വന്നു. സർക്കാർ പുതുതായി ഏർപ്പെടുത്തിയ ഉപ്പു നിരോധന നിയമം അനുസരിച്ച്, മുണ്ടോപാടം ഉപ്പ് എടുക്കൽ നിരോധന മേഖലയായി. സർക്കാർ നിരോധനം ലംഘിച്ചുകൊണ്ടു തന്നെ പാലാഴിയിലെ ജനങ്ങൾ ഉപ്പ് കോരുകയുണ്ടായി. സർക്കാർ നിയമത്തിനെതിരെ ജനകീയ പ്രക്ഷോഭണമുണ്ടാവുകയും സാൾട്ട് ഉദ്യോഗസ്ഥന്മാരുമായി ഒരു സായുധ സംഘട്ടനം പൊട്ടിപ്പുറപ്പെടുകയും ചെയ്തു. കൂനത്ത് ഇണ്ണാമൻെറ നേതൃത്വത്തിലുള്ള ചെറുത്തുനില്പ് അവിസ്മരണീയമത്രെ.

പോർത്തുഗീസുകാരുടെ വരവിന് ശേഷം കേരളമാകെ സിറിയൻ കത്തോലിക്കാസഭയെ ലത്തീൻ വല്ക്കരിക്കുവാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. കേരള ചരിത്രത്തിൽ, പോർത്തുഗീസുകാരുടെ സമീപനങ്ങൾക്കെതിരെ ഉയർന്നുവന്ന 'കൂനൻ കുരിശു' കലാപം തദ്ദേശീയരായ ക്രിസ്തുമതവിശ്വാസികളുടെ സ്വാഭാവിക പ്രതികരണമാണല്ലൊ. സിറിയൻ ക്രിസ്ത്യാനികളെ ലത്തീൻ വല്ക്കരിക്കുന്നതിനെതിരായ ചലനങ്ങൾ കണ്ടശ്ശാങ്കടവിലും ഉണ്ടായി. പരമ്പരാഗത സിറിയൻ ക്രിസ്ത്യാനികൾ (ഇവരാണ് ഭൂരിപക്ഷം) സുറിയാനിഭാഷയിലാണ് മതകർമ്മങ്ങൾ ചൊല്ലിയിരുന്നതും, അനുഷ്ഠിച്ചിരുന്നതും. തങ്ങളുടെ അധികാരവും, ധനവും ഉപയോഗിച്ചുകൊണ്ടായിരുന്നു. പോർത്തുഗീസുകാർ ലത്തീൻ വല്ക്കരണത്തിന് ശ്രമിച്ചിരുന്നത്. എന്നാൽ കണ്ടശ്ശാങ്കടവിലെ ക്രിസ്ത്യൻ സമൂഹം അന്ന് പോർത്തുഗീസുകാർക്കെതിരെ നിന്ന തൃശൂർ ബിഷപ്പ് മേലൂസിനെ തങ്ങളുടെ ആത്മീയ പിതാവായി അംഗീകരിക്കുകയും പഴയ പള്ളി സിറിയൻ വിഭാഗത്തിൻേറതായി നിലനിർത്തുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് ഒരു വിഭാഗം ക്രിസ്ത്യാനികൾ ലത്തീൻ വിശ്വാസികളായി മാറുകയും ചെയ്തു. ഇവർ ഇന്നത്തെ കണ്ടശ്ശാങ്കടവ് ചന്ത നിലനില്ക്കുന്ന സ്ഥലത്ത് പുതിയ ഒരു ലത്തീൻ പള്ളി സ്ഥാപിച്ചുകൊണ്ട് പുതുവിശ്വാസം പ്രഖ്യാപിച്ചു. പോർത്തുഗീസു സ്വാധീനത്താലുണ്ടായ ഒരു ഭാഷാപ്രശ്നം മാത്രമായിട്ടാണ് (മേലൂസ് ശിശ്മ) ഇതുവരെ ഇതിനെ വിലയിരുത്തുന്നത്.

ഒരേ മതവിഭാഗത്തിന് ഒരേ സ്ഥലത്ത് രണ്ട് ആരാധനാലയങ്ങൾ ഉണ്ടായിവന്നതിൻെറ സാമൂഹ്യസമ്മർദ്ദങ്ങൾ എന്തെല്ലാമായിരുന്നെന്ന വിവരങ്ങൾ നമുക്ക് ലഭ്യമല്ല. എന്നാൽ ക്രിസ്ത്യൻ സമൂഹത്തിൻെറ വളർച്ചയെ തുടർന്ന് സമുദായത്തിനകത്ത് രൂപപ്പെട്ടിരുന്ന ആഢ്യരും അധ: കൃതരും തമ്മിലുണ്ടായിരുന്ന വൈരുദ്ധ്യം ഈ സംഭവത്തിന് വഴിയൊരുക്കാൻ സാധ്യത ഉണ്ടോ എന്നു പരി

ശോധിയ്ക്കാവുന്നതാണ്. താല്ക്കാലിക പ്രശ്നങ്ങൾക്കുശേഷം പൂർണ്ണമായും ലത്തീൻവിഭാഗങ്ങൾക്ക് കീഴടങ്ങുകയും പിന്നീട് കോടതി വിധി പ്രകാരം പഴയ പള്ളി ലത്തീൻ വിഭാഗത്തിൻെറ കൈവശം എത്തിപ്പെടുകയും ആണ് ഉണ്ടായത്.

മണലൂരിൻെറ സാമൂഹ്യ സംഘർഷങ്ങൾ സ്വാഭാവികമായും പിന്നീട് രാഷ്ട്രീയ സ്വാഭാവം കൈവരിക്കുന്നുണ്ട്. ദേശീയ സമരത്തിൽ നിയമലംഘനപ്രസ്ഥാനവും നിസ്സഹകരണ പ്രസ്ഥാനവും ശക്തിപ്പെട്ട ഇരുപതുകളിൽ തന്നെ മണലൂരിലും ദേശീയാവബോധത്തിൻെറ അലകൾ അടിച്ചുയർന്നിട്ടുണ്ട്.

കോഴിക്കോട് ഉപ്പു സത്യാഗ്രഹം നടന്നപ്പോൾ പ്രസ്ഥാനത്തിൻെറ തീവ്രാവേശവുമായി മണലൂരിൽ നിന്നും വെള്ളുരെ കുഞ്ഞാമുണ്ണി കയ്മൾ പങ്കെടുത്തു. എ. കെ. ഗോപാലനോടൊപ്പം സേലം ജയിലിൽ 9 മാസക്കാലം തടവുശിക്ഷ അനുഭവിച്ചു. അക്കാലത്തെ ദേശീയ പ്രസ്ഥാനത്തിൻെറ പ്രാദേശിക പ്രയോക്താവായിരുന്ന ശ്രീ. തോട്ടുങ്കൽ ഫ്രാൻസീസ് സ്മരണീയനാണ്.

1930 കളിൽ മണലൂരിലെ ചെറുപ്പക്കാർ, മണലൂർ യുവജനസമിതി പൊതുവായനശാല രൂപീകരിച്ച്, കോൺഗ്രസ് പ്രവർത്തനത്തിൻെറ ഭാഗമായി, ഖാദി ധരിക്കലും, പ്രചരണവും, ഹിന്ദി ക്ലാസ്സുകൾ സംഘടിപ്പിക്കലും നടത്തിയിട്ടുണ്ട്.

കൊച്ചിയിലെ പ്രജാമണ്ഡലത്തിൻെറ പ്രവർത്തനത്തിലും സജീവമായിരുന്നു മണലൂർ. പിൽക്കാലത്ത് കെ. പി. സി. സി. ജനറൽ സെക്രട്ടറിയായിരുന്ന കെ. വാസുപ്പണിക്കർ, ഇദ്ദേഹത്തിൻെറ സഹപ്രവർത്തകരായ തോപ്പിൽ അന്തോണി മാസ്ററർ, ടി. എഫ്. ദേവസ്സി തുടങ്ങിയവർ സ്മരണീയരത്രെ.

മണലൂരിൻെറ കാർഷികമേഖല കേരളത്തിൻെറ പൊതു കാർഷിക അവസ്ഥയിൽ നിന്നും ഭിന്നമല്ല. കൃഷിയിടങ്ങളുടെ ജന്മാവകാശം, ക്ഷേത്രങ്ങളുടേയും നമ്പൂതിരി ഇല്ലങ്ങളുടേതുമായിരുന്നു.

വെറും പാട്ടം എന്ന നിലയിൽ കൃഷിക്കായി നിലം കുടിയാന്മാർക്ക് നല്കി. അവരിൽ നിന്നും ഒരു നിശ്ചിത അളവ് നെല്ല് പാട്ടമായി സ്വീകരിക്കുന്ന ഒരു പൊതു രീതിയായിരുന്നു നിലനിന്നിരുന്നത്. 1908 - ൽ പ്രസിദ്ധീകരിച്ച സർവ്വേ സെററിൽമെൻറ് രജിസ്ററർ പ്രകാരം 2308.07 ഹെക്ററർ പ്രദേശത്ത് നെൽകൃഷി ഉണ്ടായിരുന്നു. കേരളത്തിൻെറ ഇതര പ്രദേശങ്ങളിൽ ഉയർന്നുവന്ന കുടിയാന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള കർഷക പ്രസ്ഥാനത്തിൽ മണലൂരിൻെറ സംഭാവന അവഗണിക്കാനാവാത്തതാണ്.

ഈ പ്രസ്ഥാനങ്ങൾക്കാമുഖമായി മണലൂർ - അന്തിക്കാട് മേഖലയിൽ സംഘടിത തൊഴിലാളി പ്രസ്ഥാനം ഉയർന്നു വന്നു. 1940 - ൽ അന്തിക്കാട് -മണലൂർ മേഖലയിൽ ''ഏനാമാവ് - പെരിങ്ങോട്ടുകര ചെത്തു തൊഴിലാളി യൂണിയൻ'' ആരംഭിച്ചു. ഇക്കാലത്തു തന്നെ ഇവിടെ ശ്രീ. കെ. എ. ഉണ്ണിയുടെ നേതൃത്വത്തിൽ കമ്യൂണിസ്ററുപാർട്ടി രൂപീകരിച്ചിരുന്നു.

ചെത്തുതൊഴിലാളികളെ സംഘടിപ്പിക്കുന്നതിനും, സമരസജ്ജരാക്കുന്നതിനും ശ്രീ. ജോർജ്ജ് ചടയൻമുറിയുടെ ഉജ്ജ്വല നേതൃത്വം സ്മരണീയമാണ്. പുഴുക്കളെപ്പോലെ ചവിട്ടിയരക്കപ്പെട്ട ജനസമൂഹത്തെ മനുഷ്യരാക്കി ഉയർത്തിയെടുക്കുന്നതിന് ചെത്തുതെഴിലാളി യൂണിയന് കഴിഞ്ഞു.

ഐതിഹാസിക മാനത്തിലേക്കുയർത്തപ്പെട്ട സമരങ്ങളായിരുന്നു 1942, 47 കാലങ്ങളിൽ നടന്ന ഇവിടത്തെ ചെത്തു തൊഴിലാളി സമരങ്ങൾ. തൊഴിലാളികളുടെ അഭിശപ്തമായ ജീവിതാവസ്ഥക്കെതിരായ അവരുടെ സ്വയം പ്രതിരോധമായിരുന്നു ഈ സമരം. ഈ സമരത്തിൽ മണലൂരു നിന്നും സി. കെ. രാഘവൻ, പാലാഴിയിൽ നിന്നും കെ. കെ. ശങ്കരൻ തുടങ്ങിയവർ രക്തസാക്ഷികളായി.

ചെത്തുതൊഴിലാളികൾ അവരുടെ സാമൂഹ്യവും, സാമ്പത്തികവുമായ അവശതകൾക്കെതിരെ ഉയർത്തിയ സമരം സാമ്രാജ്യത്വത്തിനെതിരെ, ജന്മിത്തത്തിനെതിരെ, അമേരിക്കൻ മോഡൽ ഭരണത്തിനെതിരെ നടന്നിരുന്ന സമരങ്ങളോട് കണ്ണിചേർത്തിരുന്നു.



249

ഭരണകൂടത്തെ അട്ടിമറിക്കാൻ ശ്രമിച്ചു എന്ന കുററം ചുമത്തി തൊഴിലാളികളെ ക്രൂരമായി മർദ്ദിക്കുകയും നിരവധി കേസുകളിൽ ഉൾപ്പെടുത്തി ജയിലിലടച്ചും, കർഫ്യൂ ഏർപ്പെടുത്തിയും ഭരണകൂടം സമരത്തെ നേരിടുകയും ചെയ്തു.

ഐതിഹാസികമായ ഈ സമരത്തിനു നേതൃത്വം നല്കിയവർ, കെ. പി. പ്രഭാകരൻ, എൻ. സി. ശങ്കരൻ, കെ. ഈശൻ തുടങ്ങിയവരായിരുന്നു.

ചെത്തുതൊഴിലാളി സമരത്തിൻെറ സ്വാഭാവിക സ്വാധീനം, മററിതര ജനവിഭാഗങ്ങളെ സജീവമാക്കി. കർഷകസംഘം, ബാലസംഘം, മഹിളാസംഘം തുടങ്ങിയ ബഹുജനസംഘടനകൾ ഇക്കാലത്തു ഉയർന്നു വരികയുണ്ടായി. കൃഷി ഭൂമി കൃഷിക്കാരന്, ജന്മിത്വം തുലയട്ടെ, ബ്രിട്ടീഷുകാർ ഇന്ത്യ വിടുക തുടങ്ങിയ മുദ്രാവാക്യങ്ങളുടെ അടിസ്ഥാനത്തിൽ, മണലൂരിലെ കൃഷിക്കാരും സംഘടിക്കപ്പെട്ടു. ഇ. ഗോപാലകൃഷ്ണമേനോൻ, കെ. കെ. വാര്യർ, എ. വി. ആര്യൻ, പി. എസ്. എൻ. നമ്പൂതിരി തുടങ്ങിയ കർഷക നേതാക്കളുടെ സജീവ സാന്നിദ്ധ്യം കൊണ്ട് സമ്പന്നമായിരുന്നു മണലൂർ.

1950 കാലങ്ങളിൽ കനോലികനാലിൻെറ തീരപ്രദേശങ്ങളിലെ മുഖ്യതൊഴിൽ തൊണ്ടു ചീയ്ക്കലും, ചകിരി തല്ലി നാരെടുക്കലുമായിരുന്നു. നിരക്ഷരരായിരുന്ന ബഹുഭൂരിപക്ഷം തൊഴിലാളികൾ, പലവിധ ചൂഷണങ്ങൾക്കും വിധേയരായിരുന്നു.

അമ്പതുകളിൽ നടന്ന ചകിരി തൊഴിലാളികളുടെ ഉജ്ജ്വല സമരം, മണലൂരിൻെറ സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിൽ വലിയ സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്. സ്ത്രീകളുടെ പങ്കാളിത്തം ഏറെ ഉണ്ടായിരുന്ന അപൂർവ്വം സമരങ്ങളിൽ ഒന്നായിരുന്നു ഇത്. കേരളത്തിലെ നിരവധി കമ്മ്യൂണിസ്ററു നേതാക്കൾ ഈ സമരത്തിൽ ബന്ധപ്പെട്ടിട്ടുണ്ട്. ശ്രീ. ആർ. സുഗതൻെറ പേർ പ്രത്യേകം സ്മരിക്കേണ്ടതാണ്.

ധീരതയുടെ മനുഷ്യരൂപമായിരുന്ന കാരാമാക്കൽ പുഷ്പാംഗദൻെറ നേതൃത്വം ഈ അവസരത്തിൽ സ്മരിക്കപ്പെടേണ്ടതാണ്. ശ്രീ കുററുക്കാരൻ ദേവസിയായിരുന്നു ചകിരി തൊഴിലാളി യൂണിയൻെറ പ്രസിഡണ്ട്. ശ്രീ. ടി. കെ. പുരുഷോത്തമൻ, വി. വി. രാഘവൻ തുടങ്ങിയ നേതാക്കളുടെ സജീവ നേതൃത്വം ഈ സമരങ്ങൾക്കുണ്ടായിരുന്നു.

1952 - ൽ കണ്ടശ്ശാങ്കടവിലെ ഓട്ടുകമ്പനി തൊഴിലാളികൾ നടത്തിയ സമരം ശ്രദ്ധാർഹമാണ്. ഇതിനുനേതൃത്വം നല്കിയ ഇന്നത്തെ ദേശീയ നേതൃത്വനിരയിലുള്ള ശ്രീ. കെ. കരുണാകരൻെറ സജീവസാന്നിദ്ധ്യം മണലൂരിൽ ഉണ്ടായിട്ടുണ്ട്.

എഴുപതുകളിൽ കെട്ടുതെങ്ങ് നേടുന്നതിനുവേണ്ടിയും, കുടികിടപ്പവകാശങ്ങൾക്കുവേണ്ടിയും നടന്ന കർഷക തൊഴിലാളി സമരങ്ങൾ മിച്ചഭൂമി പിടിച്ചെടുക്കുന്നതിനായി സംഘടിപ്പിയ്ക്കപ്പെട്ട സമരങ്ങൾ മണലൂരിൻെറ സാമൂഹിക വികാസത്തിൽ വലിയ പങ്കുവഹിച്ചിരുന്നു.

കേരള നിയമസഭയിൽ വിദ്യാഭ്യാസ ബില്ല് അവതരിപ്പിച്ചു കൊണ്ട് ലോകശ്രദ്ധ ആകർഷിച്ച പ്രൊ. ജോസഫ് മുണ്ടശ്ശേരിക്ക് ജന്മം നല്കിയ നാടാണിത്. വിദ്യാഭ്യാസ വിചക്ഷണനും, സഹകാരിയും, ഗ്രന്ഥകാരനും, ഭാഷയിലെ ഒരു പുതിയ വിമർശനരീതിയുടെ ഉപജ്ഞാതാവുമായിരുന്നു മുണ്ടശ്ശേരി. അദ്ദേഹത്തിൻെറ സഹകരണ രംഗത്തെ സഹപ്രവർത്തകനായിരുന്നു ശ്രീ. പുത്തേഴത്ത് മാധവമേനോൻ.


കൊച്ചി നിയമസഭാംഗവും, ഹൈക്കോടതി ജഡ്ജിയും, സർവ്വാധികാര്യക്കാരും, സാഹിത്യക്കാരനും, സാഹിത്യഅക്കാദമി പ്രസിഡൻറുമായിരുന്ന പുത്തേഴത്ത് രാമൻ മേനോൻ മണലൂർ സ്വദേശിയായിരുന്നു. വ്യാസമഹാഭാരതം ഭാഷയിലേക്ക് ഗദ്യരൂപത്തിൽ വിവർത്തനം ചെയ്ത വിദ്വാൻ കെ. പ്രകാശം, സംയുക്തസോഷ്യലിസ്ററ് പാർട്ടി സംസ്ഥാന പ്രസിഡണ്ട്, കേരള നിയമസഭാംഗവും, മന്ത്രിയുമായിരുന്ന ശ്രീ. ഒ. കോരൻമാസ്ററർ, പ്രജാസോഷ്യലിസ്ററു പാർട്ടി നേതാവായിരുന്ന ബി. സി. വർഗ്ഗീസ് തുടങ്ങിയവരുടെ ജന്മംകൊണ്ടും പ്രവർത്തനം കൊണ്ടും സമ്പന്നമാണ് മണലൂർ.



250



MANALUR PANCHAYAT
MC
CO
P2
MC


MANALUR PANCHAYAT
ASSET MAP

# ഏനാമാക്കൽ പ്രവൃത്തി

കൊച്ചിരാജ്യത്തിലെ ഒരു പ്രവൃത്തിയായിരുന്നു ഏനാമാക്കൽ പ്രവൃത്തി. ഇന്നത്തെ ബ്ലോക്ക് പഞ്ചായത്തിൻെറ പേരിനുപകരം അന്ന് ഉപയോഗിച്ചിരുന്ന പദമായിരുന്നു പ്രവൃത്തി. ഏനാമക്കൽ പ്രവൃത്തിയിൽ 15 വില്ലേജുകൾ ഉൾപ്പെട്ടിരുന്നു. മണലൂർ, കാരമുക്ക് വില്ലേജുകൾ ചേർന്ന് രൂപം കൊണ്ട മണലൂർ പഞ്ചായത്ത് ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടതായിരുന്നു. (Ward and Conner Memoir of The Survey of Travancore and Cochin. Vol. 2 1816-1820)ഏനാമാക്കൽ പ്രവൃത്തിയെകുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ താഴെ ചേർക്കുന്നു. തുടർന്നുവരുന്ന വിവിധ വിഷയങ്ങളെ കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾക്ക് ഇത് സഹായകമാകും. ഈ വിവരങ്ങൾ വൈകികിട്ടിയതുകൊണ്ട് ഇതുമായി താരതമ്യം ചെയ്തുകൊണ്ടുള്ള ഒരു പഠനത്തിന് ഇവിടെ കഴിഞ്ഞിട്ടില്ല.

**പട്ടണങ്ങൾ, അങ്ങാടികൾ :** കണ്ടശ്ശാംകടവ്, പുത്തൻപീടിക, കാഞ്ഞാണി എന്നിവയാണ്. കച്ചവടക്കാരിൽ ക്രിസ്ത്യാനികളാണ് മുഖ്യം.

**കൃഷി :** നെൽകൃഷിയാണ് പ്രധാനം. കായലിൻെറ കരയോട് ചേർന്നുള്ള ഭാഗങ്ങളിൽ വേനൽക്കാലത്ത് കൃഷി ചെയ്തിരുന്നു. ഈ കൃഷിയിടങ്ങൾ കടൽവെള്ളം കയറി നശിക്കാതിരിക്കാനായി ഏനാമാക്കലിൽ ഒരു കെട്ട് വർഷംതോറും ഉണ്ടാക്കാറുണ്ട്. വളരെയേറെ അദ്ധ്വാനം ആവശ്യമായി വരുന്ന ഒരു ജോലിയാണ് ഇത്. പണ്ട് ഇവിടെ ഒരു സ്ഥിരം കെട്ട് ഉണ്ടായിരുന്നുവെന്നും മലബാറിലെ പഴയ കളക്ടർമാരിൽ ആരോ അത് പൊളിച്ചുകളഞ്ഞുവെന്ന് ജനങ്ങൾ വിശ്വസിക്കുന്നു.

തെങ്ങ്, കവുങ്ങ്, കൊടപ്പന എന്നിവയാണ് മററു മുഖ്യ കൃഷികൾ. പലതരത്തിലുള്ള പച്ചക്കറികളും കൂട്ടത്തിലുണ്ട്.

**കാലിവളർത്തൽ:** പടിഞ്ഞാറൻ ഭാഗത്ത് കന്നുകാലി വളർത്തൽ വളരെ ദുർലഭമാണ്. കിഴക്കോട്ടു നീങ്ങുംതോറും പശു, കാള, പോത്ത്, എരുമ എന്നിവയും അപൂർവ്വമായി ആടുകളും വളർത്തപ്പെടുന്നുണ്ട്.

**ഗതാഗതം :** എടുത്തുപറയത്തക്ക റോഡുകൾ ഏനാമാക്കൽ പ്രവൃത്തിയിൽ ഇല്ല. സഞ്ചാരം മുഖ്യമായും ജലമാർഗ്ഗം തന്നെയാണ്. പുഴയും , കായലും എല്ലാ ഭാഗത്തും വ്യാപിച്ചുകിടക്കുന്നതിനാൽ ജലഗതാഗതത്തിന് തടസ്സങ്ങളില്ല.

| | |
|---|---|
| വില്ലേജുകൾ | : 15 |
| ആകെ വിസ്തീർണ്ണം | : $12^1/_4$ ചതുരശ്ര മൈൽ. |
| നെൽകൃഷിയിടങ്ങൾ | : $4^3/_4$ ചതുരശ്ര മൈൽ |
| ജനസാന്ദ്രത ചതു. മൈൽ 1ന് | : 382 പേർ |
| വീടുകളുടെ എണ്ണം | : 868 |
| തെങ്ങ്, കവുങ്ങ്, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങൾ | : 23436 എണ്ണം |
| കലപ്പ, കൈക്കോട്ട് തുടങ്ങിയ കാർഷിക ഉപകരണങ്ങൾ | : 549 |
| പശു, പോത്ത്, എരുമ തുടങ്ങിയവ | : 1130 |
| ചാരായക്കടകളും, കള്ള് വില്പന സ്ഥലങ്ങളും | : 33 |
| കുളങ്ങൾ, കിണറുകൾ എന്നിവ | : 446 |
| ആരാധനാ സ്ഥലങ്ങൾ (പല വിഭാഗത്തിലും പെട്ടവ) | : 339 |
| വഴിയമ്പലം, ഊട്ടുപുര, ചൗക്കികൾ തുടങ്ങിയ പൊതു കെട്ടിടങ്ങൾ | : 14 |

അവലംബം : Ward & Conner - Memoir of the Survey of Travancore & Cochin - Govt. of Kerala- 1994. Vol II PP-266.



254

സാദ്ധ്യതകൾ

1. അത്യുൽപാദനശേഷിയുള്ള കന്നുകാലികളെ ലഭിക്കുവാൻ പ്രീമിയം ബുൾ ബീജപദ്ധതി നടപ്പിലാക്കുക.

2. കനനുകാലികളുടെ ശരിയായ പരിചരണത്തിന്ന് പശുക്കുട്ടികളുടെ ഗർഭധാരണത്തിന്നും വേണ്ടതായ ഔഷധങ്ങൾ, മെച്ചപ്പെട്ട തീററകൾ പ്രതിരോധ കുത്തിവെപ്പുകൾ എന്നവ സൗജന്യനിരക്കിൽ ലഭ്യമാക്കിയാൽ മൃഗസംരക്ഷണത്തിന്ന് പ്രേരണയാകും.

3. പാൽ ദൗർലഭ്യം മാററിയെടുക്കുവാനും പഞ്ചായത്തിലെ എല്ലാവർക്കും ശുദ്ധമായ പാൽ ലഭിക്കുവാനും ഒരു വീട്ടിൽ ഒരു പശു എന്നു സ്കീമും ചെറുകിട ഡയറി യൂണിററുകളും. ചെറുകിട എരുമ യൂണീററും നടപ്പിലാക്കണം.

4. മാംസത്തിന്നും പാലിന്നും വേണ്ടി നല്ലയിനം ആടു കൃഷി പഞ്ചായത്തിൽ കാര്യക്ഷമമാക്കുവാൻ ആടു വളർത്തൽ യൂണിററുകൾ നടപ്പിലാക്കാവുന്നതാണ്.

5. വയലോര പ്രദേശങ്ങളിൽ തെരഞ്ഞെടുത്ത കർഷകർക്ക് മാംസാവശ്യത്തിനായി മേൽത്തരം വരിയുടച്ച കാളക്കുട്ടികളെ വളർത്തുന്ന യൂണിററുകൾ സ്ഥാപിച്ച നടപ്പാക്കാവുന്നതാണ്.

6. മുട്ടക്കോഴികളുടെ ഉൽപാദന ക്ഷമത കൂട്ടുന്നതിനും മുട്ടയുൽപാദനത്തിൽ സ്വയം പര്യപ്തത കൈവരിക്കാനും സഹകരണാടിസ്ഥാനത്തിൽ. പുതിയ സംരംഭങ്ങൾ തുടങ്ങി പൊതുജനസഹായത്തോടെ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

7. കായലോരം, വയലോരം എന്നിവടങ്ങളിൽ കൂടുതൽ മുട്ടത്താറാവു വളർത്തൽ നടപ്പാക്കാവുന്നതാണ്. മണലൂർ പഞ്ചായത്തിൽ അതിന് അനുകൂല സാഹചര്യങ്ങൾ നിലനില്ക്കുന്നുണ്ട്.

8. കാടപ്പക്ഷി വളർത്തി വിപണനം നടത്തുന്ന യൂണിററ് കുറഞ്ഞ ചെലവിൽ സംഘടിപ്പിക്കാവുന്ന സംരംഭമാണ്.

9. ചെറിയ കോഴിക്കുഞ്ഞുങ്ങളുടെ ഹാച്ചറികളിൽ നിന്നും വാങ്ങിവളർത്തി വലുതാക്കിക്കൊടുക്കുന്ന യൂണിററ് സംഘടിപ്പിക്കാവുന്നതാണ്.

10. മേൽത്തരം ഇറച്ചിക്ക് മുയലുകളെ വളർത്തുന്ന രീതിയും വ്യാപകമാക്കണം. തുകൽ വ്യവസായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്താം.

11. ഓമനമൃഗ-പക്ഷി വളർത്തു യൂണിററുകൾ ആവശ്യമാണ്.

12. ആടുകൾക്ക് തീറ ലഭ്യത ഉറപ്പു വരുത്താൻ പ്ലാവ് വേങ്ങ സുബാബുൾ മുതലായവയുടെ തൈകൾ വിതരണം. സോഷ്യൽ ഫോറസ്ററി മുഖേന നടപ്പാക്കാവുന്നതാണ്.

13. ഗുണനിലവാരമുള്ളതും മെച്ചപ്പെട്ടതുമായ മാംസലഭ്യത ഉറപ്പുവരുത്തുവാനും ഉരുക്കളെ പരിശോധിച്ച് കശാപ്പു ചെയ്യുന്ന ആധുനിക രീതിയിലുള്ള കശാപ്പുശാലയും അതിനോടനുബന്ധിച്ചൽ രക്തം, എല്ല്, കുളമ്പ്, കൊമ്പ് തുകൽ, കുടൽ മുതലായവ ഗുണപരമായ രീതിയിൽ സംസ്ക്കരിച്ചെടുക്കാവുന്ന പ്രോസ്സസിങ്ങ് യൂണിററ് തുടങ്ങാവുന്നതാണ്. അല്ലെങ്കിൽ ജില്ലാടിസ്ഥാനത്തിൽ വിപുലമായ ഒരു യൂണിററ് സംഘടിപ്പിക്കാവുന്നതാണ്.

14. ഒരു മാസ്ററർ പോളിസി

എല്ലാ ക്ഷീരകർഷകർക്കും അവരുടെ മൃഗങ്ങളെ സൗജന്യനിരക്കിൽ മാസ്ററർ പോളിസി വഴി ഇൻഷുറൻസ് പദ്ധതിയിൽപ്പെടുത്താവുന്നതാണ്.

15. പരാദരോഗങ്ങളുടെ കാര്യക്ഷമമായ നിർമ്മാർജ്ജനത്തിന്നും നിയന്ത്രണത്തിന്നും ആവശ്യമായ പദ്ധതികൾ. (മരുന്നുകൾ, രാസവസ്തുക്കൾ) പൊതുപരിപാടിയുടെ അടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ്.

16. പേ വിഷനിർമ്മാർജ്ജനത്തിനുള്ള വാക്സിൻ സൗജന്യനിരക്കിൽ ലഭ്യമാക്കുകയും ലൈസൻസിങ്ങ് സമ്പ്രദായം കർശനമായും നടപ്പിലാക്കുകയും തെരുവുപട്ടികളെ സമയാസമയങ്ങളിൽ നശിപ്പിക്കുകയും വേണം. ഇതിനുള്ള വളർത്തുനായ്ക്കൾക്ക് ലൈസൻസിങ്ങ് സമ്പ്രദായം ഏർപ്പെടുത്തി വാക്സിനുള്ള പണം കണ്ടെത്താവുന്നതാണ്.

17. മണലൂർ മൃഗസംരക്ഷണകേന്ദ്രത്തിന് സൗകര്യമുള്ളതും ഉറപ്പുള്ളതുമായ കെട്ടിടം, ലബോറട്ടറി, ടെലഫോൺ, മൃഗങ്ങളെ ആശുപത്രിയിൽ നിർത്തി ചികിത്സിക്കുന്ന പദ്ധതി, കൂടുതൽ ജീവനക്കാർ എന്നിവയും രാവിലെ 8 മണി മുതൽ വൈകിയിട്ട് 6 മണിവരെ ലഭ്യമാക്കുകയും ചെയ്താൽ മൃഗസംരക്ഷണരംഗത്തെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാകും.

18. മണലൂർ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തനപരിധി ഈ പഞ്ചായത്ത് മുഴുവൻ ലഭിക്കുന്നവിധം വ്യാപകപ്പെടുത്തേണ്ടതാണ്.

19. മൃഗസംരക്ഷണത്തിന്നു തെരഞ്ഞെടുക്കുന്ന കർഷകർക്ക ആവശ്യമായ സാങ്കേതിക പരിശീലനപ്പരിപാടി നടപ്പാക്കുകയും, ആവശ്യമായ ക്ഷീരകർഷകർക്ക് വേണ്ടതായ ധനസഹായം ഉറപ്പു വരുത്തുകയും ചെയ്യാവുന്നതാണ്.



255

20. കന്നുകാലി മേളകൾ, വന്ധ്യതാനിവാരണ - ഗോരക്ഷാ കേമ്പ് നടപ്പിലാക്കുകയും കൂടുതൽ ഗുണമുള്ള മരുന്നുകൾ ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്.

21. പ്രോത്സാഹനമെന്നനിലയിൽ നല്ല ക്ഷീരകർഷകനെ തെരഞ്ഞെടുത്ത് അവാർഡുകൊടുത്ത് അംഗീകരിക്കാവുന്നതാണ്.

22. ബയോഗ്യാസ് പ്ലാൻറുകൾ കൂടുതൽ ധനസഹായത്തോടെ നടപ്പിൽ വരുത്താവുന്നതാണ്.

23. ആവശ്യക്കാർക്ക് കൂടുതൽ സാങ്കേതികവിദ്യയുള്ളതും കാര്യക്ഷമമായതുമായ കാളവണ്ടികൾ ലഭിക്കാൻ വേണ്ടഅടനടപടി സ്വീകരിക്കാവുന്നതാണ്.

24. കണ്ടശ്ശാംകടവ് മാർക്കററിലെ മാംസം - മത്സ്യം - പച്ചക്കി വെയിസ്ററും ഉപയോഗിച്ച് നല്ലനിലയിൽ ഒരു പന്നി വളർത്തൽ കേന്ദ്രം. പ്രവർത്തനമാക്കാം. പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കണം. ആധുനിക രീതിയിലുള്ള ഒരു അറവുശാല സ്ഥാപിക്കാവുന്നതാണ്. ഇതിനോടനുബന്ധിച്ച് മുൻപറഞ്ഞ പ്രോസസ്സിങ്ങ് യുണിററ് നടപ്പാക്കാവുന്നതാണ്.

## ഉല്പാദിപ്പിക്കുന്ന പാൽ

| ഇനം | കറവമാടുകളുടെ എണ്ണം | ശരാശരി പാലിൻെറ ലഭ്യത | ലഭിക്കുന്ന ദിനം | ആകെ |
|---|---|---|---|---|
| സങ്കരയിനം | 347 | 5.5ലി. | 300 | 372550 ലി. |
| നാടൻ | 137 | 1.8 ലി. | 300 | 73980 ലി. |
| ആകെ | 484 | 7.3 ലി. | 300 | 646530 ലി. |

## ഉല്പാദിപ്പിക്കുന്ന മുട്ട

| ഇനം | മുട്ടക്കോഴികളുടെ എണ്ണ | ശരാശരി മുട്ട | ആകെ |
|---|---|---|---|
| നാടൻ | 6559 | 30 | 196770 |
| സങ്കരം | 184 | 100 | 18400 |
| ആകെ | 6743 | | J215170 |



256

## ആവശ്യമുള്ള പാൽ - മുട്ട

| ഇനം | ജനസംഖ്യ | ഒരാൾക്ക് ഒരു ദിവസം | ഒരുവർഷം |
|---|---|---|---|
| പാൽ | 33000 | 284 ഗ്രാം | 34,20780 ലി. |
| മുട്ട | 33000 | .5 | 6000000 |

## കൃത്രിമ ബീജസങ്കലനം

| ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 ലധികം തവണ ബീജ സങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 3408 | 3270 | 138 |
| കിടാരി | 2593 | 2353 | 240 |
| എരുമ | 119 | 104 | 15 |

# മത്സ്യബന്ധനം

മനുഷ്യാഹാരത്തിന് ലഭ്യമായതിൽ വെച്ചേററവും ചെലവു കുറഞ്ഞതും പോഷക സമ്പുഷ്ടവുമാണ് മത്സ്യം. കരയിലെ ഭക്ഷക്ഷാമത്തെ അതിജീവിക്കുവാൻ കഴിയുക തീർച്ചയായും ജലാശയങ്ങളിലെ ഭക്ഷ്യവിഭവങ്ങള ആശ്രയിച്ചു കൊണ്ടായിരിക്കും. സാധാരണക്കാരൻെറ ഏററവും പ്രധാനപ്പെട്ട ഈ പോഷകാഹാരം ഇന്ന് അന്യമായിരിക്കുന്നു. ഈ രംഗത്തുള്ള വിദേശ ശക്തികളുടെ ബോധപൂർവ്വമായ ഇടപെടൽ ഇത്തരം ഒരു വഴിമാററത്തിന്ന് കാരണമായിക്കാണുന്നത്. ഈ മേഖലയിലെ വാണിജ്യവൽക്കരണം വിവേചനമില്ലാതെ മത്സ്യസമ്പത്ത് കൊള്ളയടിക്കപ്പെടാനിടയായി. ഇത് ഉയർത്തുന്ന രണ്ടു പ്രധാന പ്രശ്നങ്ങൾ ഉണ്ട്. (1) ജൈവശൃംഗലയിൽ വരുത്തുന്ന നാശം. (2) സാധാരണക്കാരനിലുണ്ടായ പോഷകാഹാരക്കുറവ്. അതുകൊണ്ട് ഈ മേഖലയിലെ പുനരുല്പാദന പ്രക്രിയ മ ശ്രമകരമാണെങ്കിൽ പോലും സമൂഹ്യബാദ്ധ്യതയായി ശ്രമകരണമാണെങ്കിൽ പോലും സാമൂഹ്യബാദ്ധ്യതായി ഏറെറടുത്തെങ്കിൽ മാത്രമെ നമുക്ക് നിലനില്ക്കാൻ പററൂ. അുകൊണ്ട് ഒരുതൊഴിലവസരം എന്നതോടൊപ്പം ജൈവസന്തുലിതാവസ്ഥക്കുവേണ്ടിയുള്ള പുനസൃഷ്ടിയായി ഇതിനെ കാണാവുന്നതാണ്.

മണലൂർ പഞ്ചായത്ത് ജലസമൃദ്ധമാണ് മുന്ന് ഭാഗവും പുഴകളാൽ ചുററപ്പെട്ടിരിക്കുന്ന നിരവധി കായലുകളും, കുളങ്ങളും തോടുകളും ചതുപ്പുനിലങ്ങളും, പാടങ്ങളും നിറഞ്ഞ ഒരു ജലസമ്പത്ത് ഇവിടെയുണ്ട്. അതുകൊണ്ട് മത്സ്യകൃഷിക്ക് വികസനോന്മുഖമായ പശ്ചാത്തല സൗകര്യമുണ്ട്. എന്നിരുന്നിട്ടും മത്സ്യബന്ധനം ഒരു തൊഴിലായി സ്വീകരിച്ച ജനവിഭാഗം ഈ പശ്ചാത്തലത്തിൽ വളരെ കുറവുമാത്രമാണുള്ളത്. അതുകൊണ്ട് ഈ മേഖലയിൽ ചർച്ച ചെയ്യപ്പെടാനുള്ള പ്രശ്നങ്ങൾ നിലനില്ക്കുന്നില്ല. എന്നാൽ സാദ്ധ്യതകൾ ഏറെയുണ്ട്.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൽ 8-ാം വാർഡിൽ കനോലികനാലിനോട് ബന്ധപ്പെട്ട 10 ഏക്ര വരുന്ന ഒരു കൈച്ചാലുണ്ട്; അതിന്ന് ബണ്ടും, ചീപ്പും തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തി ചെമ്മീൻ കൃഷി നടത്താവുന്നതാണ്.

2. രാമൻ കായൽ (4 ഏക്കർ) കൃഷ്ണൻ കായൽ എന്നിവിടങ്ങളിൽ മെഷ് / ബണ്ട് സ്ഥാപിച്ച് ശുദ്ധജലമത്സ്യം വളർത്താവുന്നതാണ്.

3. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കിടക്കുന്ന ഏകദേശം 25 ഏക്കർ വരുന്ന ചതുപ്പു നിലങ്ങൾ, വെള്ളക്കെട്ടുകൾ ഇവ ഉപയോഗപ്പെടുത്തി സഹകരണാടിസ്ഥാനത്തിലോ, പാട്ടത്തിലോ മത്സ്യകൃഷി നടത്താവുന്നതാണ്.

4. പുഴയിൽ നിന്ന് കരയിലേക്ക് നീണ്ടുകിടക്കുന്ന ജലാശയങ്ങളിൽ കൊഞ്ചു കൃഷി നടത്താവുന്നതാണ്.

5. കേൾ നിലങ്ങളിൽ വിളവെടുപ്പിനുശേഷം വെള്ളം കയററി മത്സ്യകൃഷി ചെയ്യാവുന്നതാണ്.

6. കക്ക, തവള, ഞണ്ട്, മഡ്, ആമ ഇവയുടെ കൃഷി വ്യാവസായികാടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ്.

7. അലങ്കാര മത്സ്യകൃഷി ഈ പഞ്ചായത്തിൽ വിജയകരമായി നടത്തുന്ന ഒരു വ്യക്തിയുണ്ട്. ഈ കൃഷി വ്യാപകമായി ചെയ്യാവുന്നതാണ്.

8. ജൈവ വൈവിദ്ധ്യം നിലനിർത്തുന്നത തരത്തിലുള്ള ഒരു ജലജീവി ശൃംഖലയാണ് മത്സ്യസംരക്ഷണത്തിന്ന് അഭികാമ്യം. മൃഗസംരക്ഷണം, കൃഷി, മത്സ്യസംരക്ഷണം ഇവ പരസ്പര ബന്ധിതവും പുരകവുമാണ്. ഈ കാഴ്ച്ചപ്പാടോടെയായിരിക്കണം ഈ മേഖലയിലെ പുതിയ സംരംഭങ്ങൾ തുടങ്ങേണ്ടത്.



258

# വിദ്യാഭ്യാസം

ദേശീയ പ്രസ്ഥാനവും ചെത്തു തൊഴിലാളി - ചകിരി തൊഴിലാളി സമരങ്ങളും മണലൂർ പഞ്ചായത്തിൻെറ വിദ്യാഭ്യാസ രംഗത്ത് നിർണായകമായ സ്വാധീനം ചെലുത്തുകയുണ്ടായി.

മണലൂർ യുവജനസമിതി പൊതുവായനശാല കാരമുക്ക് ഗ്രാമീണ വായനശാല, പാലാഴി സുഭാഷ് വായനശാല എന്നീ മൂന്നു വായനശാലകളും അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് കാര്യമായ സംഭാവനകളാണ് നൽകി വരുന്നത്. 1935 ഡിസംബർ 17ന തുടങ്ങിയ മണലൂർ യുവജനസമിതി പൊതു വായനശാലയാണ് പഞ്ചായത്തിലെ ആദ്യത്തെ വായനശാല. 20000ത്തിലധികം പുസ്തകങ്ങളുള്ള ഈ വായനശാല തൃശൂർ ജില്ലയിലെ A ഗ്രേഡ് വായന ശാലകളിൽ മാന്യമായ സ്ഥാനം വഹിക്കുന്നു. പ്രതിഭാശാലികളായ അനേകം അദ്ധ്യാപകർ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് നൽകിയ സംഭാവനകൾ വളരെ വലുതാണ്. ഇത്യാദി കാരണങ്ങളാൽ സ്വാതന്ത്ര്യ സമ്പാദനത്തിനു മുമ്പുതന്നെ പൊതുവിദ്യാഭ്യാസരംഗത്ത് മണലൂർ പഞ്ചായത്ത് ഏറെ മുന്നിലായിരുന്നു.

1906 ജനുവരി 1-ന് ആരംഭിച്ച കണ്ടശ്ശാങ്കടവ്ഗവൺമെൻറ് ഹൈസ്ക്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ ഗവൺമെൻറ് വിദ്യാലയം. 4 - ഹൈസ്ക്കൂളുകളടക്കം പഞ്ചായത്തിലെ മൊത്തം 12 - ഔപചാരിക വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ പട്ടിക 1-ൽ കൊടുക്കുന്നു. പട്ടിക 2-ൽ ഈ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ കാണിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ 5 - ടൈപ്പ് റൈററിംങ് ഇൻസ്ററിറ്റ്യൂട്ടുകൾ, 4-പാരലൽ കോളേജുകൾ, 8-ട്യൂട്ടോറിയൽ കോളേജുകൾ, 1-ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, 2 കംപ്യൂട്ടർ സെൻറർ എന്നിവയും ഇവിടെ പ്രവർത്തിച്ചുവരുന്നു. ഉന്നത വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും തൃശൂർ, ഗുരുവായൂർ, നാട്ടിക എന്നിവിടങ്ങളിലെ കോളേജുകളേയാണ് ഈ പഞ്ചായത്തിലെ കുട്ടികൾ ആശ്രയിച്ചു വരുന്നത്.

പട്ടിക 1- ൽ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ പേര് കൊടുക്കുന്നു ഈ വിദ്യാർത്ഥികളിൽ 500 ഓളം കുട്ടികൾ സമീപ പഞ്ചായത്തുകളിൽ നിന്നും വരുന്നവരാണ്. അതേസമയം ഈ പഞ്ചായത്തിലെ ഏകദേശം 200 ഓളം കുട്ടികൾ. പഞ്ചായത്തിനു പുറത്തുള്ള ഇംഗ്ലീഷ് മീഡിയം, സ്ക്കൂളുകളിൽ പഠിക്കുന്നുണ്ട്. കഴിഞ്ഞ 5-വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കണ്ടശ്ശാങ്കടവ് ഗവൺമെൻറ് ഹൈസ്ക്കൂളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നു. ഈ പഞ്ചായത്തിലെത്തന്നെ കൂടുതൽ മെച്ചപ്പെട്ട സ്ക്കൂളുകളുടെ ആകർഷണം, ഇംഗ്ലീഷ് മീഡിയ ഭ്രമം എന്നിവ ഇതിനു കാരണങ്ങളാണ്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി സ്ക്കൂളുകൾ സ്ഥിതി ചെയ്യുന്നതു കൊണ്ട് വിദ്യാർത്ഥികൾക്ക് ദൂരക്കൂടുതൽ കാര്യമായി അനുഭവപ്പെടുന്നില്ല.

വിദ്യാലയ സർവ്വെയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് അദ്ധ്യാപനം നടത്തുന്നവരിൽ അധികവും സ്ത്രീകളാണെന്നതാണ്; 214 ൽ 198 പേർ. വൈദ്യുതീകരിക്കാത്ത 2 ഉം സ്ററാഫ് മുറികളില്ലാത്ത 2ഉം വേണ്ടത്ര എണ്ണം കക്കൂസുകളില്ലാത്ത 6 ഉം വേണ്ടത്ര എണ്ണം മൂത്രപ്പുരകൾ ഇല്ലാത്ത 4 ഉം വിദ്യാലയങ്ങൾ ഉണ്ടെന്നു കാണുന്നു.

വിദ്യാലയങ്ങളിലെ പഠന നിലവാരത്തെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തിയിട്ടില്ലെങ്കിലും ആകെയുള്ള 4-ഹൈസ്ക്കൂളുകളിലെ കഴിഞ്ഞ 5-വർഷത്തെ S. S. L. C. വിജയ ശതമാനം പട്ടിക 3-ൽ കൊടുക്കുന്നു.

സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിലുള്ള 30-അങ്കണവാടികുളും സർക്കാർ ഉടമസ്ഥതയിലുള്ള 2-നഴ്സറി സ്ക്കൂളുകളുമടക്കം 32-ശിശുവിദ്യാലയങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ചില അങ്കണവാടികൾക്ക് സ്വന്തമായ സ്ഥലവും കെട്ടിടവും ഇല്ല. വേണ്ടത്ര കളിക്കോപ്പുകളില്ലാത്ത അങ്കണവാടികളാണ് അധികവും.

## പ്രശ്ന ങ്ങൾ

1. J1-ാം സ്ററാൻേറർഡിലെ ഓൾ പ്രമോഷൻ മൂലം നിരക്ഷരരാകുന്ന 10 ശതമാനത്തോളം കുട്ടികളെ സാക്ഷരരാക്കുന്നതിന് അതത് സ്ക്കൂളുകളിൽ നിലവിലുള്ള സംവിധാനം അപര്യാപ്തമാണ്.

2. പല സ്ക്കൂളുകളുടേയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

3. അങ്കണവാടികളുടെ പരിമിതികൾക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.



259

4. സാമ്പത്തികമായി മുന്നിലുള്ളവരിൽ ഇംഗ്ലീഷ് മീഡിയഭ്രമം വർധിച്ചു വരുന്നു.

5. സാങ്കേതികം അടക്കം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം കാര്യമായി അനുഭവപ്പെടുന്നു.

6. എല്ലാ സ്ക്കൂളുകളിലും വായനമുറികളുടെ കുറവുണ്ട്.

7. എല്ലാ സ്ക്കൂളുകളിലേക്കും പുസ്തകങ്ങൾ വിതരണം ചെയ്യത്തക്കവിധം പഞ്ചായത്തിനെ കേന്ദ്രീകരിച്ചുള്ള 'പുസ്തക ബാങ്കിൻെറ' കുറവുണ്ട്.

8.സ്ക്കൂളുകളിൽ ഈയിടെയായി P T A നന്നായി പ്രവർത്തിക്കുന്നെങ്കിലും 'മാതൃസംഗമം' കാര്യക്ഷമമല്ല.

9. അനൗപചാരിക വിദ്യാഭ്യാസത്തിന് പഞ്ചായത്ത് കേന്ദ്രീകരിച്ചുള്ള പ്രവർത്തന ശൈലി ഇല്ല. തുടർ സാക്ഷരതാ പ്രവർത്തന ശൈലി ഇല്ല. സാക്ഷരതാ പ്രവർത്തനത്തിൻെറ കുറവുണ്ട്.

10. കലാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങസ് പഞ്ചായത്തിൽ ഇല്ല.

11. S N G S കാരമുക്ക് ഹൈസ്ക്കൂളിലേക്ക് ബസ്സ് സൗകര്യം ഒട്ടും ഇല്ല.

12. കുട്ടികൾ കുറയുന്നതിനാൽ ഡിവിഷൻ നഷ്ടപ്പെടാനുള്ള സാദ്ധ്യതകൾ ഗവ. സ്ക്കൂളുകളിൽ നിലനിൽക്കുന്നു.

13. നഴ്സറി വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.

14. ക്രഷ് സൗകര്യങ്ങൾ ഇല്ല.

15. അങ്കണവാടികളുടെ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര ഗുണനിലവാരമില്ല.

16. കലാകായിക വിദ്യാഭ്യാസത്തിന് വേണ്ടത്ര പരിഗണന കൊടുക്കുന്നില്ല.

17. കൂടുതൽ കുട്ടികളെ ക്ലാസിലിരുത്തി പഠിപ്പിക്കുന്ന സ്കൂളുകളുണ്ട്. ഇത് വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം കുറക്കുന്നു.

## സാദ്ധ്യതകൾ

1. വിദ്യാർത്ഥി, അധ്യാപക-രക്ഷാകർതൃ പാരസ്പര്യം വളർത്തിയെടുക്കാൻ ക്ലാസ് റും രക്ഷാകർതൃ സമിതികൾ നിർബന്ധമാക്കേണ്ടതും പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്.

2. മണലൂർ ഗവ. ഹൈസ്ക്കൂളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനം അനുബന്ധമായി കൊണ്ടുവരാവുന്നതാണ്.

3. സ്ക്കൂൾ കോംപ്ലക്സുകൾ പ്രയോഗത്തിൽ കൊണ്ടുവരാവുന്നതാണ്.

4. വിദ്യാഭ്യാസം ക്ലാസ്സ് മുറികൾക്കുള്ളിൽ നിന്ന് പുറത്തേയ്ക്ക കൊണ്ടുവരണം. പഠനയാത്രകൾ, പ്രകൃതി നിരീക്ഷണങ്ങൾ, കളികൾ ഇവയെല്ലാം ഇതിൻെര ഭാഗമാക്കേണ്ടതാണ്.

5. സ്ക്കൂൾ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഇതിനായി പൂർണ്ണസമയ ലൈബ്രേറിയൻ സ്കൂൾ തലത്തിൽ തന്നെ വേണ്ടതാണ്.

6. സ്ക്കൂൾതല സാഹിത്യ സമാജങ്ങൾക്ക് രൂപം കൊടുക്കാവുന്നതാണ്.

7. ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ ഉപയോഗിച്ച് സമഗ്രമായ പഠന രീതിയുണ്ടാക്കാവുന്നതാണ്.

8. സർക്കാർ സ്കൂളുകൾ മോഡൽ സ്ക്കൂളുകളാക്കണം.

9. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങണം.



260

## പട്ടിക 1
## വിദ്യാലയങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | ഉടമസ്ഥത | വിദ്യാർത്ഥികളുടെ എണ്ണം | | | | | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | 1992-93 | 93-94 | 94-95 | 95-96 | 1996-97 | | | 1996-97 | | |
| | | | | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ജി. എൽ, പി. എസ് മണലൂർ | സർക്കാർ | 105 | 110 | 112 | 110 | 52 | 54 | 106 | 1 | 3 | 4 |
| 2 | ജി. എൽ. പി. എസ്. കണ്ടശ്ശാങ്കടവ് | സർക്കാർ | 84 | 74 | 78 | 75 | 44 | 27 | 71 | 0 | 4 | 4 |
| 3 | എസ്. എച്ച്. ഓഫ് മേരീസ് സി. എൽ. പി. എസ്. കണ്ടശ്ശാങ്കടവ് | എയ്ഡഡ് | 557 | 561 | 587 | 588 | 162 | 432 | 594 | 0 | 10 | 10 |
| 4 | ചർച്ച് എൽ. പി. എസ് കാരമുക്ക് | എയ്ഡഡ് | 236 | 235 | 236 | 253 | 127 | 128 | 255 | 0 | 8 | 8 |
| 5 | സെൻറ് തോമാസ് എൽ. പി. എസ്. കാഞ്ഞാണി | എയ്ഡഡ് | 257 | 247 | 244 | 244 | 119 | 111 | 230 | 1 | 7 | 8 |
| 6 | സെൻറ് ഇഗ്നേഷിയസ് യു. പി. എസ്. മണലൂർ | എയ്ഡഡ് | 463 | 452 | 455 | 456 | 237 | 220 | 457 | 2 | 15 | 17 |
| 7 | സെൻറ് തെരാസസ് യു. പി. എസ്. മണലൂർ | എയ്ഡഡ് | 585 | 578 | 631 | 650 | 318 | 338 | 656 | 0 | 20 | 20 |
| 8 | സെൻറ് തോമാസ് യു. പി. എസ്. കാഞ്ഞാണി | എയ്ഡഡ് | 178 | 176 | 167 | 169 | 104 | 72 | 176 | 0 | 8 | 8 |
| 9 | ജി. എച്ച്. എസ്. മണലൂർ | സർക്കാർ | 257 | 261 | 281 | 304 | 179 | 115 | 294 | 1 | 10 | 11 |
| 10 | എസ്. എൻ. ജി. എച്ച്. എസ്. കാരമുക്ക് | എയ്ഡഡ് | 2471 | 2531 | 2546 | 2483 | 1703 | 721 | 2424 | 10 | 63 | 73 |
| 11 | ജി. എച്ച്. എസ്. കണ്ടശ്ശാങ്കടവ് | സർക്കാർ | 580 | 532 | 441 | 407 | 270 | 125 | 395 | 1 | 16 | 17 |
| 12 | എസ്. എച്ച്. ഓഫ് മേരീസ സി. ജി. എച്ച് എസ്. കണ്ടശ്ശാങ്കടവ് | എയ്ഡഡ് | 1160 | 1237 | 1272 | 1365 | 0 | 1403 | 1403 | 0 | 34 | 34 |

## പട്ടിക 2

## വിദ്യാലയങ്ങളിലെ സൌകര്യങ്ങൾ

| ക്രമ നമ്പർ | സ്ക്കൂളിൻെറ പേർ | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | വായന മുറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ/പൈപ്പ് വെള്ളം | ലൈബ്രറി പുസ്തകങ്ങൾ (മലയാളം) | ഫർണീച്ചർ തികയുമോ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ജി. എൽ. പി. എസ് മണലൂർ | ഹൈസ്ക്കൂളി | ഉണ്ട് | ഉണ്ട് | - | ഇല്ല | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | ഇല്ല. 3 ബോർഡ് വേണം |
| 2 | ജി. എൽ. പി. എസ്. കണ്ടശ്ശാങ്കടവ് | നോടു ചേർന്ന് | ഇല്ല | ഇല്ല | - | ഇല്ല | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | ഇല്ല. 5 ബെഞ്ച് വേണം |
| 3 | എസ്. എച്ച്. ഓഫ് മേരീസ് സി. എൽ. പി. എസ്. കണ്ടശ്ശാങ്കടവ് | Do | ഉണ്ട് | ണ്ട് | - | ഇല്ല | 2 | 2 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | - | ഇല്ല. 50 ബെഞ്ച് |
| 4 | ചർച്ച് എൽ. പി. എസ് കാരമുക്ക് | - | ഉണ്ട് | ഉണ്ട് | - | ഇല്ല | 1 | 2 | ഉണ്ട് | ഉണ്ട് | - | ഉണ്ട് | - | മതിയാകും |
| 5 | സെൻററ് തോമാസ് എൽ. പി. എസ്. കാഞ്ഞാണി | 1 ഏ. | ഉണ്ട് | ഉണ്ട് | - | ഉണ്ട് | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | ഉണ്ട്. മതിയാകും |
| 6 | സെൻററ് ഇമ്നേഷിയസ് യു. പി. എസ്. മണലൂർ | $1\frac{1}{2}$ ഏ. | ഉണ്ട് | ഉണ്ട് | - | ഇല്ല | 3 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട | ഉണ്ട് | - | ഇല്ല. 40 ബെഞ്ച് |
| 7 | സെൻററ് തെരാസസ് യു. പി. എസ്. മണലൂർ | 1 ഏ. | ഉണ്ട് | ഇല്ല | - | ഇല്ല | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | മതിയാകും |
| 8 | സെൻററ് തോമാസ് യു. പി. എസ്. കാഞ്ഞാണി | 1 ഏ. 71 സെൻററ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 3 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | - | മതിയാകും |
| 9 | ജി. എച്ച്. എസ്. മണലൂർ | 2 ഏ. $2\frac{1}{2}$ സെ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 5000 | ഇല്ല. 10 ബെഞ്ച് |
| 10. | എസ്. എൻ. ജി. എച്ച്. എസ്. കാരമുക്ക് | $2\frac{1}{2}$ ഏ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 5 | 6 | ഉണ്ട് | ഉണ്ട് | ഉണ്ട് (ഭാഗീകം) | ഉണ്ട് | 4990 | ഇല്ല. 10 ബെഞ്ച് |
| 11 | ജി. എച്ച്. എസ്. കണ്ടശ്ശാങ്കടവ് | 3 ഏ. $88\frac{1}{2}$ സെ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 12903 | ഇല്ല. 25 ബെഞ്ച് |
| 12 | എസ്. എച്ച് ഓഫ് മേത്തീസ് സി. ജി. എച്ച് എസ് കണ്ടശ്ശാങ്കടവ് | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 12 | 12 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | | 6122ഇല്ല. 5 ബെഞ്ച് |

പട്ടിക 3

എസ്. എസ്. എൽ. സി. വിജയശതമാനം

| ക്രമ നമ്പർ | സ്ക്കൂളിന്റെ പേര് | വർഷം 1991-92 | വർഷം 1992-93 | വർഷം 1993-94 | വർഷം 1994-95 | വർഷം 1995-96 |
|---|---|---|---|---|---|---|
| 1 | ജി. എച്ച്. എസ്. മണലൂർ | 48 | 58 | 57 | 44 | 63 |
| 2 | ജി. എച്ച്. എസ്. കണ്ടശ്ശാങ്കടവ് | 32 | 30 | 24 | 35 | 48 |
| 3 | എസ്. എൻ. ജി. എസ്. എച്ച് എസ്. കാരമുക്ക് | 91 | 87.4 | 92.3 | 90.4 | 89.1 |
| 4 | എസ്. എച്ച്. ഓഫ്. മേരീസ് സി. ജി. എച്ച്. എസ്. കണ്ടശ്ശാങ്കടവ് | 100 | 99 | 99 | 100 | 98 |

# കുടി വെള്ളം

മണലൂർ പഞ്ചായത്തിലെ തീരപ്രദേശങ്ങളിൽ മാത്രമെ മുൻകാലങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെട്ടിരുന്നുള്ളൂ. ഇതിനുകാരണം പുളിവെള്ളമായിരുന്നു.

ഇന്ന് ജനസംഖ്യയിൽ വന്ന വർദ്ധനവിനെ തുടർന്നു പാടശേഖരങ്ങൾ തൂർത്ത് വീടുകൾ വെക്കപ്പെട്ടു. വീടുകൾക്ക് ശുദ്ധ ജലം ലഭ്യമാക്കുക ഇന്ന് വലിയ പ്രശ്നമായി വന്നിരിക്കുന്നു. അതിനുകാരണം പാടങ്ങൾ കേവലം കൃഷി ഭൂമി മാത്രമായിരുന്നില്ല. ആ പ്രദേശത്തെ ജലവിതാനം കാത്തുസുക്ഷിക്കുന്ന ജലസംഭരണികൾ ആയിരുന്നു.

മണലൂർ ഗ്രാമ പഞ്ചായത്തിലെ മുഖ്യ കുടി നീർ സ്രോതസ്സ് കിണറുകൾ ആകുന്നു. 6820 വീടുകൾ ഉള്ളതിൽ 3500 ൽ ഏറെ കിണറുകൾ ഉണ്ട്.

ഫെബ്രുവരി മാസം മുതൽ കുടിവെള്ളത്തിന് ക്ഷാമം നേരിടുന്നു. പ്രത്യേകിച്ച് പഞ്ചായത്തിലെ പുഴയോര വാർഡുകളായ 6, 8, 9, 11 എന്നീ വാർഡുകളിൽ.

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 24 പൊതു കിണറുകൾ നിലവിലുണ്ട്. 176 പൊതു ടാപ്പുകളിൽ കൂടി ശുദ്ധ ജല വിതരണം നടത്തുന്നുണ്ട്.

## പ്രശ്നങ്ങൾ

1. കിണറുകളിലെ ജലസംഭരണം മാർച്ച - ഏപ്രിൽ മാസങ്ങളിൽ താഴ്ന്നുപോകുന്നു. ആഴയുള്ള കിണറുകൾ കൃഷി ആവശ്യ (തെങ്ങ് നനക്കൽ) ത്തിന് പമ്പ് ഉപയോഗിച്ച് ജലസേചനം നടത്തുന്നു.

ഇതുകൊണ്ട് വാട്ടർ ലെവൽ താഴ്ന്നു പോകുന്നു. മററു കിണറുകളിൽ കുടി വെള്ളക്ഷാമത്തിന് ഇടവരുന്നു.

2. 176 - പൊതു ടാപ്പുകശ മുഖേന നടത്തുന്ന ജലവിതരണത്തിന്, ജലം വരുന്നത് Augmentation Scheme അനുസരിച്ച് പീച്ചിയിൽ നിന്നും ആകുന്നു.

ആവശ്യ സമയത്ത് ജലം ടാപ്പുകളിൽ ലഭിക്കാറില്ല. ഇതുമൂലം 2 കിലോമീററർ ദൂരം സഞ്ചരിച്ച് ജലം സംഭരിക്കേണ്ടി വരുന്ന കുടുംബങ്ങൾ, പ്രത്യേകിച്ച് പാലാഴി, കരിക്കൊടി പ്രദേശങ്ങളിൽ ഉണ്ട്.

3. വാട്ടർ അഥോററ്റിയുടെ കീഴിൽ നിലനില്ക്കുന്ന ടാപ്പുകൾക്ക് വേണ്ട അററകുററപ്പണികൾ നടത്തുന്നതിന് ശരിയായ സംവിധാനമില്ല. ഇതുമൂലം ഒരുപാട് ജലനഷ്ടം സംഭവിക്കാറുണ്ട്. പൊട്ടി ഒലിക്കുന്ന പൈപ്പുകൾ മുഖേന രോഗാണുക്കൾ കടന്ന് വെള്ളം അശുദ്ധമാകുന്നു.

4. പഞ്ചായത്തിൽ കുഴൽ കിണറുകൾ പ്രായോഗികമായി വിജയിക്കുന്നില്ല. ഈ പ്രദേശത്ത് ഭൂമിക്കടിയിൽ ഉപ്പുരസം കൂടുതലാണ് എന്ന് ഉപഗ്രഹമാർഗ്ഗം നടത്തിയ പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്.

5. KO3 ഇനത്തിൽപെട്ട കളിമൺ രാശികലർന്ന മണലായതുകൊണ്ട് മഴവെള്ളം ഭൂമിയിലേക്ക് താഴ്ന്നിറങ്ങാതെ ഒഴുകിപ്പോകാൻ ഇടയാകുന്നു. ഇത് ഭൂമിക്കടിയിലെ ജലസംഭരണ ശേഷി കുറക്കുന്നു.

6. കുടിവെള്ളം ശുചിയായി സംഭരിക്കുന്നതിന് ഫലപ്രദമായ സംവിധാനം ഇല്ല.

7. പുതുതായി വീടുകൾ വെക്കപ്പെട്ട പാടങ്ങളിൽ കിണറുകൾ കുഴിക്കുമ്പോൾ മരച്ചാൻ ഉള്ളതുകൊണ്ട് ശുദ്ധജലം ലഭ്യമല്ല.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൽ പാലാഴി, കാരമുക്ക്, മണലൂർ, പടിഞ്ഞാറെ കാരമുക്ക് പ്രദേശങ്ങളിൽ 4 കിണറുകളും ചെറിയ ടാങ്കുകളും നിലനില്ക്കുന്നു. പുതിയ Augmentation Scheme വന്നതിനുശേഷം ഇവയെ ഉപയോഗിക്കുന്നില്ല. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ കുടുതൽ പേർക്ക് ശുദ്ധജലം എത്തിക്കാനാവും.

2. പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ കിണറുകളും ചെറിയ ടാങ്കുകളും സ്ഥാപിച്ച് അടുത്ത പ്രദേശങ്ങളിലേക്ക് ജലവിതരണം നടത്തേണ്ടതാണ്.

3. മാർച്ച് - ഏപ്രിൽ - മെയ് മാസങ്ങളിൽ പീച്ചി - ചിമ്മിണി ഡാമുകളിൽ നിന്നുള്ള വെള്ളം പഞ്ചായത്തിലെ നിലവിലുള്ള വിവിധ തോടുകൾ മുഖേന സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക്, ഇന്നു നിലവിലുള്ള സംവിധാനം കാര്യക്ഷമമായി ഉപയോഗിച്ചു തന്നെ പമ്പ് ചെയ്തു കെട്ടി നിർത്തുകയാണെങ്കിൽ ഒരു പരിധിവരെ കിണറുകൾ മുഖേന കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

4. കോൾമേഖലയായ 1, 2, വാർഡുകളിൽ അനുഭവപ്പെടുന്ന ജലക്ഷാമം കിണറുകൾ പരിചരിച്ചു കൊണ്ട്



264

പരിഹരിയ്ക്കാവുന്നതാണ്. 5 മീററർ താഴ്ചവരെയുള്ള കിണറുകളിൽ ശുദ്ധജലം ലഭ്യമാണ്. ഇതിൽ കൂടുതൽ താഴ്ന്നാൽ കിട്ടുന്നത് ശുദ്ധജലമല്ല. ഈ പ്രദേശങ്ങളിൽ കൂടുതൽ താഴ്ചയിൽ നിന്നും വെള്ളം എടുത്ത് ജലസേചനത്തിന് ഉപയോഗിക്കുന്നതുകൊണ്ടാണ് കിണറുകളിൽ ജലക്ഷാമം ഉണ്ടാകുന്നത്. ചുററുപാടും ഉള്ള പാടശേഖരങ്ങളിൽ വെള്ളം ശേഖരിക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കുന്നതോടെ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിയ്ക്കാനാവും.

5. പഞ്ചായത്തിലെ ഓരോ പ്രദേശത്തും ഉള്ളടാപ്പ് ഗുണഭോക്താക്കളുടെ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാണ്. ടാപ്പുകളും, വാട്ടർ ടാങ്കുകളും ഗുണഭോക്താക്കളുടെ നിയന്തണത്തിൽ തന്നെ, കേടുപാടുതീർക്കലും നടത്തിപ്പും തുടങ്ങിയവ നടത്തേണ്ടതാണ്.

6. ദേവസ്വം, പഞ്ചായത്ത് ഉടമസ്ഥയിലുള്ള കിണർ, കുളങ്ങൾ കാലാകാലങ്ങളിൽ ഉപഭോക്താക്കളുടെ നേതൃത്ത്വത്തിൽ ചേറ് കോരി വൃത്തിയാക്കേണ്ടതാണ്.

7. തീരപ്രദേശങ്ങളിൽ കാനോലികനാലിനോട് ബന്ധപ്പെട്ട് കിടക്കുന്ന ചീപ്പുകൾ കാലാകാലങ്ങളിൽ അററകുററപണികൾ നടത്തി ഉപ്പുവെള്ളം കയറുന്നത് കർശനമായി തടയേണ്ടതാണ്.

### മണലൂർ പഞ്ചായത്തിലെ കിണറുകളും, കുളങ്ങളും

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വററാത്ത കിണർ | 149 | 194 | 205 | 196 | 148 | 110 | 179 | 128 | 154 | 260 | 226 | 294 | 2243 |
| വററുന്ന കിണർ | 59 | 44 | 207 | 60 | 40 | 68 | 59 | 11 | 30 | 31 | 18 | 30 | 657 |
| കുളം | 41 | 23 | 73 | 86 | 56 | 20 | 43 | 19 | 25 | 58 | 48 | 22 | 514 |

# പൊതുജനാരോഗ്യം

രോഗത്തിൻെറ വിപരീതമല്ല ആരോഗ്യം. ആരോഗ്യം മനുഷ്യൻെറ ബോധമാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള നാഭീ ബന്ധം അററുപോകാനിടയായ ഒരു ആധുനിക കാലത്താണ് രോഗോന്മുഖ രോഗചികിത്സാ ശാസ്ത്രത്തിൻെറ കടന്നുകയററം.

ശരീരംഅതിൻെറ ജീവശാസ്ത്രപരമായ ധർമ്മങ്ങൾ നടപ്പാക്കുന്നതുപോലും രോഗമായി നിർണ്ണയിക്കുകയും അതിനെതിരെ ചികിത്സിക്കുകയും ചെയ്യുന്ന രോഗചികിത്സാ രീതിയാണ് ഇവിടെ വളർന്നുവന്നിട്ടുള്ളത്. അതുകൊണ്ട് രോഗിയേയും രോഗത്തേയും വികസന സാധ്യതയുള്ള കച്ചവട ചരക്കാക്കി മാററിയിരിക്കുന്നു.

ചികിത്സാജന്യ രോഗങ്ങളാണ് ഇന്ന് ഏറേയും ചികിത്സക്ക് വിധേയമാക്കുന്നത്. ഈ മരണ ചക്രത്തിൽ നിന്നുള്ള വിമുക്തിയാണ് മനുഷ്യന് വേണ്ടത്. മനുഷ്യ ശരീരത്തെ ഘടകങ്ങളാക്കി വിശകലനം ചെയ്യുന്ന രീതിക്ക് പകരം സമഗ്രമായ വൈദ്യശാസ്ത്രരീതിയാണ് നമ്മൾക്കഭികാമ്യം.

## പൊതുജനാരോഗ്യം

മണലൂർ പഞ്ചായത്തിലെ ആരോഗ്യസംരക്ഷണ മേഖലയിൽ ഭേദപ്പെട്ട ഭൗതികസാഹചര്യങ്ങളുണ്ട്. ഒരു മിനി പ്രാഥമികാരോഗ്യകേന്ദ്രം കാരമുക്കിലും ഒരു ഗവ: ആയുർവേദ ഡിസ്പെൻസറി കണ്ടശ്ശാംകടവ് തെക്ക് ഭാഗത്ത് 11-ാം വാർഡിലും ഉണ്ട്. സ്വകാര്യ മേഖലയിൽ ഒരു ആശുപത്രി മണലൂർ പള്ളിക്ക് സമീപവും, മറെറാന്ന് കണ്ടശ്ശാംകടവ് തെക്ക് ഭാഗത്തും പ്രവർത്തിക്കുന്നു. ഒരു സഹകരണാശുപത്രിയും മണലൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 20 അലോപ്പതി ഡോക്ടർമാരും, 10 ആയുർവേദ ഡോക്ടർമാരും, 5 ഹോമിയോ ഡോക്ടർമാരും ഈ പഞ്ചായത്തിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. കാരമുക്കിലെ മിനി P. H. C. യിൽ 20 കിടക്കകളുണ്ട്. സ്വന്തമായതും മെച്ചപ്പെട്ടതുമായ കെട്ടിട സൗകര്യങ്ങളുമുണ്ട്. ഡോക്ടർമാർക്ക് താമസിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇനിയും ഈ ആരോഗ്യകേന്ദ്രത്തെ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. വളരെ പരിമിതമായ സൗകര്യങ്ങളോടുകൂടിയാണ് സർക്കാർ ആയുർവേദ ഡിസ്പെൻസറി പ്രവർത്തിക്കുന്നത്. അതിൻെറ വികസനം ഉടനെ സാദ്ധ്യമാക്കേണ്ടതാണ്.

മണലൂരിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രിയുടെ അവസ്ഥ ശോചനീയമാണ്. 8 കിടക്കകളോട് കൂടിയ ഈ ആശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല. ഇത് ഇന്ന് വളർച്ചക്കു വേണ്ടിയുള്ള ശ്രമത്തിലാണ്.

പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ കീഴിൽ 5 കുടുംബക്ഷേമ കേന്ദ്രങ്ങൾ ഉണ്ടെങ്കിലും ഇതിൻെറ പ്രവർത്തനം തൃപ്തികരമല്ല. ഒരെണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്.

പഞ്ചായത്തിലെ മുഴുവൻ കുട്ടികളും പ്രതിരോധ കുത്തിവെപ്പുകൾ എടുത്തിട്ടുള്ളവരാണ്.

അർഹരായ ദമ്പതിമാരിൽ 70% സ്ഥിരമായ സന്താന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്.

കുട്ടികളുടെ ശരാശരി എണ്ണം 3 ആണ്.

പഞ്ചായത്തിലെ മരണനിരക്ക് 6 ഉം ശിശുമരണനിരക്ക് 4 ഉം ആണെന്ന് ഒരു ഔദ്യോഗിക കണക്കിൽ കാണുന്നു.

പഞ്ചായത്തിലെ ജനനനിരക്ക് 13.6 ആണ്.

95-96 ൽ ജലജന്യരോഗങ്ങൾ വർദ്ധിച്ചതായാണ് ദ്വിതീയ വിവരശേഖരണത്തിൽ കാണുന്നത്.

ഈ പഞ്ചായത്തിലെ പൊതുവെ 60% രോഗങ്ങളും കുടി വെള്ളവുമായി ബന്ധപ്പെട്ടവയാണ്. അതുകൊണ്ട് എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതോടെ ആരോഗ്യരംഗത്തെ മുഖ്യപ്രശ്നങ്ങൾ പരിഹരിക്കപ്പെടും. വായുജന്യരോഗങ്ങളും, പ്രാണി ജന്യരോഗങ്ങവും ശാസ്ത്രീയമായ സാനററി സൗകര്യങ്ങളുടെ ലഭ്യതയോടെയും പരിസര ശചീകരണത്തിലൂടെയും നിയന്ത്രിക്കാവുന്നതാണ്.

രണ്ട് H I V മരണങ്ങൾ ഈ പഞ്ചായത്തിൽ നടന്നതായി സെക്കൻററി ഡാററയിൽ കാണുന്നു. ഇത് ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

നിതാന്ത ജാഗ്രത നിലനിർത്തേണ്ട ഈ സാമൂഹ്യവിപത്തിനെ കണ്ടില്ലെന്ന് നടിച്ചാൽ ഒരു മനുഷ്യവംശത്തിനെതന്നെ അതിന് വിലകൊടുക്കേണ്ടി വരും.

തീര പ്രദേശങ്ങളിൽ മന്തുരോഗങ്ങളും, ഹൈഡ്രോസിൽ രോഗങ്ങളും ചെറിയ തോതിൽ നില നിൽക്കുന്നുണ്ട്.



266

## പ്രശ്നങ്ങൾ

1. ശാസ്ത്രീയമായ ആരോഗ്യ സർവ്വേയുടെയും ബോധവൽക്കരണത്തിൻെറയും അഭാവമുണ്ട്.

2. കുടിവെള്ളം, കക്കൂസ് എന്നിവയുടെ പൂർണ്ണ ലഭ്യത ഉറപ്പ് വരുത്തണം.

3. പരിസര ശുചീകരണവും - മാലിന്യ നിർമ്മാർജ്ജനവും നടപ്പാക്കണം.

4. പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ പശ്ചാത്തല സൗകര്യങ്ങൾ വിപുലമാക്കണം.

5. സ്കൂൾ ആരോഗ്യപരിപാടി സമഗ്രമാക്കണം.

6. മാംസം, മത്സ്യം തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ കേടുവരാതെ സൂക്ഷിക്കുന്നതിന് രാസവസ്തുക്കൾ വ്യാപകമായി ഉപയോഗിക്കുന്നതുകൊണ്ട് ഇവയുടെ ഉപയോഗം ഉദരസംബന്ധവും നാഡീ സംബന്ധവുമായ രോഗങ്ങൾക്ക് ഇടയാക്കുന്നുണ്ട്.

7. ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ - പരസ്യത്തിൻെറ പിൻബലത്തോടെ വിററഴിക്കുന്നു.

8. മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നുണ്ട്.

9. അശാസ്ത്രീയമായ അറവുശാലകളുടെ മാലിന്യങ്ങൾ.

## സാദ്ധ്യതകൾ

1. ബഹുജന പങ്കാളിത്തത്തോടെ ഒരു സമ്പൂർണ്ണ ആരോഗ്യ സർവ്വേ സംഘടിപ്പിക്കണം.

2. സ്കൂൾ, അങ്കണവാടികൾ, ക്ലബുകൾ, വായനശാലകൾ, സന്നദ്ധസംഘടനകൾ, ജനകീയ സംഘടനകൾ, ആരോഗ്യസംരക്ഷണ കേന്ദ്രങ്ങൾ എന്നിവയുടെ സംയുക്ത സഹകരണത്തോടെ സമഗ്രമായ ആരോഗ്യബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യാം.

3. കുടിവെള്ളം സാമ്പിൾ പരിശോധനയിലൂടെ അത് ശുദ്ധമാണെന്ന് ഉറപ്പുവരുത്തണം.

4. എയിഡ്സ് തുടങ്ങിയ വംശനാശിയായ രോഗങ്ങൾക്കെതിരെ ശക്തമായ ഉപരോധം, ബോധവൽക്കരണ പ്രചരണ രീതികളിലൂടെ നിരന്തരം രൂപപ്പെടുത്തണം.

5. ശുദ്ധജല വിതരണം, കക്കൂസ് മാലിന്യ നിർമ്മാർജനം എന്നിവക്കുള്ള പദ്ധതികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

6. അങ്കണവാടികളെ പ്രാദേശിക ആരോഗ്യ സംരക്ഷണം കേന്ദ്രങ്ങളായി മാററാവുന്നതാണ്.

7. പ്രാഥമികാരോഗ്യ കേന്ദ്രത്തെ സുസജ്ജമാക്കുക.

8. ഭക്ഷ്യവസ്തുക്കളുടെ ഭക്ഷ്യയോഗ്യത, മായം ചേർക്കൽ തുടങ്ങിയവ പഠിക്കുന്നതിനും, പരിശോധിക്കുന്നതിനും പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ജാഗ്രതാ കേന്ദ്രം ഉണ്ടാകണം.

9. പഞ്ചായത്തിൻെറ സമഗ്ര ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ആരോഗ്യ പ്രവർത്തകർ, സന്നദ്ധസംഘടനകൾ, ഉപഭോക്തൃ സംഘടനകൾ, വിദഗ്ദ്ധർ തുടങ്ങിയവരുടെ നേതൃത്വത്തിൽ പരിശീലനം നേടിയ ഒരു കർമ്മസേന രൂപീകരിക്കാവുന്നതാണ്.

10. ആയുർവേദ ആശുപത്രി വികസിപ്പിക്കുക.

11. ചെലവുകുറഞ്ഞ ആരോഗ്യപരിപാലനത്തിനായി ഒരു ഹോമിയോ ആശുപത്രി ആരംഭിക്കണം.

12. രോഗങ്ങളുടെ തീവ്രത ഇനം തിരിച്ച് അവയ്ക്ക് ഏററവും യോജിച്ച വൈദ്യശാസ്ത്രരീതി ഉപയോഗിച്ച് ചികിത്സിക്കാനുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

13. അവശ്യ മരുന്നുകളുടെയും, നിരോധിച്ച മരുന്നുകളുടെയും പട്ടിക മെഡിക്കൽ ഷോപ്പുകളിലും, ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കുക.



267

## സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | സ്റ്റാഫി ന്റെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | മണലൂർ ഗ്രാമ പഞ്ചായത്ത് P. H. സെൻറർ മണലൂർ | Mini P. H. C. | സ്വന്തം | 24 | 1971 | നാല് Sub-Centre കൾക്ക് സ്വന്തമായി കെട്ടിടമില്ല. ജലസേചന സൗകര്യം കുറവാണ്. വനിത ഡോക്ടർ ഇല്ല. |

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മററുള്ളവ |
|---|---|---|---|---|
| 1993-94 | - | 25 | 17 | രണ്ടു H I V മരണങ്ങൾ നടന്നിട്ടു ണ്ടെങ്കിലും ഔദ്യോഗിക റിപ്പോർട്ട് ലഭ്യമല്ല |
| 1994-95 | - | 9 | 13 | |
| 1995-96 | 295 | 49 | 15 | |

## ഡോക്ടർമാർ, ആശുപത്രികൾ, ക്ലിനിക്കുകൾ

| വാർഡ് | അലോപ്പതി | ആയുർവേദം | ഹോമിയോ | ആശുപത്രി | ക്ലിനിക്ക് |
|---|---|---|---|---|---|
| 1 | 2 | - | 1 | ദന്താശുപത്രി | |
| 2 | 1 | - | 1 | - | |
| 3 | 3 | - | 1 | - | |
| 4 | 2 | 2 | - | മേഴ്സി ഹോസ്പിററൽ | |
| 5 | - | 1 | - | | |
| 6 | - | - | - | - | |
| 7 | 6 | 1 | | സഹകരണാശു പത്രി | 2 |
| 8 | - | 1 | - | - | |
| 9 | 4 | 2 | - | - | |
| 10 | 1 | - | - | - | |
| 11 | 1 | 1 | 1 | 2 | |
| 12 | 1 | 1 | - | സർക്കാർ ആശുപത്രി | |



268

# വ്യവസായം

വ്യാവസായികമായി ഏറെ പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണ് മണലൂർ. ടൈനി സെക്ടറിലുള്ള വ്യവസായ സ്ഥാപനങ്ങൾ ഒഴിച്ചാൽ സാരമായ വ്യവസായമൊന്നും മണലൂരിലില്ല. പഞ്ചാത്തിൽ 117 ചെറുകിട വ്യവസായ യൂണിററുകൾ പ്രവർത്തിക്കുന്നു. ഇതിൽ ഭൂരിഭാഗം യൂണിററുകളും ഒമ്പതിൽ താഴെ തൊഴിലാളികൾ ജോലി ചെയ്യുന്നതാണ്. എല്ലാ യൂണിററുകളിലുംകൂടി ആകെ 1013 തൊഴിലാളികൾ ജോലി ചെയ്യുന്നു. വ്യവസായ യൂണിററുകളെ കുറിച്ചുള്ള വിശദ വിവരങ്ങൾ പട്ടികയായി ചേർക്കുന്നു. പട്ടികയിൽനിന്നും കൂടുതൽ ചെറുകിട വ്യവസായ യൂണിററുകൾ കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണെന്ന് കാണാൻ കഴിയും.

പരമ്പരാഗത വ്യവസായങ്ങളായ ബീഡി തെറുപ്പ്, കളിമൺ പാത്ര നിർമ്മാണം, ഓട്ടുപാത്ര നിർമ്മാണം, കൈത്തറി, കയർ എന്നിവ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു.

## I പരമ്പരാഗത വ്യവസായങ്ങൾ

### 1. കയർ മേഖല

മണലൂർ ഗ്രാമപഞ്ചായത്തിൻെറ പടിഞ്ഞാറ് വടക്ക് അതിർത്തിയായ കാനോലി കനാലിൻെറ തീരപ്രദേശങ്ങൾ ഒരു കാലഘട്ടത്തിൽ ചകിരി മൂടലും, ചകിരി തല്ലി നാര് ഉണ്ടാക്കുകയും, ചൂടിക്കയർ പിരിക്കലും ചെയ്തുകൊണ്ടിരുന്ന പ്രദേശമായിരുന്നു.

ഈ മേഖലയിൽ 8 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. കൂടാതെ ഒട്ടനവധി സ്വകാര്യ സംരംഭകരും ഉണ്ടായിരുന്നു. പ്രധാനമായും ആലപ്പുഴ, സേലം മേഖലകളിലേക്ക് കയറും ചകിരി നാരും കയററി പോയിരുന്നു. എന്നാൽ ഇന്ന് 8 സഹകരണ സംഘങ്ങളും ലികിഡേഷനിലാണ്. കുടിൽ വ്യവസായമായി ചുരുങ്ങിയ സ്ഥലങ്ങളിൽ മാത്രം നിലനില്ക്കുന്നുള്ളു. സ്വകാര്യ മേഖലകളിൽ ഒരു യൂണിററ് മാമ്പിള്ളിയിൽ പ്രവർത്തിക്കുന്നു. ഇവിടെ റാട്ടുകൾ ഉപയോഗിച്ച് കയർ നിർമ്മാണം നടത്തുന്നു. ഈ മേഖലയിൽ ഇന്ന് ഒരു സംഘമാണ് പ്രവർത്തിക്കുന്നത്. മണലൂർ കയർ വ്യവസായ സഹകരണ സംഘം Ltd No. R. 592.

ഇതിൽ 328 അംഗങ്ങളുണ്ട്. എന്നാൽ 40 അംഗങ്ങൾ ചീഞ്ഞ തൊണ്ട് തല്ലുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. 100 തൊണ്ടിന് 22 രൂപ നിരക്കിലാണ് ഇവിടെ കൂലി.

### 2. കളിമൺ വ്യവസായം

മണലൂർ പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ പ്രത്യേകിച്ച് കുലാല സമുദായക്കാർ ധാരാളം തൊഴിൽ ചെയ്തിരുന്ന മേഖലയായിരുന്നു ഇത്. കൊല്ലങ്ങൾക്കു മുമ്പ് കെട്ടുവള്ളങ്ങളിൽ മൺപാത്രങ്ങൾ കോഴിക്കോട്, തിരൂർ പ്രദേശങ്ങളിലേക്ക് കയററിപ്പോയിരുന്നു. ഏതാണ്ട് പൂർണ്ണമായും ഈ വ്യവസായം തകർന്നിരിക്കുന്നു. ഇന്ന് അഞ്ച്, ആറ്, കുടുംബങ്ങൾ മാത്രമേ ഈ പ്രവർത്തിയിൽ ഏർപ്പെടുന്നുള്ളു. .

ഈ മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിച്ച് കൊണ്ട് കാരമുക്ക് കേന്ദ്രീകരിച്ച് ഒരു മൺപാത്രനിർമ്മാണ സഹകരണ സംഘം പ്രവർത്തിച്ചിരുന്നു. എന്നാൽ ഈ സംഘം ഇന്ന് ലികിഡേഷനിലാണ്. സർക്കാർ ലോൺ കുടിശ്ശിക ഏതാണ്ട് 25,000 രൂപ കടബാധ്യതയിൽ കിടക്കുകയാണ് ഈ സ്ഥാപനം. പ്രവർത്തനം നിലച്ചിരിക്കുന്നു. ഇതിൻെറ കടബാധ്യതയേക്കാൾ 25 ഇരട്ടി വിലയുള്ള ആസ്ഥി ഇതിനായുണ്ട്.

### 3. ബീഡി വ്യവസായം

പഞ്ചായത്തിലെ കാഞ്ഞാണി മണലൂർ പ്രദേശങ്ങളിൽ സ്വകാര്യ മേഖലയിൽ ബീഡി ഫാക്ടറികൾ ലാഭകരമായി പ്രവർത്തിച്ചിരുന്നു. ഇന്ന് കാരമുക്ക് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജനതാ ബീഡി ഫാക്ടറി മാത്രമേ നിലവിലുള്ളു. ഒരു ചാരിററബിൾ സംഘമായി രജിസ്ട്രർ ചെയ്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ഇന്ന് 16 തൊഴിലാളികൾ ജോലി ചെയ്യുന്നു. ദിവസത്തെ ശരാശരി വേതനം 30 രൂപയാകുന്നു. മററു ജോലിയിൽ ഏർപ്പെടാൻ ആരോഗ്യമില്ലാത്തതുകൊണ്ടാണ് ഭൂരിഭാഗം പേരും ഇന്ന് ആ തൊഴിലിൽ-തന്നെ ഏർപ്പെടുന്നത്. പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ സ്ത്രീകൾ കാജാ ബീഡി നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നുണ്ട്. നിർമ്മാണത്തിലുള്ള വൈദഗ്ദ്ധ്യവും വേഗതയും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്കാണ് അതുകൊണ്ട് അവർ കൂടുതൽ വേതനം നേടുന്നു.



269

4. കൈത്തറി മേഖല

കാലങ്ങളായി വീടുകളിൽ തറിയിട്ട് ഈരെഴ നെയ്യുന്ന പതിവ് പഞ്ചായത്തിലെ വിവിധ മേഖലകളിൽ ഉണ്ടായിരുന്നു. ഇന്ന് മണലൂരിൽ ഒരു വീട്ടിൽ മാത്രമാണ് ഈ പ്രവൃത്തി നടക്കുന്നത്. ശരാശരി വേതനം മററു മേഖലകളേക്കാൾ കുറവാണ്.

5. ഓട്ടുപാത്ര നിർമ്മാണം, സ്വർണ്ണപ്പണി, ലോഹപ്പണി, നീററ് കക്ക, കക്ക വ്യവസായം

കാലങ്ങളായി ഈ മേഖലകളിൽ ചില പ്രത്യേക സമുദായക്കാർ പരമ്പരാഗതമായി ഈ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. ഇന്ന് അപൂർവ്വം ചിലർ വീടുകളെ കേന്ദ്രീകരിച്ച് കുടിൽ വ്യവസായമായി ഇവ നിലനിൽക്കുന്നു. പഞ്ചായത്തിൽ നാല് നീററ് കക്ക യൂണിററുകളുണ്ട്. ഇത് പ്രധാനമായും കാർഷികാവശ്യങ്ങളെ ആശ്രയിച്ചാണ് നില്ക്കുന്നത്. അടുത്തകാലത്തായി വികസനം നേടുന്ന ഒരു മേഖലയാണ് സ്വർണ്ണപ്പണി. വീടുകളിൽ ചെറിയ യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് ഇത്തരം സംരംഭങ്ങൾ പൊന്തി വരുന്നുണ്ട്. ഓട്ടു പാത്രനിർമ്മാണം ഏതാണ്ട് അവസാനിച്ചിരിക്കുകയാണ്.

## II ആധുനിക വ്യവസായങ്ങൾ

കാർഷിക വിളകളെ അടിസ്ഥാനമാക്കി ഈ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള കാർഷിക വിഭവങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ള വ്യവസായ യൂണിററുകളാണ് പ്രധാനമായും ആധുനിക വ്യവസായമേഖലയിൽ ഉയർന്നു വന്നിട്ടുള്ളതും നിലനിൽക്കുന്നതും. നാളികേരം, നെല്ല് തുടങ്ങിയവയാണ് ഇവിടത്തെ വിഭവങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി മുപ്പത് ഫ്ളവർ-റൈസ് മില്ലുകളും, ഇരുപത്തെട്ട് പൗണ്ടിങ്ങ്-റൈസ് മില്ലുകളും, പത്ത് ഓയിൽ മില്ലുകളും പ്രവർത്തിക്കുന്നു. എല്ലാം സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഈ മേഖല പൊതുവെ സ്ത്രീകളുടെ മുൻകൈയിലാണ് പ്രവർത്തിച്ചു കാണുന്നത്.

1. പവർ ലൂം വ്യവസായ മേഖല

100 അംഗങ്ങളെ ചേർത്തിട്ടുള്ള സഹകരണ സംഘമാണ് പഞ്ചായത്തിലെ ജയ്ഹിന്ദ് പവർലൂം സഹകരണ സംഘം. 48 യന്ത്ര തറികൾ ഘടിപ്പിച്ചിട്ടുള്ള ഇവിടെ 12 തറികളാണ് പ്രവർത്തിക്കുന്നത്. 1979 ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം ഇന്ന് തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. ഏറെ വികസന സാധ്യതകളുള്ള ഈ സ്ഥാപനത്തിൻെറ മാനേജ്മെൻറ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

2. പ്ലാസ്ററിക് വ്യവസായം

ഈ പഞ്ചായത്തിൽ 7 പ്ലാസ്ററിക് വ്യവസായ യൂണിററുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. എല്ലാം തന്നെ സ്വകാര്യ മേഖലകളിൽ തന്നെയാണ് അടുത്ത കാലത്തായി പഞ്ചായത്തിൽ വികസിച്ചുവരുന്ന ഈ മേഖലയിൽ സ്ത്രീ തൊഴിലാളികളാണ് ഭൂരിപക്ഷം വരുന്നത്. ഇവ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനാവുന്നുണ്ട്. ഈ മേഖലയിൽ ധാരാളം വികസന സാധ്യതകൾ കാണുന്നു.

3. ഇലക്ട്രിക് & ഇലക്ട്രാണിക് യൂണിററുകൾ

വാഷിംഗ് മെഷീൻ, വെററ് ഗ്രൈൻറർ മെഷീൻ തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന മൂന്ന് യൂണിററുകൾ ഉണ്ട്. കൂടാതെ ഇലക്ട്രിക് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന രണ്ട് യൂണിററുകൾ ഇവിടെ പ്രവർത്തിക്കുന്നു. ഏറെ വിപണന സാധ്യതകളുള്ള ഈ മേഖലകളിലേക്ക് പുതിയ സംരംഭകർ വരുന്നുണ്ട്.

4. മററ് ആധുനിക വ്യവസായ സ്ഥാപനങ്ങൾ

കാഞ്ഞാണി കേന്ദ്രീകരിച്ച് ഒരു പാക്കിങ്ങ് വ്യവസായ യൂണിററും, കണ്ടശ്ശാംകടവ്, മണലൂർ എന്നിവിടങ്ങളിൽ മരക്കമ്പനികളും, എഞ്ചിനീയറിങ്ങ് മേഖലയിൽ ഗ്രിൽ, ഗേററ്, തുടങ്ങിയവ നിർമ്മിക്കുന്ന അഞ്ച് യൂണിററുകളും, ലെയ്ത്ത് വർക്ക്ഷോപ്പുകൾ രണ്ടെണ്ണവും പഞ്ചായത്തിലുണ്ട്. കാലങ്ങളായി അച്ചടി വ്യവസായം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്നുണ്ട്. ഒമ്പത് പ്രസ്സുകളാണ് പ്രവർത്തിച്ച് വരുന്നത്. പഞ്ചായത്തിൽ വൻകിട പൊതുമേഖല വ്യവസായങ്ങൾ ഒന്നുംതന്നെയില്ല.



270

## പ്രശ്നങ്ങൾ

1. പുതിയ വ്യവസായ സംരംഭകർക്ക് സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാക്കുന്നതിന് വലിയ ബുദ്ധിമുട്ടുകൾ നേരിടുന്നു.

2. വൈദ്യുതിയുടെ ലഭ്യത കുറവും, വൈദ്യുതി കണക്ഷൻ ലഭിക്കാൻ കാലതാമസവും, വൈദ്യുതി വോൾട്ടേജ് ക്ഷാമവും അനുഭവപ്പെടുന്നു.

3. പരമ്പരാഗത വ്യവസായങ്ങൾ തകരുന്നു. കയർ, കൈത്തറി, കളിമൺ വ്യവസായങ്ങൾ എന്നിവ കാലാനുസൃതമായി നവീകരിക്കപ്പെട്ടിട്ടില്ല. ഈ മേഖലയിൽ പ്രവർത്തിച്ചു വന്ന സഹകരണ സംഘങ്ങൾക്ക് ശരിയായ ദിശാ ബോധം ഉണ്ടായിരുന്നില്ല. നമ്മൾ ഉല്പാദിപ്പിക്കുന്ന ചകിരി - 'സ്വർണ്ണ നാരുകൾ' എന്നാണ് അറിയപ്പെടുന്നത്. ഇന്നും ഇവ അസംസ്കൃത രൂപത്തിലാണ് വിററഴിക്കപ്പെടുന്നത്. ഇവയെ ഉപയോഗിച്ച് value addition ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ നിർമ്മിക്കാൻ ആധുനിക സങ്കേതങ്ങൾ ഒന്നും തന്നെ നാം ഉപയോഗപ്പെടുത്തിയിട്ടില്ല. ഇത്തരം വസ്തുക്കളുടെ ദേശീയവും, അന്തർദേശീയവുമായ വിപണി ആലപ്പുഴയിലെ വ്യവസായികൾ ഉപയോഗപ്പെടുത്തുമ്പോൾ നാം ഇപ്പോഴും ആലപ്പുഴയ്ക്ക് അസംസ്കൃത കയറും നാരുകളും അയച്ചു കൊണ്ടിരിക്കുന്നു.

4. ആധുനിക മില്ലുകളും തറികളും ഉപയോഗിച്ച് ഉല്പാദന ചിലവ് കുറച്ച് വിപണിയിൽ ഉല്പന്നങ്ങൾ ലഭ്യമായപ്പോൾ അതിനനുസൃതമായി കൈത്തറി വ്യവസായ യൂണിററുകൾക്ക് നിലനില്ക്കാൻ കഴിയുന്നില്ല.

5. വ്യവസായ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതിനും കണ്ടെത്തുന്നതിനും സംവിധാനമില്ല. നമ്മുടെ പരമ്പരാഗതമേഖലയിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരുന്ന സംരംഭകരും പരമ്പരാഗത അറിവുകളുടെ അടിസ്ഥാനത്തിലായിരുന്നു. ഇതുവിട്ട് ഈ മേഖലയിൽ നിന്നും പുതിയ സംരംഭകർ ആരും ഉണ്ടായില്ല.

6. പരമ്പരാഗത വ്യവസായ മേഖലയുടെ ആധുനിക വൽക്കരണത്തിനാവശ്യമായ സാങ്കേതിക വിവരങ്ങളുടേയും പുതിയ വിപണന വിവരങ്ങളുടേയും ലഭ്യത കുറവ്.

7. വ്യവസായ സംരംഭകർക്ക് വേണ്ടത്ര സാമ്പത്തിക സഹായം ശരിയായ സമയത്ത് ലഭ്യമാകുന്നില്ല. വേണ്ടത്ര പ്രവർത്തന മൂലധനം ഇവർക്ക് സംഘടിപ്പിക്കാനാവുന്നില്ല.

8. ബാങ്കുകൾ വ്യവസായ സംരംഭകരോട് നിഷേധാത്മക സമീപനം കൈക്കൊള്ളുന്നു.

9. വിവിധ സേവന മേഖലകളുടെ യോജിച്ച പ്രവർത്തനമില്ലായ്മ. വില്ലേജ്, രജിസ്ട്രാർ ഓഫീസ്, പഞ്ചായത്ത്, ഇലക്ട്രിസിററി ഓഫീസ് എന്നിവയുടെ യോജിച്ച പ്രവർത്തനം ഇല്ലാത്തത് മൂലം പുതിയ സംരംഭകർക്ക് ഒരുപാട് കാലതാമസവും മററും നേരിടുന്നു.

10. നമ്മുടെ പഞ്ചായത്തിൽ പൊതുവെ ഒരു വ്യവസായ അനുകൂല കാലാവസ്ഥ നിലനില്ക്കുന്നില്ല.

## സാധ്യതകൾ

1. പഞ്ചായത്തിൽ അധികമുള്ള വ്യവസായ യൂണിററുകൾ റൈസ് മില്ലും, പൗണ്ടിങ്ങ് മില്ലും തുടങ്ങിയവയാണ്. ഇവയുടെ കപ്പാസിററി മുഴുവൻ ഉപയോഗിക്കപ്പെടുന്നില്ല. ഇവയുടെ spare capacity ഉപയോഗപ്പെടുത്തി grocery products നിർമ്മിയ്ക്കാനാവും. ഇതിനായി പഞ്ചായത്തിൽ കേന്ദ്രീകൃതമായ ഒരു മാർക്കററിങ്ങ് ഏജൻസി രൂപപ്പെടുത്തണം. ഇതു മുഖേന ഒട്ടനവധി സ്ത്രീ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ കണ്ടെത്തുവാനും കഴിയും.

2. പഞ്ചായത്തിലെ മുഖ്യ വിഭവമായ കൊപ്രയെ ആശ്രയിച്ച് പത്ത് ഓയിൽ മില്ലുകൾ പ്രവർത്തിക്കുന്നു. കേന്ദ്രീകൃതമായ വിപണനത്തിന് വേണ്ടിയുള്ള netweork പഞ്ചായത്ത് തലത്തിൽ രൂപീകരിക്കേണ്ടതാണ്. ഇത് മുഖേന വെളിച്ചെണ്ണയ്ക്ക് ആധുനിക ലോകം ആവശ്യപ്പെടുന്ന രീതിയിൽ വിപണി കണ്ടെത്താനാവും. പുതിയ വിപണി കണ്ടെത്തുന്നതോടെ ഇതുമായി ബന്ധപ്പെട്ട ഒട്ടനവധി ആധുനിക അനുബന്ധ വ്യവസായ സംരംഭങ്ങൾ തുടങ്ങാനും കഴിയും.

3. നാളികേരം ഉപയോഗിച്ച് നിരവധി പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിജ്ഞാനം നമുക്കുണ്ട്. കേരഫെഡുമായി സഹകരിച്ച് ഈ മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാവുന്നതാണ്.

4. പഞ്ചായത്തിലെ പ്രമുഖ വ്യാപാര കേന്ദ്രമായ കണ്ടശ്ശാംകടവ് കൊപ്രയുടെ വിപണനത്തിനുള്ള ഒരു പ്രധാന കേന്ദ്രവുമാകുന്നു. കൊപ്രയെ അടിസ്ഥാനമാക്കി വലിയതോതിലുള്ള ഓയിൽ മിൽ ആരംഭിക്കേണ്ടതാണ്. ഇതിനായുള്ള മൂലധനം നമ്മുടെ സഹകരണസംഘങ്ങൾ മുഖേന സ്വരൂപിക്കാവുന്നതാണ്. ആധുനിക സൗകര്യങ്ങളോടെ ആരംഭിക്കുന്ന വെളിച്ചെണ്ണ മില്ലുകളു

ടെ ഉല്പന്നങ്ങൾ വിററഴിക്കാൻ അഖിലേന്ത്യ - അന്താരാഷ്ട്ര നിലവാരത്തിൽ ഒരുപാടു സാധ്യതകളുണ്ട്. കൂടാതെ ഇവക്ക് അനുബന്ധമായി ഒട്ടനവധി കുടിൽ വ്യവസായ യുണിററുകൾ ആരംഭിക്കാനാവും.

5. നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ ഉല്പാദിപ്പിക്കുന്ന ചകിരി നാര് ഗുണത്തിൻെറ കാര്യത്തിൽ മററു സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്നതിനേക്കാൾ മുന്തിയ ഇനമാണ്. കാലങ്ങളായി അസംസ്കൃത പദാർത്ഥം എന്നനിലയിലാണ് നാം ഇവയെ വിപണനം ചെയ്തിരുന്നത്. എന്നാൽ ഇവയെ സംസ്കരിച്ച് കരകൗശല വസ്തുക്കൾ ഉണ്ടാക്കിയും മററും വിപണിയിൽ കൊണ്ടുവരേണ്ടതാണ്. ഇവയ്ക്ക് അന്താരാഷ്ട്ര വിപണിയിൽ നല്ല ഡിമാൻറുണ്ട്. ഈ മേഖലയിൽ നമ്മുടെ പഞ്ചായത്തിലെ സാധ്യതകൾ വളരെ വലുതാണ്.

6. പഞ്ചായത്തിൽ പച്ചതൊണ്ടിൽ നിന്നുള്ള ചകിരി ഉപയോഗിച്ച് coir - defibering unit കൾ. ആരംഭിക്കാവുന്നതാണ്. ഇതിനുള്ള യന്ത്രങ്ങൾ ലഭ്യമാണ്. ഇതു മുഖേന ഇന്ധനമായി ഉപയോഗിക്കുന്ന ചകിരിതൊണ്ട് വൻതോതിൽ ശേഖരിയ്ക്കുകയും, ഉപയോഗപ്പെടുത്തുകയുമാവാം.

7. നമ്മുടെ നാട്ടിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കാനുള്ള സംവിധാനം ഇന്നില്ല. ശേഖരിക്കുന്ന നെല്ലിന് അടിസ്ഥാനമാക്കി വലിയ തോതിലുള്ള റൈസ്മിൽ സ്ഥാപിക്കാവുന്നതാണ്. സഹകരണ മേഖലയിൽ ആരംഭിക്കുകയാണ് വേണ്ടത് ഇങ്ങനെ ഉല്പാദിപ്പിക്കുന്ന നെല്ലരി ആധുനിക വിപണന സങ്കേതങ്ങൾ ഉപയോഗിച്ച് വില്പനക്ക് ഇറക്കണം.

8. നെല്ല് - കൊപ്ര അടിസ്ഥാനമാക്കി ഉയർന്നുവരുന്ന വ്യവസായ സ്ഥാപനങ്ങളുടെ ഉപഭോല്പന്നങ്ങൾ ഉപയോഗിച്ച് ഒരു കാലിത്തീററ ഫാക്ടറി ആരംഭിക്കേണ്ടതാണ്. ഇങ്ങനെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് പ്രദേശിക വിപണി കണ്ടെത്താനാവും.

9. നമ്മുടെ നാട്ടിൽ ലഭ്യമായ പഴ വർഗ്ഗങ്ങൾ - മാങ്ങ, പപ്പക്കായ തുടങ്ങിയവ ശേഖരിച്ച് ഫുഡ് പ്രോസസ്സിങ്ങ് യൂണിററുകൾ ആധുനിക രീതിയിൽ സംവിധാനം ചെയ്യാനാവും. ഈ പഞ്ചായത്ത് മാനവ വിഭവശേഷിയുള്ള പ്രദേശമാകുന്നു. പ്രത്യേകിച്ച് വിദ്യാസമ്പന്നരായ സ്ത്രീകൾ വളരെ കുറഞ്ഞ ശമ്പളത്തിന് ചെറുകിട ജോലികളിൽ ഏർപ്പെടുന്നത് ഇവരുടെ സേവനവും ശേഷിയും ഉപയോഗപ്പെടുത്തി ഇലക്ട്രോണിക് അടിസ്ഥാനമാക്കിയുള്ള വ്യസായ സംരംഭങ്ങൾ വലിയ നിലയിൽ തന്നെ തുടങ്ങാവുന്നതാണ്. ഇവർക്ക് ആവശ്യമായ technical know how വളർത്തുന്നതിന് സംവിധാനം ഉണ്ടാക്കണം. ഇതുമൂലം വലിയ ഇലക്ട്രോണിക് വ്യവസായ സ്ഥാപനങ്ങളുടെ അനുബന്ധ വ്യവസായ യൂണിററുകളായി പ്രവർത്തിക്കാവുന്നതാണ്.

11. ഇലക്ട്രീക്, ഇലക്ട്രോണിക്സ്, എഞ്ചിനീയറിങ്ങ്, കെമിക്കൽ വ്യവസായങ്ങളുടെ വളർച്ചയ്ക്കായി ടെക്നിക്കൽ ലേബുകൾ സ്ഥാപിക്കേണ്ടതാണ്.

12. പഞ്ചായത്തിലെ ഒരു കേന്ദ്രത്തിൽ പത്ത് ഏക്കർ സ്ഥലം ഏറെറടുത്ത് വ്യവസായം തുടങ്ങുന്നതിനു വേണ്ടി ഒരു വ്യവസായ എസ്റേററ് സ്ഥാപിക്കുക. ഇതിൽ സ്വകാര്യ മേഖലയ്ക്കും സഹകരണ മേഖലയ്ക്കും തുല്യ പ്രധാന്യം നല്കിക്കൊണ്ട് പ്ലോട്ട് തിരിച്ച് ഹയർ പർച്ചേഴ്സ് ആയോ അല്ലെങ്കിൽ വില നിശ്ചയിച്ചോ വ്യവസായ സംരംഭകർക്കായി വിതരണം ചെയ്യുക.

13. പഞ്ചായത്തിലെ എല്ലാ വാർഡുകൾക്കും പ്രാതിനിധ്യം കൊടുത്തുകൊണ്ട് വനിതകളുടെ ഒരു വ്യവസായ വിവിധോദേശ സഹകരണ സംഘം രൂപപ്പെടുത്തുക.

14. പുതിയ വ്യവസായ സംരംഭകരെ കണ്ടെത്താനും നിലവിലുള്ള വ്യവസായങ്ങൾക്ക് സാങ്കേതിക വിവരങ്ങൾ ലഭ്യമാക്കാനും ചെറുകിട വ്യവസായ മാനേജ്മെൻറ് മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഒരു ഫോറം വിവിധ മേഖലകളിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തികൊണ്ട് പഞ്ചായത്തിൻെറ നേതൃത്വത്തിൽ രൂപീകരിക്കേണ്ടതാണ്.

15. വരും കാലങ്ങളിൽ ഉല്പന്നങ്ങളുടെ സ്ഥായിയായ നിലനില്പിന് quality maintain ചെയ്യുക എന്നത് മുഖ്യ പ്രശ്നമാകുന്നു.

16. Total quality circle രൂപപ്പെടുത്തുന്നതിനായി quality management team പഞ്ചായത്തിലെ വ്യവസായങ്ങളുടെ മേൽനോട്ടത്തിനായി ഏർപ്പെടുത്തണം.

16. കാർഷിക യന്ത്രങ്ങളുടേയും പണിയായുധങ്ങളുടേയും റിപ്പയറിങ്ങ് സർവ്വീസിങ്ങിനുള്ള ഒരു കേന്ദ്രം കോൾ മേഖലയുമായി ബന്ധപ്പെട്ട് ആരംഭിക്കേണ്ടതാണ്.

17. നമ്മുടെ പ്രദേശത്ത് ലഭ്യമാകുന്ന തെങ്ങിൻ കള്ള് ആധുനിക വ്യവസായ സങ്കേതങ്ങൾ ഉപയോഗിച്ച് കൂടുതൽ വിപണന സാധ്യതകൾ ഉണ്ടാക്കുക.

18. നമ്മുടെ പഞ്ചായത്തിൽ ഏഴ് ദേശസാൽകൃത ബാങ്കുകളും മൂന്ന് സഹകരണ ബാങ്കുകളും നിലനില്ക്കുന്നു.

ഇവ ശരാശരി വർഷത്തിൽ 2037.402 ലക്ഷം രൂപ ഡെപ്പോസിററായി ശേഖരിക്കുന്നു. ഇതിൽ 40.84 ശതമാനം പണം മാത്രമേ സഹകരണ ബാങ്കുകൾ വായ്പയായി കൊടുക്കുന്നുള്ളു. വാണിജ്യ ബാങ്കുകൾ 34.588 ശതമാനം വായ്പ കൊടുക്കുന്നുണ്ട്. ശേഷിക്കുന്ന ഡെപ്പോസിററുകൾ വായ്പയായി നമുക്ക് ഉപയോഗപ്പെടുത്താനാവും.

19. നമ്മുടെ പഞ്ചായത്തിൽ രണ്ട് സർക്കാർ സ്ക്കൂളുകൾ പ്രവർത്തിക്കുന്നു. ഇന്ന് ഇവയിൽ വളരെ കുറച്ച് വിദ്യാർത്ഥികളെ പഠിക്കുന്നനുള്ളു. ഇവർക്കുള്ള സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി പഞ്ചായത്തിൽ പൊതുവെ ടെക്നിക്കൽ വിദ്യാഭ്യാസ സാധ്യതയും അതുവഴി വ്യവസായ വികസനവും സാധ്യമാക്കുന്നതിന് ഒരു ടെക്നോളജിക്കൽ പാർക്ക് സ്ഥാപിക്കേണ്ടതാണ്. കേന്ദ്ര ഗവൺമെൻറിൻെറ മാനവവിഭവശേഷി മന്ത്രാലയത്തിൻേറയും വലപ്പാട് കമ്മ്യൂണിററി പോളി ടെക്നിക്കിൻേറയും സാങ്കേതിക സഹായം ഇതിനായി സ്വീകരിക്കാവുന്നതാണ്.

## മണലൂർ പഞ്ചായത്ത് - വ്യവസായ യൂണിററുകളെ സംബന്ധിച്ച വിവരങ്ങൾ

| വ്യവസായത്തിൻെറ തരം | രണ്ടിനും ഇടക്ക് | 10 - 15 | 15 നമേൽ | മൊത്തം യൂണിററുകൾ | മൊത്തം യൂണിററുകൾ |
|---|---|---|---|---|---|
| തടി | 44 | - | - | 10 | 44 |
| തുണി | 40 | - | - | 12 | 40 |
| വെളിച്ചെണ്ണ | 65 | - | - | 10 | 65 |
| എൻജിനയറിങ്ങ് | 15 | - | - | 4 | 15 |
| മററുള്ളവ | 749 | - | 100 | 81 | 849 |
| മൊത്തം | 913 | - | 100 | 117 | 1013 |

## നിലവിലുള്ള വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| മേഖല | തൊഴിലാളികളുടെ | % |
|---|---|---|
| കയർ | 410 | 40.47 |
| കൈത്തറി/യന്ത്രത്തറി | 130 | 12.83 |
| ബീസി | 55 | 5.43 |
| സിമൻറ് പ്രോഡക്ട്സ് | 32 | 3.16 |
| ഓയിൽ മില്ലുകൾ (വെളിച്ചെണ്ണ 10) | 65 | 6.42 |
| സോമിൽ 3 | 24 | 4.34 |
| ഫർണിച്ചർ നിർമ്മാണം 7 | 20 | |
| ലൈം / സോപ്പ / മെഴുകുതിരി 12 | 25 | 2.48 |
| റൈസ് & ഫോർമിത്സ് 58 | 65 | 6.42 |
| റെഡ്മെയിഡ്സ് ഗാർമെൻറ്സ് 12 | 40 | 3.95 |
| ഓടോടമൊബൈയിൽ 4 | 15 | 1.48 |
| പ്രിൻറിങ്ങ് പ്രസ്സ് 4 | 12 | 1.18 |
| മററു വ്യവസായങ്ങൾ | 120 | 11.85 |
| | 1013 | |



273

# ഗതാഗതം

മണലൂരിലെ മുഖ്യ ഗതാഗത മാർഗ്ഗം റോഡുകളാണ്. റെയിൽ ഗതാഗതം ഈ പഞ്ചായത്തിൽ തീരെ ഇല്ല. ജലഗതാഗതവും പേരിനു മാത്രം. വളരെ വിപുലമായ ഒരു റോഡ് ഗതാഗത ശൃംഖല തന്നെയുണ്ട്. ഈപഞ്ചായത്തിൽ. N. H. റോഡുകൾ ഇല്ല.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 110 കി. മീ. ആണ്. ഇതിൽ 40 കി. മീററോളം ടാർ ചെയ്തവയാണ്. പഞ്ചായത്തിൻെറ അധികാരപരിധിയിലുള്ള റോഡിൻെറ ആകെനീളം 85 കി. മീ. വരും. ഇതിൽ 15 കി. മീററോളം ടാർ ചെയ്തതാണ്. 62 കി. മീററോളം ചരൽ റോഡും 3 കി. മീറോളം മെററൽ വിരിച്ച റോഡുകളും, 5 കി. മീ. മണൽ റോഡും ഇതിൽ ഉൾപ്പെടുന്നു. സോളിങ്ങിനും, മെററലിങ്ങിനും മാത്രമായി കി. മീ. 1 ന് 4 ലക്ഷം രൂപ ഇന്നത്തെ മാർക്കററ് റേററ് അനുസരിച്ച് നിർമ്മാണ ചെലവു വരുന്നു. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 25 കി. മീ. റോഡുകളിൽ ടാർ ചെയ്തിട്ടുണ്ട്.

## ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങളും, പ്രശ്നപരിഹാരത്തിനുള്ള സാദ്ധ്യതകളും

1. റോഡുകളെല്ലാം പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നു. ഭൂരിഭാഗവും ഗതാഗതത്തിന് തടസ്സം ഉണ്ടാക്കുന്നവയാണ്. വർഷാവർഷം അററകുററപ്പണികൾ ചെയ്യുന്നുണ്ടെങ്കിലും മാസങ്ങൾക്കകം വീണ്ടും പഴയസ്ഥിതിയിലാവുന്നു. ഒരു മഴ പെയ്യുമ്പോഴേക്കും റോഡുകൾ ചെറിയ ചെറിയ കുളങ്ങവും തോടുകളുമാവുന്നു.

പഞ്ചായത്തിലെ റോഡുകൾക്കെല്ലാം വളരെ ഹ്രസ്വമായ ചരിത്രമേയുള്ളു. ഏറിയാൽ നൂറുകൊല്ലം. അതിനുമുമ്പ് അവ നാട്ടുവഴികളോ, വാണിജ്യ നടപ്പാതകളോ, തോടുകളോ, നെൽപ്പാടത്തുകൂടെ പോകുന്ന വലിയ വരമ്പുകളോ ആയിരുന്നു. ഏറെക്കുറെ ഇവയെല്ലാം ജലനിർഗ്ഗമന മാർഗ്ഗങ്ങളും ആയിരുന്നു. ഇവയിൽ സ്വാഭാവിക തോടുകളും കൃത്രിമ തോടുകളുമുണ്ട്. ജലനിർഗ്ഗമന മാർഗ്ഗത്തെ പരിഗണിക്കാതെ തോടുകളെല്ലാം റോഡുകളാക്കി മാററപ്പെടുന്ന ചരിത്രമാണ് കഴിഞ്ഞ അരനൂററാണ്ട് കാലത്ത് നമ്മുടെ ഗ്രാമത്തിൽ കാണുന്നത്. റോഡുകൾ നിർമിക്കപ്പെട്ടത് രാഷ്ട്രീയ ബലാബലത്തിൻെറ അടിസ്ഥാനത്തിലുമായിരുന്നു. ഈ പങ്കുവെക്കൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള ഗുരുതര പ്രശ്നങ്ങൾ ഉണ്ടാക്കി. മുൻപ് സൂചിപ്പിച്ച ഈ തോടുകളോട് (റോഡുകളോട്) ചേർന്ന് നിലനിന്നിരുന്ന ജല സംഭരണ ശേഷിയുള്ള വൻ- കുളങ്ങളും തോടുകളും സ്വകാര്യാവശ്യങ്ങൾക്കായി തൂർക്കപ്പെട്ടു. ഇത് നമ്മുടെ റോഡുകളിൽ വെള്ളക്കെട്ടുകൾ ഉണ്ടാക്കി, റോഡ് നാശത്തിനിടയാക്കുന്നു. ഈ പ്രശ്നത്തിന് ഫലപ്രദമായ നിർദ്ദേശം ഗ്രാമസഭയിൽ ഉയർന്നുവന്നു. നിലവിലുള്ള റോഡുകുളുടെ വശങ്ങളിൽ കാനകൾ കെട്ടി വെള്ളക്കെട്ട് ഒഴിവാക്കിയാൽ റോഡിൻെറ അററകുററപ്പണികൾക്കായി വർഷാവർഷം ചെലവാക്കുന്ന ഭീമമായ തുക കുറക്കാൻ കഴിയും. അതുപോലെ പുതിയ റോഡുകൾ പണിയുമ്പോൾ ജലനിർഗ്ഗമനം ശരിയായ വിധത്തിൽ നടക്കാവുന്ന കാനകളും രൂപകല്പന ചെയ്യണം. ഈ ജലം കൃഷിയാവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്ന വിധത്തിൽ കരുതി വെയ്ക്കാവുന്ന water shed കളിലേക്ക് ശേഖരിക്കാവുന്നതാണ്. റോഡിൻെറ അററകുററപ്പണികൾക്കും, പുതിയ റോഡുകൾ ഉണ്ടാക്കുമ്പോഴും പ്രാദേശിക ഗുണഭോക്താക്കളുടെ സന്നദ്ധസേവനത്തോടെ ചെയ്യാവുന്നതാണ്. ഫലപ്രദമായ റോഡ് മാനേജ്മെൻറ് സംവിധാനത്തിനായി പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഒരു റോഡ് നിർമ്മാണ വിദഗ്ദ സമിതി ഉണ്ടാക്കണം. ഇതിൽ പെൻഷൻ പററിയ എഞ്ചിനീയർമാർ, പാരിസ്ഥിതിക വിദഗ്ദർ, റോഡുമായി ബന്ധപ്പെടുത്തി സൗജന്യ സേവനം തേടാവുന്ന ഉദ്യോഗസ്ഥ അനുദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കാളികളാക്കിക്കൊണ്ടായിരിക്കണം ഈ സമിതി; പുതിയ റോഡുകൾ നിർമ്മിക്കപ്പെടേണ്ടിവരുമ്പോൾ വിദഗ്ദ സമിതിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഗ്രാമസഭാ ചർച്ചകളുടെ അടിസ്ഥാനത്തിൽ മാത്രം അംഗീകാരം കൊടുത്താൽ മതി. ഇത് പാരിസ്ഥിതിക പ്രശ്നങ്ങളും, അനാവശ്യചെലവുകളും, അനാവശ്യ റോഡ് നിർമ്മാണവും ഒഴിവാക്കാൻ സഹായിക്കും. അതുപോലെ പ്രാദേശിക ഗുണഭോക്തൃ സമിതികൾ ഉണ്ടാക്കി പ്രാദേശിക റോഡ് സംരക്ഷണം ഗുണഭോക്താക്കളുടെ കടമയാക്കി മാററാം. ഇടനിലക്കാരെ ഒഴിവാക്കാനും പഞ്ചായത്തിൻെറ പദ്ധതി വിഹിതം ഉൽപാദന പ്രക്രിയയിലേക്ക് തിരിച്ചുവിടാനും സാധിക്കും.



274

റോഡുകളുടെ വീതികുറവ്

ഗ്രാമസഭയിൽ ഉയർന്നുവന്ന മറെറാരു മുഖ്യ പ്രശ്നമാണിത്. കാലാകാലങ്ങളിൽ റോഡ് അളന്ന് തിട്ടപ്പെടുത്തി റോഡ് കയ്യേററം ഒഴിവാക്കണം. റോഡരുകുകളിൽ ക്ലബുകൾ, ഷെഡുകൾ ഇവ കെട്ടുന്നത് ഒഴിവാക്കണം. റോഡിനരികത്ത് വീട്, മതിൽ, കെട്ടിടങ്ങൾ ഇവ പണിയുമ്പോൾ പഞ്ചായത്തിൻെറ മുൻകൂർ അനുമതി വാങ്ങണം എന്ന മാനദണ്ഡം കൊണ്ടു വരണം.

പാടങ്ങളിലെ റോഡ് നിർമ്മാണം

നെൽപാടങ്ങളിലൂടെ റോഡുൾ വെട്ടി പറക്കണക്കിൽ നിന്ന് സെൻറുകണക്കിലേക്ക് ഭൂമിയുടെ മൂല്യം കൃത്രിമമായി വർദ്ധിപ്പിക്കുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. റോഡു നിർമ്മണത്തിലേക്ക് പഞ്ചായത്ത് ഫണ്ട് തിരിച്ചുവിട്ട് സ്വകാര്യ വ്യക്തികൾ തങ്ങളുടെ ഭൂമിയുടെ മൂല്യവർദ്ധനവുണ്ടാക്കി ഭൂമിയെ കച്ചവട വസ്തുവാക്കി മാറുന്നു. ഈ പ്രവണത കൃഷിയേയും അനുബന്ധ വ്യവസായങ്ങളേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. താമസിയാതെ ഇത് ജൈവശ്യംഖലയേയും, പാരിസ്ഥിതിക സംതുലിതാവസ്ഥയേയും ബാധിക്കും.. പാടങ്ങൾ തൂർക്കുന്ന സംവിധാനം നിർബന്ധമായും തടയേണ്ടതാണ്. അഥവാ അവശ്യ ഘട്ടങ്ങളിൽ വിദഗ്ദ സമിതി - ഗ്രാമസഭ - ബഹുജന ചർച്ചകൾക്കുശേഷം സ്വീകാര്യമായ നടപടികൾ എടുക്കാവുന്നതാണ്.

ഗതാഗതകുരുക്ക്

പഞ്ചായത്തിൻെറ പ്രധാന വ്യാപാര കേന്ദ്രങ്ങളായ കാഞ്ഞാണി, കണ്ടശ്ശാംകടവ് എന്നിവടങ്ങളിൽ ഗതാഗതകുരുക്ക് നിലനിൽക്കുന്നുണ്ട്. ഇത് ഒഴിവാക്കാൻ സമാന്തര റോഡ് / റിങ്ങ് റോഡ് ഏർപ്പെടുത്താവുന്നതാണ്.

ബസ് ഗതാഗതം

(1) വിളക്കും കാൽ - പാലാഴി റോഡ് (2) കണ്ടശ്ശാം കടവ് - പുലത്തറകടവ് റോഡ് (3) മണലൂർ പടിഞ്ഞാറെ വഴി ഇവിടങ്ങളിലേക്ക് ആവശ്യമായ ബസ്സ് സർവ്വീസ് ഇല്ലാത്തത് ആ പ്രദേശത്തെ ജനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഇതിനുള്ള പരിഹാരം കാണേണ്ടാതാണ്. സ്വയം തൊഴിൽ സംരംഭകരായ ചെറുപ്പക്കാരെ സംഘടിപ്പിച്ചുകൊണ്ട് ഒരു മിനി ബസ് ഷട്ടിൽ സർവ്വീസ് ഈ പ്രദേശങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് നടത്താവുന്നതാണ്.

ജലഗതാഗതം

ജലഗതാഗതത്തിൻെറ പ്രാധാന്യം മൂലം ആദ്യ കാലങ്ങളിൽ സ്ഥിരം വാണിജ്യ കേന്ദ്രമായി ഉയർന്ന കണ്ടശ്ശാംകടവിൽ ഇന്ന് ജലഗാതഗത സംവിധാനങ്ങൾ ഇല്ല. ഇവിടെ നിന്ന് പഞ്ചായത്തുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ജലഗതാഗത സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ആലപ്പുഴ, കൊച്ചി, പൊന്നാനി, മംഗലാപുരം തുടങ്ങിയ വൻതുറമുഖങ്ങളിലേക്ക് ജലമാർഗ്ഗം വ്യാപാരബന്ധം ഉണ്ടായിരുന്ന കണ്ടശ്ശാംകടവിന് ഇന്ന് ടൂറിസ്ററ് വികസനത്തിന് സാധ്യതകൾ ഏറെയുണ്ട്.

പാലങ്ങൾ

പഞ്ചായത്തിലെ റോഡുകൾ തമ്മിലുള്ള ഗതാഗത ദൈർഘ്യം കുറക്കുവാൻ ആ പ്രദേശത്തെ മൊത്തം ജനങ്ങൾക്ക് പാലം വളരെ അത്യാവശ്യമാണെങ്കിൽ വിദഗ്ദ സമിതിയുടെ നിർദേശ പ്രകാരം പഞ്ചായത്ത് ഇത് ഏറെറടുക്കാവുന്നതാണ്.

പൊതു നിർദ്ദേശങ്ങൾ

1. ആധുനിക റോഡ് നിർമ്മാണ രീതികൾ, കാലാവസ്ഥ, പ്രാദേശിക പരിഗണനകൾ ഇവ കണക്കിലെടുത്തുകൊണ്ട് ഉപയോഗിക്കാവുന്നതാണ്.
2. റോഡ് നിർമ്മാണ ചെലവുകൾ പൊതുപരിശോധനക്ക് വിധേയമാക്കണം.

## 1992 - 93 പഞ്ചായത്ത് റോഡുകളുടെ ലഭ്യമായ വിവരങ്ങൾ

### ടാർ ചെയ്ത റോഡ്

| നമ്പർ | റോഡിൻെറ പേര് | നീളം | വാർഡ് |
|---|---|---|---|
| 1 | കോരൻസ് റോഡ് | 1.600 | 11 |
| 2 | തച്ചംകുളം റോഡ് | 1.600 | 1 |
| 3 | കാഞ്ഞാണി - പള്ളി റോഡ് | 1.000 | 2 |
| 4 | തീരദേശ റോഡ് | 1.600 | 8 |
| 5 | ചിറക്കാപ്പ് റോഡ് | 1.000 | 12 |
| 6 | അമ്പലക്കാട് റോഡ് | 2.000 | 2 |
| 7 | സൊസൈററി റോഡ് | 1.000 | 5 |
| 8 | ഹൈസ്കൂൾ - ബാങ്ക് റോഡ് | 0.900 | 5 |
| 9 | എം. എൽ. എ. റോഡ് | 0.800 | 5 |
| 10 | മണലൂർ ആസ്പത്രി-ഹൈസ്കൂൾ റോഡ് | 0.900 | 7 |
| 11 | ഫ്രാൻസീസ് റോഡ് | 0.080 | 11 |
| 12 | പാന്തോട് അന്തിക്കാട് കടവ് റോഡ് | 1.400 | 2 |

### മെററൽ / ചരൽ റോഡ്

| നമ്പർ | റോഡിൻെറ പേര് | നീളം | വാർഡ് |
|---|---|---|---|
| 1 | കണ്ടശ്ശാംകടവ് - കരിക്കൊടി റോഡ് | 1.500 | 11 |
| 2 | മണലൂർ ചർച്ച് റോഡ് | 0.800 | 5 |
| 3 | തോപ്പിൽ കൃപാലയം റോഡ് | 0.800 | 6 |
| 4 | കുററൂകാരൻസ് റോഡ് (പുത്തനങ്ങാടി) | 0.800 | 5 |
| 5 | മണലൂർ പോസ്ററാഫീസ്-ഹൈസ്കൂൾ റോഡ് | 0.400 | 5 |
| 6 | പുത്തൻ കുളം റോഡ് | 0.800 | 4 |
| 7 | മങ്കോർമന ഈസ്ററ് റോഡ് | 0.400 | 4 |
| 8 | മങ്കോർമന നോർത്ത് റോഡ് | 1.600 | 7 |
| 9 | ഗാന്ധി ശതാബ്ദി റോഡ് | 0.800 | 1 |
| 10 | പോഴത്ത് ലൈൻ | 0.800 | 12 |
| 11 | മണലൂർ പാലാഴി നോർത്ത് റോഡ് | 1.000 | 6 |
| 12 | മണലൂർ കോൺവെൻറ് റോഡ് | 0.800 | 6 |
| 13 | സിനിമാ തീയററർ റോഡ് | 1.200 | 10 |
| 14 | തുരുത്തിയത്ത് ലൈൻ | 0.400 | 11 |
| 15 | SNGSHS അമ്പലം കിഴക്കോട്ട് റോഡ് | 0.150 | 10, 12 |
| 16 | മണലൂര പോസ്ററാഫീസ് റോഡ് | 0.150 | 5 |
| 17 | പാന്തോട് അന്തിക്കാട് കടവ് റോഡിൽ നിന്ന് വടക്കോട്ടുള്ള വഴി | 0.230 | 2 |
| 18 | പണിക്കർ റോഡ് | 1.200 | 2 |

| | | | |
|---|---|---|---|
| 19 | ചുങ്കത്ത് റൈസ്മിൽ റോഡ് | 0.800 | 5 |
| 20 | അയ്യപ്പൻകാവ് റോഡ് | 0.800 | 3 |
| 21 | മണലൂർ ബങ്ക് - കോൾ റോഡ് | 0.800 | 3 |
| 22 | കല്ലേലി മന റോഡ് | 0.400 | 5 |
| 23 | പുത്തേഴത്ത് ഈസ്ററ് ലൈൻ | 0.575 | 4 |
| 24 | പുത്തേഴത്ത് വെസ്ററ് ലൈൻ | 0.400 | 4 |
| 25 | മഹാത്മ റോഡ് (പള്ളിക്കുന്നത്ത് ലൈൻ) | 0.400 | 12 |
| 26 | ഇന്ദിരാഗാന്ധി റോഡ് | 0.220 | 8 |
| 27 | മണലൂർ ബങ്ക് വടക്ക് കോളിലേക്ക് പോകുന്ന റോഡ് | 0.800 | 3 |
| 28 | കന്നുകാലികുളം റോഡ് | 0.150 | 7 |
| 29 | പത്യാല താന്നാപാടം റോഡ് | 1.000 | 11 |
| 30 | പാലാഴി റോഡിൽ ഫാമിലി സെൻററിൻെറ മുന്നിൽ നിന്ന് കിഴക്കോട്ടുള്ള റോഡ് | 0.200 | 8 |
| 31 | മണലൂർ പടിഞ്ഞാറ് ലക്ഷം വീട് കോളനി റോഡ് | 1.000 | 7 |
| 32 | മണലൂർ ശിവക്ഷേത്രം റോഡ് | 0.300 | 6 |
| 33 | കാഞ്ഞാണി ലിഫ്ററ് ഇറിഗേഷൻ റോഡ് | 0.200 | 2 |
| 34 | ഹനുമാൻ റോഡ് | 0.800 | 2 |
| 35 | വി. കെ. വിജയൻ റോഡ് | 0.400 | 1 |
| 36 | മാമ്പുള്ളി - പാലാഴി റോഡ് | 0.800 | 8 |
| 37 | ബൗണ്ടറി റോഡ് ഓഫ് വാർഡ് 8, 9 | 0.400 | 8, 9 |
| 38 | ടെലഫോൺ എക്സ്ചേഞ്ച് - മാങ്ങാട്ടുകര റോഡ് | 1.400 | 11 |
| 39 | മാമ്പുള്ളി - ശിവക്ഷേത്രം റോഡ് | 0.400 | 9 |
| 40 | SNGSHS മാമ്പുള്ളി റോഡ് | 0.800 | 10 |
| 41 | എടത്തറക്കടവ് റോഡ് | 1.000 | 9 |
| 42 | കരുവാൻ റോഡ് | 0.600 | 10 |
| 43 | സെൻറ് ആൻറണീസ് കപ്പേള റോഡ് | 0.130 | 10 |
| 44 | സിറാമിക്ക് റോഡ് | 0.800 | 10 |
| 45 | സെൻറ്തോമസ് ഓയിൽമിൽ റോഡ് | 0.800 | 10 |
| 46 | പുത്യക്കോവിൽ റോഡ് | 0.800 | 10 |
| 47 | കണ്ടശ്ശാംകടവ് കോൺവെൻറ് ഈസ്റ് റോഡ് | 0.400 | 10 |
| 48 | ഫ്രാൻസീസ് റോഡിനും, ടെലിഫോൺ - എക്സ്ചേഞ്ച് റോഡിനും ഇടക്കുള്ള റോഡ് | 0.200 | 11 |
| 49 | മഹാത്മാ റോഡ് | 2.400 | 12 |
| 50 | എടത്തറ കരുവാൻസ് റോഡ് | 0.200 | 11 |
| 51 | ബാങ്ക്കോൾ റോഡിൽനിന്ന് വടക്കോട്ട് പോകുന്ന റോഡ് | 0.300 | 3 |
| 52 | കല്ലേലിമന വെസ്ററ് റോഡ് | 1.000 | 5 |
| 53 | ആനക്കാട് റോഡ് | 1.000 | 3 |
| 54 | ഏനാമാവ് PWD റോഡിൽ നിന്ന് - ഏരിയിലേക്കുള്ള റോഡ് | 0.220 | 7 |

| | | | |
|---|---|---|---|
| 55 | സെൻറ് സേവ്യർ കല്ലേലി കരിക്കൊടി - റോഡ് | 0.210 | 11 |
| 56 | കാഞ്ഞാണി ഈന്തക്കുന്ന് റോഡ് | 0.250 | 2 |
| 57 | ശ്മശാന റോഡ് | 0.740 | 3 |
| 58 | ശ്രീനാരായണ റോഡ് (മാമ്പുള്ളി പുലത്തറ - കടവ് റോഡ്) | 0.488 | 9 |
| 59 | കോരൻസ് റോഡിൽനിന്ന് കിഴക്കോട്ടുള്ള റോഡ് | 0.232 | 12 |
| 60 | കാരമുക്ക് ലക്ഷം വീട് കോളനി റോഡ് | 0.200 | 10 |
| 61 | മണലൂർ പോസ്ററാഫീസ് റോഡ് | 0.238 | 7 |
| 62 | കാരമുക്ക് ആയുർവേദ ഡിസ്പെൻസറി റോഡ് | 0.300 | 11 |
| 63 | ഈന്തകുന്ന് ആയുർവേദ ഡിസ്പെൻസറി റോഡ് | 0.063 | 2 |
| 64 | പള്ളിപറമ്പ് റോഡ് | 0.193 | 8 |
| 65 | തിണ്ടാററ് റോഡ് | 0.462 | 3 |
| 66 | തൊഴിലാളി റോഡ് | 0.187 | 3 |
| 67 | കാരമുക്ക് ശിവക്ഷേത്ര റോഡ് | 0.297 | 11 |
| 68 | നേതാജി റോഡ് | 0.300 | 7 |
| 69 | പത്യാല അമ്പല റോഡ് | 1.450 | 11 |
| 70 | ചുങ്കത്ത് പോസ്ററാഫീസ് റോഡ് | 0.325 | 5 |
| 71 | അന്നപൂർണ്ണിമ റോഡ് | 1.002 | 6 |
| 72 | പാലാഴി കോടമുക്ക് റോഡ് | 1.200 | 8 |
| 73 | കർഷക റോഡ് | 0.150 | 3 |
| 74 | ഗോതമ്പ് റോഡ് | 0.600 | 6 |
| 75 | മൂപ്പിൻ റോഡ് | 0.250 | 2 |
| 76 | ചാത്തൻ കുളം റോഡ് | 0.138 | 8 |
| 77 | പ്രിയദർശിനി റോഡ് | 0.300 | 1 |
| 78 | ഇന്ദിര പ്രിയദർശിനി റോഡ് | 0.300 | 1 |
| 79 | വയലോരം റോഡ് | 0.250 | 12 |
| 80 | പാർത്ഥസാരഥി റോഡ് | 0.300 | 1 |
| 81 | മണലൂർ പോസ്ററാഫീസ് റോഡ് | 0.438 | 5 |
| 82 | വെള്ളേം തടം റോഡ് | 0.600 | 3 |
| 83 | തുരുത്തിയത്ത് വെസ്ററ് ലൈൻ | 0.173 | 11 |
| 84 | കനാൽ വഴിയമ്പലം റോഡ് | 0.600 | 1 |
| 85 | മാമ്പുള്ളി ലക്ഷം വീട് കോളനി റോഡ് | 0.089 | 9 |
| 86 | കരുവാൻസ് റോഡിൽ നിന്ന് വടക്കോട്ടുള്ള റോഡ് | 0.150 | 10 |
| 87 | സുവർണ്ണ റോഡ് | 0.100 | 7 |
| 88 | പാറക്കുളം ലൈൻ | 0.800 | 7 |
| 89 | മണലൂർ കിഴക്ക് ലക്ഷംവീട് കോളനി റോഡ് | 0.250 | 3 |
| 90 | സർക്കാർ കുളം റോഡ് | 0.300 | 9 |
| 91 | പാലാഴി വാട്ടർ ടാങ്കിന് വടക്കോട്ടുള്ള റോഡ് | 0.300 | 8 |
| 92 | പാലാഴി കിഴക്ക് ചീപ്പ് റോഡ് | 0.240 | 8 |

| | | | |
|---|---|---|---|
| 93 | പാലാഴി കിഴക്ക് ചീപ്പ് റോഡ് കിസാൻ റോഡ് | 0.170 | 3 |
| 94 | ശ്രീശങ്കര റോഡ് | 0.187 | 2 |
| 95 | മണലൂർ ലിങ്ക് റോഡ് | 0.120 | 3 |
| 96 | മണലൂർ വെസ്ററ് ലക്ഷം വീട് | 0.640 | 12 |
| 97 | കാരമുക്ക് മണലൂർ റോഡ് | 0.670 | 12 |
| 98 | മണലൂർ പള്ളി റോഡ് | 0.580 | 3 |
| 99 | കാരമുക്ക് 4 സെൻറ് കോളനി റോഡ് | 0.075 | 12 |
| 100 | പാലാഴി 4 സെൻറ് കോളനി റോഡ് | 0.075 | 8 |
| 101 | വിദ്യാർത്ഥി റോഡ് | 0.750 | 2 |

## പഞ്ചായത്ത് റോഡുകൾ ടാറിട്ടവ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 1 | 3 | - | - | 3 | - | 1 | 1 | - | - | 2 | 1 | 12 |
| ദൈർഘ്യം കി. മീ. | 1.600 | 2.900 | | | 1.900 | - | 900 | 1.000 | - | - | 3.18 | .800 | 12.28 |

## പഞ്ചായത്ത് റോഡുകൾ - ടാറിടാത്തവ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 6 | 10 | 14 | 4 | 12 | 6 | 9 | 9 | 8 | 7 | 9 | 9 | 103 |
| ദൈർഘ്യം കി. മീ. | 3.520 | 5.330 | 7.019 | 2.175 | 7.083 | 4.5 | 4.69 | 3.36 | 2.37 | 4.13 | 5.43 | 5.61 | 55.47 |

## പഞ്ചായത്തിലൂടെ സർവ്വീസ്സ് നടത്തുന്ന വാഹനങ്ങൾ

1. റൂട്ട് ബസ്സ് - 95
2. കെ. എസ്. ആർ. ടി. സി. - 7
3. ലക്ഷ്വറി കോച്ച് - 8
4. ടാക്സി കാർ - 51
5. ജീപ്പ് - 5
6. ടെമ്പോ ട്രക്കർ - 57
7. ഓട്ടോറിക്ഷാ - 173
8. ഗുഡ്സ് റിക്ഷ - 23
9. ട്രാക്ടർ - 2
10. ടില്ലർ - 5

# ഊർജ്ജം

താപരൂപത്തിലുള്ള ഊർജ്ജമാണ് ഇന്നും നമ്മൾ ഏറ്റെ ഉപയോഗിക്കുന്നത്.

അതിന് പ്രധാനമായും നാം ആശ്രയിക്കുന്ന ഊർജ്ജ് സ്രോതസ്സുകൾ വിറക്, മണ്ണെണ്ണ, മരക്കരി, വൈദ്യുതി L P G തുടങ്ങിയവയാണ്.

ഈ പഞ്ചായത്തിൽ വ്യാപകമായും ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ് വിറകാണ്.

ബഹുഭൂരിപക്ഷം വീടുകളിലും പാചകത്തിനായി തെങ്ങുല്പന്നങ്ങളായ ഓല, മടൽ, ചകിരി, ചിരട്ട, വേര്, തടി തുടങ്ങിയവ ഉപയോഗിക്കുന്നു.

കൂടാതെ മരം, ഉണക്കില ചപ്പുചവറുകൾ എന്നിവയും പ്രയോജനപ്പെടുത്തുന്നു.

പാചകത്തിനായി മണ്ണെണ്ണയും ഉപയോഗിക്കുന്നുണ്ട്.

മണ്ണെണ്ണയുടെ ലഭ്യത റേഷൻ കടകളെ ആശ്രയിച്ചാണ് നിലനില്ക്കുന്നത്.

സമൂഹത്തിലെ ഉയർന്ന ഒരു വിഭാഗം ആളുകൾ L P ഗ്യാസ് ഉപയോഗിക്കുന്നുണ്ട്.

പാചകത്തിനായി വൈദ്യുതി ഉപയോഗിക്കുന്നത് അപൂർവ്വമാണ്.

ചായക്കടകളിലും, ഹോട്ടലുകളിലും, ഇന്ധനത്തിനായി മരക്കരിയും, വിറകും, മണ്ണെണ്ണയും, ഉപയോഗിക്കുന്നുണ്ട്.

വെളിച്ചത്തിനായി പൊതുവെ ആശ്രയിക്കുന്നത് വൈദ്യുതിയാണ്, കറൻറ് കട്ടും, വൈദ്യുതി ക്ഷാമവും മൂലം പലവീടുകളിലും കടകളിലും ഗ്യാസ് ലൈററ്, എമർജൻസി ലൈററ്, മിനി ജനറേററർ സെററ് തുടങ്ങിയ പ്രവർത്തിപ്പിക്കുന്നു.

വൈദ്യുതി എത്താത്ത, പഞ്ചായത്തിൻെറ വടക്കേ തുരുത്തുകളിലും, വളരെ പാവപ്പെട്ടവരുടെ വീടുകളിലും വെളിച്ചം നല്കുന്നത് മണ്ണെണ്ണ വിളക്കുകൾ തന്നെയാണ്.

ഗാർഹികമായ വൈദ്യുതി ഉപഭോഗം ലൈററ്, ഫാൻ ചെറിയ പമ്പ് സെററുകൾ തുടങ്ങിയവ പ്രവർത്തിപ്പിക്കുവാനാണ്.

ഈ പഞ്ചായത്തിലെ 65% വീടുകളും വൈദ്യുതീകരിച്ചവയാണ്.

പഞ്ചായത്തിലെ, വൈദ്യുതി ഉപയോഗിക്കുന്ന പ്രധാന വ്യവസായങ്ങൾ റൈസ് മില്ലുകൾ, ഫ്ളവർ മില്ലുകൾ, ഫർണിച്ചർ നിർമ്മാണ ഫാക്ടറികൾ, ഈർച്ച മില്ലുകൾ, ഓയിൽ മില്ലുകൾ, തുണിമില്ല്, പ്ലാസ്ററിക് കമ്പനികൾ തുടങ്ങിയവയാണ്.

പരമ്പരാഗത വ്യവസായങ്ങൾ വൈദ്യുതി ഉപയോഗിക്കുന്നില്ലെന്നു മാത്രമല്ല, അവ തിരോഭവിക്കാനും തുടങ്ങിയിരിക്കുന്നു.

ചില കൈ തൊഴിലുകാർ അവരുടെ (ഉപകരണങ്ങൾ ) പണിയായുധങ്ങൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

ഉദാ. ആശാരി, മൂശാരി, തട്ടാൻ, കരുവാൻ

കാർഷികാവശ്യത്തിന് വൈദ്യുതി ഉപയോഗം ഇനിയും വർദ്ധിക്കേണ്ടതുണ്ട്.

കന്നുകാലി - മനുഷ്യാദ്ധ്വാന ഊർജ്ജ ശക്തി കാർഷിക മേഖലയിൽ നിലനിന്നിരുന്നു. ഇപ്പോൾ എല്ലാം യന്ത്രങ്ങളിലേക്ക് മാറിയിരിക്കുന്നു.

സ്വകാര്യ മോട്ടർ വാഹനങ്ങളുടെ എണ്ണം വളരെ കൂടുതലാണ്, അതുകൊണ്ട് ഡീസലിനും പെട്രോളിനും ചെലവേറുന്നു.

പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ കാര്യമായി ഇല്ലെന്നു തന്നെ പറയാം.

ഗോബർ ഗ്യാസ് നിർമ്മാണം 13 വീടുകളിലുണ്ട്. പരിഷത് അടുപ്പുകൾ പ്രചാരത്തിലുണ്ട്. സൗരോർജം, കാററ് എന്നിവ വഴിയുള്ള ഊർജ്ജ പ്രയോഗങ്ങൾ ഇവിടെ നടന്നിട്ടില്ല.

ചുററുപാടുകളിൽ നിന്നും ശേഖരിക്കുന്ന തെങ്ങുല്പന്നങ്ങൾ മരം, തുടങ്ങിയ വിറകും, കരിയിലകൾ, ചപ്പുചവറുകൾ, കാർഷികാവശിഷ്ടങ്ങൾ എന്നിവയും ചേർന്ന ജൈവ ദ്രവ്യങ്ങളാണ് ഈ പഞ്ചായത്തിലെ മുഖ്യ ഊർജ്ജ സ്രോത്യസുകൾ.

ഈർച്ച മില്ലുകളിൽ നിന്നും ലഭിക്കുന്ന പാഴ്മരങ്ങൾ, ഈർച്ചപ്പൊടി എന്നിവയും ഉപയോഗപ്പെടുത്തുന്നുണ്ട്.

കാഞ്ഞാണിയിലെ 66 K V സബ്സ്റേറഷനാണ് ഈ പഞ്ചായത്തിലെ വൈദ്യുതിയാവശ്യങ്ങൾ നിറവേററുന്നത്. കണ്ടശ്ശാംകടവിൽ ഇല: മേജർ സെക്ഷനാഫീസ് പ്രവർത്തിക്കുന്നു. മണലൂരിൽ ഒരു സെക്ഷനാഫീസും ട്രാൻസ്ഫോർമറുകൾ ഓവർ ലോഡാണ്. കൂടുതൽ വൈദ്യുതി എത്താതെ വിതരണ മേഖലകളിൽ കാര്യമായ വികസനം പ്രതീക്ഷിക്കാനാവില്ല.

മണ്ണെണ്ണയുടെ ലഭ്യത പൂർണ്ണമായും റേഷൻ കടകളെ ആശ്രയിച്ചാണ് നിലനില്ക്കുന്നത്.

ഈ പഞ്ചായത്തിൽ ഒരു L P G ഏജൻസിയും, ഒരു പെട്രോൾ ബങ്കും പ്രവർത്തിക്കുന്നുണ്ട്. 1985 ലാണ് L P Gas വിതരണം (വിതരണം) ഈ പഞ്ചായത്തിൽ ആരംഭി

ച്ചത്. വിതരണം ഈ പഞ്ചായത്തിൽ ഗ്യാസ് കണക്ഷനു കളുള്ള 1200 വീടുകൾ ഇപ്പോൾ ഉണ്ട്; സ്വകാര്യ ഏജൻസികളും പ്രവർത്തിക്കുന്നു. വേണ്ടത്ര വിറക് ലഭ്യതയുണ്ടെങ്കിലും - ഇടത്തരക്കാർ പാചക വാതകത്തിലേക്ക് ആകർഷകരാകുന്നുണ്ട്. വൈദ്യുതിക്കും ഗ്യാസിനും ക്ഷാമം നേരിടുമ്പോൾ ജനം വീണ്ടും വിറകിലേക്കും മണ്ണെണ്ണയിലേക്കും വഴിമാറുന്നു. മണ്ണെണ്ണക്ക് ക്ഷാമം വരുമ്പോൾ വെളിച്ചത്തിനായി മെഴുകുതിരി വെട്ടം മാത്രം.

പാചകത്തിനും, വെളിച്ചത്തിനും ഗോബർ ഗ്യാസ്. ബയോ ഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജ രൂപങ്ങൾ ഉപയോഗപ്പെടുത്താവുന്നതും വികസിപ്പിക്കാവുന്നതുമാണ്.

സൗരോർജ്ജത്തിൻേറയും കാററിൻേറയും സാദ്ധ്യതകൾ ഈ പഞ്ചായത്തിൽ വളരെയേറെയാണ്.

ആധുനിക ജീവിത സൗകര്യങ്ങളുള്ള ഉന്നതരും ഉപഭോഗ തൃഷ്ണയുടെ തീയിൽ വേവുന്ന ഇടത്തരക്കാരും, നിത്യജീവിതത്തിന് വീർപ്പുമുട്ടുന്ന സാധാരണക്കാരും അടങ്ങുന്ന ജനസമൂഹമാണ് ഈ പഞ്ചായത്തിലേത്.

ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ അടിസ്ഥാന ജീവിത ആവശ്യങ്ങൾ നിറവേററാൻ ആവും വിധം ഊർജ്ജ സംരക്ഷണവും വിതരണവും ഒരു പുനർ സൃഷ്ടി ആവശ്യപ്പെടുന്നു.

## ഊർജ്ജം

### പ്രശ്നങ്ങൾ

1. വിറക് ലഭ്യത കുറയുന്നു. തന്മൂലം വില വർദ്ധിക്കുന്നു.
2. മണ്ണെണ്ണ പരിമിതം.
3. വൈദ്യുതി, കറൻറ് കട്ട്, ശക്തി ക്ഷയം, ക്ഷാമം.
4. LPG ക്ഷാമം, വില കൂടുതൽ, സ്വകാര്യ ഏജൻസിയുടെ കടന്നുകയററം.
5. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രചാരത്തിലില്ല.
6. വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കണം.

### സാധ്യതകൾ

1. സാമൂഹ്യ വനവല്ക്കരണം:- പുഴയോരങ്ങൾ, കായലോരങ്ങൾ, തോട്ടുവക്കുകൾ, പൊതു വഴിയോരങ്ങൾ, പൊതു കുളങ്ങളുടെ അരികുകൾ, സ്കൂൾ കോമ്പൗണ്ടുകൾ, ആശുപത്രി കോമ്പൗണ്ടുകൾ അതുപോലെ സാധ്യമായ എല്ലാ സ്ഥലത്തും വൃക്ഷം വളർത്തുന്ന ഒരു വൃക്ഷ മിത്ര സംസ്കാരം വളർത്തി കൊണ്ടുവരണം. നടാൻ ഉപയോഗിക്കുന്ന വൃക്ഷങ്ങൾ മാവ്, പ്ലാവ്, പുളി, തുടങ്ങിയ നാട്ടു വൃക്ഷങ്ങൾ ആകുന്നതാണ് അഭികാമ്യം. ആടുമാട് തീററയ്ക്ക് ആവശ്യമായ മരങ്ങളും വെച്ചു പിടിപ്പിക്കണം.
2. ദക്ഷത കൂടിയ അടുപ്പുകൾ-പരിഷത്ത് അടുപ്പുകൾ, പ്രയാഗ്നി അടുപ്പുകൾ, ഡബിൾ ഡ്രം സ്ററൗ, എന്നിവ പ്രചരിപ്പിക്കുക.
3. കച്ചിപ്പെട്ടി നിർമ്മാണം പരിശീലനം സംഘടിപ്പിക്കുകയും പഞ്ചായത്തിൽ പ്രചരിപ്പിക്കുകയും വേണം.
4. പ്രഷർ കുക്കർ, പരന്ന പാത്രങ്ങൾ, സൗരോർജ്ജ കുക്കർ, ഡ്രയർ തുടങ്ങിയ ഊർജ്ജ നേട്ടമുണ്ടാക്കുന്ന ഉപകരണങ്ങൾ അനർട്ടിൻെറ സഹായത്തോടെ ഈ പഞ്ചായത്തിൽ വ്യാപിപ്പിക്കാവുന്നതാണ്.
5. സാമൂഹ്യ ജീവിതത്തിലെ കൂട്ടായ്മയിലൂടെ പൊതു അടുക്കള തുടങ്ങിയ പുതിയ ചിന്തകൾ പ്രചരിപ്പിക്കണം.
6. കാർഷിക മൃഗസംരക്ഷണ മേഖലകളുമായി ബന്ധപ്പെടുത്തി ഗോബർ - ബയോഗ്യാസ് പദ്ധതികൾ ആരംഭിക്കുക. പഞ്ചായത്ത് മാർക്കററുകൾ ശുചീയാക്കുന്നതിൻെറ ഭാഗമായി ലഭിക്കുന്ന ചപ്പുചവറുകൾ ഇതിലേക്കായി ഉപയോഗിക്കാവുന്നതാണ്.
7. ലഘു യന്ത്രങ്ങൾ ഉപയോഗിക്കുക. (കന്നുകാലി - മനുഷ്യാദ്ധ്വാന ഊർജ്ജ ശക്തി ഉപയോഗപ്പെടുത്താവുന്നതാണ്).
8. ഗ്യാസ് വിതരണം കുററമററതാക്കുക. ലഭ്യത കൂട്ടുക.
9. ശാസത്രീയമായ വൈദ്യുതി റീസർവ്വെയുടെ അടിസ്ഥാനത്തിൽ ഈമേഖലയിലെ പുനർ ക്രമീകരണം നടപ്പാക്കുക.
10. പ്രേഷണ വിതരണ നഷ്ടം ഒഴിവാക്കുക. അററകുററ പണികൾ കാലാകാലങ്ങളിൽ നടത്തുക.
11. ഒരു ഊർജ്ജ സംരക്ഷണദിനം ആചരിച്ച് വൈദ്യുതി ലൈനിൽ തടസ്സമുണ്ടാക്കുന്ന വൃക്ഷ ശാഖകൾ മുറിച്ച് നീക്കാനുള്ള ശ്രമദാനം നടത്താവുന്നതാണ്.
12. ഇന്നത്തെ തെരുവു വിളക്കുകളും പൊതു സ്ഥാപനങ്ങളിലെ വിളക്കുകളും മാററി പകരം ഊർജ്ജ ലാഭമുണ്ടാക്കുന്ന ബൾബുകളും ട്യൂബുകളും ഉപയോഗിക്കുക.
13. ഊർജ്ജ ലാഭവും പ്രകാശ കൂടുതലുമുള്ള ബൾബുകൾ ഉപയോഗിക്കുന്നത് നിർബന്ധമാക്കുക. ഇതിന്

അനർട്ടിൻെറ സഹായം തേടാവുന്നതാണ് (കോംപാക്ട് ഫ്ലൂറസെൻറ് ലാമ്പ്, ഇലക്ട്രോണിക് ചോക്ക്).

14. നാട്ടു വഴിയിലെ തെരുവുവിളക്കുകളുടെ സ്ഥാപനവും സംരക്ഷണവും പ്രാദേശികമായി ചെയ്യുക.

15. ആഡംബരങ്ങൾക്കായി (ഉത്സവം, വിവാഹം) ഊർജ്ജ ദുർവ്യയം ചെയ്യുന്ന അലങ്കാര വിളക്കുകൾ നിർത്തലാക്കണം. അതിനു പഞ്ചായത്തിന് അധികാരം കൊടുക്കാവുന്നതാണ്.

16. വീടുകളിൽ നിലവിലുണ്ടായിരുന്ന കണകററഡ് ലോഡുകളിലും വളരെ കൂടുതലാണ് ഇപ്പോഴത്തെ വൈദ്യുതി ഉപയോഗം ഇവ പരിശോധിച്ച് നടപടികൾ എടുക്കണം.

17. ഏററവും കൂടുതൽ വൈദ്യുതി ഉപഭോഗം നടക്കുന്നത് ഗാർഹിക മേഖലയിലാണ്. സമാന്തരവും ബദലുമായ ഉർജ്ജ ഉല്പാദന രീതികൾ കണ്ടെത്തി വികസിപ്പിക്കുക.

18. വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മിനി , മൈക്രോ പ്രൊജക്ടുകൾ പ്രയോഗത്തിൽ കൊണ്ടുവരാവുന്നതാണ്.

19. ഏനാമാവ് റഗുലേററിൻെറ പരിസരത്തും കോലുമാട്ടിലും കാററാടി യന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദനം നടത്താവുന്നതാണ്.

20. ഗ്രാമങ്ങളെ ദത്തെടുത്ത് കൊണ്ട് ഊർജ്ജ ഗ്രാമങ്ങളാക്കി മാററാവുന്നതാണ്.

## വൈദ്യുതി കണക്ഷനുകൾ

| | | |
|---|---|---|
| ഗാർഹികം | - | 4459 |
| വ്യാപാരം | - | 680 |
| വ്യാവസായികം | - | 143 |
| കാർഷികം | - | 991 |

| | | |
|---|---|---|
| 20 യൂണിററ് വരെ സൗജന്യം | - | 671 |
| കുടിൽ ജ്യോതി | - | 24 |

സ്ട്രീററ്

| | | |
|---|---|---|
| ബൾബ് | - | 1237 |
| ട്യൂബ് | - | 125 |

പഞ്ചായത്ത് പ്രതിമാസം സ്ട്രീററ് ലൈററിന് ചെലവാക്കുന്ന തുക - 1457

പ്രതിമാസ ഇന്ധന ചെലവ്

| | | |
|---|---|---|
| പെട്രോൾ | - | 40000 ലി. |
| ഡീസൽ | - | 7200 ലി. |
| മണ്ണെണ്ണ | - | 22912 ലി. |

## കണ്ടശ്ശാംകടവ് - സെക്ഷനിലെ ട്രാൻസ്ഫോർമറുകൾ

| | | | | |
|---|---|---|---|---|
| 1. | 200 K V A | - കണ്ടശ്ശാംകടവ് | - | 1 |
| 2. | 100 ,, | - മാമ്പുള്ളി | - | 1 |
| 3. | 100 ,, | - ,, | - | 2 |
| 4. | 100 ,, | - സെൻറ് തോമാസ് | | |
| 5. | 100 ,, | - S. N. G. S. കാരമുക്ക് | | |
| 6. | 100 ,, | - പാലാഴി | - | 1 |
| 7. | 63 ,, | - പാലാഴി | - | 2 |
| 8. | 100 ,, | - പടിയം | - | 1 |
| 9. | 100 ,, | - പടിയം | - | 2 |
| 10. | 100 ,, | - മാങ്ങാട്ടുകര | | |
| 11. | 63 ,, | - കോരൻസ് | | |
| 12. | 100 ,, | - ക്വാലിററി | | |
| 13. | 100 ,, | - കാരമുക്ക് | | |
| 14. | 100 ,, | - ഓസോൺ | | |
| 15. | 63 ,, | - മണലൂർ സ്ലൂയിസ് | | |
| 16. | 100 ,, | - രാമൻ കായൽ | | |
| 17. | 100 ,, | - പുളിക്കൻ | | |
| 18. | 100 ,, | - കാഞ്ഞാണി | - | 1 |
| 19. | 100 ,, | - കാഞ്ഞാണി | - | 2 |
| 20. | 100 ,, | - കാഞ്ഞാണി | - | 3 |
| 21. | 63 ,, | - കാഞ്ഞാണിഇറിഗേഷൻ | | |
| 22. | 100 ,, | - എലൈററ് ടൈൽസ് | | |

മണലൂർ സെക്ഷൻസ്

| | | | | |
|---|---|---|---|---|
| 1. | 100 ,, | - അയ്യപ്പൻകാവ് | | |
| 2. | 100 ,, | - റെഗുലേററർ | | |
| 3. | 100 ,, | - മണലൂർ കിഴിക്ക് | | |
| 4. | 100 ,, | - ഹൈസ്ക്കൂൾ | | |
| 5. | 160 ,, | - മണലൂർ പടിഞ്ഞാറ് | | |
| 6. | 100 ,, | - കോൾ | - | 1, 2, 3, 4, 5 |

# മാർക്കററ്

മണലൂർ പഞ്ചായത്തിൽ കാർഷിക ഉല്പന്നങ്ങളുടെ പ്രാദേശിക വിപണനത്തിന് പരമ്പരാഗത രീതികൾ തന്നെയാണ് നിലവിലുള്ളത്.

ഇവിടത്തെ പ്രധാന വ്യാപാരകേന്ദ്രങ്ങൾ കണ്ടശ്ശാംകടവ്, കാഞ്ഞാണി, മണലൂർ കമ്പനി സെൻറർ തുടങ്ങിയവയാണ്.

പ്രധാന വിളയായ നാളികേരം, പ്രാദേശികമായി സംഭരിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്. ഇവ കൊപ്രയാക്കുന്ന ഒരു തൊഴിൽ മേഖലയും ഇവിടെ നിനില്ക്കുന്ന കണ്ടശ്ശാംകടവ് കൊപ്ര വ്യാപാരത്തിൻെറ ഒരു പ്രധാന കേന്ദ്രമാണ്.

നെല്ലാണ് ഈ പഞ്ചായത്തിലെ രണ്ടാമത്തെ പ്രധാന വിള. നെല്ല്, സമയത്തിന് വിററഴിക്കാൻ കൃഷിക്കാർ ബുദ്ധിമുട്ടുന്നു. ഇതിലെ ലാഭം ഇടത്തട്ടുകാരാണ് തട്ടിയെടുക്കുന്നത്. വ്യവസായ ഉല്പന്നങ്ങളായ ചകിരി, പ്ലാസ്ററിക്ക് സാധനങ്ങൾ, തുടങ്ങിയവയുടെ മാർക്കററ് പഞ്ചായത്തിന് പുറത്താണ്. കൃഷിക്കാർക്കാവശ്യമായ വളം, കീടനാശിനി, യന്ത്രോപകരണങ്ങൾ എന്നനിവയുടെ വിപണനത്തിലും ഇടത്തട്ടുകാർ ലാഭം കൊയ്യുന്നു.

## സാധ്യതകൾ

1. പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ മുഖേന നെല്ല്, കൊപ്ര തുടങ്ങിയവ സംഭരിക്കാൻ കഴിയും.

2. നാളികേരം സംസ്കരിച്ച് വിവിധ ഭക്ഷ്യ വസ്തുക്കളാക്കി വിപണനത്തിന് സാധ്യത കണ്ടെത്താവുന്നതാണ്.

3. ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ വിററഴിക്കുന്നതിന് ഉല്പാദകരുടെ ഒരു കോർഡിനേഷനും, പഞ്ചായത്ത് കേന്ദ്രീകരിച്ച് വിപണനത്തിന് ഒരു നെററ്വർക്കും രൂപപ്പെടുത്താനാവും.

4. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, കോഴി വളർത്തൽ എന്നീ മേഖലകളിലെ ഉല്പാദകരെ സംഘടിപ്പിച്ച്, ഒരു മാർക്കററിങ്ങ് സഹകരണ സംഘം രൂപീകരിക്കാവുന്നതും, ഇവരുടെ ഉല്പന്നങ്ങൾ വിപണനം നടത്തുന്ന ഒരു സ്ററോറും ഹോട്ടലും കാഞ്ഞാണി സെൻററിൽ ആരംഭിക്കാവുന്നതാണ്.

5. നെല്ല്, കൊപ്ര എന്നിവയുടെ അനുബന്ധ വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്.



283

# പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് പാർപ്പിടം. പ്രകാശവും, വായു സഞ്ചാരവും ലഭിക്കുന്ന രീതിയിലും ആരോഗ്യകരമായ ചുററു പാടിലുമായിരിക്കണം വീടുകൾ നിർമ്മിക്കേണ്ടത് പ്രാദേശിക വിഭവങ്ങൾ പരമാവധി ഉപയോഗിച്ചുകൊണ്ട് ജനങ്ങളുടെ കൂട്ടായ്മയോടെ പ്രകൃതിക്കും നാടിനും അനുയോജ്യമായ രീതിയിൽ ഒരു പുതിയ സാമൂഹ്യ അവബോധത്തോടെയാണ് പാർപ്പിടം നിർമ്മിക്കേണ്ടത്. പരിമിതികൾ ഒട്ടേറെയുള്ള ഒരു മേഖലയാണിത്. മണലൂർ പഞ്ചായത്തിൽ ആകെ 6820 വീടുകളാണുള്ളത്. ഇതിൽ മൂന്നിലൊന്നു വീടുകൾ കോൺക്രീററ് കെട്ടിടങ്ങളാണ്.

പഞ്ചായത്തിൽ ബഹുഭൂരിപക്ഷം വീടുകളും 10 സെൻററ് ഭൂമിയിലാണ്. അവിടെത്തന്നെ മൂന്നും നാലും വീടുകൾ ഇന്ന് നിവിലുണ്ട്. ജനസാന്ദ്രത കൂടിയ തീരപ്രദേശങ്ങളിലും നാലു സെൻററ് കോളനി, ലക്ഷം വീട് കോളനികളിലും ജനജീവിതം ദുസ്സഹമാണ്. പ്രാഥമികാവശ്യങ്ങൾ നിറവേററാൻ പോലും അപര്യാപ്തമായ സാഹചര്യമാണിവിടെ. ESP കക്കൂസുകൾ പൊട്ടിയൊലിച്ച് ദുർഗന്ധം വമിപ്പിക്കുന്നു. പരിസരമാകെ മലീമസമാക്കുന്നു. അററകുററപണികൾ കാലാകാലങ്ങളിൽ നടക്കാത്തതാണിതിന് കാരണം. ഈ പഞ്ചായത്തിൽ ഒരു 4 സെൻററ് കോളനിയും (കാരമുക്ക്) 3 ലക്ഷം വീട് കോളനികളും 6 മിച്ച ഭൂമി കോളനികളുമുണ്ട്. പഞ്ചായത്തിന്റെ അൺടയിഡ് ഫണ്ട് ഉപയോഗപ്പെടുത്തി 100 ഹരിജൻ വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. സംഘമിത്ര ചാരിററബിൾ സൊസൈററിയുടേയും കോസ്ററ്ഫോർഡിന്റെയും കപാഡിന്റേയും സംയുക്ത സംരംഭത്തിൽ 140 വീടുകൾക്കുള്ള പദ്ധതി ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു. ഇതിൽ 60 വീടുകൾ ഹരിജനങ്ങൾക്കുള്ളതാണ്. അന്തിക്കാട് ഹൗസിംഗ് സൊസൈററിയാണ് ഈ പഞ്ചായത്തിന്റെ പരിധിയിൽപെട്ട ഏക നിർമ്മാണ സഹകരണ സംഘം. പഞ്ചായത്ത് / ബ്ലോക്ക് / ജില്ല J R Y, I A Y, രാജീവ് ദശലക്ഷം വീട് തുടങ്ങിയ സ്കീമുകളിലൂടെ അവശവിഭാഗങ്ങൾക്ക് വീടുകൾ നിർമ്മിക്കാൻ ധനസഹായം നൽകിയിട്ടുണ്ട്. ഹൗസിംഗ് ബോർഡ് HUDCO, LIC, KSFE തുടങ്ങിയ ഏജൻസികളുടെ വായ്പ. ഈ പഞ്ചായത്തിലെ വീടു നിർമ്മാണത്തിന് ആശ്രയമായിട്ടുണ്ട്. SSI റെജിസ്ട്രേഷനുള്ള കെട്ടിട നിർമ്മാണരംഗത്തു പ്രവർത്തിക്കുന്നതുമായ ഒരു സ്വകാര്യ സ്ഥാപനം ഈ പഞ്ചായത്തിൽ 8-ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്.

ഭവന നിർമ്മാണ രംഗത്ത് ഉയർന്നുവന്ന പ്രശ്നങ്ങളെക്കുറിച്ച് ഗ്രാമസഭകൾ വിലയിരുത്തുകയുണ്ടായി. അവ ഇങ്ങനെ സംക്ഷേപിക്കാം.

1. ഓരോ വാർഡിലും ശരാശരി 75 ഓളം കുടുംബങ്ങൾക്ക് വീടുകളില്ല.
2. നിലവിലുള്ള വീടുകൾക്ക് 1500 ഓളം കക്കൂസുകൾ ആവശ്യമുണ്ട്.
3. കോളനി വീടുകൾക്ക് (4 സെൻററ്, മിച്ച ഭൂമി, ലക്ഷം വീട്) അററകുററ പണികൾ ആവശ്യമുണ്ട്. പശ്ചാത്തല അസൗകര്യങ്ങൾ ഊർജ്ജ ക്ഷാമം എന്നിവ കോളനികളിൽ പൊതുവേ അനുഭവപ്പെടുന്നുണ്ട്.
4. വിവിധ പദ്ധതികളിലൂടെ വീടുകൾ സ്വന്തമാക്കുകയും, അവ വിററ് വീണ്ടും സഹായം തേടുകയും ചെയ്യുന്ന പ്രവണത നിലവിലുണ്ട്.
5. പട്ടിക ജാതിയിൽ പെടാത്ത അവശ ജനവിഭാഗങ്ങൾക്കും ഭവന നിർമ്മാണ സഹായം ലഭ്യമാക്കണം.
6. ഭൂമി ഒരു കച്ചവടച്ചരക്കാക്കി അതിന്റെ വില കൃത്രിമമായി വർദ്ധിപ്പിക്കുന്ന രീതി നിലനിൽക്കുന്നതുകൊണ്ട്, സാധാരണക്കാരന് വീട് വയ്ക്കുന്നതിനുവേണ്ടി ഭൂമി വാങ്ങിക്കുവാൻ കഴിയുന്നില്ല. 1990-ലെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ ഭൂമിയുടെ വില പത്തിരട്ടി വർദ്ധിച്ചിട്ടുണ്ട്.
7. പദ്ധതികൾ നടപ്പിലാക്കുമ്പോൾ യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടിട്ടുണ്ട്.
8. അശാസ്ത്രീയമായ ഗൃഹനിർമ്മാണം സമ്പത്തിനെ ജഡാവസ്ഥയിലാക്കുന്നു.
9. പാടം തൂർത്ത് വീട് പണിയുകയും, കൂടിയ വിലയ്ക്ക് വിൽക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നുണ്ട്.
10. തമിഴ്നാട്ടിൽ നിന്നും മററും കുടിയേറിയിട്ടുള്ള തൊഴിലാളികൾ സമീപ ഭാവിയിൽ ഈ പഞ്ചായത്തിൽ ഒരു പ്രശ്നമായി വരാവുന്നതാണ്. ഇവരുടെ മുഖ്യതൊഴിലുകൾ പഴയ സാധനങ്ങൾ വാങ്ങുക, വീട്ടു ജോലികളിലേർപ്പെടുക, തോട്ടി പണി ചെയ്യുക, കോൺട്രാക്ടർമാരുടെ കീഴിലുള്ള പൊ

തുമരാമത്തു പണിയിലേർപ്പെടുക ഇവയാണ്. ഇവരിൽ ഭൂരിഭാഗവും കടത്തിണ്ണകളിൽ രാത്രി കഴിച്ചു കൂട്ടുന്നു. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന- ചെറിയൊരു വിഭാഗം ചെറിയ വാടക വീടുകളിൽ താമസിക്കുന്നുണ്ട്. ഇവരുടെ അധിനിവേശം കൂടുതൽ പഠന വിധേയമാക്കേണ്ടതുണ്ട്.

ഗൃഹ നിർമ്മാണത്തിൽ ഉയർന്ന രീതിയിലുള്ള വാസ്തുശിൽപ മാതൃകകൾ ഉപയോഗിക്കുന്നുണ്ട്. മനുഷ്യൻെറ ആവശ്യങ്ങൾക്കുപരി ആഡംബരത്തിനും, പൊങ്ങച്ച പ്രദർശനത്തിനും ഉള്ള ഉപാധികളായിരിക്കുന്നു വീടുകൾ. ലളിതമായ ചതുർമാന രീതികളിൽ നിന്നും ഗൃഹ നിർമ്മാണം സങ്കീർണ്ണമായ ഘടനയിലേക്ക് മാറി തുടങ്ങിയിട്ടുണ്ട്. കോടി കണക്കിന് രൂപ ചെലവഴിക്കപ്പെടുന്ന പടുകൂററൻ സൗധങ്ങൾ ഈ പഞ്ചായത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

12. ഗൃഹ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ട നിർമ്മാണ സാമഗ്രികൾ ഈ പഞ്ചായത്തിൽ ലഭ്യമല്ല. അവ ഇറക്കുമതി ചെയ്യുന്നവയാണ്. അതുകൊണ്ട് തന്നെ കടത്തു കൂലി കൂടുന്നു, വില കൂടുന്നു, നിർമ്മാണചെലവ് കൂടുന്നു. ചെലവു കുറഞ്ഞ വീടുകൾക്കുപയോഗിക്കുന്ന സിമൻറ് ഹോളോബ്രിക്സ് ഉത്പാദിപ്പിക്കുന്ന രണ്ട് യൂണിററുകൾ ഇവിടെയുണ്ട്. തെങ്ങ് ധാരാളം ഉണ്ടെങ്കിലും ഇവ ഉപയോഗിച്ചുള്ള മേൽ പുരയോ, മററു മരപണികളോ കാര്യമായി നടക്കുന്നില്ല.

13. ഈ പഞ്ചായത്തിലെ കെട്ടിട നിർമ്മാണ തൊഴിലാളികൾ പൊതുവേ സംതൃപ്തരാണെങ്കിലും കൂലി കൊടുക്കുന്നവർ അസംതൃപ്തരാണ്. നിർമ്മാണ തൊഴിലാളികളെ കെട്ടിട നിർമ്മാണത്തിൻെറ വളർച്ചക്കാനുപാതികമായി ലഭ്യമാകാത്തതുകൊണ്ട് കൂലി വർദ്ധനവുണ്ടാകുന്നു. തൊഴിൽ വൈദഗ്ധ്യമില്ലാത്തവരെകൊണ്ട് ജോലി ചെയ്യിക്കേണ്ടി വരുന്നു. ഇത് കാലതാമസവും, സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. അവിദഗ്ധ തൊഴിലാളികളെ ഉപയോഗിച്ച് ഉടമകളേയും, തൊഴിലാളികളേയും, ഒരേപോലെ ചൂഷണം ചെയ്യുന്ന മേസ്തിരി വർഗ്ഗം ഉയർന്നു വന്നിട്ടുണ്ട്.

13. A. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനം വൈദഗ്ധ്യം നേടിയ ആളുകളുടെ കുറവുണ്ട്.

14. 1985, 1990, 1996 കാലഘട്ടങ്ങൾ താരതമ്യം ചെയ്യുമ്പോൾ തൊഴിലാളികൾക്കുള്ള കൂലി നിരക്കുകൾ താഴെ കൊടുക്കുന്നു.

### കൂലിനിരക്ക്

| കൊല്ലം | സ്ത്രീ | പുരുഷൻ |
|---|---|---|
| 1985 | 30 | 50 |
| 1990 | 40 | 70 |
| 1996 | 85-100 | 140-150 |



285

15. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില പദ്ധതി നടപ്പു വർഷത്തിന്റെ ആരംഭവും, അവസാനവും താരതമ്യം ചെയ്യുമ്പോൾ ഇരട്ടിയിലധികമായിട്ടുണ്ട്. ഉദാ: സിമന്റിന്റെ വില 90-91ൽ 85 രൂപയിൽ നിന്നും 96-97 ൽ 180 രൂപയായി ഉയർന്നിട്ടുണ്ട്.

16. ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന ഏജൻസികളുടെ നിബന്ധനകൾ കർക്കശവും, സങ്കീർണ്ണവും ആണ്. അതുകൊണ്ട് ഗൃഹനിർമ്മാണ സംരംഭകർ കൊള്ളപ്പലിശക്കാരുടെ പിടിയിൽ അമരുന്നു.

## സാധ്യതകൾ

1. ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് വളരെയേറെ വർദ്ധിച്ചിരിക്കുന്നതുകൊണ്ട് ഹൗസിങ്ങ് സൊസൈററികളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിലേക്ക് കൂടുതൽ വ്യാപിപ്പിക്കേണ്ടതാണ്. വായ്പക്കുള്ള സങ്കീർണ്ണമായ നിബന്ധനകളെ ലളിതവത്ക്കരിക്കണം.

2. ഗൃഹനിർമ്മാണ സാമഗ്രികൾ ചുരുങ്ങിയ വിലക്ക് വിതരണം ചെയ്യുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. 800 സ്ക്വെയർ ഫീററിൽ കൂടുതൽ തറയളവുള്ള കെട്ടിട നിർമ്മാണത്തിന് ഹൗസിങ്ങ് സൊസൈററി ലോൺ കൊടുക്കേണ്ടതില്ലെന്ന് തീരുമാനിക്കാവുന്നതാണ്.

3. ദുർവ്യയം ചെയ്യപ്പെടുന്ന ആഡംബരമതിലുകൾക്ക് നികുതി ചുമത്താവുന്നതാണ്.

4. പഞ്ചായത്തിൽ നിർമ്മിതി കേന്ദ്രം സ്ഥാപിച്ച് ചെലവു കുറഞ്ഞ ഗൃഹ നിർമ്മാണ സാങ്കേതിക രീതികൾ പ്രചരിപ്പിക്കുകയും, പരിശീലിപ്പിക്കുകയും, വേണം. ഇത്തരം പദ്ധതികൾ തൊഴിലില്ലായ്മ പരിഹരിക്കുവാനും, ധനദുർവിനിയോഗം തടയുവാനും സഹായിക്കും. നിർമ്മിതി കേന്ദ്രയെ കേന്ദ്രീകരിച്ച് ലേബർ കോൺട്രാക്ട് സൊസൈററി സ്ഥാപിക്കുകയും, വിവിധ വിഭാഗങ്ങളിലുള്ള വിദഗ്ദ്ധ തൊഴിലാളികളെ ഇതിന്റെ കീഴിൽ സംഘടിപ്പിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഏറെറടുക്കാവുന്നതാണ്.

5. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടായേക്കാവുന്ന പ്രദേശങ്ങളിൽ ഫ്ളാററ് സിസ്ററത്തിലുള്ള ഭവന നിർമ്മാണം പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇത് നഗര രീതിയിലുള്ള ഫ്ളാററുകൾ ആക്കേണ്ടതില്ല.

6. ശാസ്ത്രീയവും, സുതാര്യവുമായ രീതിയിൽ കെട്ടിട നികുതി പുനസംഘടിപ്പിക്കണം. അത് സ്ളാബ് സമ്പ്രദായത്തിൽ ആയിരിക്കുകയും വേണം.

ആഡംബര ഭവനങ്ങൾക്ക് നികുതിയും, സർചാർജ്ജും ഏർപ്പെടുത്താവുന്നതാണ്.

7. പരമ്പരാഗത വാസ്തു ശിൽപ മാതൃകയിൽ ഉള്ള ഭവനങ്ങളെ പരിരക്ഷിക്കുകയും, ഇത്തരം വീടുകളുടെ മേന്മയെക്കുറിച്ച് പ്രചരിപ്പിക്കുകയും വേണം.

8. നാട്ടിൻ പുറങ്ങളിൽ ഉപയോഗിക്കുന്ന കമ്പിവേലികൾക്കുപകരം ഔഷധ സസ്യങ്ങൾ, ജൈവ വളങ്ങൾക്കായി ഉപയോഗിക്കുന്ന ചെടികൾ, ഭക്ഷ്യ വസ്തുക്കൾ (ചീര...) തുടങ്ങിയവ ഉപയോഗിച്ച് ജൈവ വേലികൾ പ്രചരിപ്പിക്കാവുന്നവയാണ്.



286

## പാർപ്പിട സ്ഥിതി വിവര കണക്ക്

| വാർഡ് | ടെറസ് വീടുകൾ | ഓടുമേഞ്ഞവ | ഓല/ഷെഡ് | ആകെ |
|---|---|---|---|---|
| 1 | 140 | 150 | 141 | 431 |
| 2 | 133 | 198 | 249 | 580 |
| 3 | 206 | 207 | 338 | 751 |
| 4 | 148 | 133 | 174 | 455 |
| 5 | 143 | 128 | 224 | 495 |
| 6 | 102 | 101 | 221 | 424 |
| 7 | 170 | 242 | 215 | 627 |
| 8 | 113 | 142 | 254 | 509 |
| 9 | 195 | 115 | 223 | 533 |
| 10 | 189 | 116 | 308 | 613 |
| 11 | 232 | 130 | 321 | 683 |
| 12 | 278 | 162 | 279 | 719 |
| മൊത്തം | 2049 | 1824 | 2946 | 6820 |

## ചേരി പ്രദേശങ്ങളിലും, പുറമ്പോക്കുകളിലും താമസിക്കുന്ന കുടുംബങ്ങൾ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വീടുകളുടെ എണ്ണം | 11 | 36 | 4 | - | - | 5 | 4 | 1 | 1 | - | - | 4 | 62 |



287

## അന്തിക്കാട് ബ്ലോക്ക് ഹൗസിങ്ങ് സഹകരണ സംഘം
## കഴിഞ്ഞ 5 വർഷങ്ങളിൽ അനുവദിച്ച ലോണുകളുടെ വിവരം

| എണ്ണം | കൊല്ലം | പഞ്ചായത്ത് | LIG | MIG | HIG |
|---|---|---|---|---|---|
| 10 | 1991-92 | മണലൂർ | | 362300 | |
| 14 | 1992-93 | „ | | 413600 | |
| 17 | 1993-94 | „ | | 487400 | |
| 22 | 1994-95 | „ | 1500 | 662900 | |
| 27 | 1995-96 | „ | 58500 | 905600 | 275000 |



288

# സാമൂഹ്യ ക്ഷേമം

മണലൂർ ഗ്രാമ പഞ്ചായത്തിൽ സാമൂഹ്യ ക്ഷേമ പദ്ധതികളായി നിലവിലുള്ളത് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, പെൻഷൻ പദ്ധതികളുമാണം. 1995 ലെ IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ 1,704 ആണ്. (സർവ്വെ റിപ്പോർട്ട് ഇതൊന്നിച്ച് ചേർക്കുന്നു).

സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ 287 ആണെങ്കിലും, 86 കുടുംബങ്ങൾ മാത്രമാണ് ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയതായി റിപ്പോർട്ടിൽ കാണുന്നത്. ഈ പദ്ധതി ദാരിദ്ര്യനിർമ്മാർജ്ജനത്തിന് വേണ്ടത്ര ഫലപ്രദമല്ല എന്ന് കാണുന്നു.

ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുറച്ചു കുടുംബങ്ങൾക്ക് മാത്രമേ ഈ പദ്ധതിമൂലം പ്രയോജനം ലഭിച്ചതായി കാണുന്നുള്ളു അതിനാൽ ദാരിദ്രരേഖക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പദ്ധതിയിൽ മാററം വരുത്തേണ്ടതാണം. ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് വ്യക്തമായ മാനദണ്ഡം നിർണ്ണയിക്കേണ്ടതാണ്.

DWCRA, ട്രൈസം എന്നീ പദ്ധതികൾ പ്രകാരം തൊഴിൽ പരിശീലനം ലഭിച്ചവർ സർവ്വെ കണക്കു പ്രകാരം യഥാക്രമം 42 ഉം, 29 ഉം, ആണ്. ഇതിൽ നിന്നും കൂടുതൽ പേർക്ക് പരിശീലനം ലഭിച്ചതായി കാണുന്നില്ല. ഈ പദ്ധതികളുടെ പ്രയോജനം അർഹരായ എല്ലാവർക്കും ലഭിക്കുന്നതിന് ബോധവൽക്കരണവും, പ്രചരണവും നടത്തേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ പരിശീലനം ലഭ്യമാക്കാൻ നടപടിയുണ്ടാകണം. പരിശീലനം ലഭിച്ചവർക്ക് യൂണിററുകൾ ആരംഭിക്കുവാനും, ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിനം, വില്പനക്കും സൗകര്യമുണ്ടാക്കണം.

R A P പദ്ധതി പ്രകാരം ഗ്രാമീണ തൊഴിൽ മേഖലകളിൽ പരിശീലനം ലഭിച്ചവരുടെ കണക്ക് ലഭിച്ചിട്ടില്ല. തൊഴിൽ സദ്ധ്യത ഏറെയുള്ള ഒരു മേഖലയാണിത്. ഈ മേഖലയിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പരിശീലനവും, ഉപകരണങ്ങളും ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യ ക്ഷേമ വകുപ്പു വഴി 75 പേർക്കാണ് പെൻഷൻ ലഭിച്ചിരിക്കുന്നതെന്നാണ് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള കണക്ക് കാണിക്കുന്നത്. അർഹതപ്പെട്ടവർ ധാരാളം ഉണ്ടെങ്കിലും കുറച്ചു പേർക്ക് മാത്രമേ പെൻഷൻ ലഭ്യമായിട്ടുള്ളു. പഞ്ചായത്ത് തലത്തിൽ ജനകീയ സമിതി പെൻഷന് അർഹരായവരെ തീരുമാനിക്കേണ്ടതാണ്.

തൊഴിലില്ലായ്മ വേതനം, കർഷക തൊഴിലാളി പെൻഷൻ എന്നിവ എത്രപേർക്ക് അനുവദിച്ചു കൊടുത്തിട്ടുണ്ട് എന്നത് സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവ ഇനിയും അർഹരായവർക്ക് ലഭിച്ചിട്ടില്ല. അർഹതയുള്ള മുഴുവൻ പേർക്കും പെൻഷൻ അനുവദിക്കുന്നതിനും, അതാത് മാസം തന്നെ ലഭിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഉറപ്പ് വരുത്തണം.

മഹിളാ സംഘടനകളും, സ്ത്രീകളുടെ നേതൃത്വത്തിലുള്ള സന്നദ്ധ സംഘടനകളും നിലവിലുണ്ട്.

ഈ പഞ്ചായത്തിൽ 30 അംഗൻ വാടികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 6 അംഗൻ വാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്.

## പ്രശ്നങ്ങൾ

1. കുട്ടികൾക്ക് കളിക്കുന്നതിനുള്ള കളിക്കോപ്പുകൾ ഇല്ല.
2. പോഷകാഹാര വിതരണം കാര്യക്ഷമമല്ല.
3. കുട്ടികളുടെ ഹാജർ നില നന്നേ കുറവാണ്.
4. പോഷകാഹാരങ്ങൾ കഴിക്കുന്നതിൽ കുട്ടികൾ വിമുഖത കാണിക്കുന്നു.
5. വൈദ്യുതി, കുടിവെള്ളം എന്നിവയുടെ അപര്യാപ്തതയുണ്ട്.
6. ദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ പ്രയോജനം അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ലഭിക്കുന്നില്ല.
7. പെൻഷൻ, ധനസഹായ പദ്ധതികൾ എന്നിവ എല്ലാവർക്കും ലഭിക്കുന്നില്ല. ലഭിക്കുന്നതിൽ കൃത്യതയില്ല.
8. DWCRA, ട്രൈസം, R A P എന്നീ പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവ് ലഭിക്കുന്നില്ല.
9. പരിശീലനം നേടിയവർക്ക് Project കൾ ഉണ്ടാക്കുന്നതിനും വായ്പ ലഭിക്കുന്നതിനും പ്രയാസങ്ങൾ നേരിടുന്നു.
10. ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ വിററഴിക്കുന്നതിന് ആവശ്യമായ സംവിധാനം ഇല്ല.

11. കൈത്തൊഴിൽ മേഖലയിൽ ആവശ്യമായ പരിശീലനത്തിൻെറ കുറവ് നില നില്ക്കുന്നു.

12. അംഗൻ വാടികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

13. അംഗൻ വാടികൾക്ക് (24) സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഇല്ല. ഉള്ളവയിൽ തന്നെ ആവശ്യമായ സൗകര്യങ്ങൾ ഇല്ല.

14. താഴ്ന്ന വരുമാനക്കാരുടെ കുട്ടികളെ മാത്രമേ അംഗൻ വാടികളിൽ അയക്കുന്നുള്ളൂ.

15. ജീവനക്കാരുടെ ശമ്പളം പരിമിതമാണ്.

## പരിഹാരങ്ങൾ

1. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ വ്യക്തമായ മാനദണ്ഡത്തിൻെറ അടിസ്ഥാനത്തിൽ ജനകീയ കമ്മിററി നിശ്ചയിക്കുകയും, അവർക്ക് ആനുകൂല്യങ്ങൾ നല്കുകയും ചെയ്യുന്നതോടൊപ്പം, ദുർവ്വിനിയോഗം ചെയ്യുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുകയും ചെയ്യേണ്ടതാണ്.

2. DWCRA, ട്രൈസം, R A P എന്നീ പദ്ധതികൾ പ്രകാരം അർഹരായ എല്ലാവർക്കും പരിശീലനം നല്കുവാൻ നടപടി സ്വീകരിക്കണം. ഇത് സംബന്ധമായ ബോധവൽക്കരണം, സന്നദ്ധസേവന സംഘങ്ങൾ, മഹിളാ സംഘടനകൾ, ക്ലബ്ബുകൾ എന്നിവ വഴി നല്കേണ്ടതാണ്.

3. പരിശീലനം നേടിയവർക്ക് സാമ്പത്തികമായും സാങ്കേതികമായും ആവശ്യമായ സഹായങ്ങൾ ഉറപ്പ് വരുത്തണം.

4. ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വാങ്ങി വിപണനം നടത്തുന്നതിനുള്ള ഏജൻസികൾ ഉണ്ടാവണം.

5. അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും, നിർമ്മിക്കുക, ശുദ്ധജലം, വെളിച്ചം എന്നിവ ലഭ്യമാക്കുക.

6. അംഗൻ വാടികളുടെ സുഗമമായ നടത്തിപ്പിന് പരിസരവാസികളുടെ കമ്മിററികൾ രൂപീകരിച്ച് പ്രവർത്തിക്കുക.

7. അംഗൻ വാടികളിൽ കുട്ടികൾക്കും, സ്ത്രീകൾക്കുമുള്ള ലൈബ്രറികൾ, ഏർപ്പെടുത്തുക.

8. അംഗൻവാടികളിൽ തൊഴിൽ പരിശീലനത്തിനും, ഗർഭിണികളുടേയും, കുട്ടികളുടേയും ആരോഗ്യപരിപാലന ക്ലാസുകൾ, രോഗ പ്രതിരോധ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കണം. 3 തരം ചികിത്സാ രീതികളും ഉപയോഗപ്പെടുത്തണം.

9. കുട്ടികളെ ആകർഷിക്കത്തക്കവിധത്തിൽ അംഗൻ വാടികളിൽ ശാസ്ത്രീയമായ മാററങ്ങൾ വരുത്തേണ്ടതാണ്.

10. അംഗൻ വാടികളിൽ കുട്ടികൾക്കായി വിതരണം ചെയ്യുന്ന പോഷക മൂല്യമുള്ള ആഹാരസാധനങ്ങളുടെ ഗുണമേന്മയെ സംബന്ധിച്ച് കുട്ടികളുടെ അമ്മമാരെ ബോധവൽക്കരിക്കുക.

11. അംഗൻ വാടി ജീവനക്കാരുടെ ശമ്പളം കാലോചിതമായി പരിഷ്ക്കരിക്കുക.



290

## സാധ്യതകൾ

1. കുട്ടികളെ നിർബന്ധമായും സ്കൂളിൽ അയക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ചെറുകിട കുടിൽ വ്യവസായങ്ങൾ സഹകരണ സംഘം മുഖേന നടപ്പിലാക്കാവുന്നതാണ്.

3. കാലി വളർത്തൽ, കൃഷി തുടങ്ങിയ മേഖലയിൽ ഈ വിഭാഗത്തെ കൂടുതൽ ഉൾകൊള്ളിക്കാവുന്നതാണ്.

4. പഞ്ചായത്തിൽ ഉണ്ടായിരുന്ന ഹരിജൻ സർവ്വീസ് സഹകരണസംഘം പുനർജീവിപ്പിയ്ക്കാവുന്നതാണ് ഇതു മുഖേന തൊഴിൽ സൗകര്യങ്ങൾ പുനരാരംഭിക്കാം.

5. പഞ്ചായത്തിൽ 3-ാം വാർഡിൽ നിലവിലുള്ള ആഗ്രോ സർവ്വീസ് സെൻററിൻെറ പ്രവർത്തനങ്ങൾ സജീവമാക്കാവുന്നതാണ്.

6. പഞ്ചായത്തിൻെറ നേതൃത്വത്തിൽ തന്നെ ഈ വിഭാഗത്തിലെ യുവതലമുറക്ക് മത്സര പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനുള്ള കോച്ചിംഗ് ക്ലാസുകൾ ആരംഭിക്കേണ്ടതാണ്.

7. IRDP ഗുണഭോക്താക്കളുടെ ഉല്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്ത് നേതൃത്വം കൊടുത്തുകൊണ്ട് സംവിധാനങ്ങൾ വേണം.

## മണലൂർ പഞ്ചായത്തിലെ സെററിൽമെൻറ് ഹരിജൻ കോളനികൾ

| നമ്പർ | പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | പാലാഴി 4 സെൻറ് | 8 |
| 2 | മണലൂർ വെസ്ററ് O L H | 7 |
| 3 | കാഞ്ഞാണി വെസ്ററ് | 1 |
| 4 | കാരമുക്ക് വന്നേരി അകായി | 12 |
| 5 | തിണ്ടാററ് | 3 |
| 6 | അയ്യപ്പൻകാവ് ഈസ്ററ് | 3 |
| 7 | അയ്യപ്പൻകാവ് മണലൂർ വെസ്ററ് | 5 |
| 8 | ഏരി | 7 |
| 9 | ഇന്ദിരാനഗർ മണലൂർ | 5 |
| 10 | കല്ലേലി മന | 5 |
| 11 | കാഞ്ഞാണി കനാൽ വെസ്ററ് | 1 |
| 12 | കാരമുക്ക് 4 സെൻറ് | 12 |
| 13 | കരിക്കൊടി I H D P | 11 |
| 14 | മണലൂർ പള്ളി | 3 |
| 15 | മങ്കോർമന കാഞ്ഞാണി | 7 |
| 16 | പാലാഴി 4 സെൻറ് | 8 |
| 17 | പുത്തൻ കുളം, കാഞ്ഞാണി | 2 |
| 18 | S. S. T. റോഡ് കാഞ്ഞാണി | 2 |
| 19 | വെള്ളംതടം കാഞ്ഞാണി | 3 |



291

# വിഭവ സമാഹരണം

നമ്മുടെ ദൈനംദിന സാമ്പത്തിക പ്രവർത്തനങ്ങളിൽ വിഭവ സമാഹരണത്തിന് വളരെ നിർണ്ണായകമായ ഒരു സ്ഥാനമാണുള്ളത്. വിഭവ സമാഹരണം എന്ന വാക്ക് വളരെ വ്യാപകമായ അർത്ഥത്തിലും, ഹൃസ്വമായ അർത്ഥത്തിലും, പ്രയോഗിക്കാം. വിപുലമായ അർത്ഥത്തിൽ വിഭവസമാഹരണം എന്നത് ഒരു സമൂഹത്തിലെ മൊത്തം വിഭവങ്ങളായ പ്രകൃതി, മനുഷ്യൻ, അസംസ്കൃത സാധനങ്ങൾ, ധനം ഇവയുടെയെല്ലാം സമാഹരണമാണ്. ഹൃസ്വമായ അർത്ഥത്തിൽ പ്രധാനമായും ധനവിഭവങ്ങൾ ആണ് നാം ഉദ്ദേശിക്കുന്നത്.

ഒരു സമൂഹത്തിലെ വിഭവസമാഹരണത്തെപ്പററിയുള്ള പരിപ്രേക്ഷ്യം പ്രധാനമായും രണ്ടു കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. അവയാണ് ആ സമൂഹത്തിലെ വരവു ചെലവുകൾ. ഈ വരവു ചെലവു കണക്കുകൾ വിഭവ സമാഹരണത്തിലെന്നപോലെ തന്നെ ഒരു സമൂഹത്തിലെ ചില സാമ്പത്തികവും, സാമ്പത്തികേതരവുമായ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും സാധിക്കും.

മേൽപറഞ്ഞ പശ്ചാത്തലത്തിൽ ഒരു സ്പെഷൽ ഗ്രേഡ് പഞ്ചായത്തായ മണലൂരിലെ വിഭസമാഹരണരംഗത്തേക്ക് നമുക്കൊന്ന് എത്തി നോക്കാം.

## പഞ്ചായത്തിൻെറ വരവുകൾ

1995-96 സാമ്പത്തിക വർഷത്തിലെ വരവു സംബന്ധമായ വിവരങ്ങൾ പട്ടിക - 1 ൽ കൊടുത്തിരിക്കുന്നു. മണലൂർ ഗ്രാമപഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദനികുതികൾ, ഗ്രാൻറുകൾ, എന്നിവയാണ്. ഇവയിൽ ഏററവും പ്രധാനം വിനോദനികുതിയാണ്.

അടുത്തകാലത്തായി നികുതി പിരിക്കുന്നതിൽ ഭരണ സമിതി അധികൃതർ നടത്തുന്ന ശ്രമങ്ങൾ കാര്യമായ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട് എന്നു കാണാം. ഈ രീതി നാം തുടർന്നാൽ ഇന്ന് അനുഭവപ്പെടുന്ന നികുതി ചോർച്ച ഒരു പരിധി വരെ ഒഴിവാക്കുവാനും നികുതി പിരിവ് ചുരുങ്ങിയത് 30 ശതമാനം വരെ വർദ്ധിപ്പിക്കാനാകുമെന്നുമാണ് ഞങ്ങൾ കരുതുന്നത്. അടുത്തതായി നമ്മുടെ പഞ്ചായത്തിൻെറ ചെലവുകളിലേക്ക് ഒരെത്തിനോട്ടം നടത്താം.

## ചെലവുകൾ

1995-96 സാമ്പത്തിക വർഷത്തിലെ പഞ്ചായത്തിൻെറ ചെലവു സംബന്ധിച്ച വിവരങ്ങൾ പട്ടിക - 2 ൽ കൊടുക്കുന്നു.

ഈയവസരത്തിൽ ഒരു കാര്യം ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടത് ഇതാണ്. അതായത് ജെ. ആർ. വൈ, ഉപാധിരഹിത ഫണ്ട്, മുതലായവ വിനിയോഗിച്ചത് പൊതുമരാമത്തു പണികൾക്കാണ് എന്നതാണ്. 36 ശതമാനമാണ് പൊതുമരാമത്തിനായി പഞ്ചായത്ത് ചെലവഴിച്ചത്. പൊതുമരാമത്തിൽ തന്നെ സിംഹഭാഗവും (അതായത് 90 ശതമാനം) റോഡു നിർമ്മിക്കാനും, പുതുക്കി പണിയുവാനും മററുമാണ് വിനിയോഗിച്ചത്. മററു സ്ഥലങ്ങളിൽ എന്ന പോലെ ഇവിടെയും വികസനമെന്നത് റോഡു പണിയാണ് എന്ന ധാരണയാണ് കഴിഞ്ഞകാല പഞ്ചായത്തു പ്രവർത്തനത്തിൽ മുന്നിൽ നില്ക്കുന്നത്. കൂടാതെ ജെ. ആർ. വൈ. പദ്ധതി അനുശാസിക്കുന്നതുപോലെ പട്ടിക ജാതി, പട്ടിക വർഗ്ഗത്തിന് വീടുവെയ്ക്കാനായി നീക്കിവെച്ച പണം മുഴുവനായും വിനിയോഗിച്ചതായി കാണുന്നില്ല. ഇതിൻെറ കാരണങ്ങളെപ്പററി നാം ഗൗരവമായി ആരായേണ്ടതായിട്ടുണ്ട്.

മേൽപറഞ്ഞ പട്ടികകളിൽ നിന്നും വ്യക്തമാകുന്ന ഒരു കാര്യം കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വരവു ചെലവു വർദ്ധനാനിരക്കുകൾ താരതമ്യം ചെയ്താൽ ചെലവു വർദ്ധനാനിരക്കായിരുന്നു കൂടുതൽ എന്നു കാണാം.

പഞ്ചായത്തിൻെറ വിവിധ നികുതി സ്രോതസുകളാണ് പട്ടിക 5 A, B, C, D, E യിൽ നിന്നും നമുക്ക് കാണുവാൻ സാധിക്കുക. പ്രസ്തുത പട്ടികകളിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത് കെട്ടിട നികുതിയുടെ വാർഷികവരുമാനം വർദ്ധിച്ചു വരുന്നതായിട്ടാണ്. ഇതിനൊരു പ്രധാന കാരണം 1993-94 ലെ കെട്ടിട നികുതി പുനർനിർണ്ണയമാണ്. മൊത്തം പ്ലിന്ത് ഏരിയാ അടിസ്ഥാനത്തിലാണ് കെട്ടിട നികുതി പുനർ നിർണ്ണയം നടത്തിയിരിക്കുന്നത്. തൽഫലമായി കെട്ടിട നികുതിയിൽ നിന്നും പഞ്ചായത്തിനുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ സാധിക്കുകയും ചെയ്തു. ഈ രീതിയിലുള്ള കെട്ടിട നികുതി പുനർ നിർണ്ണയം മുഖേന കേരളത്തിലെ മററു പഞ്ചായത്തുകൾക്കും നികുതി വർദ്ധിപ്പിക്കുവാനും ഈ രംഗത്ത് നടമാടുന്ന അഴിമതി കു



292

റെയെങ്കിലും കുറയ്ക്കുവാനും സാധിക്കും. താഴെ കാണിക്കുന്ന പട്ടികയിൽ നിലവിലുള്ള കെട്ടിട നികുതി പുനിർ നിർണ്ണയം നല്കിയിരിക്കുന്നു.

1994-95 ൽ തൊഴിൽ നികുതിയും പുനർനിർണ്ണയം ചെയ്തതിനാൽ അവയിൽ നിന്നും വരുമാനം കൂടിയതായി കാണാം. പട്ടിക 5 (C) യിൽ കാണുന്നതുപോലെ വിനോദ നികുതിയിൽ ഗണ്യമായ വളർച്ചാ നിരക്കുണ്ട്. കാര്യമായി ശ്രദ്ധിച്ചാൽ ഈ മേഖലയിൽ ഇനിയും വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും എന്നു തോന്നുന്നു. പട്ടിക 5 D യിൽ നല്കിയിരിക്കുന്നത് വസ്തു കൈമാററ നികുതിയാണ്. വസ്തു കൈമാററ നികുതിയിലും കാര്യമായ വർദ്ധനവാണ് പ്രകടമാകുന്നത്. പട്ടിക 5 E യിൽ നല്കിയിരിക്കുന്നത് ഗ്രാൻറുകളാണ്. ഗ്രാൻറുകളെ സംബന്ധിച്ച് 1993-94 ഒഴികെയുള്ള വർഷങ്ങളിൽ നല്ല വർദ്ധനവ് കാണിക്കുന്നുണ്ട്.

മണലൂർ പഞ്ചായത്തിൻെറ വരവു ചെലവുകൾ നാം താരതമ്യപ്പെടുത്തുമ്പോൾ മനസ്സിലാവുന്ന കാര്യം ഇതാണ്. അതായത് പൊതുവായി എല്ലാ മേഖലകളിലും ചെലവുകൾ വർദ്ധിക്കുന്നു. ചെലവു വർദ്ധനാനിരക്ക് വരവിൻെറ വർദ്ധനാനിരക്കിനേക്കാൾ കൂടുതലാണ്. ഇതു നാം ഗൗരവത്തോടുകൂടി കാണേണ്ടിയിരിക്കുന്നു. ഇതിൻെറ ഒരു നല്ല വശവും നാം കാണേണ്ടിയിരിക്കുന്നു. അതായത് ഇന്ന് ഉയർന്നു വരുന്ന പുതിയ ഒരു അവബോധത്തിൻെറ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തു പ്രവർത്തനത്തിന് ഒരു പുതിയ ദിശാബോധവും കൈവന്നിരിക്കുകയാണ്.

അടുത്തതായി നമുക്ക് മണലൂർ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളെപ്പററി ഒന്നു നോക്കാം. നമ്മുടെ പഞ്ചായത്തിൽ രണ്ടു പരസ്പര സഹകരണ ബാങ്കുകളും ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ശാഖയും പ്രവർത്തിക്കുന്നു. ഇവയുടെ ഡെപ്പോസിററ്, വായ്പാ വിതരണം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 7 ൽ കാണാം.

പ്രസ്തുത പട്ടിക കാണിക്കുന്നതുപോലെ സഹകരണ ബാങ്കുകൾ ശരാശരി 7 കോടി രൂപ ഡെപ്പോസിററായി സ്വീകരിക്കുമ്പോൾ വായ്പ നല്കുന്നത് ശരാശരി 3 കോടി രൂപയാണ്. അതായത് നിക്ഷേപ വായ്പാ അനുപാതം 40 ശതമാനം. നിക്ഷേപത്തിൽ പ്രതിവർഷം 21 ശതമാനം വർദ്ധനവ് കാണിക്കുമ്പോൾ വായ്പയുടെ ശതമാനം വെറും 18 മാത്രമാണ്. കൊടുക്കുന്ന വായ്പ തന്നെ സേവന മേഖലയിലേക്കാണ് കൂടുതലും പോകുന്നത്. ചുരുക്കത്തിൽ നമ്മുടെ സാമ്പത്തിക രംഗത്തെ ഏററവും നിർണ്ണായക മേഖലകളായ കാർഷിക വ്യാവസായിക രംഗത്തിന് കാര്യമായ ഒരു പ്രാധാന്യവും കല്പിക്കുന്നില്ലായെന്നതാണ് സ്ഥിതി. ഈ സ്ഥിതിവിശേഷം നാം ഗൗരവത്തോടുകൂടി കാണേണ്ടതും, ആഴത്തിൽ പഠിക്കേണ്ടതുമാണ്. 25 ശതമാനം പണം fluid reserve ആയി സൂക്ഷിക്കുന്നു. സഹകരണ മേഖലയെപ്പററി പറയാവുന്ന ഏററവും നല്ല ഒരു കാര്യം ബാങ്ക് നല്കുന്ന വായ്പ സഹകരണ ബാങ്ക് അംഗങ്ങൾക്ക്, ബാങ്കിൻെറ പ്രവർത്തന പരിധിയിൽ ലഭിക്കുന്നുണ്ട് എന്നതാണ്.

ഈ പഞ്ചായത്തിൽ 7 ഷെഡ്യൂൾഡ് ബാങ്കുകൾ ( ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെ) പ്രവർത്തിക്കുന്നുണ്ട്. ഇവ

(1) കാത്തലിക് സിറിയൻ ബാങ്ക്, മണലൂർ
(2) കാത്തലിക് സിറിയൻ ബാങ്ക്, കണ്ടശ്ശാങ്കടവ്
(3) സൗത്ത് ഇൻഡ്യൻ ബാങ്ക്, കാഞ്ഞാണി
(4) സൗത്ത് ഇൻഡ്യൻ ബാങ്ക്, കാഞ്ഞാണി
(5) ധനലക്ഷ്മി ബാങ്ക്, കണ്ടശ്ശാങ്കടവ്
(6) ബാങ്ക് ഓഫ് ഇൻഡ്യ, കണ്ടശ്ശാങ്കടവ്
(7) കനറാ ബാങ്ക്, കണ്ടശ്ശാങ്കടവ്

ഇവയുടെ ഡെപ്പോസിററ്, വായ്പാ വിതരണം എന്നിവ പട്ടിക 8 ൽ ലഭ്യമാണ്. ഈ മൊത്തം 7 ബാങ്കുകളും കൂടി എടുക്കുകയാണെങ്കിൽ നിക്ഷേപത്തെപ്പററി ഒരു കാര്യം പറയാം. അതായത് ഈ 7 ബാങ്കുകളും 1991-92 മുതൽ 1995-96 വരെയുള്ള കാലയളവിൽ ഏകദേശം 14 കോടി രൂപ ഡെപ്പോസിററ് സ്വീകരിച്ചപ്പോൾ വായ്പ നല്കിയത് വെറും 5 കോടി രൂപയാണ്.

അതായത് നിക്ഷേപ-വായ്പ അനുപാതം കേവലം 35 ശതമാനം മാത്രം! ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. അതായത് ഈ പഞ്ചായത്തിൽ നിന്നും ഡെപ്പോസിററായി ശേഖരിക്കുന്ന മൊത്തം പണത്തിൻെറ 65 ശതമാനവും മററു സ്ഥലങ്ങളിലേക്ക് ചേക്കേറുന്നു. വേറൊരു പ്രധാന കാര്യം, ഈ ബാങ്കുകളുടെ പ്രതിവർഷ ഡെപ്പോസിററ് വളർച്ചാ നിരക്ക് 21 ശതമാനം വർദ്ധിക്കുമ്പോൾ വായ്പയിലുള്ള പ്രതിവർഷ വർദ്ധന 10 ശതമാനം മാത്രമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ സഹകരണ മേഖലയിലെയും, ഷെഡ്യൂൾഡ് ബാങ്കുകളുടെയും ഒരവലോകനമാണ് നാമിപ്പോൾ നടത്തിയത്. ഈയവസരത്തിൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന, എണ്ണത്തിൽ മുപ്പതോളം (30) വരുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങ

ളെക്കൂടി പരാമർശിക്കേണ്ടതുണ്ട്. ഇവയുടെ സാമ്പത്തിക ഇടപാടുകൾ തികച്ചും അനൗദ്യോഗികമായതിനാൽ ഇവയെക്കുറിച്ചുള്ള ഒരു സാമ്പത്തിക വിലയിരുത്തൽ ദുഷ്ക്കരമാണ്. ഇവയെക്കുറിച്ചുള്ള കൃത്യമായ വിവര ശേഖരണം അസാധ്യവുമാണ്. എന്നാൽ 30 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു വെന്നു പറഞ്ഞാൽ ഈ മേഖലയുടെ പ്രാധാന്യമാണതു സൂചിപ്പിക്കുന്നത്. ഇതിൽ 15 സ്ഥാപനങ്ങൾ 1990 നു ശേഷം ആരംഭിച്ചവയാണ്. 1926 ൽ ആരംഭിച്ച ഒരു സ്ഥാപനവും, 1950 ൽ ആരംഭിച്ച മററൊരു സ്ഥാപനവും ഇക്കൂട്ടത്തിൽ ഉണ്ട്. 13 സ്ഥാപനങ്ങൾ 1980 നും 1990 നം ഇടയിലാണ് ഉടലെടുത്തത്. ഇവയിൽ 90 ശതമാനം സ്ഥാപനങ്ങളും 6 മുതൽ 12 വരെ നമ്പർ കുറികൾ നടത്തുന്നു. ഇതിൽ നിന്നും ഈ സ്വകാര്യ സ്ഥാപനങ്ങൾ മുഖേന കൈകാര്യം ചെയ്യുന്ന പണം എത്ര അധികമാണ് എന്ന് കാണുവാൻ സാധിക്കും. ഇവയിൽ 80 ശതമാനം സ്ഥാപനങ്ങൾ സ്വർണ്ണ പണയം നടത്തുന്നവയും 50 ശതമാനം ഹയർ പർച്ചേസ് അടിസ്ഥാനത്തിൽ പണം കടംകൊടുക്കുന്നതുമാണ്. ഈ സ്ഥാപനങ്ങൾ സ്വർണ്ണം പണയത്തിന് 24 ശതമാനം പലിശവരെ ഈടാക്കുന്നതായാണ് അറിയുവാൻ കഴിഞ്ഞത്. ഹയർ പർച്ചേസിന് 35.4 ശതമാനം പലിശ നല്കണം. പ്രസ്തുത സ്ഥാപനങ്ങൾ കുറി, സ്വകാര്യ ഡെപ്പോസിററുകൾ മുഖേന സ്വരൂപിക്കുന്ന പണം 60-72 ശതമാനം വരെ പലിശനിരക്കിൽ വായ്പയായി നല്കുന്നു. നമ്മുടെ രാജ്യത്തു നടക്കുന്ന അനൗദ്യോഗികമായ പാരലൽ സമ്പദ് വ്യവസ്ഥയുടെ ഒരു ഉത്തമ ഉദാഹരണമാണ് മേൽപറഞ്ഞ സ്വകാര്യ ധനസ്ഥാപനങ്ങൾ. ഈ സ്ഥാപനങ്ങൾ ചെറുകിട കച്ചവടക്കാർ, വ്യക്തികൾ എന്നിവർക്ക് വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ ഒട്ടും കാലതാമസമില്ലാതെ പണം കടം കൊടുക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണെങ്കിലും ഇവയുടെ ക്രമാതീതമായ വളർച്ച നമ്മുടെ പഞ്ചായത്തിലെ കള്ളപ്പണത്തിൻെറയും, ദരിദ്ര വൽക്കരണത്തിൻെറയും, ഊഹക്കച്ചവട സംസ്ക്കാരത്തിലേക്ക് വിരൽ ചൂണ്ടുന്ന ഒന്നാണെന്നു തോന്നുന്നു. ഇവയെക്കുറിച്ച് വ്യക്തമായ കണക്കുകളും മററും ശേഖരിക്കുക അസാധ്യം തന്നെയാണ്. സമ്പദ് വ്യവസ്ഥയിൽ ഒരു "സമാന്തര സമ്പദ് വ്യവസ്ഥ തന്നെ കെട്ടിപ്പടുക്കുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ വളർച്ച തടയുവാൻ സഹകരണ പ്രസ്ഥാനം വികസിപ്പിക്കേണ്ടിയിരിക്കുന്നു. സഹകരണ സംഘങ്ങളിലെയും, ഷെഡ്യൂൾഡ് ബാങ്കുകളിലെയും വായ്പാ വിതരണം കുറെക്കൂടി ലളിതവൽക്കരിക്കുകയും വേഗത്തിലാക്കുകയും ചെയ്താൽ ഇവയുടെ ബാഹുല്യം ക്രമേണ ഇല്ലാതാക്കാൻ കഴിയും.

അടുത്തതായി വിഭവസമാഹരണ മേഖലയിൽ നമ്മുടെ പഞ്ചായത്തിലെ പോസ്ററാഫീസ് നിക്ഷേപത്തിൻെറ പങ്ക് എന്താണെന്ന് നോക്കാം. സാധാരണയായി ചെറിയ നിക്ഷേപങ്ങളാണല്ലോ ഇവയിൽ നിന്നും നാം പ്രതീക്ഷിക്കുക. എന്നാൽ രസകരമെന്നു പറയട്ടേ മണലൂർ പഞ്ചായത്തിലെ കാഞ്ഞാണി പോസ്ററാഫീസിന് നിക്ഷേപത്തിൽ നിന്നുമാത്രം 1995-96ൽ 33 ലക്ഷത്തി പതിനയ്യായിരം രൂപ ലഭിച്ചു (3315411)! ഇതിൽ 61 ശതമാനവും റിക്കറിംഗ് ഡെപ്പോസിററിലും, നാഷണൽ സേവിംഗ് സർട്ടിഫിക്കററിലുമായിരുന്നു. മററു പോസ്ററാഫീസ് സേവിംഗ് കണക്കുകൾ കൂടി ലഭിച്ചാൽ ഏകദേശം 5 കോടി രൂപയെങ്കിലും ഈ വിധത്തിൽ ഉള്ളതായി നമുക്ക് കണക്കാക്കുവാൻ കഴിയും. അടുത്തതായി മണലൂർ പഞ്ചായത്തിലെ 1995-96 ലേയും 1996-97 ലേയും 7 ഷെഡ്യൂൾഡ് ബാങ്കുകളുടെക്രെഡിററ് പ്ലാനിൻെറ അടിസ്ഥാനത്തിൽ ഞങ്ങൾ 1997-98 ലേക്കുള്ള ഒരു ക്രെഡിററ് പ്ലാനും അവതരിപ്പിക്കുന്നു. പട്ടിക 9 ൽ കാണിച്ചിരിക്കുന്നതുപോലെ മുൻഗണനാ മേഖലകളായ കൃഷി, വ്യവസായം, തുടങ്ങിയവക്ക് 1995-96 നെ അപേക്ഷിച്ച് 1996-97 ൽ 47 ശതമാനം വളർച്ചയാണ് ക്രെഡിററ് പ്ലാനിൽ കണ്ടത്. ഇതേ രീതിയിലുള്ള ഒരു വളർച്ചാനിരക്ക് 1997-98 ലും പ്രതീക്ഷിച്ചാൽ 4.78 കോടി രൂപ മുൻഗണനാ മേഖലയിൽ വായ്പ നല്കേണ്ടതായി വരും. എന്നാൽ നോൺ പ്രയോറിററി മേഖലയിൽ 1996-97 ൽ 1995-96 നെ അപേക്ഷിച്ച് ഒരു ചെറിയ കുറവാണ് കണ്ടത്. ആയതിനാൽ 1997-98 ൽ ഈ മേഖലയിൽ കാര്യമായ വ്യത്യാസം പ്രതീക്ഷിക്കുന്നില്ല.

മേൽപറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ നമ്മുടെ പഞ്ചായത്തിലെ വിഭവസമാഹരണം മുൻനിർത്തി ചില സാധ്യതകളും നിർദ്ദേശങ്ങളും നമുക്ക് സമർപ്പിക്കുവാൻ കഴിയും. അവ താഴെ അക്കമിട്ട് കൊടുക്കുന്നു.

1. നമ്മുടെ പഞ്ചായത്തിലെ സഹകരണബാങ്കുകൾ ഷെഡ്യൂൾഡ് ബാങ്കുകൾ എന്നിവ സമാഹരിക്കുന്ന ഡെപ്പോസിററുകൾ ഈ പ്രദേശത്തു തന്നെ വായ്പയായി വിനിയോഗിക്കാൻ കഴിയണം. ഇതിനായി പഞ്ചായത്തിൻെറ വാർഷിക പദ്ധതിയും, ബാങ്കുകളുടെ വായ്പാ പദ്ധതിയും കൂട്ടി യോജിപ്പിച്ച് സമഗ്രമായ ഒരു പദ്ധതി രൂപപ്പെടുത്തണം. ഇതിനായി ഒരു ക്രെഡിററ്



294

പ്ലാൻ (credit plan) തന്നെ തയ്യാറാക്കണം. വിവിധ മേഖലയിൽ ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങളെ പ്രായോഗികമായി നടപ്പിലാക്കുവാൻ ആവശ്യമായ ധനം പ്രസ്തുത ബാങ്കുകൾ ശേഖരിക്കണം. പഞ്ചായത്ത് തയ്യാറാക്കുന്ന ക്രെഡിററ് പ്ലാൻ ബാങ്കുകൾ അംഗീകരിക്കണം.

2. അനൗദ്യോഗിക ധനകാര്യ സ്ഥാപനങ്ങളുടെ വാർഷിക ഇടപാടുകൾ പഞ്ചായത്ത് പരിശോധിക്കുകയും ലാഭ ശതമാനം അനുസരിച്ച് നികുതികൾ ഈ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുകയും വേണം. ഈ സ്ഥാപനങ്ങളിൽ നിന്ന് നിർബന്ധമായും പ്രൊഫഷണൽ ടാക്സ് ഈടാക്കുകയും വേണം. ഈ നിലയിൽ പഞ്ചായത്തിന് നല്ല ഒരു വിഭവ സമാഹരണം നടത്താം.

3. ഗ്രാമസഭാ റിപ്പോർട്ടനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ നിന്നും ഗൾഫുനാടുകളിൽ 700 ലധികം പേർ ജോലിയെടുക്കുന്നുണ്ട്. ഇവർ നാട്ടിലേക്ക് അയക്കുന്ന പണം ഉല്പാദന മേഖലകളിലേക്ക് തിരിച്ചു വിടുന്നതിന് ബോധപ്പൂർവ്വമായ ശ്രമങ്ങൾ നടത്തണം. ഗ്രാമസഭാ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന പദ്ധതികളുടെ പ്രായോഗിക പ്രവർത്തനത്തിന് ഇവരുടെ നിക്ഷേപം ഉപയോഗപ്പെടുത്തുവാൻ ഗ്രാമ പഞ്ചായത്ത് നേതൃത്വം കൊടുക്കണം. ഈ മേഖലയിലെ പണം പ്രധാനമായും ഇന്നു ചെലവാക്കുന്നത് കെട്ടിടം പണിപോലെയുള്ള ഉല്പാദനേതര പ്രവർത്തനങ്ങൾക്കാണ്. ഈ സ്ഥിതി തീർച്ചയായും മാറണം.

4. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവക്കു പുറമേ പഞ്ചായത്തിലെ മററു പല മേഖലകളിലേക്കും വലിയ തോതിൽ പണം നിക്ഷേപമായി പോകുന്നു. ഉദാഹരണമായി ഇന്ദിരാ വികാസ് പത്ര, കിസാൻ വികാസ് പത്ര, പോസ്ററോഫീസ് തുടങ്ങിയ മേഖലയിൽ നിന്നും ശേഖരിക്കപ്പെടുന്ന ഭീമമായ തുകകൾ ഈ പഞ്ചായത്തിൽ തന്നെ വിനിയോഗിക്കാൻ ശ്രമം നടത്തേണ്ടതാണ്.

5. ഇന്ന് കേന്ദ്ര സർക്കാർ നേരിട്ട് ശേഖരിക്കുന്ന വരുമാന നികുതി (Income Tax) സംവിധാനത്തിൽ സമഗ്രമായ ഒരു അഴിച്ചുപണി അനിവാര്യമാണ്. വരുമാന നികുതി ചുമത്തേണ്ടത് ശരിക്കും പഞ്ചായത്തുകൾ മുഖേന ആകണം. കാരണം, ഒരു പഞ്ചായത്തിലെ പൗരന്മാരുടെ നികുതി കൊടുക്കുവാനുള്ള കഴിവ് അറിയുന്നത് ആ നാട്ടിലെ പഞ്ചായത്താണ്. ഇന്നു നാം കാണുന്ന വരുമാന നികുതിയിലെ ചോർച്ചയും നികുതി വെട്ടിപ്പും ഈ രീതിയിലായാൽ 90 ശതമാനവും ഇല്ലാതാക്കാൻ കഴിയും. കൂടാതെ ഇന്ന് വരുമാന നികുതിയിൽ നിന്നും ലഭിക്കുന്ന മൊത്തം വരുമാനം ചുരുങ്ങിയത് 10 ഇരട്ടിയെങ്കിലും വർദ്ധിക്കുകയും ചെയ്യും.

6. വസ്തു കൈമാററ നികുതി പഞ്ചായത്തിന് ഇന്നു ലഭ്യമാകുന്ന രീതിക്ക് മാററമുണ്ടാകണം. ഭൂമിയുടെ വില്പനയിലും വാങ്ങലിലും പഞ്ചായത്തിനെ കക്ഷിയാക്കുക. ഇതു മുഖേന സ്ററാമ്പ് പേപ്പർ തട്ടിപ്പ് ഒരു പരിധി വരെ കുറയ്ക്കാം.പഞ്ചായത്തിന് കൂടുതൽ പണം ശേഖരിക്കാനും കഴിയും.

7. പഞ്ചായത്തിലെ ആൾക്കാർ ഉപയോഗിക്കുന്ന ഇരുചക്ര വാഹനങ്ങൾക്ക് ഒരു ചെറിയ നികുതി ഈടാക്കാവുന്നതാണ്.

8. പഞ്ചായത്തുകളിലെ വീടുകളിൽ ഇന്ന് വൈദ്യുതി ഉപയോഗിച്ച് നിരവധി ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നു. ഉദാ:- അലക്കു യന്ത്രം, ടി. വി., എയർ കണ്ടീഷൻ തുടങ്ങിയവ. ഇവയ്ക്ക് ഒരു ചെറിയ നികുതി ഈടാക്കാം.

9. നമ്മുടെ പഞ്ചായത്തിൽ പുറമ്പോക്കു ഭൂമി കൈവശം അനുഭവിക്കുന്ന സമ്പന്നരിൽ നിന്നും പ്രസ്തുത ഭൂമി തിരിച്ചു വാങ്ങി ഭൂമിയില്ലാത്തവർക്ക് വില്ക്കുകയോ പാട്ടത്തിനു നല്കുകയോ ചെയ്യുക.

10. കേന്ദ്ര സംസ്ഥാന ഗവൺമേൻറുകളുടെയും അതുപോലെയുള്ള ഏജൻസികളുടെയും പല പ്രോജക്ടുകളും പഞ്ചായത്തുകൾക്ക് ഏറെറടുത്ത് നടത്താവുന്നതാണ്. നമ്മുടെ പഞ്ചായത്തിലെ തന്നെ സംഘമിത്ര ചാരിററബിൾ സൊസൈററിയുടെ ഭവനനിർമ്മാണ പദ്ധതി തന്നെ ഇതിനുദാഹരണമാണ്.

11. പഞ്ചായത്തിലെ പ്രധാന സെൻററുകളായ കാഞ്ഞാണി, കണ്ടശ്ശാങ്കടവ് എന്നിവിടങ്ങളിൽ വണ്ടിത്താവളങ്ങൾ നിർമ്മിക്കുക. വണ്ടികളിൽ നിന്നും ഇതു മുഖേന ഫീസുപിരിക്കാവുന്നതാണ്. ഇതൊരു നല്ല വരുമാന മാർഗ്ഗമാണ്.

12. കാലാകാലങ്ങളായി നിലനില്ക്കുന്ന ലൈസൻസു ഫീസ് പുതുക്കി നിശ്ചയിച്ചാൽ വരുമാനം ഗണ്യമായി വർധിപ്പിക്കാം.

13. ഭൂവുടമകളിൽ നിന്നും ഒരു ഉപഭൂനികുതി ഈടാക്കുക.

14. നിലവിലുള്ള പഞ്ചായത്തു കുളങ്ങളിൽ മത്സ്യം വളർത്തുക. ഉദാ:- പാലാഴിയിലെ രാമൻകായൽ, കൃഷ്ണൻ കായൽ ഇവയിൽ നിന്നും നല്ല വരുമാനം ലഭിക്കും.

15. ഒരു ഏക്രയിൽ കൂടുതൽ ഭൂമിയുള്ളവരിൽ നിന്നും പ്രൊഫഷണൽ ടാക്സ് ശേഖരിക്കുക.



295

16. പൊതു കിണറുകളുടെ തുടർന്നുള്ള പരിപാലനം ഗുണഭോക്താക്കളുടെ ഉത്തരവാദിത്വത്തിൽ നടത്തുന്നതിന് ഉറപ്പുവരുത്തുക. കുളത്തിൻെറ കാര്യത്തിലും ഇതു ചെയ്യുക.

17. കുടിവെള്ള വിതരണ സംവിധാനത്തിലെ ഭീമമായ മൂലധന ചെലവ് പഞ്ചായത്ത് വഹിക്കുമ്പോൾത്തന്നെ അവയുടെ തുടർ പരിപാലനത്തിൻെറ ഉത്തരവാദിത്വം ഉപഭോക്താക്കളിലേക്ക് മാററുക. ഇതിനായി ഉപഭോക്താക്കളുടെ ഒരു സംഘം രൂപീകരിക്കുക. പൊതു ടാപ്പിൻെറ അററകുററ പണികളും ഈ സംഘംത്തെ ഏല്പിക്കാം.

18. വഴി വിളക്കുകൾക്കായി വൈദ്യുതി ചാർജ് ഈടാക്കുന്ന ഇന്നത്തെ സംവിധാനം മാററണം. ഒരിക്കലും പ്രകാശിക്കാത്ത ബൾബുകൾക്കും വൈദ്യുതി ചാർജ് ഈടാക്കുന്ന സംവിധാനം മാററി ഉപയോഗിക്കുന്ന വൈദ്യുതിക്ക് ചാർജ് നല്കുന്ന രീതി ഏർപ്പെടത്തുക. ഇതിനായി മീററർ ഏർപ്പെടുത്തുക. ഇതുവഴി ഇന്ന് പഞ്ചായത്തുകൾ അടക്കുന്ന വൈദ്യുതി ചാർജിൻെ പകുതി ലാഭിക്കാം.

19. പഞ്ചായത്തിൻെറ അധികാര പരിധിയിൽ പെടുന്ന പ്രദേശങ്ങളിൽ പരസ്യപ്രദർശനങ്ങൾ നടത്തുന്നതിനും, ബാനറുകൾ, പോസ്റററുകൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിനും പ്രത്യേക അനുവാദം ഏർപ്പെടുത്തുക. ഇവയ്ക്ക് ചെറിയ തോതിൽ ഫീസ് ഏർപ്പെടുത്തുക.

20. ആർഭാട പൂർവ്വമായി നടത്തുന്ന വിവാഹങ്ങൾക്ക് നികുതി ഏർപ്പെടുത്തുക. വിവാഹ ചെലവുകളുടെ ഒരു പ്രസ്താവന എഴുതി വാങ്ങേണ്ടതും ചെലവു നോക്കി നികുതി ഈടാക്കേണ്ടതുമാണ്.

21. നിലനില്ക്കുന്ന നികുതി സംവിധാനത്തിലെ പോരായ്മകൾ പരിഹരിച്ച് നികുതി സംവിധാനം കുററമററതാക്കാൻ പഞ്ചായത്ത് ഭരണസമിതി അങ്ങേയററം ശ്രദ്ധിക്കണം.

22. ഇന്ന് പഞ്ചായത്തുകൾ ഏററവും കൂടുതൽ പണം ചെലവഴിക്കുന്നത് റോഡുകൾക്കാണ്. ഗ്രാമങ്ങളിലെ ലഭ്യമായ മനുഷ്യപ്രയത്നം റോഡു നിർമ്മാണത്തിനായും പരിപാലനത്തിനും വിനിയോഗിക്കുക.

23. ടാറു റോഡുകളുടെ ഉപഭോക്താക്കളിൽ നിന്നും ഒരു ചെറിയ നികുതി ഈടാക്കുക, വാഹനങ്ങൾ ഉപയോഗിക്കുന്നവർക്കും ഒരു നികുതി ഏർപ്പെടുത്തുക എന്നിവ ആലോചിക്കാവുന്നതാണ്.

24. നിലവിലുള്ള റോഡുകളുടെ പരിപാലനം ജനപങ്കാളിത്തത്തിലൂടെ വിഭവ സമാഹരണം നടത്തുന്നതിന് കഴിയുന്ന മേഖലയാണ്. ഗ്രാമീണ റോഡുകളുടെ പരിപാലനത്തിനായി 5000 രൂപ വീതം ചെലവാക്കുന്ന ഇന്നത്തെ രീതി വിഭവങ്ങളുടെ ചോർച്ചയെ മാത്രമാണ് സഹായിക്കുന്നത്. 5000 രൂപ ചെലവാക്കുമ്പോൾ കഷ്ടിച്ച് 2500 രൂപ വിലമതിക്കുന്ന ജോലി മാത്രമേ നടക്കുന്നുള്ളു. ഇതിനു ബദലായി ശ്രമദാനത്തിലൂടെ റോഡ് പരിപാലനം നടത്തുവാൻ തയ്യാറാവുന്ന ഗ്രാമസംകളെ 2500 രൂപയുടെ വിലമതിക്കുന്ന ജോലി മാത്രമേ നടക്കുന്നുള്ളു. ഗ്രാമസഭകളെ 2500 രൂപ ഏല്പിച്ചാൽ കുറഞ്ഞത് 5000 രൂപയുടെ വിലമതിക്കുന്ന ജോലി നിർവഹിക്കപ്പെടും. ഇതു വഴി സ്വരൂപിക്കുന്ന അധിക വിഭവസമാഹരണം പഞ്ചായത്തിൻെറ വലിയ വരുമാനമാണ്.



296

പട്ടിക 1

പഞ്ചായത്തിൻെറ വരവ് 1995-96

| ക്രമ നമ്പർ | ഇനങ്ങൾ | വരവ് | മൊത്തത്തിൻെറ ശതമാനം |
|---|---|---|---|
| 1. | കെട്ടിട നികുതി | 454922 | 22.7 |
| 2. | തൊഴിൽ നികുതി | 233701 | 11.7 |
| 3. | ലൈസൻസ് ഫീസ് | 19894 | 1.8 |
| 4 (a) | വസ്തു കൈമാററ ഡ്യൂട്ടിയുടെ 75% | ലഭിച്ചിട്ടില്ല | |
| (b) | വസ്തു കൈമാററ ഡ്യൂട്ടിയുടെ 25% | 50,000 | |
| 5. | ഡെപ്പോസിററും പലിശയും | 30357 | 1.8 |
| 6. | വിനോദ നികുതി | 467988 | 23.6 |
| 7. | വെള്ളം, വെളിച്ചം ഇവ യിന്മേലുള്ള നിരക്കുകൾ | 130466 | 6.8 |
| 8. | ഉപാധിരഹിത വരുമാനം | 240000 | 12.2 |
| 9. | ജെ. ആർ. വൈ. | 312620 | 16.2 |
| 10. | മററുള്ളവ | 49402 | 2.8 |
| | ആകെ | 1939350 | 99.6 (100) |



297

പട്ടിക 2

പഞ്ചായത്തിൻെറ ചെലവ് 199596

| ക്രമ നമ്പർ | ഇനങ്ങൾ | ചെലവ് | മൊത്തത്തിൻെറ ശതമാനം |
|---|---|---|---|
| 1. | ഭരണം | 628715 | 26.2 |
| 2. | പൊതുമരാമത്ത് | 272010 | 10.8 |
| 3. | വിദ്യാഭ്യാസം | 28778 | 1.9 |
| 4. | പൊതുജനാരോഗ്യം | 87245 | 3.8 |
| 5. | തെരുവു വിളക്കുകൾ | 175335 | 7.6 |
| 6. | ഡെപ്പോസിററ് | 474985 | 19.5 |
| 7. | ഉപാധി രഹിത വരുമാനം | 237268 | 9.5 |
| 8. | ജലവിതരണം | 91872 | 3.7 |
| 9. | ജെ. ആർ. വൈ. | 380000 | 15.6 |
| 10. | മററുള്ളവ | 35159 | 1.4 |
| | ആകെ | 2411367 | 100.00 |

പട്ടിക 3

1991-92 മുതൽ '95-'96 വരെയുള്ള പഞ്ചായത്തിൻെറ വരവ്

| വർഷം | മൊത്തം വരവ് | വർധനനിരക്ക് |
|---|---|---|
| 1991-92 | 1245434 | - |
| 1992-93 | 1963245 | 5.8 |
| 1993-94 | 1534564 | -2.2 |
| 1994-'95 | 2088399 | 36.00 |
| 1995-'96 | 1939350 | -7.1 |



298

## ദിനപ്പത്രങ്ങൾ

| | | |
|---|---|---|
| മാതൃഭൂമി | - | 833 |
| മലയാളമനോരമ | - | 615 |
| എക്സ്പ്രസ്സ് | - | 165 |
| ദേശാഭിമാനി | - | 203 |
| ദീപിക | - | 80 |
| മംഗളം | - | 10 |
| കേരളകൗമുദി | - | 25 |
| ഇന്ത്യൻ എക്സ്പ്രസ് | - | 60 |
| ഹിന്ദു | - | 20 |

## വാരികകൾ - ദ്വൈവാരികകൾ

| | | |
|---|---|---|
| മംഗളം | - | 1000 |
| മനോരമ | - | 900 |
| മാദൃഭൂമി | - | 87 |
| ദേശാഭിമാനി | - | 50 |
| കലാകൗമുദി | - | 115 |
| കേരള ശബ്ദം | - | 155 |
| മനോരാജ്യം | - | 20 |
| നാന | - | 200 |
| കുങ്കുമം | - | 2 |
| കുമാരി | - | 5 |

## മാസികകൾ

| | | |
|---|---|---|
| ഭാഷാപോഷിണി | - | 3 |
| വനിത | - | 425 |
| ഗൃഹലക്ഷ്മി | - | 100 |
| കന്യക | - | 50 |
| മഹിളാരത്നം | - | 375 |
| ബിസിനസ്സ് ലൈൻ | - | 2 |
| ബിസിനസ് ദീപിക | - | 10 |
| ദി. വീക്ക് | - | 5 |
| ചിന്ത | - | 26 |
| പീപ്പിൾസ് ഡെമോക്രസി | - | 2 |
| ദി മാർക്സിസ്ററ് | - | 1 |

## ബാല മാസികകൾ

| | | |
|---|---|---|
| ബാല മംഗളം | - | 50 |
| ബാലരമ | - | 450 |
| കളിക്കുടുക്ക | - | 110 |
| ബാലഭൂമി | - | 225 |
| മുത്തശ്ശി | - | 50 |
| മുത്തുചിപ്പി | - | 15 |
| ചിത്രകഥകൾ | - | 180 |
| ഹക്കനാർ | - | 5 |
| പൂമ്പാററ | - | 100 |
| യുറീക്ക | - | 350 |
| വിജയ വീഥി | - | 12 |
| തൊഴിൽ വാർത്ത | - | 125 |
| വിദ്യാരംഗം | - | 15 |
| കർഷക ശ്രീ | - | 45 |
| കർഷകൻ | - | 10 |



൨൯൯

# വനിത

ദ്രുതഗതിയിലുള്ള സാമൂഹ്യമാററങ്ങൾ സംഭവിക്കുന്ന ഈ കാലഘട്ടത്തിൽ പോലും, സത്രീ സമൂഹം, സാമൂഹ്യ പ്രവർത്തനങ്ങളിൽ കണ്ണി ചേരാതെ പിന്നണിയിൽ തന്നെയാണ്.

ഉപഭോഗ സംസ്കാരത്തിൻെറ ശക്തമയ സ്ത്രീ പീഡനത്തിനും, വെല്ലു വിളികൾക്കും മുമ്പിൽ, പ്രതിഷേധത്തിൻെറ ഒരു ചെറിയ ഒച്ചപോലും വെക്കാനാവാതെ, സ്ത്രീകൾ എല്ലാം സഹിച്ച് മൂകരായി നില്ക്കുന്നു.

കുടുംബപരമായും, സാമൂഹ്യമായും, നിലനിന്നിരുന്ന വിലക്കുകളെ മുറിച്ചു കടന്നുപോയ സ്ത്രീകളുടെ ഒരു തിളങ്ങുന്ന ഭൂതകാലം മണലൂരിനുണ്ട്.

മണലൂരിൻെറ സാമൂഹ്യമാററങ്ങൾക്ക് നിർണ്ണായക പങ്കുവഹിച്ച, ചകിരി തൊഴിലാളി സമരം, കർഷക തൊഴിലാളി സമരം തുടങ്ങിയ പ്രക്ഷോഭങ്ങളിൽ, സ്ത്രീകളുടെ പങ്കാളിത്തം ശക്തമായിരുന്നു.

പുതിയ കുടുംബ ക്ഷേമ പദ്ധതികളുടെ ഫലമായി കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുകയും, സ്ത്രീകൾക്ക് കൂടുതൽ ആരോഗ്യവും, വിദ്യാഭ്യാസവും, നേടാനാവുകയും ചെയ്തിട്ടുണ്ട്. ഇതുവഴി അവർക്ക് സാമൂഹ്യ ഇടപെടലുകൾക്ക് സമയവും, പ്രാപ്തിയും ലഭ്യമായിട്ടുണ്ട് എന്നിട്ടും ഇന്നത്തെ സ്ത്രീ സമൂഹത്തിൻെറ സ്ഥിതി ശോഭനമല്ല.

സാക്ഷരതാ പ്രസ്ഥാനം, വിഭവ ഭൂപട നിർമ്മാണം, സാമൂഹ്യ സാമ്പത്തിക സർവേ, തുടങ്ങിയ ഏററവും പുതിയ സാമൂഹ്യ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്ക് ശ്രദ്ധേയമായിരുന്നു. പൊതുവെ സാമുദായിക സംഘടനകളിലും, മതപരമായ പ്രവർത്തനങ്ങളിലുമാണ് സ്ത്രകൾ ഏർപ്പെട്ടിരിക്കുന്നത്. ജനസംഖ്യയിൽ ഭൂരിപക്ഷമുള്ള, പ്രായോഗിക വ്രർത്തനങ്ങളിൽ സ്വാഭാവിക കഴിവുകളുള്ള സ്ത്രീസമൂഹം - കൂട്ടായ്മയിലൂടെ സ്വന്തം അധസ്ഥിതാ വസ്ഥക്കും നാടിൻെറ വികസന പ്രവർത്തനങ്ങൾക്കും കർമ്മശേഷി ഉണർത്തുന്ന ഒരു ചാലകശക്തിയായി ഉയരേണ്ടതുണ്ട്.

സ്വന്തം അവസ്ഥയെക്കുറിച്ച് ആത്മബോധം നേടിയ സ്ത്രീ ശക്തിക്ക് നാടിൻെറ ഭാഗധേയം നിർണ്ണയിക്കാനാകും.

## വനിത

1991 ലെ കനേഷുമാരി കണക്ക് പ്രകാരം ആകെ ജനസംഖ്യ 31,230 ആണ്. സ്ത്രീകൾ 16,227 (51.3%). സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലാണ്. ഇതിൽ പട്ടിക ജാതിയിൽ 1,963 സ്ത്രീകളാണ്, പുരുഷന്മാർ 1,889 ഉം. സെൻസസ് പ്രകാരം 132,26 സ്ത്രീകളാണ് സാക്ഷരരായി കാണുന്നത്. ഇതിൽ നിന്നും 3001 സ്തത്രീകൾ നിരക്ഷരരായിട്ടുണ്ട്. ഇവരെ കൂടി സാക്ഷരരാക്കുന്നതിന്, തുടർന്ന സാക്ഷരതാ പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്.

അദ്ധ്യാപന രംഗങ്ങളിലും, കാർഷിക രംഗങ്ങളിലും പുരുഷന്മാരേക്കാൾ സ്ത്രീകൾ ജോലി ചെയ്യുന്നുണ്ടെങ്കിലും മററു തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം കുറവാണെന്ന് താഴെ ചേർക്കുന്ന പട്ടിക പ്രകാരം കാണാവുന്നതാണ്.

അവലംബം
(91 ലെ സെൻസസ്)

| തൊഴിൽ മേഖല | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| Main Worker | 6,617 | 2,341 |
| Marginal Workers | 489 | 814 |
| | 7,106 | 3,155 |
| Work Participation | 47.36% | 19.44% |

വിദ്യാസമ്പന്നരായ സ്ത്രീകൾ ഏറെ ഉണ്ടെങ്കിലും, അവർക്ക് അനുയോജ്യമായ തൊഴിൽ സംരംഭങ്ങളോ, സഹകരണാടിസ്ഥാനത്തിലുള്ള വനിതായൂണിററുകളോ പഞ്ചായത്തിൽ നിലവിലില്ല.

വനിതകൾക്ക് ഏറെ തൊഴിൽ സാദ്ധ്യതയുള്ള പച്ചക്കറി കൃഷി, കോഴി വളർത്തൽ, കയറുല്പന്നങ്ങൾ നിർമ്മിക്കൽ, കൈത്തറി നെയ്ത്ത്, ടെയിലറിംഗ്, നോട്ട് ബുക്ക് നിർമ്മാണം, ഇലക്ട്രോണിക്ക് യൂണിററുകൾ തുടങ്ങിയ മേഖലകൾ വികസിപ്പിച്ച് തൊഴിലവസരം സൃഷ്ടിക്കാവുന്നതാണ്.

സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി സർക്കാർ നിലവാരത്തിൽ നടത്തി വരുന്ന ക്ഷേമ

പദ്ധതികൾ വളരെ അപര്യാപ്തമാണ്. അതോടൊപ്പം സ്ത്രീകളെ സാമൂഹ്യമായും, രാഷ്ട്രീയ മായും ഉയർത്തിക്കൊണ്ടുവരുന്നതിന്, അത്തരം മേഖലകളിൽ പ്രവർത്തിക്കുന്നവർ മതിയായ പ്രാതിനിധ്യം നല്കുന്നില്ല. രാഷ്ട്രീയ - സാമൂഹ്യ രംഗത്തെ പ്രശ്നങ്ങളിൽ ഇടപെടാൻ കഴിവുള്ള വനിതാ പ്രസ്ഥാനം വളർത്തത്തിയെടുക്കുവാൻ ബോധപൂർവ്വമായ പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു.

സ്ത്രീകളെ കച്ചവടച്ചരക്കാക്കുന്ന അശ്ലീല പോസ്ററുകൾ നിരോധിക്കേണ്ടതും, മദ്യം, മയക്കുമരുന്ന്, പുകവില എന്നീ സാമൂഹ്യ വിപത്തുകൾ ഇല്ലാതാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്തു ജനപങ്കാളിത്തത്തോടെ നടപ്പാക്കേണ്ടതുമാണ്.

പത്രമാസികളിൽ കൂടിയും, ദൃശ്യ - ശ്രാവ്യ മാദ്ധ്യമങ്ങളിൽ കൂടിയും തെററായ രീതിയിൽ വരുന്ന പരസ്യങ്ങൾക്കെതിരെ പ്രതികരിക്കുകയും, ബോധവൽക്കരണം നടത്തുകയും വേണം.

## പ്രശ്നങ്ങൾ

1. തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. ആനുപാതിക പ്രാതിനിധ്യം ഇല്ല.

2. സമൂഹത്തിൽ നിലനില്ക്കുന്ന കുടുംബപരമായ പ്രതികൂല സാഹചര്യങ്ങളാൽ (കുട്ടികളുടെ സംരക്ഷണം, വീട് സംരക്ഷണം, ഭർത്താക്കന്മാർ അനുവദിക്കായ്ക തുടങ്ങിയവ) സ്ത്രീകൾക്ക് പ്രവർത്തിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും പററാത്ത സ്ഥിതിയുണ്ട്.

3. സ്ത്രീകളുടെ മാത്രം പങ്കാളത്തിത്തിലുള്ള സഹകരണ സംഘങ്ങൾ, മഹിളാ സമാജങ്ങൾ, ചെറുകിട വ്യവസായ യൂണിററുകൾ എന്നിവയുടെ പ്രവർത്തനം ഇല്ല.

4. DWCRA, ട്രൈസം, RAP എന്നീ സർക്കാരിൻെറ ആഭിമുഖ്യത്തിലുള്ള പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവ് ലഭിക്കുന്നതിനുള്ള സംവിധാനം ഇല്ലെന്നുതന്നെയാണ് പട്ടിക പരിശോധനയിൽ ദൃശ്യമാകുന്നത്. പട്ടികകൾ ഇതോടൊന്നിച്ച ചേർത്തിരിക്കുന്നു.

11.2, 11.4, 11.9.

5. തൊഴിൽ രഹിതരായ സ്ത്രീകൾക്ക് തൊഴിൽ മേഖലകൾ ഏറെയുണ്ടെങ്കിലും, പ്രാവർത്തികമാകുന്നില്ല.

6. സ്ത്രീകൾക്ക സർക്കാർ തലത്തിൽ നല്കി വരുന്ന ക്ഷേമ പദ്ധതികളുടെ പ്രവർത്തനം പര്യാപ്തമല്ല.

7. സ്ത്രീധന സമ്പ്രദായം നിലനില്ക്കുന്നതിനാൽ സ്ത്രീപീഢനം നിലനില്ക്കുന്നു.

8. പരസ്യങ്ങൾക്ക് സ്ത്രീകളുടെ അശ്ലീല ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.

9. സ്ത്രീകളുടെ കലാ-കായിക-സാഹിത്യ വാസനകളെ പരിപോഷിപ്പിക്കുന്നതിന് സംവിധാനമില്ല.

10. ഗ്രാമീണ മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ ലഭ്യമല്ല.

## സാദ്ധ്യതകൾ

1. തുടർ സാക്ഷരതാ പ്രവർത്തനം ജനപങ്കാളിത്തത്തോടെ നടത്തുക.

2. സ്ത്രീകളുടെ ഇടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നിലവിലുള്ള DWCRA, RAP, ട്രൈസം എന്നീ പദ്ധതികളെ സംബന്ധിച്ച ബോധവൽക്കരണം നടത്തുക, കൂടുതൽ പേർക്ക് പരിശീലനം ലഭ്യമാക്കുക, പരിശീലനം നേടിയവർക്ക് യൂണിററുകൾ സ്ഥാപിച്ച് പ്രവർത്തിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ, സാങ്കേതിക സഹായങ്ങൾ, ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ വിപണനം തുടങ്ങിയ പ്രശ്നങ്ങളെ സംബന്ധിച്ച് പരിഹാര നിർദ്ദേശങ്ങൾ കൊടുക്കേണ്ടതാണ്.

3. അംഗൻ വാടികളോട് അനുബന്ധമായി, സ്ത്രീകളുടെ ചെറിയ, ചെറിയ ഗ്രൂപ്പുകൾ രൂപീകരിച്ചും പച്ചക്കറി തോട്ടങ്ങൾ ആരംഭിക്കുക.

4. അംഗൻവാടികളോട് ചേർന്ന മഹിളാസമാജങ്ങൾ സംഘടിപ്പിച്ച് തൊഴിൽ പരിശീലനവും, ചർച്ചാ ക്ലാസുകളും സംഘടിപ്പിക്കുക.

5. വനിതാ സഹകരണ സംഘങ്ങൾ, ചെറുകിട വ്യവസായ യൂണിറുകൾ എന്നിവ ആരംഭിക്കുക.

6. വനിതാ ക്ഷേമ പദ്ധതികൾ പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടത്തുക.

7. സ്ത്രീകളെ സാമൂഹ്യമായും, രാഷ്ട്രീയമായും ഉയർത്തിക്കൊണ്ടുവരുന്നതിന് പഞ്ചായത്ത് തലത്തിൽ വരുന്ന കമ്മിററികളിൽ അർഹമായ പ്രാതിനിധ്യം കൊടുക്കുക.

8. അശ്ലീല പരസ്യങ്ങൾ നിരോധിക്കുക. മദ്യം, മയക്കുമരുന്ന് എന്നിവയുടെ വിപത്തിൽ നിന്ന് സ്ത്രീകളെ മോചിപ്പിക്കുന്നതിന് ഗ്രാമതലത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

9. മണലൂർ വായനശാലയിൽ പ്രവർത്തിക്കുന്ന Community Poly Technical - Sub - Centre - വനിതകളുടെ തൊഴിൽ സംരംഭങ്ങളുടെ പരിശീലനത്തിന് ഉപയോഗപ്രദമാകും.



30/

# സഹകരണം

മണലൂർ ഗ്രാമ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാന ത്തിന് ശക്തമായ ഒരു അടിത്തറ ഉണ്ട്.

മണലൂർ വില്ലേജിലും കാരമുക്ക് വില്ലേജിലും പ്ര ത്യേകം ക്രഡിററ് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ വായ്പേതര സഹകരണ സംഘങ്ങളും പ്ര വർത്തിക്കുന്നുണ്ട്. വ്യാവസായിക മേഖലയിൽ പവർലൂം സഹകരണ സംഘം, ക്ഷീരകർഷകരുടെ ക്ഷീരോല്പദന സഹകരണ സംഘം, ചകിരിത്തൊഴിലാളികളുടെ സഹ കരണ പ്രസ്ഥാനം, തുടങ്ങിയവ ശ്രദ്ധാർഹമാണ്. കൂടാ തെ പഞ്ചായത്ത് അതിർത്തിയിൽ അന്തിക്കാട് ചെത്തു തൊഴിലാളി സഹകരണ സംഘം, ഹൗസിംഗ് സൊസൈ ററി, തൃശൂർ ബീകീപ്പേഴ്സ് സൊസൈററി എന്നിവയുടെ പ്രവർത്തന പരിധിയിൽ മണലൂർ പഞ്ചായത്ത് പെടുന്നു. കൂടാതെ സഹകരണ മേഖലയിൽ ഒരു അലോപ്പതി ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്.

ഇവയെല്ലാം തന്നെ പഞ്ചായത്തിലെ സാമ്പത്തിക വികസന പ്രവർത്തനങ്ങളിൽ കാര്യമായ പങ്കു വഹിക്കു ന്നുണ്ട്. പഞ്ചായത്തിൻെറ മൊത്തം ജനസംഖ്യം 31230 ഉം ക്രഡിററ് സഹകരണ സംഘങ്ങളിൽ മൊത്തം 13116 പേരും ആകുന്നു. ഇതിൽ നിന്നും ജനസംഖ്യയുടെ 42% പേർ വായ്പാസഹകരണ സംഘങ്ങളിൽ അംഗങ്ങളാ ണ്. വായ്പേതര സഹകരണ സംഘങ്ങൾക്കും കാര്യ മായ സ്വാധീനം കാണുന്നു.

കൂടാതെ തൃശൂർ ജില്ലാ കോ-ഓപ്പറേററീവ് ബാങ്കി ൻെറ സേവനവും ഇവിടെ ലഭ്യമാണ്.

## വായ്പാ സഹകരണ സംഘങ്ങൾ

### 1. 16-ാം നമ്പർ സർവ്വീസ് കോ-ഓപ്പറേററീവ് ബാങ്ക് കാരമുക്ക്

1091തുലാം മാസം 12-ാം തിയ്യതി പരസ്പരസഹായ സഹകരണ സംഘമായി പ്രവർത്തനം ആരംഭിച്ച പിന്നീ ട് 1976 ൽ കാരമുക്ക് സർവ്വീസ് സഹകരണ ബാങ്ക് ആയി ഉയർത്തി കാരമുക്ക് വില്ലേജിൻെറയും, പടിയം വില്ലേജി ൻെറ കുറച്ചു ഭാഗങ്ങളും ഇതിൻെറ പ്രവർത്തന പരിധി യിൽ പെടുന്നു. 9280 അംഗങ്ങൾ ഉള്ള ഈ ബാങ്കിൽ 1508591 രൂപ ഓഹരി മൂലധനമുണ്ട്. വിവിധ ഇനങ്ങളി ലായി 24582914 രൂപ അംഗങ്ങൾക്ക് വായ്പ നല്കിയി ട്ടുണ്ട്. സഹകരണ ചട്ടം അനുസരിച്ച് എല്ലാ ഡെപ്പോ സിററുകളും ബാങ്ക് സ്വീകരിക്കുന്നുണ്ട്.

താഴെ പറയുന്ന വായ്പകൾ ബാങ്ക് നല്കി വരുന്നുണ്ട്.

| | |
|---|---|
| സാധാണ വായ്പ | Rs. 3000 |
| കച്ചവട വായ്പ | Rs. 5000 |
| ഓവർ ഡ്രാഫ്ററ് | Rs. 25000 |
| ഭൂമി പണയപ്പെടുത്തി എടുക്കാവുന്നത് | Rs. 100000 |
| സ്വർണ്ണം പണ്ടം പണയം | Rs. 25000 |
| സ്വയം തൊഴിൽ വായ്പ | Rs. 25000 |

കൃഷി വായ്പ, ഭൂമി വായ്പ, (ജാമ്യം അനുസരിച്ച്), മോട്ടോർ പമ്പ്സെററ് വായ്പ (ക്രെഡിററ് പ്ലാൻ അനു സരിച്ച് കൃഷിഭവൻമുഖേന) I R D P ലോണുകൾ തുട ങ്ങിയവയാണ് പ്രധാന വായ്പകൾ. അംഗങ്ങളുടെ മര ണാനന്തര സഹായമായി 500 രൂപ നൽകുന്നുണ്ട്. അംഗ ങ്ങളുടെ മക്കൾ S. S. L. C. പരീക്ഷയിൽ ഉയർന്ന വിജയം വരിക്കുമ്പോൾ കേഷ് അവാർഡും കൊടുക്കുന്നുണ്ട്.

### 2. മണലൂർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ. 31

1092 വൃശ്ചികം 1-ാം തീയ്യതി രൂപം കൊണ്ട് മണലൂർ സർവ്വീസ് സഹകരണ സംഘം 1984ൽ ബാങ്കായി ഉയർത്തി. ഇന്ന് 5490 അംഗങ്ങൾ ഉണ്ട്. മണലൂർ വില്ലേജ് ആണ് പ്രവർത്തന പരിധി. 695539 രൂപ ഓഹരി മൂ ലധനമുണ്ട്. 12237218 രൂപ വിവിധ ഇനങ്ങളിലായി വാ യ്പ നല്കിയിരിക്കുന്നു. സഹകരണ ചട്ടം അനുസരിച്ച് എല്ലാ ഡെപ്പോസിററുകളും സ്വീകരിക്കുന്നു.

| | |
|---|---|
| സാധാരണ പായ്പ | 4000 |
| വിവാഹ വായ്പ | 5000 |
| കച്ചവട വായ്പ | 15000 |
| ഭൂമി പണയം | 25000 |
| സ്വർണ്ണം പണയം | 25000 |
| കൃഷി വായ്പ | 10000 |

കൂടാതെ ഓണചന്ത, സ്ഥിരമായ മാവേലി കൺസ്യൂമർ സ്റേറാർ, വ്യത്യസ്ഥ നമ്പർ കുറികൾ എന്നിവയും



302

ബാങ്ക് നടത്തുന്നുണ്ട്. കൂടാതെ മണലൂർ താഴം കോൾ പടവിൻെറ നടത്തിപ്പ്, കൃഷിഭവൻെറ സഹകരണ ത്തോടെ വിത്ത്, വളം വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. നെല്ലു സംഭരണം, കൊപ്ര സംഭരണം ഇവയും നടത്തുന്നുണ്ട്.

## വായ്പേതര സഹകരണ സംഘങ്ങൾ

### 1. ക്ഷീര ഉല്പാദക സഹകരണ സംഘം നമ്പർ. R. 112 (D) മണലൂർ

പഞ്ചാത്തിലെ ക്ഷീരോല്പാദനത്തിലും വിതരണത്തിനും ഈ സംഘം കാര്യമായ പങ്കു വഹിക്കുന്നു. പ്രതിവർഷം ശരാശരി 74809 ലിററർ പാൽ സംഭരിക്കുന്നു. പ്രദേശികമായി 21700 ലിററും, പരിധിക്കു പുറത്ത് 53109 ലിററും-പാൽ വിററഴിക്കുന്നു.

പഞ്ചായത്തിലെ പാലിൻെറ ആവശ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ ചെറിയ ഒരളവു മാത്രമെ ഈ സംഘത്തിൻെറ പരിധിയിൽ ചിലവായി പോവുന്നുള്ളു. ഈ സഹകരണ സംഘം വഴി D R D A Scheme അനുസരിച്ച് കന്നുകുട്ടികളെ വിതരണം ചെയ്തു വരുന്നുണ്ട്. പാലുല്പന്നങ്ങളുടെ നിർമ്മാണം ചെറിയ തോതിൽ നടന്നു വരുന്നുണ്ട്. കൂടാതെ ടീപാർട്ടി പലഹാരങ്ങളുടെ നിർമ്മാണവും ഇതിനു കീഴിൽ നടക്കുന്നുണ്ട്. ഈ സംഘത്തിൻെറ പ്രവർത്തനപരിധിയിൽ 6, 7 വാർഡുകൾ മാത്രമേ ഉൾപ്പെടുന്നുള്ളു എന്നത് ഇതിൻെറ പോരായ്മയാണ്.

### 2. ജയ്ഹിന്ദ് പവർലൂം. R: 252

IRDP മുഖേന 80 പേരുടെ വായ്പയായി 730000 രൂപ സ്വരൂപിച്ചു.

48 സ്പിന്നിംഗ് യന്ത്രങ്ങളും 4 ഡ്രോബ്സും നിലവിലുണ്ട്. എന്നാൽ 24 എണ്ണം പ്രവർത്തിക്കുന്നു. ഒരു ഏക്കർ സ്ഥലവും അതിൽ ഒരു കെട്ടിടവും ഉണ്ട്. ഏറെ വികസന സാധ്യതകൾ ഉള്ള ഈ സ്ഥാപനത്തിൻെറ പ്രവർത്തനങ്ങൾ വിപുലീകരിയ്ക്കാവുന്നതാണ്.

### 3. മണലൂർ സഹകരണ ആശുപത്രി രജി. നമ്പർ. 330

അന്തിക്കാട്, മണലൂർ, വാടാനപ്പിള്ളി, വെങ്കിടങ്ങ് അരിമ്പൂർ എന്നീ പഞ്ചായത്തുകൾ ഉൾപെടുന്നതാണ് പ്രവർത്തന പരിധി.

ഇന്ന് വാടക കെട്ടിടത്തിൽ ആശുപത്രി പ്രവർത്തിക്കുന്നു. 8 ബെഡ് ആണ് ഉള്ളത്.

രണ്ടു ഡോക്ടർമാരുടെ ചികിത്സ ലഭ്യമാണ്. അടുത്തകാലത്തായി ഈ ആശുപത്രി വിപുലീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

മണലൂരിലെ ചികിത്സാ ആവശ്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കാനുള്ള ആശുപത്രി വികസിപ്പിച്ച് ഉപയോഗപ്പെടുത്താവുന്നതാണ്.

ഇതിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയാണ് ആദ്യം വേണ്ടത്.

### 4. ചകിരി തൊഴിലാളി സഹകരണ സംഘം മണലൂർ

1957 ൽ ആരംഭിച്ച ഈ സഹകരണ സംഘത്തിൽ അംഗങ്ങൾ ഉണ്ട്. 40 തൊഴിലാളികൾ തൊഴിൽ ചെയ്യുന്നു.

വിജയകരമായ പ്രവർത്തനങ്ങൾ സഹകരണരംഗത്ത് ഉണ്ടായപ്പോൾ തന്നെ ഒരുപാട് സഹകരണ സംഘങ്ങളും തകർച്ചക്കും നമ്മൾ സാക്ഷ്യം വഹിച്ചു.

കണ്ടശ്ശാംകടവ് കേന്ദ്രീകരിച്ചുണ്ടായിരുന്ന ചകിരി സംഘങ്ങൾ, കാരമുക്ക് കളിമൺ പാത്ര വ്യവസായ സഹകരണ സംഘം, തീപ്പെട്ടി നിർമ്മാണ സംഘം, ഇറിഗേഷൻ കോ-ഓപ്പറേറീവ് സഹകരണ സംഘം, എന്നിവ ഒരു പ്രത്യേക കാലഘട്ടത്തിൽ ഉയർന്നു വരികയും പിന്നീട് തകർന്നു പോയതായും കാണുന്നു.

## പ്രശ്നങ്ങൾ

മൊത്തം ജനസംഖ്യയിൽ 40% അംഗത്വം നേടിയിട്ടുണ്ട് എങ്കിലും ഇതിൻെറ 30% പേർ മാത്രമെ ഇടപാടുകാരായി കാണുന്നുള്ളു.

സഹകരണ പ്രസ്ഥാനം ജനങ്ങളുടേതാണ് എന്ന അവബോധം വികസിച്ചു കാണുന്നില്ല.

2. വായ്പ സഹകരണ സംഘങ്ങളുടെ വർദ്ധിച്ച പലിശ നിരക്ക്

3. ഡപ്പോസിററുകൾ വേണ്ടത്ര സ്വരൂപിയ്ക്കാൻ കഴിയുന്നില്ല. ഈ പഞ്ചായത്തിലെ മൊത്തം ഡിപ്പോസിററിൻെറ 50% പോലും സ്വരൂപിയ്ക്കാൻ കഴിയുന്നില്ല.

4. വിദേശത്ത് ജോലി ചെയ്യുന്നവർ മുഖേന ഡപ്പോസിററ് സ്വീകരിയ്ക്കാൻ നിയമ തടസ്സം.

5. ഗുണഭോക്താക്കൾ വായ്പ ശരിയായി തിരിച്ചടക്കുന്നില്ല.

6. ആധുനിക മാനേജമെൻറ് സംവിധാനങ്ങൾ സഹകരണ മേഖലയിൽ ഉപയോഗപ്പെടുത്തി കാണുന്നില്ല.

7. സഹകരണ ബാങ്കുകൾ ശരിയായ അർത്ഥത്തിൽ സ്വയം പര്യാപ്തമല്ല. മററു ദേശസൽകൃത, ബാങ്കുകളു മായി പലിശനിരക്കിൽ മത്സരിക്കാൻ കഴിയുന്നില്ല.

8. കാർഷിക വായ്പ പൂർണ്ണമായി നിറവേററാൻ കഴി യുന്നില്ല. ഉള്ള സാധ്യതകൾ അംഗങ്ങൾ അറിയുന്നു മില്ല.

9. ഉല്പാദന മേഖലയിൽ സംഘങ്ങൾ

(a) മാനേജ്മെൻറ് കാര്യക്ഷമമല്ല.

(b) ഉള്ള സംവിധാനം ആധുനീകരിച്ചിട്ടില്ല.

(c) അംഗങ്ങളുടെ പങ്കാളിത്തം കുറവ്

(d) സാമ്പത്തികമായി ബുദ്ധിമുട്ട്

## സാധ്യതകൾ

1. ജലസേചനം, വിത്ത്, വളം, കീടനാശിനി, കാർഷി ക ഉപകരണങ്ങൾ വാങ്ങുക എന്നിവയ്ക്കു സഹകരണ ബാങ്ക് മുഖേന ഹ്യസ്വകാല വായ്പ ചുരുങ്ങിയ പലി ശയ്ക്ക് ലഭ്യമാണ്. നമ്മുടെ കാർഷിക മേഖലയിൽ ഇത് ഫലപ്രദമായി ഉപയോഗിയ്ക്കാവുന്നതാണ്.

2. NABARD മുഖേന നടപ്പാക്കിയിട്ടുള്ള കന്നുകാലി വികസനം, മൃഗ സംരക്ഷണം, തൊഴിൽ വികസനം മത്സ്യ കൃഷി തുടങ്ങിയ പദ്ധതികൾക്കായി ചുരുങ്ങിയ പലിശ ക്ക് പണം കടമായി സർവ്വീസ് കോപ്പറേററീവ് ബാങ്കുകൾ മുഖേന നല്കുന്നുണ്ട്. ഇത് പഞ്ചായത്തിൻെറ ഉല്പാ ദന മേഖലയിലേക്ക് ഫലപ്രദമായി തിരിച്ചു വിടണം.

3. പൊതു വിതരണ സംരംഭം സഹകരണ സംഘങ്ങൾ മുഖേന ഫലപ്രദമായി നടപ്പാക്കണം. ഇന്നത്തെ സർ ക്കാർ മാവേലി സ്റേറാറുകൾ സഹകരണ സംഘങ്ങൾ മുഖേന വേണം. ഇതുവഴി പൊതുവിപണിയിൽ ഉള്ള അന്യായമായ വിലവർദ്ധനവിനെ ചെറുക്കാൻ കഴിയും.

4. പഞ്ചായത്തിൽ പച്ചക്കറി കൃഷി തുടങ്ങിയ പ്രവർ ത്തനങ്ങൾ സജീവമായാൽ ഇവരുടെ ഉല്പന്നങ്ങൾ നമ്മുടെ രണ്ടു ക്രെഡിററ് സംഘങ്ങൾക്ക് നിശ്ചിത വി ലക്ക് വാങ്ങാനും, വിററഴിക്കാനുള്ള സാധ്യതയും നമ്മു ടെ പഞ്ചായത്തിൽ ഉണ്ട്.

5. മരുന്നുകൾ, നിത്യോപയോഗസാധനങ്ങൾ, കൺ സ്യൂമർ വസ്തുക്കളുടെ വിപണനത്തിൽ സംഘങ്ങൾക്ക് ഇടപെടാം. നമ്മുടെ സ്ക്കൂൾ കുട്ടികൾക്കാവശ്യമായ ബാഗ്, വസ്ത്രം, പുസ്തകം, കുടകൾ തുടങ്ങിയവ സീ സൻ അടിസ്ഥാനത്തിൽ സംഘങ്ങൾ മുഖേന വിപണനം നടത്താം. ഇതുവഴി ഇത്തരം വസ്ഥുക്കളുടെ ഉല്പാദന യൂണിററുകൾ നാട്ടിൽ വികസിപ്പിച്ചെടുക്കാം. ഇത്തരം വസ്തുക്കളുടെ വിപണനത്തിൽ ഇടത്തരക്കാർ 50% അധികം ലാഭം എടുക്കുന്നുണ്ട്. ഇത് ഒഴിവാക്കപ്പെടാവു ന്നതാണ്.

6. നമ്മുടെ കാരമുക്ക് സർവ്വീസ് സഹകരണ ബാങ്ക് സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കൂടു തൽ കെട്ടുപാടുകൾ ഇല്ലാതെ സ്വയം തൊഴിൽ സംരം ഭകർക്ക് ഈ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി ഉപ യോഗപ്പെടുത്താവുന്നതാണ്.

7. നമ്മുടെ തൊഴിൽ അന്വേഷകർക്ക് കൂടുതൽ കാ ര്യക്ഷമമായി തൊഴിൽ പരിശീലനം സംഘടിപ്പിക്കുന്നതി ന് സഹകരണ സ്ഥാപനങ്ങൾക്ക് കഴിയും.

8. മണലൂർ സർവ്വീസ് ബാങ്കിൻെറ ഒരു ശാഖ കാ ഞ്ഞാണിയിലും, കാരമുക്ക് സർവ്വീസ് ബാങ്കിൻെറ ഒരു ശാഖ പാലാഴിയിലും സ്ഥാപിക്കണം.

9. പഞ്ചായത്തിൽ വോട്ടാവകാശമുള്ള എല്ലാവരെയും സഹകരണ സംഘങ്ങളിൽ അംഗങ്ങളായി ചേർക്കുക. ഇതുവഴി സംഘങ്ങളുടെ പ്രവർത്തന മൂലധനം വർദ്ധി പ്പിക്കാനാവും.

10. വായ്പ തിരിച്ചടക്കുന്നതിനും വായ്പക്കാരനിൽ നിന്നും പണം പിരിക്കുന്നതിനും ആളെ നിശ്ചയിക്കുക.

11. ക്ഷീരോല്പാദന സഹകരണ സംഘത്തിൽ കാ ലത്തീററ നിർമ്മാണത്തിന് ഏർപ്പാടുണ്ടാക്കുക. ക്ഷീ രോല്പാദകർക്ക് മാടുകളെ വാങ്ങുന്നതിന് സംഘം മു ഖേന സാമ്പത്തിക സഹായം കൊടുക്കുക.

12. കാർഷിക ഉല്പന്നങ്ങളായ നെല്ല്, നാളികേരം എന്നിവ സംഭരിച്ച് ഒരു നാളികേര സംസ്കരണ യൂണി ററും. അരി ഉല്പാദന യൂണിററും ആരംഭിക്കുക.

13. പട്ടിക ജാതി സഹകരണ സംഘം പുനർ സ്ഥാപി ക്കുക. ഇതുവഴി പട്ടിക ജാതിക്കാരുടെ ഉന്നമനത്തിന് പ്രത്യേക പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

14. പഞ്ചായത്തിനു തനതായി ഒരു ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കണം.

15. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കേ ണ്ടതാണ്. സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പി ക്കുന്നതിന് നേതൃത്വം കൊടുക്കണം.

16. വിവിധ പ്രദേശങ്ങളിൽ ഉള്ള പഞ്ചായത്ത് കുള ങ്ങളിൽ മത്സ്യം വളർത്തുന്നതിന്, മത്സ്യതൊഴിലാളികളു ടെ സഹകരണ സംഘം രൂപീകരിക്കുക.

17. സഹകരണ മേഖലയിൽ ഒരു പ്രിൻറിംഗ് പ്രസ്സ് ആരംഭിക്കേണ്ടതാണ്. ആധുനിക സൗകര്യങ്ങൾ ഉൾ ക്കൊണ്ടു കൊണ്ടായിരിക്കണം ഇതു പ്രവർത്തിക്കേ ണ്ടത്.

18. പരമ്പരാഗത കൈവേലക്കാരുടെ സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

# സഹകരണബാങ്കുകളുടെ സ്ഥിതി വിവരകണക്കുകൾ

| സംഘത്തിൻെറ പേര് | ആരംഭ ദിവസം | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | ജീവനക്കാരുടെ എണ്ണം | പ്രവർത്തനങ്ങൾ | നല്കുന്ന വായ്പകൾ | വായ്പകളുടെ തുക | സംഘം വാങ്ങിയ വായ്പകൾ | എസ്ററാബ്ലിഷ്മെൻറ് കണ്ടിഞ്ചൻസി |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1. കാരമുക്ക് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 16 | 24-3-1091 M.E. | 9280 | 1508591 | 13 | ഡെപ്പോസിററ് സ്വീകരിക്കൽ, വായ്പകൾ നല്കൽ | ഹൃസ്വകാല വായ്പ<br>ദീർഘകാല വായ്പ<br>പണ്ടം പണയം<br>സാധാരണ വായ്പ<br>പലവക<br>I R D P<br>വീടു വായ്പ<br>സ്വയം തൊഴിൽ<br>ഓടു മേയൽ<br>കക്കൂസു നിർമ്മാണം | 210280<br>162379<br>2834800<br>17198244<br>5919282<br>24849<br>3866<br>219552<br>8866<br>796 | 86438 | 1185613 |
| 2. മണലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 31 | 12-4-1092 M. E. | 5490 | 695539 | 5 | ഡെപ്പോസിററ് സ്വീകരിക്കൽ, വായ്പകൾ നല്കൽ | S T<br>M T<br>L T<br>സാധാരണ<br>പണ്ടം പണയം<br>I R D P<br>Deposit loan<br>ബിസിനസ്സ് | 74309<br>71116<br>47249<br>3530360<br>906973<br>144380<br>4611295<br>681536 | | |

# പട്ടികജാതി

1991 - കാനേഷുമാരി കണക്കനുസരിച്ച് 3852

പട്ടികജാതിക്കാർ മണലൂർ ഗ്രാമപഞ്ചായത്തിൽ ഉണ്ട് പട്ടിക വർഗ്ഗക്കാരില്ല.

2889 പുരുഷന്മാരും 1963 സ്ത്രീകളുമാണ്.

പറയൻ, പുലയൻ, കണക്കൻ, വേട്ടുവ, പാണൻ, മണ്ണാൻ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഇവരുടെ ജീവിത നിലവാരം വേണ്ടത്ര വളർന്നു എന്ന് കരുതാനാവില്ല. എന്നാൽ മണ്ണാൻ പാണൻ സമുദായക്കാർ താരതമേന്യ കൂടുതൽ ഉയർന്ന ജീവിത നിലവാരം നയിക്കുന്നതായികാണുന്നു.

ഈ സമൂഹത്തിൻെറ വളർച്ചയ്ക്കായി സർക്കാരിൻെറ നിരവധി പദ്ധതികൾ കാലങ്ങളായി നടപ്പാക്കിയിട്ടുണ്ട്. ഇവയൊന്നും ഫലം കണ്ടതായി കണുന്നില്ല.

മണലൂർ പഞ്ചായത്തിൽ പട്ടികജാതി ക്ഷേമ പ്രവർത്തനത്തിനായി കഴിഞ്ഞ 5 വർഷങ്ങളിൽ 6 ലക്ഷം രൂപ ചിലവു ചെയ്തതായി കാണുന്നു.

683 പട്ടികജാതി കുടുംബങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. പഞ്ചായത്തിലെ ഭൂരിഭാഗം പട്ടികജാതി കുടുംബങ്ങളും കൂട്ടമായി താമസിക്കുന്നു. പഞ്ചായത്തിൽ പട്ടികജാതിക്കാർ പാർക്കുന്ന ഒരു അംഗീകൃത കോളനിയും 18 സെററിൽമെൻറ് കോളനികളും ഉണ്ട് കേളനികളിൽ ഇന്നും അടിസ്ഥാന ജീവിത സൗകര്യങ്ങൾ മെച്ചപ്പെട്ടിട്ടില്ല. ചില കോളനികൾ ഗതാഗത സൗകര്യം ഉള്ളവയാണ്. കരിക്കൊടി കോളനി പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഉപാധിരഹിതഫണ്ട് ഉപയോഗിച്ച് 85 വീടുകളും, ബ്ലോക്കു മുഖേന കുറച്ചു വീടുകളും വൈദ്യുദീകരിച്ചിട്ടുണ്ട്. I R D P സർവ്വേയിൽ 283 പട്ടികജാതി കുടുംബക്കാർ ഉൾപ്പെടുന്നു. ഇവർക്കെല്ലാവർക്കും സാമ്പത്തിക സഹായം വിവിധ പദ്ധതികൾ മുഖേന ലഭിച്ചിട്ടുണ്ട്. എന്നാൽ ആരും തന്നെ ദാരിദ്ര രേഖക്കു മുകളിൽ എത്തിയിട്ടില്ല. വിദ്യാലയങ്ങളിൽ പോകുന്നതിന് ദൂരക്കൂടുതലില്ല. എന്നാൽ വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ ശ്രദ്ധാപൂർവ്വമായ പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്. ലംസം ഗ്രാൻറും സ്റ്റൈപ്പൻെറും കൊണ്ട് പട്ടിക ജാതിക്കാരുടെ മക്കൾ വിദ്യാഭ്യാസം നേടും എന്ന് കരുതുന്നത് വസ്തുതാവിരുദ്ധമാണ്. നിലവിലുള്ള സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾ ജീവിത നിലവാരത്തേയും, ബൗദ്ധിക വളർച്ചയേയും സ്വാധീനിക്കുന്നുണ്ട്. സമൂഹത്തിലെ ഇതരവിഭാഗങ്ങളോടൊപ്പം വളർന്നെത്തുവാൻ അവർക്ക് ഇനിയും കഴിഞ്ഞിട്ടില്ല. പട്ടിക ജാതിക്കാരിൽ അധികവും ദിവസക്കൂലിക്കാരാണ് കൃഷി, കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയിൽ കൂടുതൽ പേരും ജോലി ചെയ്യുന്നു. സാമൂഹ്യ സാംസ്കാരിക രംഗത്ത് പട്ടിക ജാതിക്കാരുടെ സജീവ സാന്നിദ്ധ്യം ഈ പഞ്ചായത്തിൽ കുറവാണ്. രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥനാങ്ങളിൽ നേതൃസ്ഥാനം വഹിക്കുന്നവർ കുറവാണ്. സാമ്പത്തിക പിന്നോക്കാവസ്ഥ നിലനിൽക്കുന്നുണ്ടെങ്കിലും മുഖ്യധാരയിൽ നിന്നും ഈ വിഭാഗത്തെ അകററി നിറുത്തുന്ന പ്രവണത ഒരു രംഗത്തും ഇല്ല. പഞ്ചായത്തിലെ 12 വാർഡുകളിൽ ഒരു വാർഡ് പട്ടിക ജാതിക്കാർക്കായി സംവണം ചെയ്തിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. സ്വന്തമായി പാർപ്പിടമില്ലാത്ത 120 കുടുംബങ്ങൾ ഉണ്ട്.

2. വ്യത്യസ്ഥ ഏജൻസികൾ മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതി, തൊഴിൽ ദാന പദ്ധതി തുടങ്ങിയവ ഫലപ്രാ്തിയിലെത്തുന്നില്ല.

3. വിദ്യാഭ്യാസ നിലവാരക്കുറവുണ്ട്, നിരക്ഷരതാ നിരക്കും കൂടുതലാണ്.

4. 7.32 ശതമാനം പേർ മാത്രമെ S. S. L. C. ക്ക് മുകളിൽ വിദ്യാഭ്യാസം നേടിയിട്ടുള്ളു.

5. സർക്കാർ സർവ്വീസിൽ 6% പേർ മാത്രമെ വന്നിട്ടുള്ളു.

6. പട്ടിക ജാതിക്കാർക്കായി അനുവദിക്കുന്ന പല പദ്ധതികളും ഇവരുടെ പേരിൽ അനുവദിക്കുകയും ലഭിച്ചതിനുശേഷം. വില്ക്കുകയും ചെയ്യുന്ന രീതി നിലനില്ക്കുന്നുണ്ട്.

7. വ്യത്യസ്ഥ വികസന പദ്ധതികൾ മുഖേനയുള്ള സൗജന്യങ്ങൾ ഈ സമൂഹത്തിന് മൊത്തം ഒരു സത്വ പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നു.

8. സർക്കാർ ധനസഹായ പദ്ധതികൾ സമയാസമയങ്ങളിൽ ഈ വിഭാഗങ്ങൾ അറിയുന്നില്ല.

9. വൈദ്യുതി ലഭ്യമാകുന്നതിന് അന്യഭൂമിയിലൂടെ വൈദ്യുതി ലൈൻ കൊണ്ടുവരുന്നതിനുള്ള അനുമതി പ്രശ്നം ഇവിടെ നിലനിൽക്കുന്നു.



306

## സാദ്ധ്യതകൾ

1. കുട്ടികളെ നിർബന്ധമായും സ്കൂളിൽ അയക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ചെറുകിട കുടിൽ വ്യവസായങ്ങൾ സഹകരണ സംഘം മുഖേന നടപ്പിലാക്കാവുന്നതാണ്.

3. കാലി വളർത്തൽ, കൃഷി തുടങ്ങിയ മേഖലയിൽ ഈ വിഭാഗത്തെ കൂടുതൽ ഉൾകൊള്ളിക്കാവുന്നതാണ്.

4. പഞ്ചായത്തിൽ ഉണ്ടായിരുന്ന ഹരിജൻ സർവ്വീസ് സഹകരണസംഘം പുനർജീവിപ്പിയ്ക്കാവുന്നതാണ് ഇതു മുഖേന തൊഴിൽ സൗകര്യങ്ങൾ പുനരാരംഭിക്കാം.

5. പഞ്ചായത്തിൽ 3-ാം വാർഡിൽ നിലവിലുള്ള ആഗ്രോ സർവ്വീസ് സെൻററിൻെറ പ്രവർത്തനങ്ങൾ സജീവമാക്കാവുന്നതാണ്.

6. പഞ്ചായത്തിൻെറ നേതൃത്വത്തിൽ തന്നെ ഈ വിഭാഗത്തിലെ യുവതലമുറക്ക് മത്സര പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനുള്ള കോച്ചിംഗ് ക്ലാസുകൾ ആരംഭിക്കേണ്ടതാണ്.

7. IRDP ഗുണഭോക്താക്കളുടെ ഉല്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്ത് നേതൃത്വം കൊടുത്തുകൊണ്ട് സംവിധാനങ്ങൾ വേണം.

### മണലൂർ പഞ്ചായത്തിലെ സെററിൽമെൻറ് ഹരിജൻ കോളനികൾ

| നമ്പർ | പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | പാലാഴി 4 സെൻറ് | 8 |
| 2 | മണലൂർ വെസ്ററ് O L H | 7 |
| 3 | കാഞ്ഞാണി വെസ്ററ് | 1 |
| 4 | കാരമുക്ക് വന്നേരി അകായി | 12 |
| 5 | തിണ്ടാററ് | 3 |
| 6 | അയ്യപ്പൻകാവ് ഈസ്ററ് | 3 |
| 7 | അയ്യപ്പൻകാവ് മണലൂർ വെസ്ററ് | 5 |
| 8 | ഏരി | 7 |
| 9 | ഇന്ദിരാനഗർ മണലൂർ | 5 |
| 10 | കല്ലേലി മന | 5 |
| 11 | കാഞ്ഞാണി കനാൽ വെസ്ററ് | 1 |
| 12 | കാരമുക്ക് 4 സെൻറ് | 12 |
| 13 | കരിക്കൊടി I H D P | 11 |
| 14 | മണലൂർ പള്ളി | 3 |
| 15 | മങ്കോർമന കാഞ്ഞാണി | 7 |
| 16 | പാലാഴി 4 സെൻറ് | 8 |
| 17 | പുത്തൻ കുളം, കാഞ്ഞാണി | 2 |
| 18 | S. S. T. റോഡ് കാഞ്ഞാണി | 2 |
| 19 | വെള്ളംതടം കാഞ്ഞാണി | 3 |

ടെ പഞ്ചായത്തിൻെറ ചെലവുകളിലേക്ക് ഒരെത്തിനോട്ടം നടത്താം.

# വിഭവ സമാഹരണം

നമ്മുടെ ദൈനംദിന സാമ്പത്തിക പ്രവർത്തനങ്ങളിൽ വിഭവ സമാഹരണത്തിന് വളരെ നിർണ്ണായകമായ ഒരു സ്ഥാനമാണുള്ളത്. വിഭവ സമാഹരണം എന്ന വാക്ക് വളരെ വ്യാപകമായ അർത്ഥത്തിലും, ഹ്യസ്വമായ അർത്ഥത്തിലും, പ്രയോഗിക്കാം. വിപുലമായ അർത്ഥത്തിൽ വിഭവസമാഹരണം എന്നത് ഒരു സമൂഹത്തിലെ മൊത്തം വിഭവങ്ങളായ പ്രകൃതി, മനുഷ്യൻ, അസംസ്കൃത സാധനങ്ങൾ, ധനം ഇവയുടെയെല്ലാം സമാഹരണമാണ്. ഹ്യസ്വമായ അർത്ഥത്തിൽ പ്രധാനമായും ധനവിഭവങ്ങൾ ആണ് നാം ഉദ്ദേശിക്കുന്നത്.

ഒരു സമൂഹത്തിലെ വിഭവസമാഹരണത്തെപ്പററിയുള്ള പരിപ്രേക്ഷ്യം പ്രധാനമായും രണ്ടു കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. അവയാണ് ആ സമൂഹത്തിലെ വരവു ചെലവുകൾ. ഈ വരവു ചെലവു കണക്കുകൾ വിഭവ സമാഹരണത്തിലെന്നപോലെ തന്നെ ഒരു സമൂഹത്തിലെ ചില സാമ്പത്തികവും, സാമ്പത്തികേതരവുമായ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും സാധിക്കും.

മേൽപറഞ്ഞ പശ്ചാത്തലത്തിൽ ഒരു സ്പെഷൽ ഗ്രേഡ് പഞ്ചായത്തായ മണലൂരിലെ വിഭസമാഹരണരംഗത്തേക്ക് നമുക്കൊന്ന് എത്തി നോക്കാം.

## പഞ്ചായത്തിൻെറ വരവുകൾ

1995-96 സാമ്പത്തിക വർഷത്തിലെ വരവു സംബന്ധമായ വിവരങ്ങൾ പട്ടിക - 1 ൽ കൊടുത്തിരിക്കുന്നു. മണലൂർ ഗ്രാമപഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദനികുതികൾ, ഗ്രാൻറുകൾ, എന്നിവയാണ്. ഇവയിൽ ഏററവും പ്രധാനം വിനോദനികുതിയാണ്.

അടുത്തകാലത്തായി നികുതി പിരിക്കുന്നതിൽ ഭരണ സമിതി അധികൃതർ നടത്തുന്ന ശ്രമങ്ങൾ കാര്യമായ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട് എന്നു കാണാം. ഈ രീതി നാം തുടർന്നാൽ ഇന്ന് അനുഭവപ്പെടുന്ന നികുതി ചോർച്ച ഒരു പരിധി വരെ ഒഴിവാക്കുവാനും നികുതി പിരിവ് ചുരുങ്ങിയത് 30 ശതമാനം വരെ വർദ്ധിപ്പിക്കാനാകുമെന്നുമാണ് ഞങ്ങൾ കരുതുന്നത്. അടുത്തതായി നമ്മുടെ പഞ്ചായത്തിൻെറ ചെലവുകളിലേക്ക് ഒരെത്തിനോട്ടം നടത്താം.

## ചെലവുകൾ

1995-96 സാമ്പത്തിക വർഷത്തിലെ പഞ്ചായത്തിൻെറ ചെലവു സംബന്ധിച്ച വിവരങ്ങൾ പട്ടിക - 2 ൽ കൊടുക്കുന്നു.

ഈയവസരത്തിൽ ഒരു കാര്യം ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടത് ഇതാണ്. അതായത് ജെ. ആർ. വൈ, ഉപാധിരഹിത ഫണ്ട്, മുതലായവ വിനിയോഗിച്ചത് പൊതുമരാമത്തു പണികൾക്കാണ് എന്നതാണ്. 36 ശതമാനമാണ് പൊതുമരാമത്തിനായി പഞ്ചായത്ത് ചെലവഴിച്ചത്. പൊതുമരാമത്തിൽ തന്നെ സിംഹഭാഗവും (അതായത് 90 ശതമാനം) റോഡു നിർമ്മിക്കാനും, പുതുക്കി പണിയുവാനും മററുമാണ് വിനിയോഗിച്ചത്. മററു സ്ഥലങ്ങളിൽ എന്ന പോലെ ഇവിടെയും വികസനമെന്നത് റോഡു പണിയാണ് എന്ന ധാരണയാണ് കഴിഞ്ഞകാല പഞ്ചായത്തു പ്രവർത്തനത്തിൽ മുന്നിൽ നില്ക്കുന്നത്. കൂടാതെ ജെ. ആർ. വൈ. പദ്ധതി അനുശാസിക്കുന്നതുപോലെ പട്ടിക ജാതി, പട്ടിക വർഗ്ഗത്തിന് വീടുവെയ്ക്കാനായി നീക്കിവെച്ച പണം മുഴുവനായും വിനിയോഗിച്ചതായി കാണുന്നില്ല. ഇതിൻെറ കാരണങ്ങളെപ്പററി നാം ഗൗരവമായി ആരായേണ്ടതായിട്ടുണ്ട്.

മേൽപറഞ്ഞ പട്ടികകളിൽ നിന്നും വ്യക്തമാകുന്ന ഒരു കാര്യം കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വരവു ചെലവു വർദ്ധനാനിരക്കുകൾ താരതമ്യം ചെയ്താൽ ചെലവു വർദ്ധനാനിരക്കായിരുന്നു കൂടുതൽ എന്നു കാണാം.

പഞ്ചായത്തിൻെറ വിവിധ നികുതി സ്രോതസുകളാണ് പട്ടിക 5 A, B, C, D, E യിൽ നിന്നും നമുക്ക് കാണുവാൻ സാധിക്കുക. പ്രസ്തുത പട്ടികകളിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത് കെട്ടിട നികുതിയുടെ വാർഷികവരുമാനം വർദ്ധിച്ചു വരുന്നതായിട്ടാണ്. ഇതിനൊരു പ്രധാന കാരണം 1993-94 ലെ കെട്ടിട നികുതി പുനർനിർണ്ണയമാണ്. മൊത്തം പ്ലിന്ത് ഏരിയാ അടിസ്ഥാനത്തിലാണ് കെട്ടിട നികുതി പുനർ നിർണ്ണയം നടത്തിയിരിക്കുന്നത്. തൽഫലമായി കെട്ടിട നികുതിയിൽ നിന്നും പഞ്ചായത്തിനുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ സാധിക്കുകയും ചെയ്തു. ഈ രീതിയിലുള്ള കെട്ടിട നികുതി പുനർ നിർണ്ണയം മുഖേന കേരളത്തിലെ മററു പഞ്ചായത്തുകൾക്കും നികുതി വർദ്ധിപ്പിക്കുവാനും ഈ രംഗത്ത് നടമാടുന്ന അഴിമതി കു

റെയെങ്കിലും കുറയ്ക്കുവാനും സാധിക്കും. താഴെ കാണിക്കുന്ന പട്ടികയിൽ നിലവിലുള്ള കെട്ടിട നികുതി പുനിർ നിർണ്ണയം നല്കിയിരിക്കുന്നു.

1994-95 ൽ തൊഴിൽ നികുതിയും പുനർനിർണ്ണയം ചെയ്തതിനാൽ അവയിൽ നിന്നും വരുമാനം കൂടിയതായി കാണാം. പട്ടിക 5 (C) യിൽ കാണുന്നതുപോലെ വിനോദ നികുതിയിൽ ഗണ്യമായ വളർച്ചാ നിരക്കുണ്ട്. കാര്യമായി ശ്രദ്ധിച്ചാൽ ഈ മേഖലയിൽ ഇനിയും വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും എന്നു തോന്നുന്നു. പട്ടിക 5 D യിൽ നല്കിയിരിക്കുന്നത് വസ്തു കൈമാററ നികുതിയാണ്. വസ്തു കൈമാററ നികുതിയിലും കാര്യമായ വർദ്ധനവാണ് പ്രകടമാകുന്നത്. പട്ടിക 5 E യിൽ നല്കിയിരിക്കുന്നത് ഗ്രാൻറുകളാണ്. ഗ്രാൻറുകളെ സംബന്ധിച്ച് 1993-94 ഒഴികെയുള്ള വർഷങ്ങളിൽ നല്ല വർദ്ധനവ് കാണിക്കുന്നുണ്ട്.

മണലൂർ പഞ്ചായത്തിൻെറ വരവു ചെലവുകൾ നാം താരതമ്യപ്പെടുത്തുമ്പോൾ മനസ്സിലാവുന്ന കാര്യം ഇതാണ്. അതായത് പൊതുവായി എല്ലാ മേഖലകളിലും ചെലവുകൾ വർദ്ധിക്കുന്നു. ചെലവു വർദ്ധനാനിരക്ക് വരവിൻെറ വർദ്ധനാനിരക്കിനേക്കാൾ കൂടുതലാണ്. ഇതു നാം ഗൗരവത്തോടുകൂടി കാണേണ്ടിയിരിക്കുന്നു. ഇതിൻെറ ഒരു നല്ല വശവും നാം കാണേണ്ടിയിരിക്കുന്നു. അതായത് ഇന്ന് ഉയർന്നു വരുന്ന പുതിയ ഒരു അവബോധത്തിൻെറ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തു പ്രവർത്തനത്തിന് ഒരു പുതിയ ദിശാബോധവും കൈവന്നിരിക്കുകയാണ്.

അടുത്തതായി നമുക്ക് മണലൂർ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളെപ്പററി ഒന്നു നോക്കാം. നമ്മുടെ പഞ്ചായത്തിൽ രണ്ടു പരസ്പര സഹകരണ ബാങ്കുകളും ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ശാഖയും പ്രവർത്തിക്കുന്നു. ഇവയുടെ ഡെപ്പോസിററ്, വായ്പാ വിതരണം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 7 ൽ കാണാം.

പ്രസ്തുത പട്ടിക കാണിക്കുന്നതുപോലെ സഹകരണ ബാങ്കുകൾ ശരാശരി 7 കോടി രൂപ ഡെപ്പോസിററായി സ്വീകരിക്കുമ്പോൾ വായ്പ നല്കുന്നത് ശരാശരി 3 കോടി രൂപയാണ്. അതായത് നിക്ഷേപ വായ്പാ അനുപാതം 40 ശതമാനം. നിക്ഷേപത്തിൽ പ്രതിവർഷം 21 ശതമാനം വർദ്ധനവ് കാണിക്കുമ്പോൾ വായ്പയുടെ ശതമാനം വെറും 18 മാത്രമാണ്. കൊടുക്കുന്ന വായ്പ തന്നെ സേവന മേഖലയിലേക്കാണ് കൂടുതലും പോകുന്നത്. ചുരുക്കത്തിൽ നമ്മുടെ സാമ്പത്തിക രംഗത്തെ ഏററവും നിർണ്ണായക മേഖലകളായ കാർഷിക വ്യാവസായിക രംഗത്തിന് കാര്യമായ ഒരു പ്രാധാന്യവും കല്പിക്കുന്നില്ലായെന്നതാണ് സ്ഥിതി. ഈ സ്ഥിതിവിശേഷം നാം ഗൗരവത്തോടുകൂടി കാണേണ്ടതും, ആഴത്തിൽ പഠിക്കേണ്ടതുമാണ്. 25 ശതമാനം പണം fluid reserve ആയി സൂക്ഷിക്കുന്നു. സഹകരണ മേഖലയെപ്പററി പറയാവുന്ന ഏററവും നല്ല ഒരു കാര്യം ബാങ്ക് നല്കുന്ന വായ്പ സഹകരണ ബാങ്ക് അംഗങ്ങൾക്ക്, ബാങ്കിൻെറ പ്രവർത്തന പരിധിയിൽ ലഭിക്കുന്നുണ്ട് എന്നതാണ്.

ഈ പഞ്ചായത്തിൽ 7 ഷെഡ്യൂൾഡ് ബാങ്കുകൾ ( ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെ) പ്രവർത്തിക്കുന്നുണ്ട്. ഇവ

(1) കാത്തലിക് സിറിയൻ ബാങ്ക്, മണലൂർ
(2) കാത്തലിക് സിറിയൻ ബാങ്ക്, കണ്ടശ്ശാങ്കടവ്
(3) സൗത്ത് ഇൻഡ്യൻ ബാങ്ക്, കാഞ്ഞാണി
(4) സൗത്ത് ഇൻഡ്യൻ ബാങ്ക്, കാഞ്ഞാണി
(5) ധനലക്ഷ്മി ബാങ്ക്, കണ്ടശ്ശാങ്കടവ്
(6) ബാങ്ക് ഓഫ് ഇൻഡ്യ, കണ്ടശ്ശാങ്കടവ്
(7) കനറാ ബാങ്ക്, കണ്ടശ്ശാങ്കടവ്

ഇവയുടെ ഡെപ്പോസിററ്, വായ്പാ വിതരണം എന്നിവ പട്ടിക 8 ൽ ലഭ്യമാണ്. ഈ മൊത്തം 7 ബാങ്കുകളും കൂടി എടുക്കുകയാണെങ്കിൽ നിക്ഷേപത്തെപ്പററി ഒരു കാര്യം പറയാം. അതായത് ഈ 7 ബാങ്കുകളും 1991-92 മുതൽ 1995-96 വരെയുള്ള കാലയളവിൽ ഏകദേശം 14 കോടി രൂപ ഡെപ്പോസിററ് സ്വീകരിച്ചപ്പോൾ വായ്പ നല്കിയത് വെറും 5 കോടി രൂപയാണ്.

അതായത് നികേഷപ-വായ്പ അനുപാതം കേവലം 35 ശതമാനം മാത്രം! ഇതിൽ നിന്നും ഓരു കാര്യം വ്യക്തമാണ്. അതായത് ഈ പഞ്ചായത്തിൽ നിന്നും ഡെപ്പോസിററായി ശേഖരിക്കുന്ന മൊത്തം പണത്തിൻെറ 65 ശതമാനവും മററു സ്ഥലങ്ങളിലേക്ക് ചേക്കേറുന്നു. വേറൊരു പ്രധാന കാര്യം, ഈ ബാങ്കുകളുടെ പ്രതിവർഷ ഡെപ്പോസിററ് വളർച്ചാ നിരക്ക് 21 ശതമാനം വർദ്ധിക്കുമ്പോൾ വായ്പയിലുള്ള പ്രതിവർഷ വർദ്ധന 10 ശതമാനം മാത്രമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ സഹകരണ മേഖലയിലെയും, ഷെഡ്യൂൾഡ് ബാങ്കുകളുടെയും ഒരവലോകനമാണ് നാമിപ്പോൾ നടത്തിയത്. ഈയവസരത്തിൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന, എണ്ണത്തിൽ മുപ്പതോളം (30) വരുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങ



309

ളെക്കൂടി പരാമർശിക്കേണ്ടതുണ്ട്. ഇവയുടെ സാമ്പത്തിക ഇടപാടുകൾ തികച്ചും അനൗദ്യോഗികമായതിനാൽ ഇവയെക്കുറിച്ചുള്ള ഒരു സാമ്പത്തിക വിലയിരുത്തൽ ദുഷ്ക്കരമാണ്. ഇവയെക്കുറിച്ചുള്ള കൃത്യമായ വിവര ശേഖരണം അസാധ്യവുമാണ്. എന്നാൽ 30 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു വെന്നു പറഞ്ഞാൽ ഈ മേഖലയുടെ പ്രാധാന്യമാണതു സൂചിപ്പിക്കുന്നത്. ഇതിൽ 15 സ്ഥാപനങ്ങൾ 1990 നു ശേഷം ആരംഭിച്ചവയാണ്. 1926 ൽ ആരംഭിച്ച ഒരു സ്ഥാപനവും, 1950 ൽ ആരംഭിച്ച മററൊരു സ്ഥാപനവും ഇക്കൂട്ടത്തിൽ ഉണ്ട്. 13 സ്ഥാപനങ്ങൾ 1980 നും 1990 നം ഇടയിലാണ് ഉടലെടുത്തത്. ഇവയിൽ 90 ശതമാനം സ്ഥാപനങ്ങളും 6 മുതൽ 12 വരെ നമ്പർ കുറികൾ നടത്തുന്നു. ഇതിൽ നിന്നും ഈ സ്വകാര്യ സ്ഥാപനങ്ങൾ മുഖേന കൈകാര്യം ചെയ്യുന്ന പണം എത്ര അധികമാണ് എന്ന് കാണുവാൻ സാധിക്കും. ഇവയിൽ 80 ശതമാനം സ്ഥാപനങ്ങൾ സ്വർണ്ണ പണയം നടത്തുന്നവയും 50 ശതമാനം ഹയർ പർച്ചേസ് അടിസ്ഥാനത്തിൽ പണം കടം കൊടുക്കുന്നതുമാണ്. ഈ സ്ഥാപനങ്ങൾ സ്വർണ്ണം പണയത്തിന് 24 ശതമാനം പലിശവരെ ഈടാക്കുന്നതായാണ് അറിയുവാൻ കഴിഞ്ഞത്. ഹയർ പർച്ചേസിന് 35.4 ശതമാനം പലിശ നല്കണം. പ്രസ്തുത സ്ഥാപനങ്ങൾ കുറി, സ്വകാര്യ ഡെപ്പോസിററുകൾ മുഖേന സ്വരൂപിക്കുന്ന പണം 60-72 ശതമാനം വരെ പലിശനിരക്കിൽ വായ്പയായി നല്കുന്നു. നമ്മുടെ രാജ്യത്തു നടക്കുന്ന അനൗദ്യോഗികമായ പാരലൽ സമ്പദ് വ്യവസ്ഥയുടെ ഒരു ഉത്തമ ഉദാഹരണമാണ് മേൽപറഞ്ഞ സ്വകാര്യ ധനസ്ഥാപനങ്ങൾ. ഈ സ്ഥാപനങ്ങൾ ചെറുകിട കച്ചവടക്കാർ, വ്യക്തികൾ എന്നിവർക്ക് വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ ഒട്ടും കാലതാമസമില്ലാതെ പണം കടം കൊടുക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണെങ്കിലും ഇവയുടെ ക്രമാതീതമായ വളർച്ച നമ്മുടെ പഞ്ചായത്തിലെ കള്ളപ്പണത്തിൻെറയും, ദരിദ്ര വൽക്കരണത്തിൻെറയും, ഊഹക്കച്ചവട സംസ്ക്കാരത്തിലേക്ക് വിരൽ ചൂണ്ടുന്ന ഒന്നാണെന്നു തോന്നുന്നു. ഇവയെക്കുറിച്ച് വ്യക്തമായ കണക്കുകളും മററും ശേഖരിക്കുക അസാധ്യം തന്നെയാണ്. സമ്പദ് വ്യവസ്ഥയിൽ ഒരു "സമാന്തര സമ്പദ് വ്യവസ്ഥ തന്നെ കെട്ടിപ്പടുക്കുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ വളർച്ച തടയുവാൻ സഹകരണ പ്രസ്ഥാനം വികസിപ്പിക്കേണ്ടിയിരിക്കുന്നു. സഹകരണ സംഘങ്ങളിലെയും, ഷെഡ്യൂൾഡ് ബാങ്കുകളിലെയും വായ്പാ വിതരണം കുറെക്കൂടി ലളിതവൽക്കരിക്കുകയും വേഗത്തിലാക്കുകയും ചെയ്താൽ ഇവയുടെ ബാഹുല്യം ക്രമേണ ഇല്ലാതാക്കാൻ കഴിയും.

അടുത്തതായി വിഭവസമാഹരണ മേഖലയിൽ നമ്മുടെ പഞ്ചായത്തിലെ പോസ്ററോഫീസ് നിക്ഷേപത്തിൻെറ പങ്ക് എന്താണെന്ന് നോക്കാം. സാധാരണയായി ചെറിയ നിക്ഷേപങ്ങളാണല്ലോ ഇവയിൽ നിന്നും നാം പ്രതീക്ഷിക്കുക. എന്നാൽ രസകരമെന്നു പറയട്ടേ മണലൂർ പഞ്ചായത്തിലെ കാഞ്ഞാണി പോസ്ററോഫീസിന് നിക്ഷേപത്തിൽ നിന്നുമാത്രം 1995-96ൽ 33 ലക്ഷത്തി പതിനയ്യായിരം രൂപ ലഭിച്ചു (3315411)! ഇതിൽ 61 ശതമാനവും റിക്കറിംഗ് ഡെപ്പോസിററിലും, നാഷണൽ സേവിംഗ് സർട്ടിഫിക്കററിലുമായിരുന്നു. മററു പോസ്ററോഫീസ് സേവിംഗ് കണക്കുകൾ കൂടി ലഭിച്ചാൽ ഏകദേശം 5 കോടി രൂപയെങ്കിലും ഈ വിധത്തിൽ ഉള്ളതായി നമുക്ക് കണക്കാക്കുവാൻ കഴിയും. അടുത്തതായി മണലൂർ പഞ്ചായത്തിലെ 1995-96 ലേയും 1996-97 ലേയും 7 ഷെഡ്യൂൾഡ് ബാങ്കുകളുടെക്രെഡിററ് പ്ലാനിൻെറ അടിസ്ഥാനത്തിൽ ഞങ്ങൾ 1997-98 ലേക്കുള്ള ഒരു ക്രെഡിററ് പ്ലാനും അവതരിപ്പിക്കുന്നു. പട്ടിക 9 ൽ കാണിച്ചിരിക്കുന്നതുപോലെ മുൻഗണനാ മേഖലകളായ കൃഷി, വ്യവസായം, തുടങ്ങിയവക്ക് 1995-96 നെ അപേക്ഷിച്ച് 1996-97 ൽ 47 ശതമാനം വളർച്ചയാണ് ക്രെഡിററ് പ്ലാനിൽ കണ്ടത്. ഇതേ രീതിയിലുള്ള ഒരു വളർച്ചാനിരക്ക് 1997-98 ലും പ്രതീക്ഷിച്ചാൽ 4.78 കോടി രൂപ മുൻഗണനാ മേഖലയിൽ വായ്പ നല്കേണ്ടതായി വരും. എന്നാൽ നോൺ പ്രയോറിററി മേഖലയിൽ 1996-97 ൽ 1995-96 നെ അപേക്ഷിച്ച് ഒരു ചെറിയ കുറവാണ് കണ്ടത്. ആയതിനാൽ 1997-98 ൽ ഈ മേഖലയിൽ കാര്യമായ വ്യത്യാസം പ്രതീക്ഷിക്കുന്നില്ല.

മേൽപറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ നമ്മുടെ പഞ്ചായത്തിലെ വിഭവസമാഹരണം മുൻനിർത്തി ചില സാധ്യതകളും നിർദ്ദേശങ്ങളും നമുക്ക് സമർപ്പിക്കുവാൻ കഴിയും. അവ താഴെ അക്കമിട്ട് കൊടുക്കുന്നു.

1. നമ്മുടെ പഞ്ചായത്തിലെ സഹകരണബാങ്കുകൾ ഷെഡ്യൂൾഡ് ബാങ്കുകൾ എന്നിവ സമാഹരിക്കുന്ന ഡെപ്പോസിററുകൾ ഈ പ്രദേശത്തു തന്നെ വായ്പയായി വിനിയോഗിക്കാൻ കഴിയണം. ഇതിനായി പഞ്ചായത്തിൻെറ വാർഷിക പദ്ധതിയും, ബാങ്കുകളുടെ വായ്പാ പദ്ധതിയും കൂട്ടി യോജിപ്പിച്ച് സമഗ്രമായ ഒരു പദ്ധതി രൂപപ്പെടുത്തണം. ഇതിനായി ഒരു ക്രെഡിററ്



310

പ്ലാൻ (credit plan) തന്നെ തയ്യാറാക്കണം. വിവിധ മേഖലയിൽ ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങളെ പ്രായോഗികമായി നടപ്പിലാക്കുവാൻ ആവശ്യമായ ധനം പ്രസ്തുത ബാങ്കുകൾ ശേഖരിക്കണം. പഞ്ചായത്ത് തയ്യാറാക്കുന്ന ക്രെഡിററ് പ്ലാൻ ബാങ്കുകൾ അംഗീകരിക്കണം.

2. അനൗദ്യോഗിക ധനകാര്യ സ്ഥാപനങ്ങളുടെ വാർഷിക ഇടപാടുകൾ പഞ്ചായത്ത് പരിശോധിക്കുകയും ലാഭ ശതമാനം അനുസരിച്ച് നികുതികൾ ഈ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുകയും വേണം. ഈ സ്ഥാപനങ്ങളിൽ നിന്ന് നിർബന്ധമായും പ്രൊഫഷണൽ ടാക്സ് ഈടാക്കുകയും വേണം. ഈ നിലയിൽ പഞ്ചായത്തിന് നല്ല ഒരു വിഭവ സമാഹരണം നടത്താം.

3. ഗ്രാമസഭാ റിപ്പോർട്ടനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ നിന്നും ഗൾഫുനാടുകളിൽ 700 ലധികം പേർ ജോലിയെടുക്കുന്നുണ്ട്. ഇവർ നാട്ടിലേക്ക് അയക്കുന്ന പണം ഉല്പാദന മേഖലകളിലേക്ക് തിരിച്ചു വിടുന്നതിന് ബോധപ്പൂർവ്വമായ ശ്രമങ്ങൾ നടത്തണം. ഗ്രാമസഭാ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന പദ്ധതികളുടെ പ്രായോഗിക പ്രവർത്തനത്തിന് ഇവരുടെ നിക്ഷേപം ഉപയോഗപ്പെടുത്തുവാൻ ഗ്രാമ പഞ്ചായത്ത് നേതൃത്വം കൊടുക്കണം. ഈ മേഖലയിലെ പണം പ്രധാനമായും ഇന്നു ചെലവാക്കുന്നത് കെട്ടിടം പണിപോലെയുള്ള ഉല്പാദനേതര പ്രവർത്തനങ്ങൾക്കാണ്. ഈ സ്ഥിതി തീർച്ചയായും മാറണം.

4. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവക്കു പുറമേ പഞ്ചായത്തിലെ മററു പല മേഖലകളിലേക്കും വലിയ തോതിൽ പണം നിക്ഷേപമായി പോകുന്നു. ഉദാഹരണമായി ഇന്ദിരാ വികാസ് പത്ര, കിസാൻ വികാസ് പത്ര, പോസ്റേറാഫീസ് തുടങ്ങിയ മേഖലയിൽ നിന്നും ശേഖരിക്കപ്പെടുന്ന ഭീമമായ തുകകൾ ഈ പഞ്ചായത്തിൽ തന്നെ വിനിയോഗിക്കാൻ ശ്രമം നടത്തേണ്ടതാണ്.

5. ഇന്ന് കേന്ദ്ര സർക്കാർ നേരിട്ട് ശേഖരിക്കുന്ന വരുമാന നികുതി (Income Tax) സംവിധാനത്തിൽ സമഗ്രമായ ഒരു അഴിച്ചുപണി അനിവാര്യമാണ്. വരുമാന നികുതി ചുമത്തേണ്ടത് ശരിക്കും പഞ്ചായത്തുകൾ മുഖേന ആകണം. കാരണം, ഒരു പഞ്ചായത്തിലെ പൗരന്മാരുടെ നികുതി കൊടുക്കുവാനുള്ള കഴിവ് അറിയുന്നത് ആ നാട്ടിലെ പഞ്ചായത്താണ്. ഇന്നു നാം കാണുന്ന വരുമാന നികുതിയിലെ ചോർച്ചയും നികുതി വെട്ടിപ്പും ഈ രീതിയിലായാൽ 90 ശതമാനവും ഇല്ലാതാക്കാൻ കഴിയും. കൂടാതെ ഇന്ന് വരുമാന നികുതിയിൽ നിന്നും ലഭിക്കുന്ന മൊത്തം വരുമാനം ചുരുങ്ങിയത് 10 ഇരട്ടിയെങ്കിലും വർദ്ധിക്കുകയും ചെയ്യും.

6. വസ്തു കൈമാററ നികുതി പഞ്ചായത്തിന് ഇന്നു ലഭ്യമാകുന്ന രീതിക്ക് മാററമുണ്ടാകണം. ഭൂമിയുടെ വില്പനയിലും വാങ്ങലിലും പഞ്ചായത്തിനെ കക്ഷിയാക്കുക. ഇതു മുഖേന സ്ററാമ്പ് പേപ്പർ തട്ടിപ്പ് ഒരു പരിധി വരെ കുറയ്ക്കാം.പഞ്ചായത്തിന് കൂടുതൽ പണം ശേഖരിക്കാനും കഴിയും.

7. പഞ്ചായത്തിലെ ആൾക്കാർ ഉപയോഗിക്കുന്ന ഇരുചക്ര വാഹനങ്ങൾക്ക് ഒരു ചെറിയ നികുതി ഈടാക്കാവുന്നതാണ്.

8. പഞ്ചായത്തുകളിലെ വീടുകളിൽ ഇന്ന് വൈദ്യുതി ഉപയോഗിച്ച് നിരവധി ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നു. ഉദാ:- അലക്കു യന്ത്രം, ടി. വി., എയർ കണ്ടീഷൻ തുടങ്ങിയവ. ഇവയ്ക്ക് ഒരു ചെറിയ നികുതി ഈടാക്കാം.

9. നമ്മുടെ പഞ്ചായത്തിൽ പുറമ്പോക്കു ഭൂമി കൈവശം അനുഭവിക്കുന്ന സമ്പന്നരിൽ നിന്നും പ്രസ്തുത ഭൂമി തിരിച്ചു വാങ്ങി ഭൂമിയില്ലാത്തവർക്ക് വില്ക്കുകയോ പാട്ടത്തിനു നല്കുകയോ ചെയ്യുക.

10. കേന്ദ്ര സംസ്ഥാന ഗവൺമേൻറുകളുടെയും അതുപോലെയുള്ള ഏജൻസികളുടെയും പല പ്രോജക്ടുകളും പഞ്ചായത്തുകൾക്ക് ഏറെറടുത്ത് നടത്താവുന്നതാണ്. നമ്മുടെ പഞ്ചായത്തിലെ തന്നെ സംഘമിത്ര ചാരിററബിൾ സൊസൈററിയുടെ ഭവനനിർമ്മാണ പദ്ധതി തന്നെ ഇതിനുദാഹരണമാണ്.

11. പഞ്ചായത്തിലെ പ്രധാന സെൻററുകളായ കാഞ്ഞാണി, കണ്ടശ്ശാങ്കടവ് എന്നിവിടങ്ങളിൽ വണ്ടിത്താവളങ്ങൾ നിർമ്മിക്കുക. വണ്ടികളിൽ നിന്നും ഇതു മുഖേന ഫീസുപിരിക്കാവുന്നതാണ്. ഇതൊരു നല്ല വരുമാന മാർഗ്ഗമാണ്.

12. കാലാകാലങ്ങളായി നിലനില്ക്കുന്ന ലൈസൻസു ഫീസ് പുതുക്കി നിശ്ചയിച്ചാൽ വരുമാനം ഗണ്യമായി വർധിപ്പിക്കാം.

13. ഭൂവുടമകളിൽ നിന്നും ഒരു ഉപഭൂനികുതി ഈടാക്കുക.

14. നിലവിലുള്ള പഞ്ചായത്തു കുളങ്ങളിൽ മത്സ്യം വളർത്തുക. ഉദാ:- പാലാഴിയിലെ രാമൻകായൽ, കൃഷ്ണൻ കായൽ ഇവയിൽ നിന്നും നല്ല വരുമാനം ലഭിക്കും.

15. ഒരു ഏക്രയിൽ കൂടുതൽ ഭൂമിയുള്ളവരിൽ നിന്നും പ്രൊഫഷണൽ ടാക്സ് ശേഖരിക്കുക.



311

16. പൊതു കിണറുകളുടെ തുടർന്നുള്ള പരിപാലനം ഗുണഭോക്താക്കളുടെ ഉത്തരവാദിത്വത്തിൽ നടത്തുന്നതിന് ഉറപ്പുവരുത്തുക. കുളത്തിൻെറ കാര്യത്തിലും ഇതു ചെയ്യുക.

17. കുടിവെള്ള വിതരണ സംവിധാനത്തിലെ ഭീമമായ മൂലധന ചെലവ് പഞ്ചായത്ത് വഹിക്കുമ്പോൾത്തന്നെ അവയുടെ തുടർ പരിപാലനത്തിൻെറ ഉത്തരവാദിത്വം ഉപഭോക്താക്കളിലേക്ക് മാററുക. ഇതിനായി ഉപഭോക്താക്കളുടെ ഒരു സംഘം രൂപീകരിക്കുക. പൊതു ടാപ്പിൻെറ അററകുററ പണികളും ഈ സംഘംത്തെ ഏല്പിക്കാം.

18. വഴി വിളക്കുകൾക്കായി വൈദ്യുതി ചാർജ് ഈടാക്കുന്ന ഇന്നത്തെ സംവിധാനം മാററണം. ഒരിക്കലും പ്രകാശിക്കാത്ത ബൾബുകൾക്കും വൈദ്യുതി ചാർജ് ഈടാക്കുന്ന സംവിധാനം മാററി ഉപയോഗിക്കുന്ന വൈദ്യുതിക്ക് ചാർജ് നല്കുന്ന രീതി ഏർപ്പെടത്തുക. ഇതിനായി മീററർ ഏർപ്പെടുത്തുക. ഇതുവഴി ഇന്ന് പഞ്ചായത്തുകൾ അടക്കുന്ന വൈദ്യുതി ചാർജിൻെ പകുതി ലാഭിക്കാം.

19. പഞ്ചായത്തിൻെറ അധികാര പരിധിയിൽ പെടുന്ന പ്രദേശങ്ങളിൽ പരസ്യപ്രദർശനങ്ങൾ നടത്തുന്നതിനും, ബാനറുകൾ, പോസ്ററുകൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിനും പ്രത്യേക അനുവാദം ഏർപ്പെടുത്തുക. ഇവയ്ക്ക് ചെറിയ തോതിൽ ഫീസ് ഏർപ്പെടുത്തുക.

20. ആർഭാട പൂർവ്വമായി നടത്തുന്ന വിവാഹങ്ങൾക്ക് നികുതി ഏർപ്പെടുത്തുക. വിവാഹ ചെലവുകളുടെ ഒരു പ്രസ്താവന എഴുതി വാങ്ങേണ്ടതും ചെലവു നോക്കി നികുതി ഈടാക്കേണ്ടതുമാണ്.

21. നിലനില്ക്കുന്ന നികുതി സംവിധാനത്തിലെ പോരായ്മകൾ പരിഹരിച്ച് നികുതി സംവിധാനം കുററമററതാക്കാൻ പഞ്ചായത്ത് ഭരണസമിതി അങ്ങേയററം ശ്രദ്ധിക്കണം.

22. ഇന്ന് പഞ്ചായത്തുകൾ ഏററവും കൂടുതൽ പണം ചെലവഴിക്കുന്നത് റോഡുകൾക്കാണ്. ഗ്രാമങ്ങളിലെ ലഭ്യമായ മനുഷ്യപ്രയത്നം റോഡു നിർമ്മാണത്തിനായും പരിപാലനത്തിനും വിനിയോഗിക്കുക.

23. ടാറു റോഡുകളുടെ ഉപഭോക്താക്കളിൽ നിന്നും ഒരു ചെറിയ നികുതി ഈടാക്കുക, വാഹനങ്ങൾ ഉപയോഗിക്കുന്നവർക്കും ഒരു നികുതി ഏർപ്പെടുത്തുക എന്നിവ ആലോചിക്കാവുന്നതാണ്.

24. നിലവിലുള്ള റോഡുകളുടെ പരിപാലനം ജനപങ്കാളിത്തത്തിലൂടെ വിഭവ സമാഹരണം നടത്തുന്നതിന് കഴിയുന്ന മേഖലയാണ്. ഗ്രാമീണ റോഡുകളുടെ പരിപാലനത്തിനായി 5000 രൂപ വീതം ചെലവാക്കുന്ന ഇന്നത്തെ രീതി വിഭവങ്ങളുടെ ചോർച്ചയെ മാത്രമാണ് സഹായിക്കുന്നത്. 5000 രൂപ ചെലവാക്കുമ്പോൾ കഷ്ടിച്ച് 2500 രൂപ വിലമതിക്കുന്ന ജോലി മാത്രമേ നടക്കുന്നുള്ളു. ഇതിനു ബദലായി ശ്രമദാനത്തിലൂടെ റോഡ് പരിപാലനം നടത്തുവാൻ തയ്യാറാവുന്ന ഗ്രാമസംകളെ 2500 രൂപയുടെ വിലമതിക്കുന്ന ജോലി മാത്രമേ നടക്കുന്നുള്ളു. ഗ്രാമസഭകളെ 2500 രൂപ ഏല്പിച്ചാൽ കുറഞ്ഞത് 5000 രൂപയുടെ വിലമതിക്കുന്ന ജോലി നിർവഹിക്കപ്പെടും. ഇതു വഴി സ്വരൂപിക്കുന്ന അധിക വിഭവസമാഹരണം പഞ്ചായത്തിൻെറ വലിയ വരുമാനമാണ്.



312

പട്ടിക 1

പഞ്ചായത്തിൻെറ വരവ് 1995-96

| ക്രമ നമ്പർ | ഇനങ്ങൾ | വരവ് | മൊത്തത്തിൻെറ ശതമാനം |
|---|---|---|---|
| 1. | കെട്ടിട നികുതി | 454922 | 22.7 |
| 2. | തൊഴിൽ നികുതി | 233701 | 11.7 |
| 3. | ലൈസൻസ് ഫീസ് | 19894 | 1.8 |
| 4 (a) | വസ്തു കൈമാററ ഡ്യൂട്ടിയുടെ 75% | ലഭിച്ചിട്ടില്ല | |
| (b) | വസ്തു കൈമാററ ഡ്യൂട്ടിയുടെ 25% | 50,000 | |
| 5. | ഡെപ്പോസിററും പലിശയും | 30357 | 1.8 |
| 6. | വിനോദ നികുതി | 467988 | 23.6 |
| 7. | വെള്ളം, വെളിച്ചം ഇവ യിന്മേലുള്ള നിരക്കുകൾ | 130466 | 6.8 |
| 8. | ഉപാധിരഹിത വരുമാനം | 240000 | 12.2 |
| 9. | ജെ. ആർ. വൈ. | 312620 | 16.2 |
| 10. | മററുള്ളവ | 49402 | 2.8 |
| | ആകെ | 1939350 | 99.6 (100) |

പട്ടിക 2

പഞ്ചായത്തിൻെറ ചെലവ് 199596

| ക്രമ നമ്പർ | ഇനങ്ങൾ | ചെലവ് | മൊത്തത്തിൻെറ ശതമാനം |
|---|---|---|---|
| 1. | ഭരണം | 628715 | 26.2 |
| 2. | പൊതുമരാമത്ത് | 272010 | 10.8 |
| 3. | വിദ്യാഭ്യാസം | 28778 | 1.9 |
| 4. | പൊതുജനാരോഗ്യം | 87245 | 3.8 |
| 5. | തെരുവു വിളക്കുകൾ | 175335 | 7.6 |
| 6. | ഡെപ്പോസിററ് | 474985 | 19.5 |
| 7. | ഉപാധി രഹിത വരുമാനം | 237268 | 9.5 |
| 8. | ജലവിതരണം | 91872 | 3.7 |
| 9. | ജെ. ആർ. വൈ. | 380000 | 15.6 |
| 10. | മററുള്ളവ | 35159 | 1.4 |
| | ആകെ | 2411367 | 100.00 |

പട്ടിക 3

1991-92 മുതൽ '95-'96 വരെയുള്ള പഞ്ചായത്തിൻെറ വരവ്

| വർഷം | മൊത്തം വരവ് | വർധനനിരക്ക് |
|---|---|---|
| 1991-92 | 1245434 | - |
| 1992-93 | 1963245 | 5.8 |
| 1993-94 | 1534564 | -2.2 |
| 1994-'95 | 2088399 | 36.00 |
| 1995-'96 | 1939350 | -7.1 |

പട്ടിക 4

## 1991-92 മുതൽ '95-'96 വരെയുള്ള പഞ്ചായത്തിന്റെ ചെലവ്

| വർഷം | മൊത്തം വരവ് | വർധനനിരക്ക് |
|---|---|---|
| 1991-92 | 1631776 | |
| 1992-93 | 1434015 | -12.11 |
| 1993-94 | 1495164 | 4.26 |
| 1994-'95 | 2224407 | 48.77 |
| 1995-'96 | 2411367 | 8.40 |

പട്ടിക 5 (a)

## വർദ്ധന നിരക്ക് സൂചിക (വരവ്)
## കെട്ടിട നികുതി

| വർഷം | മൊത്തം വരവ് | വാർഷിക വർദ്ധനനിരക്ക് |
|---|---|---|
| 1991-92 | 262913 | |
| 1992-93 | 275636 | 4.83 |
| 1993-94 | 386660 | 40.02 |
| 1994-'95 | 415324 | 7.04 |
| 1995-'96 | 454922 | 9.05 |

പട്ടിക 5 (b)

## വർദ്ധന നിരക്ക് സൂചിക (വരവ്)
## തൊഴിൽ നികുതി

| വർഷം | മൊത്തം വരവ് | വാർഷിക വർധനനിരക്ക് ശതമാനം |
|---|---|---|
| 1991-92 | 142535 | |
| 1992-93 | 157770 | 1.06 |
| 1993-94 | 173055 | 9.06 |
| 1994-'95 | 203505 | 17.06 |
| 1995-'96 | 233701 | 14.83 |

പട്ടിക 5 (c)

## വർധന നിരക്ക് സൂചിക (വരവ്)
## വിനോദ നികുതി

| വർഷം | മൊത്തം വരവ് | വർധനനിരക്കിൻെറ ശതമാനം |
|---|---|---|
| 1991-92 | 256923 | - |
| 1992-93 | 298604 | 16.02 |
| 1993-94 | 328098 | 9.08 |
| 1994-'95 | 374436 | 14.01 |
| 1995-'96 | 467988 | 25.00 |

പട്ടിക 5 (d)

## വർധനനിരക്ക് സൂചിക (വരവ്)
## വസ്തുകൈമാററ നികുതി

| വർഷം | മൊത്തം വരവ് | വർധനനിരക്കിൻെറ ശതമാനം |
|---|---|---|
| 1991-92 | 252566 | - |
| 1992-93 | 265563 | 5.14 |
| 1993-94 | 368289 | 38.07 |
| 1994-'95 | 449737 | 22.12 |
| 1995-'96 | ലഭ്യമല്ല | - |

പട്ടിക 5 (e)

## വർധനനിരക്ക് സൂചിക (വരവ്)
## ഗ്രാൻറുകൾ

| വർഷം | മൊത്തം വരവ് | വർധനനിരക്ക് |
|---|---|---|
| 1991-92 | 234990 | |
| 1992-93 | 841935 | 258.28 |
| 1993-94 | 105959 | -8.74 |
| 1994-'95 | 381142 | 260.00 |
| 1995-'96 | 552620 | 45.00 |

പട്ടിക 5 (f)

## വീടുകൾക്ക് നികുതി ചുമത്തുന്നതിന് തയ്യാറാക്കിയ മാനദണ്ഡപട്ടിക

| പ്ലിന്ത് ഏരിയാ | ഓട് | കോൺക്രീററ് | മൊസേക്ക് | മാർബിൾ |
|---|---|---|---|---|
| 500 വരെ | 75 | 100 | 125 | 200 |
| 1000 ,, | 100 | 150 | 200 | 250 |
| 1500 ,, | 150 | 200 | 250 | 300 |
| 2000 ,, | 200 | 250 | 300 | 350 |
| 3000 വരെ | 300 | 350 | 400 | 450 |
| 3000 ന മുകളിൽ | 500 | 600 | 700 | 800 |

N. B. മററു കെട്ടിടങ്ങൾക്ക് പ്രാദേശിക നിലവാരമനുസരിച്ച് വാടക കണക്കാക്കുന്നു.



317

പട്ടിക 6 (a)

## വർധനനിരക്ക് സൂചിക (ചെലവ്)

## പഞ്ചായത്ത് ഭരണം

| വർഷം | ചെലവ് | വർധനനിരക്കിന്റെ ശതമാനം |
|---|---|---|
| 1991-92 | 474508 | |
| 1992-93 | 433566 | -8.6 |
| 1993-94 | 562124 | 29.65 |
| 1994-'95 | 601264 | 6.96 |
| 1995-'96 | 628715 | 4.56 |

പട്ടിക 6 (b)

## വർധനനിരക്ക് സൂചിക (ചെലവ്)

## പൊതുമരാമത്ത്

| വർഷം | ചെലവ് | വർധനനിരക്കിന്റെ ശതമാനം |
|---|---|---|
| 1991-92 | 632359 | |
| 1992-93 | 239936 | -62.05 |
| 199394 | 436351 | 81.86 |
| 1994-'95 | 1097763 | 151.57 |
| 1995-'96 | 272010 | -75.22 |

പട്ടിക 6 (c)

## വർധനനിരക്ക് സൂചിക (ചെലവ്)

## വിദ്യാഭ്യാസം

| വർഷം | ചെലവ് | വർധനനിരക്കിന്റെ ശതമാനം |
|---|---|---|
| 1991-92 | 42846 | |
| 1992-93 | 25562 | -40.33 |
| 199394 | 24984 | -2.26 |
| 1994-'95 | 21535 | -13.08 |
| 1995-'96 | 28778 | 33.63 |



318

പട്ടിക 6 (d)

## വർധനനിരക്ക് സൂചിക (ചെലവ്)
## ആരോഗ്യം

| വർഷം | ചെലവ് | വർധനനിരക്കിൻെറ ശതമാനം |
|---|---|---|
| 1991-92 | 125000 | |
| 1992-93 | 33163 | -73.46 |
| 1993-94 | 160000 | 382.46 |
| 1994-'95 | 131920 | -17.55 |
| 1995-'96 | 87245 | -33.86 |

പട്ടിക 6 (e)

## വർധനനിരക്ക് സൂചിക (ചെലവ്)
## വെള്ളവും, വെളിച്ചവും

| വർഷം | ചെലവ് | വർധനനിരക്കിൻെറ ശതമാനം |
|---|---|---|
| 1991-92 | 138020 | |
| 1992-93 | 581524 | 321.33 |
| 1993-94 | 125000 | -78.5 |
| 1994-'95 | 147846 | 18.27 |
| 1995-'96 | 267207 | 80.73 |



319

പട്ടിക 7

## ബാങ്കുകളുടെ നിക്ഷേപ - വായ്പാ പട്ടിക
## സഹകരണ മേഖല

| വർഷം | നിക്ഷേപം ലക്ഷത്തിൽ | വായ്പ ലക്ഷത്തിൽ | നിക്ഷേപ വായ്പാ അനുപാതം (%) | വളർച്ചാനിരക്ക് % | |
|---|---|---|---|---|---|
| | | | | നിക്ഷേപം | വായ്പ |
| 1991-92 | 464.38 | 197.17 | 42.46 | | |
| 1992-93 | 612.42 | 253.62 | 41.41 | 31.89 | 28.63 |
| 1993-94 | 749.05 | 294.47 | 39.31 | 22.31 | 16.11 |
| 1994-95 | 804.91 | 323.54 | 40.20 | 07.46 | 09.87 |
| ശരാശരി | 657.69 | 267.2 | 40.84 | 20.55 | 18.20 |

പട്ടിക 8

## ബാങ്കുകളുടെ നിക്ഷേപ - വായ്പാ പട്ടിക
## വാണിജ്യ ബാങ്കുകൾ

| വർഷം | നിക്ഷേപം ലക്ഷത്തിൽ | വായ്പ ലക്ഷത്തിൽ | നിക്ഷേപ വായ്പാ അനുപാതം (%) | വളർച്ചാനിരക്ക് % | |
|---|---|---|---|---|---|
| | | | | നിക്ഷേപം | വായ്പ |
| 1991-92 | 950.46 | 311.18 | 32.74 | - | - |
| 1992-93 | 1179.14 | 351.14 | 29.78 | 24.06 | 12.84 |
| 1993-94 | 1437.33 | 525.55 | 36.56 | 21.90 | 49.67 |
| 1994-95 | 1507.77 | 583.44 | 38.70 | 4.90 | 11.01 |
| 1995-96 | 1823.86 | 641.44 | 35.16 | 20.96 | 9.94 |
| ശരാശരി | 1379.712 | 482.55 | 34.588 | 17.955 | 20.887 |



320

പട്ടിക 9 (a)

## ക്രെഡിററ് പ്ലാൻ 1995-96 (1000 രൂപയിൽ)

| ബാങ്ക് | കൃഷി | വ്യവസായം | മററ് മേഖല (പ്രയോറിററി) | ആകെ (പ്രയോറിററി) | നോൺ (പ്രയോറിററി) |
|---|---|---|---|---|---|
| 1. കാത്തലിക് സിറിയൻ ബാങ്ക് മണലൂർ | 2700 | 152 | 5120 | 7972 | 1600 |
| 2. കാത്തലിക് സിറിയൻ ബാങ്ക് കണ്ടശാംകടവ് | 715 | 585 | 1600 | 2900 | 1100 |
| 3. സൗത്ത് ഇൻഡ്യൻ ബാങ്ക് കാഞ്ഞാണി | 300 | 75 | 1150 | 1555 | 1500 |
| 4. സൗത്ത് ഇൻഡ്യൻ ബാങ്ക് കണ്ടശാംകടവ് | 275 | 100 | 1000 | 1375 | 1500 |
| 5. ധനലക്ഷ്മി ബാങ്ക് കാഞ്ഞാണി | 90 | - | 540 | 630 | 570 |
| 6. കാനറാ ബാങ്ക് കണ്ടശാംകടവ് | 5200 | 50 | 600 | 5850 | 2000 |
| 7. ബാങ്ക് ഓഫ് ഇൻഡ്യ കണ്ടശാംകടവ് | 458 | 160 | 1175 | 1793 | 225 |



321

പട്ടിക 9 (b)

## ക്രെഡിററ് പ്ലാൻ 1996-97 (1000 രൂപയിൽ)

| ബാങ്ക് | കൃഷി | വ്യവസായം | മററ് മേഖല (പ്രയോറിററി) | ആകെ (പ്രയോറിററി) | നോൺ (പ്രയോറിററി) |
|---|---|---|---|---|---|
| 1. കാത്തലിക് സിറിയൻ ബാങ്ക് മണലൂർ | 3304 | 200 | 6000 | 9504 | 2000 |
| 2. കാത്തലിക് സിറിയൻ ബാങ്ക് കണ്ടശാംകടവ് | 2400 | 2600 | 3000 | 8000 | 1265 |
| 3. സൗത്ത് ഇൻഡ്യൻ ബാങ്ക് കാഞ്ഞാണി | 233 | 75 | 1700 | 2008 | 1800 |
| 4. സൗത്ത് ഇൻഡ്യൻ ബാങ്ക് കണ്ടശാംകടവ് | 156 | 75 | 1460 | 1691 | 600 |
| 5. ധനലക്ഷ്മി ബാങ്ക് കാഞ്ഞാണി | 90 | 100 | 1140 | 1330 | 870 |
| 6. കാനറാ ബാങ്ക് കണ്ടശാംകടവ് | 5100 | 500 | 350 | 5950 | 300 |
| 7. ബാങ്ക് ഓഫ് ഇൻഡ്യ കണ്ടശാംകടവ് | 2175 | 300 | 1500 | 3975 | 700 |



322

# മണലൂർ ഗ്രാമപഞ്ചായത്ത്

## വികസനരേഖ 1996

സ്വാതന്ത്ര്യം ആരംഭിക്കുന്നത് അടിത്തട്ടിൽ നിന്നാണ്, അതുകൊണ്ട്, ഓരോ ഗ്രാമവും സ്വയം പര്യാപ്തമായിരിക്കണം.
മുഴുവൻ ലോകത്തിനുമെതിരായും വേണ്ടിവന്നാൽ, പ്രതിരോധിക്കാൻ തക്കരീതിയിൽ അവരവരുടെ കാര്യങ്ങൾ കൈ കാര്യം ചെയ്യാനുള്ള കഴിവുണ്ടായിരിക്കണം.

ഗാന്ധിജി

Typset in Mouse & Minds Shornur Road Thrissur

Ebenezer, Thrissur - 12. Ph: 361892.